Sir,

Sub:- Renewal of licence to Saw Mills and other wood based units – clarification – reg.

Ref:- Your letter No.C4-32567/03, dated 19.9.2003.

……

I am to invite your attention to the reference cited and to inform you that if the existing saw mills are working within the permissible limits and working with licence from the competent, authorities and if no relaxation, of rules is required for renewal of their licence, no prior permission of Central empowered Committee is required for renewing their licence or granting No objection Certificate from forest Department. Necessary directions may be issued to all concerned in this regard.

Yours faithfully,

P.K. SULAIKHAMMAl,
Deputy Secretary,
For Prl. Secretary to Government.

GOVERNMENT OF KERALA

Abstract

Forest & Wildlife Department – Functioning of sandalwood oil factories in Illegal manner in the State - Close down – Orders issued.

FOREST & WILDLIFE (B) DEPARDMENT

G.O.(MS) No. 17/2005/F&WLD Dated, Thiruvananthapuram, 9.2.2005

Read: 1. G.O.(P) No.53/98/Forest dated 16.7.1998
2. G.O.(P) No.93/99/forest dated 15.11.1999.
3. Order dated 19.11.2004 of the Hon'ble High Court of Kerala in I.A. No. 13761/2004 in W.P.(C) No.16409/2003.
4. Letter No.C6-28209/2002 dated 27.1.2005 from the Principal Chief Conservator of Forests.

ORDER

The Hon'ble High Court in the order cited above have directed Government to take action in accordance with law to close down sandalwood oil factories functioning in an illegal manner in the State and without the required license issued by competent authorities as per rules and No Objection Certificate from Forest Department. The Principal Chief Conservator of forests, in the letter read as 4th paper above has reported that there are 23 sandalwood oil factories functioning in an illegal manner in the state.

Government have examined the matter in detail and hereby order to close down all the sandalwood oil factories functioning in an illegal manner in the state with immediate effect. The Divisional Forest Officers shall take immediate action to close down such factories. The competent authorities shall ensure that no licenses are granted/renewed hereafter without NOC from Forest Department.

The Heads of Department concerned shall ensure that the above instructions are strictly complied with immediately.

By order of the Governor,

Dr. C.V. Ananda Bose,
Principal Secretary to Government

18.3.2005 ൽ പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം സി–4 951/05 നമ്പറായി എല്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്കും അയച്ച കത്തിന്റെ പകർപ്പ്:–

സർ,

വിഷയം:– പാറമടകളുടെ പ്രവർത്തനത്തിന് ലൈസൻസ് നൽകുന്നത് സംബന്ധിച്ച്.

സൂചന:– സർക്കാരിന്റെ 2.2.05 ലെ 65535/എഫ്1/04 നമ്പർ കത്ത്

...

പാറമടകളുടെ പ്രവർത്തനത്തിന് ലൈസൻസ് നൽകുന്നതിന് താഴെപറയുന്ന നിർദ്ദശങ്ങൾ കർശനമായി പാലിയ്ക്കാൻ വേണ്ട നടപടികൾ താങ്കളുടെ അധീനതയിലുള്ള ഗ്രാമ പഞ്ചായത്തുകളിൽ സ്വീകരിക്കേണ്ടതാണ്. ടി നിർദ്ദേശങ്ങൾ പാലിയ്ക്കുന്നുണ്ടെന്ന് ഉറപ്പു വരുത്തി വിവരം ഈ ആഫീസിൽ അറിയിക്കാൻ നിർദ്ദേശിക്കുന്നു.

1) സർക്കാരിന്റെ 9.8.1978 ലെ ജി.ഒ.(എം.എസ്) നമ്പർ 302/78/ഐ.ഡി. നമ്പർ ഉത്തരവിലെ നിർദ്ദേശങ്ങൾ കർശനമായി പാലിക്കണം.
2) പാറമടകളുടെ പ്രവർത്തനം സംബന്ധിച്ച് നിയമപരമായി പാലിക്കേണ്ട കാര്യങ്ങൾ കർശനമായിപാലിക്കപ്പെടുന്നുണ്ടെന്ന് ഉറപ്പുവരുത്തണം.
3) ക്വാറികൾക്ക് ലൈസൻസ് നൽകുന്ന അവസരത്തിൽ ക്വാറികളുടെ പ്രവർത്തനത്തിൽ അനുവർത്തിക്കേണ്ട സുരക്ഷാക്രമീകരണങ്ങൾ കർശനമായി പാലിക്കുന്നതിന് വ്യവസ്ഥ ചെയ്യണം.

വിശ്വസ്തതയോടെ,

(ഒപ്പ്)
പഞ്ചായത്ത് ഡയറക്ടർക്കുവേണ്ടി

30.3.2005 ൽ കേരള സർക്കാർ തദ്ദേശ സ്വയംഭരണ (ജെ) വകുപ്പ്, തിരുവനന്തപുരം 44365/ജെ2/04/തസ്വഭവ നമ്പറായി അയച്ച സർക്കുലറിന്റെ പകർപ്പ്:-

വിഷയം:- അനധികൃത നിർമ്മാണം – കെട്ടിടങ്ങളിൽ വ്യാപാരം നടത്തുന്നതിന് താല്ക്കാലിക ലൈസൻസ് അനുവദിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ സംബന്ധിച്ച്.

സൂചന:- പഞ്ചായത്ത് ഡയറക്ടറുടെ 7.8.2004 ലെ സി3-23419/04 നമ്പർ കത്ത്

...

അനധികൃതമായി നിർമ്മിച്ച/പുനർ നിർമ്മിച്ച കെട്ടിടങ്ങളിൽ വ്യാപാരം നടത്തുന്നതിന് ലൈസൻസ് അനുവദിക്കുന്നത് സംബന്ധിച്ച് സർക്കാർ എല്ലാ ഗ്രാമ പഞ്ചായത്തുകൾക്കും താഴെപ്പറയുന്ന നിർദ്ദേശങ്ങൾ നൽകുന്നു.

I) കേരളാ പഞ്ചായത്ത് രാജ് ആക്ട് 235 എ.എ. വകുപ്പ് പ്രകാരം അനധികൃതമായി നിർമ്മിച്ചതോ പുനർ നിർമ്മിച്ചതോ ആയ കെട്ടിടങ്ങൾക്ക് പ്രസ്തുത കെട്ടിടം പൂർത്തിയാക്കിയ തീയതി/ഉപയോഗിച്ചു തുടങ്ങിയ തീയതി മുതൽ പൊളിച്ചു നീക്കുന്നതുവരെ കെട്ടിടനികുതി കൊടുക്കുവാൻ കെട്ടിട ഉടമ ബാദ്ധ്യസ്ഥനാണ്.

II) പഞ്ചായത്ത് രാജ് ആക്ടിലെ 235 എ.എ.വകുപ്പിലെ വ്യവസ്ഥകൾക്ക് വിധേയമായി അനധികൃത നിർമ്മാണം സംബന്ധിച്ച് കൈക്കൊള്ളുന്ന തീരുമാനമനുസരിച്ച് കെട്ടിടം എപ്പോൾ വേണമെങ്കിലും പൊളിച്ചു മാറ്റാവുന്നതും പ്രസ്തുത കാലയളവ് വരെ മാത്രമാണ് ലൈസൻസ് അനുവദിക്കുകയോ പുതുക്കി നൽകുകയോ ചെയ്യുകയെന്ന് ലൈസൻസിൽ തന്നെ രേഖപ്പെടുത്തി വ്യവസ്ഥ ചെയ്തുകൊണ്ട് വ്യാപാരത്തിന് ലൈസൻസ് അനുവദിക്കുന്നകാര്യം പരിഗണിക്കാവുന്നതുമാണ്.

III) ലൈസൻസിന് അപേക്ഷിക്കുന്നയാൾ വ്യാപാരം നടത്താനുദ്ദേശിക്കുന്ന കെട്ടിടത്തിന്റെ ഉടമയല്ലാത്ത പക്ഷം കെട്ടിടയുടമയിൽ നിന്നും വാങ്ങി സമർപ്പിക്കാവുന്ന സമ്മതപത്രത്തിൽ കെട്ടിടം അനധികൃത നിർമ്മാണത്തിന് നടപടികളിൽപ്പെട്ടിട്ടുള്ളതാണെന്നും പ്രസ്തുത വിവരം ലൈസൻസിന് അപേക്ഷിക്കുന്നയാളെ ബോദ്ധ്യപ്പെടുത്തിയിട്ടുണ്ടെന്നും അനധികൃത നിർമ്മാണം സംബന്ധിച്ച നടപടികൾ പൂർത്തിയാകുന്ന മുറയ്ക്ക് കെട്ടിടം ഭാഗികമായോ പൂർണ്ണമായോ പൊളിച്ചു മാറ്റുവാനിടയായേക്കാമെന്നും അപ്രകാരം സംഭവിക്കുന്ന പക്ഷം ലൈസൻസിക്കുണ്ടാകുന്ന കഷ്ട നഷ്ടങ്ങൾക്ക് പഞ്ചായത്ത് ഉത്തരവാദിയായിരിക്കുന്നതല്ലെന്നും അതിന്റെ ബാദ്ധ്യത ലൈസൻസിക്ക് മാത്രമായിരിക്കുമെന്നും ലൈസൻസിൽ തന്നെ വ്യവസ്ഥ ചെയ്യേണ്ടതാണ്.

മേൽപറഞ്ഞ നിർദ്ദേശങ്ങൾ പാലിക്കുന്നതിന് എല്ലാ ഗ്രാമ പഞ്ചായത്തുകളും നടപടി സ്വീകരിക്കേണ്ടതാണ്.

എസ്.എം. വിജയാനന്ദ്
സെക്രട്ടറി

കേരള സർക്കാർ

തദ്ദേശ സ്വയംഭരണ (സി) വകുപ്പ്

തിയതി. 26.10.2005

നം. 41088/സി2/2004/തസ്വഭവ

സർക്കുലർ

വിഷയം:- മാലിന്യ നിർമ്മാർജ്ജനം- തോടുകളുടെയും പുഴകളുടെയും കനാലുകളുടെയും സംരക്ഷണം- നടപടിക്രമങ്ങൾ പാലിക്കുന്നതു സംബന്ധിച്ച്

മാലിന്യ നിർമ്മാർജ്ജനം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ അടിസ്ഥാന ചുമതലകളിൽ നിക്ഷിപ്തമായിട്ടുള്ള വിഷയമാണ്. ഖരമാലിന്യങ്ങളിൽ ഭൂരിഭാഗവും ജൈവജീർണനം നടക്കാത്ത പ്ലാസ്റ്റിക് ഉല്പന്നങ്ങളാണ്. വേണ്ട വിധം മാലിന്യ നിർമ്മാർജ്ജനം-നടത്താത്തത് ഗുരുതരമായ ആരോഗ്യ പാരിസ്ഥിതിക പ്രശ്നങ്ങൾക്ക് കാരണമായി തീർന്നിട്ടുണ്ട്. മാലിന്യ നിർമ്മാർജ്ജനം സംബന്ധിച്ച് താഴെ പറയുന്ന നടപടികൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ അടിയന്തിരമായി നടപ്പിലാക്കേണ്ടതാണ്.

1. പുഴയുടെയും തോടുകളുടെയും കനാലുകളുടെയും സംരക്ഷണം കേരള പഞ്ചായത്തു രാജ് നിയമപ്രകാരം ഗ്രാമപഞ്ചായത്തുകളിൽ നിക്ഷിപ്തമാണ്. ആകയാൽ പുഴകളിലും തോടുകളിലും കനാലുകളിലും മാലിന്യക്കൂമ്പാരം ഉണ്ടാക്കുന്ന നടപടികൾ ഇല്ലാതാക്കാൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

2. പുഴയുടെയും തോടുകളുടെയും കനാലുകളുടെയും തീരത്തു താമസിക്കുന്ന ദാരിദ്ര്യ രേഖക്കു താഴെയുള്ള കുടുംബങ്ങൾക്ക് സമ്പൂർണ്ണ ശുചിത്വ പരിപാടി അനുസരിച്ച് കക്കൂസ് നിർമ്മിക്കാൻ മുൻഗണന നിർബന്ധമായും നൽകേണ്ടതാണ്. ഇതര കുടുംബങ്ങൾ പഞ്ചായത്ത് /മുൻസിപ്പൽ നിയമങ്ങളും ചട്ടങ്ങളും അനുസരിത്തു നിർബന്ധമായും മലമൂത്ര വിസർജ്ജന ത്തിനുള്ള സൗകര്യങ്ങൾ സ്വന്തമായി ഏർപ്പെടുത്തേണ്ടതുമാണ്. കൂടാതെ പൊതു ജനങ്ങളെ ബോധവൽക്കരിക്കുന്നതിനുള്ള നടപടികൾ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ സ്വീകരിക്കേ ണ്ടതാണ്.

3. പ്ലാസ്റ്റിക്ക് ഉല്പന്നങ്ങൾ ആണ് ഖരമാലിന്യങ്ങളിൽ പ്രധാനം. ആകയാൽ പ്ലാസ്റ്റിക്കിന്റെ ഉപ യോഗം പരിസ്ഥിതി പ്രശ്നങ്ങൾ ഉണ്ടാക്കുന്നതിനാൽ പ്ലാസ്റ്റിക്ക് കൊണ്ടുള്ള സാധനങ്ങളുടെ ഉപയോഗം കുറയ്ക്കുന്നതു സംബന്ധിച്ച് ബോധവൽക്കരണവും പരിസ്ഥിതി പ്രശ്നം ഉണ്ടാ ക്കാത്ത ബദൽ സാധനങ്ങൾ കൊണ്ടുള്ള ഉപയോഗത്തെക്കുറിച്ച് ദൃശ്യ-ശ്രവ്യ മാദ്ധ്യമങ്ങളിലൂ ടെയും മറ്റു വിധത്തിലും ബോധവൽക്കരണം സംഘടിപ്പിക്കുന്നതിനുള്ള നടപടികൾ അടിയന്തി രമായി സ്വീകരിക്കേണ്ടതാണ്.

4. പ്ലാസ്റ്റിക്ക് സാധനങ്ങൾ പൊതുസ്ഥലങ്ങളിൽ നിക്ഷേപിക്കുന്നതു കർശനമായി നിരോധിച്ചു കൊണ്ടുള്ള അറിയിപ്പു ബോർഡുകൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിലായി അടിയന്തിരമായി സ്ഥാപിക്കേണ്ടതാണ്.

എസ്. എം വിജയാനന്ദ്
സെക്രട്ടറി

കേരള സർക്കാർ

നമ്പർ. 36273/ബി1/06/തസ്വഭവ

തദ്ദേശ സ്വയംഭരണ (ബി) വകുപ്പ്,
തിരുവനന്തപുരം,
തീയതി : 13.9.2006.

സർക്കുലർ

വിഷയം: - തദ്ദേശ സ്വയംഭരണ വകുപ്പ് - കച്ചവട ലൈസൻസ് പുതുക്കാൻ വൈകിയാൽ പിഴ ഈടാക്കുന്നത് സംബന്ധിച്ചു നടപടികൾ മാർഗ്ഗ - നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

....

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ ലൈസൻസ് പുതുക്കാൻ വൈകിയാൽ പിഴ ഈടാക്കാനുള്ള വ്യവസ്ഥ പ്രകാരം ഇപ്പോൾ നിശ്ചയിച്ചിരിക്കുന്ന പിഴ തുക കുറക്കുവാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ട്. എന്നാൽ ഇതിനുള്ള ചട്ടം പ്രസിദ്ധീകരിക്കുവാൻ കാലതാമസം ഉണ്ടാകുമെന്നതിനാൽ പിഴയോടുകൂടിയ ലൈസൻസ് പുതുക്കുന്നത് ചട്ടം പ്രസിദ്ധീകരിച്ചതിനുശേഷം പിഴ ഈടാക്കിയാൽ മതിയാകുന്നതാണ്.

മേൽ വിവരിച്ച മാർഗ്ഗ നിർദ്ദേശം എല്ലാ നഗരസഭകളും പഞ്ചായത്തുകളും കൃത്യമായി പാലിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നതിനാവശ്യമായ നടപടികൾ നഗരകാര്യ ഡയറക്ടർ, പഞ്ചായത്ത് ഡയറക്ടർ എന്നിവർ സ്വീകരിക്കേണ്ടതാണ്.

(ഒപ്പ്)
ടി.കെ.ജോസ്
ഗവണ്മെന്റ് സെക്രട്ടറി

കേരള സർക്കാർ

തദ്ദേശസ്വയംഭരണ(സി) വകുപ്പ്

സർക്കുലർ

നമ്പർ 49328/സി 3/2005/തസ്വഭവ തിരുവനന്തപുരം, 2006 ഒക്ടോബർ 26

വിഷയം :– **വ്യാജ സോഡാനിർമ്മാണവും വിൽപ്പനയും തടയുന്നത് – സംബന്ധിച്ച്**

സംസ്ഥാനത്ത് ഗ്രാമപഞ്ചായത്തുകളിൽ വ്യാജ സോഡ നിർമ്മാണവും വിൽപ്പനയും വ്യാപകമായി നടക്കുന്നതായും അനാരോഗ്യകരമായ. സാഹചര്യത്തിൽ നിർമ്മിക്കപ്പെടുന്ന വ്യാജ സോഡകൾ കോളറ, അതിസാരം, മഞ്ഞപ്പിത്തം, മുതലായ മാരകമായ രോഗങ്ങൾ പടർന്നുപിടിക്കാൻ കാരണമാകുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത് തടയുന്നതിന് പുതിയ സോഡാ നിർമ്മാണ യൂണിറ്റിന് ലൈസൻസ് നൽകുമ്പോഴും നിലവിലുള്ള സോഡായൂണിറ്റുകൾക്ക് ലൈസൻസ് പുതുക്കി നൽകുമ്പോഴും 1996 ലെ കേരള പഞ്ചായത്ത് രാജ് (ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളിലെ വ്യവസ്ഥകളും 1954 ലെ ഭക്ഷ്യ വസ്തുക്കളിൽ മായം ചേർക്കൽ നിരോധന നിയമത്തിലെ വ്യവസ്ഥകളും കർശനമായി പാലിക്കാൻ ഉടമകൾക്ക് നിർദ്ദേശം നൽകേണ്ടതാണ്. സോഡാ നിർമ്മാണ യൂണിറ്റുകൾക്ക് ലൈസൻസ് നൽകാനും നിലവിലുള്ള ലൈസൻസ് പുതുക്കാനും പൊലുഷൻ കൺട്രോൾ ബോർഡിൽ നിന്നുള്ള നിരാക്ഷേപപത്രം നിർബന്ധമാക്കേണ്ടതാണ്. അനധികൃത സോഡാനിർമ്മാണവും വിൽപ്പനയും തടയുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ഉദ്യോഗസ്ഥർ, ആരോഗ്യ വകുപ്പിലെ ഉദ്യോഗസ്ഥരുടെ സഹായത്തോടെ സോഡാ നിർമ്മാണ യൂണിറ്റുകളും വിൽപ്പന കേന്ദ്രങ്ങളും പരിശോധിക്കേണ്ടതാണ്.

എസ്. എം. വിജയാനാന്ദ്

പ്രിൻസിപ്പൽ സെക്രട്ടറി

കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് – തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ അപായകരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകുന്നതിനു മുമ്പായുള്ള വ്യവസ്ഥകൾ ഉൾക്കൊള്ളിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശ സ്വയംഭരണ (ബി) വകുപ്പ്

സ.ഉ.(പി)നം. 795/07/തസ്വഭവ. തീയതി, തിരുവനന്തപുരം, 16.03.2007.

ഉത്തരവ്

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ അപായകരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും മറ്റു വ്യാപാരങ്ങൾക്കുംം ഫാക്ടറികൾക്കും ലൈസൻസ് പുതുക്കി നൽകുന്നതിന് മുമ്പ് താഴെ പറയുന്ന വ്യവസ്ഥകൾ നിർബന്ധമായും പാലിക്കേണ്ടതാണെന്ന് ഇതിനാൽ ഉത്തരവാകുന്നു.

(1) സ്ഥലനാമം രേഖപ്പെടുത്തണം

സ്ഥാപനങ്ങൾ അവയുടെ ബോർഡുകൾ സ്ഥാപനത്തിന്റെ മുമ്പിൽ സ്ഥാപിക്കുമ്പോൾ ഏത് സ്ഥലത്താണോ സ്ഥാപനം സ്ഥിതി ചെയ്യുന്നത്, അവിടത്തെ സ്ഥലനാമം കൂടി ബോർഡുകളിൽ നിർബന്ധമായും രേഖപ്പെടുത്തേണ്ടതാണ്.

(2) പ്ലാസ്റ്റിക് ഉപയോഗം

30 മൈക്രോണിൽ താഴെയുള്ള പ്ലാസ്റ്റിക് ക്യാരിബാഗുകളും ഡിസ്പോസൽ കപ്പുകളും നിരോധിച്ചുകൊണ്ട് സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത വിജ്ഞാപനപ്രകാരമുള്ള വ്യവസ്ഥകൾ പാലിക്കാമെന്ന ഒരു അണ്ടർടേക്കിംഗ് എല്ലാ സ്ഥാപനമുടമകളും നൽകേണ്ടതാണ്. പ്രസ്തുത അണ്ടർടേക്കിംഗ് നൽകുന്നവർക്ക് മാത്രമേ മേലിൽ ഡി ആന്റ് ഒ ലൈസൻസ് പുതുക്കി നൽകുന്നതിന് അർഹതയുണ്ടായിരിക്കുകയുള്ളു.

ഗവർണറുടെ ഉത്തരവിൻ പ്രകാരം

കെ.പി.മാത്യു
ജോയിന്റ് സെക്രട്ടറി

KERALA STATE POLLUTION CONTROL BOARD

Pattom P.O., Thiruvananthapuram-695004.

പി.സി.ബി./എൽ.3120/2005 29.03.2007

സർക്കുലർ

വിഷയം:- 30 മൈക്രോണിൽ താഴെ കനം വരുന്ന പ്ലാസ്റ്റിക്, ക്യാരിബാഗുകളുടെയും കുപ്പികൾ, കപ്പുകൾ, പാക്കേജിംഗ് മെറ്റീരിയൽ തുടങ്ങിയ പ്ലാസ്റ്റിക് കണ്ടെയ്നറുകളുടെയും നിരോധനം നടപ്പിലാക്കാനുള്ള നിർദ്ദേശപ്രകാരമുള്ള നടപടിക്രമങ്ങൾ

വിഷയം:-
1. 14495/ജി 3/02/തസ്വഭവ നമ്പറിൽ 07.10.2003 ലെ സർക്കാർ സർക്കുലർ.
2. 15101/എ2/2006 പരി നമ്പരിൽ 15.12.2006 ലെ സർക്കാർ കത്ത്.
3. സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിന്റെ 16.12.2006 പി.സി.ബി./എൽ/3120/2005 നമ്പർ വിജ്ഞാപനം.
4. ബഹുമാനപ്പെട്ട കേരള ഹൈക്കോടതി ഡബ്ലിയു.പി.(സി) 1260/07-ൽ 08.02.2007 ൽ നൽകിയ ഇടക്കാല ഉത്തരവ്
5. ഡബ്ലിയു.പി.(സി)1260/07 ലെ ഐ.എ. നമ്പർ 2884/2007 ൽ ബഹുമാനപ്പെട്ട കേരള ഹൈക്കോടതി 23.03.2007 ൽ നൽകിയ ഉത്തരവ്
6. ബഹുമാനപ്പെട്ട കേരള ഹൈക്കോടതി ഡബ്ലിയു.എ. നമ്പർ 573/2007 ൽ 5.03.2007 ൽ നൽകിയ ഉത്തരവ്.

ജൈവ ജീർണ്ണനം നടക്കാത്ത പ്ലാസ്റ്റിക് ക്യാരി ബാഗുകളും കുപ്പികൾ, കപ്പുകൾ, പാക്കേജിംഗ് മെറ്റീരിയൽ തുടങ്ങിയ പ്ലാസ്റ്റിക് കണ്ടെയ്നറുകളും ഉപയോഗശേഷം ജലാശയങ്ങളിലേക്കും ഓടകളിലേക്കും നിരത്തിലേക്കും മറ്റ് പൊതുസ്ഥലങ്ങളിലേക്കും ഉപേക്ഷിക്കുന്നത് പരിസ്ഥിതി പ്രശ്നങ്ങൾ ഉളവാക്കുന്നു. ഇവ പരിഹരിക്കാൻ സൂചന 2 പ്രകാരമുള്ള സർക്കാർ നിർദ്ദേശം മാനിച്ചും ബോർഡിൽ 1986-ലെ പരിസ്ഥിതി സംരക്ഷണ നിയമം, 1986 ലെ പരിസ്ഥിതി സംരക്ഷണ ചട്ടം 1999 ലെ പ്ലാസ്റ്റിക് ഉൽപ്പാദനവും വില്പ്പനയും ഉപയോഗവും ചട്ടം എന്നിവ മുഖേന നിക്ഷിപ്തമായ അധികാരം ഉപയോഗിച്ചും ബോർഡ് സൂചന 3 പ്രകാരം പുറപ്പെടുവിച്ച വിജ്ഞാപനം കേരള ഹൈക്കോടതി സൂചന 4, 5, 6 പ്രകാരമുള്ള ഭേദഗതികളോടെ ശരിവയ്ക്കുകയുണ്ടായി. അതിൻപ്രകാരം 30 മൈക്രോണിൽ താഴെ കനം വരുന്ന പ്ലാസ്റ്റിക് ക്യാരി ബാഗുകളും 20 X 30 സെന്റിമീറ്ററിൽ കുറഞ്ഞ വലിപ്പമുള്ള പ്ലാസ്റ്റിക് ക്യാരി ബാഗുകളും 30 മൈക്രോണിൽ താഴെ വരെ കനം വരുന്ന കുപ്പികൾ, കപ്പുകൾ, പാക്കേജിംഗ് മെറ്റീരിയൽ തുടങ്ങിയ പ്ലാസ്റ്റിക് കണ്ടെയ്നറുകളും ഉല്പാദിപ്പിക്കുന്നതും, സംഭരിക്കുന്നതും, വിതരണം നടത്തുന്നതും, വിലപ്ന നടത്തുന്നതും, ഉപയോഗിക്കുന്നതും, കടത്തിക്കൊണ്ടു പോകുന്നതും, ശേഖരിക്കുന്നതും തരംതിരിക്കുന്നതും, പുന:ചംക്രമണം ചെയ്യുന്നതും, നിർമ്മാർജ്ജനം ചെയ്യുന്നതും സംസ്ഥാനമൊട്ടാകെ നിരോധിച്ചിരിക്കുന്നു. പി.വി.സി. പോലുള്ള ഹാലജനേറ്റഡ്

പ്ലാസ്റ്റിക് കൊണ്ടു നിർമ്മിതമായ പ്ലാസ്റ്റിക് ക്യാരി ബാഗുകളും കണ്ടെയ്നറുകളും മൊത്തത്തിൽ നിരോധിച്ചിരിക്കുന്നു.

മലിനീകരണ നിയന്ത്രണ ബോർഡിന്റെ സൂചന 3 ലെ വിജ്ഞാപനത്തിന്റെ പകർപ്പ് ഇതോടൊപ്പം വയ്ക്കുന്നു. അതിൽപ്പറഞ്ഞ നിരോധനം ഹൈക്കോടതിയുടെ ഉത്തരവിനു വിധേയമായി ഫലപ്രദമായി നടപ്പിലാക്കുന്നതിന് താഴെപ്പറയുന്ന നടപടിക്രമങ്ങൾ അനുവർത്തിക്കേണ്ടതാണെന്ന് സൂചന 2 ലെ സർക്കാർ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തൽ അറിയിക്കുന്നു.

1. കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിലെ ജില്ലാ ഓഫീസർമാർ സ്വീകരിക്കേണ്ട നടപടികൾ:

എ) നിരോധിച്ചിട്ടുള്ള പ്ലാസ്റ്റിക് ക്യാരിബാഗുകളുടെയും പ്ലാസ്റ്റിക് കണ്ടെയ്നറുകളുടെയും ഉല്പദാനവും പുനരുപയോഗവും പുന:ചംക്രമണവും തങ്ങളുടെ അധികാര പരിധിയിൽ വരുന്ന സ്ഥലത്ത് നടത്തുന്നില്ല എന്ന് ഉറപ്പു വരുത്തണം.

ബി) നിരോധനം ലംഘിക്കുന്ന വ്യവസായശാലകൾക്കുള്ള വൈദ്യുതി വിതരണം ഉടനടി നിർത്തിവെയ്ക്കാനായി കേരള വിദ്യുച്ഛക്തി ബോർഡിലെ ബന്ധപ്പെട്ട ഓഫീസർമാർക്ക് ജല നിയമവും, വായു നിയമവും അനുസരിച്ച് നിർദ്ദേശം നൽകണം.

സി) പ്ലാസ്റ്റിക് ക്യാരിബാഗുകളുടെയും പ്ലാസ്റ്റിക് കണ്ടെയ്നറുകളുടെയും കനം അളക്കാനുള്ള മൈക്രോ മീറ്റർ (ഡയൽഗേജ്) ഉപയോഗിച്ച് കനം അളക്കുന്നതിന് തദ്ദേശ സ്വയംഭരണ വകുപ്പിലേയും പോലീസ് വകുപ്പിലേയും ഉദ്യോഗസ്ഥർക്ക് പരിശീലനം നൽകാൻ സഹകരിക്കണം.

ഡി) ഇതര വകുപ്പിലെ ഉദ്യോഗസ്ഥർക്കു സാങ്കേതിക സഹായം നൽകണം.

ഇ) ബോർഡുദ്യോഗസ്ഥർ സ്വയം കണ്ടെത്തുന്നതും ഇതര വകുപ്പിലെ ഉദ്യോഗസ്ഥർ റിപ്പോർട്ടു ചെയ്യുന്നതുമായ നിയമലംഘനങ്ങൾക്കെതിരെ പരിസ്ഥിതി സംരക്ഷണ നിയമത്തിലെ 15, 16 വകുപ്പുകൾ പ്രകാരം ശിക്ഷാ നടപടി സ്വീകരിക്കണം.

എഫ്) നിരോധിക്കപ്പെട്ട വസ്തുക്കൾ സ്വയം പിടിച്ചെടുക്കുകയോ ഇതര വകുപ്പുകളിലെ ഉദ്യോഗസ്ഥർ പിടിച്ചെടുത്ത് ഏൽപ്പിക്കുകയോ ചെയ്യുന്നത് ഈ സർക്കുലറിലെ 7 -ാം വകുപ്പിൽ പറയും പ്രകാരം കൈകാര്യം ചെയ്യേണ്ടതാണ്.

2. <u>തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ സെക്രട്ടറിമാർ സ്വീകരിക്കേണ്ട നടപടികൾ</u>

എ) നിരോധനം ഏർപ്പെടുത്തിയിട്ടുള്ള പ്ലാസ്റ്റിക് ക്യാരി ബാഗുകളുടെയും പ്ലാസ്റ്റിക് കണ്ടെയ്നറുകളുടെയും സംഭരണം, വിതരണം, വിൽപ്പന, ഉപയോഗം, കടത്തൽ ഇവ സംബന്ധിച്ചുള്ള നിയന്ത്രണങ്ങൾ തങ്ങളുടെ അധികാര പരിധിയിൽ വരുന്ന സ്ഥലങ്ങളിൽ ലംഘിക്കുന്നില്ല എന്ന് ഉറപ്പാക്കണം. ഉപക്ഷിക്കപ്പെട്ട പ്ലാസ്റ്റിക് വസ്തുക്കളുടെ സംഭരണം, തരംതിരിക്കൽ, പുന:ചംക്രമണം,

നിർമ്മാർജ്ജനം എന്നിവ മുനിസിപ്പൽ ഖര പാഴ്വസ്തുക്കൾ ചട്ടപ്രകാരം ചെയ്യുന്നതിന് ഈ നിയന്ത്രണം ബാധകമല്ല. ഇതിനായി പ്ലാസ്റ്റിക് ക്യാരി ബാഗുകളുടെയും പ്ലാസ്റ്റിക് കണ്ടെയ്നറുകളുടെയും സംഭരണശാലകൾ, വില്പനശാലകൾ തുടങ്ങിയവ തുടർച്ചയായി പരിശോധന നടത്തണം. നഗരകാര്യ വകുപ്പിലെയും പഞ്ചായത്ത് വകുപ്പിലെയും ജോയിന്റ് ഡയറക്ടർമാർ ആഴ്ച തോറും ഡയറക്ടർമാർ രണ്ടാഴ്ച കൂടുമ്പോഴും പരിശോധനാ ഫലങ്ങൾ വിലയിരുത്തി വിശദ വിവരങ്ങൾ സംസ്ഥാന ഗവണ്മെന്റിനെയും മലിനീകരണ നിയന്ത്രണ ബോർഡിനേയും അറിയിക്കേണ്ടതാണ്.

ബി) നിരോധിക്കപ്പെട്ട വസ്തുക്കൾ ഉൽപ്പാദിപ്പിക്കുന്ന നിർമ്മാണശാലകൾക്കും സംഭരണ ശാലകൾക്കും വില്പനശാലകൾക്കും മറ്റും ലൈസൻസ് നിഷേധിക്കുകയോ റദ്ദാക്കുകയോ ചെയ്യേണ്ടതാണ്.

സി) നിരോധനം ലംഘിച്ചതായി ബോദ്ധ്യപ്പെട്ടാൽ പ്ലാസ്റ്റിക് ക്യാരി ബാഗുകളും പ്ലാസ്റ്റിക് കണ്ടെയ്നറുകളും പിടിച്ചെടുക്കാനും, ലംഘനത്തിനെതിരെ ശിക്ഷാ നടപടികൾ സ്വീകരിക്കാനായി ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്കു പരാതി നൽകാനുമുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

ഡി) നിരോധിച്ചിട്ടുള്ളതും അല്ലാത്തതുമായ പ്ലാസ്റ്റിക് ക്യാരി ബാഗുകളും പ്ലാസ്റ്റിക് കണ്ടെയ്നറുകളും ഉപയോഗശേഷം നിരത്തിലേക്കും മറ്റു പൊതുസ്ഥലങ്ങളിലേക്കും ജലാശയത്തിലേക്കും അലക്ഷ്യമായി ഉപേക്ഷിക്കുന്നവർക്കെതിരെ 1994 - ലെ കേരള മുനിസിപ്പാലിറ്റി ആക്ട് (1994-ലെ 20) 340-ാം വകുപ്പ് അനുസരിച്ച് ശിക്ഷാ നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഇ) നിരോധനം ഏർപ്പെടുത്താത്ത പാഴ് പ്ലാസ്റ്റിക് ക്യാരി ബാഗുകളും പ്ലാസ്റ്റിക് കണ്ടെയ്നറുകളും വീടുകൾ, കച്ചവടസ്ഥാപനങ്ങൾ തുടങ്ങിയ സ്ഥലങ്ങളിൽ വേർതിരിച്ച് സൂക്ഷിക്കേണ്ടതാണെന്ന അവബോധം ജനങ്ങളിൽ ഉണ്ടാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതും തരം തിരിച്ച് സൂക്ഷിക്കുന്ന പ്ലാസ്റ്റിക് ക്യാരി ബാഗുകളും പ്ലാസ്റ്റിക് കണ്ടെയ്നറുകളും നിശ്ചിത ഇടവേളകളിൽ ശേഖരിച്ച് പൊതു ചവർസംസ്ക്കരണശാലയിലേക്ക് എത്തിക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ചുമതലയാണ്.

എഫ്) നിരോധിതമല്ലാത്ത പ്ലാസ്റ്റിക് ക്യാരി ബാഗുകളുടേയും, പ്ലാസ്റ്റിക് കണ്ടെയ്നറുകളുടെയും, പുന:ചംക്രമണ ശാലകൾ (പ്ലാസ്റ്റിക് റി സൈക്ലിംഗ് യൂണിറ്റ്) സ്ഥാപിക്കുകയോ പ്രോത്സാഹിപ്പിക്കുകയോ ചെയ്ത് പ്ലാസ്റ്റിക് പുനരുപയോഗം സാദ്ധ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

3. <u>വാണിജ്യ നികുതി വകുപ്പിലെ ഉദ്യോഗസ്ഥർ കൈക്കൊള്ളേണ്ട നടപടികൾ</u>

എ) നിരോധനം ഏർപ്പെടുത്തിയിട്ടുള്ള പ്ലാസ്റ്റിക് ക്യാരിബാഗുകളും പ്ലാസ്റ്റിക് കണ്ടെയ്നറുകളും അന്യ സംസ്ഥാനങ്ങളിൽ നിന്നും കടത്തിക്കൊണ്ടു വരുന്നില്ല എന്ന് ഉറപ്പാക്കേണ്ടതാണ്.

ബി) നിരോധനം ഏർപ്പെടുത്തിയിട്ടുള്ള പ്ലാസ്റ്റിക് ക്യാരിബാഗുകളും പ്ലാസ്റ്റിക് കണ്ടെയ്നറുകളും കടത്തിക്കൊണ്ടു വന്നാൽ പിടിച്ചെടുക്കേണ്ടതാണ്. ലംഘനം നടക്കുന്നതായി അറിഞ്ഞാൽ ലംഘകർക്കെതിരെ ശിക്ഷണ നടപടി എടുക്കുന്നതിനായി ഈ വിവരം ബന്ധപ്പെട്ട അധികൃതരെ അറിയിക്കേണ്ടതാണ്.

4. പോലീസ് വകുപ്പിലെ സ്റ്റേഷൻ ഹൗസ് ഓഫീസർമാർ കൈക്കൊള്ളേണ്ട നടപടികൾ

എ) നിരോധനം ഏർപ്പെടുത്തിയിട്ടുള്ള പ്ലാസ്റ്റിക് ക്യാരിബാഗുകളുടെയും പ്ലാസ്റ്റിക് കണ്ടെയ്നറുകളുടെയും ഉല്പാദനം, സംഭരണം, വിതരണം, വില്പന, ഉപയോഗം, കടത്തൽ, ശേഖരണം, തരംതിരിക്കൽ, പുന:ചംക്രമണം, നിർമ്മാർജ്ജനം എന്നിവ തങ്ങളുടെ അധികാര പരിധിയിൽ വരുന്ന സ്ഥലത്ത് ലംഘിക്കുന്നതായി വിവരം ലഭിച്ചാൽ അത് തടയുന്നതിനുവേണ്ട നടപടികൾ കൈക്കൊള്ളേണ്ടതാണ്.

ബി) നിരോധനം ലംഘിച്ചതായി നേരിട്ടോ ഇതര വകുപ്പുകളിലെ ഉദ്യോഗസ്ഥരുടെ പരാതിയാലോ ബോദ്ധ്യപ്പെട്ടാൽ പ്ലാസ്റ്റിക് സഞ്ചികളും കണ്ടെയ്നറുകളും പിടിച്ചെടുക്കുകയും ലംഘകർക്കെതിരെ ഇന്ത്യൻ പീനൽ കോഡിന്റെ 188-ാം വകുപ്പ് പ്രകാരമുള്ള ശിക്ഷാ നടപടികൾ സ്വീകരിക്കുകയും ചെയ്യേണ്ടതാണ്.

5. ജില്ലാ കളക്ടർ, പോലീസ് സൂപ്രണ്ട് എന്നിവർ കൈക്കൊള്ളേണ്ട നടപടികൾ:

നിരോധനം ഏർപ്പെടുത്തിയിട്ടുള്ള പ്ലാസ്റ്റിക് ക്യാരിബാഗുകളുടെയും പ്ലാസ്റ്റിക് കണ്ടെയ്നറുകളുടെയും സംഭരണം, വിതരണം, വില്പന, ഉപയോഗം, കടത്തിക്കൊണ്ടുപോകൽ, ശേഖരണം, തരംതിരിക്കൽ, പുന:ചംക്രമണം, നിർമ്മാർജ്ജനം എന്നിവ തങ്ങളുടെ അധികാര പരിധിയിലുള്ള സ്ഥലത്ത് ലംഘിക്കുന്നില്ല എന്ന് ഉറപ്പുവരുത്താനായി ചുമതലയുള്ള ഉദ്യോഗസ്ഥർക്ക് വേണ്ട നിർദ്ദേശങ്ങൾ നൽകുകയും അവരുടെ നടപടികൾക്ക് മേൽനോട്ടം വഹിക്കേണ്ടതുമാണ്. ഈ വക നടപടി ക്രമങ്ങൾ ശരിയായി നടക്കുന്നുണ്ടോ എന്ന് പരിശോധിച്ച് സ്ഥിതീകരിക്കുകയും പ്രതിമാസം അവലോകനം ചെയ്ത് വിലയിരുത്തി ജില്ലാ വികസന സമിതിയുടെ ശ്രദ്ധയിൽ കൊണ്ടുവരേണ്ടതുമാണ്.

6. പബ്ലിക് റിലേഷൻസ് വകുപ്പിലെ ഉദ്യോഗസ്ഥർ കൈക്കൊള്ളേണ്ട നടപടികൾ:

പ്ലാസ്റ്റിക് ക്യാരി ബാഗുകളുടെയും പ്ലാസ്റ്റിക് കണ്ടെയ്നറുകളുടെയും നിരോധനം സംബന്ധിച്ചുള്ള വിവരങ്ങളും ഉപയോഗത്തിൽ നിയന്ത്രണം പാലിക്കേണ്ടതിന്റെ ആവശ്യകതയും നിരോധനം ലംഘിച്ചാലുള്ള ശിക്ഷാ നടപടികളും ജനങ്ങളിൽ എത്തിക്കാൻ ആവശ്യമായ പരസ്യവും ദൃശ്യശ്രവ്യ മാധ്യമങ്ങളിലൂടെ പ്രചരണവും നടത്തേണ്ടതാണ്.

7. പിടിച്ചെടുത്ത വസ്തുക്കൾ കൈകാര്യം ചെയ്യൽ :

സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡും പോലീസ് വകുപ്പും ജില്ലാ ഭരണകൂടവും നേരിട്ടുള്ള പ്രവർത്തനത്താലോ ഇതര വകുപ്പുകൾ മുഖേനയോ, ക്രിമിനൽ പ്രൊസീഡിയർ കോഡ് പ്രകാരം പിടിച്ചെടുക്കുന്ന നിരോധിതമായ പ്ലാസ്റ്റിക് ക്യാരി

ബാഗുകളും കണ്ടെയ്നറുകളും അവ അപ്രകാരം വീണ്ടും ഉപയോഗിക്കപ്പെടാതിരിക്കാനായി ബന്ധപ്പെട്ട കോടതിയുടെ അനുവാദത്തോടുകൂടി കേടുവരുത്തിയശേഷം പ്ലാസ്റ്റിക് പുനരുപയോഗമോ പുനർചംക്രമണമോ ചെയ്യുന്നവർക്കു ലേലം ചെയ്ത് കൈമാറേണ്ടതാകുന്നു. എന്നാൽ പ്രസ്തുത ക്യാരിബാഗുകൾക്കുള്ളിലോ കണ്ടെയ്നറുകൾക്കുള്ളിലോ ഇതര വസ്തുക്കളുണ്ടെങ്കിൽ അത് ആരിൽ നിന്ന് പിടിച്ചെടുത്തോ അവർക്ക് അപ്രകാരം ഉള്ളിലുള്ള വസ്തുക്കൾ (ക്യാരിബാഗും കണ്ടെയ്നറുമില്ലാതെ) ഏറ്റുവാങ്ങാൻ 15 ദിവസം വരെ സാവകാശം അനുവദിക്കേണ്ടതാകുന്നു.

8. <u>ശിക്ഷാ നടപടികൾ</u> :

എ) നിരോധിക്കപ്പെട്ട പ്ലാസ്റ്റിക് ക്യാരിബാഗുകളും കണ്ടെയ്നറുകളും 10,000 എണ്ണം വരെ പുതുതായോ പുനരുപയോഗം വഴിയോ പുനർചംക്രമണം വഴിയോ ഉൽപ്പാദിപ്പിക്കുന്നതായോ കൈകാര്യം ചെയ്യുന്നതായോ ശ്രദ്ധയിൽപ്പെടുന്ന അധികാരികൾക്ക് അത് രേഖാമൂലം ബന്ധപ്പെട്ട പോലീസ് സ്റ്റേഷൻ ഹൗസ് ഓഫീസർക്കു ഇന്ത്യൻ പീനൽ കോഡിന്റെ 188 -ാം വകുപ്പു പ്രകാരം ശിക്ഷാ നടപടികൾ കൈക്കൊള്ളാനായി റിപ്പോർട്ടു ചെയ്യേണ്ടതാണ്; പിടിച്ചെടുത്ത തൊണ്ടി സാധനങ്ങളും കൈമാറേണ്ടതാണ്.

ബി) നിരോധിക്കപ്പെട്ടേ പ്ലാസ്റ്റിക് ക്യാരിബാഗുകളും കണ്ടെയ്നറുകളും 10,000 എണ്ണത്തിൽ കൂടുതൽ പുതുതായോ പുനരുപയോഗം വഴിയോ പുനർചംക്രമണം വഴിയോ ഉൽപ്പാദിപ്പിക്കുന്നതായോ കൈകാര്യം ചെയ്യുന്നതായോ ശ്രദ്ധയിൽപ്പെടുന്ന അധികാരികൾ അത് രേഖാമൂലം ബന്ധപ്പെട്ട ജില്ലാ കളക്ടർക്കോ മലിനീകരണ നിയന്ത്രണ ബോർഡ് ജില്ലാ ഓഫീസർക്കോ പരിസ്ഥിതി വകുപ്പിലെ 15, 19 വകുപ്പുകൾ പ്രകാരം ശിക്ഷാ നടപടി കൈക്കൊള്ളാനായി റിപ്പോർട്ടു ചെയ്യേണ്ടതാണ്. പിടിച്ചെടുത്ത തൊണ്ടി സാധനങ്ങളും കൈമാറേണ്ടതാണ്.

സി) ഇൻഡ്യൻ പീനൽ കോഡിലെ 188 -ാം വകുപ്പനുസരിച്ച് നൽകാവുന്ന ശിക്ഷ 1 മാസം വരെ തടവോ 200 രൂപ വരെ പിഴയോ രണ്ടും കൂടിയോ ആകുന്നു.

ഡി) പരിസ്ഥിതി സംരക്ഷണ നിയമത്തിലെ 15, 19 വകുപ്പുകൾ പ്രകാരം നൽകാവുന്ന ശിക്ഷ 5 വർഷം വരെ തടവോ 1 ലക്ഷം രൂപ വരെ പിഴയോ രണ്ടും കൂടിയോ, കുറ്റം തുടരുകയാണെങ്കിൽ പ്രതിദിനം 5000 രൂപ പിഴയും കൂടിയോ ആകുന്നു. ആദ്യ ശിക്ഷയ്ക്കു ശേഷം ഒരു വർഷത്തിൽ കൂടുതൽ കുറ്റം തുടർന്നാൽ ഏഴു വർഷം വരെ തടവിനു അർഹതയുണ്ട്.

(ഒപ്പ്)
മെമ്പർ സെക്രട്ടറി

TC/T3/20477/05

Directorate of Industries & Commerce,
Thiruvananthapuram, dated 01-04-2007.

From

The Director of Industries & Commerce

To

The General Manager,

District Industries Centre,
Thrissur.

Sir,

Sub:- Industries - TC wing - NOC from forest Dept. - Redressal measures - Requested - Reg.

Ref:- 1) Your Lr No. B1/6986/05 dtd. 12-9-05.

2) Lr. No.FC(3)-3822/05 dtd. 12-3.07 from the Chief Conservator of Forests (Protection), Tvpm.

***

Please refer to the letter 1st cited. In this connection, it is to be informed that as per the judgment dated 30-10-2002 in WP(C) No.202/95 of the Hon'ble Supreme Court, no wood based industry can be started in the country without obtaining a No Objection Certificate from Central Empowered Committee. The C.F.C. on 28-2-06 Constituted a State Empowered Committee with Shri. K.K. Srivastava, APCCF(SF), Chairman, Shri. N.V.Trivedi Babu, Chief Conservator of Forests (Protection) and Dr. Bipin Behari, DIG (SV), Government of India as members to assess the timber availability for establishing new wood-based industries in Kerala after taking into consideration the requirement of the existing industries, to examine the feasibility of granting NOC for new units using exclusively rubber, and to examine the pending applications for NOC and to make suitable recommendations. The Hon'ble Supreme Court in their order dated 7-8-2006 in WP (C)18798/06 directed the State Empowered Committee to consider the feasibility of granting the permission to units using exclusively rubber wood, within 2 months. Encouraging rubber based units within state helps in reducing pressure on the forests and generates employment within the state. Therefore, the committee recommended all the pending applications as on the date to start units using exclusively rubber wood with certain conditions such as their non-involvement in forest offences and their location being 5 K.M. away from reserved forests etc. The furniture units without using saw are

not considered as saw mills as they use only the sawn timber. The committee therefore felt that the furniture units without using saw shall be allowed. The recommendation of the committee to issue NOC to the 16 rubber wood based units and 6 furniture units without using saw has been accepted by the CEC on 20-11-2006. The DFOC concerned were asked on 25.11.2006 the DFOs concerned were asked on 25.11.2006to issue NOC to the above units after verifying whether the units satisfied the conditions stimulated. The letters were simultaneously sent to the individual units also informing them that CEC agreed to issue NOC and asking them to collect the NOC from Divisional Forest Officers concerned.

The State Empowered Committee again met on 17-1-2007 and considered 40 applications from the units using exclusively rubber wood, 18 applications from furniture units without using saw and 53 other application for starting saw mills. The Committee also discussed the question of 1519 wood based units which have been functioning without NOC from the forest department due to various reasons like stay orders from the Courts granting of licenses by Panchayat without NOC etc. The Committee felt that the date available regarding the consumption of wood by these units is not sufficient to make a re-communication. Therefore, the decision was postponed. The details of communication of rubber wood units and saw mills were also not available. Therefore, the Committee has decided to collect the above details and consider the applications in the next meeting of the Committee. Accordingly the units were addressed and requested to furnish the details.

The State Empowered Committee is likely to consider the pending applications for starting saw mills in the meeting to be held in March 2007. The entrepreneurs who are waiting for NOC from the Central Empowered Committee may be enlightened with the above developments so as to take necessary follow up action in their pending applications with the State Empowered Committee.

Yours faithfully,

sd/-
For Director of Industries & Commerce

കേരള സർക്കാർ

തദ്ദേശ സ്വയംഭരണ (ആർ.സി.) വകുപ്പ്

സർക്കുലർ

നമ്പർ.46836/ആർ.സി.3/05/സ്വ.ഭ.വ. തിരുവനന്തപുരം, 2007 മേയ് 30

വിഷയം: - അനധികൃത സോഡാ നിർമ്മാണവും, വിപണനവും തടയുന്നതിന് നടപടി സംബന്ധിച്ച്.

സംസ്ഥാനത്തിന്റെ വിവിധ സ്ഥലങ്ങളിൽ ലൈസൻസില്ലാതെയും, മറ്റും അനധികൃതമായി സോഡാ നിർമ്മാണവും വിപണനവും വ്യാപകമായി നടത്തുന്നതുകാരണം പൊതുജനാരോഗ്യത്തിന് ഹാനികരമായ വിവിധ രോഗങ്ങൾ പിടിപെടുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുകയുണ്ടായി. ഇത് തടയുന്നതിനായി 26.10.2006 ലെ 49328/സി3/05/തസ്വഭവ. സർക്കുലർ പ്രകാരം വിവിധ സ്ഥാപനങ്ങളിലെ ഉദ്യോഗസ്ഥർക്ക് സോഡാ നിർമ്മാണത്തെ നിയന്ത്രിക്കുന്നതിനാവശ്യമായ നിർദ്ദേശങ്ങൾ നൽകിയിരുന്നു. വീണ്ടും ചില പരാതികൾ ഉയർന്നു വന്നതിനാലും, പരാതി നമ്പർ 2031/05 നു മേൽ ബഹു. കേരള ലോകായുക്തയുടെ 23.4.2007 ലെ നിർദ്ദേശപ്രകാരവും താഴെപ്പറയുന്ന കാര്യങ്ങൾ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ കർശനമായി പാലിച്ച് റിപ്പോർട്ട് കാലാകാലങ്ങളിൽ സർക്കാരിന് സമർപ്പിക്കേണ്ടതാണ്.

1. തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ 26.10.2006 ലെ 49328/സി3/05/തസ്വഭവ. നമ്പർ സർക്കുലർ പ്രകാരമുള്ള വ്യവസ്ഥകൾ സോഡാ നിർമ്മാണ യൂണിറ്റുകൾ പാലിക്കുന്നുണ്ടോ എന്ന് വിവിധ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ഉദ്യോഗസ്ഥർ പരിശോധിക്കേണ്ടതും സ്വീകരിച്ച നടപടികളെ സംബന്ധിച്ച അവലോകന റിപ്പോർട്ട് 6 മാസത്തിലൊരിക്കൽ സർക്കാരിൽ സമർപ്പിക്കേണ്ടതുമാണ്.
2. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ഹെൽത്ത് ഇൻസ്പെക്ടർമാർ തങ്ങളുടെ പരിധിയിലുള്ള സോഡാ നിർമ്മാണ യൂണിറ്റുകൾ യഥാസമയം സന്ദർശിക്കേണ്ടതും സാമ്പിളുകൾ പരിശോധിച്ച് വ്യാജവും അനധികൃതവുമാണെന്ന് കാണുന്നപക്ഷം ഇതിന് ഉത്തരവാദി ആയവർക്കെതിരെ പ്രോസിക്യൂഷൻ നടപടികൾ സ്വീകരിക്കേണ്ടതുമാണ്.
3. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, അവയുടെ പരിധിയിൽ വരുന്ന, നിയമാനുസൃതമായ ലൈസൻസില്ലാതെ പ്രവർത്തിക്കുന്ന സോഡാ നിർമ്മാണ യൂണിറ്റുകൾ ഉടനടി കർശനമായും അടച്ചുപൂട്ടിക്കേണ്ടതും അവയ്ക്കെതിരെ നിയമ നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

4. നഗരകാര്യ ഡയറക്ടറും, പഞ്ചായത്ത് ഡയറക്ടറും തങ്ങളുടെ അധികാരപരിധിയിൽ വരുന്ന തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മേൽ വ്യവസ്ഥകൾ കാര്യക്ഷമമായും ജാഗ്രതയായും പാലിക്കുന്നുണ്ടോ എന്ന് ഉറപ്പുവരുത്തേണ്ടതുമാണ്.

മേൽപ്പറഞ്ഞ കാര്യങ്ങൾ 1.6.2007 മുതൽ പ്രാബല്യത്തിൽ വരുത്തേണ്ടതാണ്.

എസ്.എം. വിജയാനന്ദ്,
പ്രിൻസിപ്പൽ സെക്രട്ടറി

കേരള സർക്കാർ

നമ്പർ.40942/ആർ.സി.3/2007/തസ്വ.ഭ.വ. തിരുവനന്തപുരം, തീയതി : 8.8.2007

സർക്കുലർ

വിഷയം: - തദ്ദേശ സ്വയംഭരണ വകുപ്പ് - തടിയധിഷ്ടിത വ്യവസായ യൂണിറ്റുകൾക്ക് എൻ.ഒ.സി.യും, ലൈസൻസും പുതുക്കി നൽകുന്നത് - സംബന്ധിച്ച്.

കേരളത്തിന്റെ വിവിധ സ്ഥലങ്ങളിലുള്ള വനോൽപ്പന്നങ്ങൾ അസംസ്കൃത വസ്തുക്കളായി ഉപയോഗിച്ചുകൊണ്ടുള്ള വ്യവസായ സ്ഥാപനങ്ങൾ ചില്പപോൾ വനസംരക്ഷണത്തെ ദോഷകരമായി ബാധിക്കുമെന്ന് കണ്ടതിനാൽ ഇത്തരം വ്യവസായ സ്ഥാപനങ്ങൾക്ക് ലൈസൻസ് അനുവദിക്കുന്നത് സംബന്ധിച്ച് ചില നിയന്ത്രണങ്ങൾ സർക്കാർ ഏർപ്പെടുത്തിയിരുന്നു.

വനോൽപ്പന്നങ്ങൾ ഉപയോഗിച്ചുകൊണ്ടുള്ള വ്യവസായങ്ങളുടെ മേലുള്ള നിയന്ത്രണങ്ങളും, പ്രസ്തുത വ്യവസായങ്ങൾ തുടങ്ങുമ്പോഴും, ലൈസൻസുകളും മറ്റും പുതുക്കുമ്പോഴും സ്വീകരിക്കേണ്ടുന്ന നടപടിക്രമങ്ങളുടെ മാർഗ്ഗരേഖകൽ 11.11.92 ലെ സ..ഉ.(പി) നം:44/92/വനം, 16.7.98 ലെ സ.ഉ.(പി) നം. 53/98/എഫ് & ഡബ്ല്യൂ.എൽ.ഡി. 15.11.99 ലെ സ.ഉ.(പി) നം. 93/99/വനം എന്നീ സർക്കാർ ഉത്തരവുകൾ പ്രകാരം വനം വന്യജീവി വകുപ്പ് പുറപ്പെടുവിച്ചിരിക്കുന്നു. വർഷാവർഷം ലൈസൻസ് പുതുക്കുന്നതിനുള്ള പ്രായോഗിക ബുദ്ധിമുട്ടുകൾ കണക്കിലെടുത്ത് സ.ഉ.(പി)നം.93/99/വനം, തീയതി 15.11.99 പ്രകാരം താഴെ പറയും പ്രകാരം ഉത്തരവായിരുന്നു.

(1) വനാതിർത്തിയിൽ നിന്നും 5 കി.മീ. ചുറ്റളവിന് വെളിയിൽ സ്ഥിതിചെയ്യുന്ന ചന്ദന ഫാക്ടറികളും ചന്ദനം അസംസ്കൃത വസ്തുവായി ഉപയോഗിക്കുന്ന വ്യവസായ സ്ഥാപനങ്ങളും ഒഴികെയുള്ള വനോൽപ്പന്നാധിഷ്ഠിതമായ വ്യവസായ സ്ഥാപനങ്ങൽ ഒരിക്കൽ ലൈസൻസ് ലഭിച്ചു കഴിഞ്ഞാൽ ലൈസൻസ് പുതുക്കുന്നതിന് തുടർന്നുള്ള അഞ്ച് വർഷത്തേക്ക് വനം വകുപ്പിന്റെ നിരാക്ഷേപ പത്രം ആവശ്യമില്ല.

(2) ചന്ദന ഫാക്ടറികൾ ചന്ദനം അസംസ്കൃത വസ്തുവായി ഉപയോഗിക്കുന്ന വ്യവസായ സ്ഥാപനങ്ങൾ, വനാതിർത്തിയിൽ നിന്നും 5 കി.മീ. ചുറ്റളവിനുള്ളിൽ പ്രവർത്തിക്കുന്ന വ്യവസായ സ്ഥാപനങ്ങൾ എന്നിവയ്ക്ക് വർഷാവർഷം ലൈസനസ് പുതുക്കുന്നത് ബന്ധപ്പെട്ട ഡിവിഷണൽ ഫോറസ്റ്റ് ഓഫീസറുടെ നിരാക്ഷേപ പത്രത്തിന്റെ അടിസ്ഥാനത്തിലായിരിക്കും.

(3) മേൽപ്പറഞ്ഞ സ്ഥാപനങ്ങൾ അവയുടെ യന്ത്ര സാമഗ്രികൾക്ക് മാറ്റം വരുത്തുകയോ, അസംസ്കൃത വസ്തുക്കളുടെ ഉപയോഗത്തിന്റെയോ ഉല്പ്പാദനത്തിന്റെയോ തോതിൽ മാറ്റം വരുത്തുകയോ ചെയ്യുന്നപക്ഷം ലൈസൻസ് പുതുക്കുന്നത് ബന്ധപ്പെട്ട ഡിവിഷണൽ ഫോറസ്റ്റ് ഓഫീസറുടെ നിരാക്ഷേപ പത്രത്തിന്റെ അടിസ്ഥാനത്തിലായിരിക്കും.

എന്നാൽ 30.12.2002 ലെ ബഹു. സുപ്രീം കോടതി വിധിയ്ക്ക് മുമ്പ് തുടങ്ങിയ തടിയധിഷ്ടിത വ്യവസായ യൂണിറ്റുകൾക്ക് വനം വകുപ്പിന്റെ എൻ.ഒ.സി.യും നിയമാനുസൃതമായ പഞ്ചായത്ത് ലൈസൻസും ഉണ്ടായിരിക്കുന്നതും, ആയവ പുതുക്കി വരുന്നതുമാണെങ്കിൽ അത്തരം തടിയധിഷ്ടിത വ്യവസായ യൂണിറ്റുകൾക്ക് എൻ.ഒ.സി.യും ലൈസൻസും അതത് വകുപ്പുകൾ തന്നെ പുതുക്കി നൽകുന്നതാണ് എന്ന് ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ നിർദ്ദേശിക്കുകയുണ്ടായി.

മേൽ സാഹചര്യത്തിൽ 30.12.2002 ലെ ബഹു. സുപ്രീം കോടതി വിധിയ്ക്ക് മുമ്പ് തുടങ്ങിയ തടിയധിഷ്ടിത വ്യവസായ യൂണിറ്റുകൾക്ക് വനം വകുപ്പിന്റെ എൻ.ഒ.സി.യും നിയമാനുസൃതമായ പഞ്ചായത്ത് ലൈസൻസും ഉണ്ടായിരിക്കുകയും, ആയവ യഥാസമയം പുതുക്കി വരുന്നതുമാണെങ്കിൽ അത്തരം തടിയധിഷ്ടിത വ്യവസായ യൂണിറ്റുകൾക്ക് എൻ.ഒ.സി. യും ലൈസൻസും പുതുക്കി നൽകാവുന്നതാണ് എന്ന് എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കും നിർദ്ദേശം നൽകുന്നു.

എസ്.എ. വിജയാനന്ദ്
പ്രിൻസിപ്പൽ സെക്രട്ടറി

കേരള സർക്കാർ

നമ്പർ.65762/ആർ.സി.3/06/ത.സ്വ.ഭ.വ. തദ്ദേശസ്വയംഭരണ (ആർ.ഡി.) വകുപ്പ്
തിരുവനന്തപുരം, തീയതി : 8.11.2007

സർക്കുലർ

വിഷയം: - തദ്ദേശ സ്വയംഭരണ വകുപ്പ് 1996 ലെ കേരള പഞ്ചായത്ത് രാജ് (ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ - കരിങ്കൽ ക്വാറികൾക്കുള്ള ലൈസൻസ് സംബന്ധിച്ച്.

സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ പ്രവർത്തിക്കുന്ന പല ക്വാറികളും 1996 ലെ കേരള പഞ്ചായത്ത് രാജ് (ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ അനുശാസിക്കുന്നതു പ്രകാരം ലൈസൻസ് സമ്പാദിക്കാതെ അനധികൃതമായി പ്രവർത്തനം നടത്തുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. മനുഷ്യരുടെ ജീവനോ ആരോഗ്യത്തിനോ സ്വത്തിനോ അസഹ്യമോ ആപൽക്കരമോ ആകാനിടയുള്ള വസ്തുക്കളുടെ പട്ടികയിൽ കരിങ്കൽ ക്വാറി ഉൾപ്പെട്ടിട്ടില്ല എന്ന നിഗമനത്തിലാണ് ഉടമകൾ ഇപ്രകാരം ലൈസൻസ് സമ്പാദിക്കാൻ കൂട്ടാക്കത്തത്. എന്നാൽ കരിങ്കൽ ക്വാറികൾ പ്രവർത്തിപ്പിക്കുന്നതിന് ജാക് ഹാമർ, വെടിമരുന്ന് ജലാറ്റിൻ സ്റ്റിക്ക് മുതലായ അസഹ്യവും ആപൽക്കരവുമായ സ്ഫോടക വസ്തുക്കൾ സംഭരിച്ച് ഉപയോഗിക്കുന്നതുമൂലം പരിസരവാസികളുടെ ജീവനും സ്വത്തിനും ഭീഷണി ഉണ്ടാകുന്നുണ്ട്. 1996 ലെ കേരള പഞ്ചായത്ത് രാജ് (ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടം 3 പ്രകാരം മനുഷ്യരുടെ ജീവനോ സ്വത്തിനോ ആരോഗ്യത്തിനോ ആപൽക്കരമോ അസഹ്യമോ ആകാനിടയുള്ള കാര്യങ്ങൾ ഏതൊക്കെയാണെന്ന് ചട്ടങ്ങളോട് ചേർത്ത പട്ടികയിൽ ഉൾപ്പെടുത്താമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. പ്രസ്തുത പട്ടികയിൽ സ്ഫോടക വസ്തുക്കൾ സംഭരിച്ചു വയ്ക്കൽ (ക്രമ നമ്പർ 40) (കരിമരുന്ന് സംഭരിച്ചുവയ്ക്കൽ ക്രമ നമ്പർ. 44) വെടിമരുന്ന് സംഭരിച്ചുവയ്ക്കൽ (ക്രമ നമ്പർ.62) പാറക്കല്ല്, കടപ്പക്കല്ല്, മൊസൈക്ക് മാർബിൾ മുറിയ്ക്കുകയോ സംഭരിച്ചു വയ്ക്കുകയോ മിനുസപ്പെടുത്തുകയോ തയ്യാറാക്കുകയോ കൊത്തുപണി ചെയ്യുകയോ വില്പന നടത്തുകയോ ചെയ്യൽ (ക്രമ നമ്പർ.100) എന്നിവയ്ക്ക് ലൈസൻസ് ആവശ്യമാണ് എന്ന് നിഷ്കർഷിച്ചിട്ടുണ്ട്.

മേല്പറഞ്ഞ വസ്തുതകളുടെ അടിസ്ഥാനത്തിൽ കരിങ്കൽ ക്വാറികൾ പ്രവർത്തിപ്പിക്കുന്നിന് 1996 ലെ കേരള പഞ്ചായത്ത് രാജ് (ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾക്ക് അനുസൃതമായി ലൈസൻസ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും നിർബന്ധമായും വാങ്ങിയിരിക്കേണ്ടതാണെന്ന് ഇതിനതാൽ നിർദ്ദേശിക്കുന്നു.

എസ്.എ. വിജയാനന്ദ്
പ്രിൻസിപ്പൽ സെക്രട്ടറി

(C)
GOVERNMENT OF KERALA
കേരള സർക്കാർ
2008

Reg. No. രജി നമ്പർ
KLDV(N)/12/2006-2008

KERALA GAZETTE
കേരള ഗസറ്റ്
EXTRAORDINARY
അസാധാരണം
PUBLISHED BY AUTHORITY
ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്

Vol.LIII
വാല്യം 53

Thiruvanathapuram
Thursday
തിരുവനന്തപുരം

3rd April 2008
2003 ജൂലായ് 15
14th Chaithra 1930

No.
നമ്പർ
680

KERALA STATE POLLUTION CONTROL BOARD

NOTIFICATION

No. PCB/L/3120/2005 *29th March, 2008*

The Government of India have enacted the Environment (Protection) Act, 1986 and under that the Environment (Protection) Rules, 1986 and the Recycled Plastics Manufactures and Usage Rules, 1999 which was renamed as the Plastics Manufactures, Sale and Usage Rules, vide the amendment of 2003. Rule 8 of the latter Rules specifies a minimum thickness of 20 micron for plastic carry bags Rule 4 of the said Rules prohibits usage of carry bags made out of recycled plastic for storing, carrying, dispensing or packaging of food stuffs. All manufactures of plastic carry bags in the State are required to obtain registration from the State pollution control Board under Rule-10, The Government of Kerala have vide Circular No. 14495/C3/02/LSGD dated -10-2003 assigned the District Collector, Secretaries of Local Self bodies, Station House Officers and Dy. S.Ps. of Police Department and officers of the Sales Tax Department besides Officers of the State Pollution Control Board responsibilities of the Prescribed Authority under Rule 3 of the Plastic Manufacture, Sale and Usage Rules, 1999 on manufactures, transportation, stocking, sale and use of plastic carry bags and containers.

It has come to the notice of the Kerala State Pollution Control Board (hereinafter referred to as the State Board) that indiscriminate and polific usage and wanton discard of plastic carry bags are creating environment problems by way of blockade of transport of water, air and micro organisms in soil, choking of storm water drains, aesthetic pollution etc. The resectability of the plastic carry bags is less because it takes nearly 500 carry bags of 20 micron thickness and 20 x 30 cm size to weigh 1 kg. The reusability of the carry bags is also less with the thickness of 20 microns. Containers (rigid or flexible) including plastic cups, bottles and packaging materials are also creating environmental problems. Hence it is considered prudential to reasonably increase the minimum thickness of plastic carry bags and containers in exercise of the powers of the State Board under clause (i) of sub-rule 3 (A) of Rule 3 of the Environment (Protection) Rules, 1986.

Notification enhancing the minimum thickness of plastic carry bags to 30 micron was issued by the state Board vide Notification No. PCB/TAC/115?97 dated 6-9-2003 and it was ordered by the Hon'ble High Court of Kerala to be treated as a draft notification which would be finalised after hearing the petitoners in O.P. No. 32288/2002, W.P. No. 913/2004 and W.A. No. 268/05. The petitioners were heard on 17-10-2006. The petitioners were agreeable in general to increasing the thickness of carry bags and containers suitably making printing of information on material thickness and manufacturer on the carry bags and containers mandatory.

Therefore the Board, in exercise of power conferred under Rule 3 (3A), (i) of the Environment (Protection) Rules, 986, enhanced the minimum thickness of plastic carry bags and containers including plastic cups, bottles and packaging material to 50 micron vide Notification No. PCB/L/3120/2005 dated 16-12-2006. The responsibility of implementation of the notification was entrusted to the District Collectors, Police Department, Commercial Taxes Department, Local Self Government and the Kerala State Pollution Control Board by the Government. A Circular No. PCB/L/3120/2005 dated 24-2-2007 assigning the responsibility of implementation of the notification to various implementing authorities was issued by the Board.

Subsequently the Honourable High Court wide the interim order dated 8-2-2007 in W.P. (C) No. 1260/07 filed by All Kerala Plastic Dealers Association stayed the operation of the notification dated 16-12-2006 of the Board to the extent that it fixed the minimum thickness of plastic carry bags and containersabove 30 micron. As per the Hon'ble High Court order, the minimum thickens was refixed as 30 micron and the notification was modified accordingly.

However, the necessity and possibility of increasing the thickness of the material again to 50 micron to promote reuse and recycle was examined by the Board and it is felt necessary that the minimum thickness of plastic carry bags and containers should be enhaced to 50 microns in order to increase the scope of its reuse and recycle. In connection with the proposed enhacement of minimum thickness of plastic carry bags and containers form 30 micron to 50 micron a notice was published on 15-10-2007 in dailies inviting suggestions/objections on the matter. Those who had responded were called for hearing on 20-11-2007 and 27-12-2007 to present their views in person. The views expressed by them are taken into consideration.

As enhacement of thickness to 50 micron is considered imperative the Board, in exercise of power conferred under Rule 3 (3A) (i)of the Environment (Protection) Rules, 1986, hereby impose the following specifications on the manufacturing and recycling of plastic carry bags and containers including plastic cups, bottles and packaging material. The specifications shall be applicable on plastic carry bags and containers brought in to the State of Kerala from outside the State also.

(i) The minimum thickness of plastic carry bags and containers including plastic cups, bottles and packaging material shall be 50 micron.

(ii) The thickness in micron material and identify of manufactures shall be printed on each carry bag and container

(iii) The minimum size of plastic carry bags shall be 20 x 30 cm.

(iv) No plastic carry bag or container shall be made of halogenated material

These specifications shall come in to effect forth with. No manufactures, stocking, distribution, sale, use, transportation, collection, segregation, recycling and disposal of plastic carry bags and containers which do not conform to the aforesaid specifications shall henceforth be carried out in the State. Those who possess stock of plastic carry bags and containers including plastic cups, bottles and packaging materials of thickness between 30 and 50 micron are allowed a grace time of maximum one month from the date of publication of this notification to utilize the stock.

It is hereby brought to the notice of all those concerned that any violation of the Plastics Manufactures, sale and usage Rules, 1999, as amended on 17-6-2003 and as made more stringent in standards vide this notification, is liable to incur penalty of imprisonment for a term up to 5 years and fine up to Rs. 1 lakh or both under sub-section (1) of section 15 of the Environment (Protection) Act, 1986 and is also punishable under section 340 of the municipalities Act, 1994, under section 219 of the panchayat Raj Act, 1994 and section 188 of the Indian Penal Code, 1860.

For and on behalf of the
Kerala State Pollution Control Board

Plamoodu, Pattom P.O.,
Thiruvanathapuram

G. Rajamohan
Chairman

Explanatory Note

(This does not form part of the notification, but is intended to describe the general purport)

The Kerala State Pollution Control Board enlaced the minimum thickness of plastic carry bags and containers including plastic cups, bottles, and packaging materila to 50 micron vide notification dated 8-2-2007 of the Hon'ble High Court the minimum thickness was refixed as micron and the notification was modified accordingly. The necessity and possibility of increasing the thickness of the material again to 50 micron to promote reuse and recycle was examined. Suggestions/objections were invited from the public and hearing was conducted to present their vies in person. Increase of thickness to 50 microns, is considered imperative and hence this notification.

29.8.2006 ൽ പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം സി4-40954/2004 നമ്പരായി എല്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്കും അയച്ച കത്തിന്റെ പകർപ്പ്: -

വിഷയം: - കേരള നിയമസഭ 4 -ാം സമ്മേളനം ഉറപ്പ് 61

മത്സ്യം കേടുവരാതെ സൂക്ഷിക്കാൻ ആരോഗ്യത്തിന് ഹാനികരമായ രാസവസ്തുക്കൾ ഉപയോഗിക്കുന്നത് തടയുന്നത് - സംബന്ധിച്ച്.

സൂചന : - 1. ഫിഷറീസ് ഡയറക്ടറുടെ 13.12.04 ലെ എച്ച്3 23474/04 നമ്പർ കത്ത്
2. സർക്കാരിന്റെ 3.8.2006 ലെ 53430/എൽ1/03/തസ്വഭവ നമ്പർ കത്ത്.

.....

കേരള നിയമസഭ 4 -ാം സമ്മേളനത്തിലെ 61 -ാം ഉറപ്പ് അനുസരിച്ച് മത്സ്യം കേടുവരാതെ സൂക്ഷിക്കാൻ ആരോഗ്യത്തിന് ഹാനികരമായ രാസവസ്തുക്കൾ ഉപയോഗിക്കുന്നത് തടയാനും അതിന് വിരുദ്ധമായി പ്രവർത്തിക്കുന്നവർക്കെതിരെ കേസ് രജിസ്റ്റർ ചെയ്യാനും സൂചനകൾ പ്രകാരം ബന്ധപ്പെട്ട ഉദ്യോഗസ്ഥന്മാർക്ക് നിർദ്ദേശം നൽകാൻ ആവശ്യപ്പെട്ടിരുന്നു. ഈ സാഹചര്യത്തിൽ പഞ്ചായത്തിൽ നിന്നും പി.എഫ്.എ. പ്രകാരമുള്ള ലൈസൻസ് മത്സ്യ കച്ചവടക്കാർക്ക് നൽകുമ്പോൾ ആരോഗ്യത്തിന് ഹാനികരമായ രാസവസ്തുക്കൾ ഉപയോഗിച്ച് മത്സ്യങ്ങൾ സൂക്ഷിക്കുന്നത് ശിക്ഷാർഹമാണെന്ന് ലൈസൻസ് വ്യവസ്ഥയിൽ പ്രത്യേകം ഉൾക്കൊള്ളിക്കാനും ഈ വ്യവസ്ഥ പൊതു മാർക്കറ്റിൽ ലേലം ചെയ്യുമ്പോൾ ലേല വ്യവസ്ഥയിലും പ്രത്യകം ഉൾപ്പെടുത്താൻ താങ്കളുടെ അധികാര പരിധിയിലുള്ള എല്ലാ ഗ്രാമ പഞ്ചായത്ത് സെക്രട്ടറിമാർക്കും നിർദ്ദേശം നൽകുവാൻ താൽപ്പര്യപ്പെടുന്നു.

വിശ്വസ്തതയോടെ,
(ഒപ്പ്)
പഞ്ചായത്ത് ഡയറക്ടർ

MOST URGENT

Copy of the Circular No.PH6-16937/07/DHS Dated 20.02.2007 from Director of Health Services, Thiruvananthapuram.

CIRCULAR

As per the powers conferred by Rule 4(1) of Kerala Prevention of Food Adulteration Rules 2007, the State Food (Health) Authority, hereby issues the following for the General Superintendence of the administration and enforcement of KPFA Rules 2007, Published in Keala Gazette (Extraordinary No.189 dated 2.02.2007).

1. All Local Authorities and Local (Health) Authorities under KPFA Rules 2007, are strictly adhere the provisions containing in Rule 7, 8, 9 & 10 for the purpose of granting PFA Licence.
2. Every Local Authority should maintain prescribed register in Form No.D, as included in Schedule III.
3. All Local Authorities including Licencing Authorities shall take appropriate steps for collecting licencing fee as per new rate included in Schedule I & II of KPFA Rules 2007 from 1st April 2007 onwards

Sd/-

Director of Health Services

GOVERNMENT OF KERALA

ABSTRACT

Health and Family Welfare Department - Kerala Prevention of Food Adulteration Rules 2007 - Freezed - Orders issued.

Health & Family Welfare (E) Department

G.O (Rt) No. 197/07/H&FWD

Dated, Thiruvananthapuram, 4/06/07

Read: G.O (P) No.31/07/H&FWD dated 1.02.2007

ORDER

As per the Government Order read above, the Kerala Prevention of Food Adulteration Rules 2007 came into existence with effect from 1.2.2007. In the said rules Government made certain revision in the license fee levied in the PFA Act.

Considering the requests of various organizations, Government are pleased to freeze the order read above till further orders.

(By Order of the Governor)

R. Purushothaman Nair

Deputy Secretary to Govt.

GOVERNMENT OF KERALA

Health & family Welfare Department Kerala prevention of food Rules 2007 ban withdrawn - Order issued

==========

HEALTH & FAMILY WELFARE DEPARTMENT

G.O.(Ms) No. 15/08/H& FWD. Dated :Thiruvananthapuram. 09.01.2009

==========

Read : 1. G.O (P) No. 31/2007/ H& FWD dated 1.2.2007
2. G.O. (Rt) No. 1974/2007 /H&FWD dated 4.6.2008
3. Order of Hona'ble High Court dated 12.4.07 in WP (C) No 12928 R 12727 of 2007

ORDER

As per the Government order read as 1st paper above the Kerala Prevention of Food Adulteration Rules 2007 came into force with effect from 1.2.07. But subsequently Government freezed the said rules to revise the license fee levied under the Rules vide Government Order read as 2nd paper above.

The Hon'ble High Court in its interim order read as 3rd paper above has directed to renew the license on payment of 25 times of the preexisting license fee on condition that an undertaking to be filed to the effect that if ultimately the wp is dismissed the balance amount should be paid .

In this circumstance , Government have now decided to withdraw the ban imposed as per the Government Order read 2nd paper above on the implementation of the Prevention of Food Adulteration Rules , 2007 and to impose the license fee under KPFA Rules as 25 times of the Pre - existing license fee on condition that the applicants file an undertaking. that they will pay the balance amount of fee, if any , subject to the final judgment in the WP (C)sNo 12923 and 12727 of 2007 .

(By Order of the Governor)
Dr.VISHWAS MEHTA,

കേരള സർക്കാർ

നമ്പർ. 19081/ജെ2/98/തഭവ.
തദ്ദേശഭരണ (ജെ) വകുപ്പ്,
തിരുവനന്തപുരം,
തീയതി : 5.5.1998.

സർക്കുലർ

വിഷയം: - ഗ്രാമ പഞ്ചായത്ത് അധിനിവേശ പ്രദേശങ്ങളിൽ മൃഗങ്ങളെ അറക്കുന്നത്, മാംസ വില്പന എന്നിവയെ സംബന്ധിച്ച് സർക്കാർ ഉത്തരവാകുന്നു.

സൂചന : - ബഹു. ഹൈക്കോടതിയുടെ 6.4.1998 ലെ ഒ.പി.നമ്പർ 2383/98 ന് ആധാരമായ ഉത്തരവ്.

.....

കേരള പഞ്ചായത്ത് രാജ് ആക്ടിലെ 231 (2) വകുപ്പ് അനുസരിച്ച് കച്ചവടത്തിനോ അല്ലാതെയോ ഏതെങ്കിലും ലൈസൻസുള്ള പരിസരങ്ങളിലൊ മറ്റേതെങ്കിലും സ്ഥലത്തോ മൃഗത്തിന്റെയോ പക്ഷിയുടെയോ മത്സ്യത്തിന്റേയോ (തയ്യാർ ചെയ്തതോ അല്ലാതേയോ ആയ) ശരീരഭാഗം, പൊതുജനങ്ങൾക്ക് കാഴ്ചയിൽ അസഹ്യതയോ പീഡയോ ഉണ്ടാകതക്ക വിധത്തിൽ യാതൊരാളും പൊതുവായി പ്രദർശിപ്പിക്കുകയോ തുറന്ന് വയ്ക്കുകയോ ചെയ്യാൻ പാടില്ല. ഇത് നടപ്പാക്കേണ്ടത് പഞ്ചായത്തുകളുടെ അനിവാര്യ ചുമതലയാണ്. എന്നാൽ പല പഞ്ചായത്തുകളും ഇത് നടപ്പാക്കുന്നതിൽ വീഴ്ച വരുത്തുന്നതായി കാണുന്നു.

ആയതിനാൽ കേരള പഞ്ചായത്ത് രാജ് ആക്ടിലെ വ്യവസ്ഥകൾ ഗ്രാമ പഞ്ചായത്തുകളിൽ കൃത്യമായി പാലിക്കപ്പെടുന്നതിനാവശ്യമായ ഉത്തരവ് പുറപ്പെടുവിക്കണമെന്ന് ബഹു. ഹൈക്കോടതി 6.4.1998 ൽ ഒ.പി. 2383/98 -ാം നമ്പർ കേസിൽ പുറപ്പെടുവിച്ച വിധിന്യായത്തിൽ നിർദ്ദേശിച്ചിരിക്കുകയാണ്. പ്രസിഡന്റ്, സെക്രട്ടറി, ഗ്രാമപഞ്ചായത്ത് അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥൻ എന്നിവർക്ക് ഇറച്ചിയോ മറ്റേതെങ്കിലും ആഹാരസാധനമോ വില്പനക്കായി സൂക്ഷിച്ചിട്ടുള്ള ഏതു സ്ഥലത്തും മുന്നറിയിപ്പു കൂടാതെ പ്രവേശിക്കുകയും പരിശോധിക്കുകയും ചെയ്യുന്നതിന് കേരള പഞ്ചായത്ത് രാജ് സെക്ഷൻ 231 (3) പ്രകാരം അധികാരമുള്ളതാകുന്നു. അതിനാൽ ടി വ്യവസ്ഥകൾ പ്രകാരം നിക്ഷിപ്തമായ അധികാരം വിനിയോഗിച്ചു പൊതുജനങ്ങൾക്ക് കാഴ്ചയിൽ അസഹ്യതയോ പീഡയോ ഉണ്ടാക്കുന്ന രീതിയിൽ പഞ്ചായത്ത് പ്രദേശങ്ങളിൽ മൃഗങ്ങൾ, പക്ഷികൾ, മത്സ്യങ്ങൾ എന്നിവയുടെ ശരീരഭാഗം പൊതുവിൽ പ്രദർശിപ്പിക്കുന്നതിനെതിരെ കർശന നടപടി സ്വീകരിക്കുന്നതിന് ഗ്രാമ പഞ്ചായത്ത് സെക്രട്ടറിമാരോട് ഇതിനാൽ നിർദ്ദേശിക്കുന്നു. പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടർമാർ, ഡെപ്യൂട്ടി ഡയറക്ടർമാർ എന്നിവർ ഗ്രാമപഞ്ചായത്ത് പ്രദേശം പരിശോധന നടത്തേണ്ടതും മേൽ വ്യവസ്ഥയുടെ ലംഘനം ശ്രദ്ധയിൽപ്പെട്ടാൽ ബന്ധപ്പെട്ട സെക്രട്ടറിമാർക്കെതിരെ ശിക്ഷണ നടേപടി സ്വീകരിക്കേണ്ടതുമാണ്. ഇപ്രകാരം 1994 കേരള പഞ്ചായത്ത് രാജ് ആക്ടിലെ 254-ാം വകുപ്പ് (XVi) ഖണ്ഡിക) അനുസരിച്ച് സർക്കാർ ഉത്തരവു പുറപ്പെടുവിക്കുന്നു.

എസ്.എം.വിജയാനന്ദ്,
സെക്രട്ടറി

Letter No. 18186/AH F2/2000/AD/dated 2-5-2001 of the Agriculture(AHF)Thiruvananthapuram, addressed to the Director of Animal Husbandary, Thiruvananthapurm.

Sub: Anti- mortem and post-mortem examination of the Animals slaughtered inMuncipal/ panchayat/ Slaughter houses-- making available the service of veterinary surgons of the Animal Husbandary Department.

Ref: D.O.No.19941/99/dated 11-1-200 from Sri. Ajithkumar Director of Municipal Administration. Thiruvananthapuram.

It has been brought to the notice of Government that the local bodies(Municipalities & Corporations) find it Difficult to conduct the ante-mortem and Post-mortem examnations of the animals slaughtered in the Muncipal Slaughter houses for want of the sevice of Veterinary surgeons. The posts of veterinery surgeons under the Muncipal Common Service are sanctioned only in Trivandrum Kochi and Kozhikode Coroprations, and Thrissur Muncipalitiy. In the other Muncipalities the practies is to utilise the service of the veterniary surgeons of the Animal Husbandary Department on a remuneration fixed by the Government . Even in the sanctioned posts of veternary surgeons under the municipal comman Service, the local bodies find it difficult to man the posts due to death of qualified personnel. The service of Veterinary Surgeons of the Animal husbandary Dept. is also not made available in other centres. For such, urban local bodies are unable to comply with the statutory requirment of anti-moterm post mortem examination of the animals slaughtered in Muncipal slaughter house

I am to request you to give instructions to the Officers od the Animal Husbandary Department(Veterinarians) to render their service to the local bodies as and when required by authorities for conduet ante-mortem/post mortem examiantion of the animals slaughtered in slaughter houses.

sd/- secretery to Govt

KERALA STATE POLLUTION CONTROL BOARD

Pattom P.O., Thiruvananthapuram-695 004

PCB/HO/TAMS/20/2005 24-8-2005

CIRCULAR

Sub:- Issual of licence to slaughter houses.

Ref:- 1. Order dated 12-7-2005 of the Hon'ble Supreme Court in W.P.309 of 2003

2. Letter no. B-29016/PCI-III/2004/5145 dated 18-7-2005 from the Central Pollution control Board.

3. Decision taken in the meeting on 8-8-2005.

Attention of local self government institutions is invited to the pre-requisite of possession of 'Consent to Operate' under the Water) (Prevention and Control of Pollution) Act from this board for participants in tender for running slaughter house.

Sd/-
MEMBER SECRETARY

Copy of Letter No.F2-14581/2002/Datd : 5.9.2005 from the Director of Animal Husbandry, Thiruvananthapuram addressed to the Director of Panchayats, Thiruvananthapuram.

……

Sub:- A H D – Scientific management of slaughter houses – meat inspection – regarding:-

Ref:- 1. The Kerala Prevention and control of Animal Diseases Act 1967,

2. Kerala Panchayat Raj (Slaughter Houses and Meat stalls) Rules 1996,

3. Prevention of Cruelty to Animals Act 1960 (Slaughter Houses) Rules 2000,

4. Judgment in WP© No. 309 of 2003 of the Hon'ble Supreme Court

…….

Kind attention is invited to the references cited.

Vide reference Ist to 3rd ante mortem inspection of animals for fitness to slaughter and post mortem inspection of carcass by a registered Veterinary Doctor is mandatory in the slaughter houses. This is highly essential to ensure wholesome meat to the public. But the meat inspection is not even practiced in Corporations where post of Veterinary Surgeon is created exclusively for this purpose, since the post remains vacant.

On public health point of view and to prevent the spread of infections diseases to other healthy animals, scientific practices are to be ensured in all slaughter houses. Inadequacy of infrastructure facilities pose hindrance to initiate meat inspection and hence that is to be ensured with prime importance. Slaughter waste disposal also is equally important to prevent the spread of various zoonotic and infections diseases. Vide reference 4th cited, a judgment has already been received for the installation of pollution control measures in slaughter houses and to be complied with in the time limit to avoid closure of slaughter houses.

AH Department desires to collect preliminary information on the slaughter houses and to associate with LSGs for creative modification in slaughter house. As such I have asked all the District Animal Husbandry Officers to have visits in all the slaughter houses for an objective assessment. It is requested that you may direct them accordingly. Kindly advise the local bodies to co-operative with this juncture.

Thanking you,

Sd/-
Dr. B.Ashok. I.A.S.,
Director of Animal Husbandry

സി.4 26575/05

പഞ്ചായത്ത് ഡയറ്ടാഫീസ്

തിരുവനന്തപുരം. തിയതി 22.9.05

സർക്കുലർ

വിഷയം: സംസ്ഥാനത്തെ അറവുശാലകളിൽ നിന്നുള്ള മലിനീകരണം തടയുന്നതിന് സ്വീകരിക്കേണ്ട നടപടിക്രമങ്ങൾ സംബന്ധിച്ച്

സൂചന: സർക്കാരിന്റെ 3.1.04ലെ 52280/ബി2/03 തസ്വഭവ നമ്പർ കത്ത്

അറവുശാകളിൽ നിന്നുള്ള മാലിന്യങ്ങൽ ശരിയായ രീതിയിൽ നിർമ്മാർജ്ജനം ചെയ്യാത്തതിനാൽ അവ സംസ്ഥാനത്തുടനീളം പലവിധ പരിസ്ഥിതി പ്രശ്നങ്ങൾക്കിടയാക്കുന്നു. മൃഗങ്ങളുടെ ചോര, മുടി, ഭക്ഷ്യ യോഗ്യമല്ലാത്ത ആന്തരാവയവങ്ങൾ (കുടൽ, ഈസോഫഗസ്, ബ്ലാഡർ, വയറ്റിൽ നിന്നുള്ള മറ്റവിശിഷ്ടങ്ങൾ) കഴുകാനുപയോഗിക്കുന്ന ജലം തുടങ്ങിവയാണ് അറവുശാലകളിൽ നിന്നുണ്ടാകുന്ന മാലിന്യങ്ങൾ. അതിൽ നിന്നും ഉപയോഗപ്രദമായ വസ്തുക്കൾ വിണ്ടെടുക്കുന്നുമില്ല. മാലിന്യങ്ങളെല്ലാം തന്നെ റോഡരികത്തും, തുറസ്സായ സ്ഥലങ്ങളിലും ഓടകളിലും, തോടുകളിലും, നദികളിലും തള്ളുന്ന പ്രവണതയാണ് കണ്ടുവരുനന്നത്. ഇതുമൂലം ദുർഗന്ഡം പരക്കുകയും ജലസ്രോതസ്സുകൾ മലിനപ്പെടുകയും പക്ഷികളും മറ്റു ജീവികളുടെ മാലിന്യങ്ങൾ അടുത്ത പറമ്പുകളിലും, കിണറുകൾ ഉൾപ്പെടെയുള്ള ജലാശയങ്ങളിലും കൊണ്ടിട്ട് അവയെ മലിനപ്പെടുത്തുതയും ക്ഷുദ്രജീവികൾ പെരുകുന്നതിനും ഇടയാകുകയും ചെയ്യുന്നു. കശാപ്പു ചെയ്യുന്ന സ്ഥലത്തെ വൃത്തിഹീനമായ ഇറച്ചിയെ മലിനമാക്കുന്നതിൽ വലിയ പങ്കുവഹിക്കുകയും ചെയ്യുന്നു.

മാലിന്യങ്ങൾ കൈകാര്യം ചെയ്യുന്നതിനുള്ള സംവിധാനങ്ങളോടുകൂടിയ ആധുനിക അറവുശാലകൾ സ്ഥാപിക്കുക വഴി പ്രശ്നങ്ങൾക്ക് പരിഹാരം ഉണ്ടാക്കാവുന്നതാണ്. ആധുനിക അറവുശാലയിൽ ഉണ്ടായിരിക്കേണ്ട സംവിധാനങ്ങൾ താഴെ വിവരിക്കുന്നു.

1. മൃഗങ്ങളെ കശാപ്പു ചെയ്യുന്ന രീതിയെക്കുറിച്ച് താഴെ ചേർക്കുന്നു

1.1 ലെയ്റേജ് (വിശ്രമ സ്ഥലം)

മൃഗങ്ങലെ കശാപ്പിനായി കൊണ്ടുപോകുമ്പോൾ അവയുടെ ശരീരത്തിലെ അന്നജം (glycogen) കുറയുന്നതു ഒഴിവാക്കുന്നതനായി കശാപ്പിനു മുൻപി ഏകദേശം 24 മണിക്കൂർ തൊട്ട് അവയ്ക്ക് ആവശ്യമായ വിശ്രമവും ആഹാരവും നല്കുന്നു. വെറ്റിനറി സർജൻമമാർ അവയെ പരിശാധിച്ച് (ആന്റിമോർട്ടം ഹെൽത്തു ഇൻസ്പെഷൻ) കശാപ്പു ചെയ്യുന്നതിന് അനുയോജ്യമല്ലാത്തവയെ വേണ്ടെന്നു വയ്ക്കുയും ചെയ്യുന്നു. പ്രസ്തുത പരിശോധനയ്ക്കു ശേഷം കശാപ്പു ചെയ്യുന്നതിന് തൊട്ടുമുൻപുള്ള 12 മണിക്കൂർ മൃഗങ്ങൾക്ക് വെള്ളം മാത്രമേ നല്കുകയുള്ളൂ. ആഹാരം കൊടുക്കുകയില്ല. അവയുടെ ശരീരത്തിലുള്ള രോഗം പരത്തുന്ന അണുക്കളെ പുറത്തേക്കു കളയുന്നതിനാണ് ഇപ്രകാരം ചെയ്യുന്നത്.

1.2 കശാപ്പു ചെയ്യുന്നതും ചോര ഒഴുക്കികളയുന്നതും

മൃഗത്തെ തറയിലേക്ക് തള്ളിയിട്ട ശേഷം അതിന്റെ കഴുത്തിലെ രക്തവാഹിനി കുഴൽ (jugular vien) അറുക്കുകയും ചോര ഒഴുക്കികളയുകയും ചെയ്യുന്നു.

1.3 ഡ്രസിംഗ് ചെയ്യുക

ഈ പ്രക്രിയയിൽ താഴെ പറയുന്ന കാര്യങ്ങൾ ഉൾപ്പെട്ടിരിക്കുന്നു.

എ. പൂർണ്ണായും രക്തം ഒഴുക്കി കളഞ്ഞതായി ഉറപ്പു വരുത്തുക

ബി. കൊമ്പ്, പുറംകാലുകൾ തുടങ്ങിയവ മാറ്റുക

1.4 എവിസറേയ്ഷൻ (Evisceration)

മൃഗശരീരത്തിന്റെ ഭക്ഷ്യയോഗ്യമായ വസ്തുക്കൾ വെള്ളമുപയോഗിച്ച് കഴുകുകയും പിന്നീടു വില്ക്കുകയും ചെയ്യുന്നു. ഭക്ഷ്യയോഗ്യമല്ലാത്തവ പാഴ് വസ്തുവായി കളയുന്നു. ഈ സമയം കുടൽപ്പോട്ടി അതിൽ നിന്നുള്ള അവശിഷ്ടങ്ങളിൽ മാംസം വൃത്തിഹീനമാകാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

1.5 മൃഗശരീരം മുറിക്കൽ

മൃഗശരീരം മുറിക്കുന്നതിന് മുൻപായി വെള്ളമുപയോഗിച്ച് കഴുകുന്നു. ആധുനിക അറവുശാലകളിൽ മുറിച്ചതിന് ശേഷവും വെള്ളമുപയോഗിച്ച് മാംസം കഴുകുന്നു.

2. അറവു ശാലകളിൽ നിന്നുള്ള പാഴ്ജലം

ആധുനിക അറവുശാകളിൽ സാധാരണ അറവുശാലകളിൽ ഉപയോഗിക്കുന്നതിലും വളരെ കൂടുതൽ ജലം ശുദ്ധീകരണത്തിനും ഉപയോഗിക്കുന്നു.

കശാപ്പു നടത്തുന്നതും ചോര ഒഴുക്കി കളയുകയും ചെയ്യുന്ന സ്ഥലത്തെയും കൊമ്പ്, പുറംകാലുകൾ മാറ്റുകയും താലുരിക്കുയും ചെയ്യുന്ന സ്ഥലത്തെയും മറ്റും തറ കഴുകാനുപയോഗിക്കുന്ന വെള്ളവും, കശാപ്പു ചെയ്തതിനു ശേഷം മൃഗശരീരം കഴുകുന്നതിനുപയോഗിക്കുന്ന വെള്ളവും, കുടലുകളും വൃത്തിയാക്കുന്നതിനുപയോഗിക്കുന്ന വെള്ളവും, കുടലുകളും വൃത്തിയാക്കുന്നതിനുപയോഗിക്കുന്ന വെള്ളവും കശാപ്പു ചെയ്യാനുപയോഗിക്കുന്ന കോടാലി, കത്തി, മേശ, മറ്റ് സാമഗ്രികൾ എന്നിവ കഴുകാൻ ഉപയോഗിക്കുന്ന വെള്ളവുമടങ്ങിയതാണ് അറവുശാകളിൽ നിന്നുള്ള പാഴ്ജലം. പ്രതിദിനം 50–ൽ താഴെ മാടുകളെ അറക്കുന്ന അറവുശാലകളിൽ ഒരു മാടിന് ശരാശരി 250 ലിറ്റർ വരെ പാഴ്ജലമുണ്ടാകുന്നതായി കേന്ദ്രമലിനീകരണനിയന്ത്രണ ബോർഡ് നടത്തിയ പഠനത്തിൽ കണ്ടിട്ടുണ്ട്.

2.1 പാഴ്ജലത്തിൽ മാലിന്യത്തിന്റെ തോതു കുറയ്ക്കുന്നതിനുള്ള നടപടികൾ

അറവുശാലകളിൽ നിന്നുള്ള മൃഗാവശിഷ്ടങ്ങൾ പുനരുപയോഗിക്കുക വഴി പാഴ്ജലത്തിലെ മലന്യത്തിന്റെ അളവു കുറയ്ക്കാൻ സഹായിക്കും. ഇതിനുവേണ്ടി സ്വീകരിക്കേണ്ട മാർഗ്ഗങ്ങൾ താഴെ പറയുന്നു.

1. കന്നുകാലികളുടെ ജീവനോടെയുള്ള തൂക്കത്തിന്റെ ഏകദേശം 4 ശതമാനം മുതൽ 6 ശതമാനം വരെ ചോരയാണ്. മൃഗങ്ങളെ കശാപ്പുചെയ്യുമ്പോഴും മൃഗശരീരത്തിൽ നിന്നും ചോര ഒഴുക്കി കളയുകയും ചെയ്യുമ്പോഴും മറ്റും ചോര ഈർപ്പരഹിത രീതിയിൽ വേർതിരിച്ച് സംഭരിക്കേണ്ടതാണ്. ചോര പാഴ്ജലത്തിൽ എത്താതെ നോക്കുകയും വേണം. കശാപ്പുചെയ്യുന്ന സ്ഥലം വെള്ളമുപയോഗിച്ച് കഴുകുന്നതിന് മുൻപ് ഈർപ്പരഹിതമായി വൃത്തിയാക്കണം. ഇപ്രകാരം ശേഖരിക്കുന്ന ചോര ഉണക്കി കാലിത്തീറ്റയുടെ ഭാഗമായോ വളമായോ ഉപയോഗിക്കാവുന്നതാണ്. ഇങ്ങനെ ചോര വേർതിരിക്കുന്നതു വഴിയായി വെള്ളത്തിന്റെ ഉപയോഗം കുറയ്ക്കാനും പാഴ്ജലത്തിൽ ബി. ഒ.ഡിയുടെ അളവ് കുറയ്ക്കാനും സാധിക്കും.

2. വയറ്റിൽ നിന്നും പുറന്തള്ളുന്നതും കുടലിൽ നിന്നുള്ള അവശിഷ്ടങ്ങളും

വയറ്റിൽ നിന്നും പുറന്തള്ളുന്നതും കുടലിൽ നിന്നുള്ള അവശിഷ്ടങ്ങളും ഈർപ്പരഹിതമായ രീതിയിൽ വേർതിരിച്ച് ശേഖരിക്കേണ്ടതാണ്. ഇപ്രകാരം ശേഖരിച്ച അവശിഷ്ടങ്ങൾ വളമായി ഉപയോഗിക്കാവുന്നതാണ്. കുടൽ വൃത്തിയാക്കിമ്പോഴുണ്ടാകുന്ന അവശിഷ്ടങ്ങൾ പാഴ്ജലത്തിൻ എത്തിചേരാതിരിക്കാൻ പ്രത്യേകം ശ്രദ്ധിക്കണം.

3. ഭക്ഷ്യ യോഗ്യമല്ലാത്ത വസ്തുക്കൾ

ഭക്ഷ്യയോഗ്യമല്ലാത്ത വസ്തുക്കൾ വെള്ളമുപയോഗിക്കാതെ കൈകാര്യം ചെയ്യുക വഴി പാഴ്ജലത്തിലുണ്ടാകുന്ന മാലിന്യ ഘടകങ്ങളുടെ അളവു കുറയ്ക്കാൻ സാധിക്കും. പിന്നീടവ വേണ്ട രീതിയിൽ പുനരുപയോഗിക്കുയും വേണം.

4. ഭക്ഷ്യയോഗ്യമായതും അമല്ലാത്തതും വേർതിരിക്കുന്ന സ്ഥലത്തു നിന്നുള്ള (Eviscerating section) പാഴ്ജലം മറ്റു പ്രക്രിയയിൽ നിന്നുള്ള പാഴ്ജലവുമായി ചേരുന്നതിനു മുൻപായി സ്ക്രീൻ സംവിധാനമുപയോഗിച്ച് ശുദ്ധീകരിക്കണം.

2-2 വെള്ളത്തിന്റെ ഉപയോഗം കുറയ്ക്കാൻ

1. കഴുകുന്നതിനു കാര്യക്ഷമമായ സംവിധാനം ഏർപ്പെടുത്തുകയും തനിയെ തന്നെ അടയുന്ന വാൽവുകൾ വെള്ളം കൊണ്ടു പോകുന്ന പൈപ്പുകളിൽ ഘടിപ്പിക്കുകയും വേണം.

2. താരതമ്യേന ശുദ്ധമായ സ്ഥലത്തു ഉപയോഗിച്ച വെള്ളം വൃത്തിഹീനമായ സ്ഥലത്തു പുനരുപയോം ചെയ്യാം

3. ഈർപ്പരഹിതയമായി വൃത്തിയാക്കിയതിന് ശേഷം നിയന്ത്രിതമായി വെള്ളമുപയോഗിച്ചു കഴുകുക വഴി വെള്ളത്തിന്റെ ഉപയോഗം കുറയ്ക്കാൻ കഴിയും

2-3 പാഴ്ജല ശുദ്ധീകരണം

അറവുശാലകളിൽ നിന്നുള്ള പാഴ് ജലം സ്ക്രീൻ ബയോളജിക്കൽ ശുദ്ധീകരണ സംവിധാനം എന്നിവയിൽ കൂടി കടത്തിവിട്ട് ശുദ്ധീകരിക്കാവുന്നതാണ്. ശുദ്ധീകരിച്ച പാഴ്ജലത്തിന്റെ വിവിധ ഘട്ടങ്ങൾ നിഷ്കർഷിച്ചിട്ടുള്ള അനുവദനീയ പരിധി താഴെ പറയുന്നു.

നമ്പർ	ഘടകം	യൂണിറ്റ്	അനുവദനീയ പരിധി	
			70 റ്റി. എൽ.ഡബ്ളിയൂ. കെ.ൽ കൂടിയത്	70 റ്റി. എൽ.ഡബ്ളിയൂ. കെ.യും അതിന് താഴെയും
1	ബി. ഒ.ഡി	മില്ലി ഗ്രാം/ലിറ്റർ	100	500
2	ടോട്ടൽ സസ്പെൻസ് സോളിഡുകൾ	മില്ലി ഗ്രാം/ലിറ്റർ	100	
3	ഓയിൽ ആന്റ് ഗ്രീസ്	മില്ലി ഗ്രാം/ലിറ്റർ	10	

ശുദ്ധീകരിച്ച പാഴ്ജലം നിർമ്മാർജ്ജനം ചെയ്യുന്നതിന് ജല നിയമപ്രകാരമുള്ള അനുമതി പത്രം കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിൽ നിന്നും അറവുശാല ഉടമ സ്ഥൻ/കശാപ്പുശാലകളുടെ നടത്തിപ്പിനുള്ള അവകാശം ലേലത്തിൽ പിടിക്കാൻ ഹാജരാക്കുന്ന വർ വാങ്ങി ഹാജരാക്കുന്നുവെന്ന് എല്ലാ ഗ്രാമപഞ്ചായത്ത് അധികൃതരും ഉറപ്പു വരുത്തേണ്ടതാ ണ്.

3. അറവുശാലകളിൽ നിന്നുള്ള മൃഗാവശിഷ്ടങ്ങൾ

മൃഗാവശിഷ്ടങ്ങളുടെ അളവ് ഏതാണ്ട് 27.5% ആയിട്ടാണ് കണക്കാക്കപ്പെട്ടിരിക്കുന്നത്. അറവു ശാലകളിൽ നിന്നുള്ള മൃഗാവശിഷ്ടങ്ങൾ പരമാവധി പുനരുപയോഗിക്കേണ്ടത്. പാഴ് വസ്തു ക്കളിൽ നിന്നം ചോര, ഭക്ഷ്യയോഗ്യമല്ലാത്ത വസ്തുക്കൾ, വയറ്റിൽ നിന്നുള്ള അവശിഷ്ടങ്ങൾ എന്നിവ കാര്യക്ഷമമായി വേർതിരിച്ച് മരുന്ന്/കെമിക്കലുകൾ/കാലിതീറ്റ, വളം തുടങ്ങിയവായി ഉപയോഗിക്കാവുന്നതാണ്.

ഇപ്രകാരം വെള്ളമുപയോഗിക്കാതെ പാഴ് വസ്തുക്കൾ വേർതിരിക്കുകു വഴി വെള്ളത്തിന്റെ ഉപയോഗം മലിനീകരണത്തിന്റെ തോതും ഗണ്യമായി കുറയ്ക്കാൻ സാധിക്കും

4. മൃഗങ്ങളുടെ എല്ല്, തോല്

അറവുശാകലളിൽ മൃഗങ്ങളുടെ എല്ല്, തോല് എന്നിവ വേർതിരിക്കുകുയം എല്ല് ബോൺമിൽ ഫാക്ടറികൾക്കോ ഒസീൻ നിർമ്മാണ ഫാക്ടറികൾക്കോ നല്കുകയും തോൽ തുകൽ സംസ്കരണ/സംഭരണ കേന്ദ്രങ്ങൾക്ക് നല്കുകകയും ചെയ്യേണ്ടതാണ്.

ശാസ്ത്രീയമായ രീതിയിൽ ആധുനിക അറവുശാലകൾ സ്ഥാപിച്ചുകൊണ്ട് ഇന്നു നിലവിലുള്ള അനധികൃത കശാപ്പുശാലകൾ മുഴുവൻ നിർത്തലാക്കാൻ എടുക്കേണ്ടതാണഅ. സ്വയംഭരണ ഗവണ്മെന്റുകളും നടപടി എടുക്കേണ്ടതാണ്. ആധുനിക അറവുശാലകൾ സ്ഥാപിക്കുന്നതിനും ഭാഗികമായ കേന്ദ്രസഹായം ലഭിക്കുന്നതും മൃഗസംരക്ഷണ വകുപ്പ് സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് എന്നിവിടങ്ങളിൽ നിന്നും സാങ്കേതിക സഹായങ്ങൾ ലഭിക്കുന്നതുമാണ്. എല്ലാ ഗ്രാമപഞ്ചായത്ത് അധികാരികളും, ആധുനിക രീതിയിലുള്ള അറവുശാലകൾ തങ്ങളുടെ പഞ്ചായത്തു പ്രദേശത്തു സ്ഥാപിക്കുന്നതിനുള്ള സത്വര നടപടി സ്വീകരിക്കേണ്ടതാണ്.

എം. അയ്യപ്പൻ

ജോയിന്റ് ഡയറക്ടർ (വികസനം)

പഞ്ചായത്ത് ഡയറക്ടർക്കുവേണ്ടി

KERALA SATE POLLUTION CONTROL BOARD
Pattom P.O., Thiruvananthapuram-695 004

No. PCB/HO/TAMS/20/2005 Date : 10.04.2008

From

The Chairman

To

The Secretary

Panamaram Grama Panchayat
Panamaram P.O.
Wayanad -670721
Office Phone : 04935-220772.

Sub:- Stoppage of illegal slaughtering - Compliance with order in W.P.(C) No. 309/2003 in the Supreme Court of India.

Ref:- 1. This office letter of even no. dated 27.05.2006
2. This office notification of even no. dated 30.01.2007
3. This office notice of even no. dated 01.02.2007
4. This office notice of even no. dated 18.06.2007

Sir,

Instances of meat stalls, with or without the license of the local body, selling meat from illegal slaughtering and without seal of approval of veterinary surgeon have come to the notice of the Board.

As per the order of the Hon'ble Supreme Court in WP No. 309/2003, action is to be taken to stop all illegal slaughtering and sale of such meat. You were requested to identify meat stalls selling illegally slaughtered meat and cancel the license issued to them and to forward the address list of all licensed meat stalls under your jurisdiction vide letter under ref. 1. Notification under ref.2 were published in Malayalam newspapers for all meat stalls to prominently display the name of the slaughter house from where meat is procured and the details of Board's Consent obtained by that slaughter house. Notice under ref.3 (enclosing copy of ref.2) were issued to those local bodies who have not

responded to letter under ref.1 and notice under ref.4 were issued to all local bodies to take action to identify meat stalls selling illegally slaughtered meat and to cancel the license issued to them.

You are requested to report the status of meat stalls in your area in the format enclosed to this office on or before 15th May 2008 for reporting to the Hon'ble Supreme Court. In case of non-receipt of the required information in time, the Board will be constrained to report that to the Hon'ble Supreme Court.

Yours faithfully,

Sd/-

CHAIRMAN

Status of meat stalls in ..... Grama Panchayat / Municipality / Corporation

Sl. No.	Name of meat stall	Name & address of owner	Whether board showing name, address & K.S.P.C.B.'s consent no. (with validity) of slaughter house from where meat procured is displayed or not (Please tick)		Whether license is issued or not (Please tick)		Reasons for issuing license in the absence of th4 display board	Remarks
			Yes	No	Yes	No		

I, ..., Secretary, ... (name of local body), ... district do hereby solemnly affirm that the particulars furnished above are true to the best of my knowledge, information and belief.

സി5- 18412/97.

പഞ്ചായത്ത് ഡയറക്ടറാഫീസ്,
തിരുവനന്തപുരം,
തീയതി : 3.01.1999

പഞ്ചായത്തു ഡയറക്ടർ

എല്ലാ പഞ്ചായത്തു ഡെപ്യൂട്ടി ഡറക്ടർമാർക്കും.

സർ,

വിഷയം:- ബൈലോ അംഗീകാരം - സംബന്ധിച്ചു.

സൂചന :- 1. സർക്കാരിന്റെ 12.5.97-ലെ ജി. ഒ. (എം. എസ്) 105/97/തഭവ വിജ്ഞാപനം.
2 ഈ ആഫീസിലെ 11.6.97-ലെ ബി5 18412/97-ാം നമ്പർ എൻഡോഴ്സ്മെന്റ്.

.....

സൂചനയിലേയ്ക്കു താങ്കളുടെ ശ്രദ്ധ ക്ഷണിക്കുന്നു ബൈലോ അംഗീകരിക്കുന്നതിനുവേണ്ടി പഞ്ചായത്തുകളിൽ നിന്നും ലഭിക്കുന്ന പ്രൊപ്പോസലുകൾ മാതൃകാ ബൈലോയുമായി ഒത്തു നോക്കി പരിശോധന റിപ്പോർട്ടു സഹിതം ഈ ആഫീസിലേയ്ക്കു സമർപ്പിക്കേണ്ടതാണെന്ന് സൂചന (2) പ്രകാരം നിർദ്ദേശിച്ചിരുന്നു. എന്നാൽ പല പഞ്ചായത്തുകളും പ്രൊപ്പോസൽ നേരിട്ട് പൂർണ്ണമല്ലാത്ത പ്രൊപ്പോസലുകൾ സമർപ്പിക്കുകയാണ് ചെയ്യുന്നത് . ആയതിനാൽ ബൈലോഅംഗീകാരത്തിനുള്ള പ്രൊപ്പോസൽ സമർപ്പിക്കുമ്പോൾ താഴെപറയുന്ന രേഖകൾ സഹിതം താങ്കളുടെ പരിശോധന റിപ്പോർട്ടോടുകൂടി സമർപ്പിക്കേണ്ടതാണ് . ഇതു സംബന്ധിച്ച് നിർദ്ദേശം എല്ലാ പഞ്ചായത്തുകൾക്കും നൽകേണ്ടതാണ്.

കരട് ബൈലോ തയ്യാറാക്കി, അംഗീകരിച്ച് ആക്ഷേപാഭിപ്രായങ്ങൾ ക്ഷണിക്കുന്നതിനു സെക്രട്ടറിയെ ചുമതലപ്പെടുത്തികൊണ്ടുള്ള പഞ്ചായത്തു തീരുമാനം, ആക്ഷേപാ ഭിപ്രായങ്ങൾ ക്ഷണിച്ചുകൊണ്ട് പരസ്യപ്പെത്തിയ നോട്ടീസിന്റെ പകർപ്പും, 1995- ലെ കേരള പഞ്ചായത്തു രാജ് (ബൈലാകൾ ഉണ്ടാക്കാനുള്ള നടപടി ക്രമം) ചട്ടങ്ങൾക്കു വിധേയമായി ബൈലോ പാസ്സാക്കുന്നതിന് ആവശ്യമായ എല്ലാ നടപടിക്രമങ്ങളും പഞ്ചായത്തു പരിപാലിച്ചിട്ടുണ്ട് എന്നുള്ള സർട്ടിഫിക്കറ്റ് ആക്ഷേപാഭിപ്രായങ്ങൾ ക്ഷണിച്ചുകൊണ്ടു പരസ്യപ്പെടുത്തി 30 ദിവസത്തെ കാലാവധി നല്കിയതിന് ശേഷം ബൈലോ അന്തിമമായി അംഗീകരിക്കുകയും, ആയത് അംഗീകരിക്കുന്നതിന് പഞ്ചായത്തു ഡയറക്ടറോട് അപേക്ഷിച്ചുകൊണ്ടുള്ള പഞ്ചായത്തു തീരുമാനത്തോടുകൂടിയ ബൈലോയുടെ 3 കോപ്പികൾ എന്നിവ പഞ്ചായത്തുകൾ സമർപ്പിക്കുന്ന പ്രൊപ്പോസലുകളിൽ കർശനമായി ഉൾപ്പെടുത്തിയിരിക്കേണ്ടതാണ്.

വിശ്വസ്തതയോടെ,
ഒപ്പ് /-
പഞ്ചായത്ത് ഡയറക്ടക്കുവേണ്ടി .

GOVERNMENT OF KERALA

Abstract

Local Self Government Department – Kerala Panchayat Raj (Regulation of Licensing of Public and Private Market) Rules, 1996 – Application of rule 25 – Clarifications - Orders issued.

LOCAL SELF GOVERNMENT (J) DEPARTMENT

G.O.(MS) No. 225/2003/ DATED, Thiruvananthapuram, 21.7.2003

Read: 1. Judgment dated 25.2.2002 in WA Nos. 487 & 491 of 2002 of the Hon'ble H.C.
2. Representation dates 13.9.2002 of the Secretary, Kalpakancherry Grama Panchayat.

.....

ORDER

Sri. T.P. Pareed who is running a private market in Kalpakancherry Grama Panchayat duly licensed by the panchayat under rule 9 of the Kerala Panchayat Raj (Regulation and Licensing of Public & Private market) Rules, 1996 filed OP. No.36389/2001/ before the Hon'ble High Court of Kerala seeking a direction to the respondents there in ie., Athavanad Grama Panchayat etc. not to start or license any new market within 3 kms of the market run by him and also to declare that the new market proposed by the Athavanad Grama Panchayat is in violation of rule 25 of the Rules for Regulation and Licensing of Public and private Markets, 1996.

A Single Bench of the Hon. High Court has dismissed the O.P., without interfering into the question as to whether there is any violation of rule 25 of the rules for regulation and licensing of the public and private markets, 1996. Following the dismissal of the O.P. Sri. Pareed as well as the Kalpakancherry Panchayat represented by its secretary filed WA 491/02 before the High Court. In the said WA the Athavanad Grama Panchayat is the 3rd respondent. The WA was disposed of by the Division Bench by its judgment dated 25.2.2002. The Division Bench directed the Kalpakanchery Grama panchayat to move the State Government under Section 282 of the Act and raise the dispute presented to the Court in the Original petition and their objections for the establishment of the Public market within the jurisdiction of Athavand Grama Panchayat and with instruction to Government to make appropriate directions under Section 282 of the Kerala Panchayat Raj Act for adjudication of disputes between Kalpakancherry Grama panchayat and Athavanad Grama Panchayat. The Court further observed that it shall be open to

the state Government to interpret Rule 25 in the most convenent manner so that the said interpretaiton would be applicable to similar disputes between other panchayats in the state Both the Grama Panchayats were heard by Secretary (Local Self Government Department) on 2.1.2003. At the time of the hearing the Athavanad Grama Panchayat contented that rule 25 of the rules Kerala Panchayt Raj (Regulations and Licensing of the Public and private Markets) Rules, 1996 is applicable to a particular panchayat and the Kalpakancherry Panchayat raised their objection quoting rule 25.

Government have examined the matter in detail with special emphasis on the direction of the Hon'ble High Court to interpret Rule 25 of the rules for Regulation and Licensing of the Public & Private Markets, 1996 in the most convenient manner. Government are, therefore, pleased to clarify that the distance of 3 km. prescribed in Rule 25 of the KPR (Regulation and Licensing of the Public and private Markets) Rules, 1996 will be applicable only in the case of two markets coming in the same Panchayat. The dispute between the Kalpakancherry and Athavand Grama Panchayats in the matter of establishing a market in the Athavanad Grama Panchayat is also disposed of accordingly.

Suitable amendments will be made in the KPR (Regulation of Licensing of Public and Private Market) Rules, 1996.

By Order of the Governor
P. Kamalkutty,
Secretary

പഞ്ചായത്ത് ഡയറക്ടറുടെ നടപടിക്രമങ്ങൾ

വിഷയം:- ഗ്രാമ പഞ്ചായത്ത് ലാന്റിംഗ് പ്ലേസസ് ഹാൾട്ടിംഗ് പ്ളേസസ് ആന്റ് കാർട്ട് സ്റ്റാന്റ് മാതൃകബൈലാഅംഗീകരിച്ചഉത്തരവ്പുറപ്പെടുവിക്കുന്നു.

പരാമർശം:- സർക്കാരിന്റെ 12.5.97-ലെ ജി.ഒ. (എം. എസ്)നംപർ 105/97/ തദവ വിഞ്ജാപനം

ഉത്തരവ് നമ്പർ സി5- 5822/2004 തിയതി : 24/07/04

ഗ്രാമപഞ്ചായത്തുകൾ പാസ്സാക്കിയ ഓരോ ബൈലോയും അംഗീകരിക്കുന്നതിന് പഞ്ചായത്ത് ഡയറക്ടറെ കേരളസർക്കാർ അധികാരപ്പെടുത്തിക്കൊണ്ട് മേൽ പരാമർശത്തിലെ വിജ്ഞാപനം പ്രകാരം സർക്കാർ ഉത്തരവായിട്ടുണ്ട്. ആയതനുസരിച്ച് ഗ്രാമപഞ്ചായത്ത് ലാന്റിംഗ് പ്ളേസസ്, ഹാൾട്ടിംഗ് പ്ളേസസ് ആന്റ് കാർട്ട് സ്റ്റാന്റ് മാതൃകാ ബൈലാ ഇതിൽ അംഗീകരിച്ച് ഉത്തരവാക്കുന്നു. അംഗീകരിച്ച മാതൃകാ ബൈലായുടെ ഒരു പകർപ്പ് ഇതോടൊപ്പം അയയ്ക്കുന്നു

(ഒപ്പ്)
എൻ. സുശീല
പഞ്ചായത്ത് ഡയറക്ടറുടെ അധികചുമതലയുള്ള
ജോയിന്റ് ഡയറക്ടർ(എ).

ലാന്റിംഗ് പ്ളേസസ് , ഹാൾട്ടിംഗ് പ്ളേസസ് ആന്റ് കാര്ട്ട് സ്റ്റാന്റ് .....ബൈലോ

നിർവ്വചനങ്ങൾ :– ഈ ബൈലായിൽ സന്ദർഭം മറ്റു വിധത്തിൽ ആവശ്യപ്പെടാത്ത പക്ഷം.

1. ആക്ട് എന്നാൽ 1994 ലെ കേരളപഞ്ചായത്ത്രാജ് ആക്ട് (1994–ലെ 13) എന്നർത്ഥമാകുന്നു.
2. ബസ്സ്റ്റാന്റ്/ ടാക്സിസ്റ്റാന്റ് എന്നാൽ ആക്ടിലെ 227– ാം വകുപ്പ് പ്രകാരം ഗ്രാമപഞ്ചായത്ത് ഏർപ്പെടുത്തിയിരിക്കുന്ന.....വില്ലേജിലെ.....സർവ്വേനമ്പർ ..... സ്ഥലം അഥവാ ബസ്സ്റ്റാന്റ് എന്നർത്ഥമാകുന്നു.
3. ''ദിവസം''എന്നാൽ രാത്രി 12 മണിക്കാരംഭിച്ച് പിറ്റേദിവസം രാത്രി 12 മണിവരെയുള്ള 24 മണിക്കൂർ കാലയളവ് എന്നർത്ഥമാകുന്നു.
4. ലൈസൻസ് എന്നാൽ ചട്ടങ്ങൾ പ്രകാരം പഞ്ചായത്തിൽ നിന്നും നൽകുന്ന ലൈസൻസ് എന്നർത്ഥമാക്കുന്നു.
5. പഞ്ചായത്ത് എന്നാൽ.....ഗ്രാമപഞ്ചായത്ത് എന്നർത്ഥമാക്കുന്നു.
6. ''ചട്ടങ്ങൾ'' എന്നാൽ 1995 ലെ കേരളപഞ്ചായത്ത്രാജ് (ഇറക്ക് സ്ഥലങ്ങൾ, വിരാമസ്ഥലങ്ങൾ, വണ്ടിത്താവളങ്ങൾ മറ്റ് വാഹനസ്റ്റാന്റുകൾ ചട്ടങ്ങൾ) എന്നർത്ഥമാക്കുന്നു.
7. ''വകുപ്പ്'' എന്നാൽ 1994– ലെ കേരള പഞ്ചായത്ത്രാജ് ആക്ടിലെ വകുപ്പ് എന്നർത്ഥമാകുന്നു.
8. ''വാഹനം'' എന്നതിന് സ്റ്റേജ് കാര്യേജ്, ടാക്സി, ഓട്ടോറിക്ഷ എന്നിവ ഉൾപ്പെടുന്നു.
9. ''യാനപാത്രം'' എന്നതിൽ എന്തെങ്കിലും മോട്ടോർ ബോട്ടോ സ്റ്റീംലോഞ്ചോ ആവികൊണ്ടോ മോട്ടോർ കൊണ്ടോ പ്രവർത്തിക്കുന്ന ടഗ്ഗോ വഞ്ചിയോ ഉൾപ്പെടുന്നു.
10. '' വർഷം എന്നാൽ സാമ്പത്തിക വർഷം എന്നർത്ഥമാകുന്നു.

ഈ ബൈലോയിൽ ഉപയോഗിച്ചിട്ടുള്ളതും പക്ഷേ നിർവ്വചിച്ചിട്ടില്ലാത്തതും എന്നാൽ ആക്ടിൽ നിർവ്വചിച്ചിട്ടുള്ളതുമായ വാക്കുകൾക്കും പ്രയോഗങ്ങൾക്കും യഥാർത്ഥആക്ടിൽ അവയ്ക്ക് നൽകിയിട്ടുള്ള അർത്ഥങ്ങളുമുണ്ടായിരിക്കുന്നതാണ്.

2. ഈ ബൈലോ പഞ്ചായത്ത് ഡയറക്ടറുടെ അംഗീകാരം ലഭിക്കുന്ന തിയതി മുതൽ പ്രാബല്യത്തിൽ വരുന്നതാണ്.
3. പഞ്ചായത്ത് പ്രദേശത്ത് സർവ്വീസ് നടത്തുന്ന എല്ലാ സ്റ്റേജ് കാര്യേജുകളും സ്റ്റാൻഡിൽ നിർത്തേണ്ടതാണ്.

4. അപ്രകാരം സ്റ്റാൻഡിൽ നിർത്തുന്ന വാഹനങ്ങൾ ,1995 ലെ കേരള പഞ്ചായത്ത് രാജ് (ഇറക്ക സ്ഥലങ്ങൾ, വിരാമ സ്ഥലങ്ങൾ, വണ്ടിത്താവളങ്ങൾ, മറ്റു വാഹന സ്റ്റാൻഡുകൾ ചട്ടങ്ങളിലെ 9-ാം ചട്ടം പ്രകാരം പഞ്ചായത്ത് നിശ്ചയിക്കുന്ന ഫീസ് നൽകേണ്ടതാണ്.
5. ഫീസ് പഞ്ചായത്തിന് നേരിട്ടോ കോൺട്രാക്ടർ അല്ലെങ്കിൽ ലൈസൻസി മുഖേന പിരിയ്ക്കാവുന്നതാണ്.
6. സ്റ്റാന്റിൽ വരികയും പോകുകയും ചെയ്യുന്ന സ്റ്റേറ്റ് ഗാരേജുകൾ സമയനിഷ്ഠ പാലിക്കേണ്ട താണ്.
7. നിശ്ചിത ഭാഗങ്ങളിൽ മാത്രമേ ബസ് പാർക്ക് ചെയ്യാൻ പാടുള്ളു.
8. ടാക്സിയും ഒട്ടോറിക്ഷകളും സ്റ്റാൻഡിൽ പ്രത്യേകം വരി വരിയായി നിർത്തേണ്ടതും മുൻഗണനാക്രമത്തിൽ യാത്രക്കാരെ കയറ്റി പുറത്തേയ്ക്ക് പോകേണ്ടതുമാണ്. സർക്കാർ നിശ്ചയിച്ച് പ്രസിദ്ധീകരിച്ചിട്ടുള്ള റേറ്റിൽ മാത്രമേ യാത്രാക്കൂലി യാത്രക്കാരിൽ നിന്നും ഈടാക്കാവു. യാത്രക്കാരെ നിർബന്ധിക്കുകയോ പ്രേരിപ്പിക്കുകയോ ചെയ്യാൻ പാടില്ല.
9. അകത്തേയ്ക്ക് കയറുവാനും പുറത്തേയ്ക്ക് പോകുവാനും പ്രത്യേകമായി തരം തിരിച്ചിട്ടുള്ള കവാടം വഴി മാത്രമേ വാഹനങ്ങൾ യഥാക്രമം സ്റ്റാൻഡിൽ കടക്കുവാനും പുറത്തേയ്ക്ക് പോകുവാനും പാടുള്ളു. കൂടാതെ സ്റ്റാൻഡിൽ കടന്നുവരുമ്പോഴും പുറത്തേക്ക് പോകുമ്പോഴും നിശ്ചിത വേഗതിയിൽ മാത്രമേ വാഹനം ഓടിയ്ക്കാൻ പാടുള്ളൂ.
10. ഈ ബൈലോയിൽ വാഹനം എന്ന നിർവ്വചനത്തിൽ ഉൾപ്പെടുത്തിയിട്ടുള്ള വാഹനങ്ങൾ ഒഴികെ മറ്റൊരു വാഹനവും സ്റ്റാൻഡിൽ കടക്കാൻ പാടുള്ളതല്ല.
11. അംഗീകൃത പോർട്ടർമാരെ മാത്രമേ സ്റ്റാൻഡിനകത്ത് ജോലി ചെയ്യാൻ അനുവദിക്കുകയുള്ളു. പോർട്ടറായി അംഗീകാരം ലഭിക്കുന്നതിന് സെക്രട്ടറിക്ക് സമർപ്പിക്കാത്ത അപേക്ഷ സ്വീകരിക്കപ്പെടുന്ന പക്ഷം.....രൂപ ഒരു വർഷത്തെ ലൈസൻസ് ഫീസായും .....രൂപ ബാഡ്ജിന്റെ വിലയായും മുൻകൂർ ഒടുക്കി ലൈസൻസും ബാഡ്ജും കരസ്ഥമാക്കേണ്ടതാണ്.

    സ്റ്റാൻഡിൽ ജോലിയ്ക്ക് എത്തുന്ന പോർട്ടർമാർ.

    1. യാത്രക്കാരോട് മാന്യമായി പെരുമാറേണ്ടതാണ്.
    2. സർക്കാർ നിശ്ചയിച്ച് പ്രസിദ്ധീകരിച്ചിട്ടുള്ള നിരക്കിൽമാത്രമേ ചുമട്ടുകൂലി ഈടാക്കാൻ പാടുള്ളൂ.
    3. ബാഡ്ജ് വലതു കൈയിലെ മണിബന്ധത്തിൽ കെട്ടിയിരിക്കണം . നീല നിറമുള്ള ചാർട്ട് ധരിച്ചിരിക്കണം.

12. ലൈസൻസും ബാഡ്ജും കൈമാറ്റം ചെയ്യാൻ പാടില്ല. കൈമാറ്റം ചെയ്താൽ ഈ കാരണം കൊണ്ടു തന്നെ ലൈസൻസ് റദ്ദാക്കുന്നതാണ്.

13. ലഹരി പദാർത്ഥങ്ങൾ അശ്ലീല പ്രസിദ്ധീകരണങ്ങൾ തുടങ്ങിയവ യാതൊരു കാരണവശാലും സ്റ്റാൻഡിനുള്ളിൽ വിൽക്കുകയോ കൊണ്ടു വരികയോ ചെയ്യാൻ പാടില്ല.

14. പൊതു ഉറക്കു സ്ഥലങ്ങളിലും വിരാമസ്ഥലങ്ങളിലും വണ്ടിത്താവളങ്ങളിലും യാതൊരു വിധ യാചക പ്രവൃത്തിയും പാടില്ല

15. സ്റ്റാൻഡിനുള്ളിലെ സ്റ്റാളുകളും മറ്റും ലേലത്തിൽ പിടിച്ചിട്ടുള്ളവരും കച്ചവടത്തിന് പ്രത്യേകം ലൈസൻസ് സമ്പാദിച്ചിരിക്കേണ്ടതാണ്.

16. ലൈസൻസില്ലാതെ യാതൊരുവിധ സാധനങ്ങളും വിൽപനക്കായി സ്റ്റാൻഡിൽ കൊണ്ടു നടക്കുകയോ ശേഖരിച്ച് വയ്ക്കുകയോ പ്രദർശിപ്പിക്കുകയോ ചെയ്യരുത്.

17. സ്റ്റാൻഡിനുള്ളിലെ എടുപ്പുകൾ വൈദ്യുത ജലവിതരണ സംപ്രദായങ്ങൾ, മറ്റുപകരണങ്ങൾ തുടങ്ങിയവയ്ക്ക് ഏതൊരാളും ഒരു വിധത്തിലുള്ള കേടുപാടുകളും വരുത്താതെ കെട്ടിടങ്ങളുടെയും മതിലിന്റേയും പുറത്ത് ചിത്രങ്ങളോ, പരസ്യങ്ങളോ ഒട്ടിച്ച് ചുവരെഴുത്ത് നടത്തുകയോ ചെയ്യാൻ പാടില്ല. യാത്രക്കാർക്ക് ബുദ്ധിമുട്ടുണ്ടാക്കുന്ന യാതൊരു പ്രവൃത്തികളും യാതൊരാളും ഏർപ്പെടുവാൻ പാടുള്ളതല്ല.

18. സ്റ്റാൻഡും പരിസരവും കക്കൂസ്, മൂത്രപുര, കുളിമുറി തുടങ്ങിയവയും പരമാവധി ശുചിയായി ഉപയോഗിക്കുവാൻ സ്റ്റാൻഡിൽ വരുന്ന ഏതൊരാളും ബാദ്ധ്യസ്ഥനാണ്.

19. സ്റ്റാൻഡുപയോഗിക്കുന്ന ഏതൊരാളും സെക്രട്ടറി നൽകുന്ന നിയമപരമായ എല്ലാ ഉത്തരവുകളും അനുസരിക്കാൻ ബാദ്ധ്യസ്ഥനാണ്.

20. ഈ ബൈലോയിലെ എന്തെങ്കിലും വ്യവസ്ഥ ലംഘിക്കുന്ന ഏതൊരാളും 500 രൂപ അടയ്ക്കുവാൻ ബാദ്ധ്യസ്ഥനാണ്.ആദ്യ ലംഘനത്തിന് പിഴ ഈടാക്കിയശേഷം ലംഘനം തുടർന്നു കൊണ്ടിരിക്കുന്ന സംഗതിയിൽ, അങ്ങനെ ലംഘനം തുടരുന്ന ഓരോ ദിവസത്തേക്കും 50 രൂപയിൽ കവിയാത്ത വിധം പഞ്ചായത്ത് നിശ്ചയിക്കുന്ന തുക പിഴയായി കൊടുക്കുവാൻ ബാദ്ധ്യസ്ഥനായിരിക്കുന്നതാണ്. പോർട്ടർമാരോ, കച്ചവടക്കാരോ ആണ് മേൽപറഞ്ഞ കുറ്റം ചെയ്യുന്നതെങ്കിൽ പിഴയ്ക്കു പുറമേ അവരുടെ ലൈസൻസ് ശേഷിച്ച കാലത്തേക്ക് അസ്ഥിരപ്പെടുത്തുക കൂടി ചെയ്യുന്നതാണ്.

അംഗീകരിച്ചു.

(ഒപ്പ്)
എൽ സുശീല
പഞ്ചായത്ത് ഡയറക്ടറുടെ അധികാരചുമതല
വഹിക്കുന്ന ജോയിന്റ് ഡയറക്ടർ (എ).

4.4.3

Copy of letter No. E3- 1/2004 dt. 27.6.2005 of the Chief Inspector of Boats, Irrigation Department, Cochin-30 addressed to the Director of Panchayats, Thiruvananthapuram.

……..

Sub : Safety of ferry services – Minimum requirements – reg.

…..

I request you to give directions to various panchayats conducting ferry services to fix minimum requirements for ferry services as specified below :

A. Ferry Services for passengers only

1. The capacity of the boat is to be decided considering the peak load with a minimum capacity of 9 tonnes.

2. The boat should have valid fitness certificate and licence.

B. FERRY Services for passengers and Vehicles

1. A motor boat and changadom is to be used for the service. The motor boat should have a minimum registered tonnage of 25 tonnes and with engine not less than 90 HP.

2. The platform of changadom should have a minimum size of 10 m x 6m fixed on three country boats each country boat is minimum 12 tonnes capacity. The platform should have hand reails to a height of 90 cm.

3. The tenderer should have a spare boat at site.

4. The boat and changadam should have valid inspection certificate and licence.

Yours faithfully,
Sd/-
CHIEF INSPECTOR OF BOATS

Copy of Letter No.C4-5029/06/L.Dis/Dated, Thiruvananthapuram 6.5.2006 from the Director of Panchayats, Thiruvananthapuram addressed to all Deputy Director of Panchayats.

.....

Sub:- M.P.E.D.A. - Registration of Fish processing Unit - regarding:-

Ref:- MPEDA Chairman's Letter No.1/1/2005/Misc./H.O./23301/dated : 25.1.2006.

The extract of Section 11 of the Marine Products Export Development Authority Act 1972 (Central Act 13 of 1972) is forwarded herewith. The said provision in the MFDEA Act 1972 may be brought to the Notice of the Secretaries of the Grama Panchayats and they may be directed to obtain proof of Registration under the Act from the MPEDA before issuing licence for the fish processing pre-processing unit.

Yours faithfuly,

Sd/-

Director of Panchayats

നമ്പർ സി.ഐ.ബി. 10/2006

ചീഫ് ഇൻസ്പെക്ടർ ഓഫ്
ബോട്ട്സിന്റെ കാര്യാലയം
ജലവിഭവ വകുപ്പ്,
സിവിൽ സ്റ്റേഷൻ, കാക്കനാട്, കൊച്ചി.
തിയ്യതി : 17/10/2008

പ്രേക്ഷിതൻ,
ചീഫ് ഇൻസ്പെക്ടർ ഓഫ് ബോട്ട്സ്
എറണാകുളം

സ്വീകർത്താവ്
ഡപ്യൂട്ടി ഡയറക്ടർ ഓഫ് പഞ്ചായത്ത്

സർ,

വിഷയം : ജംഗാർ സർവ്വീസുകളും നിയമവിരുദ്ധ പ്രവർത്തനങ്ങളും, അതിൽ യാത്രകൾക്ക് ഉണ്ടാകുന്ന അപകടങ്ങളും സംബന്ധിച്ച്.

സൂചന: ഈ ഓഫീസിൽ നിന്നും 23/2/2007, 4/6/2007 തീയതികളിൽ അയച്ച ഇതേ നമ്പർ കത്തുകൾ

സൂചന കത്തുകളിലേക്ക് അങ്ങയുടെ ശ്രദ്ധ ക്ഷണിക്കുന്നു. പല പഞ്ചായത്തുകളിലും നടത്തുന്ന ഫെറികളിൽ നിലവിലുള്ള നിയമമനുസരിച്ചുള്ള ഫിറ്റ്നസ് സർട്ടിഫിക്കറ്റും (ഡി.ഫോം.), കനാൽ ലൈസൻസും (എം. ഫോം) ഇല്ലാത്ത യന്ത്രവൽകൃത ബോട്ടുകളും വള്ളങ്ങളും ജംഗാറുകളും സർവ്വീസ് നടത്തുന്നതായി മനസിലാക്കുന്നു. ആയതിനാൽ ഫെറി സർവവ്വീസ് നടത്തുന്നതിന് യന്ത്രവൽകൃത ജലയാനങ്ങൾക്ക് പഞ്ചായത്തുകൾ അനുവാദം നൽകുമ്പോൾ അവക്ക് ചീഫ് ഇൻസ്പെക്ടർ ഓഫ് ബോട്ട് നൽകിയ ഡിഫോം സർട്ടിഫിക്കറ്റ് ഉണ്ടോയെന്ന് പരിശോധിക്കേണ്ടതാകുന്നു. ഡിഫോ സർട്ടിഫിക്കറ്റ് ഇല്ലായെങ്കിൽ അവക്ക് പ്രസ്തുത സർട്ടിഫിക്കറ്റ് ലഭിച്ചതിനുശേഷം മാത്രമേ സർവ്വീസ് നടത്തുവാൻ അനുവാദം നൽകുവാൻ പാടുള്ളൂ. താങ്കളുടെ അധികാരപരിധിയിലുള്ള പഞ്ചായത്തുകളിൽ നിലവിൽ സർവ്വീസ് നടത്തുന്ന എല്ലാ ഫെറികളുടേയും പേരുവിവരങ്ങളും അവയിൽ സർവ്വീസ് നടത്തുന്ന യന്ത്രവൽകൃത ബോട്ടുകളുടെയും വള്ളങ്ങളുടേയും ജംഗാറുകളുടേയും വിശദവിവരങ്ങളും അവയ്ക്കു ഈ ഓഫീസിൽ നിന്നും നൽകിയിട്ടുള്ള ഫിറ്റ്നസ് സർട്ടിഫിക്കറ്റിന്റെ (ഡിഫോം) ഫോട്ടോ കോപ്പിയടക്കം ഈ ഓഫീസിൽ സമർപ്പിക്കുവാൻ താല്പര്യപ്പെടുന്നു. ഫിറ്റ്നസ് സർട്ടിഫിക്കറ്റ്, ഇല്ലാതെ സർവ്വീസ് നടത്തുന്നത് അനധികൃതവും നിയമ ലംഘനവുമാണ്. ഇതുമൂലം ഉണ്ടാകുന്ന അപകടമരണങ്ങൾക്കും സകലവിധ കഷ്ടനഷ്ടങ്ങൾക്കും ബന്ധപ്പെട്ട പഞ്ചായത്തു സെക്രട്ടറിയും താങ്കളും മാത്രമേ ഉത്തരവാദിയായിരിക്കുകയുള്ളൂ. എന്നുള്ള വിവരം കൂടി ഇതിനാൽ അറിയിച്ചുകൊള്ളുന്നു.

എന്ന്

ചീഫ് ഇൻസ്പെക്ടർ ഓഫ് ബോട്ട്സ്

പഞ്ചായത്ത് ഡയറക്ടറാഫീസ്
നം.ജി.2.15847/2000 തീയതി, തിരുവനന്തപുരം, 26.7.2000

സർക്കുലർ

വിഷയം: ഗ്രാമപഞ്ചായത്തുകൾ – അലഞ്ഞുതിരിഞ്ഞുനടക്കുന്ന കന്നുകാലികളുടെയും മറ്റും – ശല്യം ഒഴിവാക്കുന്നത് – സംബന്ധിച്ച്

സൂചന : ബഹു. തദ്ദേശ സ്വയംഭരണ മന്ത്രിയുടെ 3.5.2000 ലെ 388/വി.ഐ.പി./ 2000/എം. (എൽ.എസ്.ജി.) നം. പരാമർശം.

.....

സംസ്ഥാനത്ത് കന്നുകാലികളെ വളർത്തുന്നതിന് ലൈസൻസ് ആവശ്യമില്ല. കന്നുകാലി സമ്പത്ത് പരിപോഷിപ്പിക്കുന്നതിന് സംസ്ഥാന സർക്കാരും ഗ്രാമപഞ്ചായത്തുകളും പലവിധ പ്രോത്സാഹനങ്ങളും സഹായങ്ങളും ചെയ്തുവരുന്നുണ്ട്. എന്നാൽ നിരത്തുകളിലും മറ്റ് പൊതുസ്ഥലങ്ങളിലും സ്വൈരവിഹാരം നടത്തുന്ന കന്നുകാലികൾ ഇന്ന് ജനങ്ങളുടെ ജീവനും സഞ്ചാരസ്വാതന്ത്ര്യത്തിനും ഭീഷണിയായിരിക്കുന്നു. ഈ ആപത്തിൽ നിന്നും ജനങ്ങൾക്ക് സംരക്ഷണം നൽകാനുള്ള ഉത്തരവാദിത്വം ഗ്രാമപഞ്ചായത്തുകൾക്കാണുള്ളത്. അക്കാര്യത്തിൽ ഗ്രമപഞ്ചായത്തുകൾ വേണ്ടത്ര ശ്രദ്ധ പതിപ്പിക്കുന്നില്ലെന്ന് പല കോണുകളിൽ നിന്നും പരാതി ഉയർന്നിട്ടുണ്ട്. ഇക്കാര്യം ചൂണ്ടിക്കാണിച്ച് അടിയന്തിര നടപടികൾ സ്വീകരിക്കാൻ ബഹു: തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി നിർദ്ദേശിച്ചിരിക്കുന്നു.

ഈ വിഷയത്തിൽ ഗ്രാമപഞ്ചായത്തുകൾ സ്വീകരിക്കേണ്ട നടപടികൾ 1961-ലെ കേരള കാറ്റിൽ ട്രെസ്സ്പാസ്സ് ആക്ട് (1961 ലെ ആക്ട് 26), 1962 ലെ കാറ്റിൽ ട്രെസ്സ്പാസ്സ് റൂൾസ് എന്നിവയിൽ വ്യക്തമാക്കിയിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ ആവശ്യമുള്ളിടങ്ങളിൽ പൗണ്ടുകൾ സ്ഥാപിക്കുകയും അനന്തര നടപടികൾ സ്വീകരിക്കുകയും ചെയ്യേണ്ടതാണ്. ഏതെങ്കിലും പഞ്ചായത്തിൽ കാറ്റിൽ പൗണ്ടോ പൗണ്ട് കീപ്പറോ ഇല്ലാത്തപക്ഷം പകരം സംവധാനമെന്ന നിലയിൽ, താല്ക്കാലികമായി, അലഞ്ഞുനടക്കുന്ന കന്നുകാലികളെ പിടിച്ചെടുക്കുന്നതിനും സംരക്ഷിക്കുന്നതിനും പഞ്ചായത്തുകൾക്ക് കരാറുകാരനെ ചുമതലപ്പെടുത്താവുന്നതാണ്.

ഇക്കാര്യത്തിൽ ഉണ്ടാകുന്ന ഏതൊരുവിധ പോരായ്മയും പഞ്ചായത്തിന്റെ വീഴ്ചയായി കണക്കാക്കി മേൽ നടപടകൾ സ്വീകരിക്കുന്നതായിരിക്കും.

ഇതോടനുബന്ധിച്ച് സ്വീകരിക്കുന്ന നടപടികൾ യാതൊരുകാരണവശാലും മൃഗങ്ങളെ പീഡിപ്പിക്കുന്ന വിധത്തിലാകാതിരിക്കാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

(ഒപ്പ്)
പഞ്ചായത്ത് ഡയറക്ടർ

കേരള സർക്കാർ

തദ്ദേശ സ്വയംഭരണ (എൽ) വകുപ്പ്

സർക്കുലർ

നമ്പർ 1197/എൽ3/02/തസ്വഭവ. തിരുവനന്തപുരം.2002 ജനുവരി 5.

വിഷയം:- ഗ്രാമപഞ്ചായത്തുകളിലും നഗരങ്ങളിലും വാഹനങ്ങൾക്ക് പാർക്കിംഗ് സൗകര്യം ഏർപ്പെടുത്തുന്നത് സംബന്ധിച്ച് നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

ഗ്രാമപഞ്ചായത്തുകളിലും നഗരങ്ങളിലും വാഹനങ്ങൾക്ക് പാർക്കിംഗ് സൗകര്യം ഏർപ്പെടുത്തുന്നത് സംബന്ധിച്ച് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ താഴെ പറയുന്ന നിർദ്ദേശങ്ങൾ അടിയന്തിരമായി നടപ്പിലാക്കേണ്ടതാണ്.

1. ടാക്സി സ്റ്റാൻഡുകളും ഓട്ടോറിക്ഷ സ്റ്റാൻഡുകളും നിലവിൽ ഇല്ലാത്ത എല്ലാ പ്രധാന സ്ഥലങ്ങളിലും അതിനുള്ള സ്ഥലം കണ്ടെത്തി കഴിയുന്നത്ര വേഗം അത്തരം സ്റ്റാൻഡുകൾ സ്ഥാപിക്കുവാൻ അതതു തദ്ദേശ സ്വയംഭരണ സ്ഥാപനം നടപടിയെടുക്കേണ്ടതാണ് .

2. ടാക്സി/ഓട്ടോ സ്റ്റാൻഡുകൾ ഉപയോഗപ്പെടുത്തുന്ന വാഹനങ്ങളെ സംബന്ധിച്ച വിവരങ്ങൾ ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനം ഒരു രജിസ്റ്ററിൽ സൂക്ഷിച്ച് പോരേണ്ടതാണ് .

3. ആവശ്യമായ സ്ഥലങ്ങളിലെല്ലാം കഴിയിന്നിടത്തോളം വാഹനപാർക്കിംഗിന് പ്രത്യേക സ്ഥലം വേർതിരിച്ച് നൽകേണ്ടതും തിരക്കേറിയ റോഡുകളിൽ കാൽനടക്കാർക്കും വാഹന ഗതാഗതത്തിനും ബുദ്ധിമുട്ടുകൾ സൃഷ്ടിക്കുന്ന തരത്തിലുള്ള വാഹന പാർക്കിംഗ് കർശനമായി നിരോധിക്കപ്പെടേണ്ടതുമാണ്. സ്വകാര്യ ഏജൻസികളുടെ സഹായത്തോടുകൂടി ബി. ഒ. ടി . അടിസ്ഥാനത്തിൽ ഓപൺ പാർക്കിംഗ് ഏര്യായും പാർക്കിംഗ് പ്ലാസകളും ആരംഭിക്കുന്ന കാര്യം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ആലോചിക്കേണ്ടതാണ് .

4. കാർ പാർക്കിംഗ് സംബന്ധിച്ച കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ വ്യവസ്ഥകൾ കർശനമായി പാലിക്കേണ്ടതാണ്. കാർ പാർക്കിംഗ് ഏര്യാ നിർബന്ധമാക്കിയിട്ടുള്ള കെട്ടിട നിർമ്മാണങ്ങൾക്ക് അതില്ലാതെ അനുമതി നൽകാൻ പാടുള്ളതല്ല. കെട്ടിടത്തിന്റെ താഴത്തെ നില കാർ പാർക്കിംഗ് ഏര്യാ ആയി പ്ലാനിൽ കാണിച്ച് അനുമതി നേടുകയും അതനുസരിച്ച് കെട്ടിടം നിർമ്മിക്കുകയും നമ്പർ ലഭിക്കുകയും ചെയ്തതിനുശേഷം ആ സ്ഥലം അടച്ചുക്കെട്ടി കടമുറികളായി മാറ്റുന്നത് കർശനമായി തടയേണ്ടതും അതിനെതിരെ യഥാസമയം നടപടിയെടുക്കേണ്ടതുമാണ്.

5. പല സ്ഥലങ്ങളിലും നാഷണൽ ഹൈവേയുടെ ഇരുവശങ്ങളിലും ഗതാഗതത്തിന് തടസ്സമുണ്ടാക്കുന്ന വിധത്തിലും അപകടങ്ങൾ സൃഷ്ടിക്കുന്ന വിധത്തിലും നിരനിരയായി ലോറികൾ പാർക്കുചെയ്യുന്നത് കാണുന്നു . ഇത്തരം സ്ഥലങ്ങളിൽ ലോറികൾക്ക് പ്രത്യേകം പാർക്കിംഗ് സ്ഥലം ഏർപ്പെടുത്തേണ്ടതാണ്.

6. ഇപ്പേൾ പല സ്ഥലങ്ങളിലും ലോറി ബുക്കിംഗ് ആഫീസുകൾ പ്രവർത്തിക്കുന്നുണ്ട്. എന്നാൽ പാർക്കിംഗിന് സ്ഥലമില്ലാത്തതിനാൽ അവയുടെ ലോറികൾ റോഡിൽ തന്നെയാണ് പാർക്ക് ചെയ്യാറുള്ളത്. ലോറി പാർക്കിംഗ് ആവശ്യത്തിന് സ്ഥലമുണ്ടെങ്കിൽ മാത്രമേ അത്തരം സ്ഥാപനങ്ങൾക്ക് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ലൈസൻസ് നൽകാൻ പാടുള്ളു.

പി. കമാൽകുട്ടി,
സെക്രട്ടറി.

കേരള സർക്കാർ

തദ്ദേശ സ്വയംഭരണ വകുപ്പ്

നമ്പർ. 10154/ഡി3/തസ്വഭവ. തിരുവനന്തപുരം, തീയതി: 24.3.03.

സർക്കുലർ

വിഷയം:– തദ്ദേശ സ്വയംഭരണ വകുപ്പ് – നായ്ക്കളേയും പന്നികളേയും വളർത്തുന്നതിനുള്ള മാർഗ്ഗ നിർദ്ദേശം പാലിക്കുന്നതിനും നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

.....

കേരളാ പഞ്ചായത്ത് രാജ്, മുനിസിപ്പാലിറ്റി ആക്ടുകളിലും ചട്ടങ്ങളിലും ഗ്രാമ പഞ്ചായത്ത് പ്രദേശങ്ങളിലും മുനിസിപ്പൽ/കോർപ്പറേഷൻ പ്രദേശങ്ങളിലും പട്ടികളേയും പന്നികളേയും വളർത്തുന്നതിനും പരിപാലിക്കുന്നതിനും വിശദമായ നിബന്ധനകളും മാർഗ്ഗ നിർദ്ദേശങ്ങളും നിഷ്കർഷിച്ചിട്ടുണ്ട്.

ടി നിബന്ധനകളും നിർദ്ദേശങ്ങളും പാലിക്കാത്തതും സംസ്ഥാനത്ത് പല സ്ഥലങ്ങളിലും പേവിഷബാധയും, അലഞ്ഞുതിരിഞ്ഞു നടക്കുന്ന നായ്ക്കളുടെ ശല്യവും വൻതോതിൽ വർദ്ധിക്കുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ട്.

ഈ സാഹചര്യത്തിൽ നായ്ക്കളേയും പന്നികളേയും വളർത്തുന്നതും അവയെ പരിപാലിക്കുന്നതും സംബന്ധിച്ച് കേരളാ പഞ്ചായത്ത് രാജ്/മുനിസിപ്പാലിറ്റി ആക്ടുകളിലെ ബന്ധപ്പെട്ട വ്യവസ്ഥകൾ കർശനമായി പാലിക്കാനും അവ കർശനമായി നടപ്പാക്കാനും വേണ്ട അടിയന്തിര നടപടി എടുക്കുവാൻ ഇതിനാൽ നിർദ്ദേശിക്കുന്നു. ഇക്കാര്യത്തിലുള്ള വീഴ്ച സർക്കാർ ഗൗരവമായി കണക്കാക്കുന്നതാണ്.

കെ.കെ. രമണി
അഡീഷണൽ സെക്രട്ടറി

GOVERNMENT OF KERALA

നം: 3268/ ജി3/04/ ത സ്വ ഭ വ തദ്ദേശ സ്വയംഭരണ (ജി) വകുപ്പ്.
തിരുവനന്തപുരം , തിയ്യതി : 19.01.04

സർക്കുലർ

വിഷയം: തദ്ദേശ സ്വയംഭരണ വകുപ്പ് – വഴിയോരങ്ങളിലും, ഓടകളിലും തോടുകളിലും, പുഴകളിലും, മാംസാവശിഷ്ടങ്ങളും മറ്റു മാലിന്യങ്ങളും നിക്ഷേപിക്കുന്നത് തടയുന്നത് സംബന്ധിച്ച്.

1. വഴിയോരങ്ങളിലും ഓടകളിലും മറ്റും മാംസാവശിഷ്ടങ്ങളും മറ്റു മാലിന്യങ്ങളും രാത്രികാലങ്ങളിൽ ഉപേക്ഷിക്കപ്പെടുന്ന പ്രവർത്തനങ്ങൾ വർദ്ധിച്ചുവരുന്നതായി സർക്കാറിന്റെ ശ്രദ്ധയിൽപ്പെട്ടിരിക്കുന്നു. ഇതുമൂലം പകർച്ചവ്യാധികളും പരിസര മലിനീകരണവും ഉണ്ടാകാനുള്ള സാദ്ധ്യത ഏറെയാണ്. അതിനാൽ, പക്ഷി മൃഗാദി മാംസ വിൽപ്പനയിൽ ഏർപ്പെട്ടിരിക്കുന്നവർക്ക് അവരുടെ വിൽപ്പനശാലകളിൽ/ ഫാമുകളിൽ നിന്നും ഉത്ഭവിക്കുന്ന അവശിഷ്ടങ്ങളും മാലിന്യങ്ങളും ശേഖരിച്ച് സംസ്ക്കരിക്കുന്നതിനുള്ള സംവിധാനം ഉണ്ടായിരിക്കണമെന്ന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നിഷ്ക്കർഷിക്കേണ്ടതാണ്. അപ്രകാരം സംവിധാനമില്ലാത്തവരുടെ ലൈസൻസു റദ്ദുചെയ്യുകയും അവരെ നിയമപ്രകാരമുള്ള ശിക്ഷണ നടപടിയ്ക്ക് വിധേയരാക്കേണ്ടതുമാണ്. ലൈസൻസ് സമ്പ്രദായം കർശനമാക്കുകയും വേണം. പെതുനിരത്തുകളിലും തോടുകളിലും പുഴകളിലും മറ്റും ഇത്തരം അവശിഷ്ടങ്ങളും മാലിന്യങ്ങളും നിക്ഷേപിക്കുന്നവരെ പൊതുജനങ്ങളുടെ സഹകരണത്തോടെ കണ്ടുപിടിച്ച് അവർക്കെതിരെ പ്രോസിക്യൂഷൻ നടപടികൾ സ്വീകരിക്കുവാനും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നടപടിയെടുക്കേണ്ടതാണ്. വേണ്ടി വന്നാൽ ഇക്കാര്യത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ പോലീസ് സഹായം തേടേണ്ടതാണ്.
2. പൊതുനിരത്തുകളിൽ ചവറും മാലിന്യങ്ങളും നിക്ഷേപിക്കുന്നവർക്കെതിരെ പഞ്ചായത്ത് രാജ് ആക്ട് 219എൻ, 219എസ് വകുപ്പുകൾ പ്രകാരവും മുനിസിപ്പാലിറ്റി ആക്ട് 340–ാം വകുപ്പ് പ്രകാരവും പ്രോസിക്യൂഷൻ നടപടികൾ സ്വീകരിക്കേണ്ടതാണ്. നഗരസഭാ പ്രദേശങ്ങളിൽ ഇത്തരം കുറ്റകൃത്യങ്ങളിൽ ഏർപ്പെട്ടിട്ടുള്ളവരിൽ നിന്ന് മുനിസിപ്പാലിറ്റി ആക്ടിലെ 340(2) വകുപ്പ് പ്രകാരം സ്പോട്ട് ഫൈൻ ഈടാക്കേണ്ടതുമാണ്.
3. പൊതുസ്ഥലങ്ങളിൽ മാലിന്യങ്ങൾ നിക്ഷേപിക്കുന്നവർക്കെതിരെ ശിക്ഷണ നടപടി സ്വീകരിക്കുന്നതു സംബന്ധിച്ച റിപ്പോർട്ടും സ്ഥിതി വിവര കണക്കുകളും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ സെക്രട്ടറിമാർ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ/ നഗരകാര്യ ഡയറക്ടർ മുഖേന ഓരോ മാസവും 15–ാം തീയതിക്കുമുൻപായി ഗവൺമെന്റിലേയ്ക്ക് അയച്ചു തരേണ്ടതാണ്.

പി കമാൽകുട്ടി
ഗവൺമെന്റ് സെക്രട്ടറി

കേരള സർക്കാർ

തദ്ദേശ സ്വയംഭരണ (.....) വകുപ്പ്

നം: 39296/എച്ച് 2/06/ തസ്വഭവ തിരുവനന്തപുരം , തിയ്യതി : 5.10.2006

ഗവൺമെന്റ് പ്രിൻസിപ്പൽ സെക്രട്ടറി
പഞ്ചായത്ത് ഡയറക്ടർ,
തിരുവനന്തപുരം.

സർ,

വിഷയം: ഗ്രാമപഞ്ചായത്ത് പ്രദേശങ്ങളിലെ കിണറുകൾക്ക് സംരക്ഷണ ഭിത്തികൾ കെട്ടുന്നത് സംബന്ധിച്ച് പൊതുനിർദ്ദേശങ്ങൾ നൽകുന്നത് സംബന്ധിച്ച്
.....

സംരക്ഷണ ഭിത്തി കെട്ടാത്ത കിണറുകളും ഉപയോഗശൂന്യമായ മൂടാത്ത കുഴൽ കിണറുകളും മൂലം ധാരാളം അപകട മരണങ്ങൾ നടക്കുന്നതായി സർക്കാറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആയതിനാൽ പഞ്ചായത്ത് പ്രദേശങ്ങളിലെ കിണറുകൾക്ക് സംരക്ഷണ ഭിത്തികെട്ടുന്നതിനും ഉപയോഗശൂന്യമായ കുഴൽ കിണറുകളും മറ്റു കിണറുകളും അടിയന്തിരമായി മൂടുന്നതിനും സത്വര നടപടി സ്വീകരിക്കുന്നതിന് പഞ്ചായത്തുകൾക്ക് നിർദ്ദേശം നൽകണമെന്ന് താല്പര്യപ്പെടുന്നു.

വിശ്വസ്തതയോടെ

പി ശാന്തലത

അണ്ടർ സെക്രട്ടറി
പ്രിൻസിപ്പൽ സെക്രട്ടറിക്കു വേണ്ടി.

Letter No 16536/L2/2006/LSGD /Dated: 26.6.2006 from the Deputy Secretary, Local Self Government (L) Department addressed to all Deputy Director of Panchayats.

Sub:- Denial of Burial of dead bodies in all burial grounds and crematorium in the State – regarding:-

Ref:- Judgment in O. P. No. 26538/2002 / in C M P No 45032/02/of Hon'ble High Court of Kerala.

.....

The Hon'ble High Court in its Judgment dated 29.8.2005 has ordered that State should ensure that no dead body is denied permission for burial in any burial grounds and crematoriums in the State on the ground that the particular person whose body is sought to be buried/ Cremated died of H I V / AIDS. Therefore Government direct all Local Self Government institutions in the State that they should ensure that no dead body is denied permission for burial in any public burial ground or crematorium on the ground that the particular person whose dead body is sought to be buried or cremated died of HIV/ AIDS.

P C JOSE
DEPUTY SECRETARY

RAJEEV GUPTA, C. J & S. SIRI JAGAN J

O.P. No.26538 of 2002& C.M.P.No.45038/2002 & C.M. Appln. No. 2135/2005.

Dated this the 29th day of August, 2005

JUDGEMENT

Siri Jagan J

This original petition is in the nature of a Public Interest Litigation seeking a direction to the respondents to take all necessary steps to ensure that those suffering from HIV/AIDS are not denied facilities for burial of the dead bodies in all burial grounds and crematoriums in the State. The allegation based on two newspaper reports, namely Exts.P1 and P2, is that two dead bodies of persons died of HIV/AIDS have been denied permission by the concerned Panchayat authorities for cremation in the public burial grounds owned by the Panchayat.

2. The first and second respondents have field a counter affidavit denying all the allegations in the original petition. They would submit that the instances pointed out in the original petition the instances pointed our in the original petition were not on account of the fact that the persons whose dead bodies were sought to be cremated died of HIV/AIDS, but because of other administrative reasons. In the nature of th orders we are going to pass it is not necessary to go into the correctness or otherwise of the allegations in the original petition. We are not opinion that no person dying of HIV/AIDS should be denied a decent burial in public crematorium/burial ground on account of the fact that they died of such disease.

3. Therefore, we direct that the respondents should ensure that no dead body is denied permission for burial in any public burial ground or crematorium on the ground that the particular person whose dead body is sought to be buried or cremated died of HIV/AIDS.

With the above direction the original petition is disposed. Civil Miscellaneous petitions also stand dismissed.

Sd/-
RAJEEV GUPTA, CHIEF JUSTICE

Sd/-
S. SIRI JAGAN, JUDGE

കേരള സർക്കാർ

തദ്ദേശ സ്വയംഭരണ (സി) വകുപ്പ്

തിയതി. 26.10.2005

നം. 41088/സി2/2004/തസ്വഭവ

സർക്കുലർ

വിഷയം:- മാലിന്യ നിർമ്മാർജ്ജനം- തോടുകളുടെയും പുഴകളുടെയും കനാലുകളുടെയും സംരക്ഷണം- നടപടിക്രമങ്ങൾ പാലിക്കുന്നതു സംബന്ധിച്ച്

മാലിന്യ നിർമ്മാർജ്ജനം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ അടിസ്ഥാന ചുമതലകളിൽ നിക്ഷിപ്തമായിട്ടുള്ള വിഷയമാണ്. ഖരമാലിന്യങ്ങളിൽ ഭൂരിഭാഗവും ജൈവജീർണനം നടക്കാത്ത പ്ലാസ്റ്റിക് ഉല്പന്നങ്ങളാണ്. വേണ്ട വിധം മാലിന്യ നിർമ്മാർജ്ജനം-നടത്താത്തത് ഗുരുതരമായ ആരോഗ്യ പാരിസ്ഥിതിക പ്രശ്നങ്ങൾക്ക് കാരണമായി തീർന്നിട്ടുണ്ട്. മാലിന്യ നിർമ്മാർജ്ജനം സംബന്ധിച്ച് താഴെ പറയുന്ന നടപടികൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ അടിയന്തിരമായി നടപ്പിലാക്കേണ്ടതാണ്.

1. പുഴയുടെയും തോടുകളുടെയും കനാലുകളുടെയും സംരക്ഷണം കേരള പഞ്ചായത്തു രാജ് നിയമപ്രകാരം ഗ്രാമപഞ്ചായത്തുകളിൽ നിക്ഷിപ്തമാണ്. ആകയാൽ പുഴകളിലും തോടുകളിലും കനാലുകളിലും മാലിന്യക്കൂമ്പാരം ഉണ്ടാക്കുന്ന നടപടികൾ ഇല്ലാതാക്കാൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

2. പുഴയുടെയും തോടുകളുടെയും കനാലുകളുടെയും തീരത്തു താമസിക്കുന്ന ദാരിദ്ര്യ രേഖക്കു താഴെയുള്ള കുടുംബങ്ങൾക്ക് സമ്പൂർണ്ണ ശുചിത്വ പരിപാടി അനുസരിച്ച് കക്കൂസ് നിർമ്മിക്കാൻ മുൻഗണന നിർബന്ധമായും നൽകേണ്ടതാണ്. ഇതര കുടുംബങ്ങൾ പഞ്ചായത്ത് /മുൻസിപ്പൽ നിയമങ്ങളും ചട്ടങ്ങളും അനുസരിത്തു നിർബന്ധമായും മലമൂത്ര വിസർജ്ജന ത്തിനുള്ള സൗകര്യങ്ങൾ സ്വന്തമായി ഏർപ്പെടുത്തേണ്ടതുമാണ്. കൂടാതെ പൊതു ജനങ്ങളെ ബോധവൽക്കരിക്കുന്നതിനുള്ള നടപടികൾ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ സ്വീകരിക്കേ ണ്ടതാണ്.

3. പ്ലാസ്റ്റിക്ക് ഉല്പന്നങ്ങൾ ആണ് ഖരമാലിന്യങ്ങളിൽ പ്രധാനം. ആകയാൽ പ്ലാസ്റ്റിക്കിന്റെ ഉപ യോഗം പരിസ്ഥിതി പ്രശ്നങ്ങൾ ഉണ്ടാക്കുന്നതിനാൽ പ്ലാസ്റ്റിക്ക് കൊണ്ടുള്ള സാധനങ്ങളുടെ ഉപയോഗം കുറയ്ക്കുന്നതു സംബന്ധിച്ച് ബോധവൽക്കരണവും പരിസ്ഥിതി പ്രശ്നം ഉണ്ടാ ക്കാത്ത ബദൽ സാധനങ്ങൾ കൊണ്ടുള്ള ഉപയോഗത്തെക്കുറിച്ച് ദൃശ്യ-ശ്രവ്യ മാദ്ധ്യമങ്ങളിലൂ ടെയും മറ്റു വിധത്തിലും ബോധവൽക്കരണം സംഘടിപ്പിക്കുന്നതിനുള്ള നടപടികൾ അടിയന്തി രമായി സ്വീകരിക്കേണ്ടതാണ്.

4. പ്ലാസ്റ്റിക്ക് സാധനങ്ങൾ പൊതുസ്ഥലങ്ങളിൽ നിക്ഷേപിക്കുന്നതു കർശനമായി നിരോധിച്ചു കൊണ്ടുള്ള അറിയിപ്പു ബോർഡുകൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിലായി അടിയന്തിരമായി സ്ഥാപിക്കേണ്ടതാണ്.

എസ്. എം വിജയാനന്ദ്
സെക്രട്ടറി

കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് പൊതു നിരത്തുകളിലും പൊതു സ്ഥലങ്ങളിലും തുപ്പുന്നതും മൂക്കു ചീറ്റുന്നതും, മുറുക്കി തുപ്പുന്നതും നിരോധിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശസ്വയംഭരണ (സി) വകുപ്പ്

സ. ഉ. (സാധാ) നം: 3128/2006/ ത സ്വ ഭ വ. തിയ്യതി , തിരുവനന്തപുരം , 6.12.06

പരാമർശം : 1. ബഹു ഹൈക്കോടതിയുടെ 5105/2000 ജി. നമ്പറിലുള്ള 18.02.2000 തിയതിയിലെ ഇടക്കാല ഉത്തരവ്.
2. മേൽ ഒ. പി. നമ്പറിലെ സി എം പി. 8535/2000 നമ്പറിൽ 27.3.2006 തിയ്യതിയിലെ ഉത്തരവ്
3. മേൽ ഒ. പി. നമ്പറിലുള്ള 18.2.2000 ,22.6.2006 തിയ്യതിയിലെ ഉത്തരവ്.

ഉത്തരവ്

ബഹു:ഹൈക്കോടതി പരാമർശകേസിലെ വിധികളിലൂടെപൊതുസ്ഥലങ്ങളിൽ തുപ്പുന്നതിനും സർക്കാർ ആഫീസ് പരിസരങ്ങളിലും മറ്റു പൊതുസ്ഥലങ്ങളിലും മുറുക്കി തുപ്പുകയും മൂക്കുചീറ്റുകയും ചെയ്ത് പൊതുജനങ്ങൾക്ക് അസൗകര്യം മറ്റ് ഗുരുതരമായ ആരോഗ്യമായ ഭീഷണികളും ഉണ്ടാകുന്നത് തടയുന്നതിനുള്ള നടപടികൾ സ്വീകരിച്ച് എല്ലാ വകുപ്പു മേധാവികൾക്കും ഉത്തരവ് നൽകുവാൻ സർക്കാരിന് നിർദ്ദേശം നൽകിയിരിക്കുന്നു.

മേൽ വിവരിച്ച സാഹചര്യത്തിൽ താഴെപ്പറയുന്ന കാര്യങ്ങൾ അടിയന്തിരമായി നടപ്പാക്കുവാൻ നിർദ്ദേശിക്കുന്നു.

പൊതുനിരത്തുകളിലും പൊതുസ്ഥലങ്ങളിലും ആഫീസ് പരിസരങ്ങളിലും തുപ്പുന്നതിനും, മുറുക്കി തുപ്പുന്നതിനും, മൂക്ക് ചീറ്റുന്നതിനും, മൂക്കും വായും മൂടാതെ തുമ്മുന്നതും പൊതുജനാരോഗ്യത്തിന് ഹാനികരമാണ്.

മുകളിൽ പറഞ്ഞ പ്രവൃത്തി മൂലം കഫം, തുപ്പൽ തുടങ്ങിയവ മൂലമുള്ള പകർച്ചവ്യാധികളായ ക്ഷയം, ഇൻഫ്ളുവൻസ, ന്യൂമോണിയ, ചിക്കൻപോക്സ്, ഡിഫ്തീരിയ, എന്റമിക്ക്ഫീവർ, റിലാപ്സിംഗ് ഫീവർ, വില്ലൻ ചുമ തുടങ്ങിയ രോഗങ്ങളുടെ ബാക്ടീരിയ/വൈറസുകൾ ധാരാളമായി വായുവിൽ കലരുകയും അവ ശ്വസിക്കുന്നതുമൂലം മറ്റുള്ളവരിലേക്കും ഈ രോഗം ബാധിക്കുകയും പൊതുജനാരോഗ്യത്തിന് ഹാനികരമായി തീരുകയും ചെയ്യുന്നു. ഇത്തരം അണുക്കൾ മണിക്കൂറുകളോളം അന്തരീക്ഷത്തിൽ തങ്ങി നിൽക്കുന്നതിനാൽ ഈ രോഗാണുക്കൾ മറ്റുള്ളവരിലേക്ക് അതിവേഗം പടർന്നു പിടിക്കുന്നു. ഇത്തരം അനാരോഗ്യകരമായ പരിസ്ഥിതി

കളിലേക്ക് പരിഷ്കൃതരും വിദ്യാസമ്പന്നരുമായ വിനോദസഞ്ചാരികൾ വരുന്നതിന് അറയ്ക്കുകയും വിസമ്മതിക്കുകയും ചെയ്യുന്നു.

ആയതിനാൽ കഫം, മുറുക്കിതുപ്പൽ, മൂക്ക്ചീറ്റൽ മുതലായവ മൂലമുണ്ടാകുന്ന പകർച്ചവ്യാധികൾക്കെതിരെ പൊതുജനങ്ങളെ ബോധവൽക്കരിക്കുന്നതിന് ആവശ്യ മായ നടപടികൾ സ്വീകരിക്കേണ്ടതാണ്. മാത്രമല്ല പൊതുനിരത്തുകളിലും പൊതുസ്ഥലങ്ങളിലും ആഫീസ് പരിസരങ്ങളിലും പൊതുജനങ്ങൾക്ക് തുപ്പുന്നതിന് ആവശ്യമായ സ്പിറ്റ്യൂണുകൾ സ്ഥാപിക്കുകയും "പൊതുസ്ഥലങ്ങളിൽ തുപ്പരുത്"എന്ന ബോർഡുകൾ ബാനറുകൾ എന്നിവ സ്ഥാപിക്കേണ്ടതുമാണ്. നോട്ടീസുകളും ലഘുരേഖകളും അച്ചടിച്ചു വിതരണം ചെയ്യേണ്ടതും ദൃശ്യമാധ്യമങ്ങളിലുടെയും വാർത്താമാധ്യമങ്ങളിലൂടെയും ഇടവിട്ട് മതിയായ പരസ്യം നൽകേണ്ടതും രാത്രി കാലങ്ങളിൽ ഇലക്ട്രോണിക് ഡിസ്പ്ലേ ബോർഡുകളിലൂടെയും പ്രചരണം നൽകേണ്ടതുമാണ്.വിവരം പൊതുജന സമ്പർക്ക വകുപ്പ് ഇക്കാര്യത്തിൽ മതിയായ പൊതുജന ബോധവൽക്കരണം നടത്തേണ്ടതാണ്. ബന്ധപ്പെട്ട കോർപ്പറേഷൻ/പഞ്ചായത്ത്/ നഗരസഭ അധികാരികൾ അവരവർക്ക് കൈമാറിയിട്ടുള്ള മറ്റ് ആഫീസുകൾ, അംഗൻവാടികൾ, സ്കൂളുകൾ, പാർക്കുകൾ, കമ്മ്യൂണിറ്റിഹാളുകൾ, മാർക്കറ്റുകൾ, സിനിമാതിയ്യേറ്ററുകൾ തുടങ്ങിയ പൊതുസ്ഥലങ്ങളിലും പൊതുജന ബോധവൽക്കരണ നടപടികളും അനുബന്ധ പ്രവർത്തനങ്ങളും നടത്തേണ്ടതാണ്.

ഗവർണറുടെ ഉത്തരവിൻ പ്രകാരം,

എൻ എം വിജയാനന്ദ്.

പ്രിൻസിപ്പൽ സെക്രട്ടറി

കേരള സർക്കാർ, തദ്ദേശ സ്വയംഭരണ വകുപ്പ് (ഡി). 24.4.2007 ൽ 17957/ഡി3/07/തസ്വഭവ നമ്പറായി അയച്ച സർക്കുലർ:

വിഷയം: - തെരുവു നായ്ക്കളുടെ ശല്യം ഒഴിവാക്കുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കുന്നത്

- സംബന്ധിച്ച്.

.....

സംസ്ഥാനത്ത് തെരുവ് നായ്ക്കളുടെ ശല്യം വളരെയേറെ വർദ്ധിച്ചുവരുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ അനിവാര്യ ചുമതലകളിൽ ഏറ്റവും പ്രധാനപ്പെട്ട ഒന്നാണ് തെരുവു നായ്ക്കളുടെ ആക്രമണത്തിൽ നിന്നും ജനങ്ങളെ രക്ഷിക്കുക എന്നത്.

മുൻകാലങ്ങളിൽ 1994 ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റിലെ മൂന്നാം പട്ടികയിലെ ഗ്രാമപഞ്ചായത്തുകളുടെ അനിവാര്യ ചുമതലകൾ 27-ാം നമ്പർ പ്രകാരവും മുൻസിപ്പാലിറ്റി ആക്റ്റ് 438 പ്രകാരവും അലഞ്ഞുതിരിയുന്ന നായ്ക്കളെ പിടിച്ചു നശിപ്പിക്കുന്നതിന് 3.7.2002 ലെ 25112/ഡി3/02/തസ്വഭവ നമ്പർ സർക്കുലർ പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് നിർദ്ദേശം നൽകിയിരുന്നു. എന്നാൽ 1960 ലെ ജന്തു ദ്രോഹ നിയമത്തിന്റെ കീഴിൽ 2001 ലെ എബിസി (ഡോഗ്സ്) റൂൾസ് പ്രകാരം തെരുവു നായ്ക്കളെ പിടിച്ചു നശിപ്പിക്കുന്നതിനു പകരം വന്ധ്യംകരണ ശസ്ത്രക്രിയ ചെയ്ത് പേ വിഷ ബാധ പ്രതിരോധ കുത്തിവയ്പ് നൽകി പിടിച്ച സ്ഥലത്ത് തിരിച്ചു വിടുക എന്ന കേന്ദ്ര നിർദ്ദേശപ്രകാരം തെരുവ് നായ്ക്കളെ നശിപ്പിക്കുന്നത് നിര്ത്തിലാക്കികൊണ്ട് 2.8.2002 ലെ 34657/ഡി3/01/തസ്വഭവ നമ്പർ സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ട്.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കു വേണ്ടിയുള്ള ബഹു. ഓംബുഡ്സ്മാന്റെ 25.8.2004 ലെ ഒ.പി. 676/04 നമ്പർ ഉത്തരവിൽ തെരുവ് നായ്ക്കളെ യുദ്ധകാല അടിസ്ഥാനത്തിൽ ഏറ്റവും കുറച്ച് വേദന ഉളവാക്കുന്ന രീതിയിൽ നശിപ്പിക്കുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് നിർദ്ദേശം നൽകിയിരുന്നു. ആയതിനെതിരെ ബഹു: കേരള ഹൈക്കോടതിയിൽ ഫയൽ ചെയ്ത ഡബ്ല്യു.പി (സി) 30611/04 നമ്പർ കേസിലും ഡബ്ല്യു.പി.(സി) നമ്പർ 19547/06 (എസ്) 22.8.2006 -ാം തീയതിയിലെ വിധിന്യായപ്രകാരം 1960 ലെ ജന്തു ദ്രോഹ നിരോധന നിയമത്തിന്റെ സെക്ഷൻ 9 (എഫ്) 11(3) ബി പ്രകാരം അപകടകാരികളായ മൃഗങ്ങളെയും തെരുവു നായ്ക്കളെയും നശിപ്പിക്കുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് അധികാരമുള്ളത് ഉപയോഗിക്കാം എന്നും, ചട്ടങ്ങൾ നിയമത്തിന്റെ മുകളിലല്ലെന്നും, ആർട്ടിക്കിൾ 21 പ്രകാരം ജീവിക്കാനുള്ള മൗലിക അവകാശമാണെന്നും തെരുവ് നായ്ക്കളുടെ ജീവനേക്കാൾ മനുഷ്യജീവന് പ്രാധാന്യം നൽകണമെന്നും ബഹു. ഹൈക്കോടതി ഉത്തരവായിട്ടുണ്ട്.

ബഹു. ഹൈക്കോടതിയുടെ 22.8.2006 ലെ 19547/06 നമ്പർ റിട്ട് പെറ്റീഷനിലെ വിധിന്യായപ്രകാരം തെരുവ് നായ്ക്കളെ നിയന്ത്രിക്കുന്നതിനുള്ള നടപടികളെടുക്കാൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

ആയതിനാൽ 2007 ഏപ്രിൽ, മേയ് മാസങ്ങളിൽ ഗ്രാമപഞ്ചായത്തുകളും/നഗരസഭകളും തെരുവ് നായ്ക്കളെ ഇല്ലായ്മ ചെയ്യുന്നതിന് അടിയന്തിര നടപടി സ്വീകരിക്കേണ്ടതാണ്. നഗരസഭ സെക്രട്ടറിമാരും ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാരും ഇക്കാര്യത്തിൽ പ്രത്യേക താല്പര്യം എടുക്കേണ്ടതാണ്.

ഇക്കാര്യത്തിൽ ഓരോ നഗരസഭകളും കൈക്കൊണ്ട നടപടികൾ നഗരകാര്യ ഡയറക്ടറേയും ഗ്രാമപഞ്ചായത്തുകൾ സ്വീകരിച്ച നടപടി സംബന്ധിച്ച് റിപ്പോർട്ട് അതാത് ജില്ലയിലെ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാരേയും അറിയിക്കേണ്ടതാണ്. നഗരകാര്യ ഡയറക്ടറും പഞ്ചായത്ത് ഡയറക്ടറും ഇതു സംബന്ധിച്ച സംക്ഷിപ്ത റിപ്പോർട്ട് നർക്കാരിലേക്ക് സമർപ്പിക്കേണ്ടതാണ്.

എസ്.എം. വിജയാനന്ദ്

പ്രിൻസിപ്പൽ സെക്രട്ടറി

19369/ഡി.എ1/07/തസ്വഭവ

തദ്ദേശസ്വയംഭരണ (ഡിഎ) വകുപ്പ്

തിരുവനന്തപുരം, തീയതി 04.05.2007

സർക്കുലർ

വിഷയം :- അനധികൃത ശിശുഭവനുകളുടെ പ്രവർത്തനം അവസാനിപ്പിക്കുന്നതിന് നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

സൂചന :- 13.04.2007 ലെ സാമൂഹ്യക്ഷേമ (സി) വകുപ്പിന്റെ 4630/സി2/07/സാ.ക്ഷേ.വ നമ്പർ കുറിപ്പ്

കേരളത്തിലെ വിവിധ സ്ഥലങ്ങളിൽ അനധികൃത ശിശുഭവനുകൾ പ്രവർത്തിക്കുന്നതായും ഈ അനധികൃത ശിശുഭവനുകൾ/അനാഥാലയങ്ങൾ എന്നിവ മുഖേന ശിശു വ്യാപാരവും അനധികൃത ശിശുകൈമാറ്റവും നടക്കുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇങ്ങനെയുള്ള അനധികൃത ശിശു വ്യാപാരവും ശിശുകൈമാറ്റവും അവസാനിപ്പിക്കുന്നതിനായി ബന്ധപ്പെട്ട സെക്രട്ടറിമാർ ഇത്തരത്തിലുള്ള അനധികൃത ശിശുഭവനങ്ങൾ/അനാഥാലയങ്ങൾ എന്നിവ സാമൂഹ്യക്ഷേമ വകുപ്പ് ഉദ്യോഗസ്ഥരുമായി യോജിച്ച് പരിശോധന നടത്തേണ്ടതും ടി സ്ഥാപനങ്ങൾ മുഖാന്തരമുള്ള അനധികൃത ദത്തെടുപ്പ് തടയേണ്ടതും കുട്ടികളെ സാമൂഹ്യക്ഷേമ വകുപ്പുമായി സഹകരിച്ച് അടിയന്തരമായി അംഗീകാരമുള്ള സ്ഥാപനങ്ങളിലേക്ക് മാറ്റി താമസിപ്പിക്കേണ്ടതുമാണെന്ന് എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കും ഇതിനാൽ നിർദ്ദേശം നൽകുന്നു.

മേൽ വിഷയത്തിന്മേൽ എല്ലാ സെക്രട്ടറിമാരും അടിയന്തിരമായി നടപടി സ്വീകരിക്കേണ്ടതുമാണ്.

എസ്. എം വിജയാനന്ദ്

ഗവണ്മെന്റ് പ്രിൻസിപ്പൽ സെക്രട്ടറി

കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് – സംസ്ഥാനതല പ്ലാസ്റ്റിക് മാലിന്യ മുക്തമാക്കുന്നത് സംബന്ധിച്ച നിർദ്ദേശം നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശ സ്വയംഭരണ (ഡി.സി)വകുപ്പ്

സ.ഉ(സാധാ) നം. 2042/07/തസ്വഭവ തിരുവനന്തപുരം, തീയതി. 28.07.07

ഉത്തരവ്

സംസ്ഥാനത്ത് മാലിന്യ നിർമ്മാർജ്ജന പ്രവർത്തനങ്ങൾ ഊർജ്ജിതമാക്കുന്നതിന് പല നടപടികളും ഇതിനോടകം സ്വീകരിച്ചു കഴിഞ്ഞിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട് 30 മൈക്രോണിൽ താഴെയുള്ള പ്ലാസ്റ്റിക് വസ്തുക്കൾ നിരോധിക്കുകയും ഇക്കാര്യത്തിൽ നടപടി സ്വീകരിക്കുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ അധികാരപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. പ്ലാസ്റ്റിക് മാലിന്യ നിർമ്മാർജ്ജനം ഊർജ്ജിതമായി നടപ്പിലാക്കുന്നതിന്റെ ഭാഗമായി കൂടുതൽ നടപടികൾ സ്വീകരിക്കേണ്ടത് ആവശ്യമായതിനാൽ ഇതു സംബന്ധിച്ച് ബോധവൽക്കരണത്തിനായി പദ്ധതികൾക്ക് രൂപം നൽകേണ്ടതിലേക്കായി ഇതോടൊപ്പം അടക്കം ചെയ്തിരിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ച് ഉത്തരവാകുന്നു. പ്ലാസ്റ്റിക് മാലിന്യനിർമ്മാർജ്ജനം ഫലപ്രദമാക്കുന്നതിന് വേണ്ടി ബന്ധപ്പെട്ട പഞ്ചായത്ത്/മുനിസിപ്പാലിറ്റി ചട്ടങ്ങളിലും/നിയമങ്ങളിലും/ഉത്തരവുകളിലും മാർഗ്ഗ നിർദ്ദേശങ്ങൾക്കനുസൃതമായി മാറ്റംവരുത്തുവാൻ തുടർ നടപടി സ്വീകരിക്കുന്നതാണ്.

സംസ്ഥാനത്ത് സെപ്റ്റംബർ മാസം മുഴുവൻ പ്ലാസ്റ്റിക് മാലിന്യ നിർമ്മാർജ്ജനവും അതിനാവശ്യമായ ബോധവൽക്കരണവും ഒരു കാംപയിനായി നടത്തുവാനും, ഓരോ ജില്ലയിലേയും കാംപയിൻ മേൽനോട്ടത്തിന് ഓരോ മന്ത്രിവാരെ ചുമതലപ്പെടുത്തിയും ഉത്തരവാകുന്നു.

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം

എസ്.എം.വിജയാനന്ദ്
ഗവൺമെന്റ്, പ്രിൻസിപ്പൽ സെക്രട്ടറി

പ്ലാസ്റ്റിക് മാലിന്യ നിരോധനം ഫലപ്രദമായി നടപ്പിലാക്കാനുള്ള മാർഗ്ഗരേഖ

1. ബോധവൽക്കരണ പ്രവർത്തനങ്ങൾ

സമൂഹത്തിന്റെ വിവിധ തലത്തിലുള്ള ജനങ്ങളെ പ്ലാസ്റ്റിക്കിന്റെ അമിത ഉപയോഗവും അത് പ്രകൃതിക്കും പരിസ്ഥിതിക്കും ഉണ്ടാക്കാവുന്ന ആഘാതത്തെക്കുറിച്ചും തുടർച്ചയായ ബോധ വൽക്കരണം നടത്തുക

(എ). മാലിന്യം ഉറവിടത്തിൽത്തന്നെ ജൈവ-ജൈവേതര മാലിന്യങ്ങളായി തരംതിരിച്ച് ശേഖരിക്കുന്നതിനുള്ള ബോധവൽക്കരണം നടപ്പിലാക്കുക

(ബി). തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, സ്ക്കൂളുകൾ, വ്യാപാരികൾ, വ്യവസായികൾ,ട്രേഡ് യൂണിയനുകൾ, സർവ്വീസ് സംഘടനകൾ, എൻ.ജി.ഒ.കൾ, റസിഡന്റ്സ് അസോസിയേഷനുകൾ, പൗരസമിതികൾ, രാഷ്ട്രീയ പാർട്ടികൾ എന്നിവരുടെ കൂട്ടായ്മയോടുകൂടി വിവിധ തലത്തിലുള്ള ബോധവൽക്കരണം സംഘടിപ്പിക്കുക

1. പ്ലാസ്റ്റിക് മാലിന്യ വിമുക്തമായ ക്യാംപസ് (സ്ക്കൂൾ, കോളേജ്, സ്ഥാപനം)
2. പ്ലാസ്റ്റിക് മാലിന്യ വിമുക്തമായ തെരുവ്
3. പ്ലാസ്റ്റിക് മാലിന്യ വിമുക്തമായ വ്യാപാര കേന്ദ്രങ്ങൾ
4. പ്ലാസ്റ്റിക് മാലിന്യ വിമുക്തമായ കല്യാണ മണ്ഡപങ്ങൾ
5. പ്ലാസ്റ്റിക മാലിന്യ വിമുക്തമായ ആശുപത്രികൾ
6. പ്ലാസ്റ്റിക് മാലിന്യ വിമുക്തമായ കോളനികൾ
7. പ്ലാസ്റ്റിക് മാലിന്യ വിമുക്തമായ വാർഡ്
8. പ്ലാസ്റ്റിക് മാലിന്യ വിമുക്തമായ പഞ്ചായത്ത്/ബ്ലോക്ക്/ജില്ല

2. നിലവിലുള്ള പ്ലാസ്റ്റിക് മാലിന്യം നീക്കം ചെയ്യൽ /ശേഖരിക്കൽ

(എ). നിലവിലുള്ള പ്ലാസ്റ്റിക് മാലിന്യങ്ങൾ ശേഖരിക്കുന്നതിന് ഒരു മാസം നീളുന്ന ഒരു ദൗത്യമായി പ്രഖ്യാപിച്ച് പ്ലാസ്റ്റിക് ഇപ്പോൾ കെട്ടികിടക്കുന്ന/പരിസര മലിനീകരണം സൃഷ്ടിക്കുന്ന അവസ്ഥയിൽ നിന്നും ശേഖരിച്ചു വൃത്തിയായി സൂക്ഷിക്കുന്നതിനുള്ള സംവിധാനം ഓരോ വീട്ടിലും/സ്ഥാപനത്തിലും/വാർഡുകളിലും/മുനിസിപ്പാലിറ്റികളിലും/പഞ്ചായത്തുകളിലും ഒരു മാസത്തിനുള്ളിൽ ഉണ്ടാക്കുക.

(ബി). ഇപ്രകാരം ശേഖരിക്കുന്ന പ്ലാസ്റ്റിക്കിനെ പുന:ചംക്രമണ-ശേഖരണ സംവിധാനവുമായി ബന്ധിപ്പിച്ച് പുനരുപയോഗത്തിന് വിധേയമാക്കാൻ ഉള്ള നടപടികൾ അതാത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുൻകൈയ്യെടുത്ത് ചെയ്യാവുന്നതാണ്.

(സി). ബദൽ സംവിധാനം ഏർപ്പെടുത്തുക

1. പേപ്പർ ബാഗുകളുടേയും, തുണിസഞ്ചികളുടേയും നിർമ്മാണ യൂണിറ്റുകൾ തുടങ്ങാനും ഇത്തരം ബാഗുകളുടെ ലഭ്യത ഉറപ്പുവരുത്തുന്നതിനുമായുള്ള നടപടികൾ കുടുംബശ്രീ മൈക്രോ സംരംഭങ്ങൾ, എസ്.ജി.എസ്.വൈ, എസ്.എച്ച്,ജി.കൾ എന്നിവർക്ക് ഈ ചുമതല നല്കാം.
2. ഓരോ പഞ്ചായത്തും കുറഞ്ഞത് ഇത്തരത്തിലുള്ള രണ്ട് യൂണിറ്റെങ്കിലും പ്രവർത്തന ക്ഷമമാക്കുക
3. നിർമ്മാണ യൂണിറ്റുകൾ കൂടുതൽ, കൂടുതൽ സ്ഥാപിക്കുകയും, അവയുടെ ഉത്പാദന-വിപണന പുരോഗതി മാസംതോറും വിലയിരുത്തുകയും ചെയ്യുക
4. വീടുകളിലും സ്ക്കൂളുകളിലും ഇത്തരത്തിലുള്ള ബാഗ് നിർമ്മാണം പ്രോത്സാഹിപ്പിക്കുകയും വിവിധ ഡിസൈനുകളിലും, വിവിധ ഉപയോഗത്തിനും വേണ്ടിയുള്ള (മാർക്കറ്റ്, ടെക്സ്റ്റൈൽ, ഹോട്ടലുകൾ എന്നിവടങ്ങളിൽ പ്രത്യേക സഞ്ചികളുടേയും കവറുകളു

ടേയും നിർമ്മാണം പ്രോത്സാഹിപ്പിക്കുക. ഇതിനുവേണ്ടി നല്ല ഡിസൈനുകളും, മാതൃകകളും സൗജന്യമായി നല്കുക.

5. കുറഞ്ഞ ചെലവിൽ ഇവ ഉണ്ടാക്കുവാനുള്ള സാങ്കേതിക വിദ്യ പ്രചരിപ്പിക്കുക. സാങ്കേതിക വിദ്യയും നിർമ്മാണോപകരണങ്ങളും ലഭ്യമാക്കുക.
6. തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളുടെ /ഗവൺമെന്റ് വകുപ്പുകളിലും സ്ഥിരമായ ഉപയോഗത്തിന് സ്റ്റീൽ/ഗ്ലാസ് പാത്രങ്ങൾ വാങ്ങാനും അവ വൃത്തിയായി സൂക്ഷിക്കുവാനുമുള്ള നിർദ്ദേശം നല്കുകുയം, പ്ലാസ്റ്റിക് കപ്പുകൾ നിർബന്ധമായും ഒഴിവാക്കുകയും ചെയ്യുക.
7. ഗവൺമെന്റ് നടപ്പിലാക്കുന്ന പരിപാടികളിൽ പരിസ്ഥിതി മലിനീകരണം സൃഷ്ടിക്കുന്ന വസ്തുക്കളുടെ ഉപയോഗം നിരോധിക്കുക. (പ്ലാസ്റ്റിക് ബാനർ, പോസ്റ്റർ, പ്ലാസ്റ്റിക് കപ്പ്) പ്ലാസ്റ്റികക്കിന്റെ കൊടി തോരണങ്ങളും പതാകകളും ഉപയോഗിക്കാതിരിക്കാൻ രാഷ്ട്രീയ പാർട്ടികളേയും സംഘടനകളേയും തൊഴിലാളി സംഘടനകളേയും നിർബന്ധിക്കുക
8. എ.ഐ.ആർ (എയർ), ദൂരദർശൻ, ഓൾ ചാനൽസ് എന്നിവരോട് രാവിലേയും ഉച്ചയ്ക്കും വൈകീട്ടും പ്ലാസ്റ്റിക് മാലിന്യത്തിനെതിരെയുള്ള ബോധവൽക്കരണം നിർബന്ധമാക്കുക.

3. പ്ലാസ്റ്റിക് ഉൽപ്പന്നങ്ങൾ കണ്ടുകെട്ടലും പിഴ ചുമത്തലും

1. ബോധവൽക്കരണത്തോടൊപ്പംതന്നെ കർശനമായി പ്ലാസ്റ്റിക് നിരോധനനിയമം നടപ്പിൽ വരുത്തുക. നിരോധിച്ച പ്ലാസ്റ്റിക് ഉപയോഗിക്കുന്നവരെ കണ്ടുപിടിക്കാനും പിഴയീടാക്കാനുമുള്ള നടപടികൾ ആവിഷ്കരിക്കുക.
2. വ്യാപാര സ്ഥാപനങ്ങൾക്ക് ബോധവൽക്കരണ സമയത്ത്തന്നെ ബദൽ സംവിധാനങ്ങൾ ഒരുക്കുന്നതിന് മുൻകൂട്ടി നോട്ടീസ് വിതരണം ചെയ്യുക.
3. ജനപങ്കാളിത്തത്തോടുകൂടി പ്ലാസ്റ്റിക് കവറുകൾ പിടിച്ചെടുക്കൽ അടക്കമുള്ള നടപടികൾ അതാത് പഞ്ചായത്ത്/നഗരസഭകൾ ആസൂത്രണം ചെയ്യേണ്ടതാണ്. വിവിധ വകുപ്പുകൾ (പോലീസ്, വിൽപന നികുതി, ആരോഗ്യം, തദ്ദേശ സ്വയംഭരണ സ്ഥാപനം) യോജിച്ചുള്ള പ്രവർത്തനം സംഘടിപ്പിക്കുക.
4. പ്ലാസ്റ്റിക്കിന്റെ കനം തിട്ടപ്പെടുത്തുന്നതിന് വേണ്ടിയുള്ള മൈക്രോ മീറ്റർ എല്ലാ പഞ്ചായത്തുകൾക്കും ലഭ്യമാക്കുക.
5. പ്രാരംഭ ഘട്ടത്തിൽ കടകളിൽനിന്നും ലഘുവായ പിഴയോടെ പ്ലാസ്റ്റിക് പിടിച്ചെടുക്കേണ്ടതും രണ്ടാമതും അതാവർത്തിക്കുന്ന പക്ഷം 5,000/ രൂപയും വീണ്ടും ആവർത്തിക്കുന്ന പക്ശം 10000/ രൂപയും വീണ്ടും തുടർന്നാൽ 25000/ രൂപയും പിഴയും 6 മാസം ജയിൽ ശിക്ഷയും വ്യവസ്ഥ ചെയ്ത് നിയമനിർമ്മാണം നടത്തേണ്ടതാണ്.
6. ജാഥകളിലും, സമരങ്ങളിലും, ഉത്സവങ്ങളിലും ആഘോഷങ്ങളിലും പ്ലാസ്റ്റിക് കൊടി, കപ്പ്, തോരണങ്ങൾ ഉപയോഗിക്കുന്നവരെ ശിക്ഷിക്കുക. ഇത്തരം പ്രവർത്തനങ്ങൾ നടപ്പിലാക്കിയെടുക്കുന്നതിന് ഒരു മാസത്തെ പരിധി നിശ്ചയിച്ച് പരിപാടികൾ ആസൂത്രണ ചെയ്ത് നടപ്പിലാക്കിയെടുക്കുക.

4. ബോധവൽക്കരണ പരിപാടികൾ

മാലിന്യ നിർമ്മാർജ്ജനം ഒരു തുടർപ്രക്രിയയായി നടത്തുന്നതിന് പ്ലാസ്റ്റിക് മാലിന്യ നിർമ്മാർജ്ജനത്തിന് പ്രത്യേക പ്രാധാന്യം നൽകേണ്ടതുണ്ട്. ഇതിന്റെ ഭാഗമായി സെപ്തംബർസമാസം മുഴുവൻ സംസ്ഥാന വ്യാപകമായി പ്ലാസ്റ്റിക് മാലിന്യ നിർമ്മാർജ്ജനം നടത്താൻ

ഉദ്ദേശിക്കുന്നു. ഇതു സംബന്ധിച്ച ബോധവൽക്കരണത്തിന് ആവശ്യമായ പദ്ധതികൾക്കും രൂപം നൽകേണ്ടതുണ്ട്.

5. മോണിറ്ററിംങ്ങ് സംവിധാനം

പ്ലാസ്റ്റിക് നിരോധനം ഫലപ്രദമായി നടപ്പിലാക്കുന്നതിന് ഒരു മോണിറ്ററിംങ്ങ് സംവിധാനം അത്യന്താപേക്ഷിതമാണ്. ഓരോ 2 മാസം കൂടുമ്പോഴും പദ്ധതി നടത്തിപ്പിന്റെ പുരോഗതി അവലോകനവും സ്റ്റാറ്റസ് റിപ്പോർട്ടും ഓരോ തദ്ദേശ സ്വയംഭരണ സ്ഥാപനവും തയ്യാറാക്കി ജില്ലാ മോണിട്ടറിംങ്ങ് സമിതിക്ക് അയക്കുകയും അവ ക്രോഡീകരിച്ച് സംസ്ഥാന സർക്കാരിലെ ബന്ധപ്പെട്ട വകുപ്പുകൾക്ക്/സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിന് അയച്ചുകൊടുക്കേണ്ടതും കൂടുതൽ കർശന നിയന്ത്രണങ്ങൾ ഏർപ്പെടുത്തേണ്ടുന്ന പക്ഷം അത്തരത്തിലുള്ള മാർഗ്ഗങ്ങളും അവലംബിക്കേണ്ടതാണ്.

പഞ്ചായത്തുതല/നഗരസഭ മോണിട്ടറിംങ്ങ് സമിതി

പഞ്ചായത്ത് പ്രസിഡന്റ്/മുനിസിപ്പൽ ചെയർമാൻ/മേയർ
സെക്രട്ടറി
വികസന സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻ
രാഷ്ട്രീയ പാർട്ടി പ്രതിനിധികൾ
വ്യാപാരി-വ്യവസായി പ്രതിനിധികൾ
സ്ക്കൂൾ-കോളേജ് പ്രതിനിധികൾ
എൻ.ജി.ഒ പ്രതിനിധികൾ

പ്രാഥമിക ആരോഗ്യകേന്ദ്രം ഡോക്ടർ/ഹെൽത്ത് ഓഫീസർ

ബ്ലോക്ക്തല മോണിറ്ററിംങ്ങ് സമിതി:-
ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ്
പഞ്ചായത്ത് പ്രസിഡന്റുമാർ
വികസന സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻ
രാഷ്ട്രീയ പാർട്ടി പ്രതിനിധികൾ
വ്യാപാരി-വ്യവസായി പ്രതിനിധികൾ
സ്ക്കൂൾ-കോളേജ് പ്രതിനിധികൾ
പ്രാഥമിക ആരോഗ്യകേന്ദ്രം

ജില്ലാതല മോണിറ്ററിംങ്ങ് സമിതി:-

ജില്ലാ പഞ്ചായത്ത് പ്രസിഡന്റ്
ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർ
പൊല്യൂഷൻ കൺട്രോൾബോർഡ് പ്രതിനിധികൾ
ഡി.എം.ഒ
വ്യാപാരി-വ്യവസായി ജില്ലാ പ്രസിഡന്റ്
റസിഡൻസ് അസോസിയേഷൻ ജില്ലാതല പ്രതിനിധികൾ

സംസ്ഥാനതല മോണിട്ടറിംങ്ങ് സമിതി:-

തദ്ദേശസ്വയംഭരണ വകുപ്പ്
ആരോഗ്യ വകുപ്പ്
പോലീസ് വകുപ്പ്
വിൽപന നികുതിവകുപ്പ്
വ്യവസായവകുപ്പ്
പരിസ്ഥിതവകുപ്പ്

6. പദ്ധതി നിർവ്വഹണ സംവിധാനം

ക്രമ.ന	പ്രവർത്തി	നടപ്പിലാക്കേണ്ട ഏജൻസി
1	ബോധവൽക്കരണ പ്രവർത്തനങ്ങൾ	പബ്ലിക് റിലേഷൻസ് ഡിപ്പാർട്ട്മെന്റ് കേരള ടോട്ടൽ സാനിറ്റേഷൻ ആന്റ് ഹെൽത്ത് മിഷൻ, ക്ലീൻ കേരള മിഷൻ
2	പ്ലാസ്റ്റിക് ബഹിഷ്കരണം	ഗ്രാമപഞ്ചായത്തുകളും നഗരസഭകളും
3	ശിക്ഷ	ബന്ധപ്പെട്ട വകുപ്പും തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളും
4	പകരം ഉൽപ്പന്നങ്ങൾ	കുടുംബശ്രീ, സി.ആർ.ഡി
5	പ്രോത്സാഹനം	ഗവൺമെന്റ്
6	അവാർഡ്	ഗവൺമെന്റ്

7. വിവിധ വകുപ്പുകൾ ചെയ്യേണ്ട ശ്രൃംഖലാപ്രവർത്തികൾ

പബ്ലിക് റിലേഷൻസ് ഡിപ്പാർട്ട്മെന്റ്	എല്ലാ സർക്കാർ പരസ്യങ്ങളുടേയും അടിയിൽ പ്ലാസ്റ്റിക്കിനെതിരെ മുദ്രാവാചകം
ഭക്ഷ്യവകുപ്പ്	റേഷൻ കാർഡുകളിൽ പ്ലാസ്റ്റിക്കിനെതിരെ മുദ്രാവാചകം
വിദ്യാഭ്യാസ വകുപ്പ്	പാഠപുസ്തകങ്ങളുടെ പുറച്ചട്ടയിൽ പ്ലാസ്റ്റിക്കിനെതിരെ മുദ്രാവാചകം
കേരള ടോട്ടൽ സാനിറ്റേഷൻ ആന്റ് ഹെൽത്ത് മിഷൻ	ഐ.ഇ.സി മെറ്റീരിയൽ, ലഘു ഫിലിമുകൾ എന്നിവ നിർമ്മിച്ച് പ്രചാരണം നടത്തൽ ഏൽപിച്ചുക്കൊടുക്കുക
കുടുംബശ്രീ	ഗ്രാമപഞ്ചായത്തുകളിൽ 2 വീതവും (2000) നഗരങ്ങളിൽ 4 വീതവും (212) കോർപ്പേറഷനുകളിൽ 10 വീതവും (50) പ്ലാസ്റ്റിക്കിന് പകരമുള്ള പേപ്പർ കാരിബാഗ്, തുണി കാരിബാഗ് നിർമ്മാണ യൂണിറ്റുകൾ – മൈക്രോസംരംഭങ്ങൾ സ്ഥാപിക്കുക
സി.ആർ.ഡി	എസ്സ്.ജി.എസ്സ്.വൈ.യിൽ 2000+ (152*10)= 3520 എസ്സ്.ജി.എസ്സ്.വൈ സംരംഭങ്ങൾക്ക് മുകളിൽ പറഞ്ഞ രീതിയിൽ ഉണ്ടാക്കുക

കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് – തെരുവ് നായ്ക്കളുടെ എണ്ണം നിയന്ത്രിക്കൽ – നിരക്ക് ഏകീകരണം – തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുമതി നൽകി ഉത്തരവാകുന്നു.

തദ്ദേശ സ്വയംഭരണ (ആർ.സി)വകുപ്പ്

സ.ഉ(സാധാ) നം. 4648 /2008/ത.സ്വ.ഭ.വ. തീയതി, തിരുവനന്തപുരം, 31 ഡിസംബർ, 2008

പരാമർശം:
1. നഗരകാര്യ ഡയറക്ടറുടെ 20.6.2008 ലെ ഡി.സി.18835/2008 നമ്പർ കത്ത്.
2. പഞ്ചായത്ത് ഡയറക്ടറുടെ 18.10.2008–ലെ ജി.2–19096/08 നമ്പർ കത്ത്.
3. 24.4.2007 ലെ 17957/ഡി.3/07/ത.സ്വ.ഭ.വ. നമ്പർ സർക്കുലർ.
4. 15.09.2008 ലെ 19989/ആർ.സി.3/2007/ത.സ്വ.ഭ.വ. നമ്പർ സർക്കുലർ

ഉത്തരവ്

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ അനിവാര്യ ചുമതലയാണ് പേവിഷബാധയിൽ നിന്ന് ജനങ്ങളേയും മറ്റു മൃഗങ്ങളേയും രക്ഷിക്കുക എന്നത്. വളർത്തുനായ്ക്കൾക്ക് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും പേവിഷ പ്രതിരോധ കുത്തിവയ്പ് നൽകേണ്ടതും ലൈസൻസ് എടുക്കേണ്ടതുമാണ്. ലൈസൻസില്ലാതെ അലഞ്ഞു തിരിയുന്നവയെ തെരുവ് നായ്ക്കളായി കണക്കാക്കുന്നതാണ്. അലഞ്ഞ് തിരിഞ്ഞ് നടക്കുന്ന തെരുവ് നായ്ക്കളെ പിടികൂടി അനിമൽ ബർത്ത് കൺട്രോൾ/ആന്റി റാബീസ് പ്രോഗ്രാം നടപ്പിൽ വരുത്തുവാനും പരാമർശം (3), (4) പ്രകാരം സർക്കാർ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് നിർദ്ദേശം നൽകിയിരുന്നു. എന്നാൽ വിവിധ ജനപ്രതിനിധികളും, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും തെരുവ് നായ്ക്കളെ പിടിക്കുന്നതിന് നിലവിലുള്ള കൂലി/പ്രതിഫലം കുറവാണെന്നും ഗ്രാമ–നഗര പ്രദേശങ്ങളിലെ ഇത് സംബന്ധിച്ചുള്ള നിരക്ക് ഏകീകരിക്കണമെന്നുമുള്ള നിവേദനങ്ങൾ സർക്കാരിന് സമർപ്പിക്കുകയുണ്ടായി. പഞ്ചായത്ത് ഡയറക്ടറും നഗരകാര്യ ഡയറക്ടറും ഇക്കാര്യത്തിൽ തുക വർദ്ധിപ്പിക്കണമെന്ന് സർക്കാരിനോട് ശുപാർശ ചെയ്യുകയുമുണ്ടായി. ഇക്കാര്യത്തിലുള്ള മാധ്യമ വാർത്തകളും സർക്കാർ ശ്രദ്ധയിൽപ്പെടുകയുണ്ടായി.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. വിവിധ ജനപ്രതിനിധികളുടെ നിവേദനവും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ അപേക്ഷകളും നഗര -പഞ്ചായത്ത് ഡയറക്ടർമാരുടെ ശുപാർശകളും പരിഗണിച്ച് അലഞ്ഞ് തിരിയുന്ന തെരുവ്നായ്ക്കളെ പിടികൂടുന്നതിനുള്ള നിരക്ക് ഗ്രാമ–നഗര പ്രദേശങ്ങളിൽ 50/– രൂപയായി ഉയർത്തുന്നതിനും, വിവിധ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ തനതു ഫണ്ടിൽ നിന്നും ഇതിനുള്ള തുക കണ്ടെത്തി ചെലവഴിക്കുന്നതിനും ഇതിനാൽ അനുമതി നൽകി ഉത്തരാവകുന്നു.

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം

റ്റി. ശ്യാമളകുമാരി
ജോയിന്റ് സെക്രട്ടറി

അഞ്ച്

കെട്ടിടനിർമ്മാണചട്ടങ്ങൾ

GOVERNMENT OF KERALA

Abstract

MANUAL OF GUIDELINES TO PREVENT AND CONTROL COMMUNAL DISTURBANCES AND TO PROMOTE COMMUNAL HARMONY AMENDMENT ORDERS ISSUED

HOME (SS-A) DEPARTMENT

Dated, Thiruvanathapuram, 6th December, 1993

G.O. (P) 170/93/Home

Read : - 1. G.O. (P). No. 123/82/Home dated 23-9-2009

2. D.O. Letter No. 5/3/90-CHC dated 23-4-1990 from the Union Home Minister

3. Letter No. Confidential 1750804/90 dated 4-10-1990 from the Director General of Police, Kerala

4. G.O.(P) 163/91/Hom dated 19-11-1991

ORDER

Government order that para 30 of the "Manual of Guidelines to prevent and control Communal Disturbances and to promote Communal Harmony" issued as per the G.O. read as 4th paper above will be modified and read as:-

"30 Those who propose to construst religious places should, as least one month before the work is taken up, inform the District Collector. The Collector may intervene in cases where he apprehends any breach of peace of disturbance of communal harmony. In case where the District Collector does not consider it necessary to so intervene; the construction work can be taken up without getting any formal permission"

2. The Government orders read 4th paper above stand modified to the above extent

By order of the Governor,

C.P. Nair,
Commissioner and Secretary (Home

GPT. 3/4652/93/MG.

കേരള സർക്കാർ

നമ്പർ 55237/ഡി 1/ 94/തഭവ

തദ്ദേശഭരണ (ഡി) വകുപ്പ്
തിരുവനന്തപുരം
തീയതി 6.2.1995

സർക്കുലർ

വിഷയം :- കെട്ടിടനിർമ്മാണം - പൊതുവഴിയോടു ചേർന്നുള്ള കെട്ടിട നിർമ്മാണം - റോഡതിർത്തിയിൽ നിന്ന് സ്ഥലം വിടുന്നത് സംബന്ധിച്ച് - വിശദീകരണം

സൂചന :- സർക്കാരിന്റെ 29.09.94 ലെ 46976(1)/ഡി1/തഭവ നമ്പർ സർക്കുലർ

പഞ്ചായത്ത് പ്രദേശങ്ങളിലെ 1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ടിലെ 220-ാം വകുപ്പിലെ (ബി) ഖണ്ഡപ്രകാരം, റോഡതിർത്തിയിൽ നിന്ന് മൂന്ന് മീറ്റർ ദൂരത്തിനുള്ള കെട്ടിട നിർമ്മാണം നിരോധിക്കപ്പെട്ടിരിക്കുന്നു. ഈ വ്യവസ്ഥക്ക്, ആക്ട് നിലവിൽ വന്ന 23.04.94 മുതൽക്ക് മാത്രമേ പ്രാബല്യമുള്ളൂ. അതുകൊണ്ട് ആക്ട് നിലവിൽ വന്ന 23.04.94 ന് മുമ്പ് നിർമ്മാണമാരംഭിച്ചു എന്ന് വ്യക്തമായ തെളിവുകളുള്ള കെട്ടിട നിർമ്മാണങ്ങളുടെ കാര്യത്തിൽ ആക്ടിലെ 220-ാം വകുപ്പ് (ബി) ഖണ്ഡ പ്രകാരമുള്ള ദൂരപരിധി ബാധകമാക്കേണ്ടതില്ലാ എന്ന് പഞ്ചായത്തുകളുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

കെ. മോഹൻദാസ്
ഗവണ്മെന്റ് സെക്രട്ടറി

കേരള ഗവൺമെന്റ് തദ്ദേശ ഭരണ (ഡി) വകുപ്പ് 2.5.1995-ൽ നമ്പർ ഡി1. 1524/95/തഭവ വകുപ്പ് ഗവൺമെന്റ് സെക്രട്ടറി പഞ്ചായത്ത് ഡയറക്ടർക്ക് അയച്ച കത്തിന്റെ പകർപ്പ്.

വിഷയം :- കേരള പഞ്ചായത്ത് രാജ് ആക്റ്റ് സെക്ഷൻ 220(ബി) പ്രകാരം റോഡരികിൽ നിന്നും 3 മീറ്റർ അകലത്തിനുള്ളിൽ വരുന്ന കെട്ടിട നിർമ്മാണം സംബന്ധിച്ച് .

സൂചന :- 1 . 29.10.94 ലെ 46976 (1) ഡി 1/94 തഭവ നമ്പർ സർക്കുലർ .
2. 6.2.95 ലെ 55237/ഡി1/94/ തഭവ നമ്പർ സർക്കുലർ
3. 8.2.95 ലെ താങ്കളുടെ പി. ഡബ്ളിയൂ. 1054/95 നമ്പർ കത്ത്.

.....

സൂചനയിലേക്ക് താങ്കളുടെ ശ്രദ്ധ ക്ഷണിക്കുന്നു . കേരള കെട്ടിട നിർമ്മാണ ചട്ടങ്ങൾ പ്രാബല്യത്തിലില്ലാത്ത മുണ്ടക്കയം പഞ്ചായത്തിൽ, കേരള പഞ്ചായത്ത് രാജ് ആക്റ്റിലെ 220(ബി) വകുപ്പ് നടപ്പാക്കുന്നത് സംബന്ധിച്ച് താങ്കളുടെ കത്തിൽ ഉന്നയിച്ചിരിക്കുന്ന സംശയങ്ങൾക്ക് താഴെ പറയുന്ന പ്രകാരം വിശദീകരണം നൽകുന്നു.

1. നിലവിലുള്ള കെട്ടിടത്തിനുള്ള കൂട്ടിച്ചേർക്കൽ ഉൾപ്പെടെ റോഡതിർത്തിയിൽ നിന്നു 3 മീറ്റർ ദൂരത്തിനുള്ളിൽ 23.4.94 നുശേഷം ഒരുവിധത്തിലുള്ള കെട്ടിട നിർമ്മാണ പ്രവൃത്തിയും ആരംഭിക്കുവാൻ പാടുള്ളതല്ല.

2. 23.4.94 ന് മുൻപ് ആരംഭിച്ച് 3 മീറ്റർ ദൂരപരിധിക്കുള്ളിലെ കെട്ടിട നിർമ്മാണ പ്രവൃത്തികൾ പൂർത്തിയാക്കാൻ അനുവദിക്കാവുന്നതാണ്.

3. നിയമ വ്യവസ്ഥ ലംഘിച്ചുകൊണ്ട് കെട്ടിട നിർമ്മാണം നടത്തുന്നവർക്കെതിരെ പഞ്ചായത്ത് രാജ് ആക്റ്റ് 245-ാം വകുപ്പ് പ്രകാരമുള്ള പ്രോസിക്യൂഷൻ നടപടി സ്വീകരിക്കാവുന്നതാണ്.

(ഒപ്പ്)

ചെറിയാൻ കെ. മാത്യു
അണ്ടർ സെക്രട്ടറി
സെക്രട്ടറിക്കുവെണ്ടി

നമ്പർ 58577/സി1/95/തഭവ.

തദ്ദേശഭരണ (സി) വകുപ്പ്
തിരുവനന്തപുരം,
തീയതി : 6.1.1996.

സർക്കുലർ

വിഷയം: - കെട്ടിട നിർമ്മാണം - പൊതുവഴിയോടു ചേർന്നുള്ള കെട്ടിട നിർമ്മാണം - റോഡതിർത്തിയിൽ നിന്ന് സ്ഥലം വിടുന്നതു - സംബന്ധിച്ച്.

സൂചന : - 1. സർക്കാരിന്റെ 29.10.94 ലെ 46976(1)/ഡി1/94/തഭവ. നമ്പർ സർക്കുലർ.
2. സർക്കാരിന്റെ 6.2.95 ലെ 55237/ഡി1/94/തഭവ. നമ്പർ സർക്കുലർ

1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ടിലെ 220(ബി) വകുപ്പു പ്രകാരം, റോഡതിർത്തിയിൽ നിന്ന് മൂന്ന് മീറ്റർ ദൂരത്തിനുള്ളിൽ ഏതെങ്കിലും കെട്ടിടമോ എടുപ്പോ നിർമ്മിക്കുന്നത് നിരോധിക്കപ്പെട്ടിരിക്കുന്നു എന്നും ഈ വ്യവസ്ഥ കെട്ടിട നിർമ്മാണ ചട്ടങ്ങൾ പ്രാബല്യത്തിലില്ലാത്ത ഗ്രാമപഞ്ചായത്തുകളിലും ബാധകമാണെന്നും ഈ വ്യവസ്ഥ കർശനമായി നടപ്പാക്കേണ്ടതാണെന്നും ഒന്നാം സൂചനയിലെ സർക്കുലർ പ്രകാരം എല്ലാ ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാർക്കും നിർദ്ദേശം നൽകിയിരുന്നതാണ്. തുടർന്ന്, രണ്ടാം സൂചനയിലെ സർക്കുലർ പ്രകാരം മേൽപ്പറഞ്ഞ വ്യവസ്ഥയ്ക്ക് ആക്ട് നിലവിൽവന്ന 23.4.94 മുതൽക്കു മാത്രമേ പ്രാബല്യമുള്ളു എന്നും അതിനു മുമ്പ് നിർമ്മാണമാരംഭിച്ചു എന്ന് വ്യക്തമായ തെളിവുകളുള്ള കെട്ടിട നിർമ്മാണങ്ങളുടെ കാര്യത്തിൽ 3 മീറ്റർ ദൂരപരിധി ബാധകമാക്കേണ്ടതില്ല എന്നും വിശദീകരണം നൽകിയിട്ടുള്ളതാണ്.

എന്നാൽ, 5.8.95 ൽ നിലവിൽ വന്ന 1995 ലെ കേരള പഞ്ചായത്തുരാജ് (ഭേദഗതി) ആക്ടു പ്രകാരം, 1994 ലെ ആക്ടിലെ 220(ബി) വകുപ്പു താഴെപ്പറയുംപ്രകാരം ഭേദഗതി ചെയ്തിട്ടുണ്ട്.

"220. ഈ ആക്ടിൽ എന്തുതന്നെ അടങ്ങിയിരുന്നാലും, യാതൊരാളും, -

(എ) .....

(ബി) നാഷണൽ ഹൈവേയോടോ സംസ്ഥാന ഹൈവേയോടോ ജില്ലാ റോഡുകളോടോ പഞ്ചായത്ത് തീരുമാനിക്കുന്ന പഞ്ചായത്തിലെ മറ്റ് റോഡിനോടോ ചേർന്നുകിടക്കുന്ന ഏതെങ്കിലും ഭൂമിയിൽ തന്റെ ഭൂമിയുടെ അതിരിൽ നിന്ന് മൂന്നു മീറ്ററിൽ കുറവായ ദൂരത്തിനുള്ളിലും ഏതെങ്കിലും കെട്ടിടമോ അല്ലെങ്കിൽ ചുറ്റുമതിൽ ഒഴികെയുള്ള ഏതെങ്കിലും എടുപ്പോ നിർമ്മിക്കുകയോ അല്ലെങ്കിൽ ഈ ആക്ട് നിലവിൽ വരുന്ന സമയത്ത് (23.4.94) ൽ നാഷണൽ ഹൈവേയോടോ സംസ്ഥാന ഹൈവേയോടോ ജില്ലാ റോഡുകളോടോ പഞ്ചായത്ത് തീരുമാനിക്കുന്ന പഞ്ചായത്തിലെ ഏതെങ്കിലും റോഡിനോട് ചേർന്നുനിൽക്കുന്ന ഏതെങ്കിലും കെട്ടിടത്തിന് കൂട്ടിച്ചേർക്കലോ വിപുലീകരണമോ നടത്തുകയോ;

(സി) .....

(ഡി) ..... ചെയ്യാൻ പടില്ലാത്തതാകുന്നു".

മേൽപ്പറഞ്ഞ നിയമ ഭേദഗതിയുടെ വെളിച്ചത്തിൽ താഴെപ്പറയുന്ന നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു:

(i) എല്ലാ ഗ്രാമപഞ്ചായത്തുകളിലും നാഷണൽ ഹൈവേയോടോ സംസ്ഥാന ഹൈവേയോടോ ജില്ലാ റോഡുകളോടോ ചേർന്നുകിടക്കുന്ന ഭൂമിയിൽ, റോഡതിർത്തിയിൽ നിന്ന് 3 മീറ്റർ ദൂരത്തിനുള്ളിൽ കെട്ടിട നിർമ്മാണം കർശനമായി നിരോധിക്കേണ്ടതാണ്.

(ii) 3 മീറ്റർ ദൂരപരിധി ബാധകമാക്കേണ്ടതായ പഞ്ചായത്തിലെ മറ്റു റോഡുകളും പൊതുവഴികളും ഏതെല്ലാമായിരിക്കണമെന്ന ഗ്രാമപഞ്ചായത്ത് യോഗം ചേർന്ന് നിശ്ചയിച്ചു രണ്ടു മാസത്തിനകം പൊതുജനങ്ങളുടെ അറിവിലേയ്ക്കായി പരസ്യപ്പെടുത്തേണ്ടതാണ്. ഭാവിയിൽ വികസിപ്പിക്കേണ്ടിവരുന്നതും അതിനുള്ള സാദ്ധ്യത ഉള്ളതുമായ എല്ലാ റോഡുകളും പൊതുവഴികളും 3 മീറ്റർ ദൂരപരിധി ബാധകമാക്കേണ്ടതായ റോഡുകളുടെ കൂട്ടത്തിൽ ഉൾപ്പെടുത്താൻ പഞ്ചായത്ത് ശ്രദ്ധിക്കേണ്ടതാണ്.

(iii) അപ്രകാരം പഞ്ചായത്ത് വിജ്ഞാപനം ചെയ്യുന്ന എല്ലാ റോഡുകളോടും ചേർന്നു കിടക്കുന്ന ഭൂമിയിൽ 3 മീറ്റർ ദുരത്തിനുള്ളിൽ കെട്ടിടനിർമ്മാണം നിരോധിക്കേണ്ടതും പ്രസ്തുത നിരോധനം കർശനമായി പാലിക്കേണ്ടതുമാണ്.

മാത്യു സി. കുന്നുങ്കൽ
സെക്രട്ടറി (തദ്ദേശഭരണ വകുപ്പ്)

കേരള ഗവണ്മെന്റ് തദ്ദേശ ഭരണ (സി) വകുപ്പ്, തിരുവനന്തപുരം, 9.12.1996 ന് ഗവണ്മെന്റ് സെക്രട്ടറി സി1/44475/96/തഭവ നമ്പരിൽ പഞ്ചായത്ത് ഡപ്യൂട്ടി ഡയറക്ടർക്ക് അയച്ച കത്തിന്റെ പകർപ്പ്.

.....

വിഷയം: - പഞ്ചായത്ത് രാജ് ആക്റ്റ് - 220 ബി. വകുപ്പ് നടപ്പിലാക്കുന്നത് - സംബന്ധിച്ച്.

സൂചന : - താങ്കളുടെ 14.8.96 ലെ സി3-22853/96 നമ്പർ കത്ത്.

.....

സൂചനയിലെ താങ്കളുടെ കത്തിലേയ്ക്ക് ശ്രദ്ധ ക്ഷണിക്കുന്നു. നാഷണൽ ഹൈവേയോടോ സംസ്ഥാന ഹൈവേയോടോ ജില്ലാ റോഡുകളോടോ പഞ്ചായത്ത് തീരുമാനിക്കുന്ന പഞ്ചായത്തിലെ ഏതെങ്കിലും റോഡിനോടോ ചേർന്നുകിടക്കുന്ന ഏതെങ്കിലും ഭൂമിയിൽ തന്റെ ഭൂമിയുടെ അതിരിൽ നിന്നും മൂന്ന് മീറ്ററിൽ കുറയാത്ത ദൂരത്തിനുള്ളിലും ഏതെങ്കിലും കെട്ടിടമോ എടുപ്പോ കൂട്ടിച്ചേർക്കലോ വിപുലീകരണമോ ചെയ്യാൻ പാടില്ലാത്തതാകുന്നു എന്ന് 1994 ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റ് 220 (ബി) വകുപ്പ് വ്യവസ്ഥ ചെയ്യുന്നു. പൊതുവഴികളിലും നാഷണൽ ഹൈവേയോടും സംസ്ഥാന ഹൈവേയോടും ജില്ലാ റോഡുകളോടും പഞ്ചായത്ത് തീരുമാനിക്കുന്ന പഞ്ചായത്തിലെ ഏതെങ്കിലും റോഡിനോടോ ചേർന്ന് കിടക്കുന്ന ഭൂമിയിൽ നിർമ്മാണ പ്രവർത്തനം തടയുന്നതിന് വേണ്ടിയുള്ള ഈ വകുപ്പ്, പി.ഡബ്ലിയു.ഡി. റോഡുകൾ എന്ന് പ്രത്യേകം എടുത്തുപറഞ്ഞിട്ടില്ലെങ്കിലും അവയ്ക്കും ബാധകമാണ് എന്ന വിവരം അറിയിക്കുന്നു.

വിശ്വസ്തതയോടെ,
(ഒപ്പ്)

എ.ആർ. പ്രഭാദേവി,
അണ്ടർ സെക്രട്ടറി,

10.1.1997 ൽ നമ്പർ 61654/സി1/96/തസ്വഭവ ആയി തദ്ദേശ ഭരണ (സി) വകുപ്പ്, തിരുവനന്തപുരം സെക്രട്ടറി എല്ലാ പഞ്ചായത്ത് ഡപ്യൂട്ടി ഡയറക്ടർമാർക്കും അയച്ച ലറ്ററിന്റെ കോപ്പി.

വിഷയം: - കെട്ടിട നിർമ്മാണം - പൊതുവഴിയോടു ചേർന്നുള്ള കെട്ടിട നിർമ്മാണം -

റോഡതിർത്തിയിൽ നിന്ന് സ്ഥലം വിടുന്നതു - സംബന്ധിച്ച്.

സൂചന : - 1. 6.1.96 ലെ 58577/സി1/95/തഭവ. നമ്പർ സർക്കാർ സർക്കുലർ.
2. കൊല്ലം പഞ്ചായത്ത് ഡപ്യൂട്ടി ഡയറക്ടറുടെ 12.12.96 ലെയും .....12.96 ലെയും ജി2.6185/94 നമ്പർ കത്ത്.

.....

മുകളിൽ ഒന്നാമതായി സൂചിപ്പിച്ച സർക്കുലറിലേക്ക് താങ്കളുടെ ശ്രദ്ധ ക്ഷണിക്കുന്നു. 1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ടിലെ ഭേദഗതി ചെയ്യപ്പെട്ട 220(ബി) വകുപ്പ് 5.8.95 ൽ നിലവിൽ വന്നു. ടി തീയതി മുതൽ ദൂരപരിധിക്കാര്യം കർശനമായി നടപ്പാക്കാൻ പഞ്ചായത്തുകൾ ബാദ്ധ്യസ്ഥരാണ്. ആയതിനാൽ 5.8.95 നുശേഷം ദൂരപരിധി പാലിക്കാതെയുള്ള കെട്ടിട നിർമ്മാണം അനുവദനീയമല്ലെന്ന കാര്യം അറിയിക്കുന്നു.

വിശ്വസ്തതയോടെ,
(ഒപ്പ്)

എ.ആർ. പ്രഭാദേവി,
അണ്ടർ സെക്രട്ടറി,
സെക്രട്ടറിക്കുവേണ്ടി

നമ്പർ 15018/സി1/97/തഭവ

തദ്ദേശ സ്വയംഭരണ വകുപ്പ്
തിരുവനന്തപുരം,
തീയതി : 16.4.1997.

സർക്കുലർ

വിഷയം: - കെട്ടിട നിർമ്മാണം - പൊതുവഴിയോടു ചേർന്നുള്ള കെട്ടിട നിർമ്മാണം -

റോഡതിർത്തിയിൽ നിന്ന് സ്ഥലം വിടുന്നതു - സംബന്ധിച്ച്.

സൂചന : - സർക്കാരിന്റെ 6.1.96 ലെ 58577/സി1/95/തഭവ. നമ്പർ സർക്കുലർ.

.....

1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ടിലെ ഭേദഗതി ചെയ്യപ്പെട്ട 220(ബി) പ്രകാരം 5.8.95 മുതൽ നാഷണൽ ഹൈവേയോടോ സ്റ്റേറ്റ് ഹൈവേയോടോ ജില്ലാ റോഡുകളോടോ ഗ്രാമ പഞ്ചായത്ത് തീരുമാനിക്കുന്ന പഞ്ചായത്തിലെ മറ്റ് റോഡുകളോടെ പൊതുവഴികളോടോ ചേർന്നുകിടക്കുന്ന ഏതെങ്കിലും ഭൂമിയിൽ ഒരാൾ തന്റെ ഭൂമിയുടെ അതിരിൽ നിന്ന് മൂന്നു മീറ്ററിൽ കുറവായ ദൂരത്തിനുള്ളിൽ ഏതെങ്കിലും കെട്ടിടമോ, എടുപ്പോ നിർമ്മിക്കുകയോ അഥവാ ഈ ആക്ട് നിലവിൽ വരുന്ന സമയത്തു പൊതുവഴിയോടുചേർന്ന് നിൽക്കുന്ന ഏതെങ്കിലും കെട്ടിടത്തിന് കൂട്ടിച്ചേർക്കലോ വിപുലീകരണമോ നടത്തുകയോ ചെയ്യാൻ പാടില്ലാത്തതാണ്.

എന്നാൽ 1995 ആഗസ്റ്റ് 5-ാം തീയതി നിലവിൽവന്ന ഭേദഗതി വ്യവസ്ഥക്ക് ഒരു പ്രചരണവും ലഭിച്ചതായി കാണുന്നില്ല. മാത്രമല്ല ഏതേത് റോഡുകളോട് ചേർന്നു കിടക്കുന്ന ഭൂമിയുടെ അതിരിൽ നിന്നാണ് മൂന്ന് മാറ്റർ കുറയാത്ത ദൂരത്തിനുള്ളിൽ ഏതെങ്കിലും കെട്ടിടമോ എടുപ്പോ (ചുറ്റുമതിൽ ഒഴികെ) നിർമ്മിച്ചുകൂടാത്തത് എന്ന് പഞ്ചായത്തുകൾ തീരുമാനം എടുത്തതായും കാണുന്നില്ലെന്ന് സർക്കാരിനു ലഭിക്കുന്ന പരാതിയിൽ നിന്നും മനസ്സിലാകുന്നു.

മേൽപ്പറഞ്ഞ കാര്യങ്ങളുടെ വെളിച്ചത്തിൽ താഴെപറയുന്ന നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

(1) എല്ലാ ഗ്രാമ പഞ്ചായത്തുകളിലും നാഷണൽ ഹൈവേയോടോ സംസ്ഥാന ഹൈവേയോടോ ജില്ലാ റോഡുകളോടോ ചേർന്നുകിടക്കുന്ന ഭൂമിയിൽ, റോഡതിർത്തിയിൽ നിന്ന് 3 മീറ്റർ ദൂരത്തിനുള്ളിൽ കെട്ടിട നിർമ്മാണം കർശനമായി നിരോധിക്കേണ്ടതാണ്.

(2) 3 മീറ്റർ ദൂര പരിധി ബാധകമാക്കേണ്ടതായ പഞ്ചായത്തിലെ മറ്റ് റോഡുകളും പൊതുവഴികളും ഏതെല്ലാമായിരിക്കണമെന്ന് ഗ്രാമ പഞ്ചായത്ത് യോഗം ചേർന്ന് നിശ്ചയിക്കണം. ഏതേത് റോഡുകളുടെ അതിരിൽ നിന്നാണ് 3 മീറ്ററിനുള്ളിൽ കെട്ടിടം പണി നിരോധിക്കേണ്ടതെന്ന് ഓരോ റോഡിന്റെയും പ്രാധാന്യം, വികസന സാദ്ധ്യത, അവിടത്തെ ജന-വാഹന സാന്ദ്രത, നിലവിലുള്ള വീതി, നീളം തുടങ്ങിയ ഘടകങ്ങളുടെ അടിസ്ഥാനത്തിൽ വേണം തീരുമാനിക്കാൻ. ഇപ്രകാരം പഞ്ചായേത്ത് യോഗം ചേർന്ന് തയ്യാറാക്കുന്ന 'റോഡ് ലിസ്റ്റ്' പൊതുജനങ്ങളുടെ അറിവിലേയ്ക്കായി പരസ്യപ്പെടുത്തേണ്ടതാണ്. അപ്രകാരം പഞ്ചായത്ത് വിജ്ഞാപനം ചെയ്ത റോഡ്ലിസ്റ്റിന് വ്യാപകമായ പരസ്യം നൽകേണ്ടതും അതിനുശേഷം പ്രസ്തുത റോഡ്ലിസ്റ്റിൽ ഉൾപ്പെടുത്തിയിട്ടുള്ള എല്ലാ റോഡുകളോടും ചേർന്നു കിടക്കുന്ന ഭൂമിയിൽ 3 മീറ്റർ ദുരത്തിനുള്ളിൽ കെട്ടിട നിർമ്മാണം നിരോധിക്കേണ്ടതും പ്രസ്തുത നിരോധനം കർശനമായി പാലിക്കേണ്ടതുമാണ്.

ഇത് എല്ലാ പഞ്ചായത്തുകൾക്കും ബാധമായിട്ടുള്ളതും അപ്രകാരം ഇതുവരെ തീരുമാനം എടുത്തിട്ടില്ലാത്ത പഞ്ചായത്തുകൾ ഇക്കാര്യം അടിയന്തിരമായി നടപ്പിൽ വരുത്തേണ്ടതുമാണ്.

എസ്.എം. വിജയാനന്ദ്,
സെക്രട്ടറി (തദ്ദേശഭരണ വകുപ്പ്)

കേരള സർക്കാർ

തദ്ദേശഭരണ (പി) വകുപ്പ്

നമ്പർ 24686/പി 3/98/ത.ഭ.വ. തിരുവനന്തപുരം, 1999 ജൂൺ 22

സർക്കുലർ

വിഷയം: തദ്ദേശഭരണ വകുപ്പ് – ജനകീയാസൂത്രണം – ഭവനനിർമ്മാണ പദ്ധതി 1997–നു മുൻപ് വനഭൂമി കൈവശമാക്കിയ ഗുണഭോക്താക്കൾ – കൈവശരേഖ സംബന്ധിച്ച് –

ജനകീയാസൂത്രണ പദ്ധതിയുടെ ഭാഗമായി പല തദ്ദേശഭരണ സ്ഥാപനങ്ങളും ''സമ്പൂർണ്ണ പാർപ്പിട പദ്ധതി'' നടപ്പിലാക്കാനാവശ്യമായ പ്രോജക്ടുകൾ തയ്യാറാക്കി വരികയാണ്. ഭവനരഹിതരിൽ നല്ലൊരു വിഭാഗം മതിയായ കൈവശാവകാശ രേഖകളില്ലാത്ത വനഭൂമിയുടെ കൈവശക്കാരാണ്. ഇപ്രകാരം 1977 –നു മുൻപ് മുതൽ മതിയായ കൈവശാവകാശ രേഖകളില്ലാതെ വനഭൂമി കൈവശം വച്ചുകൊണ്ടിരിക്കുന്ന ഭവനരഹിതർക്ക് വീടുവച്ചുകൊടുക്കേണ്ടത് അടിയന്തിര പ്രാധാന്യമുള്ള സംഗതിയാകയാൽ 1977 –നു മുൻപ് മുതൽ മതിയായ കൈവശാവകാശ രേഖകളില്ലാതെ വനഭൂമി കൈവശം വച്ചുകൊണ്ടിരിക്കുന്ന ഭവനരഹിതർക്ക് പാർപ്പിടം നൽകുന്നതിനായി കൈവശാവകാശ രേഖ സംബന്ധിച്ച് സ്പഷ്ടീകരണം നൽകണമെന്ന് പല തദ്ദേശഭരണ സ്ഥാപനങ്ങളും സർക്കാരിനോട് അഭ്യർത്ഥിക്കുകയുണ്ടായി.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 1977–നു മുൻപ് മുതൽ വനഭൂമി കൈവശം വച്ചുവരുന്നവരും; കൈവശാവകാശം സംബന്ധിച്ചയായ രേഖകളില്ലാത്തവരുമായ ഭവനരഹിതർക്ക് ജനകീയാസൂത്രണ പദ്ധതിയുടെ ഭാഗമായ ഭവനനിർമ്മാണ പദ്ധതികളിൽ ഗുണഭോക്താക്കളായി തെരഞ്ഞെടുക്കപ്പെടുന്നതിന്; ഇത്തരത്തിൽപ്പെട്ട അപേക്ഷകർ/ഗുണഭോക്താക്കൾ സംയുക്ത പരിശോധനാ റിപ്പോർട്ടിൽ (Joint Verification Report) ഉൾപ്പെട്ടിട്ടുള്ളവരാണെങ്കിൽ അവരെ സംബന്ധിച്ച പട്ടികയുടെ പകർപ്പ് ബന്ധപ്പെട്ട ജില്ലാ കളക്ടറിൽ നിന്നും ലഭ്യമാക്കുകയും പ്രസ്തുത പട്ടികയനുസരിച്ച് ബന്ധപ്പെട്ട തദ്ദേശഭരണ സ്ഥാപനാധികൃതർക്ക് ഇത്തരത്തിൽപ്പെട്ട ഗുണഭോക്താക്കളുടെ കാര്യത്തിൽ പ്രസ്തുത പട്ടിക ആധികാരിക രേഖയായി കണക്കാക്കി ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുകയും മേൽ നടപടികൾ സ്വീകരിക്കുകയും ചെയ്യാവുന്നതാണെന്ന് ഇതിനാൽ വ്യക്തമാക്കിക്കൊള്ളുന്നു.

എസ്.എം. വിജയാനന്ദ്

തദ്ദേശഭരണ വകുപ്പ് സെക്രട്ടറി

No. 11775/D1/2001/LSGD

Local Self Govt. (D) Department
Thiruvananthapuram
Dt. 27.03.2001

Circular

Sub : **KMBR -99- Construction of canopies -clarification - reg.**

Ref :- 1. G.O (MS) No. 188/99/LSGD, Dt, 01.10.1994
2. G.O (MS) No. 39/2001/LSGD, dt. 22.02.2001

It has come to the notice of Government that a plan to construct a Canopy with sheet roof attached to a petrol bunk of the side of National Highway, force the beautification of the bunk as well as for the convenience to the motorist has been rejected by the local body under the Kerala Municipal Building Rules 1999. Government have examined the issue. Government is of the view that Canopy is for public convenience and cannot be considered as a building construction as mentioned in Rule 59(3) of the building Rules. Therefore Government thereby clarify that a set back of 3 Mtrs. Only need be insisted from road boundary for the construction of Canopies.

T. Balakrishnan
Secretary to Government

Sd/ for Director of Panchayats.

GOVERNMENT OF KERALA

Abstract

Kerala Municipality Building Rules 1999 Constitution of Art and Heritage Commission Orders issued

LOCAL SELF GOVERNMENT (D) DEPARTMENT

G. O . (MS) No. 111/2000 LSGD Thiruvananthapuram , dated 19/4/2000

O R D E R

In Rule 154 in chapter XXII of Kerala Municipality Building Rules 1999 stipulates that Government may constitute an Art and Heritage Commission for the State

2. Government after having examined the matter in detail are pleased to constitute an Art and Heritage Commission for the state with the following composition.
   1. Additional Chief Secretary / Secretary (U D) Local Self Government Department Chairman.
   2. Director Panchayats
   3. Director of Municipal Administration
   4. Chief Town Planner
   5. Director, Archaeology Department
   6. Chief Engineer (Buildings) Public works Department
   7. Sri. Larry Backer , Architect, Hamlet, Nalanchira, Thiruvananthapuram
   8. Sri . Mohan Abraham , Chief Conservation Engineer Archaeology Department
3. The Functions of the Commission are as follows:
   1. To Identify areas of heritage and monuments to be preserved
   2. To Identify areas of architectural importance and buildings to be preserved
   3. To identify places or streets where a particular form of or group of architectural forms of buildings alone may be permitted and to prepare model plans elevations etc. for that place or street.
   4. To examine architectural features in respect of any building or parts thereof or their aesthetic vis- a – vis the existing structures in a particular area or street
   5. To advise Government or Municipality on any subject mentioned above and referred to it, and
   6. To submit periodical reports

   The Chief Town Planner will act as Member Secretary and co-ordinate the activities of the Commission.

   The Municipalities may insist any particular architectural or aesthetic form of construction on any street or area if so advised by the Commission.

   The Commission will be treated as class 1 commission for all purpose.

By order of the Governor
K. G. PRAKASH
Additional Secretary to Government

Copy of letter No.B2.2517/2001/CEI Dt. 5.4.2001 from the Chief Electrical Inspector to Government of Kerala, Tvpm.

....

Sub: - Measures to prevent Electrical Accidents - Inadequate clearances of HT/LT OH lines from nearby buildings - violation of Rules 79, 80 of Indian Electricity rules 1956 - reg.

Ref:- Fatal electrical accident to Rejimon on 4.5.2000 under Electrical Major Section, Ranni (North).

....

It has come to the notice of the undersigned that several cases of electrical accidents from various parts of the State are occurring due to close proximity of HT/LT electricity OH lines from buildings, flats business establishments etc. Therefore you are requested to issue strict instructions to your subordinate Officers and field staff to detect unauthorised construction near HT/LT OH lines which may violate the clearance requirement of I.E.F. 1956 and to issue notices and take appropriate action against those who are violating the Rules 79, 80, 82 , 82A etc. of I.E.R. 1956.

On noticing such unauthorised construction as said above, the concerned parties may be directed to stop such unauthorised constructions forthwith and they should be informed that they will be held responsible for any electrical accidents occuring due to unauthorised constructions. The above constructions may be stopped forthwith with the help of concerned local bodies and Police Officers. The concerned Electrical Inspector of the area may also be informed for making site inspections and for taking necessary steps required under statutes. However it is to be specifically noted that as the owner of the supply lines it is the sole responsibility of supplier to maintain statutory clearance as per the various provisions of Rules 79, 80, 82 A etc. and take immediate actions against those who are violating the above Rules.

You may also intimate the local authorities of the area regarding the above provisions and they may be requested to issue approval for constructions near/below supply lines, only if adequate clearances can be maintained for such constructions on the basis of production of certificate from the Electrical Inspector concerned. The receipt of this letter may please be acknowledged.

Sd/-

Chief Electrical Inspector.

26.6.2003 ൽ കേരള സർക്കാർ ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടറുടെ കാര്യാലയം തിരുവനന്തപുരം ബി2 -19776/02/സി.ഇ.ഐ. നമ്പറായി ഡയറക്ടർ, പഞ്ചായത്ത് ഡയറക്ടറേറ്റ് ചട്ടം, തിരുവനന്തപുരത്തിന് അയച്ച കത്തിന്റെ പകർപ്പ്: -

വിഷയം: - വൈദ്യുതി വിതരണ ലൈനുകൾക്ക് സമീപം നിയമാനുസൃതമല്ലാതെ കെട്ടിടം പണിയുന്നത് - സംബന്ധിച്ച്.

സൂചന : - 14.2.03 ന് എറണാകുളം ജില്ലയിലെ ചിലവന്നൂർ എന്ന സ്ഥലത്ത് ഒരാളുടെ മരണത്തിനിടയാക്കിയ വൈദ്യുതാപകടം.

.....

മുകളിൽ സൂചിപ്പിച്ച വിഷയത്തിലേക്ക് താങ്കളുടെ ശ്രദ്ധ ക്ഷണിക്കുന്നു. സംസ്ഥാനത്ത് പല സ്ഥലങ്ങളിലും വൈദ്യുതി ലൈനുകൾക്ക് സമീപം വേണ്ടത്ര സുരക്ഷാ അകലം പാലിക്കാതെ താൽക്കാലിക ഷെഡ്ഡുകൾ/കെട്ടിടങ്ങൾ പണിയുന്നതായി കാണുന്നു. ഇത്തരത്തിൽ കെട്ടിടങ്ങൾ പണിയുന്നത് നിയമവിരുദ്ധവും, ഇൻഡ്യൻ ഇലക്ട്രിസിറ്റി റൂൾ 1956 ന്റെ ചട്ടം 82 ന്റെ ലംഘനവുമാണ്. ഇത്തരത്തിലുള്ള പണികൾ ആരംഭിക്കുന്നതിന് മുമ്പ് കെട്ടിട ഉടമകൾ ബന്ധപ്പെട്ട കെ.എസ്.ഇ.ബി. അധികൃതരെ അറിയിക്കുകയും ജില്ലാ ഇല്കട്രിക്കൽ ഇൻസ്പെക്ടറുടെ രേഖാമൂലമുള്ള അനുവാദം വാങ്ങേണ്ടതുമാകുന്നു. ഇങ്ങനെ കേരളാ വൈദ്യുതി ബോർഡിൽ അറിയിച്ച് അവരിൽ നിന്നും അനുവാദവും ബന്ധപ്പെട്ട ജില്ലാ ഇലക്ട്രിക്കൽ ഇൻസ്പെക്ടറിൽ നിന്നും സുരക്ഷാ സർട്ടിഫിക്കറ്റും വാങ്ങിയാൽ മാത്രമേ വൈദ്യുതി ലൈനുകൾക്ക് സമീപം (ലൈനുകൾക്ക് താഴെയോ/സമീപമോ) കെട്ടിടങ്ങളോ ഷെഡ്ഡുകളോ (സ്ഥിരമായും/താൽക്കാലികമായും) പണിയുവാൻ ബന്ധപ്പെട്ട മുനിസിപ്പാലിറ്റിയോ/കോർപ്പറേഷനോ പഞ്ചായത്തോ അനുവാദം നൽകുവാൻ പാടുള്ളു എന്ന് വ്യക്തമായി നിർദ്ദേശം നൽകുവാൻ അഭ്യർത്ഥിക്കുന്നു. പൊതുജനങ്ങളുടെ ജീവനും സ്വത്തിനും സുരക്ഷ ഉറപ്പുവരുത്തുവാൻ മേൽ നിർദ്ദേശം അത്യാവശ്യമായതിനാൽ ഇക്കാര്യത്തിൽ താങ്കളുടെ പ്രത്യേക ശ്രദ്ധ ഉണ്ടാകുമെന്ന് വിശ്വസിക്കുന്നു.

വിശ്വസ്തതയോടെ,
(ഒപ്പ്)
ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടർക്കുവേണ്ടി

കേരള സർക്കാർ

നം. 56562/എം2/03/തസ്വഭവ

തദ്ദേശ സ്വയംഭരണ (എം) വകുപ്പ്,
തിരുവനന്തപുരം,
തീയതി :20..12.2003

പഞ്ചായത്ത് ഡയറക്ടർ
തിരുവനന്തപുരം.

സർ,

വിഷയം: - തീരദേശ നിയമം ലംഘിച്ചു കെട്ടിട നിർമ്മാണം - സംബന്ധിച്ച്.

സൂചന : - ശാസ്ത്ര സാങ്കേതിക പരിസ്ഥിതി വകുപ്പ് പ്രിൻസിപ്പൾ സെക്രട്ടറിയുടെ 22.10.03 ലെ 3265/എ1/2003/സ്റ്റെഡ് നം. കത്ത്.

....

സൂചനയിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നതോടൊപ്പം താഴെപ്പറയുന്ന നിർദ്ദേശങ്ങൾ നൽകുന്നു.

വേലിയേറ്റ രേഖയിൽ നിന്നും 200 മീറ്റർ പരിധിയിൽ കേരള കോസ്റ്റൽ സോൺ മാനേജ്മെന്റ് അതോറിറ്റിയുടെ അംഗീകാരമില്ലാതെ യാതൊരു നിർമ്മാണവും അനുവദിക്കാൻ പാടുള്ളതല്ല. 200 മീറ്റർ 500 മീറ്റർ പരിധിക്കുള്ളിൽ തദ്ദേശ വാസികൾക്ക് നിലവിലുള്ള തീരദേശ നിയമപ്രകാരം വാസഗൃഹങ്ങൾ നിർമ്മിക്കാൻ മാത്രമായി അനുവാദം നൽകാവുന്നതാണ്. അംഗീകാരമില്ലാതെ ഏതെങ്കിലും കെട്ടിടങ്ങൾ തീരദേശ നിയന്ത്രണ മേഖലയിൽ നിർമ്മിച്ചിട്ടുണ്ടെങ്കിൽ അവയൊക്കെ അനധികൃതമാണ്. ആവശ്യമായ നിയമ നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

വിശ്വസ്തതയോടെ,

വി.പി.എമ്മ,
ഡെപ്യൂട്ടി സെക്രട്ടറി
ഗവ. സെക്രട്ടറിക്കുവേണ്ടി

തദ്ദേശ സ്വയംഭരണ (ഡി) വകുപ്പ്

6792/ ഡി.പി.1/2004/ തസ്വഭവ

തദ്ദേശ സ്വയംഭരണ (ഡി) വകുപ്പ്
തിരുവനന്തപുരം
തീയതി: 17.03.2004

സർക്കുലർ

വിഷയം : തദ്ദേശ സ്വയംഭരണവകുപ്പ്-മേൽക്കൂര മഴവെള്ള സംഭരണം- വിശദീകരണക്കുറിപ്പും മാർഗ്ഗനിർദ്ദേശങ്ങളും പുറപ്പെടുവിക്കുന്നു.

സൂചന : 1) 12.1.04 ലെ സ.ഉ. (എം.എസ്.)19/2004/തസ്വഭവ നമ്പർ ഉത്തരവ്
2) 17.3.04 ലെ സ.ഉ. (എം.എസ്.)96/2004/തസ്വഭവ നമ്പർ ഉത്തരവ്

സംസ്ഥാനത്തെ കെട്ടിടങ്ങളിൽ മഴവെള്ള സംഭരണ സംവിധാനം ബാധകമാക്കിക്കൊണ്ട് 1999-ലെ കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങളിൽ സൂചന (1) ഉം(2) ഉം പ്രകാരം സർക്കാർ ഭേദഗതി വരുത്തി ഉത്തരവായിട്ടുണ്ട്. പ്രസ്തുത ചട്ടങ്ങളിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ചില സംശയങ്ങൾ ഉണ്ടായിട്ടുള്ളതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിരിക്കുന്നു. ഈ സംശയങ്ങൾ ദൂരീകരിക്കുന്നതിനായി ഒരു വിശദീകരണക്കുറിപ്പും മാർഗ്ഗനിർദ്ദേശങ്ങളും ഇതിനോടൊപ്പം അനുബന്ധമായി ചേർത്തിരിക്കുന്നു.

എൻ. വേലപ്പൻ നായർ
ഡെപ്യൂട്ടി സെക്രട്ടറി

അനുബന്ധം:

മഴവെള്ള സംഭരണം

2004 ജനുവരി 12-ാം തീയതിയിലെ സ.ഉ. (എം.എസ്.) നം. 19/2004/തസ്വഭവ, 2004 മാർച്ച് 17 ാം തീയതിയിലെ സ. ഉ. (എം.എസ്.) നം. 96 /2004/ത.സ്വ.ഭ.വ എന്നിവയുടെ വിശദീകരണക്കുറിപ്പും മാർഗ്ഗനിർദ്ദേശങ്ങളും

1. മേൽക്കൂര മഴവെള്ള സംഭരണവും കൃത്രിമ ഭൂജല പോഷണവും എന്തിന്?

പ്രതിവർഷം 3000 മില്ലിമീറ്ററോളം മഴ ലഭിക്കുന്ന സംസ്ഥാനമാണ് കേരളം. എന്നാൽ ഭൂ പ്രകൃതിയുടെ പ്രത്യേകത, കുറഞ്ഞവീതി, കടൽ സാമീപ്യം എന്നീ കാരണങ്ങളാൽ ഉയർന്ന നീരൊഴുക്കിന് ഇടയാകുന്നു. ഇതിനാൽ ലഭിക്കുന്ന മഴയുടെ ഏകദേശം 60 ശതമാനവും അറബിക്കടലിൽ തന്നെ നീരൊഴുക്കായി എത്തുന്നു എന്നാണ് കണക്കുകൾ സൂചിപ്പിക്കുന്നത്. നിലവിൽത്തന്നെ പ്രതിവർഷം നമ്മുടെ ജല ആവശ്യകതയിൽ 12 ശതമാനം കുറവുണ്ടായിരിക്കെ, വർദ്ധിച്ചുവരുന്ന ഉപഭോഗം മൂലം ഭാവിയിൽ രൂക്ഷമായ ജലക്ഷാമം അനുഭവപ്പെടാൻ ഇടയുണ്ട്. പരിസ്ഥിതി പ്രശ്നങ്ങൾ, ഉയർന്ന ജനസാന്ദ്രത, പരന്നുകിടക്കുന്ന അധിവാസവ്യവസ്ഥ എന്നീ കാരണങ്ങളാൽ വൻകിട ജലസേചന-കുടിവെള്ള പദ്ധതികൾ ആസൂത്രണം ചെയ്ത് ആവശ്യാനുസരണം നടപ്പിലാക്കുന്നതിന് ഏറെ പരിമിതികളുണ്ട്.

ഗാർഹിക-ഗാർഹികേതര ആവശ്യങ്ങൾക്കുള്ള വെള്ളത്തിനായി നാം നദികളേയും തടാകങ്ങളേയും കിണറുകൾ ഉൾപ്പെടുന്ന ഭൂഗർഭ ജലസ്രോതസ്സുകളേയും ആശ്രയിക്കുന്നു. ഈ സ്രോതസ്സുകളെയെല്ലാം സമ്പുഷ്ടമാക്കുന്നത് മഴവെള്ളമാണ്. ഏതാണ്ട് 38000 ചതുരശ്ര കിലോമീറ്റർ വിസ്തീർണ്ണത്തിൽ മൂന്ന് മീറ്റർ ആഴത്തിൽ സംഭരിക്കാവുന്നത്ര മഴവെള്ളമാണ് വർഷാവർഷം നമുക്ക് ലഭിക്കുന്നത്. ലഭിക്കുന്ന മഴവെള്ളം കഴിയുന്നിടത്തോളം ശേഖരിച്ചു സൂക്ഷിക്കാനായാൽ വേനൽക്കാലത്ത് ജലദൗർലഭ്യത്തിന് നല്ലൊരളവ് പരിഹാരമാകും. കൂടാതെ ഭൂമിക്കടിയിലേക്ക് മഴവെള്ളം ഊർന്നിറങ്ങുന്നതിന്റെ നിരക്ക് വർദ്ധിപ്പിക്കാൻ കഴിഞ്ഞാൽ നല്ലൊരളവ് മഴവെള്ളം ഭൂമിക്കടിയിൽ തന്നെ സൂക്ഷിക്കാനും, വേനലിൽ കിണറ്റിലും കുളത്തിലുമൊക്കെയുള്ള ഉറവകളായി തിരിച്ചെടുക്കാനും കഴിയും.

നമുക്ക് ലഭിക്കുന്ന മഴവെള്ളം സംഭരിക്കുകയും സൂക്ഷിച്ചുവയ്ക്കുകയും ചെയ്യുന്ന പ്രക്രിയയെയാണ് മഴവെള്ള സംഭരണം എന്നു പറയുന്നത്.

മഴവെള്ള സംഭരണത്തിന്റെയും കൃത്രിമ ഭൂജല പോഷണത്തിന്റെയും ആവശ്യകത

വേനൽക്കാലത്ത് അനുഭവപ്പെടുന്ന ജലദൗർലഭ്യം പരിഹരിക്കുന്നതിന്.
ഭൂഗർഭ ജല നിരപ്പ് താഴുന്നത് തടയുന്നതിന്.
ഭൂഗർഭ ജല ലഭ്യത വർദ്ധിപ്പിക്കുന്നതിന്
മഴവെള്ളത്തിന്റെ ഭൂമിയിലേയ്ക്കുള്ള ഊർന്നിറങ്ങൽ കൂട്ടുന്നതിന്
ഭൂഗർഭ ജലത്തിന്റെ ഗുണമേന്മ കൂട്ടുന്നതിന്

മഴവെള്ള സംഭരണം കൊണ്ടുള്ള പ്രയോജനം

ജലവിതരണ സംവിധാനങ്ങളുടെ ആയുസ് നീളുന്നു
കിണറുകളിലെയും കുളങ്ങളിലെയും ജല ലഭ്യത കൂടുന്നു
ഉപരിതല നിർഗ്ഗമനത്തിലൂടെ പാഴാകുന്ന ജലത്തിന്റെ അളവു കുറയുന്നു.
ഭൂജല നിരപ്പ് ഉയർത്തുന്നു.
ഭൂമിയ്ക്കടിയിൽ ജലം ശേഖരിക്കുന്നതിന് ഭൂമിയുടെ ഉപരിതലത്തിൽ ശേഖരിക്കുന്നതിനേക്കാൾ ചെലവ് കുറവാണ്

സംസ്ഥാനത്ത് 2004 ജനുവരി 12-ാം തീയതിയിലെ സർക്കാർ ഉത്തരവ് (എം.എസ്.) നമ്പർ, 19/2004 തസ്വഭവ., 2004 മാർച്ച് 17-ാം തീയതിയിലെ സ. ഉ. (എം.എസ്) നം. 96 /2004 ത.സ്വ.ഭ.വ. പ്രകാരവും പുതിയ കെട്ടിട നിർമ്മാണങ്ങൾക്ക് മഴവെള്ള സംഭരണ സംവിധാനം ബാധകമാക്കുന്ന രീതിയിൽ 1999-ലെ കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങളിൽ ഭേദഗതി വരുത്തിയിട്ടുണ്ട്. പ്രസ്തുത ഭേദഗതി പ്രകാരം പുതുതായി നിർമ്മിക്കുന്ന കെട്ടിടങ്ങൾക്ക്(1) മേൽക്കൂര മഴവെള്ള സംഭരണ സംവിധാനം (2) കൃത്രിമ ഭൂജല പോഷണ സംവിധാനം എന്നിവ നിബന്ധനകൾക്കു വിധേയമായി ഏർപ്പെടുത്തണമെന്ന് നിഷ്ക്കർഷിച്ചിരിക്കുന്നു. ഇതു സംബന്ധമായ വിശദീകരണമാണ് താഴെ കൊടുത്തിരിക്കുന്നത്.

(1) മേൽക്കൂര മഴവെള്ള സംഭരണ സംവിധാനം

കെട്ടിടങ്ങളുടെ മേൽക്കൂരയിൽനിന്നുള്ള മഴവെള്ളം അരിച്ച് ശുദ്ധമാക്കി ജലസംഭരണികളിൽ ശേഖരിക്കുന്ന രീതിയാണിത്. ചില വിഭാഗങ്ങളിൽപ്പെടുന്ന പുതിയ കെട്ടിട നിർമ്മാണങ്ങൾക്ക് ഈ സംവിധാനം ബാധകമാക്കിയിട്ടുണ്ട്.

ഓല/പുൽവസ്തുക്കൾ എന്നിവയാൽ കൂരമേഞ്ഞ കെട്ടിടങ്ങൾക്ക് മഴവെള്ള സംഭരണസംവിധാനം നിഷ്കർഷിക്കേണ്ടതില്ല.

പ്രവർത്തനക്ഷമമായ മഴവെള്ള സംഭരണ സംവിധാനത്തിന്റെ ഘടകങ്ങളിൽ താഴെ പറയുന്നവ ഉൾപ്പെടുത്തേണ്ടതാണ്.

(1) മേൽക്കുരവൃഷ്ടിപ്രദേശം (roof catchment area)
(2)മേൽക്കുരയിലെ ഗട്ടറുകൾ അഥവാ വെള്ളപ്പാത്തികൾ (roof gutters)
(3) ഡൗൺ പൈപ്പ്-ആദ്യ ഫ്ളഷ് പൈപ്പ് സംവിധാനം (first flush arrangement)
(4) അരിപ്പ് യൂണിറ്റ്. (filter unit)
(5) ജലസംഭരണി-വെള്ളം പുറത്തെടുക്കാനും, അധിക ജലം ഒഴുകി പോകാനുമുള്ള സൗകര്യങ്ങളോട് കൂടിയവ (storage tank with provision for drawing water and spillover)

(2) കൃത്രിമ ഭൂജല പോഷണ സംവിധാനം

മേൽക്കൂരയിൽ നിന്നുള്ള മഴവെള്ളം ഭൂജല പോഷണ കിണർ/ ഭൂജല പോഷണകുഴിയിലേയ്ക്ക് (recharge wells/ percolation pits) എത്തിച്ച് ഭൂഗർഭ ജല ലഭ്യത വർദ്ധിപ്പിക്കുന്നതിനുള്ള സംവിധാനമാണിത്. ഈ സംവിധാനം എല്ലാ പുതിയ കെട്ടിട നിർമ്മാണങ്ങളിലേയും അവശ്യഘടകമായിരിക്കും.

മേൽക്കൂര മഴവെള്ള സംഭരണ-കൃത്രിമ ഭൂജല പോഷണ സംവിധാനങ്ങൾ ഏർപ്പെടുത്തേണ്ടതെപ്പോൾ?

വിഭാഗം	മേൽക്കുര മഴവെള്ള സംഭരണ സംവിധാനം	കൃത്രിമ ഭൂജലപോഷണ സംവിധാനം
വാസഗൃഹങ്ങൾ വിഭാഗം A1	100 ച. മീറ്ററോ അതിലധികമോ തറവിസ്തീർണ്ണവും floor area)* 200 ച.മീറ്ററോ അതിലധികമോസ്ഥല വിസ്തീർണ്ണവും (plot area) ഉള്ള കെട്ടിടങ്ങൾക്ക് മേൽപ്പറഞ്ഞ രണ്ടു വ്യവസ്ഥകളും ഒരുമിച്ച് ബാധകമായാൽ മാത്രം ഈ സംവിധാനം ആവശ്യമാണ്.	എല്ലാപുതിയകെട്ടിട നിർമ്മാണങ്ങളിലും ആവശ്യമാണ്.
പ്രത്യേക വാസഗൃഹങ്ങൾ വിഭാഗം A2	എല്ലാ പുതിയ കെട്ടിട നിർമ്മാണങ്ങളിലും ആവശ്യമാണ്.	"
വിദ്യാഭ്യാസം വിഭാഗം B	എല്ലാ പുതിയ കെട്ടിട നിർമ്മാണങ്ങളിലും ആവശ്യമാണ്.	എല്ലാ പുതിയ കെട്ടിട നിർമ്മാണങ്ങളിലും ആവശ്യമാണ്.
വൈദ്യം/ ആശുപത്രി വിഭാഗം C	എല്ലാ പുതിയ കെട്ടിട നിർമ്മാണങ്ങളിലും ആവശ്യമാണ്.	എല്ലാ പുതിയ കെട്ടിട നിർമ്മാണങ്ങളിലും ആവശ്യമാണ്.
സമ്മേളന കാര്യാലയം വിഭാഗം D	എല്ലാ പുതിയ കെട്ടിട നിർമ്മാണങ്ങളിലും ആവശ്യമാണ്.	എല്ലാ പുതിയ കെട്ടിട നിർമ്മാണങ്ങളിലും ആവശ്യമാണ്.
ബിസിനസ് വിഭാഗം E	എല്ലാ പുതിയ കെട്ടിട നിർമ്മാണങ്ങളിലും ആവശ്യമാണ്.	എല്ലാ പുതിയ കെട്ടിട നിർമ്മാണങ്ങളിലും ആവശ്യമാണ്
വാണിജ്യം/ കച്ചവട വിഭാഗംF	ആവശ്യമില്ല	എല്ലാ പുതിയ കെട്ടിട നിർമ്മാണങ്ങളിലും ആവശ്യമാണ്.
വ്യവസായം/ വിഭാഗം G1 വിഭാഗം G 2	വർക്ക്ഷോപ്പുകൾ, അസംബ്ളി പ്ലാന്റുകൾ, ലബോറട്ടറികൾ, ഡ്രൈക്ലീനിംഗ്പ്ലാന്റുകൾ, പൗവർ പ്ലാന്റുകൾ, ഗ്യാസ് പ്ലാന്റുകൾ റിഫൈനറികൾ, ഡയറികൾ, ഭക്ഷ്യസംസ്	എല്ലാ പുതിയ കെട്ടിട നിർമ്മാണങ്ങളിലും ആവശ്യമാണ്.

	ക്കരണ ശാലകൾ, സർക്കാർ സമയാസമയ ങ്ങളിൽ വിജ്ഞാപനം നടത്തുന്ന മറ്റു വിനി യോഗങ്ങൾ എന്നിവയ്ക്കുമാത്രം ആവശ്യമാണ്	
സ്റ്റോറേജ് വിഭാഗം H ഹാനികരം	ആവശ്യമല്ല	എല്ലാ പുതിയ കെട്ടിട നിർമ്മാണങ്ങ ളിലും ആവശ്യമാണ്.
വിഭാഗം I (1)	വാഹനങ്ങൾ കഴുകുന്നതിനുള്ള സ്റ്റാൾ, വാഹന സർവ്വീസ് സ്റ്റേഷനുകൾ, സർവ്വീസ് ഗ്യാരേജുകൾ (വാഹന കേടുപാടുകൾ തീർക്കുന്ന സൗകര്യങ്ങൾ ഉൾപ്പെടെ) സർക്കാർ സമയാസമയങ്ങളിൽ വിജ്ഞാപനം നടത്തുന്ന മറ്റു വിനിയോഗങ്ങൾ എന്നിവയ്ക്ക് മാത്രം ആവശ്യമാണ്	എല്ലാ പുതിയ കെട്ടിട നിർമ്മാണങ്ങ ളിലും ആവശ്യമാണ്.
ഹാനികരം ളിലും	ആവശ്യമില്ല വിഭാഗം I (2)	എല്ലാ പുതിയ കെട്ടിട നിർമ്മാണങ്ങ ആവശ്യമാണ്

കുറിപ്പ്. * തറ വിസ്തീർണ്ണം (floor area) എന്നാൽ എല്ലാ നിലകളിലും കൂടിയുള്ള കെട്ടിടത്തിന്റെ ആകെ തറവിസ്തീർണ്ണം ആയി കണക്കാക്കേണ്ടതാണ്.

ഉദാഹരണത്തിന്

(എ) 7 സെന്റ് സ്ഥലത്ത് 75 ച.മീ. (ഏകദേശം 800 ച.അടി) വിസ്തീർണ്ണമുള്ള വീടിന് കൃത്രിമ ഭൂജല പോഷണ സംവിധാനം മാത്രം ഏർപ്പെടുത്തിയാൽ മതിയാകും.

(ബി) 3 സെന്റ് വസ്തുവിൽ പണിയുന്ന 150 ച.മീ. വിസ്തൃതിയുള്ള വീടിന് കൃത്രിമ ഭൂജല പോഷണ സംവിധാനം മാത്രം ഏർപ്പെടുത്തിയാൽ മതിയാകും.

(സി) 5 സെന്റ് ഭൂമിയിൽ 100 ച.മീ. വിസ്തൃതിയിൽ പണിയുന്ന വീടിന് മേൽക്കൂര മഴവെള്ള സംഭ രണ സംവിധാനവും കൃത്രിമ ഭൂജല പോഷണ സംവിധാനവും ഏർപ്പെടുത്തണം.

(ഡി) പുതുതായി നിർമ്മിക്കുന്ന സ്കൂൾ/ വിദ്യാഭ്യാസ കെട്ടിടത്തിന് മേൽക്കൂര മഴവെള്ള സംഭ രണ സംവിധാനവും കൃത്രിമ ഭൂജല പോഷണ സംവിധാനവും ഏർപ്പെടുത്തണം.

(ഇ) കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ വിഭാഗം F-ൽ പെടുന്ന പുതുതായി നിർമ്മിക്കുന്ന കട കൾക്ക് കൃത്രിമ ഭൂജല പോഷണ സംവിധാനം മാത്രം ഏർപ്പെടുത്തിയാൽ മതിയാകും .

(എഫ്) പുതുതായി നിർമ്മിക്കുന്ന ലോഡ്ജ്/ഹോട്ടൽ കെട്ടിടങ്ങൾക്ക്, മേൽക്കൂര മഴവെള്ള സംഭ രണ സംവിധാനവും കൃത്രിമ ഭൂജല പോഷണ സംവിധാനവും ഏർപ്പെടുത്തണം.

(ജി) പുതുതായി നിർമ്മിക്കുന്ന കല്യാണ മണ്ഡപം ഹാളിന് മേൽക്കൂര മഴവെള്ള സംഭരണ സംവിധാനവും കൃത്രിമ ഭൂജല പോഷണ സംവിധാനവും ഏർപ്പെടുത്തണം.

(എച്ച്) പുതുതായി നിർമ്മിക്കുന്ന വാഹന സർവ്വീസ് സ്റ്റേഷന് മേൽക്കൂര മഴവെള്ള സംഭരണ സംവി ധാനവും കൃത്രിമ ഭൂജല പോഷണ സംവിധാനവും ഏർപ്പെടുത്തണം.

മേൽക്കൂര മഴവെള്ള സംഭരണവും, ഭൂജല പോഷണവും ഒരുമിച്ച് ഏർപ്പെടുത്തേണ്ട സന്ദർഭങ്ങളിൽ ചുവടെ ചേർത്തിരിക്കുന്ന ചിത്രങ്ങളിൽ കാണിച്ചിരിക്കുന്ന സംവിധാനം അവലംബിക്കാവുന്നതാണ്.

ചരിഞ്ഞ കൂര Option 1



ചരിഞ്ഞ കൂര Option 2



പരന്ന കൂര Option 1



പരന്ന കൂര Option 2



ബി) ഭൂജല പോഷണ സംവിധാനം മാത്രം, ഭൂജല പോഷണകുഴി വഴി നടപ്പാക്കേണ്ട സന്ദർഭങ്ങളിൽ ചുവടെ ചേർത്തിരിക്കുന്ന ചിത്രങ്ങളിൽ കാണിച്ചിരിക്കുന്ന രീതി സ്വീകരിക്കാവുന്നതാണ്.

പരന്നകൂര ചരിഞ്ഞ കൂര



ഇത്തരം സന്ദർഭങ്ങളിൽ ആദ്യ ഫ്ളാഷ് പൈപ്പ് സംവിധാനം, അരിപ്പ് യൂണിറ്റ് എന്നിവ അത്യാവശ്യമല്ല.

സി) ഭൂജല പോഷണ സംവിധാനം മാത്രം നിഷ്ക്കർഷിക്കുന്ന അവസരങ്ങളിൽ, നിലവിലുള്ള കിണർ ഭൂജല പോഷണത്തിനായി ഉപയോഗിക്കുമ്പോൾ, ചുവടെ ചിത്രത്തിലെ രീതി സ്വീകരിക്കാവുന്നതാണ്.



2. ഗട്ടറുകൾ അഥവാ വെള്ളപ്പാത്തികൾ (rooof gutters)



ചരിഞ്ഞ മേൽക്കൂരയുടെ താഴെ അറ്റത്തായി ചുറ്റിലും മേൽക്കൂരയിൽ നിന്നും ഒഴുകിവരുന്ന വെള്ളം ശേഖരിച്ച് താഴേക്കുള്ള പൈപ്പുകളിലേക്കെത്തിക്കാനായി ഗട്ടറുകൾ കൊടുക്കുന്നു. അർദ്ധവൃത്താകൃതിയിലോ, ചതുരാകൃതിയിലോ ഉള്ള ഗട്ടറുകൾ ഉപയോഗിക്കാം. ഇവ ഗാൽവനൈസ്ഡ് അയേൺ ഷീറ്റു കൊണ്ടോ, പി.വി.സി. പൈപ്പുകൾ (ആവശ്യമായ അളവിലുള്ളത്) മുറിച്ചോ ഉണ്ടാക്കാവുന്നതാണ്. ഇത്തരം ഗട്ടറുകൾക്ക് ആവശ്യമായ താങ്ങ് കൊടുക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

പരന്ന മേൽക്കൂരയാണെങ്കിൽ ആവശ്യമെങ്കിൽ മാത്രം ഗട്ടറുകൾ കൊടുത്താൽ മതിയാകുന്നതാണ്. മേൽക്കുരയുടെ ഉപരിതലത്തിന് താഴേക്കുള്ള പൈപ്പിന്റെ സ്ഥാനത്തേക്ക് ചരിവ് നൽകിയാലും മതിയാകുന്നതാണ്. ഗട്ടറുകൾ ഡൗൺപൈപ്പുമായി ബന്ധിക്കുന്ന സ്ഥാനത്ത് ഇലകളും മറ്റും തടയാനുതകുന്ന വലിയ കണ്ണികളുള്ള വല അഥവാ ഗ്രിറ്റ് നൽകാൻ ശ്രദ്ധിക്കേണ്ടതാണ്.

3. ഡൗൺ പെപ്പ് ആദ്യഫ്ളാഷ് സിസ്റ്റം Down Pipe & First Flush System

മേൽക്കൂരയിൽ നിന്നുള്ള മഴവെള്ളം, സംഭരണികളിലേയ്ക്കെത്തിക്കുന്നതിനുള്ള പൈപ്പുകളാണ് ഡൗൺ പൈപ്പുകൾ. പി.വി.സി, ജി.ഐ. പൈപ്പുകളാണ് സാധാരണ ഉപയോഗിക്കുന്നത്. പൈപ്പിന്റെ വ്യാസം മഴയുടെ ലഭ്യതയുമായി ബന്ധപ്പെടുത്തി കണക്കാക്കാവുന്നതാണ്.

മഴ തുടങ്ങി കുറച്ചു സമയത്തേക്ക് ഡൗൺ പൈപ്പിലൂടെ ഒഴുകിയെത്തുന്ന ജലത്തിൽ പൊടിയും മറ്റ് മാലിന്യങ്ങളും ഉയർന്ന അളവിൽ ഉണ്ടായിരിക്കും. അതിനാൽ ഈ ജലം സംഭരണികളിലേക്കെത്താതെ ഒഴുക്കികളയേണ്ടതുണ്ട്. ഇതിനുള്ള വാൽവ് സംവിധാനമാണ് ആദ്യഫ്ളാഷ് സിസ്റ്റം ചുവടെ ചിത്രത്തിലേതുപോലെയോ, ഉചിതമായ മറ്റേതെങ്കിലും രീതിയിലോ ആദ്യ ഫ്ളഷ് സംവിധാനം ഏർപ്പെടുത്താവുന്നതാണ്.

ഫ്ളഷ് വാൽവ് തുറന്ന നിലയിൽ



ഫ്ളഷ് വാൽവ് അടച്ച നിലയിൽ



ആദ്യത്തെ ഉദ്ദേശം 10 മിനിട്ടു നേരത്തെ മഴവെള്ളം സംഭരണിയിലേക്ക് പോകാതെ ഫ്ളാഷ് വാൽവ് വഴി പുറത്തു കളയണം.

തുടർന്ന് ഫ്ളാഷ് വാൽവ് അടച്ചശേഷം സംഭരണിയിലേയ്ക്കുള്ള വാൽവ് തുറന്നു കൊടുക്കണം

4. അരിപ്പ് (Filter Unit)

മേൽക്കൂരയിൽ നിന്നും ഡൗൺ പൈപ്പുകൾ വഴി സംഭരണിയിലേക്കെത്തുന്ന ജലം പരമാവധി ശുദ്ധമായിരിക്കേണ്ടതുണ്ട്. ഇതിനായി വെള്ളത്തിൽ കലങ്ങിയിരിക്കുന്ന മാലിന്യങ്ങൾ നീക്കം ചെയ്യേണ്ടതുണ്ട്. ഇതിനായി ആദ്യ ഫ്ളാഷ് സിസ്റ്റത്തിനും സംഭരണിക്കുമിടയ്ക്കായി അരിപ്പ് (filter unit) സ്ഥാപിക്കുന്നു. കരിക്കട്ട, മണൽ, ഗ്രാവൽ മുതലായവ അരിക്കുന്നതിനായി ഫിൽട്ടറുകളിൽ ഉപയോഗിക്കുന്നു. സാധാരണ ഉപയോഗത്തിനുചിതമായ ചില അരിപ്പുകളുടെ വിശദാംശങ്ങൾ ചിത്രത്തിൽ കൊടുത്തിരിക്കുന്നു. മഴവെള്ളത്തിന്റെ അളവും, സംഭരിച്ച ജലത്തിന്റെ ഉപയോഗവും അനുസരിച്ച് ഫിൽറ്ററുകളുടെ അളവിനും രൂപകൽപ്പനയ്ക്കും ആവശ്യമായ വ്യതിയാനങ്ങൾ വരുത്താവുന്നതാണ്. മാലിന്യങ്ങൾമൂലം വെള്ളത്തിന്റെ ഗുണമേന്മ കുറയുന്ന അവസരങ്ങളിൽ അരിപ്പ് യൂണിറ്റിലെ ഘടകവസ്തുക്കൾ പുതുതായി മാറ്റി ഉപയോഗിക്കേണ്ടതാണ്.

മേൽക്കുരയിൽ നിന്നുള്ള മഴവെള്ളം ഡൗൺ പൈപ്പിലൂടെ

അഭികാമ്യം



അരിപ്പുകളുടെ വിവിധ ഘടനകൾ



5. ജല സംഭരണി (storage tank)

ജല സംഭരണികൾ(വിവിധ ആകൃതികളിലും അളവുകളിലും വസ്തുക്കളിലും ഉള്ളവ) ആവശ്യാനുസരണം നിർമ്മിക്കുകയോ, മുൻകൂട്ടി നിർമ്മിച്ചവ ഉപയോഗിക്കുകയോ ചെയ്യാവുന്നതാണ്. ആർ.സി.സി. ഫെറോ സിമന്റ്, മേസൺറി, മെറ്റൽ പി.വി.സി. മുതലായവയിലുള്ള സംഭരണികൾ ആവശ്യാനുസൃതം ഉപയോഗിക്കാവുന്നതാണ്. സ്ഥലലഭ്യതയും സൗകര്യവും അനുസരിച്ച് ഭൂനിരപ്പിനു മുകളിലോ, ഭാഗികമായി/പൂർണ്ണമായി ഭൂമിക്കടിയിലായോ സംഭരണികൾ നിർമ്മിക്കാവുന്നതാണ്. സംഭരണികൾ വൃത്തിയാക്കാനുള്ള സൗകര്യംകൂടി ഏർപ്പെടുത്തിയിരിക്കണം. സംഭരണിയിൽ നിന്നും വെള്ളം പുറത്തെടുക്കാനും അധികജലം ഒഴുകിപ്പോകുവാനുമുള്ള സൗകര്യങ്ങൾ ഉണ്ടായിരിക്കണം.





ജലസംഭരണിയുടെ കുറഞ്ഞ ശേഷി താഴെ പറയുന്ന നിരക്കിൽ കണക്കാക്കണം

വിനിയോഗ വിഭാഗം Occupancy Group	സംഭരണിയുടെ കുറഞ്ഞശേഷി
വിഭാഗം A1	25 ലിറ്റർ/ ച.മീ. നിരക്കിൽ മൊത്തം തറ വിസ്തീർണ്ണത്തിന്
വിഭാഗം A2	25 ലിറ്റർ/ ച.മീ. നിരക്കിൽ മൊത്തം തറ വിസ്തീർണ്ണത്തിന്
വിഭാഗം B	50 ലിറ്റർ/ ച.മീ. നിരക്കിൽ മൊത്തം തറ വിസ്തീർണ്ണത്തിന്
വിഭാഗം C	50 ലിറ്റർ/ ച.മീ. നിരക്കിൽ മൊത്തം തറ വിസ്തീർണ്ണത്തിന്
വിഭാഗം D	50 ലിറ്റർ/ ച.മീ. നിരക്കിൽ മൊത്തം തറ വിസ്തീർണ്ണത്തിന്
വിഭാഗം E	50 ലിറ്റർ/ ച.മീ. നിരക്കിൽ മൊത്തം തറ വിസ്തീർണ്ണത്തിന്
വിഭാഗം G1 G2	50 ലിറ്റർ/ ച.മീ. നിരക്കിൽ മൊത്തം തറ വിസ്തീർണ്ണത്തിന്
വിഭാഗം 1 (1)	25 ലിറ്റർ/ ച.മീ. നിരക്കിൽ മൊത്തം തറ വിസ്തീർണ്ണത്തിന്

കെട്ടിട തറ വിസ്തീർണ്ണം എന്നാൽ എല്ലാ നിലകളിലും കൂടിയുള്ള ആകെ തറ വിസ്തീർണ്ണം ആയി കണക്കാക്കേണ്ടതാണ്. മഴവെള്ള സംഭരണി നിഷ്ക്കർഷിക്കുന്ന കെട്ടിട വിനിയോഗങ്ങൾ അന്യത്ര വിശദീകരിച്ചിട്ടുണ്ട്.

ഉദാഹരണത്തിന്

(1) മൊത്തം തറവിസ്തീർണ്ണം (എല്ലാ നിലകളിലും കൂടി 1500 ച.മീ. ഉള്ള പുതിയ സ്കൂൾ കെട്ടിടത്തിന് കുറഞ്ഞത് 1500 X 50 = 75000 ലിറ്റർ ജലസംഭരണവ്യാപ്തിയുള്ള ടാങ്ക് വേണ്ടിവരും.

(2) മൊത്തം തറ വിസ്തീർണ്ണം (എല്ലാ നിലകളിലും കൂടി 150 ച. മീറ്ററും പ്ലോട്ടിന്റെ വിസ്തീർണ്ണം 8 സെന്റുമുള്ള വാസഗൃഹത്തിന് കുറഞ്ഞത് 150 X 25 = 3750 ലിറ്റർ ജലസംഭരണ വ്യാപ്തിയുള്ള ടാങ്ക് വേണ്ടി വരും.

(3) 5000 ചി. മീറ്റർ തറവിസ്തീർണ്ണമുള്ള അസംബ്ളി ഹാൾ/ കല്യാണ മണ്ഡപത്തിന്റെ സംഭരണിക്ക് 5000 X 50 = 250000 ലിറ്റർ ജലസംഭരണ വ്യാപ്തി ഉണ്ടായിരിക്കണം.

6. പോഷണക്കിണർ/ പോഷണ കുഴി **(recharge well / percolation pit) :**

മേൽക്കൂരയിൽ നിന്നും സംഭരണിയിൽ ശേഖരിച്ച ശേഷം അധികം വരുന്ന മഴവെള്ളം ഭൂമിക്കിടയിലെ ജലസ്തരത്തിലേക്ക് കടത്തി വിടുന്നതിനുള്ള സംവിധാനമാണിത്. മേൽമണ്ണ് അതാര്യമായിരിക്കുകയും വളരെ കൂടുതൽ മഴവെള്ളം ലഭിക്കുകയും ചെയ്യുന്ന സാഹചര്യങ്ങളിൽ പോഷണക്കിണറുകൾ (recharge wells) അനുയോജ്യമായിരിക്കും. അല്ലാത്തപക്ഷം പോഷണക്കുഴി(percolation pit) മതിയാകുന്നതാണ്. ഇതിന്റെ വ്യത്യസ്ഥ മാതൃകകൾ താഴെ ചിത്രത്തിൽ കൊടുത്തിരിക്കുന്നു. പലപ്പോഴും നിലവിലുള്ള കിണറുകൾ, കുഴികൾ, ടാങ്കുകൾ എന്നിവയെ പോഷണ സംവിധാനമായി രൂപപ്പെടുത്തി എടുക്കാവുന്ന

താണ്.

സ്ളാബ് (ആരോഗ്യകരമായ ഭൂജലപോഷണ സംവിധാനം ഉറപ്പുവരുത്താൻ ആവശ്യമുള്ള സന്ദർഭങ്ങളിൽ മാത്രം)



7. ചില പ്രധാന നിർദ്ദേശങ്ങൾ

1999-ലെ കേരളാ മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങൾ നിലവിലുള്ള എല്ലാ തദ്ദേശസ്വയം ഭരണ പ്രദേശങ്ങളിലും പുതിയ നിർമ്മാണ പ്രവൃത്തികളിൽ ചട്ടം 109- എ പ്രകാരം താഴെ പറയുന്ന സംവിധാനങ്ങൾ ഏർപ്പെടുത്തേണ്ടതാണ്.

(1) എല്ലാ കെട്ടിട നിർമ്മാണങ്ങൾക്കും കൃത്രിമ ഭൂജല പോഷണ സംവിധാനം (മേൽക്കൂരയിൽ നിന്നുള്ള മഴവെള്ളം ഉപയോഗിച്ച്) ഏർപ്പെടുത്തണം. എല്ലാ കെട്ടിട നിർമ്മാണങ്ങളും എന്നതിനാൽ വിവക്ഷിക്കുന്നത് "മേൽക്കൂരയുടെ നിർമ്മാണ വസ്തുക്കളോ, ശൈലിയോ, കെട്ടിടത്തിന്റെ വിവിധ വിനിയോഗങ്ങളോ കണക്കിലെടുക്കാതെ എല്ലാ പുതിയ കെട്ടിടങ്ങളും എന്നാണ്".

(2) ഇതു കൂടാതെ ചില പ്രത്യേക വിനിയോഗ വിഭാഗങ്ങളിൽപ്പെടുന്ന കെട്ടിട നിർമ്മാണങ്ങൾക്ക് മേൽക്കൂര മഴ വെള്ള സംഭരണവും ചട്ടപ്രകാരം ഏർപ്പെടുത്തണം. ഓല മേഞ്ഞ കെട്ടിടങ്ങളെ പ്രായോഗിക കാരണങ്ങളാൽ ഇത്തരത്തിൽ ജലസംഭരണികളിൽ മഴവെള്ളം സംഭരിച്ചുവയ്ക്കുന്നതിൽ നിന്ന് ഒഴിവാക്കിയിട്ടുണ്ട്.

(3) മഴവെള്ളം ടാങ്കുകളിൽ സംഭരിക്കണമെന്ന് നിഷ്ക്കർഷിക്കുന്ന കെട്ടിടങ്ങളിൽ അതിനോടനുബന്ധമായി കൃത്രിമ ഭൂജല പോഷണ സംവിധാനം കൂടി ഏർപ്പെടുത്തിയാൽ മതിയാകും. ഇത്തരം സന്ദർഭങ്ങളിൽ മഴവെള്ള സംഭരണ ടാങ്ക് നിറഞ്ഞശേഷമുള്ള അധികജലം ഭൂജലപോഷണ കിണർ/കുഴിയിലേക്ക് വിടുന്നതിനുള്ള സംവിധാനം നടപ്പാക്കിയാൽ മതിയാകും.

(4) ഭൂജല പോഷണത്തിനായി നിലവിലുള്ള കിണറിലേക്കാണ് മേൽക്കൂരയിൽ നിന്നുള്ള മഴവെള്ളം തിരിച്ചുവിടുന്നതെങ്കിൽ ആദ്യഫ്ളഷ് സിസ്റ്റം (first flush system) അരിപ്പ് (filter unit) എന്നിവയും ഉൾപ്പെടുത്തേണ്ടതാണ്.

(5) അരിപ്പ് യൂണിറ്റ് (filter unit) മേൽക്കൂര / വെള്ളപ്പാത്തിയ്ക്ക് താഴെയുള്ള നിരപ്പിലും, ജലസംഭരണിയിലെ (storage tank) ഉയർന്ന ജലവിതാനത്തിന് മുകളിലുള്ള നിരപ്പിലും ആയിരിക്കണം. ഭൂജലപോഷണകുഴി/കിണർ ജലസംഭരണിയിലെ ഉയർന്ന ജലവിതാനത്തേക്കാൾ താഴ്ന്ന നിരപ്പിലാകണം സ്ഥിതിചെയ്യേണ്ടത്. എങ്കിൽ മാത്രമേ ഗുരുത്വാകർഷണത്താലുള്ള ഇത്തരം സംവിധാനം പ്രവർത്തിക്കുകയുള്ളൂ.

(6) ചട്ടം 109 എ (3)-ൽ നിർദ്ദേശിക്കുന്ന ജലസംഭരണിയുടെ ശേഷി എന്നത് വെള്ളം പുറത്തെടുക്കുന്ന പൈപ്പിനും ടാങ്കിൽ നിന്ന് അധികജലം ഒഴുകിപ്പോകുന്നതിനുള്ള പൈപ്പിനും മധ്യേയുള്ള ജലസംഭരണിയുടെ വ്യാപ്തിയാണ് (ജലസംഭരണിയുടെ ചിത്രം കാണുക)

(7) ചരിഞ്ഞ മേൽക്കുരയുള്ള ഭാഗങ്ങളിൽ കൂരയിൽ നിന്ന് മഴവെള്ളം ഡൗൺ പൈപ്പിൽ എത്തിക്കാൻ വെള്ളപ്പാത്തികൾ ആവശ്യമായ രീതിയിൽ കൊടുത്തിരിക്കണം.

(8) പ്ലാനുകൾ സമർപ്പിക്കുമ്പോൾ ചട്ടപ്രകാരമുള്ള മേൽക്കൂര മഴവെള്ള സംഭരണ സംവിധാനവും കൃത്രിമ ഭൂജല പോഷണ സംവിധാനവും താഴെ പറയും വിധം രേഖപ്പെടുത്തിയിരിക്കണം.

മേൽക്കൂര മഴവെള്ള സംഭരണവും, കൃത്രിമ ഭൂജല പോഷണവും നിർദ്ദേശിക്കുമ്പോൾ:

(1) സർവ്വീസ് പ്ലാനിൽ വെള്ളപ്പാത്തി, അരിപ്പ് യൂണിറ്റ്, ജലസംഭരണി, പോഷണകുഴി/ കിണർ എന്നിവയുടെ സ്ഥാനവും തമ്മിൽ ബന്ധിപ്പിക്കുന്ന പൈപ്പുകളും കാണിച്ചിരിക്കണം.

(2) കെട്ടിടത്തിന്റെ സെക്ഷനിൽ വെള്ളപ്പാത്തി, അരിപ്പ് യൂണിറ്റ്, ആദ്യഫ്ളഷ് സിസ്റ്റം എന്നിവയുടെ സ്ഥാനവും, ഇവയെ തമ്മിൽ ബന്ധിപ്പിക്കുന്നതും ജലസസംഭരണിയിലേക്ക് പോകുന്നതുമായ പൈപ്പുകളും കാണിച്ചിരിക്കണം.

(3) അരിപ്പ് യൂണിറ്റ്, ജലസംഭരണി, പോഷണ കിണർ/ കുഴിയുടെ സെക്ഷൻ ചേർത്തിരിക്കണം.

കൃത്രിമ ഭൂജല പോഷണം മാത്രം നിർദ്ദേശിക്കുകയും നിലവിലെ കിണർ പോഷണ കിണറായി ഉപയോഗിക്കുകയും ചെയ്യുന്ന സന്ദർഭങ്ങളിൽ:

(1) സർവ്വീസ് പ്ലാനിൽ വെള്ളപ്പാത്തി, അരിപ്പ് യൂണിറ്റ്, ജലസംഭരണി, പോഷണ കിണർ എന്നിവയുടെ സ്ഥാനവും, തമ്മിൽ ബന്ധിപ്പിക്കുന്ന പൈപ്പുകളും കാണിച്ചിരിക്കണം.

(2) കെട്ടിടത്തിന്റെ സെക്ഷനിൽ (വെള്ളപ്പാത്തി, അരിപ്പ് യൂണിറ്റ്, ആദ്യ ഫ്ളഷ് സിസ്റ്റം എന്നിവയുടെ സ്ഥാനവും, ഇവയെ തമ്മിൽ ബന്ധിപ്പിക്കുന്നതും കിണറിലേക്ക് പോകുന്നതുമായ പൈപ്പുകളും കാണിച്ചിരിക്കണം.

(3) അരിപ്പ് യൂണിറ്റ്, കിണർ എന്നിവയുടെ സെക്ഷൻ ചേർത്തിരിക്കണം.

കൃത്രിമ ഭൂജല പോഷണം ഭൂജലപോഷണകുഴി വഴി നിർദ്ദേശിക്കുന്ന സന്ദർഭങ്ങളിൽ:

(1) സർവ്വീസ് പ്ലാനിൽ വെള്ളപ്പാത്തി, ഭൂജല പോഷണക്കുഴി എന്നിവയുടെ സ്ഥാനവും ഇവയെ തമ്മിൽ ബന്ധിപ്പിക്കുന്ന പൈപ്പുകളും കാണിച്ചിരിക്കണം.

(2) കെട്ടിടത്തിന്റെ സെക്ഷനിൽ വെള്ളപ്പാത്തിയും പോഷണ കിണറിലേക്കുള്ള പൈപ്പുകളും കാണിച്ചിരിക്കണം.

(3) ഭൂജല പോഷണക്കുഴിയുടെ സെക്ഷൻ ചേർത്തിരിക്കണം.

(9) ചട്ടം 109 എ-പ്രകാരമുള്ള മേൽക്കൂരയിൽ നിന്നുള്ള മഴവെള്ള സംഭരണ സംവിധാനവും കൃത്രിമ ഭൂജല പോഷണ സംവിധാനവും ആരോഗ്യപ്രദവും പ്രവർത്തനക്ഷമവുമായ നിലയിൽ നടപ്പാക്കുന്നതാണെന്ന് ഉടമ ലൈസൻസ്ഡ് സൂപ്പർ വൈസർ/ എഞ്ചിനീയർ/ ആർക്കിടെക്റ്റ് എന്നിവർ കെട്ടിട നിർമ്മാണ അപേക്ഷ നൽകുമ്പോൾ സാക്ഷ്യപ്പെടുത്തേണ്ടതാണ്.

(10) ചട്ടം 109 എ-പ്രകാരമുള്ള മേൽക്കൂരയിൽ നിന്നുള്ള മഴവെള്ള സംഭരണ സംവിധാനവും കൃത്രിമ ഭൂജല പോഷണ സംവിധാനവും ആരോഗ്യപ്രദവും പ്രവർത്തനക്ഷമവുമായ നിലയിൽ നടപ്പാക്കിയിട്ടുണ്ടെന്ന് കെട്ടിട ഉടമകൾ, ലൈസൻസ്ഡ് സൂപ്പർവൈസർ/ എഞ്ചിനീയർ/ ആർക്കിടെക്റ്റ് എന്നിവർ കെട്ടിട പൂർത്തീകരണ സാക്ഷ്യപത്രത്തിൽ രേഖപ്പെടുത്തണം.

(11) വെള്ളക്കെട്ട് പ്രദേശങ്ങൾ, പരിഗണനാർഹമായ താഴ്ചവരെ ജലത്തിന് അതാര്യമായ അടിമണ്ണുള്ള പ്രദേശങ്ങൾ തുടങ്ങിയ അസാധാരണ സന്ദർഭങ്ങളിൽ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കെട്ടിട നിർമ്മാണങ്ങളെ കൃത്രിമ ഭൂജലപോഷണ സംവിധാനം ഏർപ്പെടുത്തുന്നതിൽ നിന്നും ഒഴിവാക്കാവുന്നതാണ്. എന്നാൽ ജല സംഭരണികളിൽ മഴവെള്ള സംഭരണം നിഷ്ക്കർഷിക്കുന്ന വ്യവസ്ഥയ്ക്ക് ഇത്തരം ഇളവില്ല.

(12) നിയമാനുസൃതമായ നഗരാസൂത്രണ പദ്ധതികളിൽ മറ്റൊരു വിധത്തിൽ മഴവെള്ള സംഭരണ സംവിധാനം നിഷ്ക്കർഷിക്കുന്ന പക്ഷം ആ വിധത്തിൽ സംവിധാനങ്ങൾ ഏർപ്പെടുത്തിയാൽ മതിയാകുന്നതാണ്.

കേരള സർക്കാർ

ആഭ്യന്തര (ബി) വകുപ്പ്

സർക്കുലർ

നം. 14356/ബി2/03/ആഭ്യന്തരം, തിരുവനന്തപുരം, 29.3.2004.

വിഷയം: - തിരൂർ നഗരസഭ - തിരൂർ സബ് ജയിലിന്റെ സുരക്ഷ കണക്കാക്കാതെ ജയിൽ മതിലിന് സമീപനം കെട്ടിടം നിർമ്മിക്കാൻ അനുമതി നൽകിയത് സംബന്ധിച്ച്.

സൂചന : - 1. മലപ്പുറം ജില്ലാ കളക്ടറുടെ 4.3.02 ലെ എൽ5.43654/02 നമ്പർ കത്ത്.

2. മലപ്പുറം ജില്ലാ കളക്ടറുടെആ 27.5.03, 6.2.04 തീയതികളിലെ ഇ3.14964/03 നമ്പർ കത്ത്.

3. ജയിൽ അഡീഷണൽ ഡയറക്ടർ ജനറൽ ഓഫ് പോലീസിന്റെ 13.2.04 ലെ എം2.7447/03 നമ്പർ കത്ത്.

....

..... വില്ലേജിൽ ..... സർവ്വേ നമ്പറിൽ ഉൾപ്പെട്ട സ്ഥലത്ത് താങ്കൾ സമർപ്പിച്ച അപേക്ഷ പരിശോധിച്ചതിൽ താഴെ പറയുന്ന ന്യൂനതകൾ കാണുന്നു. അവ പരിഹരിച്ച് 7 (ഏഴ്) ദിവസത്തിനകം നൽകേണ്ടതാണ്.

1.

2.

3.

4.

സെക്രട്ടറി

To

.....

.....

.....

.....

APPENDIX VI

ബിൽഡിംഗ് പെർമിറ്റ് നൽകിയിരിക്കുന്ന/നിരസിച്ചിരിക്കുന്ന അപേക്ഷയുടെ വിശദ വിവരങ്ങൾ

..... ഗ്രാമപഞ്ചായത്ത്

..... ജില്ല തീയതി

കെട്ടിടത്തിന്റെ ഉപയോഗം	പെർമിറ്റ് നൽകിയ/നിരസിച്ച തീയതി	ആകം പെർമിറ്റ് നൽകിയത്	ആകെ പെർമിറ്റ് നിരസിച്ചത്	നിരസിച്ചതിനുള്ള കാരണം	അഭിപ്രായം
റെസിഡൻഷ്യൽ					
കൊമേഴ്സ്യൽ					
പബ്ലിക് / സെമി പബ്ലിക്					
ഇൻഡസ്ട്രീയൽ					
മറ്റുള്ളവ					
ആകെ					

APPENDIX VII

Details of Unauthorised Constructions

Grama Panchayat .....

District ..... Date .....

Sl. No.	Name and Address	Village and Survey No.	Type of Building	No. of storeyes	Type of Violation (KMBR/CRZ/TP Schemes/Panchayat Raj Act/Others	Details of Violation	Action taken by the Local Body	Remarks

APPENDIX VIII

PROFORMA FOR REGISTERING BUILDINGS UNDER CONSTRUCTION/LAND DEVELOPMENT ETC. ON THE DATE OF IMPLEMENTING BUILDING RULES

1	2	3	3	4	5	6	7	8	9
Sl. No.	Date of Inspection	Name and address of owner/builder/ developer	Whether any NOC has been issued to the construction/	Sy.No.& Village Ward, Door No.	Extend of land	Nature of (Occupancy) construction or change of use or	No. of floors & floor area		State of Construction
							Constructed	Proposal as per NOC if any	

10			11	12	13	14	15	16	17
Open space available & any projection into			Area of Car Parking provided	Photographs taken	Building No. if any allotted	If any violation of section 220(b) of Panchayat Raj	Action if any taken in respect of the Building under	Name & Designation of Officer, who conducted site	Any other remarks
Front Open space	Rear Open Space	Side Open space-1							

കേരള സർക്കാർ

നം. 24136 (1)/ആർ.എ.1/07/തസ്വഭവ. തദ്ദേശസ്വയംഭരണ(ആർ.എ) വകുപ്പ്,
തിരുവനന്തപുരം, 25-7-2007

സർക്കുലർ

വിഷയം:- കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങൾ-സംസ്ഥാനത്ത് എല്ലാ പഞ്ചായത്തുകളിലും ബാധകമാക്കി തുടർ നടപടി സ്വീകരിക്കുന്നത് വിശദീകരണം-സംബന്ധിച്ച്.

സൂചന:- 20.6.07ലെ സർക്കുലർ നമ്പർ 24136/ആർ എ1/07/തസ്വഭവ

1. 6-6-2007 മുതൽ കേരളത്തിലെ എല്ലാ പഞ്ചായത്തുകളിലും കെട്ടിട നിർമ്മാണ ചട്ടം ബാധകമാക്കിയിട്ടുണ്ട്. പുതിയതായി ചട്ടം ബാധകമാക്കിയിരുന്ന പഞ്ചായത്തുകളിൽ 6-6-2007നു ശേഷം നിർമ്മാണം ആരംഭിച്ചിരിക്കുന്ന കെട്ടിടത്തിനു മാത്രമായിരിക്കും നിയമം ബാധകം.

2. 6-6-2007നു മുമ്പ് നിർമ്മാണം പൂർത്തിയാക്കിയതും, 6-6-2007നു മുമ്പ് നിർമ്മാണം ആരംഭിച്ച് നടന്നുകൊണ്ടിരിക്കുന്നതുമായ കെട്ടിടങ്ങൾക്ക് (ടൗൺ പ്ലാനിംഗ് സ്കീമും, കോസ്റ്റൽ സോൺ റെഗുലേഷനും ബാധകമാക്കുന്ന സ്ഥലങ്ങളിൽ ഇവയ്ക്ക് അനുസൃതമാണെങ്കിൽ) പ്ലാൻ തയ്യാറാക്കി പഞ്ചായത്തുകളിൽ സമർപ്പിക്കേണ്ടതോ, ചട്ടം ബാധകമാക്കുകയോ ചെയ്യേണ്ടതില്ല. മേൽ പറഞ്ഞ കെട്ടിടങ്ങൾ പരിശോധിച്ച് പഞ്ചായത്ത് സെക്രട്ടറി നമ്പർ നൽകേണ്ടതാണ്. എന്നാൽ 150 സ്ക്വയർ മീറ്ററിൽ കൂടുതലോ രണ്ടിലധികം നിലകളുള്ള കെട്ടിടങ്ങളെക്കുറിച്ചുള്ള വിവരങ്ങൾ 20-6-2007ലെ 24136/ആർ എ1/07/തസ്വഭവ. നമ്പരായുള്ള സർക്കുലറിലെ II (2)ൽ പറഞ്ഞിരിക്കുന്ന പ്രകാരം പഞ്ചായത്തു സെക്രട്ടറി വിവരം ശേഖരിക്കേണ്ടതാണ്. കൂടാതെ ഈ വിഭാഗത്തിൽപ്പെടുന്ന കെട്ടിടങ്ങൾക്ക് II (7)ൽ പറഞ്ഞിരിക്കുന്ന കാര്യങ്ങൾ നിഷ്കർഷിക്കേണ്ടതുമാണ്.

വിവരശേഖരണം പൂർത്തിയായില്ല.എന്ന കാരണത്താൽ കെട്ടിടത്തിന് പെർമിറ്റ് നൽകുന്നതിനോ നമ്പർ നൽകുന്നതിനോ ഒരു കാരണവശാലും കാലതാമസം ഉണ്ടാകുവാൻ പാടില്ല.

3. സർക്കാർ അംഗീകരിച്ച സ്കീം പ്രകാരം ധനസഹായം 6-6-2007നു മുമ്പ് ലഭിച്ചിട്ടുള്ളവർക്ക് പ്രത്യേകമായി പ്ലാൻ സമർപ്പിച്ച് അംഗീകാരം വാങ്ങേണ്ടതില്ല. 6-6-2007ന് ശേഷം നിർമ്മാണം നടത്തുന്നവയ്ക്ക് കെട്ടിടത്തിന്റെ ചുറ്റളവ് കാണിച്ചു കൊണ്ടുള്ള സ്കെച്ച് സമർപ്പിച്ചാൽ മാത്രം മതിയാകും. ഇപ്രകാരമുള്ള സ്കെച്ച് പഞ്ചായത്ത് സൗജന്യമായി നൽകുകയോ, പഞ്ചായത്തിന്റെ സഹായത്തോടെ വരച്ചു നൽകുകയോ ചെയ്യേണ്ടതാണ്.

4. പട്ടികവർഗ്ഗത്തിൽപ്പെട്ടവർക്ക് അവരുടെ പരമ്പരാഗതമായ സ്ഥലത്ത് നിർമ്മാണം നടത്തുമ്പോൾ കൈവശാവകാശ സർട്ടിഫിക്കറ്റ് ബാധകമാക്കേണ്ടതില്ല. പ്രസ്തുത നിർമ്മാണം നടത്തുന്നതിന്, കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടം ബാധകമാക്കുന്നതുവരെ പ്ലാൻ തയ്യാറാക്കി സമർപ്പിക്കേണ്ടതില്ല. നിർമ്മാണങ്ങൾ സംബന്ധിച്ച വിവരം സെക്രട്ടറിമാർ ശേഖരിച്ച് രേഖപ്പെടുത്തേണ്ടതാണ്.

5. സർക്കാർ ധനസഹായത്തോടെ നിർമ്മിക്കുന്ന വീടുകൾ, കുടിലുകൾ (ആദിവാസി ഏരിയായിൽ ഉള്ളവയുൾപ്പെടെ) എന്നിവയ്ക്ക് മഴവെള്ളക്കൊയ്ത്തിനുള്ള സംവിധാനം നിർബന്ധമാക്കേണ്ടതില്ല.)

6. സ്ഥല പരിശോധന സമയത്ത് പ്രസ്തുത സ്ഥലത്തിന്റെ സർവ്വെ, സ്കെച്ച് പരിശോധനാ ഉദ്യോഗസ്ഥൻ തന്നെ ശേഖരിക്കേണ്ടതും അതിന്റെ അടിസ്ഥാനത്തിൽ പരിശോധന നടത്തേണ്ടതുമാണ്.

7. നിർമ്മാണം പൂർത്തിയാക്കിയ കെട്ടിടങ്ങൾക്ക് കെട്ടിട നിർമ്മാണ ചട്ടത്തിൽ അനുശാസിച്ചിരിക്കുന്ന പ്രകാരമുള്ള പെർമിറ്റ് ഫീസ് മാത്രമേ ഈടാക്കേണ്ടതുള്ളൂ.

8. നിർമ്മാണം നടന്നുകൊണ്ടിരിക്കുന്ന കെട്ടിടങ്ങളെക്കുറിച്ചുള്ള വിവരങ്ങൾ 2007 ആഗസ്റ്റ് 31നു മുമ്പ് പഞ്ചായത്തു സെക്രട്ടറിമാരെ രേഖാമൂലം അറിയിക്കേണ്ടതാണ്. അല്ലാത്തപക്ഷം 6-6-2007നു ശേഷം നിർമ്മാണം ആരംഭിച്ചതായി കണക്കാക്കുന്നതായിരിക്കും. എന്നാൽ ആദിവാസി ഏരിയായിൽ നിർമ്മാണം നടത്തിയിട്ടുള്ള കെട്ടിടങ്ങൾ പഞ്ചായത്തു സെക്രട്ടറി തന്നെ കണ്ടു പിടിച്ച് റിപ്പോർട്ട് ചെയ്ത് നമ്പർ നൽകേണ്ടതാണ്.

എസ്.എം.വിജയാനന്ദ്
പ്രിൻസിപ്പൽ സെക്രട്ടറി
തദ്ദേശസ്വയംഭരണ വകുപ്പ്

പഞ്ചായത്ത് ന്യൂസ് സർവ്വീസ്

GOVERNMENT OF KERALA

No. 24935/H1/04/PWD.

Public works (H) Department
Dated, Thiruvananthapuram, 18.10.2007

From

The Secretary to Government

To

The Chief Engineer, NH & Admn. PWD, Thiruvananthapuram

Sir,

Sub:- PWD Highway Protection Act Fixing of control line and building line Issuance of Notification - reg.

Ref:- Your lr. No.NH 5D-10 2815/03(A) dated 19.9.2007

I am to forward herewith a copy of the minutes of the meeting held at 5 P M on 1.8.2007 in the Chief Minister's Conference Hall wherein it has been decided to fix the building line and control line of National Highways, state Highways and major District roads in the State as details below:

Sl.No.	Items	Distance of control line from the centre of the Road		Distance of Building line from the center of the Road	
		Open area	Built up area	Open area	Built up area
1	National Highway	45m	45m	35m	35m
2	State Highway	25m	25m	20m	20m
3	Major District roads	20m	20m	15m	15m

I am to request you to take immediate action to issue the Notification in the matter by the Competent Authority as provided under the Highway Protection Act-1999.

Yours faithfully

sd/-
N.SUDARSANAN PILLAI
Addl Secretary
For Secretary to Govt.

കേരള സർക്കാർ

നമ്പർ. 70363/ആർ.ഡി.2/07/ത.സ്വ.ഭ.വ

തദ്ദേശസ്വയംഭരണ (ആർ.ഡി) വകുപ്പ്
തിരുവനന്തപുരം, തീയതി.26.11.2007

സർക്കുലർ

വിഷയം :- **കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങൾ - സംസ്ഥാനത്ത് എല്ലാ പഞ്ചായത്തുകളിലും ബാധകമാക്കി തുടർ നടപടി സ്വീകരിക്കുന്നത് - വിശദീകരണം - സംബന്ധിച്ച്**

പരാമർശം :- 1. 6-6-2006 ലെ സ.ഉ (പി) 150/07/തസ്വഭവ

2. 20-06-2007 ലെ സർക്കുലർ നമ്പർ 24136 (1)/ആർ.എ1/07/തസ്വഭവ

3. 25-07-2007 ലെ സർക്കുലർ നമ്പർ 24136 (2)/ആർ.എ1/07/തസ്വഭവ

4. 10-09-2007 ലെ സർക്കുലർ നമ്പർ 24136(2)/ആർ.എ1/07/തസ്വഭവ

5. 10-09-2007 ലെ സർക്കുലർ നമ്പർ 24136 (3)/ആർ.എ1/07/തസ്വഭവ

കെട്ടിട നിർമ്മാണ ചട്ടം എല്ലാ പഞ്ചായത്തുകൾക്കും ബാധകമാക്കിക്കൊണ്ട് പരാമർശം (1) പ്രകാരം സർക്കാർ ഉത്തരവിറക്കിയിരുന്നു. ഈ ഉത്തരവിന് വിശദീകരണം നൽകികൊണ്ട് സർക്കുലർ പരാമർശം (2),(3),(4),(5) പ്രകാരം പുറപ്പെടുവിച്ചിരുന്നു. പൊതുജനങ്ങൾക്ക് വൈഷമ്യമുണ്ടാകാത്ത വിധമായിരിക്കണം നിയമനം നടപ്പാക്കേണ്ടതെന്നും അനുമതി നൽകുന്നതിനും ഓക്കുപെൻസിക്കും കാലതാമസം വരുത്തരുതെന്നും ഈ സർക്കുലർ പ്രകാരം പ്രത്യേകം നിർദ്ദേശിച്ചിരുന്നു. അപേക്ഷ സ്വീകരിക്കുമ്പോൾ തന്നെ കൈപറ്റ് രസീത് നൽകണമെന്നും 150 ചതുരശ്രമീറ്റർ വരെ പ്ലിന്ത് ഏരിയ ഉള്ള വാസഗൃഹങ്ങൾക്ക് അപേക്ഷ സമർപ്പിക്കുന്ന ദിവസം തന്നെയും, അല്ലാത്തവർക്ക് 30 ദിവസത്തിനകവും നിർമ്മാണാനുമതി നൽകണമെന്നും നിഷ്കർഷിച്ചിരുന്നു. അനുമതിക്ക് നിയമതടസ്സമുണ്ടെങ്കിൽ ഇക്കാര്യം ഒരാഴ്ചയ്ക്കകം രേഖാമൂലം അപേക്ഷകരെ അറിയിച്ചിരിക്കണമെന്നും നിഷ്കർഷിച്ചിരുന്നു.

6-6-2007 ന് മുമ്പ് നിർമ്മാണം ആരംഭിച്ചതോ പൂർത്തീകരിച്ചതോ ആയ കെട്ടിടങ്ങൾക്ക് നിർമ്മാണ ചട്ടം ബാധകമാക്കേണ്ടതില്ലെന്ന് ഉത്തരവിൽ പറഞ്ഞിരുന്നു. 150 സ്ക്വയർ മീറ്റർ വരെ പ്ലിന്ത് ഏരിയ

ഉള്ള അത്തരം കെട്ടിടങ്ങൾക്ക് നഗരാസൂത്രണ പദ്ധതികൾക്കും തീരദേശ പരിപാലന നിയമങ്ങൾക്കും അനുസൃതമാണെങ്കിൽ കാലതാമസം കൂടാതെ ഒക്കുപൻസി നൽകേണ്ടതാണ്. അതിൽ കൂടുതൽ ഉള്ള കെട്ടിടങ്ങളെ സംബന്ധിച്ച് രേഖകൾ സെക്രട്ടറി തന്നെ ശേഖരിക്കണമെന്നും പാർക്കിംഗ്, സുരക്ഷാ സംവിധാനം മുതലായവ സ്ഥലമുണ്ടെങ്കിൽ മാത്രം ഏർപ്പെടുത്തിയാൽ മതിയെന്നും പറഞ്ഞിരുന്നു. ജില്ലാ ടൗൺ പ്ലാനർമാർ പഞ്ചായത്ത് സെക്രട്ടറിമാരുടെ യോഗം വിളിച്ച് നിയമം നടപ്പാക്കേണ്ട വിധം വിശദീകരിക്കുകയും സംശയങ്ങൾ ദൂരീകരിക്കുകയും ചെയ്തിരുന്നു. പ്രായോഗിക ഘട്ടങ്ങളിൽ എന്തെങ്കിലും സംശയമുണ്ടായാൽ വ്യക്തത വരുത്തുന്നതിന് ജില്ലാ ടൗൺപ്ലാനിംഗ് ഓഫീസുകളിൽ ഹെൽപ്പ് ഡെസ്ക് സംവിധാനവുമുണ്ടാക്കിയിരുന്നു. എന്നാൽ പല ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാരും ജനങ്ങളെ വല്ലാതെ ബുദ്ധിമുട്ടിക്കുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അപേക്ഷകൾ സ്വീകരിക്കാതിരിക്കുക, സ്വീകരിച്ചാലും കൈപ്പറ്റ് രസീത് നൽകാതിരിക്കുക, നിശ്ചിത സമയത്തിനുള്ളിൽ പെർമിറ്റുകൾ നൽകാതിരിക്കുക, പ്രസക്തമല്ലാത്ത രേഖകൾ ആശ്യപ്പെടുക തുടങ്ങി പഞ്ചായത്ത് സെക്രട്ടറിമാരുടെ പക്ഷത്തുനിന്നും ഉണ്ടാകുന്ന ക്രമക്കേടുകളും കൃത്യവിലോപവും സംബന്ധിച്ച നിരവധി പരാതികൾ ഉണ്ടായിക്കൊണ്ടിരിക്കുന്നു. സർക്കാർ ഇത് അത്യന്തം ഗൗരവമായി കാണുന്നു.

ചട്ടം ബാധകമാക്കിക്കൊണ്ടുള്ള ഉത്തരവുകളും സർക്കുലറുകളും നോട്ടീസ് ബോർഡുകളിലും പൊതുസ്ഥലങ്ങളിലും പ്രദർശിപ്പിക്കുകയും നോട്ടീസുകൾ, ലഘുലേഖകൾ മുതലായവയിലൂടെ നടപടിക്രമങ്ങളും ഇളവുകളും അറിയിക്കുകയും ചെയ്യണമെന്ന് നിർദ്ദേശിച്ചിരുന്നുവെങ്കിലും പല സെക്രട്ടറിമാരും ഇക്കാര്യത്തിൽ വീഴ്ച വരുത്തിയതായി കാണുന്നു.

അനാവശ്യമായി പൊതുജനങ്ങളെ ബുദ്ധിമുട്ടിക്കുകയും, പെർമിറ്റുകൾ നൽകുന്നതിന് കാലതാമസം വരുത്തുകയും, സർക്കാർ നിർദ്ദേശങ്ങൾ പ്രാവർത്തികമാക്കാതരിക്കുകയും ചെയ്യുന്ന ഉദ്യോഗസ്ഥരുടെ നടപടി ഗുരുതരമായ അച്ചടക്ക ലംഘനവും കൃത്യവിലോപവുമാണ്. ഇത്തരം സെക്രട്ടറിമാരുടെ പേരിൽ അടിയന്തിരമായി നടപടി സ്വീകരിക്കുന്നതാണ്.

അപേക്ഷ സമർപ്പിച്ച് 30 ദിവസത്തിനുള്ളിൽ ഇതു സംബന്ധിച്ച തീരുമാനം അപേക്ഷകനെ പഞ്ചായത്ത് സെക്രട്ടറി അറിയിച്ചില്ലായെങ്കിൽ കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടം 15(2) ലെ നിയമത്തിലെ വ്യവസ്ഥകൾ പാലിച്ചുകൊണ്ട് നിർമ്മാണങ്ങൾ നടത്തുകയാണെങ്കിൽ, അവ ചട്ട വിരുദ്ധമാണെന്ന് പിന്നീട് കണ്ടെത്തുന്ന പക്ഷം അതിന്റെ ഉത്തരവാദിത്വം സമയത്തിന് അപേക്ഷയിന്മേൽ നടപടി എടുക്കാതിരുന്ന പഞ്ചായത്ത് സെക്രട്ടറിക്കായിരിക്കുന്നതാണ്.

എസ്. എം വിജയാനന്ദ്
പ്രിൻസിപ്പൽ സെക്രട്ടറി

കേരള സർക്കാർ

നമ്പർ. 74169/ആർ.ഡി.2/07/തസ്വഭവ

തദ്ദേശസ്വയം ഭരണ (ആർ.ഡി) വകുപ്പ്
തിരുവനന്തപുരം, തീയതി. 03.01.2008

സർക്കുലർ

വിഷയം:- കെട്ടിട നിർമ്മാണം - ഭൂമിയുടെ ഉടമസ്ഥത തെളിയിക്കുന്നത് - സംബന്ധിച്ച്

സൂചന :- 1. **20-06-2007 ലെ 24136/ആർ.എ1/07/തസ്വഭവ. നമ്പരായുള്ള സർക്കുലർ**
2. **25-07-2007 ലെ 24136 (1) ആർ.എ1/07/തസ്വഭവ. നമ്പരായുള്ള സർക്കുലർ**

കെട്ടിട നിർമ്മാണത്തിനുള്ള അപേക്ഷകൾ പഞ്ചായത്തുകളിൽ സമർപ്പിക്കുമ്പോൾ ഉടമസ്ഥത തെളിയിക്കുന്നതിന് ആവശ്യമായ രേഖകൾ ഹാജരാക്കേണ്ടതാണെന്ന് സൂചന പ്രകാരം നിഷ്കർഷിച്ചിരുന്നു. എന്നാൽ ആവശ്യമായ രേഖകൾ ഹാജരാക്കിയിട്ടും ഭവന നിർമ്മാണ സ്കീം അനുസരിച്ച് നിർമ്മാണം നടത്തുന്ന ഗുണഭോക്താക്കൾക്ക് പല പഞ്ചായത്തുകളിൽ നിന്നും പെർമിറ്റ് നൽകുന്നതിന് കാലതാമസം വരുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അത് സർക്കാർ വളരെ ഗൗരവമായിട്ടാണ് കാണുന്നത്. കൂടാതെ താഴെ പറയുന്ന കാര്യങ്ങൾ പാലിച്ചിരിക്കേണ്ടതുമാണ്.

1. സർക്കാരിന്റെയോ, പഞ്ചായത്തിന്റെയോ ഭവന നിർമ്മാണ സ്കീമനുരസിച്ച് വീട് നിർമ്മിക്കുന്നതിന് ഭവന വായ്പ ലഭിച്ചവർക്കും ദാരിദ്രരേഖയ്ക്ക് താഴെയുള്ളവർക്കും റവന്യൂ വകുപ്പിൽ നിന്നും ലഭിച്ച കൈവശാവകാശ രേഖയുള്ള പക്ഷം അവ പരിഗണിച്ച് 60 ച.മീറ്ററിൽ താഴെ പ്ലിന്ത് ഏരിയായിലുള്ള വീട് നിർമ്മിക്കുന്നതിന് നിർമ്മാണാനുമതി നൽകേണ്ടതാണ്.
2. പട്ടികവർഗ്ഗത്തിൽപ്പെട്ടവർക്ക് അവരുടെ പരമ്പരാഗതമായ സ്ഥലത്ത് നിർമ്മാണം നടത്തുമ്പോൾ കൈവശാവകാശ സർട്ടിഫിക്കറ്റ് ബാധകമാക്കേണ്ടതില്ല. പ്രസ്തുത നിർമ്മാണം നടത്തുന്നതിന് കേരളാ പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടം ബാധകമാക്കുന്നതുവരെ പ്ലാൻ തയ്യാറാക്കി സമർപ്പിക്കേണ്ടതില്ല. നിർമ്മാണത്തെക്കുറിച്ചുള്ള വിവരങ്ങൾ ''മൂപ്പർ/കാണി'' പഞ്ചായത്തിനെ അറിയിക്കേണ്ടതും, നിർമ്മാണങ്ങൾ സംബന്ധിച്ച വിവരങ്ങൾ സെക്രട്ടറിമാർ ശേഖരിച്ച് രേഖപ്പെടുത്തേണ്ടതുമാണ്. ടി സ്ഥലത്ത് പട്ടികവർഗ്ഗത്തിൽപ്പെട്ടവരെ ഉൾപ്പെടുത്തി മറ്റാരെങ്കിലും അപേക്ഷ സമർപ്പിച്ചാൽ നിർമ്മാണാനുമതി നൽകേണ്ടതുമില്ല.
3. 60 ച.മീറ്റർ വരെ പ്ലിന്ത് ഏരിയായുള്ള എല്ലാ വിഭാഗം വീടുകൾക്കും ലൈസൻസ് എഞ്ചിനീയർ/സൂപ്പർവൈസർ തയ്യാറാക്കി സർട്ടിഫൈ ചെയ്ത പ്ലാനുകൾ സമർപ്പിക്കേണ്ടതില്ല. നിർമ്മാണം നടത്തുന്ന കെട്ടിടത്തിന്റെ ചുറ്റളവ് കാണിച്ചു കൊണ്ടുള്ള സ്കെച്ച് വരച്ച് സമർപ്പിച്ചാൽ മതിയാകും. കെട്ടിട നിർമ്മാണ ചട്ടങ്ങൾ നിർബന്ധമായും പാലിച്ചിരിക്കേണ്ടതാണ്.

എസ്.എം വിജയാനന്ദ്
പ്രിൻസിപ്പൽ സെക്രട്ടറി

കേരള സർക്കാർ

തദ്ദേശ സ്വയംഭരണ (ഡി.എ) വകുപ്പ്

നം: 7638/ഡി.എ1/2008/തസ്വഭവ തിരുവനന്തപുരം, തീയതി : 01.02.2008

സർക്കുലർ

വിഷയം: സുനാമി പുനരധിവാസ പദ്ധതിയുടെ ഭാഗമായി അംഗൻവാടികൾക്ക് കെട്ടിടം നിർമ്മിക്കൽ –വിശദീകരണം നൽകുന്നത് സംബന്ധിച്ച്

സൂചന:
1. 29.10.2007–ലെ സ.ഉ.(ആർ.ടി)നം. 499/2007/സാ.ക്ഷേ.വ
2. 13.12.2007–ലെ സർക്കുലർ നമ്പർ 75735/ഡി.എ.1/2007/തസ്വഭവ
3. സാമൂഹ്യക്ഷേമ വകുപ്പ് സെക്രട്ടറിയുടെ 22.12.2007, 02.01.2008 എന്നീ തീയതികളിലെ 9165/ബി1/2007/സാക്ഷേ.വ.നമ്പർ കത്തുകൾ

സുനാമി പുനരധിവാസ പദ്ധതിയുടെ ഭാഗമായി 313 അംഗൻവാടികൾക്ക് കെട്ടിടം നിർമ്മിക്കുന്നതിന് സൂചന ഒന്ന് പ്രകാരം സർക്കാർ അനുമതി നൽകിയതിനെതുടർന്ന് ബന്ധപ്പെട്ട ഗ്രാമപഞ്ചായത്തുകളും മുനിസിപ്പാലിറ്റി/കോർപ്പറേഷനുകളും അംഗൻവാടികൾ നിർമ്മിക്കുന്നതിന് പാലിക്കേണ്ട നടപടി ക്രമങ്ങൾ സൂചന രണ്ട് പ്രകാരം നിശ്ചയിച്ചിരുന്നു. കെട്ടിട നിർമ്മാണ പ്രവൃത്തികൽ സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് സർക്കാർ ചുവടെ വിവരിക്കുന്ന സ്പഷ്ടീകരണങ്ങൾ നൽകുന്നു.

സുനാമി പുനരധിവാസ പദ്ധതിയുടെ ഭാഗമായി അംഗൻവാടികൾ നിർമ്മിക്കുന്നതിനുള്ള പ്രോജക്ടിന് ജില്ലാ ആസൂത്രണസമിതിയുടെ മുൻകൂർ അനുമതി വാങ്ങേണ്ടതില്ല. എന്നാൽ ഡി.പി.സി, പ്രൊസീഡിംഗ്സിൽ ഉൾപ്പെടുത്തുന്നതിനായി വിശദാംശങ്ങൾ, നിശ്ചിത പ്രോജക്ട് ഫോറത്തിൽ തയ്യാറാക്കി ടെക്നിക്കൽ അഡ്വൈസറി ഗ്രുപ്പ് മുഖേന, ജില്ലാ ആസൂത്രണ സമിതിക്ക് സമർപ്പിക്കണം.

കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡ് തയ്യാറാക്കി സർക്കാർ അംഗീകരിച്ച ടൈപ്പ് ഡിസൈനും എസ്റ്റിമേറ്റും അനുസരിച്ചാണ് കെട്ടിടം നിർമ്മിക്കേണ്ടത്. എന്നാൽ നിശ്ചയിച്ചിട്ടുള്ള തറവിസ്തീർണ്ണത്തിൽ കുറവ് വരുത്താതേയും സർക്കാർ അനുവദിച്ച തുകയിൽ പരിമതപ്പെടുത്തിയും ഭൂപ്രകൃതിയുടെ പ്രത്യേകത, സ്ഥലത്തിന്റെ കിടപ്പ്, പ്രാദേശികമായി ലഭ്യമാകുന്ന നിർമ്മാണ സാമഗ്രികൾ എന്നിവയ്ക്ക് അനുസൃതമായി പ്ലാനിലും എസ്റ്റിമേറ്റിലും മാറ്റം വരുത്താവുന്നതാണ്. ഇപ്രകാരം മാറ്റം വരുത്തുകയാണെങ്കിലും മഴവെള്ള സംഭരണി, രണ്ട് ടോയ്‌ലറ്റുകൾ (ഒരു ബേബി ഫ്രണ്ട്‌ലി ടോയ്‌ലറ്റ് ഉൾപ്പെടെ) സ്റ്റോർ, ഹാൾ, അടുക്കള തുടങ്ങി ടൈപ്പ് ഡിസൈനിൽ നിർദ്ദേശിച്ചിട്ടുള്ള സൗകര്യങ്ങൾ നിർബന്ധമായും ഉണ്ടായിരിക്കണം. സർക്കാർ അംഗീകരിച്ച ടൈപ്പ് ഡിസൈനിലും എസ്റ്റിമേറ്റിലും യാതൊരു മാറ്റവും വരുത്താതെയാണ് പ്രവൃത്തി നടപ്പാക്കുന്നതെങ്കിൽ ടെക്നിക്കൽ അഡ്വൈസറി ഗ്രൂപ്പിന്റെ സാങ്കേതികാനുമതി ആവശ്യമില്ല. എന്നാൽ പ്ലാൻ, ഡിസൈൻ, എസ്റ്റിമേറ്റ് എന്നിവയിൽ മാറ്റം വരുത്തുകയാണെങ്കിൽ ടി.എ.ജിയുടെ സാങ്കേതികാനുമതിയോടെ മാത്രമേ പ്രവൃത്തി നടപ്പാക്കാൻ പാടുള്ളൂ.

ഗ്രാമപഞ്ചായത്തുകളുടെ കാര്യത്തിൽ അംഗൻവാടി കെട്ടിട നിർമ്മാണ പ്രോജക്ടിന്റെ നിർവഹണ ഉദ്യോഗസ്ഥൻ അസിസ്റ്റന്റ് എഞ്ചിനീയർ ആയിരിക്കും. അസിസ്റ്റന്റ് എഞ്ചിനീയറുടെ തസ്തിക ഒരു മാസത്തിലധികമായി ഒഴിഞ്ഞു കിടക്കുകയാണെങ്കിൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറി നിർവഹണ ഉദ്യോഗസ്ഥന്റെ ചുമതല വഹിക്കേണ്ടതാണ്.

എസ്.എം.വിജയാനന്ദ്
പ്രിൻസിപ്പൽ സെക്രട്ടറി

കേരള സർക്കാർ
സംഗ്രഹം

റവന്യൂവകുപ്പ് – ഭവന നിർമ്മാണ സ്കീമുകളിൽപ്പെടുന്ന വീടുകളിലും ചെറിയ വാസ ഗൃഹങ്ങളും നിർമ്മിക്കുന്നതിന് പ്രത്യേക അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

റവന്യൂ(പി) വകുപ്പ്

സ. ഉ. (കൈയ്യെഴുത്ത്) നമ്പർ 30/2008/റവന്യൂ തിയ്യതി,തിരുവനന്തപുരം 20.2.08

ഉത്തരവ്

വീടില്ലാത്തവർക്കെല്ലാം വീടുനൽകുവാനുള്ള ബൃഹത്തായ നിരവധി പദ്ധതികൾ തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെ വാർഷികപദ്ധതിയുടെ ഭാഗമായുണ്ട്. ഇന്ദിര ആവാസ് യോജന പ്രകാരം 41000 വീടുകൾ ഈ വർഷം നൽകുന്നുണ്ട്. ഈ വീടുകൾക്കായി തെരഞ്ഞെടുക്കപ്പെട്ടവർക്കുള്ള 3മുതൽ 5 സെന്റ് താഴെയുള്ള ഭൂമിയിൽ പലതും റവന്യൂ രേഖകളിൽ കൃഷി ഭൂമിയാണ് നിലനിൽക്കുന്നത്. 30–35 വർഷങ്ങൾക്ക് മുമ്പ് കൃഷി ഭൂമിയായിരുന്നത് കൊണ്ട് വിലയാധാരങ്ങളിൽ ചിലതിൽ നിലം നികത്തിയ ഭൂമി എന്ന് രേഖപ്പെടുത്തി കാണുന്നുണ്ട്.

റവന്യൂ അധികാരികളുടെ അനുവാദമില്ലാതെ ഇത്തരം ഭൂമികളിലൊന്നും വീടു വയ്ക്കാൻ അനുമതി നൽകാൻ കഴിയാത്ത അവസ്ഥയുണ്ട്. സർക്കാർ സ്കീമുകളിൽ പെടുത്തിയോ തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെ പദ്ധതികളിൽ പെടുത്തിയോ നടപ്പാക്കുന്ന ഭവനപദ്ധതികൾ സ്തംഭിച്ചിരിക്കുകയാണെന്നും ഇത് തദ്ദേശഭരണസ്ഥാപനങ്ങളുടെ പദ്ധതി പ്രവർത്തനത്തെയും പാർപ്പിടപ്രശ്നം പരിഹരിക്കാനുള്ള സർക്കാർ ശ്രമങ്ങളേയും ദോഷകരമായി ബാധിക്കുന്നുമെന്നും റിപ്പോർട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു വീടില്ലാത്തവർക്കെല്ലാം വീടു നൽകാനുള്ള തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതികൾ ഈ സാമ്പത്തിക വർഷം തന്നെ പൂർത്തീകരിക്കണമെന്ന ലക്ഷ്യത്തോടെ 5 സെന്റ് വരെയുള്ള ഭൂമിയിൽ ഭവന നിർമ്മാണ സ്കീമുകളിൽപ്പെടുന്ന വീടുകളും ചെറിയ വാസഗൃഹങ്ങളും നിർമ്മിക്കുന്നതിനായി റവന്യൂ വകുപ്പ് ഏർപ്പെടുത്തിയിട്ടുള്ള നിയന്ത്രണം ഒഴിവാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഇപ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതിയിലുൾപ്പെടുത്തി പൂർത്തിയാക്കാനുദ്ദേശിക്കുന്ന ഭവനനിർമ്മാണ സ്കീമുകളിൽപ്പെടുന്ന വീടുകൾക്കും ചെറിയ വാസഗൃഹങ്ങൾക്കും ബന്ധപ്പെട്ട രേഖകൾ സഹിതം അപേക്ഷ ലഭിക്കുമ്പോൾ പ്രസ്തുത ഭൂമി റവന്യൂ രേഖകളിൽ കൃഷി ഭൂമി/നിലം നികത്തിയ ഭൂമിയെന്ന് രേഖപ്പെടുത്തിയിട്ടുണ്ടെങ്കിൽ കൂടി അവയ്ക്ക് പ്രത്യേക പരിഗണന നൽകി നിർമ്മാണ അനുമതി നൽകുന്ന കാര്യത്തിൽ ജില്ലാ കളക്ടർമാർക്ക് നിർദ്ദേശം നൽകിക്കൊണ്ടു കൂടി ഉത്തരവ് പുറപ്പെടുവിയ്ക്കുന്നു.

ഈ ഉത്തരവ് മേൽപ്പറഞ്ഞ പദ്ധതികളിൽപ്പെട്ട വീടുകൾക്കു മാത്രമേ ബാധകമാവുകയുള്ളൂ

ഡോ: നിവേദിത പി ഹരൻ
പ്രിൻസിപ്പൽ സെക്രട്ടറി.

കേരളാ ഗവണ്മെന്റിന്റെ തദ്ദേശ സ്വയം ഭരണ (ആർ.ബി) വകുപ്പ്, തിരുവനന്തപുരം, തീയതി 29.3.08 തീയതിയിലെ നംപർ 15527/ആർ.ഡി.2/08/തസ്വഭവ. കത്തിന്റെ ശരിപകർപ്പ്.

സർ,

വിഷയം:- മുനിസിപ്പാലിറ്റിയിലും പഞ്ചായത്തിലും ഫോട്ടോ സ്റ്റാറ്റ് പ്ലാനുകൾ സ്വീകരിക്കാത്തത് - സംബന്ധിച്ച പരാതി.

സൂചന : - ചീഫ് ടൗൺപ്ലാനറുടെ 31.1.09 ലെ സി-187/08/കെ.ഡിസ് നംപർ കത്ത്.

പഞ്ചായത്തുകളിലും നഗരസഭകളിലും പ്ലാനുകളുടെ ഫോട്ടോ സ്റ്റാറ്റ് പ്രിന്റുകൾ സ്വീകരിക്കുന്നില്ല എന്ന പരാതി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കെട്ടിട നിർമ്മാണ ചട്ടം 1999 ൽ പ്ലാനുകൾ സമർപ്പിക്കുന്നത് സംബന്ധിച്ച പരാമർശം ഇല്ലാത്തതിനാൽ വ്യക്തമായുള്ള ഫോട്ടോ സ്റ്റാറ്റ് പ്രിന്റിലുള്ള പ്ലാനുകൾ അപേക്ഷയോടൊപ്പം പരിഗണിക്കാം എന്ന നിർദ്ദേശം നഗരസഭകൾക്കും ഗ്രാമപഞ്ചായത്തുകൾക്കും നൽക്കേണ്ടതാണ് എന്ന് നിർദ്ദേശിക്കുന്നു.

(ഒപ്പ്)

കെ. ലളിതാംബിക
ജോയിന്റ് സെക്രട്ടറി
പ്രിൻസിപ്പൽ സെക്രട്ടറിക്കുവേണ്ടി

കേരള സർക്കാർ

നം. 23997/ആർ.എ1/08/തസ്വഭവ

തദ്ദേശ സ്വയംഭരണ (ആർ.എ.) വകുപ്പ്,
തിരുവനന്തപുരം, തീയതി 07/04/2008

സർക്കുലർ

വിഷയം:- ഗ്രാമപഞ്ചായത്തുകളിലെ അനധികൃത നിർമ്മാണം നോട്ടീസ് നൽകുന്നതു - സംബന്ധിച്ച്

സൂചന :- 1. 06.06.2007 ലെ ജി.ഒ.(എം.എസ്) 160/2007/എൽ.എസ്.ജി.ഡി. നമ്പരായുള്ള ഉത്തരവ്.

2. 20.06.2007 ലെ 24136/ആർ.എ1/07/ത.സ്വ.ഭ.വ. നമ്പരായുള്ള സർക്കുലർ

സൂചന (1) ലെ സർക്കാർ ഉത്തരവോടെ കേരളത്തിലെ എല്ലാ പഞ്ചായത്തുകളിലും കെട്ടിട നിർമ്മാണ നിയമം ബാധകമാക്കിയിട്ടുണ്ട്. പഞ്ചായത്തിനുവേണ്ടി പ്രത്യേക കെട്ടിട നിർമ്മാണ നിയമം സർക്കാർ തയ്യാറാക്കി പ്രാബല്യത്തിൽ വരുത്തുന്നതുവരെ കേരള മുനിസിപ്പാലിറ്റി കെട്ടിട നിയമം ബാധകമായിരിക്കുമെന്ന് സൂചന (2) ൽ പ്രത്യേകം പ്രതിപാദിച്ചിരുന്നു. പഞ്ചായത്തുകളിൽ, കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടം ബാധകമാക്കിയിരുന്നത് പഞ്ചായത്ത് ആക്ട് സെക്ഷൻ 274 ന്റെ അടിസ്ഥാനത്തിലാണ്. എന്നാൽ പഞ്ചായത്ത് സെക്രട്ടറിമാർ മുനിസിപ്പാലിറ്റി ആക്ടിന്റെ അടിസ്ഥാനത്തിൽ അനധികൃത നിർമ്മാണത്തിനെതിരെ തുടർ നടപടികൾ സ്വീകരിക്കുന്നതിനായി സർക്കാരിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ട്. അത് നിയമവിരുദ്ധമാണ്. 06.06.2007 ന് മുമ്പ് കെട്ടിട നിർമ്മാണ നിയമം ബാധകമാക്കിയ പഞ്ചായത്തുകളിലെ സെക്രട്ടറിമാർ പോലും മേൽപ്പറഞ്ഞ ഗൗരവമായ വീഴ്ച വരുത്തിക്കൊണ്ടാണ് അനധികൃത നിർമ്മാണത്തിനെതിരെ നടപടി സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. അനധികൃത നിർമ്മാണത്തിനെതിരെ കക്ഷികൾക്കു നൽകുന്ന പ്രൊവിഷണൽ ഓർഡർ 1994- ലെ കേരളാ മുനിസിപ്പാലീറ്റീസ് ആക്ടിലെ 406 (1) ഉം (2) ഉം വകുപ്പ് പ്രകാരവും, കൺഫർമേഷൻ ഓർഡർ 1994-ലെ കേരളാ മുനിസിപ്പാലിറ്റീസ് ആക്ടിലെ 406 (3)-ാം വകുപ്പു പ്രകാരവുമാണ്, പല പഞ്ചായത്തുകളിലും സെക്രട്ടറിമാർ നൽകുന്നതെന്ന് കാണുവാൻ സാധിച്ചു. അത് നിയമാനുസൃതമല്ല. അപ്രകാരം നോട്ടീസ് നൽകിയിട്ടുള്ള പക്ഷം അത് തിരുത്തേണ്ടതും, കേരളാ പഞ്ചായത്ത് ആക്ട് സക്ഷൻ 235 ഡബ്ല്യു പ്രകാരം, നിയമവിരുദ്ധമായി ആരംഭിച്ചതോ, നടത്തിക്കൊണ്ടിരുന്നതോ, പൂർത്തീകരിച്ചതോ ആയ കെട്ടിടത്തിന്റെ പണി പൊളിച്ചുകളയുന്നതിനും മാറ്റം വരുത്തുന്നതിനും നടപടി സ്വീകരിക്കേണ്ടതാണ്. (പ്രൊവിഷണൽ ഓർഡറിന്റെയും കൺഫർമേഷൻ ഓഡറിന്റെയും കോപ്പി അനുബന്ധമായി ഇതോടൊപ്പം ചേർക്കുന്നു).

കൺഫർമേഷൻ ഓർഡർ നൽകിയ ശേഷം നടപടികൾ യാതൊന്നും സ്വീകരിക്കാതെ ധാരാളം കെട്ടിടങ്ങൾ പഞ്ചായത്തുകളിൽ ഇപ്പോൾ നിലനിൽക്കുന്നതായി കാണുന്നു. പഞ്ചായത്ത് ആക്ട് സെക്ഷൻ 235 ഡബ്ല്യു (5) പ്രകാരം സർക്കാരിന് പ്രസ്തുത നിർമ്മാണം പൊളിച്ചു മാറ്റുന്നതിന് ഏർപ്പാട് ചെയ്യുന്നതിനുള്ള വ്യവസ്ഥയും ഇപ്പോൾ നിലവിലുണ്ട്. അതിനാൽ അനധി

കൃത നിർമ്മാണങ്ങൾ പൊളിച്ചുമാറ്റുന്നതിനുള്ള നടപികൾ ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാർ ഉടൻ തന്നെ നേരിട്ടു ചെയ്യേണ്ടതും അല്ലാത്ത പക്ഷം 3 മാസമായിട്ടും നടപടി സ്വീകരിക്കാത്ത കെട്ടിടത്തെക്കുറിച്ചുള്ള വിശദവിവരങ്ങൾ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ മുഖേന സർക്കാരിനെ അറിയിക്കേണ്ടതുമാണ്.

എസ്.എം. വിജയാനന്ദ്
പ്രിൻസിപ്പൽ സെക്രട്ടറി
തദ്ദേശ സ്വയംഭരണ വകുപ്പ്

..... ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ ഉത്തരവ്

നടപടികൾ

..... ഗ്രാമപഞ്ചായത്ത് ..... -ാം വാർഡിൽ ശ്രീ./ശ്രിമതി ..... നടത്തുന്ന അനധികൃത നിർമ്മാണം നിറുത്തി വച്ച് പൊളിച്ച് നീക്കുന്നതിന് നിർദ്ദേശിച്ചു ഉത്തരവു പുറപ്പെടുവിക്കുന്നു.

നം : സ്ഥലം : തീയതി :

പരാമർശം : 1)

2)

ഉത്തരവ്

..... ഗ്രാമപഞ്ചായത്ത് ..... -ാം വാർഡിൽ ..... വില്ലേജിൽ ..... സർവ്വേ നമ്പരിൽ ശ്രീ/ശ്രീമതി ..... താഴെ കാണിച്ചിരിയ്ക്കുന്ന വിധത്തിലുള്ള നിർമ്മാണം കേരള പഞ്ചായത്ത് രാജ് ആക്ടിനും ബന്ധപ്പെട്ട ചട്ടങ്ങൾക്കും വിരുദ്ധമായി നടത്തുന്നതിനായി/നടത്തിയതായി ബോദ്ധ്യപ്പെട്ടിരിയ്ക്കുന്നു. നിയമാനുസൃതമുള്ള അനുമതി വാങ്ങാതെ/അനധികൃതമായി/അനുമതിയിൽ നിന്ന് വ്യതിചലിച്ച് നിയമം ലംഘിച്ച് നടത്തുന്ന നിർമ്മാണം ഈ ഉത്തരവു കിട്ടി ഉടനടി നിർത്തി വച്ച്, പൊളിച്ചു മാറ്റേണ്ടതാണ് എന്ന് കേരളാ പഞ്ചായത്ത് രാജ് ആക്ട് 235 W (1) വകുപ്പ് അനുസരിച്ച് ഇതിനാൽ താൽക്കാലിക ഉത്തരവു പുറപ്പെടുവിയ്ക്കുന്നു.

നിർമ്മാണത്തിന്റെ വിവരം

CRZ/KMBR/TP Scheme ..... എന്നിവയിലെ വ്യവസ്ഥകൾ ലംഘിച്ചുകൊണ്ടുള്ള ..... സ്ഥലത്തെ ..... സർവെ നമ്പരിലെ താഴെപ്പറയുന്ന ലംഘനങ്ങളുള്ള നിർമ്മാണങ്ങൾ പൊളിച്ചു മാറ്റേണ്ടതാണ്.

നിർമ്മാണം **ലംഘനങ്ങൾ**

ഈ ഉത്തരവു നടപടി അനുസരിയ്ക്കാത്ത പക്ഷം ടി ആക്ട് 235 W (2) (3) (4) വകുപ്പുകളിൽ വിവരിയ്ക്കുന്ന പ്രകാരം ശ്രീ/ശ്രീമതി ..... പേരിൽ മേൽ നടപടികൾ സ്വീകരിക്കുന്നതായിരിയ്ക്കുമെന്ന് ഇതിനാൽ അറിയിക്കുന്നു.

സെക്രട്ടറി

..... ഗ്രാമപഞ്ചായത്ത്

തീയതി :

1994 -ലെ കേരളാ പഞ്ചായത്ത് രാജ് ആക്ട്

(1994 -ലെ 13-ാം ആക്ട് 235 W (2) വകുപ്പ് അനുസരിച്ചുള്ള

നോട്ടീസ്

കേരളാ പഞ്ചായത്ത് രാജ് ആക്ട് 235 W (1) വകുപ്പ് അനുസരിച്ചുള്ള താൽക്കാലിക ഓർഡർ ഇതു സഹിതം അയയ്ക്കുന്നു. പ്രസ്തുത ഓർഡർ സ്ഥിരീകരിയ്ക്കാതിരിയ്ക്കുവാൻ കാരണം എന്തെങ്കിലുമുണ്ടെങ്കിൽ ആയത് ഈ നോട്ടീസ് കൈപ്പറ്റി 15 ദിവസത്തിനകം രേഖാ മൂലം അറിയിക്കേണ്ടതാണ് എന്ന് നിർദ്ദേശിക്കുന്നു. വീഴ്ച വരുത്തുന്ന പക്ഷം യാതൊന്നും ബോധിപ്പിയ്ക്കാനില്ലായെന്ന നിഗമനത്തിൽ മേൽ നടപടികൾ തുടരുന്നതായിരിയ്ക്കുമെന്നും ഇതിനാൽ അറിയിച്ചുകൊള്ളുന്നു.

സെക്രട്ടറി

ശ്രീ/ശ്രീമതി .....

.....

.....

.....

ശ്രീ./ശ്രീമതി .....

പകർപ്പ് :

കേരള സർക്കാർ

നം.25148/ആർ.എ1/08/തസ്വഭവ

തദ്ദേശ സ്വയംഭരണ (ആർ.എ.) വകുപ്പ്
തിരുവനന്തപുരം, തീയതി 17.04.2008

സർക്കുലർ

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ അനുവാദം കൂടാതെ സംസ്ഥാനത്തിന്റെ നാനാ ഭാഗങ്ങളിലും ധാരാളം കെട്ടിടങ്ങൾ അനധികൃതമായി നിർമ്മിച്ചു വരുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപെട്ടിട്ടുണ്ട്. അനധികൃത നിർമ്മാണത്തിനെതിരെ കർശന നടപടികൾ സർക്കാർ തലത്തിലും പല തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും സ്വീകരിച്ചിട്ടുണ്ടെങ്കിലും അവയെ ധിക്കരിച്ചും, നിയമം ലംഘിച്ചും, ധാരാളം നിർമ്മാണ പ്രവർത്തനം ഇപ്പോഴും നടന്നുവരുന്നു. നിയമം ലംഘിച്ചുള്ള നിർമ്മാണ പ്രവർത്തനങ്ങൾ ഒരു കാരണവശാലും അനുവദിക്കുന്നതല്ല. അനധികൃത നിർമ്മാണങ്ങൾക്കെതിരെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ കർശന നടപടികൾ സ്വീകരിക്കേണ്ടതും താഴെ പറയുന്ന നിർദ്ദേശങ്ങൾ പാലിക്കേണ്ടതുമാണ്.

1. അനധികൃത നിർമ്മാണം തടയുന്നതിന് കോർപ്പറേഷനിലും, മുനിസിപ്പാലിറ്റികളിലും നിലവിലുള്ള സ്ക്വാഡിന്റെ പ്രവർത്തനം ശക്തിപ്പെടുത്തി എല്ലാ ആഴ്ചയിലും കർശന പരിശോധന നടത്തേണ്ടതാണ്.
   പഞ്ചായത്തു തലത്തിൽ സെക്രട്ടറി ഉൾപ്പെടെയുള്ള മൂന്നംഗ സ്ക്വാഡ് രൂപീകരിച്ച് എല്ലാ ആഴ്ചയും അനധികൃത നിർമ്മാണങ്ങൾ നടക്കുന്നുണ്ടോ എന്ന് പരിശോധിക്കേണ്ടതാണ്.
2. പരിശോധന സംബന്ധിച്ച റിപ്പോർട്ടും അനധികൃത നിർമ്മാണവുമായി ബന്ധപ്പെട്ട വിശദീകരണവും എല്ലാ മാസവും നഗരകാര്യ ഡയറക്ടർ പഞ്ചായത്ത് ഡയറക്ടർ എന്നിവർക്ക് അയച്ചുകൊടുക്കേണ്ടതാണ്.

   അനധികൃത നിർമ്മാണം നടന്നിട്ടുള്ളതായി ലഭിച്ചിട്ടുള്ള റിപ്പോർട്ടുകൾ നഗരകാര്യ ഡയറക്ടറും പഞ്ചായത്ത് ഡയറക്ടറും വിശദമായി പരിശോധിക്കേണ്ടതും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ തുടർ നടപടികൾ സ്വീകരിക്കുന്നുണ്ടോ എന്ന് പരിശോധിക്കേണ്ടതുമാണ്. തുടർ നടപടികൾ സ്വീകരിക്കാത്ത തദ്ദേശസ്വയംഭരണ സ്ഥാപന സെക്രട്ടറിമാരുടെ പേരിൽ നടപടി സ്വീകരിക്കേണ്ടതാണ്.

   അനധികൃത നിർമ്മാണങ്ങളെക്കുറിച്ചും തുടർ നടപടികളെക്കുറിച്ചുമുള്ള റിപ്പോർട്ട് എല്ലാ മാസവും നഗരകാര്യ ഡയറക്ടറും പഞ്ചായത്ത് ഡയറക്ടറും തദ്ദേശസ്വംയഭരണ വകുപ്പ് സെക്രട്ടറിക്ക് നൽകേണ്ടതാണ്.
3. നിയമം ലംഘിച്ച് നിർമ്മാണം നടത്തുന്ന കെട്ടിട ഉടമസ്ഥനെതിരെ മുനിസിപ്പാലിറ്റി ആക്ട് സെക്ഷൻ 406(1) പ്രകാരവും പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 235(W)1 പ്രകാരവും

താൽക്കാലിക ഉത്തരവ് നൽകേണ്ടതാണ്. നോട്ടീസ് ലഭിച്ചിട്ടും നിർമ്മാണ പ്രവർത്തനം നടത്തുന്ന പക്ഷം മുനിസിപ്പാലിറ്റി ആക്ട് 350 വകുപ്പ് പ്രകാരമോ, പഞ്ചായത്ത് രാജ് ആക്ട് 235 X വകുപ്പ് പ്രകാരമോ പോലീസ് ഉദ്യോഗസ്ഥന്റെ സഹായം തേടി നിർമ്മാണ പ്രവർത്തനം നിർത്തിവെയ്പ്പിക്കേണ്ടതാണ്. താൽക്കാലിക ഉത്തരവു നൽകി 15 ദിവസത്തിനകം നിയമം ലംഘിച്ച് നിർമ്മാണം നടത്തിയിട്ടുള്ള കെട്ടിടങ്ങൾ പൊളിച്ചുമാറ്റാത്ത പക്ഷം കേരളാ മുനിസിപ്പാലിറ്റി ആക്ട് 406(2) -ാം വകുപ്പു പ്രകാരമോ, പഞ്ചായത്ത് രാജ് ആക്ട് 235 (W) (2) വകുപ്പു പ്രകാരമോ കൺഫർമേഷൻ ഓർഡർ നൽകാവുന്നതും മുനിസിപ്പാലിറ്റി ആക്ട് 406(3) വകുപ്പു പ്രകാരവും പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 235 W(3) പ്രകാരവും സെക്രട്ടറിക്കുതന്നെ അനധികൃത നിർമ്മാണം പൊളിച്ചുമാറ്റാവുന്നതും അതിനു വരുന്ന ചെലവ് ഉടമസ്ഥരിൽ നിന്നും ഈടാക്കാവുന്നതുമാണ്. ഏതെങ്കിലും കാരണത്താൽ മുനിസിപ്പാലിറ്റി ആക്ട് സെക്ഷൻ 406(3) വകുപ്പ് പ്രകാരവും പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 235 W(3) പ്രകാരവും സെക്രട്ടറിമാർ അനധികൃത നിർമ്മാണത്തിനെതിരെ നടപടി സ്വീകരിക്കുന്നില്ല എന്ന് നഗരകാര്യ ഡയറക്ടർക്കും പഞ്ചായത്ത് ഡയറക്ടർക്കും ബോദ്ധ്യം വരുന്ന പക്ഷം മുനിസിപ്പാലിറ്റി ആക്ട് സെക്ഷൻ 406 (5) പ്രകാരവും പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 235 W(5) പ്രകാരവും സർക്കാർ തലത്തിൽ നടപടി സ്വീകരിക്കുന്നതിന് അനധികൃത നിർമ്മാണത്തെക്കുറിച്ചുള്ള വിശദമായ റിപ്പോർട്ട് തദ്ദേശ സ്വയംഭരണ വകുപ്പ് സെക്രട്ടറിക്ക് നൽകേണ്ടതാണ്.

4. കെട്ടിട നിർമ്മാണ ചട്ടങ്ങൾ ലംഘിച്ച് നിർമ്മാണം നടത്തിയിരിക്കുന്ന ബഹുനില കെട്ടിടങ്ങളുടെ സമീപത്ത് ഉടമസ്ഥന്റെ പേര്, കെട്ടിടത്തിന്റെ ഉപയോഗം, നിലകളുടെ എണ്ണം, ഏതേതു നിയമങ്ങൾ ലംഘിച്ചാണ് നിർമ്മാണം നടത്തിയിരിക്കുന്നത് എന്നു കാണിച്ചുകൊണ്ടുള്ള ഒരു ബോർഡ്, ആവശ്യമുള്ള വലുപ്പത്തിൽ, പൊതുജനങ്ങൾ കാണത്തക്കരീതിയിൽ പ്രദർശിപ്പിക്കേണ്ടതും ബോർഡും കെട്ടിടവും കൂടി ഉൾപ്പെടുന്ന ഒരു ഫോട്ടോ സെക്രട്ടറി എടുത്തു സൂക്ഷിക്കേണ്ടതുമാണ്.

5. അനധികൃത നിർമ്മാണങ്ങൾക്കുമേൽ നിയമാനുസൃതം നോട്ടീസ് നൽകിയതിനുശേഷവും നടപടി സ്വീകരിക്കുന്നതിൽ വീഴ്ച വരുത്തുന്ന സെക്രട്ടറിമാരുടെ പേരിൽ കർശന നടപടികൾ സ്വീകരിക്കുന്നതാണ്.

എസ്.എം. വിജയാനന്ദ്
പ്രിൻസിപ്പൽ സെക്രട്ടറി

കേരള സർക്കാർ

നമ്പർ 6612/ആർ.ഡി.2/08/തസ്വഭവ

തദ്ദേശ സ്വയംഭരണ (ആർ.ഡി.) വകുപ്പ്
തിരുവനന്തപുരം
തീയതി 26/04/2008

സർക്കുലർ

വിഷയം: - തദ്ദേശസ്വയംഭരണ വകുപ്പ് – കെട്ടിട നിർമ്മാണം – റോഡു വികസനത്തിന്റെ ഭാഗമായി സ്ഥലം വിട്ടുകൊടുത്തവർക്ക് കെട്ടിടത്തിന് ഓക്യുപൻസി സർട്ടിഫിക്കറ്റ് നൽകുന്നത് – സംബന്ധിച്ച്

സൂചന : - 6.6.2007 ലെ ജി.ഒ.(പി) 160/07/തസ്വഭവ നമ്പർ സർക്കാർ ഉത്തരവ്

കേരളത്തിലെ എല്ലാ പഞ്ചായത്തുകളിലും 6.6.2007 ലെ സർക്കാർ ഉത്തരവോടുകൂടി കെട്ടിട നിർമ്മാണ നിയമം ബാധകമാക്കി കഴിഞ്ഞിട്ടുണ്ട്. എന്നാൽ കെട്ടിട നിർമ്മാണ ചട്ടങ്ങൾ ഗ്രാമപഞ്ചായത്തുകളിൽ ബാധകമാക്കുന്നതിന് മുമ്പ് 1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ടിലെ സെക്ഷൻ 220 ബി പ്രകാരം 3 മീറ്ററിൽ കുറയാത്ത തുറസ്സായ സ്ഥലം റോഡിന്റെ വശത്ത് നൽകി നിർമ്മാണം ആരംഭിച്ച ചില കെട്ടിടങ്ങൾക്ക് സർക്കാരിന്റെയോ, തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെയോ റോഡ് വികസനം വന്നതോടെ തുറസ്സായ സ്ഥലം 3 മീറ്ററിൽ കുറവായി വന്നിട്ടുള്ളതായി കാണുന്നു. ഇത്തരം കെട്ടിടങ്ങൾക്ക് തുടർന്ന് ഓക്യുപൻസി സർട്ടിഫിക്കറ്റ് ലഭിക്കുന്നതിന് ഇക്കാരണത്താൽ ബുദ്ധിമുട്ടുണ്ടാകുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ട്.

സർക്കാർ ടി വിഷയം വിശദമായി പരിശോധിക്കുകയും, സർക്കാരിന്റെയോ തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെയോ റോഡ് വികസനം കാരണം 1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ടിലെ സെക്ഷൻ 220 ബി–ൽ ലംഘനം വന്നുപോയിട്ടുള്ള ഇത്തരം കെട്ടിടങ്ങൾക്ക്, റോഡ് വീതികൂട്ടുന്നതിന് മുമ്പ് നിർമ്മാണം ആരംഭിച്ച സമയത്ത്, 3 മീറ്ററിൽ കുറയാത്ത സ്ഥലം പ്ലോട്ടിനുള്ളിൽ റോഡരികിൽ നിന്നും ഉണ്ടായിരുന്നു എന്ന് പഞ്ചായത്തിന്റെയോ റവന്യൂ ഡിപ്പാർട്ട്മെന്റിന്റെയോ ഏതെങ്കിലും രേഖയിൽ നിന്നും പഞ്ചായത്ത് സെക്രട്ടറിക്ക് ബോദ്ധ്യമാകുന്ന പക്ഷം, അവയ്ക്ക് ഓക്യുപൻസി സർട്ടിഫിക്കറ്റ് നൽകേണ്ടതാണ്. നഗരാസൂത്രണ പദ്ധതികൾ, സി.ആർ.ഇസഡ് മുതലായവ ബാധകമായിട്ടുള്ള സ്ഥലങ്ങളിൽ ഇത്തരം നിർമ്മാണങ്ങൾ പ്രസ്തുത നിയമങ്ങൾക്ക് വിധേയമായിട്ടായിരിക്കണമെന്നും നിഷ്കർഷിക്കുന്നു.

എസ്.എം. വിജയാനന്ദ്
പ്രിൻസിപ്പൽ സെക്രട്ടറി

കേരള സർക്കാർ

തദ്ദേശ സ്വയം ഭരണ (ഇ.പി.എ.) വകുപ്പ്

നമ്പർ 43463/ആർ.ഡി.2/08/ത.സ്വ.ഭ.വ.

തദ്ദേശ സ്വയംഭരണ (ആർ.ഡി.) വകുപ്പ്
തിരുവനന്തപുരം, തീയതി 06/07/2008

സർക്കുലർ

വിഷയം തദ്ദശസ്വയംഭരണ വകുപ്പ് - ടൗൺ പ്ലാനിംഗ് സ്കീം-സോണിംഗ് റെഗുലേഷൻ നട്പാക്കുന്നത് സംബന്ധിച്ച മാർഗ്ഗ നിർദ്ദേശം

സർക്കാർ അംഗീകരിച്ചു പ്രസിദ്ധീകരിച്ച ഡെവലപ്പ്മെന്റ് പ്ലാൻ (മാസ്റ്റർ പ്ലാൻ) വിശദനഗരാസൂത്രണ പദ്ധതികൾ എന്നിവയിൽ കലോചിതമായ മാറ്റങ്ങൾ വരുത്തുന്നതിന് സർക്കാർ നടപടി സ്വീകരിച്ചിട്ടുണ്ട്. പ്രസ്തുത നഗരാസൂത്രണ പദ്ധതികളുടെ സോണിംഗ് റഗുലേഷനുകൾ ടൗൺ പ്ലാനിംഗ് ആക്ടുകളുടെ വ്യവസ്ഥകൾക്കനുസൃതമായി പുതുക്കി സർക്കാർ നോട്ടിഫിക്കേഷൻ ഇറക്കിക്കൊണ്ടിരിക്കുകയാണ്.

സർക്കാർ അംഗീകരിച്ചുകൊണ്ടുള്ള പുതുക്കിയ സോണിംഗ് റെഗുലേഷന്റെ നോട്ടിഫിക്കേഷൻ ഇറങ്ങുന്നതു മുതൽ, അവയ്ക്ക് അനുസൃതമായി നിർമ്മാണ പ്രവർത്തനങ്ങൾ അനുവദിക്കേണ്ടതാണ്.

മുൻപുണ്ടായിരുന്ന സോണിംഗ് റഗുലേഷൻ പ്രകാരം അനുവദിക്കാതിരുന്നിട്ടുള്ളതും, എന്നാൽ അംഗീകരിച്ച പുതിയ നോട്ടിഫിക്കേഷൻ പ്രകാരം അനുവദിക്കാവുന്നതുമായ അപേക്ഷകൾ, അവ പരിശോധിച്ച ശേഷം, അപേക്ഷകൻ പുതിയ അപേക്ഷ സമർപ്പിക്കുന്ന മുറയ്ക്ക് അനുവദിച്ചു നൽകുന്നതിന് പരിഗണിക്കേണ്ടതാണ്.

നിർമ്മാണം ആരംഭിച്ചു കഴിഞ്ഞ കെട്ടിടം, പുതുക്കിയ അംഗീകൃത സോണിംഗ് റഗുലേഷനും, കെ.എം.ബി.ആർ. 1999-നും അനുസൃതമാണെങ്കിൽ, അവ അനുമതി നൽകുന്നതിലേയ്ക്കായി പരിഗണിക്കേണ്ടതാണ്.

എസ്,.എം. വിജയാനന്ദ്

പ്രിൻസിപ്പൽ സെക്രട്ടറി

കേരള സർക്കാർ

45489/ആർ.എ1/08/തസ്വഭവ

തദ്ദേശ സ്വയംഭരണ (ആർ.എ.) വകുപ്പ്,
തിരുവനന്തപുരം, തീയതി 31.7.08

സർക്കുലർ

വിഷയം: - ബിൽഡിംഗ് പെർമിറ്റ് നൽകുന്നത് - സംബന്ധിച്ച്

കെട്ടിട നിർമ്മാണ ചട്ടങ്ങൾക്ക് അനുസൃതമായി പ്ലാനുകൾ വരച്ച് പഞ്ചായത്തുകളിൽ നൽകിയിട്ടും അപേക്ഷകർക്ക് പെർമിറ്റ് ലഭിക്കുന്നില്ല എന്ന് ധാരാളം പരാതികൾ സർക്കാരിൽ വെച്ചിട്ടുണ്ട്. ഉടമസ്ഥാവകാശത്തിൽ കര ഭൂമി എന്നോ, പുരയിടമെന്നോ, വസ്തു എന്ന് രേഖപ്പെടുത്തിയിട്ടില്ല എന്ന കാരണത്താൽ ധാരാളം അപേക്ഷകൾ നിരസിക്കുന്നുണ്ട്. വർഷങ്ങൾക്കുമുമ്പ് വാങ്ങിയിട്ടുള്ളതും, വലിയ വൃക്ഷങ്ങൾ വളർന്നുകൊണ്ടിരിക്കുന്നതും, നിലവിൽ പുരയിടമായി കാണപ്പെടുന്ന സ്ഥലങ്ങളുടെ ഉടമസ്ഥാവകാശത്തിൽ പലതിലും 'നിലം നികത്തു പറമ്പെന്നും' 'പണ' എന്നും കാണുന്നതിനാൽ അവയിൽ നിർമ്മാണ പ്രവർത്തനം നടത്തുന്നതിന് അനുവാദം നൽകാത്തതിനാൽ ധാരാളം പേർ വീടു നിർമ്മിക്കുന്നതിന് ബുദ്ധിമുട്ട് അനുഭവിക്കുന്നുണ്ട്. നിലവിൽ പാടമോ നിലമോ അല്ലാത്ത സ്ഥലങ്ങളിൽ വീടു നിർമ്മിക്കുന്നതിന് കഴിഞ്ഞ 10 വർഷത്തെ പ്രസ്തുത സ്ഥലത്തിന്റെ സ്വഭാവം ശേഖരിക്കേണ്ടതും നിലമല്ല എന്ന് ഉറപ്പുവരുത്തുന്ന പക്ഷം പ്രസ്തുത സ്ഥലത്തെക്കുറിച്ചുള്ള ഒരു മഹസ്സർ തയ്യാറാക്കേണ്ടതും താഴെ പറയുന്ന അംഗങ്ങൾ ഉൾപ്പെട്ട കമ്മിറ്റി രൂപീകരിച്ച് നിർമ്മാണാനുമതി നൽകുന്നതിന് തീരുമാനം എടുക്കേണ്ടതുമാണ്.

അംഗങ്ങൾ

1. അഗ്രികൾച്ചറൽ ഓഫീസർ
2. വില്ലേജ് ഓഫീസർ
3. പഞ്ചായത്ത് സെക്രട്ടറി (കൺവീനർ)

മഹസ്സർ തയ്യാറാക്കുമ്പോൾ താഴെ പറയുന്ന കാര്യങ്ങൾ പരിഗണിക്കേണ്ടതും ഉൾപ്പെടുത്തേണ്ടതുമാണ്.

എ) വീടു നിർമ്മിക്കുവാൻ ഉദ്ദേശിക്കുന്ന സ്ഥലത്തെക്കുറിച്ചുള്ള വിശദ വിവരങ്ങൾ (കഴിഞ്ഞ 10 വർഷത്തേയ്ക്ക് ഉൾപ്പെടെ)

ബി) പ്രസ്തുത സ്ഥലത്തിന്റേയും നാലുചുറ്റുമുള്ള സ്ഥലത്തിന്റേയും ഫോട്ടോ

സി) വൃക്ഷങ്ങളും മറ്റും ഉള്ള പക്ഷം അവയുടെ ഫോട്ടോ പ്രത്യേകമായി എടുക്കേണ്ടതും, എത്ര വർഷം പഴക്കം ഉണ്ട് എന്ന് വ്യക്തമായി കാണിച്ചിരിക്കേണ്ടതുമാണ്.

ഡി) നിർമ്മാണം മൂലം നിലവിലുള്ള ഡ്രെയിനേജ് സംവിധാനത്തിന് യാതൊരു രീതിയിലും തടസ്സം ഉണ്ടാകുവാൻ പാടില്ല.

ഇ) ടി സ്ഥലം മഴക്കാലത്ത് വെള്ളം കയറി ഇറങ്ങുന്ന സ്ഥലമായിരിക്കുവാൻ പാടില്ല.

എഫ്) പ്രസ്തുത സ്ഥലത്തിനോട് ചേർന്നു കിടക്കുന്ന സ്ഥലങ്ങൾ എല്ലാം നിലവിൽ കരഭൂമിയായിരിക്കണം.

ജി) ടി സ്ഥലത്തേയ്ക്ക് പ്രത്യേകം വഴി ഉണ്ടായിരിക്കേണ്ടതാണ്.

കമ്മിറ്റിയിൽ ഉൾപ്പെടുത്തുന്ന അപേക്ഷയെ സംബന്ധിച്ച മഹസ്സർ, കമ്മിറ്റിയുടെ കൺവീനർ തയ്യാറാക്കി സമർപ്പിക്കേണ്ടതും തീരുമാനങ്ങൾ പ്രത്യേകം രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതുമാണ്. രജിസ്റ്ററിന്റെ മാതൃക ഇതോടൊപ്പം ചേർക്കുന്നു. കമ്മിറ്റിയുടെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ കെട്ടിട നിർമ്മാണത്തിന് പെർമിറ്റ് നൽകേണ്ടതാണ്.

മറ്റൊരിടത്തും സ്വന്തമായി വീടില്ലാത്ത കുടുംബത്തിന് മാത്രം ഇപ്രകാരം കെട്ടിടനിർമ്മാണത്തിന് അനുമതി നൽകേണ്ടതും, ആയതിന് 300 സ്ക്വയർ മീറ്ററിലധികം വിസ്തീർണ്ണം ഉണ്ടാക്കാൻ പാടില്ലാത്തതുമാണ്. ഇത്തരത്തിൽ അനുമതി നൽകുന്നതിനുവേണ്ടിയുള്ള പിശോധനയിൽ 1998 ന് മുമ്പെങ്കിലും നികത്തപ്പെട്ടതും വൃക്ഷങ്ങളും മറ്റും വളർന്നുനിൽക്കുന്ന സ്ഥലത്തുമായിരിക്കണം അനുമതി നൽകുന്നതെന്ന് കമ്മിറ്റിയുടെ പിശോധനയിൽ ഉറപ്പുവരുത്തേണ്ടതുമാണ്.

ഇതു സംബന്ധിച്ച് കമ്മിറ്റി എടുക്കുന്ന പെർമിറ്റുകളുടെ വിശദാംശങ്ങൾ എല്ലാ മാസവും പ്രസിദ്ധീകരിക്കേണ്ടതും അപ്പോൾ തന്നെ ഇവയുടെ എണ്ണവും മറ്റു വിവരങ്ങളും അതാത് ജില്ലയിലെ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ മുഖേന മുഖ്യ നഗരാസൂത്രകനെ അറിയിക്കേണ്ടതുമാണ്.

കമ്മിറ്റിയിൽ ഫുൾക്വാറം ഉണ്ടായിരിക്കേണ്ടതാണ്. കമ്മിറ്റി എല്ലാ മാസവും കൂടേണ്ടതും, അല്ലാത്ത പക്ഷം പഞ്ചായത്തു സെക്രട്ടറി കെട്ടിട നിർമ്മാണ അപേക്ഷയിൽ കാലതാമസം വരുത്തുന്നതിന് ഉത്തരവാദി ആയിരിക്കുന്നതുമാണ്.

എസ്.എം. വിജയാനന്ദ്
പ്രിൻസിപ്പൽ സെക്രട്ടറി

കേരള സർക്കാർ തദ്ദേശ സ്വയംഭരണ (ആർ. സി) വകുപ്പ്, പ്രിൻസിപ്പൽ സെക്രട്ടറി, 14.10.2008–ൽ 58482/ആർസി4/2008/ത.സ്വ.ഭ.വ നംപറായി പഞ്ചായത്ത് ഡയറക്ടർക്ക് അയച്ച സർക്കുലറിന്റെ പകർപ്പ്:

.....

വിഷയം : മഴവെള്ള കൊയ്ത്തിനുള്ള സംവിധാനം നൽകുന്നത് – സംബന്ധിച്ച്

.....

കോർപ്പറേഷൻ/മുൻസിപ്പൽ/പഞ്ചായത്ത് ഏരിയായിൽ പുതിയതായി നിർമ്മിക്കുന്നതും കെ.എം.ബി.ആർ 109 എ യിൽ ഉൾപ്പെടുത്തിയിരിക്കുന്നതുമായ കെട്ടിടങ്ങളുടെ മേൽക്കുരയ്ക്കു മുകളിൽ പ്രവർത്തനക്ഷമമായ മഴവെള്ള കൊയ്ത്ത് സംവിധാനം സ്ഥാപിക്കുന്നില്ല എന്ന് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ പെർമിറ്റിനുവേണ്ടി സമർപ്പിക്കുന്ന പ്ളാനുകളിൽ അവ സമർപ്പിക്കുന്നുണ്ടെങ്കിലും, നിർമ്മാണം പൂർത്തീകരിച്ച് കെട്ടിടത്തിൻമേൽ മഴവെള്ളകൊയ്ത്തിനുള്ള സംവിധാനം പരിശോധിക്കാതെ ഒക്കുപെൻസി സർട്ടിഫിക്കറ്റുകൾ നൽകിവരുന്നുണ്ട്. പൂർത്തീകരണ റിപ്പോർട്ട് അപേക്ഷകൻ സെക്രട്ടറിയ്ക്ക് സമർപ്പിച്ച് കഴിയുമ്പോൾ കെട്ടിടത്തിന്റെ ഒക്കുപെൻസി സർട്ടിഫിക്കറ്റിനായുള്ള പരിശോധനാ റിപ്പോർട്ടിനോടൊപ്പം മഴവെള്ള കൊയ്ത്തിനുള്ള സംവിധാനമേർപ്പെടുത്തിയിട്ടുണ്ടോ എന്നും, അവ ഉപയോഗപ്രദമാണോ എന്നും കാണിച്ചുകൊണ്ടുള്ള വിശദമായ റിപ്പോർട്ട് ലഭിച്ച ശേഷമേ ഒക്കുപെൻസി സർട്ടിഫിക്കറ്റ് നൽകേണ്ടതുള്ളൂ. അല്ലാത്ത പക്ഷം കെട്ടിടം അനധികൃതമായി കണക്കാക്കേണ്ടതാണ്. നിയമനം പ്രാബല്യത്തിൽ വന്ന ശേഷം മഴവെള്ളകൊയ്ത്തിനുള്ള സംവിധാനം സ്ഥാപിക്കാതെ ഒക്കുപെൻസി സർട്ടിഫിക്കറ്റ് നൽകിയിട്ടുള്ള പക്ഷം കക്ഷികൾക്ക് നോട്ടീസ് നൽകി 60 ദിവസത്തിനകം അവ സ്ഥാപിക്കുന്നതിന് സെക്രട്ടറിമാർ നടപടി സ്വീകരിക്കേണ്ടതാണ്. മഴവെള്ളകൊയ്ത്തിനുള്ള സംവിധാനം നൽകാതെ ഒക്കുപെൻസി സർട്ടിഫിക്കറ്റ് നൽകുന്ന പക്ഷം അവ സർക്കാർ ഗൗരവമായി കാണുകയും, ഉത്തരവാദികളായ ഉദ്യോഗസ്ഥരുടെ പേരിൽ നടപടി സ്വീകരിക്കുന്നതുമാണ്

എസ് . എം . വിജയാനന്ദ്.
പ്രിൻസിപ്പൽ സെക്രട്ടറി

കേരള സർക്കാർ, തദ്ദേശ സ്വയംഭരണ (ആർഎ) വകുപ്പ്, തിരുവനന്തപുരം.

20.12.2008 തീയതിയിൽ 91003/ആർഎ1/08/തസ്വഭവ നമ്പറായി അയച്ച സർക്കുലറിന്റെ പകർപ്പ്:

വിഷയം: ബിൽഡിംഗ് പെർമിറ്റും ഒക്കുപെൻസി സർട്ടിഫിക്കറ്റും തപാലിൽ അയയ്ക്കുന്നത് - സംബന്ധിച്ച്.

....

കെട്ടിട നിർമ്മാണത്തിനുവേണ്ടിയുള്ള ബിൽഡിംഗ് പെർമിറ്റും, നിർമ്മാണശേഷം നൽകുന്ന ഒക്കുപെൻസി സർട്ടിഫിക്കറ്റും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും ഉടമസ്ഥർക്ക് നേരിട്ട് ലഭിക്കുന്നില്ല എന്ന് ധാരാളം പരാതികൾ സർക്കാരിന് ലഭിച്ചിട്ടുണ്ട്. ബിൽഡിംഗ് ലൈസൻസികളും, ഇടനിലക്കാരും പ്രസ്തുത പെർമിറ്റും, സർട്ടിഫിക്കറ്റുകളും നേരിട്ട് തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളിൽ നിന്നും വാങ്ങുകയും അവ ഉടമസ്ഥന് നൽകാതിരിക്കുകയും ചെയ്യുന്നുണ്ട്. ഇതുമൂലം പൊതുജനങ്ങൾ ധാരാളം ബുദ്ധിമുട്ട് അനുഭവിച്ചുവരുന്നു. പൊതുജനങ്ങളുടെ ബുദ്ധിമുട്ടുകൾ കണക്കിലെടുത്ത് തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളിലെ സെക്രട്ടറിമാർ താഴെ പറയുന്ന ക്രമീകരണം 1.1.2009 മുതൽ ചെയ്യേണ്ടതാണ്.

1. തദ്ദേശസ്വയംഭരണ സ്ഥാപനം അംഗീകരിച്ച പ്ലാനും, ബിൽഡിംഗ് പെർമിറ്റും, ഒക്കുപെൻസി സർട്ടിഫിക്കറ്റും തപാൽ മുഖേന അക്നോളജ്മെന്റോടു കൂടിയ രജിസ്ട്രേർഡ് പോസ്റ്റിലോ, സ്പീഡ് പോസ്റ്റിലോ ഉത്തരവിറക്കുന്ന ദിവസം തന്നെ ഉടമസ്ഥർക്ക് അയച്ചുകൊടുക്കേണ്ടതാണ്.

2. മേൽപ്പറഞ്ഞ രേഖകൾ ഉടമസ്ഥൻ ഉൾപ്പെടെ ആർക്കുതന്നെ നേരിട്ട് ഓഫീസിൽ നിന്നും നൽകുവാനോ, കൈപ്പറ്റി മറ്റാർക്കും നൽകുവാനോ പാടുള്ളതല്ല.

3. തിരുത്തലുകൾ ആവശ്യമായ രേഖകൾ പോലും തപാൽ മാർഗ്ഗം മാത്രമേ നൽകാവൂ.

4. തപാൽ മാർഗ്ഗം അയച്ചുകൊടുക്കുന്ന രേഖകൾ അപേക്ഷിക്കുന്ന മുൻഗണനാക്രമത്തിൽ തന്നെ അയച്ചുകൊടുക്കേണ്ടതാണ്.

5. അംഗീകരിച്ച പ്ലാനുകൾ, ബിൽഡിംഗ് പെർമിറ്റുകൾ, ഒക്കുപെൻസി സർട്ടിഫിക്കറ്റുകൾ എന്നിവ അയച്ചുകൊടുക്കുന്നതിന് പ്രത്യേകം രജിസ്റ്റർ സൂക്ഷിക്കേണ്ടതും, അവയിൽ വിശദാംശങ്ങൾ രേഖപ്പെടുത്തേണ്ടതമാണ്. (രജിസ്റ്ററിന്റെ മാതൃക ഇതോടൊപ്പം ചേർക്കുന്നു). തപാൽ വകുപ്പിന്റെ രസീതിയും, അക്നോളജ്മെന്റ് കാർഡും പ്രത്യേകം സൂക്ഷിക്കേണ്ടതാണ്.

6. മുൻഗണനാ ക്രമം തെറ്റിച്ചു നൽകുന്ന പക്ഷം അതിനുള്ള കാരണം രജിസ്റ്ററിൽ പ്രത്യേകം രേഖപ്പെടുത്തേണ്ടതാണ്.

7. മുൻഗണനാക്രമം ലംഘിക്കുന്നില്ല എന്നുറപ്പവരുത്തുവാൻ അപേക്ഷകർക്ക് നമ്പറോടുകൂടിയ ടോക്കണുകൾ തീയതി സഹിതം നൽകേണ്ടതാണ്. ആവശ്യമെങ്കിൽ വാസഗൃഹ കെട്ടിടങ്ങൾക്കും, വാസഗൃഹേതര കെട്ടിടങ്ങൾക്കും പ്രത്യേക കൗണ്ടറുകൾ ഏർപ്പെടുത്തേണ്ടതാണ്. ഏത് ടോക്കൻ നമ്പർ വരെ അനുമതിയും, ഒക്കുപെൻസി സർട്ടിഫിക്കറ്റും നൽകിയിട്ടുണ്ടെന്നുള്ളതിന്റെ വിശദാംശങ്ങൾ നിർബന്ധമായും എല്ലാവരും കാണത്തക്ക രീതിയിൽ പ്രദർശിപ്പിക്കേണ്ടതാണ്.

8. പെർമിറ്റ് അനുവദിക്കുന്നപക്ഷം അടയ്ക്കാനുള്ള തുകയെപ്പറ്റിയുള്ള വിവരം കക്ഷിയെ അറിയിക്കുന്നതിനും, പെർമിറ്റിനുള്ള അപേക്ഷ നിരസിക്കുന്ന പക്ഷം പ്രസ്തുത വിവരം അറിയിക്കുന്നതിനും, അംഗീകരിച്ച പ്ലാനും, പെർമിറ്റും തപാൽ മുഖേന അയച്ചുകൊടുക്കുന്നതിനും ആവശ്യമായ തപാൽ ചിലവ് കക്ഷിയിൽ നിന്നും ഈടാക്കേണ്ടതുമാണ്. അല്ലാത്ത പക്ഷം അപേക്ഷകരിൽ നിന്നും സ്റ്റാമ്പ് പതിപ്പിച്ച സ്വന്തം മേൽവിലാസം എഴുതിയ കവർ അപേക്ഷ സമർപ്പിക്കുമ്പോൾ തന്നെ സ്വീകരിക്കേണ്ടതുമാണ്. തപാൽ ചിലവ് നൽകിയിട്ടില്ല എന്ന കാരണത്താൽ പെർമിറ്റ് നൽകുന്നതിന് കാലതാമസം ഉണ്ടാകുവാൻ പാടില്ല.

9. തപാൽ മാർഗ്ഗം അയച്ചുകൊടുക്കുന്ന ബിൽഡിംഗ് പെർമിറ്റിന്റെയും, ഒക്കുപെൻസി സർട്ടിഫിക്കറ്റിന്റെയും സീരിയൽ നമ്പർ, മേൽവിലാസം, പെർമിറ്റ് നമ്പർ/സർട്ടിഫിക്കറ്റ് നമ്പർ എന്നിവ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നോട്ടീസ് ബോർഡിലും, വെബ് സൈറ്റ് ഉള്ള പക്ഷം അവയിലും പ്രസിദ്ധീകരിക്കേണ്ടതാണ്.

10. എല്ലാ മാസവും സെക്രട്ടറിയോ, സെക്രട്ടറി ചുമതലപ്പെടുത്തുന്ന ഉദ്യോഗസ്ഥനോ രജിസ്റ്റർ പരിശോധിച്ച് നടപടിക്രമങ്ങൾ പാലിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതും, കൗൺസിലിന്റെ അറിവിലേയ്ക്ക് എല്ലാ മാസവും 5 -ാം തീയതിക്കകം വിവരങ്ങൾ നൽകേണ്ടതുമാണ്.

11. മുൻഗണനാക്രമം ലംഘിക്കുകയോ, അംഗീകൃത പ്ലാൻ, പെർമിറ്റ്, ഒക്കുപെൻസി സർട്ടിഫിക്കറ്റ് എന്നിവ മേൽ നിർദ്ദേശ പ്രകാരം അയയ്ക്കാതിരിക്കുകയോ ചെയ്യുകയാണെങ്കിൽ അതിനുത്തരവാദികളായ ഉദ്യോഗസ്ഥർക്കെതിരെ ശിക്ഷാ നടപടികൾ സ്വീകരിക്കുന്നതായിരിക്കും.

12. കോർപ്പറേഷനുകളിൽ അസിസ്റ്റന്റ് ടൗൺ പ്ലാനിംഗ് ഓഫീസർമാരും, ടൗൺ പ്ലാനിംഗ് ഓഫീസർമാരും മുൻഗണനാ ക്രമം തെറ്റിക്കാതെയും, നിയമാനുസൃതമതായും പ്രവർത്തിക്കുന്നുവെന്ന് അതാത് കേർപ്പറേഷൻ എഞ്ചിനീയർമാർ ഉറപ്പാക്കേണ്ടതാണ്.

എസ്.എം. വിജയാനന്ദ്,
പ്രിൻസിപ്പൽ സെക്രട്ടറി
തദ്ദേശ സ്വയംഭരണ വകുപ്പ്.

കേരള സർക്കാർ

77049/ആർ.എ1/08/തസ്വഭവ

തദ്ദേശ സ്വയംഭരണ (ആർ.എ.) വകുപ്പ്,
തിരുവനന്തപുരം, തീയതി 23/12/2008

സർക്കുലർ

വിഷയം: - ബിൽഡിംഗ് പെർമിറ്റ് നൽകുന്നത് സംബന്ധിച്ച്

സൂചന : - 45845/RA1/08/തസ്വഭവ നമ്പർ പ്രകാരമുള്ള 31/07/2008 ലെ സർക്കുലർ

സൂചനയിലെ സർക്കുലർ പ്രകാരം നിലവിൽ പാടമോ നിലമോ അല്ലത്തതും എന്നാൽ ആധാരത്തിലും മറ്റ് രേഖകളിലും അപ്രകാരം രേഖപ്പെടുത്തിയിരിക്കുന്നതുമായ സ്ഥലങ്ങളിൽ വീട് നിർമ്മിക്കുന്നതിന് പെർമിറ്റ് നൽകുന്നതിനായി സർക്കാർ വ്യവസ്ഥകൾ പുറപ്പെടുവിച്ചിരുന്നു. ഈ ആവശ്യത്തിനായി മഹസ്സർ തയ്യാറാക്കുന്നതിന് അഗ്രികൾച്ചറൽ ഓഫീസർ, വില്ലേജ് ഓഫീസർ, പഞ്ചായത്ത് സെക്രട്ടറി (കൺവീനർ) എന്നിവർ ഉൾപ്പെട്ട കമ്മിറ്റി രൂപീകരിക്കുന്നതിനും ടി കമ്മിറ്റിയുടെ ഫുൾ കോറമായിരിക്കണം തീരുമാനമെടുക്കേണ്ടതെന്നും ആയതിൽ വ്യവസ്ഥ ചെയ്തിരുന്നു.

എന്നാൽ ഈ കമ്മിറ്റിയുടെ പ്രവർത്തനത്തിന് കൂടുതൽ ഗതിവേഗം വരുത്തുന്നതിനായി അസിസ്റ്റന്റ് എഞ്ചിനീയറെ (അതാത് പഞ്ചായത്തിലെ കെട്ടിട നിർമ്മാണ നിർവ്വഹണ ചുമതലയുള്ളയാൾ) കൂടി ടി കമ്മിറ്റിയിൽ ഉൾപ്പെടുത്തുന്നതിനും പെർമിറ്റ് സംബന്ധമായി തീരുമാനമെടുക്കുന്ന കമ്മിറ്റിയിൽ ചുരുങ്ങിയത് രണ്ട് അംഗങ്ങൾ എങ്കിലും ഉണ്ടായിരിക്കേണ്ടതാണെന്നും ഇതിനാൽ നിർദ്ദേശിക്കുന്നു.

കൂടാതെ ഏതെങ്കിലും അംഗം ഭൂമിയുടെ സ്വഭാവം സംബന്ധിച്ച് സ്ഥല പരിശോധന നടത്തി മഹസ്സർ തയ്യാറാക്കുന്നതിനോ, കമ്മിറ്റിയിൽ തീരുമാനം എടുക്കുന്നതിനോ ഹാജരാകാത്തപക്ഷം, പ്രസ്തുത സംഗതിയിൽ നിന്നും അവരുടെ അഭിപ്രായം അടങ്ങിയ റിപ്പോർട്ട് 15 ദിവസത്തിനകം നൽകുവാൻ സെക്രട്ടറി ആവശ്യപ്പെടേണ്ടതാണ്. 15 ദിവസത്തിനകം റിപ്പോർട്ട് ലഭിക്കാത്തപക്ഷം ഹാജരായവരുൾപ്പെട്ട കമ്മിറ്റിയുടെ തീരുമാന പ്രകാരം തന്നെ സെക്രട്ടറിക്ക് കെട്ടിട നിർമ്മാണ അപേക്ഷയിന്മേൽ തീരുമാനം എടുക്കാവുന്നതാണ്.

എസ്.എം. വിജയാനന്ദ്
പ്രിൻസിപ്പൽ സെക്രട്ടറി

ആറ്
റെജിസ്ട്രേഷൻ

NOTIFICATIONS

I. Commencement of the Act

(Published in Gazette of India dated 21st March, 1970)
(Notification No.G.S.R.461 dated 7-3-1970)

The Registration of Births and Deaths Act 1969 shall come into force on 1-4-1970 in the whole of the following States and Union Territories, namely: 1. Andhra Pradesh; 2. Bihar ; 3. Gujarat ; 4. Haryana; 5. Kerala; 6. Madhya Pradesh; 7. Maharashtra; 8. Mysore; 9. Orissa; 10. Punjab; 11. Rajasthan; 12.Tamil Nadu; 13. Uttar Pradesh
and 1. Chandigarh 2. Dadra and Nagar Haveli 3. Himachal Pradesh 4. Laccadive, Minicoy and Amindivi Islands, Union Territories.

2. Notn. appointing Chief Registrar

SRO. No. 144/70. In exercise of the powers conferred by subsection (1) of S. 4 of the Registration of Births and Deaths Act, 1969 (Central Act No. 18of 196S the Government of Kerala hereby appoint the Director of Panchayats, to be th; Registrar for the State of Kerala for the purposes of the said Act.
(Published in K. G No. 115 dated 31-3-70).

3. Notn. appointing additional chief Registrar & Dy. Chief Registrar

SRO. No. 81/71.-In exercise of the powers conferred by sub-section (2) of S. 4 of the Registration of Births and Deaths Act, 1969 (Central Act 18of 1969)the Government of Kerala hereby appoint the Additional Director and the Deputy Director (Vital Statistics) Bureau of Economics and Statistics to be the Additional Chief Registrar and the Deputy Chief Registrar respectively for the purpose of discharging under the superintendence and control of the Chief Registrar, such of the powers of the Chief Registrar as he may from time to time delegate to them.
(Published in K. G. No. 9 dated 9-3-71.)

. 4. Notn. appointing District Registrars*

SRO. No. 145/70.-In exercise of the powers conferred by sub-section (1) (S. 6 of the Registration of Births and Deaths Act, 1969 (Central Act 18 of 1969) the lovemment of Kerala hereby appoint the District Panchay at Officers to be the District Registrars of the respective revenue districts for the purpose of the said Act.
(Published in K.G. No. 115 dated 31-3-70).

* Revised notification issued vide S.R.O. No 955/2001 published in K.G. Extra ordinary No.1631 dated 22 nd October, 2001

5. Notn. appointing Additional District Registrars

SRO. No, 82/71.-In exercise of the powers conferred by sub-section (1) of S. 6 of the Registration of Births and Deaths Act, 1969 (Central Act 18 of 1969) the Government of Kerala hereby appoint the Senior Research Assistants in the District Statistical Offices as Additional District Registrars of the respective revenue districts for the purposes of discharging subject to the general control and direction of the District Registrar, such functions of the District Registrar, as he may from time to time, delegate to them.
(Published in K. G. No. 9 dated 9-3-71).

6. Notn. Appointing Registrars

SRO. No. 146/70.-In exercise of the powers conferred by sub-section (1) of S.7 of the Registration of Births and Deaths Act, 1969 (Central ActNo. 18of 1969), the Government of Kerala hereby appoint the officers specified in column (2) of the schedule below to be the Registrars for the local areas comprising the areas within the jurisdiction of the local authorities specified in column (1) thereof.

(1)	(2)
Corporations functioning under the Kerala Municipal Corpora-tions Act, 1961 (30 of 1961)	*Health Officer of the Corporations concerned.
Municipalities functioning under the Kerala Municipalities Act, 1960 (14 of 1961)	** Health Inspectors of the Municipalities/Township concerned.
Guruvayur Township	* Health Inspectors of the Municipalities/Township concerned.
Panchayats functioning under the Kerala Panchayats Act, 1960 (32 of 1960)	Executive Officers of the Panchayats concerned.

(Published in K.G. Ext. No. 115 dated 31-3-1970)

**Substituted by S.R.O.No.388/71 for the words " Commissioners of the Corporations concerned"*

*** Substituted bySRO No. 1185/72, published in K.G. No. 49dated 16-12-75 for the words "Commissioners of the Municipalities concerned and Executive Officer of the Township".*

7. Notfn. Appointing Registrar for Cantonment area*

G.O.(Ms) No. 113/70/DD **Dated, Trivandrum,21st May 1970**

S.R.O.No.208/70 – In exercise of the powers conferred by Sub Section (1) of Sectuion 7 of the Registration of Births and Deaths Act, 1969 (Central Act 18 of 1969), the Government of Kerala hereby appoint the Executive Officer of the Cannanore Cantonment area to be the Registrar for the said local area.

* Revised notification appointing Supdt. as the registrar issued vide G.O(P) No.193/93/LAD dt. 30.9.1993

8. Notn. appointing informants of vital events

SRO. No. 253/77.-In exercise of the powers conferred by clause (f) of sub-section (1) and sub-section (2) of S.8 of the Registration of Births and Deaths Act, 1969 (Central Act 18 of 1969), the Government of Kerala hereby appoint the following officers having jurisdiction over the local area to act as inform ants of vital events (births and deaths) occurring among the scheduled tribes in tribal areas within the State, namely:-

(1) Village Extension Officers of the National Extension Service Blocks.

(2) Family Planning Health Assistants.

(3) Auxiliary Nurse-cum-Midwives working under the Family Planning Programme.

(Published in K.G. No. 13 dated 29-3-77).

9. Notns. appointing notifiers

SRO. No. 1197/79.-Under clause (iii) of sub-section (1) of S. 10 of the Registration of Births and Deaths Act, 1969 (Central Act 18 of 1969), the Government of Kerala hereby specify Pastors of Churches as notifiers of Births and Deaths events occurring within their respective parishes and the

caretakers of cemeteries as notifiers of death events in cases of dead bodies attended to by them to the concerned Registrar of Births and Deaths within the time limit prescribed under the Kerala Registration of Births and Deaths Rules, 1970.
(Published in K.G. No. 43 dated 30-10-1979).

SRO. No. 96/82.-UnderCIause(iii)of sub-section(l)of S. 10 of the Registration of Births and Deaths Act, 1969 (Central Act 18 of 1969), the Government of Kerala hereby specify the Auxiliary Nurse-cum-Mid wives in the field, Basic Health Workers, Health Assistants and the Family Welfare Health Assistants of the Health Service Department as persons to notify birth or death or both which occurs in the areas under their respective jurisdiction coming to their notice to the concerned Registrar of Births and Deaths through the Officers under whom they are working.
(Published in K.G. No. 4 dated, 26-1-1982).

10. Officers authorised to attest affidavits under S.13(2)

SRO. 348/71.-Under sub-section (2) of S. 13 of the Registration of Births and Deaths Act, 1969 (Central Act 18 of 1969), the Government of Kerala hereby authorise the Class I and Class II Officers of the State Government to attest affidavits required under the said sub-section.
(Published in K.G. No. 37 dated 21-9-71).

11. Executive Magistrates to exercise power under S.13 (3)

Sub:- Criminal Justice-Separation of Judiciary from the Executive-Instructions of Judicial and Executive Magistrate-Allocation of Powers under Registration of Births and Deaths Act, 1969 -Amendment issued.

Read:- l. G. O. (P) 383/Home, dated 5th May 1959.
2 Letters No. VS. 22836/70, dated 16th July 1970 and 5th August 1970 from the Director of Panchayats.
3. Letter No. VS. 22836/70, dated 16th July 1970 from the District Collector, Quilon.
4 Letter No.Dl-11953/71, dated IstJune 1971 from the Registrar of the High Court, Ernakulam.
5. Letter No. A2-34873/71, dated 14th September 1971 from the District Collector, Trivandrum.

Government are pleased to order that the jurisdiction under section 13 (3) of the Registration of Births and Deaths Act, 1969 (18 of 1969) and rule 10 (3) of the Kerala Registration of Births and Deaths Rules, 1970 shall be vested with the Executive First Class Magistrate (Revenue Divisional Officers) and that under section 23 of the Act, shall be allocated to the Judicial Magistrates. Opportunity is also taken to delete the reference to the Travancore-Cochin Registration of Births and Deaths Act. 1952 which has ceased to be applicable to the State.

AMENDMENTS

The following amendments will accordingly be made in the G. O. first cited. (1) In Part II (Central Acts) of the Schedule to the G. O. the following shall be inserted as item 75A, namely:-

(1)	(2)	(3)	(4)
75A	Registration of Births and Deaths (Act 18 of 1969)	Section23	Section 13(3)and rule 10(3) of the Kerala Registration of Births and Deaths Rules, 1970, issued under the Act.

(2) In Part III (State Enactments) of the Schedule to the G. O. the entries under item 67 shall be deleted.

14. Officers authorised to compound offences

Director of Panchayats by virtue of the powers vested in him under section 24(1) of the Registration of Births and Deaths Act, 1969 (18 of 1969), the Director of Panchayat and Chief Registrar of Births and Deaths in supersession of the notification No. VS. 30861/70, dated 2nd October 1970 published in K. G. No. 43, dated 27th October 1970 hereby authorise the officers mentioned in column 1 of the schedule below to compound offences taking place in their respective jurisdiction described in column 2 thereof and punishable under the Registration of Births and Deaths Act, 1969
(18 of 1969) subject to the conditions laid down under rule 17(1) and 17 (2) of the Kerala Registration of Births and Deaths Rule, 1970.

SCHEDULE

Officers authorised to compound offences	**Jurisdiction of the Officers**
(1)	(2)
1. Executive Officer/Registrar of Births and Deaths of Panchayats	The respective Panchayat area to which they are appointed as Execu-tive Officer/Registrar of Births and Deaths
2. Executive Officer/Registrar of Births and Deaths, Cantonment Board, Cannanore	Cantonment area of Cannanore
3. Health Inspector/Registrar of Births and Deaths, Township, Guruvayur	Township area of Guruvayur
4. Health Inspector/Registrar of Births and Deaths in the Municipalities	The respective Municipal areas to which they are appointed as Health Inspector/Registrar of Births and Deaths
5.Health Officers of Municipal Corporations/Registrars of Births and Deaths	Respective Municipal Corporation areas to which they are appointed as Health Officer/Registrar of Births and Deaths

(Published as Notification No. Bl-4847/77 dated 1-10-77).

15. Officers authorised to institute prosecution

By virtue of the powers vested in him under section 25 of the Registration of Births and Deaths Act, 1969 (18 of 1969) the Director of Panchayats/Chief Registrar of Births and Deaths in supersession of the notification issued as No. VS. 30861/70, dated 2nd October 1970 published in Kerala Gazette No. 43, dated 27th October 1970 do hereby authorise the officers mentioned in column 1 of the Schedule below to institute prosecution of offences taking place in their respective areas mentioned in column 2 thereof and punishable under the Registration of Births and Deaths Act, 1969 (18 of 1969).

SCHEDULE

Name of Officers	**Area for which the officers mentioned in column I are appointed**
(1)	(2)
1. Executive Officer/Registrar of Births and Deaths of Panchayats	The respective Panchayat area to which they are, appointed as Executive Officer/Registrarof Births and Deaths
2. Executive Officer/Registrar of Births and Deaths, Cantonment Board, Cannanore	Cantonment area, Cannanore

3. Health Inspector/Registrar of Births and Deaths, Township Guruvayur	Township area, Guruvayur
4. Health Inspector/Registrar of Births and Deaths, Municipalities	Respective Municipal area to which they are appointed as Health Inspector of Births and Deaths
5. Health Officer/Registrar of Births and Deaths, Municipal Corporation	Respective Municipal Corporations to which they are appointed as Health Officer/Registrar of Births and Deaths

16. Officers authorised to grant permission under R.10 (2)

SRO. No. 423/70 - Under sub-rule (2) of Rule 10 of the Kerala Registration of Births and Deaths Rules, 1970, the Government of Kerala hereby prescribe that the District Panchayat Officers shall be the officers authorised to grant permission under the said sub-rule, within their respective jurisdictions.

(Published in K.G. No. 49 dated 8-12-1970).

SRO No. 389/71 – Under Sub rule (2) of Rule 10 of the Kerala Registration of Births and Deaths Rules, 1970 the Government of Kerala hereby prescribe that the Commissioners of the Corporations concerned shall be officers authorised to to grant permission under the said rule, within their respective jurisdiction.

SRO No. 1186/75 - Under sub-rule (2) of Rule 10 of the Kerala Registration of Births and Deaths Rules, 1970 the Government of Kerala hereby prescribe that the "Commissioners of Municipalities" and "Executive Officer of Township" concerned shall be the officers authorised to grant permission under the said rule, within their respective jurisdiction.

Notfn. Authorising officers to certify extracts under sec.17(2)

G.O.(Ms) No.3/95/LAD Dt.,Thiruvananthapuram,18.01.1995

SRO No. 95 – In exercise of the powers conferred by sub section (2) of Section 17 of the Registration of Births and Deaths Act, 1969 (Central Act 18 of 1969), the Government of Kerala hereby authorise the officers mentioned in coloumn (1) of the schedule hereto certify the extracts from the register relating to births and deaths in respect of the area noted against each in coloumn (2) thereof, namely:-

SCHEDULE

Designation of Officer	Area
1. Health Supervisor, Kochi Municipal Corporation	Ernakulam region of Kochi Municipal Corporation
2 Assistant Health Officer of Kochi Municipal Corporation region	Mattanchery region of Kochi Municipal Corporation

Seniormost Health Inspector to exercise the powers of Registrar

As per notification I issued in G. O. Ms. 242/75/L A & S W D., dated 24th November 1975, the Health Inspectors of Municipalities/Township concerned were appointed under section 7 (1) of the Registration of Births and Deaths Act, 1969, as Registrars of local areas under their respective jurisdiction. It is noticed that in Municipalities having more than one Health Inspectors difficulties are being experienced in implementing the above order. As there could only be one Registrar for a local

body, doubts may arise regarding the appointment of Registrars in a Municipality/Township where there are more than one Health Inspectors.

2. Government have examined the matter in detail and order that in the case of Municipalities/Township where the number of Health Inspectors exceeds one, the senior most Health Inspector will be authorised to exercise the duties and functions of the Registrars of the local areas under their respective jurisdiction.

(Published as G.O. Rt. No. 1477/76/L A & SWD, dated 16th June 1976).

No. 1/3/95- VS (Cord)

GOVERNMENT OF INDIA

MINISTRY OF HOME AFFAIRS

OFFICE OF THE REGISTRAR GENERAL, INDIA

New Delhi, March 9,1998

To

The Chief Registrar of Births and Deaths and
(As per list attached)

Sub: - Reconstruction of destroyed or mutilated registration records

Sir,

For quite sometime now, we have been receiving communication from various Chief registrars highlighting the problems being faced by them in dealing with situations when the registers of births and deaths have been destroyed or lost or damaged. At present, in the Model Rules, Clause (d) of sub-rule (1) of Rule 14 and sub-rule (3) and (4) of the same Rules provide for the issuance of non-availability certificate in such cases in Form No.17 to Form No.20. The Form Nos. 17,19 and 20 are issued in cases where the original registers are not available and Form No. 18 is used when a particular entry is not available in the register. Many of the states have included this provision in their state RBD Rules as per the Model Rules and are issuing non-availability certificates in the above mentioned forms. The general response received from the various chief Registrars in reply to this office letter of even number dated 30.01.1997 suggests that these certificates (except those given in Form No.18) seem to serve no purpose in such situations and put the genuine applicants to a lot of hardship. The present procedure is also totally counter-productive to our effort in improving the levels of registration.

After careful consideration the following courses of action have been suggested to remedy the situation:-

a) The form No. 17, 19 and 20 which are issued in cases where the registers of births/deaths are not available are to be deleted. Necessary proposal may be sent to this office to suitably amend the state rules for deleting these forms.

b) To deal with situations involving damage or loss of records, guidelines and well established procedures must be already in existence in the state. The same procedures

could be followed in the case of civil registration records also in case they have been destroyed, damaged or lost.

The interest of the general public should be the prime objective while framing proper guidelines in consultation with the state law department. If documentary proof is available either with the individual or the office of the fact that the event had actually been registered, ways may be found to see that these event are re-registered or registers reconstructed and the individuals are not denied of birth/death. In other cases appropriate procedures may be evolved so that the public are able to get the certificates issued.

You would apprecate that there is also an immediate need to ensure that due care is taken for maintenance of registration records so that such situations do not recur. Quality stationary like paper and ink will have to be used to ensure durability of the records. Necessary steps are required to be urgently taken by you in this regard.

Yours faithfully

Sd/-
(R.G.Mitra)
Deputy Registrar General

No. 1/14/95- VS (CRS)-KEL

GOVERNMENT OF INDIA

MINISTRY OF HOME AFFAIRS

OFFICE OF THE REGISTRAR GENERAL, INDIA

Dated- 4th June 1998

To

The Chief Registrar of Births and Deaths of all States/UTs

Sub: - Registration of Births and Deaths occurring to Indian Citizens outside India- regarding

Sir,

Under the Citizens (Registration at Indian Consulates) Rules, 1956 made under the Citizenship Act, 1955 (57 of 1955), all births & deaths pertaining to Indian Citizens occurring outside India can be registered at the Indian Consulates. The above mentioned rules also has the provision that for registration of even those births to Indian Citizens that have occurred prior to the commencement of the rules, certificates of births & deaths are also issued on such registration by the Indian Consulates.

Section 20(2) of the RBD Act, 1969 provides for registration (in India) within 60 days of births occurring to Indian Citizens outside India when no information has been received by the Registrar general, as provided under sub-section (1) of section 20 of the Act and when the parents of the child return to India with a view of settling here. The purpose of this provision is to facilitate the registration of those births in India which for some reasons have not been registered at the consulates and parents return to India with a view to settling here. Registration of deaths, however, is not covered under this section.

The RG's Office through Circular No.30(1) (IN)/ 93-VS(FR) dated 5.7.1995 had, under section 20(2) of the RBD ACT, further facilitated the registration of such events of birth by allowing its registration at the usual place of residence of the Indian Citizen in India

Sd/-

Deputy Registrar General

നമ്പർ ബി2–38820/96

പഞ്ചായത്ത് ഡയറക്ടറാഫീസ്,
തിരുവനന്തപുരം, തീയതി: 30.6.99

സർക്കുലർ

വിഷയം: ജനന–മരണ രജിസ്ട്രേഷൻ – ജനന തീയതിയിൽ വ്യത്യാസമുള്ള കേസുകളിൽ പേരു ചേർക്കുന്നതിന് ജില്ലാ രജിസ്ട്രാർമാരെ അധികാരപ്പെടുത്തുന്നതു സംബന്ധിച്ച്

സൂചന: 16.04.99 ലെ ഇന്റർ ഡിപ്പാർട്ടമെന്റൽ കമ്മിറ്റിയുടെ 10–ാം നമ്പർ തീരുമാനം

ജനന രജിസ്ട്രേഷനിലെയും സ്കൂൾ രേഖയിലെയും ജനനത്തീയതിയിൽ ആറു മാസത്തിൽ കൂടുതൽ വ്യത്യാസമുണ്ടെങ്കിൽ ജനന രജിസ്ട്രേഷനിൽ കുട്ടിയുടെ പേര് ചേർക്കുവാൻ നിലവിൽ ചീഫ് രജിസ്ട്രാറുടെ അനുമതി ആവശ്യമാണ്. ഇക്കാര്യത്തിൽ ജനങ്ങൾ നേരിട്ടു വരുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിലേക്കായി 1/4/70 ന് ശേഷമുള്ള ജനന രജിസ്ട്രേഷനുകളിൽ, ജനന രജിസ്ട്രേഷനിലും സ്കൂൾ രേഖയിലും കുട്ടിയുടെ ജനനത്തീയതിയിൽ ആറു മാസത്തിൽ കൂടുതൽ വ്യത്യാസമുള്ള സംഗതിയിൽ പേര് ചേർക്കുന്നതിനുള്ള അനുവാദം നൽകുന്നതിന് ജനന മരണ ജില്ലാ രജിസ്ട്രാർമാർക്ക് ഇതിനാൽ അധികാരം നൽകി ഉത്തരവാകുന്നു.

ഇപ്രകാരം പേര് ചേർക്കുന്നതിന് അപേക്ഷ സമർപ്പിക്കുമ്പോൾ സ്ഥലം രജിസ്ട്രാർ അന്വേഷണ റിപ്പോർട്ടും ശുപാർശയും ജനനക്രമ സ്റ്റേറ്റ്മെന്റും സ്കൂൾരേഖയുടെ ശരിപ്പകർപ്പും ജനന രജിസ്റ്ററിന്റെ ശരിപ്പകർപ്പും ജില്ലാ രജിസ്ട്രാർക്കുള്ള അപേക്ഷയോടൊപ്പം അയച്ചു കൊടുക്കേണ്ടതാണ്. ജില്ലാ രജിസ്ട്രാറുടെ ഉത്തരവു പ്രകാരം നടപടി സ്വീകരിച്ച് വിവരം (ഉത്തരവ് നമ്പർ, തീയതി എന്നിവ) റിമാർക്സ് കോളത്തിൽ രേഖപ്പെടുത്തേണ്ടതും പരിശോധനാ സമയത്ത് പ്രസ്തുത ഉത്തരവുകൾ പരിശോധനക്കായി നൽകേണ്ടതുമാണ്.

എന്നാൽ 1/4/1970 ന് ശേഷമുള്ള ജനന രജിസ്ട്രേഷനുകളിൽ കുട്ടിയുടെ പേര് ചേർക്കുവാൻ ചീഫ് രജിസ്ട്രാറുടെ അനുവാദം വാങ്ങിയിരിക്കേണ്ടതാണ്.

(ഒപ്പ്)

പി.കമാൽകുട്ടി
ചീഫ് രജിസ്ട്രാർ (ജനന–മരണം)
പഞ്ചായത്ത് ഡയറക്ടർ

GOVERNMENT OF KERALA

LOCAL SELF GOVERNMENT (C) DEPARTMENT

NOTIFICATION

G.O. (Ms) No 249/2001/LSGD Thiruvananthapuram,16th September, 2001

S.R.O. No 955/2001 --In exercise of the powers conferred by sub section (1) of section 6 of the Registration of Births and Deaths Act, 1969 (Central Act No. 18 of 1969) and in supersession of the notification issued under G.O.(Ms) 73/70/DD dated 31st March, 1970 and published in the Kerala Gazette No.115 dated 31st March, 1970, the Government of Kerala hereby appoint the Deputy Director of Panchayats to be the District Registrars of the respective Revenue Districts for the purpose of the said Act.

By order of the Governor,

P.Kamalkutty
Secretary to Government

Explanatory Note

(This does not form part of the notification, but is intended to indicate its general purport)

As per the notification issued under G.O.(Ms) 73/70/DD dated 31st March, 1970 and published in the Kerala Gazette No.115 dated 31st march, 1970 the District Panchayat Officers were authorised as the District Registrars of Births and Deaths under the Registration of Births and Deaths Act, 1969. Subsequently the the post of District Panchayat Officers has been abolished. Therefore Government have now decided that a district level officer of the Panchayat Department shall be authorised as the Registrar of Births and Deaths in each District.

This notification is intended to achieve the the above object.

(Published in Gazette Extra ordinary No.1631 dated 22nd October, 2001)

No.6/4/97--VS(CRS) Vol.-V
GOVERNMENT OF INDIA
MINISTRY OF HOME AFFAIRS
OFFICE OF THE REGISTRAR GENERAL,INDIA
V.S.Division,West Block-I, R.K.Puram, New Delhi-110066

Dated the February 19,2003

CIRCULAR No.1/2003

Sub : - Maintenance of Registers of Births & Deaths under the Revamped system

Under the revamped system of registration, the State rules provide for maintaining of legal parts of the reporting forms 1,2 and 3 as pages of birth register, death register and still birth register respectively. Maintaining and safe keeping of the loose sheets of legal parts for the whole year in the serial order is posing a lot of difficulties to the registrars and also there are apprehensions of foul play by inserting/removing sheets in between. This matter has been raised by several chief Registrars in their communications with this office. After considering their views, it is felt necessary to maintain bound registers of births, deaths and stillbirths that contain all items available in the legal parts of the reporting forms so that it can be used for several day to day activities. Since the existing rules provide for the register prepared by keeping the legal parts of the reporting forms, it will continue to be the original register for all purposes. Therefore, this suggestion has been under active consideration to create a register each of births, deaths and stillbirths as in the past with the items contained in the legal part of the respective reporting forms and three additional columns each in the births and deaths register and two additional columns in the stillbirth register. One of the additional columns used would be for the birth weight in the birth register and cause of death in the death register. Two columns each in the birth, death and stillbirth register would be used for signature of the registrars against each entry and for remarks (to be used wherever required at a later stage)

The register has to be prepared by copying out the relevant particulars from the reporting forms. The entries in this register have to be the exact copies of the entries in the legal part of the reporting form in the same language. The registrars be also be instructed to certify on each page are true extracts of the original entries in the legal and statistical parts (birth weight and cause of death) of the corresponding reporting form. In case of computerised registration, printouts with each line containing the particulars of an event and the various entries appearing in different columns may be taken and each event certified as indicated above. These printouts taken periodically (weekly/fortnightly/monthly) may be maintained as a bound register for ready reference.

Correction of any entry pertaining to an event may be carried out into the legal parts of the reporting forms as well as in the bound register. An entry to the effect that the correction has been made in the legal part of the corresponding reporting form has to be inserted in the "Remarks" column and signed by the registrar. Wherever the registers are maintained on computer this entry should also confirm that necessary corrections have been made in the computerized database. Access to modify any entry made in the electronic copy should be duly protected through a password and necessary security measures be undertaken.

The register so created after due certification by the Registrar may be used for all purposes of search and issue of certificates. Since the mainenance of such registers is not provided for in the rules framed by the State Governments, in case of any doubts, disputes, etc., the entry in the legal part of the reporting form would be treated as the legally valid entry. In view of this, it is necessary to ensure that the corrections, whenever made, are carried out in the original register (legal part of the reporting forms)

It may be stressed here that the original register, i.e., legal parts of the reporting forms which are bound register, is a permanent record and has to be preserved carefully.

All Chief Registrars, are requested to take appropriate action as early as possible to implement the above suggestion. This instruction is issued under the section 3(3) of the Registration of Births and Deaths Act, 1969.

Sd/-
J.K.Banthia
Registrar General, India

No. 1/14/95- VS (CRS)-KER

GOVERNMENT OF INDIA
MINISTRY OF HOME AFFAIRS
OFFICE OF THE REGISTRAR GENERAL, INDIA

April 29,2003

To

The Chief Registrar of Births and Deaths and
Director of Panchayats, Kerala,
Museum P.O.
Thiruvananthapuram- 695033

Sub: - Registration of Births & Deaths – deletion of father's name in the birth register- regarding

Sir,

Please refer to your office letter no. B1- 38341/98 dated 11.02.2003 on the above subject. In the case under consideration, it is claimed that the Honorable Family Court has already declared that the concerned person is not the biological father of the said child. If this be so, taking note that decision of the Family Court, the application for deletion of name of the said person as father from the birth register of the concerned child may be considered and appropriate action in this regard may be taken as provided in the rule 10(6) of the Kerala Births and Deaths Registration Rules,1999. For taking any action on the matter, the satisfaction of the concerned registration authorities on the facts of the case is required. Therefore, before taking any action under above rule for deletion/correction, the decision of the Honorable Family Court need to be studied properly. In this connection, clarification given at query no.64 in the Handbook on Civil Registration may also be referred to.

For addition of name of real father (biological father) in this case, joint declaration of the mother and the concerned person is required.

Yours faithfully,
Sd/-
(Nand Lal)
Research Officer

No. ……..

GOVERNMENT OF INDIA
MINISTRY OF HOME AFFAIRS
OFFICE OF THE REGISTRAR GENERAL, INDIA

New Delhi, July 30,2003

To

The Chief Registrar of Births and Deaths and

Sub: - Clarification on infant deaths and maternal deaths

Sir,

It has been noticed while inspecting the Registration Units of births and deaths in different parts of the country that in several places, the terms "Infant deaths" and "maternal Deaths" are being misunderstood by some of the Registrars, while forwarding the 'Summary Monthly Report of Deaths' in Form No.12 alongwith the Statistical Part of Death Reporting Form. It has been observed that deaths upto the age of five years are treated as infant deaths in many cases. While in case maternal deaths most of the female deaths are shown under this column, irrespective of the age of the deceased.

In this connection it is requested that clear cut instructions may be issued to all the District Registrar/Registrars of your State that **'Deaths of children less than one year old only be counted as infant deaths**. In case of Maternal Death the following may be noted.

The death of a mother during pregnancy or labour within 42 days (six weeks) after delivery/termination of pregnancy which are known to be definitely cused by conditions arising out of pregnancy and child birth shall only be included as maternal death.

It is therefore, requested that specific instructions may be issued to the Registrars/District Registrars to check the entries while forwarding Form.No.12 along with statistical part of the reporting forms therefore accurate data on these indicators may be obtained. It may be noted that once this compilation have been done it is very difficult to check the quality of data and hence all efforts are to be made to ensure the quality at the basic level at which compilation are done.

Yours faithfully

Sd/-
(Narayanan Unni)
Deputy Registrar General

No. 1/14/95- VS (CRS)-KER

GOVERNMENT OF INDIA

MINISTRY OF HOME AFFAIRS

OFFICE OF THE REGISTRAR GENERAL, INDIA

August 19, 2003

To

The Chief Registrar of Births and Deaths and
Director of Panchayats, Kerala,
Museum P.O.
Thiruvananthapuram- 695033

Sub: - Births & Deaths Registration – Entering the year of birth in full in the birth register and to add the Christian Era also – request regarding

Sir,

Please refer to your office letter no. B1- 323436/2002 dated 24.04.2003 on the above subject. In this connection, it is clarified that as the law provides for certified extracts only, the registrar may issue the birth/death certificates in the normal format with the particulars including the date of occurance/registration as entered in the respective registers. After the signature which completes the certifying process, the registrar on request may add a note thereby clarifying that the year mentioned as 114 ME is 1114 ME. Further, if he is satisfied, he may also include in the note the corresponding Christian Era and sign the explanation note.

Yours faithfully

Sd/-
(Nand Lal)
Dy. Registrar General

നമ്പർ ബി2–24551/99

പഞ്ചായത്ത് ഡയറക്ടറാഫീസ്,
തിരുവനന്തപുരം, തീയതി: 19.01.2004

സർക്കുലർ

വിഷയം: ജനന–മരണ രജിസ്ട്രേഷൻ–.സംബന്ധിച്ച്

സൂചന: എൽ.ഐ.സി ഡിവിഷണൽ മാനേജരുടെ 9.06.99 ലെ കത്ത്

ഒരു വ്യക്തിയുടെ മരണം സംബന്ധിച്ച് വ്യത്യസ്ത രജിസ്ട്രേഷൻ യൂണിറ്റുകളിൽ നിന്നും വ്യത്യസ്ത തീയതികളിൽ മരണം സംഭവിച്ചതായി മരണ സർട്ടിഫിക്കറ്റുകൾ ലഭിക്കുക, വിദേശത്തു വച്ച് നടന്ന മരണം കേരളത്തിലെ രജിസ്ട്രേഷൻ യൂണിറ്റിനകത്തു വച്ച് നടന്നതായി രജിസ്റ്റർ ചെയ്ത സർട്ടിഫിക്കറ്റ് നൽകുക, മരിച്ച തീയതി വ്യത്യാസപ്പെടുത്തി മരണം രജിസ്റ്റർ ചെയ്ത് സർട്ടിഫിക്കറ്റ് നൽകുക, എന്നിങ്ങനെയുള്ള അപാകതകൾ കേരളത്തിലെ രജിസ്ട്രാർമാർ നടത്തിയിരിക്കുന്നതായി എൽ.ഐ.സി യുടെ ഡിവിഷണൽ മാനേജർ ചീഫ് രജിസ്ട്രാറുടെ ശ്രദ്ധയിൽപ്പെടുത്തിയിരിക്കുന്നു.

1969 ലെ ജനന മരണ രജിസ്ട്രേഷൻ നിയമങ്ങളും തന്റസംബന്ധമായി ഉണ്ടാക്കിയിട്ടുള്ള ചട്ടങ്ങളും പ്രകാരം ജനനവും മരണവും അവ നടന്ന രജിസ്ട്രേഷൻ യൂണിറ്റുകളിലാണ് രജിസ്റ്റർ ചെയ്യേണ്ടത്. സ്ഥാപനങ്ങളിൽ നടക്കുന്ന ജനനവും മരണവും സ്ഥാപനങ്ങളിലെ ഇൻഫോർമെന്റുകൾ വഴി ലഭിക്കുന്നതുകൊണ്ട് വലിയ അപാകതകൾ സംഭവിക്കാൻ സാദ്ധ്യതയില്ല. എന്നാൽ വീടുകളിൽ വച്ച് നടക്കുന്ന ജനന മരണങ്ങൾ രജിസ്റ്റർ ചെയ്യുന്നതിൽ ധാരാളം അപാകതകൾ സംഭവിക്കാൻ സാദ്ധ്യതയുണ്ട്. ഉദാഹരണത്തിന് മരണതീയതി മാറ്റി പറയുക, യഥാർത്ഥ ഇൻഫോർമന്റല്ലാത്തവർ ജനനവും മരണവും റിപ്പോർട്ടു ചെയ്യുക, വിദേശത്തുവച്ച് നടന്ന ജനന മരണങ്ങൾ കേരളത്തിൽ വച്ച് നടന്നതാണെന്ന് റിപ്പോർട്ടുചെയ്യുക, മരിക്കാത്തവർ മരിച്ചതായി റിപ്പോർട്ടു ചെയ്യുക മുതലായവ

അതിനാൽ വീടുകളിൽ നടന്നതായി റിപ്പോർട്ട് ചെയ്യുന്ന ജനന മരണങ്ങൾ സംബന്ധിച്ച് സ്ഥലത്തു പോയി വിശദമായ അന്വേഷണം നടത്തി വസ്തുതകൾ ബോദ്ധ്യപ്പെട്ട ശേഷം രജിസ്റ്റർ ചെയ്യേണ്ടതാണെന്ന് എല്ലാ രജിസ്ട്രാർമാർക്കും നിർദ്ദേശം നൽകുന്നു.

(ഒപ്പ്)

എൽ.സുശീല

പഞ്ചായത്ത് ഡയറക്ടറുടെ ചുമതല വഹിക്കുന്ന
ജോയിന്റ് ഡയറക്ടർ (ഭരണം)

No. 1/14/95- VS (CRS)-KEL

GOVERNMENT OF INDIA
MINISTRY OF HOME AFFAIRS
OFFICE OF THE REGISTRAR GENERAL, INDIA

Dated- 11th March.2004

To

The Chief Registrar of Births and Deaths and
Director of Panchayats,
Kerala,
Museum P.O.
Thiruvananthapuram- 695003

Sub: - Registration of Births occurring to Indian Citizens outside India

Sir,

Please find enclosed a copy of letter dt.6.02.2004 received from Shri. P.P.Chacko of Eranakulam regarding the registration of birth of his child born on 5.5.1985 in Kuwait. The Revenue Divisional Office , Fort Kochi has asked the applicant to produce a certificate from ORGI regarding the non registration of birth of his son in Indian consulate under the Citizenship Act 1955. In this connection your attention is invited to this Office letter number 1/5/97-VS(CRS-Rule) dated 4.6.1998 through which this office has allowed registration of birth of every child born outside the country at the usual place of residence when they return to India with a view to settling here, irrespective of whether the information of said birth as required under section 20(1) of the RBD Act 1969 has been received in the Office of the Registrar General, India or not. It appears that the registration functionaries are not well aware of the above clarification.

A copy of the aforesaid letter is forwarded again to you with a request to inform all the Registration functionaries of your State about the contents of the letter dated 4.6.98 issued by this office, so that general public should not be harassed.

Sd/-
Deputy Registrar General

No. 1/14/1995- VS CRS (Kel)

GOVERNMENT OF INDIA

MINISTRY OF HOME AFFAIRS

OFFICE OF THE REGISTRAR GENERAL, INDIA

Dated- 13th October 2004

To

The Chief Registrar of Births and Deaths and
Director of Panchayats,
Kerala,
Museum P.O.
Thiruvananthapuram- 695003

Sub: - Correction of the Name in the Birth Register – Clarification regarding

Sir,

Please refer your office letter no. B3- 36060/2003 dated 05.03.2004 on the above subject through which while forwarding a copy of the judgement of Hounourable high court of Kerala regarding correction of name in the birth register, clarification was sought from this office for responsibility of changing the name under section 15 of the RBD Act 1969 . In this connection it may be clarified that the court order her to be implemented unless a review petition is filled in this regard. Further, it may be pointed out that this office has issued clarification subsequently which appeared in various annual reports of the Register General's Report on working of the Act. An extract of some of the relevant clarifications in this regard are enclosed for ready reference. It is suggested that appropriate action may be taken.

Yours faithfully

Sd/-
(Nand Lal,)
Dy. Register General

No.1/10/2004--VS(CRS)
GOVERNMENT OF INDIA
MINISTRY OF HOME AFFAIRS
OFFICE OF THE REGISTRAR GENERAL,INDIA
V.S.Division,West Block-I, R.K.Puram, New Delhi-110066

Dated:31st January 2007

CIRCULAR

Sub : - Registration of Births & Deaths – Issuance of Non-availability Certificates

Under the provision of Section 17 of the Registration of Births and Deaths Act, 1969 and corresponding Rule 13(3) framed under this section, a non-availability certificate in Form no. 10 is required to be issued. Non-availability certificate is required to be issued when any particular event of birth or death is not found registered. In most of the States, it is mandatory for producing the non-availability certificate while applying for registration of birth/death after the expiry of normal reporting period i.e., for delayed registration cases.

2. In order that persons don't take undue advantage of this provision and get the non-availability certificate by giving wrong information about registration of his/her birth/death or by changing the date of occurance of birth or death to get the second birth/death certificate or even by producing fake documents/evidence, it is essential that a procedure is put in place for issuance of non-availability certificate. The issuing authority i.e.,Registrar of Births and Deaths should be informed to insist on the applicant for producing documentary evidence to prove the place of residence, place of birth etc. A copy of any of the documents like ration card, school admission record, senior secondary mark sheet etc. should be admissible as a proof. The registrar should

be authorised to make an enquiry regarding the genuinness of the reason for applying for non-availability certificate before issuing the desired certificate. However, in case the applicant is unable to produce any of these as evidence, the certificate should be issued only after police verification.

3. This direction is issued under section 3(3) of RBD Act, 1969. The State Government may take action and issue necessary direction in this regard to all tha district registrars and local registrars of births and deaths for compliance. The action taken in this regard may kindly be intimated to this office

Yours faithfully

Sd/-
(D.K.Sikri)
Additional Secretary and
Registrar General, India

No. 1/37/2004- VS (CRS)

GOVERNMENT OF INDIA
MINISTRY OF HOME AFFAIRS
OFFICE OF THE REGISTRAR GENERAL, INDIA

Dated- 15th February.2007

To

The Chief Registrar of Births and Deaths and
Director of Panchayats,
Kerala,
Museum P.O.
Thiruvananthapuram- 695003

Sub: - Registration of Births and Deaths - issuance of Non-availability certificates - clarification sought for- reg.

Sir,

Please refer your office letter no. B1- 32899/2004 dated 03.01.2007 by which you a clarification has been sought for issuance of Non-availability Certificate in case the register for a particular year is lost, destroyed or mutilated. In this connection your attention is invited to this office letter No.1/3/95-VS (CRS) dated 09.03.1998 (copy enclosed) by which procedure for reconstruction of registration records was mentioned. If records are torn, lost or mutilated it can be reconstructed on the basis of any proof provided by the individual or the office of the fact that the event had actually been registered, ways may be found to see that these event are re-registered or the registers reconstructed and the general public will not be denied by the genuine demand of certificates. However, if they fail to submit any proof in this regard a Non-availability certificate may be issued to the applicant as per the guidelines issued by this office letter no. 1/10/2004-VS(CRS) dated 31.01.2007. A copy of the same is enclosed for ready reference.

Yours faithfully

Sd/-
(Ajay Khanna)
Assistant Director

നമ്പർ. ബി1–2815/2007

പഞ്ചായത്ത് ഡയറക്ടറേറ്റ്,
തിരുവനന്തപുരം, തീയതി: 20.03.2007

സർക്കുലർ

വിഷയം: ജനന–മരണ രജിസ്ട്രേഷൻ–കാര്യക്ഷമവും കുറ്റമറ്റതുമാക്കുന്നതിനുള്ള നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

സൂചന:
1. ചീഫ് രജിസ്ട്രാറുടെ 24/3/97 ലെ ബി1–19048/95–ാം നമ്പർ സർക്കുലർ
2. ചീഫ് രജിസ്ട്രാറുടെ 3/3/99 ലെ ബി2–5508/99–ാം നമ്പർ സർക്കുലർ
3. ചീഫ് രജിസ്ട്രാറുടെ 30/6/99 ലെ ബി2–38820/96–ാം നമ്പർ സർക്കുലർ
4. ചീഫ് രജിസ്ട്രാറുടെ 5/10/99 ലെ ബി2–29772/99–ാം നമ്പർ സർക്കുലർ
5. ചീഫ് രജിസ്ട്രാറുടെ 17/4/04 ലെ ബി1–7321/03–ാം നമ്പർ സർക്കുലർ
6. ചീഫ് രജിസ്ട്രാറുടെ 3/6/05 ലെ ബി3–33368/04–ാം നമ്പർ കത്ത്.

ജനന മരണ രജിസ്ട്രേഷൻ കുറ്റമറ്റരീതിയിൽ നടത്തുന്നതിനും രജിസ്ട്രേഷൻ സംവിധാനത്തിലെ അപാകതകൾ പരിഹരിക്കുന്നതിനുമായി ജനനമരണ രജിസ്ട്രേഷൻ നിയമത്തിന്റെയും ചട്ടങ്ങളുടെയും രജിസ്ട്രാർ ജനറൽ നൽകിയ സ്പഷ്ടീകരണങ്ങളുടെയും അടിസ്ഥാനത്തിൽ ചീഫ് രജിസ്ട്രാർ നിരവധി സർക്കുലറുകൾ പുറപ്പെടുവിച്ചിട്ടുണ്ടെങ്കിലും ചില രജിസ്ട്രേഷൻ യൂണിറ്റുകളിലെങ്കിലും നിയമാനുസൃത നിർദേശങ്ങൾ പാലിക്കപ്പെടുന്നില്ലെന്നും തന്മൂലം പൊതുജനങ്ങൾക്ക് ബുദ്ധിമുട്ട് അനുഭവപ്പെടുന്നതായും ശ്രദ്ധയിൽപ്പെട്ടിരിക്കുന്നു. ഈ സാഹചര്യത്തിൽ, രജിസ്ട്രാർമാർക്കുള്ള സംശയങ്ങൾ ദൂരീകരിച്ച് സിവിൽ രജിസ്ട്രേഷൻ കൂടുതൽ കാര്യക്ഷമവും ഏകീകൃതവുമാക്കുന്നതിന് 1969 ലെ ജനന മരണ രജിസ്ട്രേഷൻ നിയമത്തിലെ 4–ാം വകുപ്പ് (4)–ാം ഉപവകുപ്പു പ്രകാരമുള്ള അധികാരം ഉപയോഗിച്ച്, സൂചന സർക്കുലറുകളിലെ നിർദേശങ്ങൾ ക്രോഡീകരിച്ചും വിശദമാക്കിയും താഴെപ്പറയുന്ന നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

1.രജിസ്ട്രേഷൻ

1969 ലെ ജനന മരണ രജിസ്ട്രേഷൻ ആക്ടിലെ 16–ാം വകുപ്പും , 1999 ലെ കേരള ജനന മരണ രജിസ്ട്രേഷൻ ചട്ടങ്ങളിലെ 12–ാം ചട്ടവും അനുസരിച്ച്, ജനന, മരണ, നിർജ്ജീവജനന റിപ്പോർട്ടുഫാറങ്ങളുടെ നിയമപരമായ ഭാഗമാണ് (Legal part) രജിസ്ട്രാർ ഒപ്പിട്ട് രജിസ്റ്ററായി സൂക്ഷിക്കേണ്ടത്. സെക്ഷൻ 8 പ്രകാരം റിപ്പോർട്ടുകൾ രേഖാമൂലമല്ലാതെയും നൽകാവുന്നതും വാക്കാൽ നൽകുന്ന വിവരങ്ങൾ രജിസ്ട്രാർ ഫാറത്തിൽ രേഖപ്പെടുത്തി വിവരം നൽകുന്നയാളുടെ ഒപ്പ്/വിരലടയാളം വാങ്ങേണ്ടതുമാണ്. **കമ്പ്യൂട്ടർവൽക്കരിച്ചിട്ടുള്ള രജിസ്ട്രേഷൻ യൂണിറ്റുകളിൽ ഉൾപ്പടെ റിപ്പോർട്ടുകളുടെ ലീഗൽ പാർട്ട് നിർബന്ധമായും രജിസ്റ്ററായി സൂക്ഷിക്കേണ്ടതാണ്**. രജിസ്ട്രാർ, റിപ്പോർട്ടിൽ രേഖപ്പെടുത്തിയിട്ടുള്ള വിവരങ്ങളുടെ കൃത്യത പരമാവധി ഉറപ്പു വരുത്തേണ്ടതാണ്. ആശുപത്രികളിൽ നടക്കുന്ന ജനന മരണങ്ങൾ സംബന്ധിച്ച വിവരങ്ങൾ ശരിയാണെന്ന് ഉറപ്പുവരുത്താൻ ആശുപത്രി അധികാരികൾക്ക് രേഖാമൂലം നിർദേശം നൽകേണ്ടതും മറ്റു സ്ഥലങ്ങളിൽ നടക്കുന്നവ വ്യക്തമായി അന്വേഷിച്ച് ബോദ്ധ്യപ്പെട്ടുമാത്രം രജിസ്റ്റർ ചെയ്യേണ്ടതുമാണ്.

രജിസ്ട്രേഷൻ നടപടികൾ പൂർത്തിയാക്കിക്കഴിഞ്ഞാലുടൻ അറിവു നൽകുന്നയാൾക്ക് സെക്ഷൻ 12 പ്രകാരമുള്ള സർട്ടിഫിക്കറ്റുകൾ യാതൊരു ചാർജ്ജും കൂടാതെ നിർബന്ധമായും നൽകേണ്ടതാണ്. ഓൺലൈൻ രജിസ്ട്രേഷൻ നിലവിലുള്ള യൂണിറ്റുകളിൽ പ്രസ്തുത സംവിധാനം ഉപയോഗിച്ചും അതുസംബ

ന്ധിച്ച നിർദ്ദേശങ്ങൾ പാലിച്ചു കൊണ്ടും സർട്ടിഫിക്കറ്റുകൾ നൽകേണ്ടതാണ്. ഇപ്രകാരമുള്ള സർട്ടിഫിക്കറ്റുകൾ, റിപ്പോർട്ട് ലഭിച്ച തീയതി മുതൽ 30 ദിവസത്തിനകം, അറിവു നൽകിയ വ്യക്തിയോ ചുമതലപ്പെടുത്തിയ ആളോ കൈപ്പറ്റിയില്ലെങ്കിൽ തുടർന്ന് 15 ദിവസത്തിനകം അവ ബന്ധപ്പെട്ട കുടുംബത്തിന് തപാലിൽ അയച്ചുകൊടുക്കേണ്ടതാണ്.

2.താമസിച്ചുള്ള രജിസ്ട്രേഷൻ.

30 ദിവസത്തിനകം റിപ്പോർട്ടു ചെയ്യാത്ത ജനനമരണങ്ങൾ ഒരുവർഷം വരെ ജില്ലാ രജിസ്ട്രാറുടെയും ഒരുവർഷത്തിനകം രജിസ്റ്റർ ചെയ്യാത്തവ ആർ.ഡി.ഒ. യുടെയും അനുമതിയോടെ മാത്രമെ രജിസ്റ്റർ ചെയ്യാൻ പാടുള്ളു. ചട്ടം 13 ഉപചട്ടം (3) അനുസരിച്ച് ഏതെങ്കിലും ജനനമോ മരണമോ രജിസ്റ്റർ ചെയ്തിട്ടില്ലെങ്കിൽ ഫാറം നമ്പർ 10– ൽ ഒരു നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റ് നൽകേണ്ടതാണ്. ജനനസ്ഥലം അഥവാ മരണസ്ഥലം ഉൾപ്പെടുന്ന രജിസ്ട്രേഷൻ യൂണിറ്റിൽ മാത്രമേ രജിസ്ട്രേഷൻ നടത്താൻ പാടുള്ളു എന്നതിനാൽ മറ്റൊരു രജിസ്ട്രേഷൻ യൂണിറ്റിൽ നിന്നും സർട്ടിഫിക്കറ്റ് നൽകാൻ പാടില്ല. മാത്രമല്ല, രജിസ്ട്രേഷൻ ആവശ്യത്തിനോ, വിധവകളുടെ പെൺമക്കളുടെ വിവാഹധനസഹായത്തിന് അപേക്ഷിക്കുന്നതിനോ മാത്രം ഇപ്രകാരം സർട്ടിഫിക്കറ്റ് നൽകേണ്ടതും എന്താവശ്യത്തിനാണെന്ന വിവരം സർട്ടിഫിക്കറ്റിൽ രേഖപ്പെടുത്തേണ്ടതുമാണ്.

ഒരിക്കൽ രജിസ്റ്റർ ചെയ്ത ജനനമോ മരണമോ തെറ്റായ വിവരങ്ങൾ നൽകി നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റ് സമ്പാദിച്ച് ജനനതീയതി അല്ലെങ്കിൽ മരണതീയതി വ്യത്യാസപ്പെടുത്തി വീണ്ടും രജിസ്റ്റർ ചെയ്യുന്നത് തടയുന്നതിന് താമസസ്ഥലം, ജനന സ്ഥലം മുതലായവ തെളിയിക്കുന്നതിനുള്ള രേഖകൾ നിർബ്ബന്ധമായും അപേക്ഷയോടൊപ്പം ഹാജരാക്കണമെന്ന് നിഷ്കർഷിക്കേണ്ടതാണ്. റേഷൻകാർഡ്, സ്കൂൾ രേഖ മുതലായവ തെളിവായി സ്വീകരിക്കാവുന്നതാണ്. ഇതിനു പുറമെ, അപേക്ഷയുടെ നിജസ്ഥിതി രജിസ്ട്രാർ അന്വേഷിച്ച് ബോദ്ധ്യപ്പെടേണ്ടതുമാണ്. മേൽപ്പറഞ്ഞ പ്രകാരമുള്ള ഒരു തെളിവും ഹാജരാക്കാൻ അപേക്ഷകന് സാധിച്ചില്ലെങ്കിൽ പോലീസ് അന്വേഷണത്തിനു ശേഷം മാത്രമേ നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റ് നൽകാൻ പാടുള്ളു.

3.ഉപേക്ഷിക്കപ്പെട്ട/ ദത്തെടുത്ത കുട്ടികളുടെ ജനന രജിസ്ട്രേഷൻ

(രജിസ്ട്രാർ ജനറലിന്റെ 14.7.1999 ലെ 1/2/88– VS (Cord) നമ്പർ കത്ത്)

ഉപേക്ഷിക്കപ്പെട്ട് ഓർഫനേജിലും ശിശു സംരക്ഷണ ഏജൻസികളിലും കഴിയുന്ന കുട്ടികളുടെ ജനന രജിസ്ട്രേഷൻ സംബന്ധിച്ച് നിലവിലുണ്ടായിരുന്ന മാർഗ്ഗനിർദ്ദേശങ്ങൾ ശ്രീ. പി.എൻ.ഭഗവതി (മുൻ സുപ്രീം കോടതി ചീഫ് ജസ്റ്റിസ്) ചെയർമാനായുള്ള ടാസ്ക് ഫോഴ്സ് 1993 ൽ കേന്ദ്രഗവൺമെന്റിനു സമർപ്പിച്ച റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പരിഷ്കരിക്കുകയുണ്ടായി. പ്രസ്തുത മാർഗ്ഗനിർദ്ദേശങ്ങളിലെ. പ്രധാന വ്യവസ്ഥകൾ താഴെപ്പറയുന്നവയാണ്.

1. കുട്ടിയുടെ ജനനം രജിസ്റ്റർ ചെയ്യുന്നതിലേയ്ക്കായി സംരക്ഷണം വഹിക്കുന്ന ഏജൻസിയിലെ ഉത്തരവാദപ്പെട്ടവർ സ്ഥലം മജിസ്ട്രേട്ടിന് സത്യവാങ്മൂലത്തിന്റെ മാതൃകയിലുള്ള ഒരു അപേക്ഷ, ആവശ്യമായ മറ്റു രേഖകൾ സഹിതം സമർപ്പിക്കേണ്ടതാണ്.
2. അപ്രകാരം അപേക്ഷ സമർപ്പിക്കുമ്പോൾ കുട്ടിയുടെ വയസ് സംബന്ധിച്ച് അതത് ജില്ലാ മെഡിക്കലാഫീസറുടെ സാക്ഷ്യപത്രവും ഹാജരാക്കേണ്ടതാണ്.
3. മേൽപ്പറഞ്ഞ രേഖകളുടെ അടിസ്ഥാനത്തിൽ മജിസ്ട്രേട്ട് ജനന സർട്ടിഫിക്കറ്റിൽ രേഖപ്പെടുത്തേണ്ട വിവരങ്ങൾ.അംഗീകരിച്ചുകൊണ്ടുള്ള ഉത്തരവ് കുട്ടിയെ ലഭിച്ച സ്ഥലത്തെ ജനന–മരണ രജിസ്ട്രാർക്ക് നൽകേണ്ടതും അതനുസരിച്ച് ജനനം രജിസ്റ്റർ ചെയ്ത് സർട്ടിഫിക്കറ്റ് നൽകേണ്ടതുമാണ്.
4. കുട്ടിയുടെ വയസ് സംബന്ധിച്ച് ജില്ലാമെഡിക്കലാഫീസർ നൽകുന്ന

സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ കൃത്യമായ ജനന തീയതി (വർഷം മാത്രമോ, വർഷവും മാസവും മാത്രമോ മതിയാകുന്നതല്ല.) മജിസ്ട്രേട്ട് തീരുമാനിക്കേണ്ടതും രജിസ്ട്രാർക്ക് നൽകുന്ന ഉത്തരവിൽ മറ്റു വിവരങ്ങളോടൊപ്പം ഉൾപ്പെടുത്തേണ്ടതുമാണ്.

5. സാധാരണ ഗതിയിൽ , ദത്തെടുത്ത രക്ഷാകർത്താക്കളുടെ വിവരങ്ങൾ കൂടി രജിസ്ട്രേഷനിൽ ഉൾപ്പെടുത്തത്തക്കവിധത്തിൽ ദത്തെടുക്കൽ പൂർത്തീകരിക്കുന്നതിനു മുമ്പായി രജിസ്ട്രേഷൻ നടപടികൾ ആരംഭിക്കേണ്ടതാണ്.
6. കുട്ടിയ്ക്ക് മൂന്നു വയസ് പൂർത്തിയായിട്ടും ദത്തെടുക്കൽ നടപടി പൂർത്തീകരിക്കാതിരിക്കുകയും ടി ഏജൻസിയ്ക്ക് കുട്ടിയുടെ ജനനസർട്ടിഫിക്കറ്റ് ആവശ്യമായി വരികയും ചെയ്യുന്ന സാഹചര്യത്തിൽ, താഴെപ്പറയുന്ന വിവരങ്ങൾ ഉൾപ്പെടുന്ന ഒരു സത്യവാങ്മൂലം മജിസ്ട്രേട്ടിന് (ആർ. ഡി. ഒ.) സമർപ്പിച്ച് സർട്ടിഫിക്കറ്റ് ലഭ്യമാക്കാവുന്നതാണ്.
   (എ) അറിവിൽപ്പെട്ടിടത്തോളം കുട്ടിയ്ക്ക് മൂന്നു വയസായിട്ടുണ്ടെന്ന വിവരം
   (ബി) കുട്ടിയുടെ ദത്തെടുക്കൽ നടപടി ആയിട്ടില്ലെന്ന വിവരം
   (സി) കുട്ടിയുടെ വിദ്യാഭ്യാസം/വൈദ്യം/നിയമം അല്ലെങ്കിൽ മറ്റേതെങ്കിലും ന്യായമായ ആവശ്യത്തിന് സർട്ടിഫിക്കറ്റ് ആവശ്യമാണ് എന്ന വിവരം
   (ഡി) കുട്ടി മേജർ ആകുന്നതുവരെയോ, ദത്തെടുക്കപ്പെടുന്നതുവരെയോ (ഏതാണോ ആദ്യം സംഭവിക്കുന്നത് അതുവരെ) ടി ഏജൻസിയിലെ ഉത്തരവാദപ്പെട്ട വ്യക്തി അഥവാ വ്യക്തികൾ കുട്ടിയുടെ രക്ഷാകർത്താവിന്റെ ചുമതല വഹിക്കുന്നതാണെന്ന വിവരം
7. കുട്ടിയെ ദത്തെടുത്ത ശേഷം,ആദ്യം ഉത്തരവു നൽകിയ കോടതിയിൽ നിന്ന് ഉത്തരവു വാങ്ങിയ ശേഷം, ദത്തെടുത്ത രക്ഷാകർത്താക്കളുടെയും (Adoptive parents), ആവശ്യമെങ്കിൽ കുട്ടിയുടെയും പേരുകളിൽ മാറ്റം വരുത്തി രണ്ടാമത് ഒരു ജനന സർട്ടിഫിക്കറ്റ് നൽകേണ്ടതാണ്..

ഈ മാർഗ്ഗനിർദ്ദേശങ്ങൾ, അനാഥമന്ദിരം, ശിശു ക്ഷേമകേന്ദ്രം തുടങ്ങിയ ഏജൻസികളിൽ നിന്നും ദത്തെടുക്കുന്ന കുട്ടികളെ ഉദ്ദേശിച്ചുള്ളതാണെങ്കിലും, സ്വന്തക്കാരിൽ നിന്നും സുഹൃത്തുക്കളിൽ നിന്നും ദത്തെടുക്കുന്ന കുട്ടികളുടെ ജനന രജിസ്ട്രേഷന്റെ കാര്യത്തിലും ഈ നിബന്ധന ബാധകമാണ്. ഇത്തരത്തിൽ ദത്തെടുക്കുന്ന കുട്ടിയുടെ ജനനം നേരത്തേ രജിസ്റ്റർ ചെയ്തിട്ടുണ്ടെങ്കിൽ സ്ഥലത്തെ മജിസ്ട്രേട്ടിന്റെ ഉത്തരവുപ്രകാരം ദത്തെടുത്ത മാതാപിതാക്കളുടെ പേര് ഉൾപ്പെടുത്തി രണ്ടാമത് സർട്ടിഫിക്കറ്റ് നൽകിയാൽ മതിയാകും.

ജനന രജിസ്ട്രേഷനിൽ റിമാർക്സ് കോളത്തിൽ കോടതി ഉത്തരവിന്റെ നമ്പരും തീയതിയും രേഖപ്പെടുത്തേണ്ടതാണ്.

താമസിച്ചുള്ള രജിസ്ട്രേഷൻ സംബന്ധിച്ച് ജനന മരണ രജിസ്ട്രേഷൻ ആക്ടിലെ സെക്ഷൻ 13 അനുസരിച്ചുള്ള നടപടിക്രമങ്ങൾ ഇത്തരം ജനന രജിസ്ട്രേഷനുകളിലും ബാധകമാണ്.

4.വിദേശത്തു നടന്ന ജനന-മരണങ്ങളുടെ രജിസ്ട്രേഷൻ

ഇൻഡ്യൻ പൗരന്മാരുടെ, ഇൻഡ്യക്ക് വെളിയിലുള്ള ജനനവും മരണവും രജിസ്റ്റർ ചെയ്യുന്നതിനുള്ള പ്രത്യേക വ്യവസ്ഥകൾ ആക്ടിന്റെ 20-ാം വകുപ്പിൽ ഉൾക്കൊള്ളിച്ചിരിക്കുന്നു. ഇതനുസരിച്ച്, 1956 ലെ സിറ്റിസൻസ് (ഇൻഡ്യൻ കോൺസുലേറ്റുകളിലെ രജിസ്ട്രേഷൻ) ചട്ടങ്ങൾ പ്രകാരം ഇൻഡ്യൻ പൗരന്മാരുടെ, ഇൻഡ്യക്ക് വെളിയിലുള്ള എല്ലാ ജനനവും മരണവും ഇൻഡ്യൻ കോൺസുലേറ്റുകളിൽ രജിസ്റ്റർ ചെയ്യാവുന്നതാണ്. ചട്ടം നിലവിൽ വരുന്നതിനു മുമ്പു നടന്ന ജനന മരണങ്ങളും രജിസ്റ്റർ ചെയ്യുന്നതിനും സർട്ടിഫിക്കറ്റ് നൽകുന്നതിനുമുള്ള വ്യവസ്ഥ മേൽപ്പറഞ്ഞ ചട്ടങ്ങളിലുണ്ട്. ഇൻഡ്യൻ

കോൺസുലേറ്റുകളിലല്ലാതെ, വിദേശരാജ്യങ്ങളുടെ രജിസ്ട്രേഷൻ ആഫീസുകളിൽ നടത്തുന്ന ജനന-മരണ രജിസ്ട്രേഷനുകൾ ആക്ട് പ്രകാരം നടത്തിയതായി കണക്കാക്കപ്പെടുന്നതല്ല.

ഇൻഡ്യയ്ക്ക് വെളിയിൽ ജനിച്ച ഏതെങ്കിലും കുട്ടിയെ സംബന്ധിച്ച് 20-ാം വകുപ്പ് (1)-ാം ഉപവകുപ്പിൽ വ്യവസ്ഥ ചെയ്തിട്ടുള്ള പ്രകാരം രജിസ്ട്രാർ ജനറലിന് വിവരം ലഭിച്ചിട്ടില്ലാത്ത സംഗതിയിൽ, കുട്ടിയുടെ മാതാപിതാക്കൾ ഇൻഡ്യയിൽ സ്ഥിരവാസമാക്കണമെന്ന ഉദ്ദേശ്യത്തോടുകൂടി തിരിച്ചുവന്നാൽ, ആ കുട്ടി ഇൻഡ്യയിലെത്തിയ തീയതി മുതൽ 60 ദിവസത്തിനകം രജിസ്ട്രേഷൻ നടത്തുന്നതിന് (2)-ാം ഉപ വകുപ്പു പ്രകാരം വ്യവസ്ഥയുണ്ട്. എന്നാൽ, രജിസ്ട്രാർ ജനറലിന് വിവരം ലഭിച്ചിട്ടുണ്ടോ എന്ന കാര്യം പരിഗണിക്കാതെ തന്നെ, ഇത്തരം എല്ലാ ജനനങ്ങളും മാതാപിതാക്കളുടെ ഇൻഡ്യയിലെ താമസസ്ഥലത്തെ യൂണിറ്റിൽ രജിസ്റ്റർ ചെയ്യാവുന്നതാണെന്ന് രജിസ്ട്രാർ ജനറൽ, 5.7.95 ലെ 30 (1) (IN)/93-VS(FR) , 4.6.98 ലെ 1/5/97-VS(CRS-Rules) നമ്പർ കത്തുകൾ മുഖേന അറിയിച്ചിട്ടുണ്ട്. **വിദേശത്തു നടക്കുന്ന മരണങ്ങളുടെ രജിസ്ട്രേഷൻ ഇപ്രകാരം ഇൻഡ്യയിൽ നടത്താവുന്നതല്ല.**

5.ജനന രജിസ്ട്രേഷനിൽ പേരു ചേർക്കൽ

ജനന മരണ രജിസ്ട്രേഷൻ നിയമത്തിലെ 14-ാം വകുപ്പും ചട്ടങ്ങളിലെ 10-ാം ചട്ടവും അനുസരിച്ചാണ് ജനന രജിസ്ട്രേഷനിൽ കുട്ടിയുടെ പേരു ചേർക്കുന്നത്. മാതാപിതാക്കളുടെ രേഖാമൂലമുള്ള സംയുക്താപേക്ഷ പ്രകാരം, ലോക്കൽ രജിസ്ട്രാർ ആവശ്യമായ അന്വേഷണം നടത്തി ബോദ്ധ്യപ്പെട്ട് പേര് ചേർക്കേണ്ടതാണ്. സംയുക്താപേക്ഷ സമർപ്പിക്കാൻ കഴിയാത്ത സാഹചര്യമുണ്ടെങ്കിൽ, അതു വിലയിരുത്തി മാതാപിതാക്കളിൽ ഒരാളിന്റെയോ പ്രായപൂർത്തിയായിട്ടുണ്ടെങ്കിൽ കുട്ടിയുടെ തന്നെയോ അപേക്ഷയുടെ അടിസ്ഥാനത്തിൽ പേരു ചേർക്കാവുന്നതാണ്. മാതാപിതാക്കൾ ജീവിച്ചിരിപ്പില്ലാത്ത സംഗതിയിൽ നിയമാനുസൃത രക്ഷാകർത്താവിന്റെ അപേക്ഷ പ്രകാരം പേരു ചേർക്കാവുന്നതാണ്. പേര് ചേർക്കുമ്പോൾ, പേരിനൊപ്പം ഇനിഷ്യലോ, സ്ഥലപ്പേരോ, സർനെയിമോ ഉണ്ടെങ്കിൽ നിർബന്ധമായും എഴുതേണ്ടതാണ്. രജിസ്ട്രേഷൻ യൂണിറ്റിനു പുറത്തു താമസിക്കുന്ന മാതാപിതാക്കളുടെ അപേക്ഷ പ്രകാരം ജനന തീയതി മുതൽ ആറു വർഷത്തിനു ശേഷം പേര് ചേർക്കുന്നതിന് താമസ സ്ഥലവുമായി ബന്ധപ്പെട്ട രജിസ്ട്രാറിൽ നിന്ന് ജനനക്രമം കാണിക്കുന്ന ഐഡന്റിഫിക്കേഷൻ സർട്ടിഫിക്കറ്റ് വാങ്ങേണ്ടതാണ്. അപേക്ഷകൻ താമസിക്കുന്നത് കേരളത്തിനു വെളിയിലാണെങ്കിൽ ജനനക്രമം സംബന്ധിച്ച് നോട്ടറി പബ്ലിക് മുമ്പാകെയുള്ള സത്യവാങ്മൂലം സ്വീകരിച്ചാൽ മതിയാകും.

സ്കൂളിൽ ചേർന്ന ശേഷമാണ് ജനന രജിസ്ട്രേഷനിൽ കുട്ടിയുടെ പേരു ചേർക്കുന്നതെങ്കിൽ സ്കൂൾരേഖയുടെ ശരിപ്പകർപ്പു കൂടി വാങ്ങേണ്ടതും ജനന രജിസ്ട്രേഷനിലെയും സ്കൂൾരേഖയിലെയും ജനന തീയതികൾ തമ്മിൽ ആറു മാസത്തിലധികം വ്യത്യാസമുണ്ടെങ്കിൽ ജില്ലാ ജനന മരണ രജിസ്ട്രാറുടെ അനുവാദം വാങ്ങേണ്ടതുമാണ്.

ജനന രജിസ്ട്രേഷനിൽ കുട്ടിയുടെയും മരണ രജിസ്ട്രേഷനിൽ മരിച്ചയാളുടെയും ഔദ്യോഗിക പേരിനൊപ്പം സാധാരണ വിളിക്കുന്ന പേരുണ്ടെങ്കിൽ അത് രജിസ്ട്രാർക്ക് ബോദ്ധ്യപ്പെട്ട് ചേർക്കാവുന്നതാണ്. (ഉദാ: ഞമാമസ്യശവെിമി മഹശമമ ഡീശ)

1970 ഏപ്രിൽ 1-ാം തീയതിക്കു മുമ്പുള്ള ജനന രജിസ്ട്രേഷനുകളിൽ പേരു ചേർക്കുന്നതിന് ചീഫ് രജിസ്ട്രാറുടെ അനുമതി വാങ്ങേണ്ടതാണ്. അനുമതിക്കുള്ള പ്രൊപ്പോസലുകളിൽ താഴെപ്പറയുന്ന രേഖകൾ അയയ്ക്കേണ്ടതാണ്.

1.ചീഫ് രജിസ്ട്രാർക്കുള്ള കോർട്ട് ഫീ സ്റ്റാമ്പ് പതിച്ച അപേക്ഷകൾ (മാതാപിതാക്കളുടെയും, കുട്ടിയുടെയും)

2.ജനന രജിസ്ട്രേഷന്റെ രജിസ്ട്രാർ സാക്ഷ്യപ്പെടുത്തിയ ശരിപ്പകർപ്പ്

3.സ്കൂൾ രേഖയുടെ സാക്ഷ്യപ്പെടുത്തിയ ശരിപ്പകർപ്പ്
4.താമസസ്ഥലത്തെ രജിസ്ട്രാറിൽ നിന്നുള്ളതും, മാതാപിതാക്കൾക്ക് ജനിച്ചിട്ടുള്ളതിൽ ജീവിച്ചിരിക്കുന്നതും മരിച്ചതും ഉൾപ്പടെ ആകെ കുട്ടികളുടെ ജനനക്രമം കാണിക്കുന്നതുമായ സ്റ്റേറ്റ്മെന്റ് ഉൾപ്പെട്ട ഐഡന്റിഫിക്കേഷൻ സർട്ടിഫിക്കറ്റ്
5.ജനന-മരണ രജിസ്ട്രാറുടെ വിശദമായ അന്വേഷണ റിപ്പോർട്ടും ശുപാർശയും

6.തിരുത്തലുകൾ

ജനന-മരണ രജിസ്ട്രേഷനുകളിൽ ജനന/മരണ സമയത്തുള്ള വിവരങ്ങളാണ് ഉൾപ്പെടുത്തേണ്ടത്. ഉൾപ്പെടുത്തിയിട്ടുള്ള വിവരങ്ങളിൽ മാറ്റം വരുത്തുന്നതിന് വ്യവസ്ഥയില്ല. എന്നാൽ, സെക്ഷൻ 14 പ്രകാരം, പേര് കൂടാതെ രജിസ്റ്റർ ചെയ്തിട്ടുള്ള ജനനങ്ങളിൽ പേരു ചേർക്കുന്നതിനും സെക്ഷൻ 15 പ്രകാരം, തെറ്റായ ഉൾക്കുറിപ്പുകൾ തിരുത്തുകയോ റദ്ദാക്കുകയോ ചെയ്യുന്നതിനും സാദ്ധ്യമാണ്.

ജനന രജിസ്റ്ററിൽ ഒരിക്കൽ പേരു ചേർത്തു കഴിഞ്ഞാൽ അത് തിരുത്താവുന്നതല്ല. എന്നാൽ, ജനന സമയത്ത് ഒരു ഓമനപ്പേരിടുകയും അത് രജിസ്റ്ററിൽ ഉൾപ്പെടുത്തുകയും ചെയ്തിട്ടുണ്ടെങ്കിൽ ശരിയായ പേര് ചേർക്കുന്നതിന് മാതാപിതാക്കൾ അപേക്ഷിച്ചാൽ അന്വേഷണം നടത്തി ബോദ്ധ്യപ്പെട്ട് രജിസ്ട്രാർക്കു തന്നെ അത് അനുവദിക്കാവുന്നതാണ്. രജിസ്ട്രേഷനുകളിൽ വന്നിട്ടുള്ള അക്ഷരത്തെറ്റുകളും മാതാപിതാക്കളുടെ വിളിപ്പേരുകളും ബോദ്ധ്യപ്പെട്ട് തിരുത്തുന്നതിനും രജിസ്ട്രാർക്ക് അധികാരമുണ്ട്. മാതാപിതാക്കളുടെ വിളിപേരാണ് രജിസ്റ്ററിൽ ചേർത്തിരിക്കുന്നതെങ്കിൽ (മാതാപിതാക്കളുടെ) സ്കൂൾ രേഖയുടെയും അന്വേഷണത്തിന്റെയും അടിസ്ഥാനത്തിൽ സ്കൂൾ രേഖയിലേതു പോലെ തിരുത്താവുന്നതാണ്. സ്കൂൾ രേഖ ലഭ്യമല്ലെന്ന് ബോദ്ധ്യപ്പെട്ടാൽ ആധാരം, പെൻഷൻ പേയ്മെന്റ് ഓർഡർ, ഗവൺമെന്റ് സർവ്വീസിൽ ജോലി ചെയ്യുന്നവർക്ക് അവിടെനിന്നും ലഭിക്കുന്ന സർട്ടിഫിക്കറ്റ്, സമ്മതിദായക പട്ടിക, റേഷൻ കാർഡ് എന്നിവയിൽ ഏതെങ്കിലും ഒരു രേഖയുടെ അടിസ്ഥാനത്തിൽ തിരുത്തൽ വരുത്താവുന്നതാണ്.

ജനനം നടക്കുമ്പോൾ മാതാപിതാക്കൾ താമസിക്കുന്ന വിലാസമാണ് ജനന രജിസ്ട്രേഷനിൽ ഉൾപ്പെടുത്തേണ്ടത്. ഇത് വേറൊരു വിലാസമായി തിരുത്താൻ പാടില്ല. എന്നാൽ അക്ഷരത്തെറ്റുകളും വിലാസത്തിലെ ഏതെങ്കിലും ഒരു ഭാഗം വിട്ടുപോയിട്ടുണ്ടെങ്കിലോ, അധികമായി ചേർത്തിട്ടുണ്ടെങ്കിലോ അവ ബോദ്ധ്യപ്പെട്ട്, രജിസ്ട്രാർക്കു തന്നെ തിരുത്തുകയോ കൂട്ടിച്ചേർക്കുകയോ നീക്കുകയോ ചെയ്യാവുന്നതാണ്.

15-ാം വകുപ്പിലെയും 11-ാം ചട്ടത്തിലെയും വ്യവസ്ഥകൾ പാലിച്ചുകൊണ്ട് മേൽപ്പറഞ്ഞ പ്രകാരമുള്ള തിരുത്തലുകൾ വരുത്തുമ്പോൾ തിരുത്തൽ സംബന്ധിച്ച നടപടിക്രമങ്ങൾ പ്രത്യേകം ഫയലിൽ സൂക്ഷിക്കേണ്ടതും ഏതെല്ലാം രേഖകളുടെ അടിസ്ഥാനത്തിലാണ് തിരുത്തൽ വരുത്തിയതെന്ന വിവരം രജിസ്റ്ററിലെ റിമാർക്സ് കോളത്തിൽ രേഖപ്പെടുത്തേണ്ടതുമാണ്.

കുട്ടിയുടെ പേരിനൊപ്പം ഇനിഷ്യൽ, ജാതിപ്പേര്, സർനെയിം എന്നിവ ചേർക്കാത്ത ജനന രജിസ്ട്രേഷനുകളിൽ പിന്നീട് അവ ചേർക്കുന്നതിന്, മാതാപിതാക്കളുടെ അപേക്ഷയുടെ അടിസ്ഥാനത്തിൽ, അന്വേഷിച്ച് ബോദ്ധ്യപ്പെട്ട് രജിസ്ട്രാർക്കു തന്നെ അനുവദിക്കാവുന്നതാണ്.

ഗസറ്റ് വിജ്ഞാപനം വഴി പേര് മാറ്റിയാൽ അതിൻ പ്രകാരം ജനന രജിസ്ട്രേഷനിൽ കുട്ടിയുടെയോ മാതാപിതാക്കളുടെയോ പേര് തിരുത്താവുന്നതല്ല. ജനന സർട്ടിഫിക്കറ്റിനൊപ്പം ഗസറ്റ് വിജ്ഞാപനത്തിന്റെ പകർപ്പും നോട്ടറി മുമ്പാകെയുള്ള സത്യവാങ്മൂലവും ചേർത്ത് നിയമപരമായ ആവശ്യങ്ങൾക്ക് ഉപയോഗിക്കാവുന്നതാണ്. മാതാവിന്റെ പേരിനൊപ്പം പിതാവിന്റെ പേര്

കൂട്ടിച്ചേർത്തും മാതാപിതാക്കളുടെയോ കുട്ടിയുടെയോ ഇനിഷ്യലുകൾ വികസിപ്പിച്ചുമുള്ള തിരുത്തലുകൾ അനുവദനീയമല്ലെന്ന് രജിസ്ട്രാർ ജനറൽ ഓഫ് ഇന്ത്യ കേന്ദ്ര നിയമ മന്ത്രാലയവുമായി ആലോചിച്ചശേഷം വ്യക്തമാക്കിയിട്ടുള്ളതാണ്.

മേൽപ്പറഞ്ഞിട്ടുള്ളവ ഒഴികെയുള്ള തിരുത്തലുകൾക്കും 1.4.1970 നു മുമ്പുള്ള രജിസ്ട്രേഷനുകളിലെ എല്ലാ തിരുത്തലുകൾക്കും ചീഫ് രജിസ്ട്രാറുടെ അനുമതി വാങ്ങേണ്ടതാണ്..

തിരുത്തലുകൾക്കുള്ള അപേക്ഷകൾ നിയമ പ്രകാരം അനുവദനീയമായമാണോ എന്ന് പരിശോധിച്ച് ഉറപ്പുവരുത്തി, വ്യക്തമായ ശുപാർശ സഹിതം മാത്രമേ ചീഫ് രജിസ്ട്രാർക്ക് അയയ്ക്കാൻ പാടുള്ളു. പ്രൊപ്പോസലുകളിൽ താഴെപ്പറയുന്ന രേഖകൾ ഉൾപ്പെടുത്തിയിരിക്കണം

1.ചീഫ് രജിസ്ട്രാർക്കുള്ള കോർട്ട് ഫീ സ്റ്റാമ്പ് പതിച്ച അപേക്ഷ
2.ജനന/മരണ രജിസ്ട്രേഷന്റെ രജിസ്ട്രാർ സാക്ഷ്യപ്പെടുത്തിയ ശരിപ്പകർപ്പ്
3.സ്കൂൾ രേഖയുടെ സാക്ഷ്യപ്പെടുത്തിയ ശരിപ്പകർപ്പ്
4.ജനനം റിപ്പോർട്ടു ചെയ്ത വ്യക്തിയുടെ അപേക്ഷ
5.താമസസ്ഥലത്തെ രജിസ്ട്രാറിൽ നിന്നുള്ളതും, മാതാപിതാക്കൾക്ക് ജനിച്ചിട്ടുള്ളതിൽ ജീവിച്ചിരിക്കുന്നതും മരിച്ചതും ഉൾപ്പടെ ആകെ കുട്ടികളുടെ ജനനക്രമം കാണിക്കുന്ന സ്റ്റേറ്റ്മെന്റ് ഉൾപ്പെട്ട ഐഡന്റിഫിക്കേഷൻ സർട്ടിഫിക്കറ്റ് (ജനന രജിസ്ട്രേഷനിലെ തിരുത്തലുകൾക്ക്)
6.ജനന–മരണ രജിസ്ട്രാറുടെ വിശദമായ അന്വേഷണ റിപ്പോർട്ടും ശുപാർശയും
7.ഒരു പേര് മറ്റൊന്നായി തിരുത്തുന്നതിന് റവന്യൂ അധികാരികളിൽ നിന്നുള്ള സാക്ഷ്യപത്രം
8.11–ാം ചട്ടം (2)–ാം ഉപചട്ട പ്രകാരം രണ്ട് ഗസറ്റഡ് ഉദ്യോഗസ്ഥരിൽ നിന്നുള്ള ഡിക്ലറേഷൻ
9.ആശുപത്രികളിൽ നിന്ന് റിപ്പോർട്ടു ചെയ്ത കേസുകളിൽ തിരുത്തലിന് ആശുപത്രി അധികാരികളുടെ തിരുത്തൽ കത്തും ജനന രജിസ്ട്രേഷനിലെ തിരുത്തലുകൾക്ക് ഗൈനക് രജിസ്റ്ററിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പും
10.തിരുത്തപ്പെടേണ്ട വിവരം തെളിയിക്കുന്ന മറ്റ് ആധികാരിക രേഖകളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പ്

രജിസ്റ്ററിൽ തിരുത്തൽ വരുത്തുമ്പോൾ, സെക്ഷൻ 15– ൽ വ്യവസ്ഥ ചെയ്തിട്ടുള്ളതു പോലെ, ഒറിജിനൽ എൻട്രിയിൽ മാറ്റം വരുത്താതെ മാർജിനിൽ അനുയോജ്യമായ എൻട്രി ചേർത്ത് രജിസ്ട്രാർ ഒപ്പും തീയതിയും രേഖപ്പെടുത്തേണ്ടതും അപ്രകാരമുള്ള തിരുത്തലുകൾ സംബന്ധിച്ച് 11–ാം ചട്ട പ്രകാരം പകർപ്പുകൾ തയ്യാറാക്കി ചീഫ് രജിസ്ട്രാർക്ക് അയയ്ക്കേണ്ടതുമാണ്. ഇക്കാര്യങ്ങൾ പ്രാവർത്തികമാക്കുന്നുണ്ടെന്ന് ജില്ലാ രജിസ്ട്രാർമാർ ഉറപ്പാക്കേണ്ടതാണ്.

7.രജിസ്റ്ററുകളുടെ സൂക്ഷിപ്പ്

1999 ലെ ജനന മരണ രജിസിട്രേഷൻ ചട്ടങ്ങൾ അനുസരിച്ച്, വിവരം നൽകുന്ന ഫാറങ്ങളിലെ (ഫാറം നമ്പർ 1,2,3) ലീഗൽ പാർട്ടാണ് ജനന/മരണ/നിർജ്ജീവ ജനന രജിസ്റ്ററുകളുടെ പേജുകളായി മാറുന്നത്. എന്നാൽ, പ്രസ്തുത ഷീറ്റുകൾ ബൈന്റു ചെയ്യുന്നതുവരെ സുരക്ഷിതമായി സൂക്ഷിക്കുന്നതിലെ ബുദ്ധിമുട്ട്, യഥാർത്ഥ ഷീറ്റുകൾ മാറ്റി പകരം ഷീറ്റുകൾ ഉൾപ്പെടുത്തുന്നതിനുള്ള സാദ്ധ്യത എന്നിവ കണക്കിലെടുത്തും, ദൈനംദിന ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്നതിനും യഥാർത്ഥ രജിസ്റ്ററിന് കേടുപാടുണ്ടാകാതെ സൂക്ഷിക്കുന്നതിനുമായി, അച്ചടിച്ച് ബൈന്റുചെയ്ത രജിസ്റ്ററുകളിൽ റിപ്പോർട്ട്

ഫാറങ്ങളിലെ വിവരങ്ങൾ പകർത്തിയെഴുതി സൂക്ഷിക്കുന്നതിന് നിർദ്ദേശിച്ചിട്ടുള്ളതാണ്. കമ്പ്യൂട്ടർവൽക്കരിച്ചിട്ടുള്ള രജിസ്ട്രേഷൻ യൂണിറ്റുകളിൽ ഇപ്രകാരമുള്ള രജിസ്റ്ററുകൾക്കു പകരം, കമ്പ്യൂട്ടർ പ്രിന്റൗട്ട് മാസം തോറും അല്ലെങ്കിൽ ദ്വൈവാരമായോ ആഴ്ചതോറുമോ എടുത്ത് ബൈന്റ് ചെയ്ത്, രജിസ്ട്രാർ ഒപ്പിട്ട് രജിസ്റ്ററായി സൂക്ഷിച്ചാൽ മതിയാകുന്നതാണ്.

പേരു ചേർക്കൽ, തിരുത്തൽ മുതലായവ മുഖേനയുള്ള മാറ്റങ്ങൾ യഥാർത്ഥ രജിസ്ട്രേഷനിലും (Legal part) മേൽപ്പറഞ്ഞ നിർദ്ദേശ പ്രകാരം സൂക്ഷിക്കുന്ന രജിസ്റ്ററിലും വരുത്തേണ്ടതും കമ്പ്യൂട്ടർവൽക്കരിച്ച യൂണിറ്റുകളിൽ കമ്പ്യൂട്ടർ ഡാറ്റാബേസിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തിയെന്ന് ഉറപ്പാക്കേണ്ടതുമാണ്.

സ്ഥിരരേഖയായി സൂക്ഷിക്കേണ്ട ജനന മരണ രജിസ്റ്ററുകൾ സൂക്ഷ്മതയോടെ കൈകാര്യം ചെയ്യുന്നതിന് സെക്ഷന്റെ ചുമതലയുള്ള ഉദ്യോഗസ്ഥരും രജിസ്ട്രാർമാരും അതീവ ജാഗ്രത പുലർത്തേണ്ടതും ഉദ്യോഗസ്ഥരുടെ സ്ഥലംമാറ്റങ്ങൾ നടപ്പിൽ വരുത്തുമ്പോൾ എല്ലാ രജിസ്റ്ററുകളും, രജിസ്ട്രേഷനുമായി ബന്ധപ്പെട്ട ഫയലുകളും കൃത്യമായി രേഖാമൂലം കൈമാറ്റം ചെയ്തുവെന്ന് ഉറപ്പാക്കേണ്ടതുമാണ്.

8. അപേക്ഷകൾ കൈകാര്യം ചെയ്യൽ

വിവിധ ആവശ്യങ്ങൾക്കായി രജിസ്ട്രേഷൻ യൂണിറ്റുകളിൽ പൊതുജനങ്ങൾ സമർപ്പിക്കുന്ന അപേക്ഷകൾ കാര്യക്ഷമമായും കാലതാമസം കൂടാതെയും കൈകാര്യം ചെയ്യുന്നതിനുള്ള സംവിധാനം യൂണിറ്റുകളിൽ ഏർപ്പെടുത്തേണ്ടതാണ്.

1. ലഭിക്കുന്ന എല്ലാ അപേക്ഷകൾക്കും അതിൽ ആവശ്യപ്പെട്ടിട്ടുള്ള സേവനം ലഭ്യമാക്കുന്ന തീയതി കൂടി വ്യക്തമാക്കുന്ന രസീത് നൽകേണ്ടതാണ്.
2. നിശ്ചിത സമയത്തിനുള്ളിൽത്തന്നെ ആവശ്യപ്പെട്ട സേവനം ലഭ്യമാക്കേണ്ടതും അതിനു കഴിയാത്ത സാഹചര്യമുണ്ടെങ്കിൽ പ്രസ്തുത വിവരം അപേക്ഷകനെ അറിയിക്കേണ്ടതുമാണ്.
3. നിയമപ്രകാരം അനുവദനീയമല്ലാത്ത കാര്യങ്ങൾക്കായി ലഭിക്കുന്ന അപേക്ഷകളിൽ എത്രയും വേഗം വ്യക്തമായ മറുപടി നൽകണം.
4. അപേക്ഷകൾക്ക് നൽകുന്ന രസീതിലും സർട്ടിഫിക്കറ്റുകളിലും മറ്റ് അറിയിപ്പുകളിലും രജിസ്ട്രാറുടെ പൂർണ്ണമായ തപാൽ മേൽവിലാസവും ഫോൺ നമ്പരും രേഖപ്പെടുത്തിയിരിക്കേണ്ടതാണ്.
5. സർട്ടിഫിക്കറ്റുകൾ തപാലിൽ ലഭിക്കണമെന്ന് ആവശ്യപ്പെടുന്നവർക്ക് 17–ാം വകുപ്പിൽ വ്യവസ്ഥ ചെയ്തിട്ടുള്ള പ്രകാരം, ആവശ്യമായ ഫീസിനു പുറമെ തപാൽ ചാർജ് കൂടി ഈടാക്കിക്കൊണ്ട് അയച്ചു കൊടുക്കേണ്ടതാണ്.
6. ചീഫ് രജിസ്ട്രാറുടെ അനുമതി ആവശ്യമുള്ള അപേക്ഷകളിന്മേൽ രജിസ്ട്രാർ അന്വേഷണം നടത്തി ബോദ്ധ്യപ്പെട്ട്, വ്യക്തമായ ശുപാർശയോടെയും ആവശ്യമായ രേഖകൾ സഹിതവുമുള്ള പ്രൊപ്പോസൽ സമർപ്പിക്കേണ്ടതാണ്. രേഖകളുടെ പകർപ്പുകൾ അപേക്ഷയോടൊപ്പം ഉള്ളടക്കം ചെയ്യുമ്പോൾ അവ നിർബ്ബന്ധമായും സാക്ഷ്യപ്പെടുത്തിയിരിക്കണം.
7. അപേക്ഷകൾ നിരസിക്കേണ്ടി വരുന്ന സന്ദർഭങ്ങളിൽ, രജിസ്ട്രാറുടെ അന്വേഷണത്തിൽ ബോദ്ധ്യപ്പെട്ട വസ്തുതകളുടെയും നിയമ വ്യവസ്ഥകളുടെയും അടിസ്ഥാനത്തിലായിരിക്കണം അപ്രകാരം ചെയ്യേണ്ടത്. "ചീഫ് രജിസ്ട്രാറുടെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ അനുവദനീയമല്ല" എന്ന കാരണം പറഞ്ഞോ കാരണമൊന്നും പറയാതെയോ നിയമപരമല്ലാത്ത കാരണങ്ങൾ പറഞ്ഞോ അപേക്ഷകൾ നിരസിക്കാൻ പാടില്ല.
8. അനുവദനീയമല്ലാത്ത കാര്യങ്ങൾക്കായി ലഭിക്കുന്ന അപേക്ഷകളും ആവശ്യമായ എല്ലാ രേഖകളും ഉൾക്കൊള്ളിക്കാത്ത പ്രൊപ്പോസലുകളും ചീഫ് രജിസ്ട്രാർക്ക് അയയ്ക്കുന്നത് പൊതുജനങ്ങൾക്ക് അനാവശ്യമായ ബുദ്ധിമുട്ടുകൾക്ക് ഇടയാക്കുമെന്നതിനാൽ അത്തരം നടപടികൾ

നിർബ്ബന്ധമായും ഒഴിവാക്കേണ്ടതാണ്.

9. ഫീസുകൾ

1999 ലെ കേരള ജനന മരണ രജിസ്ട്രേഷൻ ചട്ടങ്ങൾ അനുസരിച്ച് വിവിധ സേവനങ്ങൾക്ക് ചുമത്തേണ്ട ഫീസ് താഴെപ്പറയും പ്രകാരമാണ്.

1	തെരച്ചിൽ ഫീസ് –ഒരു ജനനം/മരണം സംബന്ധിച്ച് ഒരു വർഷത്തേയ്ക്ക്	2 രൂപ
2	തെരച്ചിൽ ഫീസ് –ഒരു ജനനം/മരണം സംബന്ധിച്ച് കൂടുതലായി തെരച്ചിൽനടത്തുന്ന ഓരോ വർഷത്തേയ്ക്കും	2 രൂപ വീതം
3	ഒരു ജനന/ മരണ സർട്ടിഫിക്കറ്റിന്	5 രൂപ
4	നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റിന്	2 രൂപ
5	21 ദിവസം കഴിഞ്ഞ് 30 ദിവസം വരെ റിപ്പോർട്ടു ചെയ്യുന്ന ജനന/മരണങ്ങളുടെ രജിസ്ട്രേഷന് ലേറ്റ് ഫീ	2 രൂപ
6	30 ദിവസം കഴിഞ്ഞ് റിപ്പോർട്ടു ചെയ്യുന്ന ജനന/മരണങ്ങൾ ഒരു വർഷം വരെ രജിസ്റ്റർ ചെയ്യുന്നതിന് ലേറ്റ് ഫീ	5 രൂപ
7	ഒരു വർഷം കഴിഞ്ഞ് റിപ്പോർട്ടു ചെയ്യുന്ന ജനന/മരണങ്ങൾ രജിസ്റ്റർ ചെയ്യുന്നതിന് ലേറ്റ് ഫീ	10 രൂപ
8	ജനന രജിസ്ട്രേഷനിൽ ഒരു വർഷം കഴിഞ്ഞ് പേര് ചേർക്കുന്നതിന് ലേറ്റ് ഫീ	5 രൂപ

ശരിയായ രജിസ്ട്രേഷൻ തീയതിയും ജനന/മരണ തീയതിയും വ്യക്തമാക്കിയിട്ടുള്ള അപേക്ഷകളിൽ തെരച്ചിൽ ഫീസ് ഈടാക്കാൻ പാടില്ല.

മേൽപ്പറഞ്ഞ ഫീസുകൾക്കു പുറമേ സർട്ടിഫിക്കറ്റ് തപാൽ മാർഗ്ഗം അയച്ചു കൊടുക്കുന്നതിന് തപാൽ ചാർജു കൂടി ഈടാക്കാവുന്നതാണ്.

എല്ലാ രജിസ്ട്രേഷൻ യൂണിറ്റുകളിലും ഈ സർക്കുലറിലെ നിർദ്ദേശങ്ങൾ കർശനമായി പാലിക്കുന്നതിനാവശ്യമായ നടപടികൾ ബന്ധപ്പെട്ട എല്ലാ ഉദ്യോഗസ്ഥരും സ്വീകരിക്കേതാണ്.

ജനന–മരണ ചീഫ് രജിസ്ട്രാർ/
പഞ്ചായത്ത് ഡയറക്ടർ

നമ്പർ ബി1– 6141/2007 **പഞ്ചായത്ത് ഡയറക്ടറേറ്റ്,**
തിരുവനന്തപുരം, തീയതി: 19.04.2007

സർക്കുലർ

വിഷയം: ജനന–മരണ രജിസ്ട്രേഷൻ–നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റ് അനുവദിക്കുന്നതിനുള്ള പുതുക്കിയ മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

സൂചന: 1.രജിസ്ട്രാർ ജനറലിന്റെ 31.1.2007 ലെ 1/10/2004–വി.എസ്.(സി.ആർ.എസ്.) നമ്പർ സർക്കുലർ
2. ചീഫ് രജിസ്ട്രാറുടെ 20/3/07 ലെ ബി1–2815/07–ാം നമ്പർ സർക്കുലർ

1969 ലെ ജനന മരണ രജിസ്ട്രേഷൻ നിയമത്തിലെ 17–ാം വകുപ്പും 1999 ലെ കേരള ജനന മരണ രജിസ്ട്രേഷൻ ചട്ടങ്ങളിലെ 13(3)–ാം ചട്ടവും അനുസരിച്ച് , ഒരു ജനനമോ മരണമോ രജിസ്റ്റർ ചെയ്തിട്ടില്ലെങ്കിൽ ഫാറം നമ്പർ 10– ൽ നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റ് അനുവദിക്കണമെന്ന് വ്യവസ്ഥ ചെയ്തിരിക്കുന്നു. താമസിച്ചുള്ള രജിസ്ട്രേഷന് നൽകുന്ന അപേക്ഷയോടൊപ്പം നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റ് ഹാജരാക്കണമെന്നത് നിർബ്ബന്ധവുമാണ്.

മേൽപ്പറഞ്ഞ വ്യവസ്ഥ തെറ്റായി വ്യാഖ്യാനിച്ച്, തെറ്റായ വിവരങ്ങൾ നൽകിയും വ്യാജ രേഖകൾ (തെളിവുകൾ) ഹാജരാക്കിയും ഒരിക്കൽ രജിസ്റ്റർ ചെയ്ത ജനനം/മരണത്തിലെ തീയതിയോ മറ്റു വിവരങ്ങളോ മാറ്റി വീണ്ടും രജിസ്റ്റർ ചെയ്യുന്നത് തടയുന്നതിന്, നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റ് നൽകുന്നതു സംബന്ധിച്ച പൊതുവായ മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കേണ്ടത് അത്യാവശ്യമാണെന്ന് രജിസ്ട്രാർ ജനറൽ സൂചന (1) ലെ സർക്കുലറിൽ നിർദ്ദേശിക്കുകയുണ്ടായി. ജനന മരണ രിജിസ്ട്രേഷൻ നിയമത്തിലെ 3–ാം വകുപ്പ് (3) –ാം ഉപവകുപ്പ് പ്രകാരം നല്കിയ പ്രസ്തുത സർക്കുലറിലെ പ്രധാന നിർദ്ദേശങ്ങൾ സൂചന (2) ലെ സർക്കുലറിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. എന്നാൽ, അപ്രകാരം ഉൾപ്പെടുത്തിയ നിർദ്ദേശങ്ങൾ വേണ്ടത്ര ശ്രദ്ധിയ്ക്കപ്പെടാതെ പോകാനിടയുള്ളതിനാൽ, നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റ് അനുവദിക്കുന്നതു സംബന്ധിച്ച മാർഗ്ഗനിർദ്ദേശങ്ങൾ ചുവടെ ചേർക്കുന്നു.

1. നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റ് ലഭിക്കുന്നതിനായി അപേക്ഷ നൽകുമ്പോൾ, സംഭവം നടന്ന സമയത്തെ താമസസ്ഥലം, ജനന/മരണ സ്ഥലം മുതലായ വിവരങ്ങൾ തെളിയിക്കുന്നതിനാവശ്യമായ രേഖാമൂലമുള്ള തെളിവുകൾ അപേക്ഷകൻ ഹാജരാക്കേണ്ടതാണ്.
2. സർട്ടിഫിക്കറ്റ് നൽകുന്നതിനു മുമ്പായി, മേൽപ്പറഞ്ഞ വിവരങ്ങളുടെയും, നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റിന് അപേക്ഷിക്കുന്നതിനുള്ള കാരണം സംബന്ധിച്ചും രജിസ്ട്രാർ അന്വേഷിച്ച് ബോദ്ധ്യപ്പെടേണ്ടമാണ്.
3. അപേക്ഷകന് മേൽപ്പറഞ്ഞ പ്രകാരമുള്ള ഒരു തെളിവും ഹാജരാക്കാൻ കഴിഞ്ഞില്ലെങ്കിൽ, പോലീസ് വെരിഫിക്കഷനു ശേഷം മാത്രമേ നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റ് അനുവദിക്കാൻ പാടുള്ളു.

നിയമത്തിലെ വ്യവസ്ഥ തെറ്റായി വ്യാഖ്യാനിച്ച്, ചിലയാളുകൾ ജനനം/മരണം നടന്നതല്ലാത്ത യൂണിറ്റുകളിൽ നിന്ന് നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റ് ആവശ്യപ്പെടുന്നതായും താമസിച്ചുള്ള രജിസ്ട്രേഷൻ നടപടികൾക്കായി ബന്ധപ്പെട്ട അധികാരികൾ ഒന്നിലധികം യൂണിറ്റുകളിൽ നിന്ന് നോൺ

അവൈലബിലിറ്റി സർട്ടിഫിക്കറ്റ് ആവശ്യപ്പെടുന്നതായും പല രജിസ്ട്രാർമാരും അറിയിച്ചിരിക്കുന്നതിനാൽ, മരണം/ജനനം നടന്നതല്ലാത്ത യൂണിറ്റുകളിൽ നിന്ന് സർട്ടിഫിക്കറ്റ് അനുവദിക്കാൻ പാടില്ലെന്ന് നിർദ്ദേശിക്കുന്നു. മാത്രമല്ല, എന്താവശ്യത്തിനാണ് നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റ് അനുവദിക്കുന്നതെന്ന കാര്യം സർട്ടിഫിക്കറ്റിൽ വ്യക്തമാക്കേണ്ടതുമാണ്.

ജനന-മരണ ചീഫ് രജിസ്ട്രാർ/
പഞ്ചായത്ത് ഡയറക്ടർ

No. 1/14/95- VS (CRS)-KER

GOVERNMENT OF INDIA

MINISTRY OF HOME AFFAIRS

OFFICE OF THE REGISTRAR GENERAL, INDIA

13, Sept,2007

To

The Chief Registrar of Births and Deaths and
Director of Panchayats, Kerala,
Museum P.O.
Thiruvananthapuram- 695033

Sub: - **Change of name in birth certificate from Chinnamma Abraham to Savitha Abraham and issue of revised birth certificate.**

Sir,

Please find enclosed a representation received from Shri. K.M.Abraham of Thuruthicand of Pathanamthitta District in Kerala in connection with change of name in birth certificate of her daughter from Chinnamma Abraham to Savitha Abraham. The documents submitted by the applicant shows her daughter's name as Chinnamma Abraham in birth certificate and Savitha Abraham in Baptism and School certificate.

As you are aware that Registration of Births and Deaths Act,1969 does not allow the change of name, hoeever, as per the clarification (a copy of such extract is is enclosed) issued by this office (which was published in 1992 Annual Report of the working of the Act The 'alias' in the name of a new born child or deceased could be written in the birth/death register at the time of registration or even after the event has already been registered. However, for taking any action in the matter, the satisfaction of concerned registration authorities on the facts of the case is also required. Accordingly th erevised birth certificate showing both the names may be issued.

The action taken in this regard may kindly be intimated to this Office.

Yours faithfully

Sd/-
(Ajay Khanna)
Assistant Director

Clarifications issued by the RG's Office on addition/correction of Names in the Birth & Death Register

Query	Clarification
Whether 'alias' in the name of a new born child or a deceased could be written in the birth or death register at the time of registration	'Alias' in the name of a new born or a deceased person could be written in the birth or death register at the time of registration of the events reported by the informant.
Whether alias in the name of a person can be added subsequently in the register of birth and deaths after the event has already been registered	Such addition of 'alias' in the name could be made in the births and deaths register subject to the satisfaction of the Registrar that the relevant entry was improperly made and upon production of satisfactory evidence by the party concerned.
Whether the name of the child and parents could be corrected. If the same has been written without appendages of Surname/Caste	The nick names are not the real names. They also do not have all the appendages of surnames/caste etc. leading to the inference that they may be nick names. If the real names of child or parents are not written in the birth/death register, they may be corrected in accordance with procedure lay down in section 15 of the RBD Act, 1969 and corresponding State Rules made there under. The Registrar may decide each request for correction in accordance with the fax of each case on its own merits.

Sd/-

Director of Panchayats

No.1/2/KEL/2007-VS(CRS)
GOVERNMENT OF INDIA
MINISTRY OF HOME AFFAIRS
OFFICE OF THE REGISTRAR GENERAL,INDIA
V.S.Division,West Block-I, R.K.Puram, New Delhi-110066

Dated - 13.09.2007

To

The Chief Registrar of Births and Deaths and
Director of Panchayats, Kerala,
Museum P.O.
Thiruvananthapuram- 695033

Sub : - Paippadu Grama Panchayat- Registration of death occurred in another registration unit regarding

Sir,

Please refer to your letter no. B3. 6773/08 dated 28.04.2008 wherein you have sought guidance in the wake of judgement given by Honb'le High Court of Kerala to register the death event occurred at Madurai, in Paippadu Grama Panchayat, Kerala where the body of Late Shri. Jose Das was buried.

2. As you are aware, Section 7(2) of the Registration of Births and Deaths Act, 1969 makes it very explicit that Registrar of births and deaths has to register only events of births and deaths , which takes place in his/her jurisdiction. Accordingly, this office is in agreement with the stand taken by you to prefer an appeal against the aforesaid judgement.

Yours faithfully

Sd/-

(Bhaskar Mishra)
Deputy Registrar General(CRS)

നമ്പർ ബി1-6141/2007 പഞ്ചായത്ത് ഡയറക്ടറുടെ കാര്യാലയം,

തിരുവനന്തപുരം, തീയതി: 09.10.2007

സർക്കുലർ

വിഷയം: ജനന മരണ രജിസ്ട്രേഷൻ- പരിശോധനാസംവിധാനം ഏർപ്പെടുത്തുന്നതു സംബന്ധിച്ച നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

സൂചന: ഇല്ല

ജനന മരണ രജിസ്ട്രേഷൻ സംവിധാനം നിയമപ്രകാരവും പൊതുജനസൗഹൃദപരവുമായി പ്രവർത്തിക്കുന്നുവെന്ന് ഉറപ്പു വരുത്തുന്നതിന് കാര്യക്ഷമമായ പരിശോധനാസംവിധാനം അത്യന്താപേക്ഷിതമാണ്. എന്നാൽ, നമ്മുടെ സംസ്ഥാനത്തിൽ ഫലപ്രദമായ ഒരു പരിശോധനാ സംവിധാനം നിലവില്ലാത്തതിനാൽ ചില രജിസ്ട്രേഷൻ യൂണിറ്റുകളിലെങ്കിലും ക്രമക്കേടുകൾക്കും പൊതുജനങ്ങൾക്ക് അനാവശ്യമായ ബുദ്ധിമുട്ടുകൾക്കും ഇടയാക്കുന്നതായും വിദേശരാജ്യങ്ങളിലുൾപ്പടെ രജിസ്ട്രേഷൻ സംവിധാനത്തെക്കുറിച്ച് മോശമായ ധാരണ സൃഷ്ടിക്കുന്നതായും ശ്രദ്ധയിൽപ്പെട്ടിരിക്കുന്നു. പരിശോധനാസംവിധാനത്തിന്റെ ആവശ്യകതയും കേരളം ഉൾപ്പടെയുള്ള സംസ്ഥാനങ്ങളിൽ ഇക്കാര്യത്തിലുള്ള അപര്യാപ്തതയും രജിസ്ട്രാർ ജനറൽ വാർഷികറിപ്പോർട്ടുകളിൽ ആവർത്തിച്ച് വ്യക്തമാക്കുകയും പരിശോധനാ റിപ്പോർട്ടുകൾ തയ്യാറാക്കുന്നതിനുള്ള മാതൃകാഫാറം നൽകി കൃത്യമായ ഇടവേളകളിൽ രജിസ്ട്രേഷൻ യൂണിറ്റുകളിൽ പരിശോധന നടത്തുന്നതിനും റിപ്പോർട്ടുകൾ അവലോകനം ചെയ്ത് തുടർനടപടികൾ സ്വീകരിക്കുന്നതിന് നിർദ്ദേശിക്കുകയും ചെയ്തിട്ടുള്ളതുമാണ്.

മേൽ വിവരിച്ച സാഹചര്യത്തിൽ രജിസ്ട്രേഷൻ സംവിധാനത്തിന്റെ കാര്യപ്രാപ്തി വർദ്ധിപ്പിക്കുക, ക്രമക്കേടുകൾ ഒഴിവാക്കുക, പൊതുജനങ്ങൾക്ക് നിയമ വിധേയമായ ആവശ്യങ്ങൾ നിറവേറ്റുന്നതിന് ബുദ്ധിമുട്ടുകളാകുന്നിൽ എന്ന് ഉറപ്പുവരുത്തുക എന്നീ ലക്ഷ്യങ്ങൾ കൈവരിക്കുന്നതിനായി താഴെപ്പറയുന്ന നിർദ്ദേശങ്ങൾ നൽകുന്നു.

1. ജില്ലാതലത്തിൽ രൂപീകരിച്ചിട്ടുള്ള പെർഫോമൻസ് ആഡിറ്റ് ടീമുകൾ അവയുടെ പ്രവർത്തന പരിധിയിലുള്ള ഗ്രാമ പഞ്ചായത്തുകളിൽ മൂന്നു മാസത്തിലൊരിക്കൽ പരിശോധന നടത്തി റിപ്പോർട്ട് ജില്ലാ രജിസ്ട്രാർക്ക് സമർപ്പിക്കേണ്ടതാണ്.

2. പരിശോധനാ റിപ്പോർട്ട് തയ്യാറാക്കുന്നതിന് ഈ സർക്കുലറിന്റെ അനുബന്ധമായി ചേർത്തിട്ടുള്ള പ്രൊഫോർമ മാതൃകയായി സ്വീകരിക്കേണ്ടതാണ്.

3. ജില്ലാ രജിസ്ട്രാർമാർ റിപ്പോർട്ടുകൾ അവലോകനം ചെയ്ത് ഒരു സമാഹൃത റിപ്പോർട്ട് സഹിതം റിപ്പോർട്ടുകളുടെ ഓരോ പകർപ്പ് ചീഫ് രജിസ്ട്രാർക്ക് ജനുവരി, എപ്രിൽ, ജൂലായ്, ഒക്ടോബർ മാസങ്ങളിൽ 15-ാം തീയതിയ്ക്കകം സമർപ്പിക്കേണ്ടതാണ്.

4. മുനിസിപ്പാലിറ്റികളിലും മുനിസിപ്പൽ കോർപ്പറേഷനുകളിലും ജില്ലാ രജിസ്ട്രാറുടെ ചുമതല നിർവ്വഹിക്കുന്ന സെക്രട്ടറിമാർ അതാതു യൂണിറ്റുകളിൽ മൂന്നു മാസത്തിലൊരിക്കൽ പരിശോധന നടത്തി റിപ്പോർട്ട് മേൽപ്പറഞ്ഞ തീയതിയ്ക്കകം ചീഫ് രജിസ്ട്രാർക്ക് നൽകേണ്ടതാണ്.

5. ജില്ലാ രജിസ്ട്രാർമാരായ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർ മാസത്തിൽ ഒരിക്കൽ അതാതു ജില്ലയിലെ 2 രജിസ്ട്രേഷൻ യൂണിറ്റുകളിൽ മുൻകൂർ അറിയിപ്പു നൽകിയും 2 യൂണിറ്റുകളിൽ അറിയിപ്പു കൂടാതെയും പരിശോധന നടത്തി ചീഫ് രജിസ്ട്രാർക്ക് റിപ്പോർട്ട് നൽകേണ്ടതാണ്.

6. ഇതു കൂടാതെ, ഡെപ്യൂട്ടി ചീഫ് രജിസ്ട്രാർ പ്രതിമാസം 2 രജിസ്ട്രേഷൻ യൂണിറ്റുകളിൽ മുൻകൂർ അറിയിപ്പു നൽകിയും 2 യൂണിറ്റുകളിൽ അറിയിപ്പു കൂടാതെയും പരിശോധന നടത്തുന്നതാണ്.

7. പരിശോധനകളിൽ കണ്ടെത്തുന്ന ക്രമക്കേടുകൾ പരിഹരിക്കുന്നതിനും ആവർത്തിക്കാതിരിക്കുന്നതിനും ആവശ്യമായ നിർദ്ദേശങ്ങൾ ജില്ലാ രജിസ്ട്രാർമാർ ബന്ധപ്പെട്ട രജിസ്ട്രാർമാർക്ക് നൽകേണ്ടതും അത് പാലിക്കുന്നുവെന്ന് ഉറപ്പുവരുത്തേണ്ടതുമാണ്.

8. പരിശോധനാ റിപ്പോർട്ടുകൾ ചീഫ് രജിസ്ട്രാർ അവലോകനം ചെയ്യുന്നതും ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് ആവശ്യമായ നിർദ്ദേശം നൽകുന്നതുമാണ്. പ്രസ്തുത നിർദ്ദേശങ്ങൾ സമയബന്ധിതമായി നടപ്പാക്കി മറുപടി യഥാസമയം സമർപ്പിക്കേണ്ടതാണ്.

9. എല്ലാ ജില്ലാ രജിസ്ട്രാർമാരും ഓരോ ത്രൈമാസത്തെയും പരിശോധനാപരിപാടിയുടെ കലണ്ടർ മുൻകൂട്ടി ചീഫ് രജിസ്ട്രാർക്ക് നൽകേണ്ടതാണ്.

ഈ സർക്കുലറിലെ നിർദ്ദേശങ്ങൾ 2007 ഒക്ടോബർ മുതൽ നടപ്പാക്കുന്നതിനാവശ്യമായ നടപടികൾ എല്ലാ ജില്ലാ രജിസ്ട്രാർമാരും അടിയന്തിരമായി സ്വീകരിക്കേണ്ടതും സ്വീകരിച്ച നടപടി സംബന്ധിച്ച വിവരം 2007 ഡിസംബർ വരെയുള്ള പരിശോധനാ കലണ്ടർ സഹിതം 2007 ഒക്ടോബർ 20 നു മുമ്പായി ചീഫ് രജിസ്ട്രാറെ അറിയിക്കേണ്ടതുമാണ്.

(ഒപ്പ്)
എ.അജിത് കുമാർ, ഐ.എ.എസ്
ജനന-മരണ ചീഫ് രജിസ്ട്രാർ/
പഞ്ചായത്ത് ഡയറക്ടർ

നമ്പർ ബി1-20129/07

പഞ്ചായത്ത് ഡയറക്ടറേറ്റ്,
തിരുവനന്തപുരം, തീയതി: 12.10.2007

സർക്കുലർ

വിഷയം: ജനന-മരണ രജിസ്ട്രേഷൻ- ഉപേക്ഷിക്കപ്പെട്ട / ദത്തെടുത്ത കുട്ടികളുടെ ജനന രജിസ്ട്രേഷൻ- അപാകതകൾ പരിഹരിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

സൂചന:
1. ചീഫ് രജിസ്ട്രാറുടെ 5/10/1999 ലെ ബി2-29772/99-ാം നമ്പർ സർക്കുലർ
2. ചീഫ് രജിസ്ട്രാറുടെ 20/3/07 ലെ ബി1-2815/07-ാം നമ്പർ സർക്കുലർ
3. സാമൂഹ്യക്ഷേമ വകുപ്പ് അഡീഷനൽ ഡയറക്ടറുടെ11.10.07ലെ എ.സി-318/06 നമ്പർ കത്ത്

ഉപേക്ഷിക്കപ്പെട്ട/ദത്തെടുക്കുന്ന കുട്ടികളുടെ ജനന രജിസ്ട്രേഷൻ സംബന്ധിച്ച് രജിസ്ട്രാർ ജനറൽ ഓഫ് ഇന്ത്യ പുറപ്പെടുവിച്ച മാർഗ്ഗനിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ ചീഫ് രജിസ്ട്രാർ, സൂചന ഒന്നിലെ സർക്കുലർ പുറപ്പെടുവിക്കുകയുണ്ടായി. ജനന-മരണ രജിസ്ട്രേഷൻ സംബന്ധിച്ച് പുറപ്പെടുവിച്ചിട്ടുള്ള നിരവധി സർക്കുലറുകളിലെ നിർദ്ദേശങ്ങൾ ക്രോഡീകരിച്ച് പുറപ്പെടുവിച്ച സൂചന രണ്ടിലെ സർക്കുലറിലും പ്രസ്തുത നിർദ്ദേശങ്ങൾ ഉൾക്കൊള്ളിച്ചിട്ടുള്ളതാണ്. എന്നാൽ മേൽപ്പറഞ്ഞ സർക്കുലറുകളിലെ ചില നിർദ്ദേശങ്ങൾ ദത്തെടുക്കുന്ന കുട്ടികളുടെ ജനന രജിസ്ട്രേഷനെ ദോഷകരമായി ബാധിക്കുന്ന തരത്തിൽ തെറ്റായി വ്യാഖ്യാനിക്കപ്പെടുന്നതായും ഇതുനിമിത്തം ബന്ധപ്പെട്ട വ്യക്തികൾക്ക് ബുദ്ധിമുട്ടുണ്ടാകുന്നതായും സൂചന മൂന്നു പ്രകാരം സാമൂഹ്യക്ഷേമവകുപ്പ് അഡീഷനൽ ഡയറക്ടർ ശ്രദ്ധയിൽപ്പെടുത്തിയിരിക്കുന്നു.

മേൽപ്പറഞ്ഞ വസ്തുതകൾ പരിഗണിച്ച് ഇക്കാര്യത്തിൽ താഴെപ്പറയുന്ന നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

1. ഉപേക്ഷിക്കപ്പെട്ട കുട്ടികളുടെ ജനന രജിസ്ട്രേഷൻ 1969 ലെ ജനന മരണ രജിസ്ട്രേഷൻ നിയമത്തിലെ 8-ാം വകുപ്പ് (1)-ാം ഉപ വകുപ്പ് (ഇ) ഖണ്ഡം അനുസരിച്ച് നടത്തേണ്ടതാണ്. രജിസ്ട്രേഷൻ നടത്തുന്നതിനായി കുട്ടിയുടെ ദത്തെടുക്കൽ നടപടി വരെ കാത്തിരിക്കേണ്ടതില്ലാത്തതും യഥാസമയം ജനനം റിപ്പോർട്ടു ചെയ്യാത്ത പക്ഷം സെക്ഷൻ 23 പ്രകാരം നടപടി സ്വീകരിക്കേണ്ടതുമാണ്.

2. ജനന രജിസ്ട്രേഷനിൽ കുട്ടിക്ക് ഭാവിയിൽ അപമാനകരമായിത്തീരുന്ന രീതിയിൽ ജനനസ്ഥലം (അമ്മത്തൊട്ടിൽ, ഓർഫനേജ് തുടങ്ങിയവ) രേഖപ്പെടുത്താൻ പാടില്ല.

3. അനാഥാലയങ്ങളിലും മറ്റ് ശിശു സംരക്ഷണ ഏജൻസികളിലും കഴിയുന്നതും അല്ലാത്തതുമായ കുട്ടികളെ നിയമാനുസരണം ദത്തെടുക്കുന്ന അവസരത്തിൽ ദത്തെടുക്കുന്ന മാതാപിതാക്കളുടെ (Adoptive parents) പേര് ഉൾപ്പെടുത്തിയും ആവശ്യമെങ്കിൽ കുട്ടിയുടെ പേരിൽ

മാറ്റം വരുത്തിയും സർട്ടിഫിക്കറ്റ് അനുവദിക്കുമ്പോൾ ചട്ടപ്രകാരമുള്ള സർട്ടിഫിക്കറ്റ് ഫോർമാറ്റിൽ യാതൊരു മാറ്റവും വരുത്തുവാൻ പാടില്ല. ദത്തെടുക്കൽ അനുവദിക്കുന്ന കോടതി ഉത്തരവിന്റെ അടിസ്ഥാനത്തിൽ അഡോപ്റ്റീവ് പേരന്റ്സിന്റെ പേര് മാതാപിതാക്കളുടെ പേരായി ഉൾപ്പെടുത്തി നൽകേണ്ടതാണ്.

ഈ സർക്കുലറിലെ നിർദ്ദേശങ്ങൾ കർശനമായി പാലിക്കുന്നതിനാവശ്യമായ നടപടികൾ ബന്ധപ്പെട്ട എല്ലാ രജിസ്ട്രാർമാരും ജില്ലാ രജിസ്ട്രാർമാരും സ്വീകരിക്കേണ്ടതാണ്

ജനന-മരണ ചീഫ് രജിസ്ട്രാർ/
പഞ്ചായത്ത് ഡയറക്ടർ

No. 1/2/Kerala/2007- VS (CRS)

GOVERNMENT OF INDIA
MINISTRY OF HOME AFFAIRS
OFFICE OF THE REGISTRAR GENERAL, INDIA

Dated- 26.10.2007

To

The Chief Registrar of Births and Deaths and
Director of Panchayats,
Kerala,
Museum P.O.
Thiruvananthapuram- 695003

Sub: - Standardization of Births and Deaths Certificates- issuance of certificates in bilingual formats- clarification sought of- reg.

Sir,

Please refer to your office letter no. B1- 19307/2004 dated 10.08.2007 vide which you have sought a clarification regarding permission for making an entry in the remarks column of birth and death certificate of past cases which where registered before the implementation of standardized formats. In this regard it is intimated that where no entry relating to present or permanent address exists, you may make an entry in the remarks column as given below: -

" The original records do not contain the column relating to present and permanent address"

2. In cases of adopted children, the permanent address and present address of adopted parents , who have adopted the child, may be written in the birth certificate format.

Yours faithfully

Sd/-
(Harbinder Singh)
Deputy Registrar General

നമ്പർ ബി1-2815/2007

പഞ്ചായത്ത് ഡയറക്ടറേറ്റ്,
തിരുവനന്തപുരം, തീയതി 07.11.07

സർക്കുലർ

വിഷയം: ജനന-മരണ രജിസ്ട്രേഷൻ-കാര്യക്ഷമവും രജിസ്ട്രേഷനുകളിൽ തിരുത്തൽ വരുത്തുന്നതിനുള്ള നടപടിക്രമങ്ങളിൽ ഭേദഗതിനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

സൂചന: ചീഫ് രജിസ്ട്രാറുടെ 20.03.2007 ലെ ബി1-2815/07-ാം നമ്പർ സർക്കുലർ

ജനന മരണ രജിസ്ട്രേഷനുകളിൽ ചേർത്തിട്ടുള്ള വിവരങ്ങളിൽ വന്നുപോയിട്ടുള്ള തെറ്റുകൾ തിരുത്തുന്നതിനുള്ള വ്യവസ്ഥകൾ 1969 ലെ ജനന മരണ രജിസ്ട്രേഷൻ നിയമത്തിലെ 15-ാം വകുപ്പിലും 1999 ലെ കേരള ജനന മരണ രജിസ്ട്രേഷൻ ചട്ടങ്ങളിലെ ചട്ടം 11 ലും ഉൾപ്പെടുത്തിയിരിക്കുന്നു. ഇതനുസരിച്ച് രജിസ്ട്രേഷനുകളിലെ മനഃപൂർവ്വമല്ലാത്ത തെറ്റുകൾ തിരുത്തുന്നതിനുള്ള പൂർണ്ണമായ അധികാരം ജനന മരണ രജിസ്ട്രാർമാർക്കാണ്. എന്നാൽ രജിസ്ട്രേഷൻ യൂണിറ്റുകളിൽ ഈ വ്യവസ്ഥ ദുരുപയോഗം ചെയ്യപ്പെടുന്നില്ലെന്ന് ഉറപ്പാക്കുന്നതിനും രജിസ്ട്രാർമാരെ സഹായിക്കുന്നതിനുമായി 1.04.1970 നു മുമ്പുള്ള എല്ലാ തിരുത്തലുകൾക്കും അതിനുശേഷമുള്ളവയിൽ പ്രധാനപ്പെട്ട വിവരങ്ങൾ തിരുത്തുന്നതിനും ചീഫ് രജിസ്ട്രാറുടെ അനുമതി വാങ്ങിയിരിക്കണമെന്ന് വിവിധ സർക്കുലറുകൾ മുഖേന ചീഫ് രജിസ്ട്രാർ നിർദ്ദേശം നൽകിയിട്ടുള്ളതാണ്.

മേൽപ്പറഞ്ഞ നിർദ്ദേശം നിയമത്തിലെയും ചട്ടങ്ങളിലെയും വ്യവസ്ഥകൾ പ്രകാരം രജിസ്ട്രാറിൽ നിക്ഷിപ്തമായ അധികാരത്തെ പരിമിതപ്പെടുത്തുന്നതാകയാലും തിരുത്തൽ സംബന്ധിച്ച അപേക്ഷകളിൽ നടപടിക്രമങ്ങൾ ലഘൂകരിച്ച് സേവനങ്ങൾ ലഭ്യമാക്കുന്നതിൽ കാലതാമസം ഒഴിവാക്കുന്നതിനുമായി തിരുത്തൽ സംബന്ധിച്ച നിർദ്ദേശങ്ങൾ നിയമാനുസൃതം ഭേദഗതി ചെയ്യുന്നതിന് തീരുമാനിച്ചിരിക്കുന്നു.

ജനന മരണ രജിസ്ട്രേഷൻ നിയമം പ്രാബല്യത്തിൽ വന്ന 1.04.1970 നു ശേഷമുള്ള രജിസ്ട്രേഷനുകളിൽ മനഃപൂർവ്വമല്ലാതെ വന്നിട്ടുള്ള തെറ്റുകൾ 1969 ലെ ജനന മരണ രജിസ്ട്രേഷൻ നിയമത്തിലെ 15-ാം വകുപ്പിലെയും 1999 ലെ കേരള ജനന മരണ രജിസ്ട്രേഷൻ ചട്ടങ്ങളിലെ 11 -ാം ചട്ടത്തിലെയും വ്യവസ്ഥകൾ പാലിച്ചുകൊണ്ട് തിരുത്തുന്നതിനോ റദ്ദാക്കുന്നതിനോ രജിസ്ട്രാർമാർ തന്നെ തീരുമാനമെടുക്കേണ്ടതാണ്. 1.04.1970 ന് മുമ്പുള്ള രജിസ്ട്രേഷനുകളിൽ തിരുത്തൽ വരുത്തുന്നതിന് നിലവിലുള്ള നിർദ്ദേശം അനുസരിച്ച് ചീഫ് രജിസ്ട്രാറുടെ അനുമതി വാങ്ങേണ്ടതാണ്. മേൽപ്പറഞ്ഞ പ്രകാരം തിരുത്തലുകൾ അനുവദിക്കുമ്പോൾ ഈ സൗകര്യം ദുരുപയോഗം ചെയ്യപ്പെടുന്നില്ലെന്നും നിയമപ്രകാരമുള്ള തിരുത്തലുകൾ മാത്രമേ അനുവദിക്കപ്പെടുന്നുള്ളുവെന്ന് രജിസ്ട്രാർമാർ ഉറപ്പുവരുത്തേണ്ടതാണ്.രജിസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടുള്ള തെറ്റായ വിവരങ്ങൾ തിരുത്തുന്നതിനു മാത്രമേ വ്യവസ്ഥയുള്ളുവെന്നും വിവരങ്ങളിൽ പിന്നീട് വരുത്തുന്ന മാറ്റങ്ങൾക്കനുസരിച്ച് രജിസ്ട്രേഷനിൽ മാറ്റം വരുത്താവുന്നതല്ലെന്നുമുള്ള കാര്യം പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

ജനന മരണ രജിസ്ട്രേഷനുകളിലെ തിരുത്തലുകൾ സംബന്ധിച്ച നിയമ വ്യവസ്ഥകളും നടപടിക്രമങ്ങളും രജിസ്ട്രാർമാരുടെ അറിവിലേയ്ക്കായി ചുവടെചേർക്കുന്നു.

1. രജിസ്ട്രേഷനുകളിലെ ക്ലെറിക്കൽ തെറ്റുകൾ രജിസ്ട്രാറുടെ ശ്രദ്ധയിൽപ്പെടുമ്പോഴോ ബന്ധപ്പെട്ട കക്ഷികൾ അപേക്ഷ നൽകുമ്പോഴോ അക്കാര്യം അന്വേഷിച്ച് ബോദ്ധ്യപ്പെട്ട് ആവശ്യമായ തിരുത്തൽ വരുത്തേണ്ടതാണ്. അതായത്, ബന്ധപ്പെട്ട വസ്തുതയുടെ നിജസ്ഥിതി തെളിയിക്കുന്നതിനാവശ്യമായ രേഖകൾ (തെളിവുകൾ) ഹാജരാക്കുന്നതിന്റെ അടിസ്ഥാനത്തിൽ ഇത്തരത്തിലുള്ള തെറ്റുകൾ തിരുത്താവുന്നതാണ്. പേരിലോ മറ്റു വിവരങ്ങളിലോ ഉള്ള അക്ഷരത്തെറ്റുകൾ, റിപ്പോർട്ടിലെ വിവരങ്ങൾ രജിസ്റ്ററിലേയ്ക്ക് പകർത്തിയതിൽ വന്നിട്ടുള്ള തെറ്റുകൾ എന്നിവ ഈ രീതിയിൽ തിരുത്താവുന്നതാണ്.

2. രജിസ്ട്രേഷനുകളിലെ വസ്തുതാപരമായ തെറ്റുകൾ തിരുത്തുന്നതിന് അപേക്ഷിക്കുന്ന കക്ഷി തിരുത്തേണ്ട വസ്തുത സംബന്ധിച്ച് ബോദ്ധ്യമുള്ള രണ്ട് വിശ്വസനീയരായ വ്യക്തികളുടെ (Credible persons) സത്യപ്രസ്താവന ഹാജരാക്കുന്നതിന്റെ അടിസ്ഥാനത്തിൽ തിരുത്തൽ വരുത്തേണ്ടതാണ്. ഇത്തരത്തിലുള്ള തിരുത്തലുകൾക്കായി ബന്ധപ്പെട്ട കക്ഷികൾ രജിസ്ട്രേഷനിലെ തിരുത്തൽ വരുത്തേണ്ട വസ്തുതയെ സംബന്ധിക്കുന്ന സത്യവാങ്മൂലം, അത് തെളിയിക്കുന്നതിനുള്ള രേഖകൾ എന്നിവയ്ക്കു പുറമേ മേൽപ്പറഞ്ഞ പ്രകാരം രണ്ട് വിശ്വസനീയ വ്യക്തികളുടെ ഡിക്ലറേഷനും ഹാജരാക്കേണ്ടതാണ്. ഇവയുടെ അടിസ്ഥാനത്തിൽ രേഖകൾ പരിശോധിച്ചും അന്വേഷണം നടത്തിയും ബോദ്ധ്യപ്പെട്ട് തിരുത്തലിനുള്ള അപേക്ഷയിൽ തീരുമാനമെടുക്കേണ്ടതാണ്.

3. രജിസ്ട്രേഷനിൽ ഏതെങ്കിലും വിവരം അനുചിതമായോ വഞ്ചനാപൂർവ്വമായോ ഉൾപ്പെടുത്തിയതാണെന്ന് രജിസ്ട്രാർക്ക് ബോദ്ധ്യപ്പെട്ടാൽ അതിന്റെ വിശദവിവരം വ്യക്തമാക്കുന്ന ഒരു റിപ്പോർട്ട് തയ്യാറാക്കി ചീഫ് രജിസ്ട്രാർക്ക് അയയ്ക്കേണ്ടതും ചീഫ് രജിസ്ട്രാറുടെ നിർദ്ദേശപ്രകാരം തുടർനടപടി സ്വീകരിക്കേണ്ടതുമാണ്. ഇത്തരം കേസുകളിൽ സെക്ഷൻ 23 അനുസരിച്ചുള്ള പ്രോസിക്യൂഷൻ നടപടിയും സ്വീകരിക്കേണ്ടതാണ്.

മേൽപ്പറഞ്ഞ പ്രകാരം രജിസ്ട്രാർമാർ തിരുത്തലുകൾ അനുവദിക്കുമ്പോൾ സൂചന സർക്കുലറിലെ മറ്റു നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്.

രജിസ്റ്ററിൽ തിരുത്തൽ വരുത്തുമ്പോൾ, സെക്ഷൻ 15– ൽ വ്യവസ്ഥ ചെയ്തിട്ടുള്ളതുപോലെ, ഒറിജിനൽ എൻട്രിയിൽ മാറ്റം വരുത്താതെ മാർജിനിൽ അനുയോജ്യമായ എൻട്രി ചേർത്ത് രജിസ്ട്രാർ ഒപ്പും തീയതിയും രേഖപ്പെടുത്തേണ്ടതും അപ്രകാരമുള്ള തിരുത്തലുകൾ സംബന്ധിച്ച് 11–ാം ചട്ട പ്രകാരം പകർപ്പുകൾ തയ്യാറാക്കി ചീഫ് രജിസ്ട്രാർക്ക് അയയ്ക്കേണ്ടതുമാണ്. പെർഫോമൻസ് ആഡിറ്റ് ടീമും ജില്ലാ രജിസ്ട്രാറും യൂണിറ്റുകളിൽ പരിശോധന നടത്തുമ്പോൾ തിരുത്തലുകൾ സംബന്ധിച്ച ഫയലുകൾ പ്രത്യേകം പരിശോധിക്കേണ്ടതാണ്.

ജനന മരണ രജിസ്ട്രേഷനുകളിൽ തിരുത്തൽ വരുത്തുന്നതിനായി ലഭിക്കുന്ന അപേക്ഷകൾ അനുമതിക്കായി ചീഫ് രജിസ്ട്രാർക്ക് അയക്കാൻ പാടില്ല. എന്നാൽ ഏതെങ്കിലും പ്രത്യേക കേസിൽ ആവശ്യപ്പെട്ടിട്ടുള്ള തിരുത്തൽ അനുവദനീയമാണോ എന്നതു സംബന്ധിച്ച സംശയം ദൂരീകരിക്കുന്നതിനായി ചീഫ് രജിസ്ട്രാറുടെ ഉപദേശം തേടാവുന്നതാണ്.

മേൽപ്പറഞ്ഞ നിർദ്ദേശങ്ങൾ പ്രാവർത്തികമാക്കുന്നുണ്ടെന്ന് ജില്ലാ രജിസ്ട്രാർമാർ ഉറപ്പാക്കേണ്ടതാണ്.

ജനന-മരണ ചീഫ് രജിസ്ട്രാർ/
പഞ്ചായത്ത് ഡയറക്ടർ

കേരള സർക്കാർ

നം.37988/ആർഡി3/08/തസ്വഭവ

തദ്ദേശസ്വയംഭരണ(ആർഡി)വകുപ്പ്
തിരുവനന്തപുരം,തീയതി:08.01.2008

പ്രേഷിതൻ

പ്രിൻസിപ്പൽ സെക്രട്ടറി

സ്വീകർത്താവ്

പഞ്ചായത്ത് ഡയറക്ടർ,
തിരുവനന്തപുരം

സർ,

വിഷയം: തദ്ദേശസ്വയംഭരണ വകുപ്പ്- നഗരസഭ- ജനന മരണ വിഭാഗം രജിസ്റ്ററുകൾ കാലപ്പഴക്കം മൂലം ദ്രവിച്ചതു സംബന്ധിച്ച്

സൂചന : താങ്കളുടെ ബി1-32899/04 നമ്പർ കത്ത്, തീയതി 25.04.2007

സൂചനയിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ കാലപ്പഴക്കം ചെന്ന ജനന മരണ രജിസ്റ്ററുകൾ പകർത്തി എഴുതുന്നതിനു പകരം അവ കമ്പ്യൂട്ടറിൽ രേഖപ്പെടുത്തി സൂക്ഷിക്കാവുന്നതും, അവയിൽ നിന്ന് പകർപ്പുകൾ (സർട്ടിഫിക്കറ്റുകൾ) തയ്യാറാക്കാവുന്നതുമാണ്. അതോടൊപ്പം തന്നെ നിലവിലുള്ള രേഖകൾ അതേപടി പകർത്തുന്നതിന് പകരമായി രജിസ്റ്ററിലെ പേജുകൾ സ്കാൻ ചെയ്ത് കമ്പ്യൂട്ടറിൽ സൂക്ഷിക്കാവുന്നതുമാണ്.

വിശ്വസ്തതയോടെ

വി.ശോഭ
അണ്ടർ സെക്രട്ടറി,
പ്രിൻസിപ്പൽ സെക്രട്ടറിയ്ക്കു
വേണ്ടി

നമ്പർ ബി1–20129/07 **പഞ്ചായത്ത് ഡയറക്ടറേറ്റ്,**
തിരുവനന്തപുരം, തീയതി 16.01.2008

സർക്കുലർ

വിഷയം: ജനന–മരണ രജിസ്ട്രേഷൻ–കമ്പ്യൂട്ടർവൽക്കരണം– നടപടിക്രമങ്ങൾ സംബന്ധിച്ച നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

സൂചന: 20.09.2007 ലെ ജനന മരണ രജിസ്ട്രേഷൻ ശില്പശാലയിലെ നിർദ്ദേശങ്ങൾ

ജനന– മരണ– ഹിന്ദു വിവാഹ രജിസ്ട്രേഷൻ പ്രവർത്തനങ്ങൾ നഗരസഭകളിൽ പൂർണ്ണമായും കമ്പ്യൂട്ടർവൽക്കരിക്കുകയും ഗ്രാമ പഞ്ചായത്തുകളി കമ്പ്യൂട്ടർവൽക്കരണം പൂർത്തിയാക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരികയുമാണ്. കൂടാതെ, ജനങ്ങൾക്ക് കൂടുതൽ വേഗത്തിൽ സേവനം ലഭ്യമാക്കുന്നതിനുദ്ദേശിച്ചുള്ള ഹോസ്പിറ്റൽ കിയോസ്ക് സംവിധാനം വിവിധ രജിസ്ട്രേഷൻ യൂണിറ്റുകളിൽ ഏർപ്പെടുത്തിയിട്ടുമുണ്ട്. സംസ്ഥാനത്തൊട്ടാകെ ഏകീകൃതവും ജനന മരണ രജിസ്ട്രേഷൻ നിയമത്തിനും ചട്ടങ്ങൾക്കും അനുസൃതവുമായ നടപടിക്രമങ്ങൾ നിലനിർത്തുന്നതിന് കമ്പ്യൂട്ടർവൽക്കൃത സംവിധാനത്തിലെ നടപടിക്രമങ്ങളെ സംബന്ധിച്ച് പൊതുവായ മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കേണ്ടത് ആവശ്യമാണെന്ന് ബോദ്ധ്യപ്പെട്ടിരിക്കുന്നു.

മേൽപ്പറഞ്ഞ സാഹചര്യത്തിൽ, കമ്പ്യൂട്ടർവൽക്കൃത സംവിധാനത്തിൽ രജിസ്ട്രേഷൻ യൂണിറ്റുകളിൽ സ്വീകരിക്കേണ്ട നടപടിക്രമങ്ങൾ സംബന്ധിച്ച് താഴെപ്പറയുന്ന നിർദ്ദേശങ്ങൾ നൽകുന്നു.

1. രജിസ്ട്രേഷൻ

1.1 1969 ലെ ജനന മരണ രജിസ്ട്രേഷൻ നിയമത്തിലെയും 1999 ലെ കേരള ജനന മരണ രജിസ്ട്രേഷൻ ചട്ടങ്ങളിലെയും വ്യവസ്ഥകൾ അനുസരിച്ച് 1,2,3 നമ്പർ ഫാറങ്ങളിലുള്ള ജനന /മരണ /നിർജ്ജീവജനന റിപ്പോർട്ടുകളുടെ ലീഗൽ പാർട്ട് രജിസ്ട്രാർ ഒപ്പിട്ട് രജിസ്റ്ററായി സൂക്ഷിക്കേണ്ടതാണ്. കമ്പ്യൂട്ടർവൽക്കരിച്ച രജിസ്ട്രേഷൻ യൂണിറ്റുകളിൽ റിപ്പോർട്ട് ഫാറത്തിലെ വിവരങ്ങൾ കമ്പ്യൂട്ടറിൽ ഡാറ്റാ എൻട്രി നടത്തി രജിസ്ട്രാർ അംഗീകരിക്കുന്ന തീയതിയിൽത്തന്നെ റിപ്പോർട്ട് ഫാറത്തിലും രജിസ്ട്രേഷൻ നമ്പരും തീയതിയും രേഖപ്പെടുത്തി രജിസ്ട്രാർ അല്ലെങ്കിൽ സബ് രജിസ്ട്രാർ ഒപ്പുവയ്ക്കേണ്ടതും ഇപ്രകാരമുള്ള രജിസ്ട്രേഷനുകൾ ബൈന്റു ചെയ്ത് സൂക്ഷിക്കേണ്ടതുമാണ്.

2. ഹോസ്പിറ്റൽ കിയോസ്ക്

2.1 ഹോസ്പിറ്റൽ കിയോസ്കുകളിൽ റിപ്പോർട്ടിൽ ചേർക്കേണ്ട വിവരങ്ങൾ നിർദ്ദിഷ്ട ഫാറങ്ങളുടെ മാതൃകയിൽ തയ്യാറാക്കി ആശുപത്രിയിലെ മെഡിക്കലാഫീസർ അല്ലെങ്കിൽ ചുമതലപ്പെട്ട വ്യക്തി മേലൊപ്പുവച്ച് കിയോസ്കിന്റെ ചുമതലക്കാരന് നൽകേണ്ടതാണ്.

2.2 റിപ്പോർട്ട് ഫാറത്തിലെ വിവരങ്ങൾ കമ്പ്യൂട്ടറിൽ ഡാറ്റാ എൻട്രി നടത്തിയ ശേഷം എടുക്കുന്ന പ്രിന്റൗട്ട് വിവരം നൽകിയ വ്യക്തിയും ആശുപത്രി അധികൃതരും പരിശോധിച്ച് ആവശ്യമെങ്കിൽ തിരുത്തലുകൾ വരുത്തി ഒപ്പിട്ട് കിയോസ്കിൽ തിരികെ നൽകേണ്ടതാണ്.

2.3 പ്രിന്റൗട്ടിൽ സാക്ഷ്യപ്പെടുത്തി നൽകുന്ന തിരുത്തലുകൾക്കനുസൃതമായി കമ്പ്യൂട്ടറിൽ തയ്യാറാക്കിയ റിപ്പോർട്ടിൽ മാറ്റം വരുത്തിയശേഷം പുതിയ പ്രിന്റെടുത്ത് നൽകേണ്ടതും ഇതിൽ വിവരം നൽകിയ വ്യക്തിയുടെ ഒപ്പും ആശുപത്രിയിലെ ചുമതലക്കാരന്റെ മേലൊപ്പും വാങ്ങി രജിസ്ട്രേഷൻ യൂണിറ്റിലേയ്ക്ക് നൽകേണ്ടതുമാണ്.

2.4 ആശുപത്രി അധികൃതരുടെ സാക്ഷ്യപ്പെടുത്തൽ കൂടാതെ, കമ്പ്യൂട്ടറിൽ ഡാറ്റാ എൻട്രി നടത്തിയ റിപ്പോർട്ടിൽ യാതൊരു മാറ്റവും വരുത്താൻ പാടില്ല.

2.5 ആശുപത്രി കിയോസ്കിൽ നിന്ന് ടെലഫോൺ ലൈൻ വഴിയോ, അത് സാദ്ധ്യമാകാത്ത സാഹചര്യത്തിൽ സി.ഡി., ഫ്ളോപ്പി ഡിസ്ക്, പെൻഡ്രൈവ് തുടങ്ങിയവ ഉപയോഗിച്ചോ രജിസ്ട്രേഷൻ യൂണിറ്റിലേക്ക് റിപ്പോർട്ട് അയയ്ക്കേണ്ടതാണ്. അതോടൊപ്പം ഖണ്ഡിക 2.3 ൽ നിർദ്ദേശിച്ചതു പോലെ റിപ്പോർട്ടുകളുടെ കമ്പ്യൂട്ടർ പ്രിന്റൗട്ടിൽ വിവരം നൽകുന്നയാളും ആശുപത്രി അധികൃതരും ഒപ്പിട്ട് അതതു ദിവസം തന്നെ രജിസ്ട്രേഷൻ യൂണിറ്റിൽ നൽകേണ്ടതാണ്.

2.6 കിയോസ്കിൽ നിന്ന് മേൽപ്പറഞ്ഞ പ്രകാരം ലഭിക്കുന്ന ഇലക്ട്രോണിക് ഡാറ്റ, രജിസ്ട്രാർ അംഗീകരിച്ച് രജിസ്റ്റർ ചെയ്യുന്നതോടൊപ്പം ഖണ്ഡിക 2.3 പ്രകാരം വിവരം നൽകുന്നയാൾ ഒപ്പിട്ട് ആശുപത്രി അധികൃതർ മേലൊപ്പു വച്ച് നൽകുന്ന റിപ്പോർട്ട് (പ്രിന്റൗട്ട്) രജിസ്ട്രാർ അല്ലെങ്കിൽ സബ് രജിസ്ട്രാർ ഒപ്പു വച്ച് നിയമാനുസൃത രജിസ്റ്ററായി സൂക്ഷിക്കേണ്ടതാണ്.

3. സർട്ടിഫിക്കറ്റ്

3.1 രജിസ്ട്രേഷൻ നടത്തിക്കഴിഞ്ഞാലുടൻ തന്നെ 12–ാം വകുപ്പനുസരിച്ചുള്ള സർട്ടിഫിക്കറ്റ് തയ്യാറാക്കി രജിസ്ട്രാർ/സബ് രജിസ്ട്രാർ ഒപ്പിട്ട്, വിവരം നൽകുന്നയാൾക്ക് നൽകേണ്ടതാണ്.

3.2 ആശുപത്രികളിൽ നിന്ന് റിപ്പോർട്ടു ചെയ്യുന്ന ജനന മരണങ്ങളുടെ സർട്ടിഫിക്കറ്റ്, രജിസ്ട്രേഷൻ പൂർത്തിയാക്കി അന്നേ ദിവസം തന്നെ ആശുപത്രി അധികൃതർക്കു നൽകേണ്ടതാണ്.

3.3 12–ാം വകുപ്പു പ്രകാരമുള്ള സർട്ടിഫിക്കറ്റുകൾ, റിപ്പോർട്ടു നൽകിയ തീയതിമുതൽ മുപ്പതു ദിവസത്തിനകം വിവരം നൽകിയ വ്യക്തിയോ ചുമതലപ്പെടുത്തിയ ആളോ കൈപ്പറ്റിയില്ലെങ്കിൽ അവ ചട്ടങ്ങളിൽ വ്യവസ്ഥ ചെയ്തിട്ടുള്ള പ്രകാരം ബന്ധപ്പെട്ട കുടുംബത്തിന് തപാലിൽ അയച്ചു കൊടുക്കേ□താണ്.

3.4 രജിസ്ട്രേഷൻ യൂണിറ്റിൽ നേരിട്ടുലഭിക്കുന്ന റിപ്പോർട്ടുകളുടെ സർട്ടിഫിക്കറ്റുകൾ രജിസ്ട്രാറും, ആശുപത്രികളും മറ്റു സ്ഥാപനങ്ങളും റിപ്പോർട്ടുചെയ്യുന്നവയുടെ സർട്ടിഫിക്കറ്റുകൾ ബന്ധപ്പെട്ട സ്ഥാപനവും ഖണ്ഡിക 3.3 പ്രകാരം അയച്ചുകൊടുക്കേണ്ടതാണ്. എന്നാൽ, സർക്കാർ ആശുപത്രികളിൽ സർട്ടിഫിക്കറ്റ് അയച്ചുകൊടുക്കുന്നതിന് പ്രായോഗിക ബുദ്ധിമുട്ടുള്ള പക്ഷം ആശുപത്രി അധികൃതരും തദ്ദേശസ്വയംഭരണ സ്ഥാപനവുമായുള്ള ധാരണയുടെ അടിസ്ഥാനത്തിൽ പ്രസ്തുത ചുമതല തദ്ദേശസ്വയംഭരണ സ്ഥാപനത്തിന് ഏറ്റെടുക്കാവുന്നതാണ്. ഇതിനായി, 30 ദിവസത്തിനകം കൈപ്പറ്റാത്ത സർട്ടിഫിക്കറ്റുകൾ ആശുപത്രി അധികൃതർ രജിസ്ട്രാർക്ക് കൈമാറേണ്ടതാണ്.

3.5 സെക്ഷൻ 12 പ്രകാരമുള്ള സർട്ടിഫിക്കറ്റുകൾ റിപ്പോർട്ടിംഗ് തീയതി മുതൽ 30 ദിവസത്തിനകം അതതു സംഗതി പോലെ ആശുപത്രിയിൽ അല്ലെങ്കിൽ രജിസ്ട്രേഷൻ യൂണിറ്റിൽ നിന്ന് കൈപ്പറ്റണമെന്ന അറിയിപ്പ് രജിസ്ട്രേഷൻ യൂണിറ്റിലും ആശുപത്രികളിലും കിയോസ്കുകളിലും പ്രദർശിപ്പിക്കേണ്ടതാണ്. കൂടാതെ നവജാത ശിശുക്കൾക്ക് നൽകുന്ന ഹെൽത്ത് കാർഡ്/പ്രതിരോധ കുത്തിവയ്പ് കാർഡിൽ താഴെപ്പറയും വിധം ഒരു സന്ദേശം കൂടി പ്രിന്റ് ചെയ്യാവുന്നതാണ്.

- ❖ **കുട്ടിയുടെ ജനന സർട്ടിഫിക്കറ്റ് 30 ദിവസത്തിനകം ആശുപത്രിയിൽ നിന്ന് കൈപ്പറ്റുക.**
- ❖ **ജനന രജിസ്ട്രേഷനിൽ കുട്ടിയുടെ പേര് ഉൾപ്പെടുത്തിക്കിട്ടാൻ 12 മാസത്തിനകം ജനന മരണ രജിസ്ട്രാർ മുമ്പാകെ അപേക്ഷ നൽകുക.**

4. സ്റ്റാറ്റിസ്റ്റിക്കൽ റിപ്പോർട്ട്

4.1 ജനന മരണ നിർജ്ജീവ ജനന റിപ്പോർട്ടുകളുടെ സ്റ്റാറ്റിസ്റ്റിക്കൽ പാർട്ട് ജില്ലാ സ്റ്റാറ്റിസ്റ്റിക്കൽ ഡെപ്യൂട്ടി ഡയറക്ടർക്ക് ഓൺലൈനായി നൽകുന്നതിനുള്ള സംവിധാനം നിലവിൽ വരുന്നതുവരെ ഫാറം 11,12,13 ഇവയിലുള്ള പ്രതിമാസ സമ്മറി

റിപ്പോർട്ട് സഹിതം ഇലക്ട്രോണിക് ഡാറ്റയായി സി.ഡി. അഥവാ ഫ്ളോപ്പിയിൽ തൊട്ടടുത്ത മാസം 5–ാം തീയതിക്കകം നൽകേണ്ടതാണ്.

4.2 സമ്മറി റിപ്പോർട്ടിന്റെ ഒരു പ്രിന്റൗട്ട്, സ്റ്റാറ്റിസ്റ്റിക്കൽ പാർട്ടുകൾ സ്റ്റാറ്റിസ്റ്റിക്സ് ഡെപ്യൂട്ടി ഡയറക്ടർക്കു നൽകിയെന്ന സർട്ടിഫിക്കറ്റ് സഹിതം നഗരസഭകൾ ചീഫ് രജിസ്ട്രാർക്കും ഗ്രാമ പഞ്ചായത്തുകൾ ജില്ലാ രജിസ്ട്രാർക്കും നൽകേണ്ടതാണ്.

5. വിവാഹ രജിസ്ട്രേഷൻ

5.1 കമ്പ്യൂട്ടർവൽക്കരിച്ച രജിസ്ട്രേഷൻ യൂണിറ്റുകളിൽ ഫാറം നമ്പർ 1 – ൽ നൽകുന്ന വിവാഹ റിപ്പോർട്ടുകൾ അന്വേഷിച്ച് ബോദ്ധ്യപ്പെട്ട് രജിസ്ട്രാർ അംഗീകരിച്ച് രജിസ്ട്രേഷൻ നടത്തിയ ശേഷം പ്രസ്തുത രജിസ്ട്രേഷന്റെ പ്രിന്റൗട്ട്, ഫാറം നമ്പർ 2 ന്റെ മാതൃകയിൽ എടുത്ത് രജിസ്ട്രാർ ഒപ്പിട്ട് ചട്ടപ്രകാരമുള്ള രജിസ്റ്ററായി ബൈന്റു ചെയ്ത് സൂക്ഷിക്കേണ്ടതാണ്.

5.2 വിവാഹ റിപ്പോർട്ട് ഫാറത്തിന്റെ അസൽ രജിസ്ട്രാർ ഒപ്പുവച്ച് സ്ഥിരരേഖയായി ബൈന്റുചെയ്ത് സൂക്ഷിക്കേണ്ടതും രണ്ടാം പകർപ്പ് രജിസ്ട്രാർ ജനറലിന് അയച്ചുകൊടുക്കേണ്ടതുമാണ്.

ഈ സർക്കുലറിലെ നിർദ്ദേശങ്ങൾ പാലിക്കുന്നുവെന്ന് എല്ലാ രജിസ്ട്രാർമാരും ജില്ലാ രജിസ്ട്രാർമാരും നഗരസഭാ സെക്രട്ടറിമാരും ഉറപ്പുവരുത്തേണ്ടതാണ്.

(ഒപ്പ്)
ജനന–മരണ ചീഫ് രജിസ്ട്രാർ/
പഞ്ചായത്ത് ഡയറക്ടർ

നമ്പർ ബി1– 6141/2007 **പഞ്ചായത്ത് ഡയറക്ടറേറ്റ്,**
തിരുവനന്തപുരം, തീയതി 26.08.2008

സർക്കുലർ

വിഷയം: **ജനന–മരണ രജിസ്ട്രേഷൻ–നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റ് അനുവദിക്കുന്നതിനുള്ള അന്വേഷണം– മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.**

സൂചന: **ചീഫ് രജിസ്ട്രാറുടെ 19/04/07 ലെ ബി1–6141/07–ാം നമ്പർ സർക്കുലർ**

1969 ലെ ജനന മരണ രജിസ്ട്രേഷൻ നിയമത്തിലെ 17–ാം വകുപ്പും 1999 ലെ കേരള ജനന മരണ രജിസ്ട്രേഷൻ ചട്ടങ്ങളിലെ 13(3)–ാം ചട്ടവും അനുസരിച്ച് , ഒരു ജനനമോ മരണമോ രജിസ്റ്റർ ചെയ്തിട്ടില്ലെങ്കിൽ ഫാറം നമ്പർ 10– ൽ നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റ് അനുവദിക്കണമെന്ന് വ്യവസ്ഥ ചെയ്തിരിക്കുന്നു. താമസിച്ചുള്ള രജിസ്ട്രേഷന് നൽകുന്ന അപേക്ഷയോടൊപ്പം നിർബ്ബന്ധമായും ഹാജരാക്കേണ്ട നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റ് അനുവദിക്കുമ്പോൾ പാലിക്കേണ്ട നടപടിക്രമങ്ങൾ സംബന്ധിച്ച് സൂചന സർക്കുലർ മുഖേന നിർദ്ദേശങ്ങൾ നൽകിയിട്ടുള്ളതാണ്. എന്നാൽ, യഥാർത്ഥ വിവരം മറച്ചുവച്ച്, ബന്ധപ്പെട്ട വ്യക്തിയെ സംബന്ധിക്കുന്ന മറ്റു രേഖകളിൽ കാണിച്ചിട്ടുള്ള ജനനസ്ഥലത്തെ രജിസ്ട്രേഷൻ യൂണിറ്റിൽ രജിസ്ട്രേഷനായി അപേക്ഷ സമർപ്പിക്കുകയും യഥാർത്ഥ ജനനസ്ഥലം മറ്റൊരു യൂണിറ്റിലാണെന്ന് അന്വേഷണത്തിൽ സംശയമുണ്ടാകുകയും ചെയ്യുന്ന സംഗതിയിൽ ജനനം പ്രസ്തുത യൂണിറ്റിൽ രജിസ്റ്റർ ചെയ്തിട്ടുണ്ടോ എന്ന് ആരായുന്നതിന് കൃത്യമായി മറുപടി ലഭിക്കാറില്ലെന്നും ഇക്കാര്യത്തിൽ ആവശ്യമായ നിർദ്ദേശം നൽകണമെന്നും ചില രജിസ്ട്രാർമാർ ഉന്നയിച്ചിരിക്കുന്നു.

മേൽപ്പറഞ്ഞ വസ്തുത നിയമ വ്യവസ്ഥയുടെയും രജിസ്ട്രാർ ജനറലും ചീഫ് രജിസ്ട്രാറും പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങളുടെയും അടിസ്ഥാനത്തിൽ പരിശോധിച്ചതിൽ, ഇപ്രകാരം രജിസ്ട്രാർമാർ തമ്മിൽ നടത്തുന്ന ആശയവിനിമയം രജിസ്ട്രേഷനിലെ വിവരങ്ങളുടെ കൃത്യത ഉറപ്പു വരുത്തുന്നതിന് സഹായകരമാകുമെന്ന് ബോദ്ധ്യപ്പെട്ടതിനാൽ നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റിനുള്ള അപേക്ഷകളിൽ നടപടി സ്വീകരിക്കുന്നതിനായി ഒരു ജനന മരണ രജിസ്ട്രാർ മറ്റൊരു യൂണിറ്റിൽ ആവശ്യപ്പെട്ടാൽ പ്രസ്തുത ജനനം അല്ലെങ്കിൽ മരണം ആ യൂണിറ്റിലെ ബന്ധപ്പെട്ട രജിസ്റ്ററിൽ ഉൾപ്പെട്ടിട്ടുണ്ടോ എന്ന് പരിശോധിച്ച് മറുപടി നൽകേണ്ടതാണെന്ന് നിർദ്ദേശിക്കുന്നു. ജനന/മരണ രജിട്രേഷന് അനുമതി നൽകുന്നതിനുള്ള അന്വേഷണത്തിന്റെ ഭാഗമായി സബ് ഡിവിഷനൽ മജിസ്ട്രേറ്റുമാർ ആവശ്യപ്പെടുന്ന സംഗതികളിലും ഇപ്രകാരം മറുപടി നൽകേണ്ടതാണ്. എന്നാൽ, ഇപ്രകാരം ജനനം/മരണം രജിസ്റ്റർ ചെയ്തിട്ടില്ലെന്ന് മറുപടി നൽകുന്നത് ചട്ടം 13(3) പ്രകാരമുള്ള നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റ് ആയി പരിഗണിക്കാൻ പാടില്ലാത്തതാണ്.

ജനനമോ മരണമോ മറ്റൊരു യൂണിറ്റിൽ രജിസ്റ്റർ ചെയ്തിരിക്കാൻ സാദ്ധ്യതയുള്ളതായി അന്വേഷണത്തിൽ സംശയമുണ്ടാകുന്ന കേസുകളിൽ മാത്രം പ്രസ്തുത യൂണിറ്റിൽ അന്വഷണം നടത്തുന്നതിനും അത്തരം അന്വേഷണങ്ങൾക്ക് കഴിവതും വേഗം മറുപടി നൽകുന്നതിനും എല്ലാ രജിസ്ട്രാർമാരും ശ്രദ്ധിക്കേണ്ടതാണ്.

എല്ലാ രജിസ്ട്രേഷൻ യൂണിറ്റുകളിലും ഈ സർക്കുലറിലെ നിർദ്ദേശങ്ങൾ കർശനമായി പാലിക്കുന്നതിനാവശ്യമായ നടപടികൾ ബന്ധപ്പെട്ട എല്ലാ രജിസ്ട്രാർമാരും ജില്ലാ രജിസ്ട്രാർമാരും സ്വീകരിക്കേണ്ടതാണ്.

(ഒപ്പ്)
ഡോ.വി.എം.ഗോപാല മേനോൻ, ഐ.എ.എസ്.
ജനന–മരണ ചീഫ് രജിസ്ട്രാർ/പഞ്ചായത്ത് ഡയറക്ടർ

നമ്പർ ബി-25388/2008

പഞ്ചായത്ത് ഡയറക്ടറുടെ കാര്യാലയം,
തിരുവനന്തപുരം, തീയതി 03.09.08

സർക്കുലർ

വിഷയം: ജനന മരണ രജിസ്ട്രേഷൻ – ജനന രജിസ്റ്ററുകളിൽ പേരുചേർക്കുമ്പോൾ ഇനീഷ്യലിന്റെ വികസിത രൂപം ചേർത്തു നൽകുന്നത് സംബന്ധിച്ച്.

സൂചന:
1. ചീഫ് രജിസ്ട്രാറുടെ 20/03/2007-ലെ ബി 1 – ലെ 2015/07 -ാം നമ്പർ സർക്കുലർ
2. രജിസ്ട്രാർ ജനറൽ ഇന്ത്യയുടെ 05/06/2007 ലെ നമ്പർ കത്ത്.

ജനന രജിസ്റ്ററുകളിൽ കുട്ടികളുടേയും മാതാപിതാക്കളുടെയും പേരു ചേർത്തിട്ടുള്ളതിൽ ഇനീഷ്യലുകൾ വികസിപ്പിച്ചുള്ള തിരുത്തലുകൾ അനുവദനീയമല്ലെന്ന് സൂചന (1) – ലെ സർക്കുലർ മുഖേന ചീഫ് രജിസ്ട്രാർ വ്യക്തമാക്കിയിട്ടുള്ളതാണ്. ഇനീഷ്യൽ വികസിപ്പിക്കുന്നത് പേരിലെ മാറ്റം തന്നെ ആയതിനാൽ ജനന മരണ രജിസ്ട്രേഷൻ ആക്ടിലെ 15-ാം വകുപ്പ് പ്രകാരം ഇത് അനുവദിയ്ക്കാവുന്നതല്ലെന്ന് സൂചന (2) പ്രകാരം രജിസ്ട്രാർ ജനറൽ അറിയിച്ചിട്ടുണ്ട്. ഈ നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ, ജനന രജിസ്റ്ററിൽ പേരു ചേർക്കുമ്പോൾ സ്ക്കൂൾ രേഖ പ്രകാരമുള്ള പേര് അതേ രീതിയിൽ മാത്രമേ രജിസ്ട്രാർമാർ ചേർത്ത് നൽകുന്നുള്ളൂ. എന്നാൽ പാസ്സ്പോർട്ട് ഉൾപ്പടെയുള്ള പല ഔദ്യോഗിക രേഖകളിലും വ്യക്തികളുടെ പേരിലെ ഇനീഷ്യൽ ഉപയോഗിക്കാൻ പാടില്ലെന്ന് നിഷ്ക്കർഷിക്കുന്ന സാഹചര്യത്തിൽ ഇത് ജനങ്ങൾക്ക് ബുദ്ധിമുട്ടുണ്ടാക്കുന്നുണ്ട്.

മേൽ സാഹചര്യത്തിൽ ജനന രജിസ്ട്രേഷനുകളിൽ ആദ്യമായി പേരു ചേർക്കുമ്പോഴും ജനന റിപ്പോർട്ടുകളിൽ മാതാപിതാക്കളുടെ പേർ രേഖപ്പെടുത്തുമ്പോഴും സ്ക്കൂൾ രേഖയിലോ, മറ്റ് ഔദ്യോഗിക രേഖകളിലോ ഇനീഷ്യലിന്റെ വികസിത രൂപം രജിസ്റ്ററിൽ ചേർക്കുന്നതിന് ആവശ്യപ്പെടുന്ന പക്ഷം അത് അനുവദിക്കാവുന്നതാണെന്ന് വ്യക്തമാക്കുന്നു. എന്നാൽ ഒരു തവണ രജിസ്റ്ററിൽ ചേർത്തിട്ടുള്ള പേരിലെ ഇനീഷ്യൽ വികസിപ്പിക്കുന്നതിനോ, സർനെയിം ചുരുക്കുന്നതിനോ പിന്നീട് സമർപ്പിക്കുന്ന അപേക്ഷകൾ അനുവദിയ്ക്കാവുന്നതല്ല.

മേൽ പറഞ്ഞ നിർദ്ദേശങ്ങൾക്ക് കഴിയുന്നത്ര പ്രചാരം നൽകുന്നതിനും അത് നടപ്പാക്കുന്നതിനും എല്ലാ രജിസ്ട്രാമാരും ശ്രദ്ധിക്കേണ്ടതാണ്..

(ഒപ്പ്)

എസ്.ആർ. രവിനായർ
ഡെപ്യൂട്ടി ചീഫ് രജിസ്ട്രാർ
ചീഫ് രജിസ്ട്രാർക്കുവേണ്ടി

കേരള സർക്കാർ
സംഗ്രഹം

വിഷയം: തദ്ദേശ സ്വയംഭരണ വകുപ്പ്–ദത്തെടുക്കൽ കേന്ദ്രം–ഉപേക്ഷിക്കപ്പെട്ട കുഞ്ഞുങ്ങളുടെ ജനനം രജിസ്റ്റർ ചെയ്യുന്നത്, സംബന്ധിച്ച് മാർഗ്ഗ നിർദ്ദേശം – ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശ സ്വയംഭരണ (ആർ.ഡി.) വകുപ്പ്

സ.ഉ. (സാധാ) നം. 4106/08/ തസ്വഭവ തിരുവനന്തപുരം തിയതി 2008 നവംബർ 22

പരമാമർശം
1. കേരള സംസ്ഥാന ശിശുക്ഷേമ സമിതി ജനറൽ സെക്രട്ടറിയുടെ 3.12.2007–ലെ അഡോപ്/4414/2007/കേ. സം.ശി.ക്ഷേ.സ. നമ്പർ കത്ത്
2. 3–4–2008 ലെ ശിശുക്ഷേമ ഭവൻ കാഞ്ഞിരപ്പള്ളി മാനേജിംഗ് ട്രസ്റ്റിയുടെ കത്ത്.
3. ജനന മരണ ചീഫ് രജിസ്ട്രാറുടെ 18/9/2008 ലെ ബി1–27741/08 നമ്പർ കത്തും 27/9/2998 ലെ ബി1–11961/08 നമ്പർ കത്തും
4. സാമൂഹ്യ ക്ഷേമ ഡയറക്ടറുടെ 10–11–2008–ലെ എസി–2966/08 പ്രകാരമുള്ള റിപ്പോർട്ട്

ഉത്തരവ്

നിലവിലുള്ള ശിശുസംരക്ഷണ പദ്ധതിയിൽ സമഗ്രവും സമ്പൂർണ്ണവുമായ പദ്ധതിയാണ് ദത്ത് നൽകൽ, കുടുംബാംഗങ്ങളിൽ നിന്നുള്ള ദത്തെടുക്കലിന് ആവശ്യമായ നിയമവ്യവസ്ഥകൾ നിലവിലുണ്ടെങ്കിലും അനാഥർ/ഉപേക്ഷിക്കപ്പെട്ടവർ/നിരാലംബർ ഈ വിഭാഗത്തിൽപ്പെടുന്ന കുട്ടികളെ ദത്ത് നൽകുന്നതിനും ജാതിമത ഭേദമന്യേ ദത്ത് സ്വീകരിക്കുന്നതിനും വ്യക്തമായ നിയമം ഉണ്ടായത് 2000–ലെ ജുവനൈൽ ജസ്റ്റീസ് (കെയർ ആന്റ് പ്രൊട്ടക്ഷൻ ഓഫ് ചിൽഡ്രൻ) ആക്ട് 2006 ലെ ജുവനൈൽ ജസ്റ്റിസ് (കെയർ ആന്റ് പ്രൊട്ടക്ഷൻ ഓഫ് ചിൽഡ്രൻ) അമന്റ്മെന്റ് ആക്ടും വന്നതിന് ശേഷമാണ്. ഈ ആക്റ്റ് നിലവിൽ വരുന്നതിന് മുമ്പ് ഹിന്ദു അഡോപ്ഷൻ ആക്റ്റ് പ്രകാരം ഹിന്ദുക്കളും ഗാർഡിയൻ ആന്റ് വാർഡ് ആക്റ്റ് പ്രകാരം മറ്റ് മതസ്ഥരും അഡോപ്ഷൻ/ഗാർഡിയൻഷിപ്പ് സ്വീകരിച്ചിരുന്നു. ഇത്തരം കുട്ടികളുടെ ജനനം രജിസ്റ്റർ ചെയ്യുന്നത് സംബന്ധിച്ച നിയമത്തിലെ അവ്യക്തകൾ മൂലം ധാരാളം കുട്ടികളുടെ ജനനം രജിസ്റ്റർ ചെയ്യപ്പെട്ടില്ല എന്ന് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇതുമൂലം ധാരാളം കുട്ടികൾക്ക് സ്കൂൾ പ്രവേശനത്തിനും വിഷമതകൾ അനുഭവിച്ചുവരുന്നു. കൂടാതെ നിലവിൽ അംഗീകൃത പ്ലെയസ്മെന്റ് ഏജൻസികളിലും ഇതര ശിശുപരിപാലന സ്ഥാപനങ്ങളിലും കഴിഞ്ഞുവരുന്ന കുട്ടികളുടെ ജനനം രജിസ്റ്റർ ചെയ്യപ്പെട്ടിട്ടില്ലായെന്നും സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ജനനം കഴിഞ്ഞാലുടൻ കുട്ടിയുടെ ജനനം ഔദ്യോഗികമായി രജിസ്റ്റർ ചെയ്യപ്പെട്ട കിട്ടേണ്ടത് കുട്ടിയുടെ പ്രാഥമിക അവകാശമായി ഇന്ത്യ അംഗീകരിച്ച ഐക്യരാഷ്ട്ര സഭയുടെ കുട്ടികളുടെ അവകാശ ഉടമ്പടി ആർട്ടിക്കിൾ 7–ൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. നിലവിലിരിക്കുന്ന നടപടിക്രമങ്ങളുടെ സങ്കീർണ്ണത നിമിത്തം ദത്തെടുക്കപ്പെട്ടിട്ടുള്ളതും, ദത്തെടുക്കലിന് വേണ്ടി വിവിധ സ്ഥാപനങ്ങളിൽ കഴിയുന്നതുമായ സംരക്ഷിക്കാൻ ആരുമില്ലാത്ത ഓർഫൻ ആയിട്ടുള്ള കുട്ടികൾ, വഴികളിലും പൊതുസ്ഥലത്തും ഉപേക്ഷിക്കപ്പെട്ട നിലയിൽ കാണുന്ന കുട്ടികൾ, വിവിധ സാമൂഹ്യപരമായ കാരണങ്ങളാൽ മാതാപിതാക്കൾ സറണ്ടർ ചെയ്യുന്ന കുട്ടികൾ എന്നിവരുടെ ജനനം രജിസ്റ്റർ ചെയ്യുന്നതിന് പ്രത്യേക മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിക്കേണ്ടിയിരിക്കുന്നു.

2. ഉപേക്ഷിക്കപ്പെടുന്ന കുട്ടികളുടേയും ദത്തെടുക്കപ്പെടുന്ന കുട്ടികളുടേയും ജനനം രജിസ്റ്റർ ചെയ്ത് സർട്ടിഫിക്കറ്റ് നൽകുന്നത് സംബന്ധിച്ച് പരാമർശം മൂന്ന് പ്രകാരം ജനന മരണ ചീഫ് രജിസ്റ്റർ കൂടിയായ പഞ്ചായത്ത് ഡയറക്ടറും വിശദമായ നിർദ്ദേശങ്ങൾ സമർപ്പിക്കുകയുണ്ടായി. സൂചന 4 പ്രകാരം സംസ്ഥാന അഡോപ്ഷൻ സെല്ലിന്റെ അഭിപ്രായം സാമൂഹ്യക്ഷേമ ഡയറക്ടറും സമർപ്പിക്കുകയുണ്ടായി.

3. മേൽ വിഷയം സർക്കാർ വിശദമായി പരിശോധിക്കുകയുണ്ടായി ഇതു സംബന്ധിച്ച് താഴെ പറയുന്ന മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

4. അംഗീകൃത അഡോപ്ഷൻ പ്ലേസ്മെന്റ് ഏജൻസികൾ മുഖേന ദത്തെടുക്കുന്ന കേസുകളിൽ ജനനം രജിസ്റ്റർ ചെയ്യുന്നതിനായി ഏജൻസി സ്ഥിതി ചെയ്യുന്ന സ്ഥലത്തെ തദ്ദേശസ്വയംഭരണ സ്ഥാപനത്തിൽ അപേക്ഷ സമർപ്പിക്കേണ്ടതും ദത്തെടുക്കൽ അനുവദിക്കുന്ന കോടതി ഉത്തരവിൽ പറയുന്ന ജനനതീയതി, രജിസ്ട്രാർ അംഗീകരിച്ച് ജനന സർട്ടിഫിക്കറ്റ് നൽകേണ്ടതുമാണ്. ഇത്തരം കേസുകളിൽ ഡി.എം.ഒ. യുടെ സർട്ടിഫിക്കേഷൻ ആവശ്യപ്പെടേണ്ടതില്ല. ഇത്തരം കേസുകളിൽ ഒരു ജുഡീഷ്യൽ കോടതിയുടെ ഉത്തരവ് ഉള്ളതിനാൽ ആർ.ഡി.ഒ. യുടെ അനുവാദവും ആവശ്യപ്പെടാൻ പാടില്ല.

5. ഉപേക്ഷിക്കപ്പെട്ട കുഞ്ഞുങ്ങളെ സംരക്ഷിക്കുന്ന സ്ഥാപനങ്ങളുടെ നടത്തിപ്പ് ചുമതലക്കാർ കുഞ്ഞുങ്ങളെ ലഭ്യമായാൽ ഉടൻതന്നെ ജനനം രജിസ്റ്റർ ചെയ്യുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്. ഇത്തരം കുട്ടികളുടെ കേസുകളിൽ ബന്ധപ്പെട്ട സ്ഥാപനമേധാവികൾ സമർപ്പിക്കുന്ന ജനന തീയതി സംബന്ധിച്ച സത്യവാങ്മൂലം നോട്ടറി/ഗസറ്റഡ് ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തിയതിന്റെ അടിസ്ഥാനത്തിൽ സ്ഥാപനം സ്ഥിതിചെയ്യുന്ന സ്ഥലത്തെ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ ജനനം രജിസ്റ്റർ ചെയ്ത് നൽകേണ്ടതാണ്.

6. ഗവൺമെന്റ് അംഗീകൃത സ്ഥാപനത്തിൽ ലഭിക്കുന്ന കുട്ടികളുടെ ജനനം രജിസ്റ്റർ ചെയ്യുമ്പോൾ രക്ഷിതാവായി സ്ഥാപനത്തിന്റെ പേര് റിമാർക്ക്സ് കോളത്തിൽ രേഖപ്പെടുത്താവുന്നതാണ്. മാതാപിതാക്കളുടെ പേര്, വിലാസം എന്നീ കോളങ്ങളിൽ ഒന്നും രേഖപ്പെടുത്തേണ്ടതില്ല.

7. കുട്ടിയെ ദത്തെടുത്തശേഷം ജനനരജിസ്റ്ററിൽ ദത്തെടുത്ത മാതാപിതാക്കളുടെ പേര് ചേർത്തും ആവശ്യമെങ്കിൽ അപേക്ഷ പ്രകാരം കുട്ടിയുടെ പേരിൽ മാറ്റം വരുത്തിയും ജനന സർട്ടിഫിക്കറ്റ് നൽകേണ്ടതാണ്.

8. ജനന സർട്ടിഫിക്കറ്റ് അപേക്ഷ ലഭിച്ച് 10 ദിവസത്തിനകം നടപടിക്രമങ്ങൾ പാലിച്ച സർട്ടിഫിക്കറ്റ് ബന്ധപ്പെട്ട രജിസ്ട്രാർ വിതരണം ചെയ്തിരിക്കേണ്ടതാണ്.

ഈ ഉത്തരവിലെ നിർദ്ദേശങ്ങൾ എല്ലാ രജിസ്ട്രാർമാരും കർശനമായി പാലിക്കേണ്ടതാണ്.

ഗവർണണറുടെ ഉത്തരവിൻ പ്രകാരം

എസ്.എം. വിജയാനന്ദ്
പ്രിൻസിപ്പൽ സെക്രട്ടറി

കേരള സർക്കാർ

നം.25168/ആർസി3/08/തസ്വഭവ

തദ്ദേശസ്വയംഭരണ(ആർസി)വകുപ്പ്
തിരുവനന്തപുരം,തീയതി:16.04.2008

പ്രേഷിതൻ

പ്രിൻസിപ്പൽ സെക്രട്ടറി

സ്വീകർത്താവ്

പഞ്ചായത്ത് ഡയറക്ടർ, (പേരുവച്ച കവറിൽ)
തിരുവനന്തപുരം

സർ,

വിഷയം: 2008 ലെ കേരള വിവാഹങ്ങൾ രജിസ്റ്റർ ചെയ്യൽ (പൊതു) ചട്ടങ്ങൾ സംബന്ധിച്ച്

സൂചന : താങ്കളുടെ 2.04.2008 ലെ ബി1-38163/05 നമ്പർ കത്ത്

സൂചനയിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. സൂചന കത്തുപ്രകാരം താങ്കൾ ആവശ്യപ്പെട്ട സ്പഷ്ടീകരണം താഴെപ്പറയുംപ്രകാരമാണ്.

2008-ലെ കേരള വിവാഹങ്ങൾ രജിസ്റ്റർ ചെയ്യൽ(പൊതു) ചട്ടങ്ങളിലെ 9-ാം ചട്ടപ്രകാരം വിവാഹം നടന്ന തീയതി മുതൽ 45 ദിവസത്തിനകം തദ്ദേശ രജിസ്ട്രാർ മുമ്പാകെ, വിവാഹം രജിസ്റ്റർ ചെയ്യുന്നതിനായി മെമ്മോറാണ്ടം സമർപ്പിക്കേണ്ടതാണ്. ഇത് നേരിട്ടോ തപാൽ മുഖേനയോ ആകാവുന്നതാണ്. എന്നാൽ III-ാം നമ്പർ ഫാറത്തിലുള്ള വിവാഹ(പൊതു) രജിസ്റ്ററിൽ ഭർത്താവിന്റെയും ഭാര്യയുടെയും ഒപ്പു വെക്കേണ്ട ആവശ്യമുള്ളതിനാൽ അവർ നേരിട്ട് ഹാജരായി നൽകുന്നതാണ് കൂടുതൽ അഭികാമ്യം. എന്നാൽ തപാൽ മുഖേന നിശ്ചിത കാലയളവായ 45 ദിവസത്തിനുള്ളിൽ മെമ്മോറാണ്ടം സമർപ്പിക്കുകയാണെങ്കിൽ അത് പ്രസ്തുത സമയപരിധിക്കുള്ളിൽ സമർപ്പിച്ചതായി പരിഗണിക്കാവുന്നതാണ്. അത്തരം സംഗതികളിൽ വിവാഹം രജിസ്റ്റർ ചെയ്യുന്നതിലേക്കായി ഭാര്യാ-ഭർത്താക്കൻമാർ നേരിട്ട് ഹാജരാകേണ്ടതാണ്.

വിവാഹം രജിസ്റ്റർ ചെയ്യുമ്പോൾ 11-ാം ചട്ടപ്രകാരം ഫോട്ടോ പതിച്ച വിവാഹ സർട്ടിഫിക്കറ്റ് IV-ാം നമ്പർ ഫാറത്തിൽ നൽകേണ്ടതാണ്. എന്നാൽ 14-ാം ചട്ടപ്രകാരം ഏതൊരാളും സമർപ്പിക്കുന്ന അപേക്ഷയിൽ III-ാം നമ്പർ ഫാറത്തിലുള്ള വിവാഹ (പൊതു) രജിസ്റ്ററിന്റെ പ്രസക്തഭാഗങ്ങൾ IV-ാം നമ്പർ ഫാറത്തിൽ നൽകാവുന്നതാണ്.

IV-ാം നമ്പർ ഫാറം പ്രധാനമായും 11-ാം ചട്ടപ്രകാരമുള്ള ഫോട്ടോ പതിച്ച വിവാഹ സാക്ഷ്യപത്രം നൽകുന്ന ആവശ്യത്തിലേയ്ക്കാണ്. ആയതിനാൽ 14-ാം വകുപ്പ് എന്നു കൂടി ചേർക്കേണ്ട ആവശ്യമില്ല. മാത്രമല്ല, വകുപ്പ് ചേർക്കാത്തതുകൊണ്ട് സാക്ഷ്യപത്രത്തിന്റെ പ്രസക്തി നഷ്ടപ്പെടുന്നുമില്ല.

വിശ്വസ്തതയോടെ

വി.ശോഭ
അണ്ടർ സെക്രട്ടറി,
പ്രിൻസിപ്പൽ സെക്രട്ടറിയ്ക്കുവേണ്ടി

നമ്പർ ബി3–28477/08/എൽ.ഡിസ്

പഞ്ചായത്ത് ഡയറക്ടറാഫീസ്,
തിരുവനന്തപുരം, തീയതി: 22.09.2008

പഞ്ചായത്ത് ഡയറക്ടർ

പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ
തൃശ്ശൂർ

വിഷയം: ചേർപ്പ് ഗ്രാമ പഞ്ചായത്ത്– 2008 ലെ കേരള വിവാഹങ്ങൾ രജിസ്റ്റർ ചെയ്യൽ (പൊതു) ചട്ടങ്ങൾ– മിശ്രവിവാഹം രജിസ്റ്റർ ചെയ്യൽ സംബന്ധിച്ച്

സൂചന: തൃശ്ശൂർ ഡി.ഡി.പി യുടെ 28.08.2008 ലെ എൽ 6400/08 നമ്പർ കത്ത്

സൂചനയിലേക്ക് താങ്കളുടെ ശ്രദ്ധ ക്ഷണിക്കുന്നു. ഏതെങ്കിലും സ്റ്റാറ്റ്യൂട്ടിന്റെയോ വ്യക്തി നിയമങ്ങളുടെയോ അടിസ്ഥാനത്തിലാണ് നിയമാനുസരണം വിവാഹങ്ങൾ നടത്താവുന്നത്. ഇപ്രകാരം നടത്തിയ വിവാഹങ്ങൾ മാത്രമേ 2008 ലെ കേരള വിവാഹങ്ങൾ രജിസ്റ്റർ ചെയ്യൽ (പൊതു) ചട്ടങ്ങൾ അനുസരിച്ച് രജിസ്റ്റർ ചെയ്യാനും സാധിക്കുകയുള്ളു. മിശ്രവിവാഹ സംഘത്തെ വിവാഹം നടത്തിക്കൊടുക്കുന്നതിന് അധികാരപ്പെടുത്തിയിട്ടില്ലാത്തിനാൽ പ്രസ്തുത സംഘടനയിൽ രജിസ്റ്റർ ചെയ്തു എന്നതുകൊണ്ടു മാത്രം പഞ്ചായത്തിൽ രജിസ്ട്രേഷൻ നടത്താവുന്നതല്ല എന്ന വിവരം അറിയിക്കുന്നു.

വിശ്വാസപൂർവ്വം

(ഒപ്പ്)

ഡെപ്യൂട്ടി ചീഫ് രജിസ്ട്രാർ (ജനന–മരണം)

നമ്പർ ബി2–37438/97

പഞ്ചായത്ത് ഡയറക്ടറാഫീസ്,
തിരുവനന്തപുരം, തീയതി: 25.04.2001

സർക്കുലർ

വിഷയം: കേരള ഹിന്ദു വിവാഹ രജിസ്ട്രേഷൻ റൂൾസ് 1957 – ഉപ നിയമം 6 ഭേദഗതി– പ്രൊപ്പോസൽ സമർപ്പിക്കുന്നതു സംബന്ധിച്ച്

സൂചന 1) സർക്കാരിന്റെ 2.2.01 ലെ ജി.ഒ.(പി) 92/01/ലാ ഉത്തരവ്

2) പഞ്ചായത്ത് ഡയറക്ടറുടെ 28.02.2001 ലെ ബി2–37348/96 നമ്പർ സർക്കുലർ

സൂചന ഒന്നിലെ സർക്കാർ ഉത്തരവ് അനുസരിച്ച് വിവാഹം നടന്ന് 30 ദിവസം കഴിഞ്ഞ് ലഭിക്കുന്ന വിവാഹ റിപ്പോർട്ടുകൾ പ്രകാരം എങ്ങനെ രജിസ്ട്രേഷൻ നടത്താം എന്ന തിനെപ്പറ്റിയുള്ള മാർഗ്ഗരേഖ സൂചന രണ്ടു പ്രകാരം നൽകിയിരുന്നു. എന്നാൽ പ്രത്യേക അനുമതിക്ക് അയച്ചു തരുന്ന അപേക്ഷകളിൽ നിരവധി അപാകതകൾ കണ്ടു വരുന്നതിനാൽ താഴെപ്പറയുന്ന നിബന്ധനകൾ പാലിച്ചു കൊണ്ട് പ്രൊപ്പോസൽ സമർപ്പിക്കാൻ നിർദ്ദേശിക്കുന്നു.

1) ഫാറം നമ്പർ ഒന്നിൽ വിവാഹ റിപ്പോർട്ട് ലഭിക്കുന്ന തീയതി രേഖപ്പെടുത്തി രജിസ്ട്രാർ ഇനിഷ്യൽ രേഖപ്പെടുത്തേണ്ടതാണ്.
2) വിവാഹ റിപ്പോർട്ടിന്റെ രണ്ട് പ്രതികൾ (ഫാറം നമ്പർ ഒന്ന്) ഉള്ളടക്കം ചെയ്യുക.
3) ഭാര്യയും ഭർത്താവും ഒപ്പിട്ട സംയുക്താപേക്ഷയിൽ ഒരു രൂപ കോർട്ട് ഫീ സ്റ്റാമ്പ് പതിക്കണം.
4) വിവാഹ റിപ്പോർട്ടിലെ എല്ലാ കോളങ്ങളും വ്യക്തമായി പൂരിപ്പിച്ചുവെന്ന് ഉറപ്പു വരുത്തുക
5) വിവാഹ റിപ്പോർട്ടിൽ താമസ സ്ഥലം എന്ന കോളത്തിൽ ''മേൽവിലാസം'' പൂർണ്ണമായി രേഖപ്പെടുത്തുക
6) ഹിന്ദു മതാചാര പ്രകാരമാണ് പ്രസ്തുത വിവാഹം നടന്നതെന്നും, ടി വിവാഹം പ്രസ്തുത രജിസ്ട്രേഷൻ യൂണിറ്റിനകത്തു വച്ച് നടന്നതാണെന്നും അന്വേഷണ റിപ്പോർട്ടിൽ വ്യക്തമാക്കുക.

മേൽ നിബന്ധനകൾ എല്ലാ രജിസ്ട്രാർമാരും കർശനമായി പാലിക്കേണ്ടതാണ്.

കൂടാതെ, 1957 ലെ കേരള ഹിന്ദു വിവാഹ രജിസ്ട്രേഷൻ ചട്ടങ്ങൾ 6 പ്രകാരം ഫാറം നമ്പർ ഒന്നിൽ വിവാഹം റിപ്പോർട്ടു ചെയ്തു കഴിഞ്ഞാൽ ചട്ടം 7 പ്രകാരം രജിസ്ട്രാർ എഴുതി സൂക്ഷിക്കേണ്ടുന്ന രജിസ്റ്ററിൽ വധൂ വരന്മാർ ഒപ്പു വക്കേണ്ട ആവശ്യമില്ല. ഒപ്പിന്റെ കോളത്തിൽ (ഒപ്പ്) എന്ന് രേഖപ്പെടുത്തിയാൽ മതിയാകുന്നതാണ്.

(ഒപ്പ്)

വിവാഹ രജിസ്ട്രാർ ജനറൽ

നമ്പർ. ബി 1.3593/04

പഞ്ചായത്ത് ഡയറക്ടറാഫീസ്
തിരുവനന്തപുരം
തീയതി 31.01.04

സർക്കുലർ

വിഷയം :- **കേരള ഹിന്ദു വിവാഹ രജിസ്ട്രേഷൻ റൂൾസ് 1957 ഉപനിയമം '6' ഭേദഗതി പ്രൊപ്പോസൽ സമർപ്പിക്കുന്നത് സംബന്ധിച്ച്**

സൂചന :- 1. സർക്കാരിന്റെ 2.2.01 ലെ ജി.ഒ (പി) 92/01/ലെ ഉത്തരവ്
2. വിവാഹ രജിസ്ട്രാർ ജനറിലന്റെ 28.02.01 ലെ ബി2. 37438/97 നമ്പർ സർക്കുലർ
3. വിവാര രജിസ്ട്രാർ ജനറലിന്റെ 25.04.01 ലെ ബി 2.37438/97 നമ്പർ സർക്കുലർ

കേരള ഹിന്ദു വിവാഹ രജിസ്ട്രേഷൻ റൂൾസ് 1957, ഉപനിയമം '6' സൂചന ഒന്നിലെ ഉത്തരവ് പ്രകാരം സർക്കാർ ഭേദഗതി ചെയ്യുകയും ഇതനുസരിച്ച് വിവാഹം നടന്ന് 30 ദിവസത്തിനകം ലഭിക്കുന്ന അപേക്ഷകളിന്മേൽ, ബന്ധപ്പെട്ട ലോക്കൽ രജിസ്ട്രാർമാർ നിജസ്ഥിതി ഉറപ്പ് വരുത്തി വിവാര രിജ്സ്രടേഷൻ നടത്തി കൊടുക്കേണ്ടതാണെന്നും 30 ദിവസ്തിനു ശേഷം ലഭിക്കുന്ന വിവാഹ റിപ്പോർട്ടുകൾ പ്രകാരം രജിസ്ട്രേഷൻ നടത്തുന്നതിന് വിവാഹ രജിസ്ട്രാർ ജനറലിന്റെ പ്രത്യേകാനുമതി ആവശ്യമാണെന്ന് വ്യക്തമാക്കിയിട്ടുള്ള വിവരവും സൂചന രണ്ടിലെ സർക്കുലർ പ്രകാരം എല്ലാ ലോക്കൽ രജിസ്ട്രാർമാരെയും അറിയിക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ ലഭിക്കുന്ന അപേക്ഷകൾ മതിയായ രേഖകൾ സഹിതം അനുമതിക്കായി സമർപ്പിക്കുവാൻ നിർദ്ദേശവും നൽകിയിരുന്നു.

ഇപ്രകാരം ലഭിച്ച അപേക്ഷകളിന്മേൽ പോരായ്മകൾ കണ്ടതിനാൽ സൂചന മൂന്നിലെ സർക്കുലർ പ്രകാരം വിവാഹ രജിസ്ട്രാർ ജനറലിന് വിവാഹ രജിസ്ട്രേഷന്റെ പ്രത്യേകാനുമതി ലഭിക്കുന്നതിന് പ്രൊപ്പോസൽ സമർപ്പിക്കുന്നത് സംബന്ധിച്ച് വ്യക്തമായ നിബന്ധന നൽകിയിരുന്നു.

എന്നാൽ പല ലോക്കൽ രജിസ്ട്രാർമാരും മേപ്പടി സർക്കുലറിന്റെ നിബന്ധനകൾ പാലിക്കാതെയാണെന്ന് പ്രൊപ്പോസൽ സമർപ്പിക്കുന്നത്. ആയതിനാൽ അപേക്ഷകളെല്ലാം തിരികെ അയക്കേണ്ടി വരുന്നതുമൂലം പൊതുജനങ്ങൾക്ക് വളരെയധികം ബുദ്ധിമുട്ട് വരുന്നതായി ശ്രദ്ധയിൽപ്പെട്ടിരുന്നു.

മേൽ സാഹചര്യത്തിൽ താഴെപ്പറയുന്ന നിബന്ധനകൾ പാലിച്ചുകൊണ്ട് പ്രോപ്പോസൽ സമർപ്പിക്കുവാൻ നിർദ്ദേശിക്കുന്നു

1. ഫോറം നമ്പർ (1) നൽ ബന്ധപ്പെട്ട കോളത്തിൽ വിവാഹ റിപ്പോർട്ട് ലഭിക്കുന്ന തീയതി രേഖപ്പെടുത്തി രജിസ്ട്രാർ ഇൻഷ്യൽ രേഖപ്പെടുത്തേണ്ടതാണ്.
2. പേര് എന്ന കോളത്തിൽ ഇൻഷ്യൽ ഉൾപ്പെടെയുള്ള പൂർണ്ണമായ പേര് രേഖപ്പെടുത്തേണ്ടതും ആയത് തെളിയിക്കുന്ന രേഖകൾ സാക്ഷ്യപ്പെടുത്തി സമർപ്പിക്കേണ്ടതുമാണ്
3. വയസ്സ് എന്ന കോളത്തിൽ വിവാഹ തീയതിയിൽ പൂർത്തിയായ വയസ്സ് രേഖപ്പെടുത്തി ആയത് തെളിയിക്കുന്ന രേഖകൾ സാക്ഷ്യപ്പെടുത്തി സമർപ്പിക്കേണ്ടതാണ്.
4. ജനന സ്ഥലം ഇൻഡ്യക്ക് പുറത്താണെങ്കിൽ ഇൻഡ്യൽ പൗരൻ/ഇൻഡ്യയിൽ സ്ഥിരതാമസമാണെന്നതിന് രേഖകൾ സമർപ്പിക്കേണ്ടതാണ്.
5. വിവാഹനില എന്ന കോളത്തിൽ അവിവാഹിതൻ/വിധവ ഇവയിൽ അനുയോജ്യമായത് രേഖപ്പെടുത്തേണ്ടതും രണ്ടാം വിവാഹമാണെങ്കിൽ ആദ്യ വിവാഹം വേർപ്പെടുത്തിയത് സംബന്ധിച്ച് നിയമാനുസൃത രേഖകൾ ഹാജരാക്കേണ്ടതാണ്
6. താമസസ്ഥലം എന്ന കോളത്തിൽ ഭാര്യാഭർത്താക്കന്മാരുടെ വിവാഹത്തിന് മുമ്പുള്ള പൂർണ്ണമായ മേൽവിലാസം രേഖപ്പെടുത്തേണ്ടതാണ്.
7. പിതാവിന്റെയോ, രക്ഷാകർത്താവിന്റെയോ ബന്ധം കൂടി രേഖപ്പെടുത്തേണ്ടതാണ്.
8. സാക്ഷികളുടെ പേരും മേൽവിലാസവും ഒപ്പും പൂർണ്ണായി രേഖപ്പെടുത്തേണ്ടതാമ്
9. വിവാഹ റിപ്പോർട്ടിന്റെ രണ്ട് പ്രതികൾ സമർപ്പിക്കേണ്ടതാണ്.

10. ഭാര്യയും ഭർത്താവും ഒപ്പിട്ട് വിവാഹ രജിസ്ട്രാർ ജനറലിന് സമർപ്പിക്കുന്ന സംയുക്താപേക്ഷയിൽ 5 രൂപയുടെ കോർട്ട് ഫീ സ്റ്റാമ്പ് പതിക്കേണ്ടതാണ്. (വിവാഹം രജിസ്റ്റർ ചെയ്യുന്നതിന്റെ കാരണം വ്യക്തമാക്കേണ്ടതാണ്)
11. ഭാര്യാ ഭർത്താക്കന്മാർ ഹിന്ദുക്കളാണെന്നും ഹിന്ദു മതാചാര പ്രകാരമാണ് വിവാഹം നടന്നതെന്നും വിവാഹം പ്രസ്തുത രജിസ്ട്രേഷൻ യൂണിറ്റിനകത്ത് വെച്ച് നടന്നതാണെന്നും സംയുക്താപേക്ഷയിൽ പറയുന്ന കാര്യങ്ങൾ സത്യമാണെന്നും അപേക്ഷകർ ഇപ്പോഴും ഒരുമിച്ച് താമസിക്കുന്നതാണെന്നും രണ്ടാം വിവാഹമാണെങ്കിൽ മരിച്ച കേസ്സുകളിൽ മരണ സർട്ടിഫിക്കറ്റിനോടൊപ്പം രജിസ്ട്രാറുടെ വിശദമായ അന്വേഷണ റിപ്പോർട്ടും വിവാഹ മോചനം നടത്തിയ കേസ്സുകളിൽ നിയമാനുസരണം വിവാഹം വേർപ്പെടുത്തിയ രേഖ സാക്ഷ്യപ്പെടുത്തിയതും വാങ്ങി രജിസ്ട്രാർ ബോദ്ധ്യപ്പെട്ട് ശുപാർശ സഹിതം സമർപ്പിക്കേണ്ടതാണ്.

മേൽപ്രകാരം പൂർണ്ണ രൂപത്തിൽ അല്ലാതെ സമർപ്പിക്കുന്ന റിപ്പോർട്ടുകൾ മേലിൽ പരിഗണിക്കുന്നതല്ലെന്നുള്ള വിവരം അറിയിക്കുന്നു.

(ഒപ്പ്)
വിവാഹ രജിസ്ട്രാർ ജനറൽ

GOVERNMENT OF KERALA

LAW(E) DEPARTMENT

CIRCULAR

No. 23512/E2/2005/Law **Dated, Thiruvananthapuram, 20th February 2006**

Sub: - The Kerala Hindu Marriage Registration Rules, 1957- Issue of Marriage Certificate and correction of errors- Undue delay- Instructions issued- reg.

It has come to the notice of the Government that unnecessary delay is caused in the matter of obtaining marriage certificates under the Kerala Hindu Marriage Registration Rules, 1957. Even slight differences in the names, initials, place of birth etc. of parties to the marriages are considered material and certificates are not granted without obtaining the sanction of the Registrar General even though the genuineness of the parties are proved by producing substantiating testimonials. It causes much hardships and inconveniences to the applicants, especially to those who seek employment etc. abroad. The Subject Committee-X(Home Affairs) of the 12th Kerala Legislative Assembly, while considering the Kerala Hindu Marriage Registration Amendment Rules, 2005, have also expressed concern over the said instances of delay in granting marriage certificates.

As per Rule 9 of the Kerala Kerala Hindu Marriage Registration Rules, 1957 changes in material particulars like name, age, dates etc. shall be done only after obtaining the sanction of the Registrar General. But corrections which are not of material in nature can be done by the Local Registrars themselves without obtaining the sanction of the Registrar General. In view of the above, Government hereby clarify that a more logical approach shall be adopted while dealing with the issue of marriage certificates. All authorities empowered under the Kerala Hindu Marriage Registration Rules, 1957 are, therefore, directed to see that hence forth, application for the issue of marriage certificates are disposed of without undue delay.

S.Sainudeen

Law Secretary

19.10.2006 ൽ പഞ്ചായത്ത് ഡയറക്ടറാഫീസ്, തിരുവന്തപരും ബി12349/03 നമ്പറായി അയച്ച സർക്കുലറിന്റെ പകർപ്പ്

വിഷയം :– **കേരള ഹിന്ദു വിവാഹ രജിസ്ട്രേഷൻ റൂൾസ് 1957 ഉപനിയമം 6 ഭേദഗതി ജില്ലാ രജിസ്ട്രാർമാരെ നിയമിച്ചത് സംബന്ധിച്ച്**

സൂചന : 1. സർക്കാരിന്റെ 02.02.01 ലെ ജി.ഒ (പി) 92/01/ ലെ ഉത്തരവ്
2. വിവാഹ രജിസ്ട്രാർ ജനറലിന്റെ 28.02.2001 ലെ ബി237438/97 ാാം നമ്പർ സർക്കുലർ
3. സർക്കാരിന്റെ 2.02.2006 ലെ ജി.ഒ (പി) നമ്പർ 21/2006 ലെ ഉത്തരവ്
4. വിവാഹ രജിസ്ട്രാർ ജനറലിന്റെ 31.01.04 ലെ ബി 3593/04 സർക്കലുർ

സൂചന ഒന്നിലെ സർക്കാർ ഉത്തരവ് പ്രകാരം വിവാഹം നടന്ന് മുപ്പത് ദിവസം കഴിഞ്ഞുള്ള വിവാഹം വിവാഹ രജിസ്ട്രാർ ജനറ(പഞ്ചായത്ത് ഡയറക്ടർ)ലിന്റെ പ്രത്യേകാനുമതിയോടു കൂടിയാണ് ലോക്കൽ രജിസ്ട്രേഷൻ യൂണിറ്റിൽ രജിസ്റ്റർ ചെയ്തു വരുന്നത്. ഇത് സാധാരണ ജനങ്ങൾക്ക് ബുദ്ധിമുട്ടുണ്ടാക്കുന്നതിനാൽ സൂചന നാല് സർക്കാർ ഉത്തരവ് പ്രകാരം സമയപരിധി കഴിഞ്ഞ് വിവാഹം രജിസ്റ്റർ ചെയ്യുന്നതിന് പ്രത്യേകാനുമതി നൽകുന്നതിനായി ജില്ലാ രജിസ്ട്രാർമാരായി പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാരെ അധികാരപ്പെടുത്തി വിജ്ഞാപനം പുറപ്പെടുവിച്ചിരിക്കുന്നു.

മേൽ സാഹചര്യത്തിൽ വിവാഹം കഴിഞ്ഞ് 30 ദിവസത്തിന്ശേഷം ലഭിക്കുന്ന വിവാഹ റിപ്പോർട്ടുകളിൽ രജിസ്ട്രേഷനു പ്രത്യേകാനുമതി നൽകുന്നതിന് ജില്ലാ വിവാഹ രജിസ്ട്രാർമാരായ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാരെ ചുമതലപ്പെടുത്തി ഉത്തരവാകുന്നു.ജില്ലയിലെ രജിസ്ട്രേഷൻ യൂണിറ്റുകളിൽ വിവാഹം കഴിഞ്ഞ് 30 ദിവസത്തിന് ശേഷം വിവാഹം രജിസ്ട്രേഷന് ലഭിക്കുന്ന അപേക്ഷകളിൽ ജില്ലാ രജിസ്ട്രാറുടെ പ്രത്യേകാനുമതി ലഭിച്ചതിന് ശേഷം മാത്രം രജിസ്ട്രേഷൻ യൂണിറ്റിൽ രജിസ്റ്റർ ചെയ്യുന്നതിന് ലോക്കൽ രജിസ്ട്രാർക്ക് നിർദ്ദേശം നൽകേണ്ടതാണ്. ഈ ഓഫീസിലെ 31.01.2004 ലെ ബി 1 3593/04 സർക്കുലർ നിർദ്ദേശങ്ങൾ കർശനമായി പാലിച്ചുകൊണ്ട് മാത്രമേ പ്രത്യേകാനുമതിയ്ക്കുള്ള അപേക്ഷകളിന്മേൽ തീരുമാനമെടുക്കാവൂ എന്ന് എല്ലാ ജില്ലാ രജിസ്ട്രാർമാരെയും ഓർമ്മിപ്പിക്കുന്നു.

(ഒപ്പ്)
വിവാഹ രജിസ്ട്രർ ജനറൽ ആന്റ് പഞ്ചായത്ത് ഡയറക്ടർ

നമ്പർ ബി3–2507/08

പഞ്ചായത്ത് ഡയറക്ടറാഫീസ്,
തിരുവനന്തപുരം, തീയതി: 28.03.2008

സർക്കുലർ

വിഷയം: വിദേശ പൗരത്വമുള്ള ഹിന്ദുക്കളുടെ വിവാഹം രജിസ്റ്റർ ചെയ്യുന്നതു സംബന്ധിച്ച്

സൂചന

ശ്രീമതി വിനയ നായർ കൊച്ചി കോർപ്പറേഷനെതിരായി സമർപ്പിച്ച ഡബ്ല്യു.പി (സി) 22189/2005 നമ്പർ കേസിൽ ബഹു. ഹൈക്കോടതി 2006 ഫെബ്രുവരി 27 ന് പുറപ്പെടുവിച്ച വിധി പ്രകാരം, വിവാഹത്തിലെ രണ്ടു കക്ഷികളും ഹിന്ദുക്കളാവുകയും, 1955 ലെ ഹിന്ദു വിവാഹ ആക്റ്റിന്റെ സെക്ഷൻ 5 ലെ വ്യവസ്ഥകൾ പാലിക്കപ്പെടുകയും, വിവാഹം ഹിന്ദു ആചാര പ്രകാരം നടത്തപ്പെടുന്നതുമായാൽ സെക്ഷൻ 2(1) പ്രകാരമുള്ള ആയിരിക്കണമെന്ന വ്യവസ്ഥ ബാധകമാകുന്നില്ലായെന്നും അത്തരം കേസുകളിൽ ഹിന്ദു വിവാഹ രജിസ്ട്രേഷൻ ചട്ടങ്ങൾ അനുസരിച്ച് വിവാഹം രജിസ്റ്റർ ചെയ്യാവുന്നതാണെന്നും നിർദ്ദേശിച്ചിട്ടുണ്ട്. കൂടാതെ, സർക്കാരിന്റെ 19.12.2007 ലെ 52575/ആർ.സി.3/2007/തസ്വഭവ നമ്പർ കത്ത് പ്രകാരം 1955 ലെ ഹിന്ദു വിവാഹ ആക്റ്റിന്റെ 5–ാം വകുപ്പു പ്രകാരം ആക്റ്റ് ബാധകമാക്കിട്ടുള്ള പ്രദേശത്തു വച്ച് രണ്ട് ഹിന്ദുക്കൾ തമ്മിൽ ഹിന്ദു മതാചാരപ്രകാരം നടത്തുന്നതുമായ എല്ലാ വിവാഹങ്ങളും പ്രസ്തുത ആക്ടിൻകീഴിൽ പുറപ്പെടുവിച്ചിട്ടുള്ള 1957 ലെ കേരള ഹിന്ദു വിവാഹ രജിസ്ട്രേഷൻ ചട്ടങ്ങൾ അനുസരിച്ച് രജിസ്റ്റർ ചെയ്യാവുന്നതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്.

മേൽ സാഹചര്യത്തിൽ, രണ്ട് ഹിന്ദുക്കൾ തമ്മിൽ ഹൈന്ദവാചാര പ്രകാരം 1955 ലെ ഹിന്ദു വിവാഹ ആക്റ്റിന്റെ സെക്ഷൻ 5 ലെ വ്യവസ്ഥകൾ പാലിച്ചുകൊണ്ട് നടത്തുന്ന വിവാഹം പൗരത്വം പരിഗണിക്കാതെതന്നെ 1957 ലെ *[കേരള ഹിന്ദു വിവാഹ രജിസ്ട്രേഷൻ ചട്ടങ്ങൾ] അനുസരിച്ച് രജിസ്റ്റർ ചെയ്യാവുന്നതാണെന്ന് വ്യക്തമാക്കുന്നു.

(ഒപ്പ്)

വിവാഹ രജിസ്ട്രാർ ജനറൽ

GOVERNMENT OF KERALA

LAW(E) DEPARTMENT

NOTIFICATION

G.O. (P) No 6/2008/Law Dated,Thiruvananthapuram, 17 th June, 2008

S.R.O. No 208/2007 --In exercise of the powers conferred by rule 4 of the Kerala Hindu Marriage Registration Rules, 1957 , and in supersession of the notification in so far as it relates to the appoinment of Local Registrar in the Guruvayur Municipality, the Government of Kerala hereby appoint the Health Inspector Grade I of Guruvayur Municipality to be the Local registrar for exercising the powers, conferred on him under the said rules and define the area comprised in the Guruvayur Municipality to be the Local Registration area constitutes his jurisdiction.

By order of the Governor,

P.S.Gopinathan
Law Secretary

Explanatory Note

(This does not form part of the notification, but is intended to indicate its general purport)

The Guruvayur municipality has brought to the notice of the Government that a large number of Marriages take place in Guruvayur Municipality on holidays and that the parties to the marriages have to wait for the registration of their marriages till the next working day. Considering the convenience of the parties to the marriage to register their marriage on holidays, the Municipality has requested the Government to appoint Health Inspector Grade I of the Municipality as the Local Registrar in the place of the Secretary of the Municipality for the purpose of registering the marriages on holidays also in the Guruvayur Municipality. Accordingly, Government have decided to appoint the Health Inspector Grade I as the Local Registrar under the Kerala Hindu Marriage Registration Rules, 1957 in place of the Secretary of the Municipality

This notification is intended to achieve the above object.

ഏഴ്

ധനകാര്യ
ഉത്തരവുകൾ/സർക്കുലറുകൾ

കേരള സർക്കാർ
തദ്ദേശ സ്വയംഭരണ (എച്ച്) വകുപ്പ്

നം: 4691/എച്ച് 4/87/തസ്വഭവ തിരുവനന്തപുരം, തീയതി : 13.06.1988

സർക്കുലർ

വിഷയം: പഞ്ചായത്തുകൾ വൈദ്യുതി ചാർജ്ജ് യഥാസമയം അടയ്ക്കാതിരുന്നതുവഴി കൊടുക്കേണ്ടി വന്ന സർചാർജ്ജും പിഴപ്പലിശയും എക്സിക്യൂട്ടിവ് ആഫീസർമാരിൽ നിന്ന് ഈടാക്കണമെന്ന നിർദ്ദേശം സംബന്ധിച്ച്

1. മുൻ പഞ്ചായത്ത് കമ്മിറ്റികളുടെ കാലത്ത് വൈദ്യുതി ബോർഡ് വൈദ്യുതി ചാർജ്ജ് വർദ്ധിപ്പിച്ചപ്പോൾ അതിൽ പ്രതിഷേധിച്ച് ചില പഞ്ചായത്തുകൾ വൈദ്യുതി ചാർജ് അടയക്കേണ്ടതില്ലെന്ന് തീരുമാനിച്ചിരുന്നു. എന്നാൽ വൈദ്യുതി ബോർഡുമാരയി ഏർപ്പെട്ടിരുന്ന കരാറനുസരിച്ച് കാലാകാലങ്ങളിൽ ഉണ്ടാകുന്ന വർദ്ധിച്ച നിരക്കിലുള്ള കറന്റ് ചാർജ്ജ് അടയ്ക്കേണ്ടതായ ബാദ്ധ്യത പഞ്ചായത്തുകൾക്കുണ്ടായിരുന്നു. അതുകൊണ്ട് അക്കാലത്തെ വൈദ്യുതി ചാർജ്ജ് പിന്നീട് അടച്ചപ്പോൾ കൊടുക്കേണ്ടി വന്ന പിഴപ്പലിശയും സർചാർജ്ജും അന്നത്തെ എക്സിക്യൂട്ടീവ് ആഫീസർമാരിൽ നിന്ന് ഈടാക്കുവാൻ പഞ്ചായത്ത് വകുപ്പധികാരികൾ നിർദ്ദേശങ്ങൾ നല്കുകയുണ്ടായി. ആ നിർദ്ദേശങ്ങൾ പിൻവലിക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കണമെന്ന് ചില സർവ്വീസ് സംഘടനകൾ അപേക്ഷിച്ചിട്ടുണ്ട്.
2. സർവ്വീസ് സംഘടനകളുടെ അപേക്ഷ സർക്കാർ വിശദമായി പരിശോധിച്ചു. കേരള പഞ്ചായത്ത് ആക്ടിലെ 34(3)ാം വകുപ്പ് പ്രകാരം പഞ്ചായത്ത് ഭരണസമിതിയുടെ തീരുമാനങ്ങൾ നടപ്പിലാക്കുവാൻ എക്സിക്യുട്ടീവ് ആഫീസർ ബാദ്ധ്യസ്ഥരാണ്. ഭരണസമിതി കൈക്കൊണ്ട ഒരു തീരുമാനം നടപ്പിലാക്കിയതുവഴി ഉണ്ടായ പിഴ എക്സിക്യുട്ടീവ് ആഫീസർമാരിൽ ചുമത്തപ്പെടുത്തുന്നത് ശരിയല്ല. അതുകൊണ്ട് മുകളിൽ 1–ാം ഖണ്ഡികയിൽ പറഞ്ഞിരിക്കുന്നതുപോലെയുള്ള പിഴകൾ പഞ്ചായത്ത് എക്സിക്യൂട്ടീവ് ആഫീസർമാർ അടയ്ക്കേണ്ടതില്ലെന്ന് സർക്കാർ നിർദ്ദേശം നല്കുന്നു. എന്നാൽ മേൽപ്പറഞ്ഞതുപോലുള്ള സന്ദർഭങ്ങളിൽ നിയമാനുസൃതമായോ ഏതെങ്കിലും കരാറനുസരിച്ചോ പഞ്ചായത്തുകൾ ചെയ്യേണ്ട കാര്യങ്ങളും അവ ചെയ്താലുണ്ടാകാവുന്ന ഫലങ്ങളും കമ്മിറ്റിയുടെ ശ്രദ്ധയിൽ കൊണ്ടുവരുന്നതിനുള്ള ചുമതല എക്സിക്യുട്ടീവ് ആഫീസർമാർക്ക് ഉണ്ടെന്നും സർക്കാർ വ്യക്തമാക്കുന്നു.

വി.ആർ.പത്മനാഭൻ
അഡീഷണൽ സെക്രട്ടറി

കേരള സർക്കാർ

സംഗ്രഹം

തെരുവ് വിളക്കുകൾ കത്തിക്കുന്നതിനാവശ്യമായ സ്പെയർ പാർട്ട്സ് വാങ്ങുന്നതിന് കേരളത്തിലെ പഞ്ചായത്തുകൾക്ക് അനുവാദം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശ ഭരണ (കെ) വകുപ്പ് (സാ) സ. ഉ നം. 84/98/തഭവ തിരുവനന്തപുരം 5.01.98

പരാമർശം :– പവർ വകുപ്പിന്റെ 22.3.97 ലെ സ. ഉ. (എം. എസ്) നം. 13/97/പി.ഡി

ഉത്തരവ്

കേരളത്തിലെ പഞ്ചായത്ത് പ്രദേശത്തെ തെരുവ് വിളക്കുകൾ കത്തിക്കുന്നതിനും അറ്റക്കുറ്റപ്പണികൾ നടത്തുന്നതിനും, പരാമർശത്തിലെ സർക്കാർ ഉത്തരവിൽ പ്രതിപാദിച്ചിട്ടുള്ള വിധം ഇലക്ട്രിസിറ്റി ബോർഡ് അധികാരികളുമായി കൂടിയാലോചിച്ച ശേഷം ആവശ്യമുള്ള സ്പെയർ പാർട്ട്സുകൾ സ്റ്റോഴ്സ് പർച്ചേയ്സ് നിയമങ്ങൾക്ക് വിധേയമായി വാങ്ങുന്നതിന് പഞ്ചായത്ത് ഫണ്ടിൽ നിന്നും തുക ചെയ്യുന്നതിന് അതത് പഞ്ചായത്തുകൾക്ക് അനുവാദം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവ് പ്രകാരം

എസ്. എം. വിജയാനന്ദ്
സെക്രട്ടറി

KERALA STATE ELECTRICITY BOARD

Abstract

Metered supply of Electricity for streetlights-Guidelines and principles for implementation – Orders issued.

CORPORATE OFFICE (COMMERCIAL CELL)

B.O. (FB) No: 496/2004 Plg.Com 3515/98) Dated, Thiruvananthapuram Dtd.23.02.2004

……

Read :- 1. G.O. (Rt) No. 275/99/PD dated 11.10.1999

2. Report dated march 2000 of the committee constituted to study the problems faced b the local bodies on the street lighting system and allied matters.
3. G.O. (Rt) No. 213/01/PD dated 18.10.2001
4. Letter No: Plg.Com 3515/98/195 dated 23.07.2003 of Deputy Chief Engineer (Commercial)
5. G.O. (MS) No: 34/2003/PD dated 02.12.2003
6. Proceedings of the Board meeting dated 22.01.2004 (Agenda item No:17/2004)

O R D E R

In the Government order read as Ist paper, Governemt have constituted a committee for suggesting remedial measures to the various issues relatingto stret ights and allied matters. Government have accepted the recommendations of the committee (with certain modifications) and accorded sanction for implementation of metered supply of electricity for street light wide Government order read as 5th paper. The Board has decided to adopt the Government order. Accordingly the following guildlines and principles are issued for implementation of metered supply of electricity for streetlights:

1. The metered supply shal be provided for streetights whenever the Local Bodies furnish their option, as per the terms and conditions enumerated hereunder. No cut off dates is prescribed for exercising the option by the Local Body.
2. For the purpose of providing metered supply for street lights, the Local Bodies shall bear the cost of energy meters, metering arrangement, meter boxes, connecting wire, fuses, control switch etc., for the initial installation as welt as periodical replacement and installation charges as well as the charges of providing connection. In view of th difficulties expressed representatives of Local Self Government for the procurement of the meters by the local bodies, the KSE Board will purchase and sell the meters to the local bodies at a standard rate.

For the purpose of giving connections, the following charges shall have borne by the local body.

i) Towards the cost of enerty meters, (electronic meter) arrangement, meter box, connecting wire; fuse, on-off switch local body shall remit an amount of Rupees 8350/- (Rupees thousand three hundred and fifty only) per metering point. The not cover the cost for periodical replacement and installation and charges for providing connections.

ii) The charges for initial installation and for providing connection – shall be Rupees 750/- (Rupees seven hundred and fifty service. The total charges for metered supply is Rupees 9100/- nine thousand and one hundred only). If the Electronic Meter is by Local body, then the cost of metering (item (i) will be Rupees 1000/- (Rupees One thousand only)

3. The specification of meter, fuses, control switch, connecting wire standard design of the meter box and its installation arrangement according to the details given in Annexure-I., II & III
4. A standard estimate for the farbrication and installation of the meter shown in Annexure-1. This includes cost of meter and all other meterial labour mentioned in Para 2. The Local bodies shall have the option manufactures and erect the meter boxes including all materials above specification themselves or remit the standard rate to KSE Board.
5. The installation of meter and providing connection shal be done by the at the cost of the Local bodies. The installation of the meter box on the post shall be such that it shall be 1.5 M above ground level to facilitated meter reading and operation of the on-off switch. The operation of the on-off switch shall be the responsibility of the local body. The arrangements for providing the connections, installation of meter box etc. are shown in detail in the sketch appended as Annexure-III
6. The location of the meter boxes shall be identified jointly by the Secretary of the Corporation/Municipality/Grama Panchayat or the person authorized by him and the Ass. Engineer of the concerned section. The number of meter boxes required shall be ascertained after fixing the locations and the number of street lights proposed to be controlled from each metering point. This will be intimated by the Asst. Engineer to the local body. The procedure to be followed by local bodies for giving application for availing supply for street lighting shall be as per the present practice. Execution of works connected with the lighting will be undertaken by the KSE Board immediately after the Local bodies remit the charges in full.
7. The Local Bodies shall bear the cost of extension of overhead power lines/ under ground cable wherever necessary. The amount shall be remitted in advance. The

charges for such works shall be on OYEC basis but excluding 20% development charges.

8. In all cases where the supply is metered or unmetered, the local bodies shall supply bulb, tube, CFL, Sodium vapour lamp etc, fitting, brackets, clamps, connecting wires, chokes, condensers, holders, fuses an all other materials for new installation as well as for periodical replacement, free of cost.
9. The meters will be the property of the local bodies and they shall replace/repair the meter when they become defective at their own cost and put back into the service within two months of becoming defective. The billing for the period when the meter is defective will be done as per the standard practice followed by the KSE Board. So long as the meter is the property of the local body, no monthly meter hire/charges is payable by them.
10. Spot billing system now implemented throughout the State will be extended to street lighting also by allotting separate Consument Number to each metering point. The spot biller shall take meter reading along with other according to the area code and prepare bill as per ruling tarrif rate be served to the local body from the Section Offices concerned for remittance of current charge.
11. If the local bodies do not opt for metered supply, the composite tarrif burning hour prescribed by the Board will be applicable, as is beingdone
12. As a pilot project, in corporation areas except Thrissur, the installation streets lights, maintenance of the existing lights and the new light entrusted with the corporations (either partially or fully). The corparation Thrissur shall intimate their option in this regard to the Deputy Engineers of concerned Electircal Distribution circles with in four month the date of this order. The system will be extended to adjacent municipality, panchayat area also, at the option of the municipalities or panchayats case may be. If any corpoaration exercise this option, KSE Board shall are handover the fixtures and materials on 'as is where is condition' real costs which shall be workded out later.
13. The Advisroy Body constituted as per B.O. (MD) No: (TC1/S/6320/2002) dated 07.06.2002 shall monitor the maintenance of street lighting systems under the local body.
14. The complains of non-burning of lights can be registered in the local offices and also in KSE Board's section offices. The complaints may be by the public or field staff of KSE Board or any other person
15. All Wednesdays shall be earmarked for doing the maintenance work bodies shall send their representatives on Wednesdays to the site for and verification of the works done. If any Wednesday happens to be it shall be done on the next working day.

16. The Asst. Engineer, Electrical Sections shall be the Nodal office matters for the street lighting work. They shall work in close liaison representatives of the local bodies.
17. The present tarrif for matered supply of street light is 90 paise per unit plus fixed charge ar Rs. 12 per meter per month. This will be subject to change as per tariff notifications issued from time to time.
18. The works of metered supply of street lighting system for which the local bodies have deposited amount, shall be carried out on a Special Priority Basis.

The Deputy Chief Engineers of distribution circles shall communicate this order to all local bodies within their area of jurisdiction and to the field offices under their control immediately.

By order of the Board
Sd/-
T.S. Mohan Kumar
Secretary

കേരള സർക്കാർ

സംഗ്രഹം

1994-ലെ കേരള പഞ്ചായത്തീരാജ് ആക്ട് 156-ാം വകുപ്പ് 4-ാം ഉപവകുപ്പ് (സി) ഖണ്ഡപ്രകാരം പഞ്ചായത്ത് പ്രസിഡന്റിന് ചെലവാക്കാവുന്ന കണ്ടിജന്റ് ചെലവുകൾ ഭേദഗതി ചെയ്തുകൊണ്ട് ഉത്തരവാകുന്നു.

തദ്ദേശ സ്വയംഭരണ (എൻ) വകുപ്പ്

സ.ഉ.(എം.എസ്.) നം. 271/2004/തസ്വഭവ. തിരുവനന്തപുരം, തീയതി: 4.9.04

പരാമർശം : 27.5.98-ലെ സ.ഉ, (എം.എസ്.) 107/98/തസ്വഭവ. നമ്പർ ഉത്തരവ്.

ഉത്തരവ്

1994-ലെ കേരള പഞ്ചായത്തീരാജ് ആക്ട് (1994-ലെ 13) 156-ാം വകുപ്പ് 4-ാം ഉപകവകുപ്പ് (സി) ഖണ്ഡപ്രകാരം ചെലവാക്കാവുന്ന കണ്ടിജന്റ് ചെലവുകളുടെ പരിധി ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന് ഒരു പ്രാവശ്യം 5000 രൂപയും പ്രതിമാസം 10000 രൂപയും, ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റിന് ഒരു പ്രാവശ്യം 7500 രൂപയും ഒരു മാസം 15000 രൂപയും, ജില്ലാ പഞ്ചായത്ത് പ്രസിഡന്റിന് ഒരു പ്രാവശ്യം 10000 രൂപയും ഒരു മാസം 20000 രൂപയും എന്ന് നിജപ്പെടുത്തിക്കൊണ്ട് പരാമർശം ഒന്നിലെ ഉത്തരവ് ഇതിനാൽ ഭേദഗതി ചെയ്യുന്നു.

ഗവർണറുടെ ഉത്തരവിൻപ്രകാരം

കെ. രത്നമ്മയമ്മ
ജോയിന്റ് സെക്രട്ടറി

കേരള സർക്കാർ

നം: 12968/കെ2/06/തസ്വഭവ

തദ്ദേശസ്വയംഭരണ (കെ) വകുപ്പ്
തിരുവനന്തപുരം, തീയതി : 23.03.2006

സർക്കുലർ

വിഷയം :- തദ്ദേശ സ്വയംഭരണ വകുപ്പ് - കുടിവെള്ള പദ്ധതികളുടെ വൈദ്യുതി ചാർജ്ജ് അടയ്ക്കൽ - സ്പഷ്ടീകരണം നൽകുന്നത് സംബന്ധിച്ച്.

സൂചന :- 1. സർക്കാരിന്റെ 2.11.2005-ലെ 40206/കെ2/05/തസ്വഭവ നമ്പർ സർക്കുലർ.

2. വികേന്ദ്രീകരണാസൂത്രണ സമിതിയുടെ 8.2.2006-ലെ 1.13 നമ്പർ തീരുമാനം.

സംസ്ഥാനത്തെ ഗ്രാമപഞ്ചായത്തുകളിലെ കുടിവെള്ള പദ്ധതികളുടെ വൈദ്യുതി ചാർജ്ജ് പഞ്ചായത്തുകളുടെ തനത് ഫണ്ടിൽനിന്ന് അടയ്ക്കുവാൻ പാടുള്ളതല്ലെന്ന് സൂചന പ്രകാരം സർക്കുലർ പുറപ്പെടുവിച്ചിരുന്നു. എന്നാൽ മിക്ക ഗ്രാമപഞ്ചായത്തുകളും അവയുടെ തനത് ഫണ്ട് ഉപയോഗിച്ച് വൈദ്യുതി ചാർജ്ജ് അടച്ചുകൊണ്ടിരുന്നതിനാൽ പ്രസ്തുത സർക്കുലറിൽ ഭേദഗതി വരുത്തണമെന്ന് ഗ്രാമപഞ്ചായത്തുകൾ ആവശ്യപ്പെട്ടിരിക്കുന്നു.

സർക്കാർ ഇക്കാര്യം പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ താഴെപ്പറയുന്ന സ്പഷ്ടീകരണം നൽകുന്നു. കേരള വാട്ടർ അതോറിറ്റിയുടെ കുടിവെള്ള പദ്ധതികളുടെ വൈദ്യുതി ചാർജ്ജ് നൽകുന്നതിനും കേരള വാട്ടർ അതോറിറ്റിക്ക് വെള്ളക്കരം നൽകുന്നതിനും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നേരിട്ട് പ്രവർത്തിപ്പിക്കുകയും പരിപാലിക്കുകയും ചെയ്യുന്ന കുടിവെള്ള പദ്ധതികളുടെ വൈദ്യുതി ചാർജ്ജ് അടയ്ക്കുന്നതിനും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് അവയുടെ മെയിന്റനൻസ് ഗ്രാന്റോ ജനറൽ പർപ്പസ് ഗ്രാന്റോ അല്ലെങ്കിൽ തനത് ഫണ്ടോ ഉപയോഗിക്കാവുന്നതാണ്. എന്നാൽ ഗുണഭോക്താക്കളുടെ സഹായത്തോടെ നടപ്പാക്കാനും പരിപാലിക്കാനും വിഭാവനം ചെയ്തിട്ടുള്ള ജലനിധി, സ്വജൽധാര, ജനകീയാസൂത്രണം/കേരള വികസന പദ്ധതി എന്നിവയുടെ ഭാഗമായി ഏറ്റെടുത്തിട്ടുള്ള കുടിവെള്ള പദ്ധതികൾ (ഈ പദ്ധതികളുടെ മാർഗ്ഗ നിർദ്ദേശങ്ങളിലും പ്രോജക്ട് റിപ്പോർട്ടിലും ഇപ്രകാരം വ്യവസ്ഥ ചെയ്തിട്ടുണ്ടാവും) എന്നിവയുടെ നടത്തിപ്പ് ചെലവുകൾ ഗുണഭോക്താക്കൾ തന്നെ വഹിക്കേണ്ടതാണ്.

വി.ഐ. മോഹനൻ
അഡീഷണൽ സെക്രട്ടറി

Government of Kerala

No.15289/K1/05/LSGD

Local Self Govt. (K) Department
Thiruvananthapuram, Dt.15/07/2006

CIRCULAR

Sub: Local Self Government Department – Renting shops for the functioning of Maveli Stores – Guidelines issued

As per Kerala Panchayat Raj/Municipalites Acts it is the duty of the village Panchayats, Municipalitis and Corporatins to render services to the inhabitants of their jurisdiction inrespect of matters relating to Public Distribution system. Requests are being received from Village Panchayats Municipalities and Corporations seeking Government approval for taking shops on rent for housing Maveli Stores. It is decided that Village Panchayats, Municipalities and Corporations should be allowed to pay rent for shops taken for housing Maveli Stores as it is beneficial to the poor. However as norms have to be followed on rent fixation, area of the shop, period of payment of rent etc. the following guidelines are prescribed with regard to renting shops for functioning of Maveli Stores.

1. Whenever Maveli Stores are started on the basis of request of Village Panchayats, Municipalities and Corporations rent for the first two years can be paid by the Local Government from their own fund/General purpose Fund.
2. The area of the shops shall be as decided by the Kerala State Civil Supplies Corporation but not more than 300 sq.meter
3. The rent shall be got fixed by the Kerala State Civil Supplies Corporation following its norms.
4. Any deviation from the above norms alone need be referred to Government for approval

S.M.Vijayanand
Principal Secretary to Government

കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് – ശുചീകരണ നടപടികൾ സ്വീകരിക്കുന്നതിന് തുക ചെലവഴിക്കുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശസ്വയംഭരണ (കെ) വകുപ്പ്

സ.ഉ.(സാധാ)നം. 2487/2006/തസ്വഭവ തീയതി, തിരുവനന്തപുരം 9.10.2006

ഉത്തരവ്

സമഗ്രമായ ശുചീകരണ പ്രവർത്തനങ്ങൾ സംഘടിപ്പിച്ച് നടപ്പാക്കുന്നതിന് അസാധാരണ ചെലവിനത്തിൽ ഓരോ വാർഡിനും 1000/– രൂപാ (ആയിരം രൂപ മാത്രം) വീതം തനതു ഫണ്ടിൽ നിന്നും ചെലവഴിക്കുന്നതിന് എല്ലാ ഗ്രാമ പഞ്ചായത്തുകൾക്കും മുനിസിപ്പാലിറ്റികൾക്കും അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം

ജി.പി.രാമചന്ദ്രൻ
ജോയിന്റ് സെക്രട്ടറി

കേരള സർക്കാർ
സംഗ്രഹം

തദ്ദേശസ്വയംഭരണവകുപ്പ് – സമ്പൂർണ്ണ ആരോഗ്യപദ്ധതിയും സമ്പൂർണ്ണ ഭവന പദ്ധതിയും നടപ്പിലാക്കുന്ന ഗ്രാമപഞ്ചായത്തുകൾക്ക് തനതു ഫണ്ടിൽനിന്നും തുക ചെലവഴിക്കുന്നതിന് അനുമതി നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശസ്വയംഭരണ(കെ)വകുപ്പ്
സ.ഉ(കൈ)നമ്പർ. 2904/06/തസ്വഭവ തിരുവനന്തപുരം, തീയതി: 16–11–2006

പരമാർശം: 1. പോത്തുകല്ല് ഗ്രാമപഞ്ചായത്തിന്റെ 31.10.06ലെ III (14)–ാംനമ്പർ തീരുമാനം
2. പോത്തുകല്ല് ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 03.11.2006 ലെ കത്ത്

ഉത്തരവ്

പരമാർശം ഒന്നിലെ പഞ്ചായത്ത് തീരുമാനവും പരാമർശം രണ്ടിലെ പഞ്ചായത്തിന്റെ അപേക്ഷയും പരിഗണിച്ച്, സമ്പൂർണ്ണ ആരോഗ്യപദ്ധതിയും സമ്പൂർണ്ണ ഭവന നിർമ്മാണ പദ്ധതിയും നടപ്പിലാക്കുന്ന എല്ലാ ഗ്രാമപഞ്ചായത്തുകൾക്കും സർവ്വേ നടത്തുന്നതിനും ഫോറങ്ങൾ പ്രിന്റ് ചെയ്യിക്കുന്നതിനും കർമ്മസമിതി യോഗങ്ങൾക്കും ഗ്രാമസഭാ യോഗങ്ങൾക്കും ആവശ്യമായിവരുന്ന ചെലവിനായി പഞ്ചായത്തിന്റെ തനതുഫണ്ടിൽ നിന്നും ഇരുപതിനായിരം രൂപയിൽ അധികരിക്കാത്ത തുക ചെലവഴിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം

എം.എസ്.ശാന്തി
അഡീഷണൽ സെക്രട്ടറി

കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണവകുപ്പ് – സ്വന്തമായി വാഹനമില്ലാത്ത പഞ്ചായത്തുകൾക്ക് ഒരു വാഹനം വാടകയ്ക്കെടുത്ത് ഉപയോഗിക്കുന്നതിന് അനുമതി നല്കി– ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശസ്വയംഭരണ(കെ)വകുപ്പ്

സ.ഉ(സാധാ)നമ്പർ. 82/2007/തസ്വഭവ തിരുവനന്തപുരം, തീയതി: 8-1-2007

പരാമർശം: കോ–ഓർഡിനേഷൻ കമ്മറ്റിയുടെ 22-11-2006 ലെ ഐറ്റം നം. 1-8 ലെ തീരുമാനം

ഉത്തരവ്

പരാമർശത്തിലെ വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ–ഓർഡിനേഷൻ സമിതി തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ സ്വന്തമായി വാഹനമില്ലാത്ത ഗ്രാമപഞ്ചായത്തുകൾക്ക് അടിയന്തിര ഔദ്യോഗിക ആവശ്യങ്ങൾക്കായി ഒരു വാഹനം വാടകയ്ക്കെടുത്ത് ഉപയോഗിക്കുന്നതിനായി അമ്പതിനായിരം രൂപയിൽ അധികരിക്കാത്ത തുക തനത് ഫണ്ടിൽനിന്നും പ്രതിവർഷം ചെലവഴിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണറുടെ ഉത്തരവിൻ പ്രകാരം

എം.എസ്.ശാന്തി
അഡീഷണൽ സെക്രട്ടറി

1.7.2008 ൽ തദ്ദേശ സ്വയംഭരണ (എഫ്.എം) വകുപ്പ്. 115741/എഫ്.എം.1/08/തസ്വഭവ നംമ്പറായി എല്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്കും അയച്ച സർക്കുലറിന്റെ പകർപ്പ്:

വിഷയം: തദ്ദേശ സ്വയംഭരണ വകുപ്പ് –മാവേലി സ്റ്റോർ വാടക തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും നൽകുന്നത് – സംബന്ധിച്ച്

സൂചന: തദ്ദേശ സ്വയംഭരണ വകുപ്പിൽ നിന്ന് പുറപ്പെടവിച്ച 15.7.2006 -ലെ 15289/കെ.1/05 നമ്പർ സർക്കുലർ

സർക്കുലർ

സൂചനയിലെ സർക്കുലർ നിർദ്ദേശപ്രകാരം മാവേലി സ്റ്റോറുകളുടെ വാടക ആദ്യ രണ്ടു വർഷങ്ങളിൽ ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനവും തുടർന്ന് സിവിൽ സപ്ലൈസ് കോർപ്പറേഷനുമാണ് നൽകേണ്ടത്. എന്നാൽ പല സ്ഥലങ്ങളിലേയും പ്രാദേശിക വാടക നിരക്ക്, സിവിൽ സപ്ലൈസ് കോർപ്പറേഷൻ/പി.ഡബ്ല്യു.ഡി നിരക്കിനേക്കാൾ ഉയർന്നതാകയാൽ അധികമായി വരുന്ന വാടക കൂടി ഉടമസ്ഥന് നൽകുന്നതിന് അനുവാദം നൽകണമെന്ന് പല തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും ആവശ്യപ്പെടുകയുണ്ടായി.

കേരളത്തിലെ പൊതുവിതരണ സമ്പ്രദായത്തിൽ ഏറ്റവും ഫലപ്രദമായി പ്രവർത്തിക്കുന്ന സ്ഥാപനങ്ങളിലൊന്നാണ് മാവേലി സ്റ്റോറുകൾ. ആയതിനാൽ എല്ലാ ഗ്രാമപഞ്ചായത്തുകളിലും ഇത്തരം ന്യായവില സംവിധാനങ്ങൾ സാർവ്വത്രികമാക്കുന്നതിനുള്ള ആവശ്യം പൊതുജനങ്ങളിൽ നിന്ന് ഉയർന്ന് വരുന്ന സാഹചര്യത്തിൽ നിലവിലുള്ള മാവേലി സ്റ്റോറുകളുടെ പ്രവർത്തനം തടസപ്പെടാതെ തുടരേണ്ടതാണ്.

ഇക്കാര്യം സർക്കാർ വിശദമായി പരിശോധിച്ചു. കേരള സ്റ്റേറ്റ് സിവിൽ സപ്ലൈസ് കോർപ്പറേഷൻ, നിലവിലുള്ള മാനദണ്ഡങ്ങൾക്കനുസരിച്ച് നിജപ്പെടുത്തുന്നതിൽ കൂടുതലാണ് തദ്ദേശ വാടക നിരക്കെങ്കിൽ സിവിൽ സപ്ലൈസ് കോർപ്പറേഷൻ/പി.ഡബ്ല്യു.ഡി നിശ്ചയിച്ചിരിക്കുന്ന വാടകയുടെ നിരക്കിൽ നിന്ന് പരമാവധി 25% വരെ കൂട്ടി നല്കാൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് നിർദ്ദേശം നൽകുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം

എസ്.സുരേന്ദ്രൻ
അഡീഷണൽ സെക്രട്ടറി

കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് – ജാഗ്രതാസമിതികളുടെ പ്രവർത്തനഫണ്ട് അനുവദിക്കുന്നതിനും വിനിയോഗിക്കുന്നതിനും അനുമതി നല്കി ഉത്തരവാകുന്നു.

തദ്ദേശ സ്വയംഭരണ (ഐബി) വകുപ്പ്

സ.ഉ (സാധാ)നം: 3350/2008/തസ്വഭവ തിരുവനന്തപുരം, തീയതി : 09.09.2008

പരാമർശം : 1. കില ഡയറക്ടറുടെ 13.02.2007-ലെ കില/ഡി.എസ്.പി -754/06 നമ്പർ കത്ത്

2. 25.07.2008 ലെ കോ-ഓർഡിനേഷൻ കമ്മിറ്റി തീരുമാനം

ഉത്തരവ്

പരാമർശം ഒന്നിലെ അപേക്ഷയുടെ അടിസ്ഥാനത്തിൽ പരാമർശം രണ്ടിലെ കമ്മിറ്റി തീരുമാന പ്രകാരം ജാഗ്രതാസമിതികളുടെ പ്രവർത്തന ചെലവുകൾ വഹിക്കുവാൻ ഗ്രാമപഞ്ചായത്തുകൾക്ക് പ്രതിവർഷം 35,000/- രൂപ (മുപ്പത്തിഅയ്യായിരം രൂപം മാത്രം) അധികരിക്കാത്ത തുക വിനിയോഗിക്കുന്നതിന് അനുമതി നൽകുന്നു. പ്രസ്തുത ചെലവുകൾക്ക് തനത് ഫണ്ട്/ജനറൽ പർപ്പസ് ഫണ്ട് വിനിയോഗിക്കാവുന്നതാണെന്ന് കൂടി ഉത്തരവാകുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം

സി.രാധാകൃഷ്ണൻ
ജോയിന്റ് സെക്രട്ടറി

Copy of the Govt. Circular No. 50/87/Fin. Dated 28-7/1987 from the Finance (Streamlining) Department, Trivandrum.

Sub: - **Rounding off of Transactions in Government Accounts- Instructions- regarding-**

Ref:- 1. O. M. No. F-23 (B) – E 11 (A) 86 dated 26-06-1986 from the Ministry of Finance (Department of Expenditure) Government of Indian.
2. C. M No. 149 (10) 86 / T A /1001 dt 29-9-1986 from the Ministry of Finance , Department of Expenditure , Government of Indian.

.....

Based on the recommendations of Geethakrishna Committee on General Financial Rules /Treasury Rules , the Government of India have decided in the reference cited that all Central Government transactions involving fraction of a Rupee shall be brought into accounts by rounding off to the nearest Rupee (fractions of 50 paise and above to be rounded off to the next higher Rupee and the fraction of less than 50 paise to be ignored). Consequent on the above decision, it has been decided by the Government of India to eliminate paise from the transactions which are settled through Cheques / Chalans or through book adjustments.

After considering the above reforms introduced by Government of India in detail, Government have decided to introduce similar reforms in this state. The following instructions are accordingly issued for scrupulous observance by all Heads of Departments and offices from 1-10-1987.

1. All Government Transactions , whether involving actual receipts/ payments or book adjustments should be in whole Rupees. Interest Loans/advance to employees which is computed as a percentage of the base amount and its recovery is effected in instalments , will be made recoverable in whole Rupees.

   All "Inner Column" deduction from salary bills in account of Life Insurance /License fee/ taxes etc. , will be rounded off to the nearest rupee. Similarly all entitlements due to an employee by way of H. R. A /D. A/ T . A. etc. will be in whole Rupees . All book transactions including entries appearing in " Inner Column" of bills will have to be in whole Rupees. All Transactions through cheques/chalans will only be in whole Rupees. All Claims on Government by Utility institutions like Electricity Board /Corporations etc. will have to be made in whole Rupees. Since the State Government will discharge its liability on their claims in whole Rupees, such service institutions are advised to change over to bills in whole Rupees for all customers with a view to reduce work load in their own office. All local bodies under the control of State Government should restructure their tax claims, octroi etc.
   So that amounts are realised in whole Rupees. Organisations like the Public Service Commission which received revenues by way of examinations fee etc. should rationalise the fee structures so that fractions are eliminated. Certain taxes such as Sale Tax being dependent upon the value of purchase will inevitably generate fractions. Sales Tax Authorities will advise their assesses who are responsible for remitting sales tax collected from customers to make the deposit to Government Accounts in whole Rupees.
2. In the case of cash transactions for petty purchases met out of permanent cash impress or petty sales which are reflected in a Primary records like cash book, the accounting procedure to be followed is set out below :-

i) Petty cash payments for Local Purchases are met out of permanent cash imprest available with the Head of Office and recoupment bill duly supported by Sub-Vouchers(were necessary) is required to be preferred periodically to the Accountant General for replenishment of the imprest. As far as possible, suppliers should be persuaded to co-operate in rounding off the amount payable to them on each occasion to the nearest Rupee. In exceptional as where payment of paise cannot be avoided, the total of the sub-vouchers sought to be recouped would included paise also. Nevertheless, the recoupment bill shall be submitted to the Accountant General for the whole Rupee portion only. However, for the purpose of balancing the transaction in the cash book as well in the permanent advance Disbursement Register, the D.D.P will (a) indicate the actual amount received in recoupment of the permanent advance; (b) record therein the unrecouped paise as on item of 'rounding off the transactions' and (c) carry it over to be claimed through the subsequent recoupment bill by giving particulars of the bill in which the amount received. Illustrative example is given in Annexure 'A'

ii) In the case of receipts arising out of sale of waste papers or old newspapers, periodicals, condemned furniture etc. the amounts to be realised should be rounded to the nearest Rupee and not include paise in the sum total of transactions with any party for which a single receipt is given so that the receipts are credit into Government Account in whole Rupees only.

3. The Postal Department adopted the system of rounding off to the nearest Rupee with effect from 30.08.1986 - vide Gazette of India Notification G.S.R No. 685 dt. 30.03.1986. Therefore all Money Orders issued by the Government should also be in whole Rupee.

കേരള സർക്കാർ

നമ്പർ. 52086/പി 3/98/തഭവ.

തദ്ദേശ ഭരണ (പി) വകുപ്പ്,
തിരുവനന്തപുരം,
തീയതി : 10.12.1998.

സർക്കുലർ

വിഷയം :- തദ്ദേശഭരണവകുപ്പ് - ഗുണഭോക്തൃ സമിതി മുഖേന നടപ്പിലാക്കുന്ന പണികളുടെ രേഖകൾ സൂക്ഷിക്കുന്നത് സംബന്ധിച്ച് - നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

വികേന്ദ്രീകൃത ആസൂത്രണ പദ്ധതികളുടെ ഭാഗമായി നിരവധി പൊതുമരാമത്ത് പണികൾ ഗുണഭോക്തൃ സമിതികൾ മുഖേന സംസ്ഥാനത്തെ തദ്ദേശഭരണ സ്ഥാപനങ്ങൾ നടപ്പിലാക്കിവരുന്നുണ്ട്. ഈ പ്രവൃത്തികളുമായി ബന്ധപ്പെട്ട എല്ലാ രേഖകളും - അതായത് നടപടിക്കുറിപ്പുകൾ (മിനിറ്റ്സ്), കരാറുകൾ, എസ്റ്റിമേറ്റ്, സാങ്കേതികാനുമതി, വർക്ക് ഓർഡർ, കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മറ്റ് നിർദ്ദേശങ്ങൾ, ബില്ലുകൾ/വൗച്ചറുകൾ, തൊഴിലാളി (വിദഗ്ദ്ധരും അവിദഗ്ദ്ധരും ഉൾപ്പെടെ) കളുടെ അഡ്രസ്സ് ഉൾക്കൊള്ളുന്ന മസ്റ്റർറോളുകൾ, വർക്ക് ബില്ലുകൾ തുടങ്ങിയവയെല്ലാം, പണി പൂർത്തിയായിക്കഴിയുന്നതുവരെ ഗുണഭോക്തൃസമിതി സൂക്ഷിക്കേണ്ടതാണ്. പണി പൂർത്തിയായശേഷം ഈവക രേഖകൾ പണി നടപ്പിലാക്കുന്ന ഉദ്യോഗസ്ഥന്റെ (ഇംപ്ലിമെന്റിംഗ് ഓഫീസർ) ഓഫീസിൽ സൂക്ഷിക്കേണ്ടതാണ്. ഈ രേഖകൾ പൊതുരേഖകളായിരിക്കുന്നതും, ഏതെങ്കിലുമൊരു വ്യക്തി അവ പരിശോധനയ്ക്കായി ആവശ്യപ്പെടുന്നപക്ഷം നല്കേണ്ടതുമാണ്. ഈ രേഖകളുടെ ഫോട്ടോകോപ്പികൾ ആവശ്യപ്പെടുന്നവർക്ക് ആയതിനുള്ള നിയമാനുസൃതചാർജ് ഈടാക്കിയശേഷം നല്കേണ്ടതാണ്.

എസ്.എം. വിജയാനന്ദ്,
തദ്ദേശഭരണവകുപ്പു സെക്രട്ടറി.

കേരള സർക്കാർ

നം. 23143/പി3/99/തഭവ

തദ്ദേശഭരണ (പി) വകുപ്പ്
തിരുവനന്തപുരം
16.6.99
സർക്കുലർ

വിഷയം: തദ്ദേശഭരണവകുപ്പ്–ജനകീയാസൂത്രണം–ഗുണഭോക്തൃസമിതികൾ മുഖേന നടത്തുന്ന ജോലികൾ – കൺവീനർമാർക്ക് ചെക്കുകൾ നേരിട്ടുനൽകൽ – സ്പഷ്ടീകരണം സംബന്ധിച്ച് –

സൂചന: 22.5.99 ലെ ആലപ്പുഴ ജില്ലാ പഞ്ചായത്തു പ്രസിഡന്റിന്റെ കത്ത് –

ജനകീയാസൂത്രണവുമായി ബന്ധപ്പെട്ട് ഗുണഭോക്തൃ സമിതികൾ മുഖേന നടപ്പാക്കുന്ന ജോലികളിൽ ഗുണഭോക്തൃ സമിതി കൺവീനർമാർക്ക്, ചെയ്ത ജോലികൾക്കുള്ള ചെക്കുകൾ നേരിട്ടു കൊടുക്കാതെ സഹകരണബാങ്കുകൾ വഴി മാറുന്നതിനുള്ള നടപടിക്രമങ്ങൾ പല നിർവഹണോദ്യോഗസ്ഥരും സ്വീകരിക്കുന്നതിനാൽ പ്രവൃത്തികളുടെ പുരോഗതി സാരമായി തടസ്സപ്പെടുന്നതായി പല തദ്ദേശഭരണ സ്ഥാപനങ്ങളും സർക്കാരിൽ പരാതിപ്പെടുകയുണ്ടായി.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ജനകീയാസൂത്രണവുമായി ബന്ധപ്പെട്ട് ഗുണഭോക്തൃ സമിതികൾ മുഖേന നടപ്പാക്കുന്ന പണികളുടെ ബിൽ തുകയ്ക്കുള്ള ചെക്കുകൾ നിർവഹണോദ്യോഗസ്ഥർ ബന്ധപ്പെട്ട ഗുണഭോക്തൃ സമിതി കൺവീനർമാർക്ക് നേരിട്ടു നൽകേണ്ടതാണെന്ന് സർക്കാർ ഇതിനാൽ വ്യക്തമാക്കിക്കൊള്ളുന്നു.

എസ്.എം. വിജയാനന്ദ്
ഗവ. സെക്രട്ടറി

GOVERNMENT OF KERALA

Abstract

World Bank- Aided Rural Water Supply Scheme Implemented through Village Panchayats - Flow of Funds - Procedure to be Followed - Orders Issued.

LOCAL SELF GOVERNMENT (DP) DEPARTMENT

G.O.(Rt) No. 2069/2000/LSGD Dated, Thiruvananthapuram, 23.5.2000

ORDER

The Government of Kerala is implementing a rural water supply and sanitation project with assistance from the World Bank. As per the project, 75% of the cost of individual scheme is to be met by the Government of Kerala from the loan availed from the World Bank with the remaining cost being shared by panchayats and is to be done by beneficiary groups working under the selected grama panchayats in the project districts Kozhikode, Malappuram, Palakkad and Thrissur. In the circumstances, to facilitate smooth operation and flow of funds at village panchayat / beneficiary committee level, the following orders are issued:

(i) The village Panchayats would be permitted to open a separate bank account to be operated jointly by the Secretary and President of the panchayat. This account will be exclusively for the project and moneys not related to the project shall not be deposited or withdrawals for any other purpose made from this account. To this account, the panchayat will credit its project management unit of Kerala Rural Water Supply and Sanitation Agency would directly, flow into it. Once the Village panchayat transfers its share to the separate bank account, it would be deemed as expenditure for the purpose of G.O. (P) No. 676/97/Fin. dated 6th August 1997.

(ii) For the purpose of accounting of resourses, the funds received from Kerala Rural Water Supply and Sanitation Agency would be categorised as if it were category 'B' funds, ie, state sponsored scheme funds.

(iii) The beneficiary committee would have to open an account before the planning cycle of the project starts. The beneficiaries would be crediting their contribution to this account. The payments by the bills would be transfer credited from its project account to the account of the beneficiary committee concerned.

(iv) Since the share of the village panchayat would be very high, once the project pick up, block panchayats are permitted to share the costs, subject to the condition that the percentage of shared cost would be the same for all the participating village panchayats within the jurisdiction of the block/district panchayat for a particular year.

By Order of the Governor

S.M. VIJA Y ANAND

Secretary to Government

55997/എൻ 1/2001/തസ്വഭവ

തദ്ദേശസ്വയംഭരണ (എൽ) വകുപ്പ്

തിരുവനന്തപുരം, തീയതി 18.03.2002

സർക്കുലർ

വിഷയം :- **തദ്ദേശസ്വയംഭരണ വകുപ്പ് - കേരള പഞ്ചായത്ത് രാജ് ആക്ട് - പഞ്ചായത്ത് ഫണ്ടിൽനിന്നും പണം ചെലവഴിക്കുന്നതിനുള്ള സ്പഷ്ടീകരണം സംബന്ധിച്ച്**

1994 ലെ കേരള പഞ്ചായത്ത് നിയമത്തിലെ 182(6) -ാം വകുപ്പ് പ്രകാരം, സെക്രട്ടറി, പ്രസിഡന്റ് ഏൽപ്പിച്ചുകൊടുക്കുന്ന ചെലവുകൾ ചെയ്യേണ്ടതാണ്. 156(4) (ഡി) വകുപ്പ് പ്രകാരം പഞ്ചായത്തിനെ സംബന്ധിക്കുന്ന പണം കൊടുക്കലും പണം തിരികെ കൊടുക്കലും അധികൃതമാക്കുകയും ചെയ്യുന്നതിനുള്ള ചുമതല പഞ്ചായത്തിന്റെ പ്രസിഡന്റിനാണ്. 1996 ലെ കേരള പഞ്ചായത്ത് രാജ് (പഞ്ചായത്ത് ഫണ്ട് നിക്ഷേപിക്കലും പിൻവലിക്കലും) ചട്ടങ്ങളിലെ 5(1) പ്രകാരം പഞ്ചായത്ത് ഫണ്ടിൽ നിന്നും പണം പിൻവലിക്കുന്നതിന് സെക്രട്ടറി പ്രസിഡന്റിന്റെ രേഖാമൂലമായ ഉത്തരവ് വാങ്ങിയിരിക്കേണ്ടതാണ് എന്ന വ്യവസ്ഥ ആക്ടിലെ മേൽപ്പറഞ്ഞ വ്യവസ്ഥകൾക്ക് ഉപോൽപലകമാണ്. ആക്ടിലെ 182 (7) -ാം വകുപ്പ് പഞ്ചായത്ത് അധികൃതമാക്കിയ എല്ലാ വിധ ചെലവുകൾക്കുമുള്ള തുകകൾ ചെക്കായോ പണമായോ നിൽകേണ്ടതാണ് എന്ന് മാത്രമേ വ്യവസ്ഥ ചെയ്യുന്നുള്ളൂ. ഇതിലേക്ക് പ്രസിഡന്റിന്റെ അംഗീകാരം ആവശ്യമില്ലായെന്ന് വ്യവസ്ഥ ചെയ്യുന്നുള്ളൂ. ഇതിലേക്ക് പ്രസിഡന്റിന്റെ അംഗീകാരം ആവശ്യമില്ലായെന്ന് വ്യവസ്ഥ ചെയ്തിട്ടില്ല. 182(7) ാം വകുപ്പിൽ പറഞ്ഞിട്ടുള്ള എല്ലാവിധ ചെലവുകളും അധികൃതമാക്കുന്നതിനുള്ള ചുമതല 156(4) (ഡി) വകുപ്പ് പ്രകാരം പ്രസിഡന്റിൽ മാത്രം നിക്ഷിപ്തമാണ്. പഞ്ചായത്ത് കമ്മിറ്റി അംഗീകരിക്കുന്ന തുകയാണെങ്കിൽ പോലും 5(1) ചട്ടപ്രകാരം, പഞ്ചായത്ത് ഫണ്ടിൽ നിന്നും പണം പിൻവലിക്കുന്നതിന് സെക്രട്ടറി പ്രസിഡന്റിന്റെ രേഖാമൂലമുള്ള ഉത്തരവ് വാങ്ങിയിരിക്കേണ്ടതാണ്. അതിനാൽ പ്രസിഡന്റ് അധികൃതമാക്കിയ തുകകൾ മാത്രമേ പഞ്ചായത്ത് ഫണ്ടിൽ നിന്നും പിൻവലിക്കുവാൻ ആക്ടിലെയും ചട്ടങ്ങളിലേയും വ്യവസ്ഥകൾ സെക്രട്ടറിയെ അധികാരപ്പെടുത്തിയിട്ടുണ്ട്.

പി.കമാൽകുട്ടി
ഗവണ്മെന്റ് സെക്രട്ടറി

OFFICE OF THE CHIEF COMMISSIONER OF INCOMETAX, KOCHI, F.NO. CC. CHN/TECH. M1SC./2002/03/DATED, 18.2.2003

To

The Secretary (Finance)

Finance Department, Government of Kerala

Respected Sir,

Sub:- Non-Remittance of Tax Deduction at Source at Source from the amounts paid to the Government Contractors - reg.

Various development works are undertaken by the Panchayats and the relative contract amounts are paid by the Panchayats to the contractors through the Treasury. As per the provisions of Section 1940 of the Income Tax Act, 1951, any person responsible for paying any sum to any resident for carrying any work in pursuance of a contract should deduct income tax as prescribed, at the time of credit of such sum to the account of the contractor or at the time of payment thereof. The sum so deducted should be remitted to the Central Government account within the prescribed time. It is reported by the various field Officers of the Income Tax Department, that eventhough the contract amounts are being paid to the contractors, the TDS part of the contract amount is being retained by the Panchayat authorities on the ground that because of restriction on withdrawal from the Treasury, they are unable to draw cash for remittance of the tax deducted at source to the Central Government Account. This is in violation of the provisions of the Income Tax Act. This also makes the person responsible for deducting tax at source liable for penal interest for delayed payment of tax to the credit of the Central Government, apart from other penal consequences. In the circumstances, it is earnestly requested that appropriate instructions in this regard may please

be caused to be issued to the Panchayat authorities at the earliest so that the Tax Deducted at source from the contract amounts are paid within the prescribed due dates. It may also be instructed that the pending payment on this account are remitted to the Central Government account within the present financial year itself without any further delay.

Yours faithfully

Sd/-

T. John George

Addl. Commissioner of Income Tax.T)

GOVERNMENT OF KERALA

Abstract

Local Bodies-Decentralization of Powers-Functions Transferred to Local Bodies-Audit of Accounts by the Comptroller and Auditor General of India under section 20 (1) of Comptroller and Auditor General's DPC Act 1971 - Detailed Orders Issued

LOCAL SELF GOVERNMENT (PA) DEPARTMENT

G.O.(P) No. 68/2003/LSGD. Dated, Thiruvananthapuram, 27th February, 2003

Read :-
1. G.O.(P) No. 631/2002/Fin. Dated, 17-10-2002
2. D.O Letter No. 50896/BW-JI/2002 Dated 24-1-2003 from the Principal Secretary (Finance)

ORDER

Based on the recommendations of the Eleventh Finance Commission, Government of Kerala has decided to address the Comptroller and Auditor General of India requesting him to undertake audit of transaction of 10% of the local bodies, by random selection, supplementary audit of 10% of institutions audited by Local Fund Audit, vetting of inspection and Audit Reports of Local Fund Audit for improving technical quality for a period of five years vide G.O. read first above. The Government order also states that the Accountant General should help the Director of Local Fund Audit in audit planning and the comments of the Comptroller and Auditor General on the audit supplementary audit of transactions of local bodies and vetting of inspection and audit reports will be included as a separate part of the Audit Report of the Director of Local Funds Audit placed before the Legislature.

The Principal Secretary (Finance) in the D.O. Letter read 2nd above requested the department to issue further instructions in the matter to the Local Self Government Institutions, to enable the Accountant General to conduct the audit of the Local Self Government Institutions effectively.

The Government after detailed examination of the case is pleased to issue the following directions to the local bodies for strict compliance.

(1.) All local bodies should extend full-hearted support to the audit teams of Accountant General by providing the requisite files, records, information etc. and other facilities for the smooth conduct of audit.

(2.) Prompt replies should be given for the audit enquiries given by the audit teams, during the course of audit.

(3.) Whenever any rectification/remedial action is to be taken on the audit objections the Secretary of the local body should place the matter before the local body and after their approval action should be taken and intimated to the Accountant General.

(4.) If replies to audit enquiries could not be submitted during the course of audit, action should be taken for submitting the same soon after the receipt of report from the Accountant General.

(5.) A register showing the number of inspection reports and objections pending shall be maintained and the same should be reviewed once in three months to ensure the settlement of audit paragraphs.

(6.) The replies to the audit enquiries and paragraphs included in the inspection report can be forwarded to the office of Accountant General directly by the Secretary of the local body and a copy of the same shall be given to the Assistant Director of Panchayat (PA)/Assistant Development Commissioner (PA)/State Performance Audit Officer, Local Self Government Department, Government Secretariat, for Village Panchayats/,Block Panchayats and Zilla Panchayats respectively.

(7.) Wherever specific remarks of the Government are required, to be given to the Accountant General, the local body should take up the matter with the Local Self Government (PA) Department for further action.

(8.) All the local bodies should ensure that, all the inspection reports of the Accountant General are closed within a time frame, after furnishing replies, taking remedial/rectification action

By order of the Governor

P. KAMALKUTTY
Secretary to Government

27.03.2003 ന് തദ്ദേശസ്വയംഭരണ (ഡിപി) വകുപ്പ്, തിരുവനന്തപുരം 10703/ഡിപി1/03/തസ്വഭവ നമ്പറായി അയച്ച സർക്കുലറിന്റെ പകർപ്പ്

വിഷയം :- **തദ്ദേശസ്വയംഭരണ വകുപ്പ് – ജനകീയാസൂത്രണം – ഗുണഭോക്തൃ സമിതി കൺവീനർമാർക്ക് നൽകിയ തുക തിരിച്ച് പിടിക്കുന്നത് സംബന്ധിച്ച് –വിശദീകരണം പുറപ്പെടുവിക്കുന്നു.**

പരാമർശം : – 1. 27.12.2001 ലെ 17101/ഡിപി1/01/തസ്വഭവ നമ്പർ സർക്കുലർ
2. 16.5.2002 ലെ 16687/ഡിപി1/02/തസ്വഭവ നമ്പർ സർക്കുലർ
3. 7.10.2002 ലെ കോർഡിനേഷൻ സമിതി തീരുമനം നമ്പർ 1.9
4. 24.1.2003 ലെ കോർഡിനേഷൻ കമ്മിറ്റി തീരുമാനം നമ്പർ 1.23
5. 6.2.2003 ലെ 6189/ഡിപി 1/03/തസ്വഭവ നമ്പർ സർക്കുലർ

ജനകീയാസൂത്രണ പദ്ധതിയിൽ കീഴിൽ ഗുണഭോക്തൃസമിതി മുഖേന പണികൾ നടത്തുന്നതിലേക്ക് അഡ്വാൻസ് തുക കൈപ്പറ്റിയിട്ട് എഗ്രിമെന്റിൽ പറഞ്ഞിരിക്കുന്ന തീയതിക്കുള്ളിൽ പണികൾ പൂർത്തിയാക്കാതെ മുടക്കം വരുത്തിയിട്ടുള്ള ഗുണഭോക്തൃസമിതി കൺവീനർമാരിൽ നിന്നും നൽകിയ തുക പിരിച്ചുപിടിക്കേണ്ടതാണെന്നും ആയത് സാദ്ധ്യമായില്ലെങ്കിൽ 18% പലിശയോടെ റിക്കവറി നടപടികൾ ആരംഭിക്കേണ്ടതാണെന്നും പരാമർശം 1 ലെയും, 2 ലെയും സർക്കുലർ പ്രകാരം ബന്ധപ്പെട്ട എല്ലാവർക്കും നിർദ്ദേശം നൽകിയിരുന്നു.

എന്നാൽ 7.10.2002 ലെ വികേന്ദ്രീകൃതാസൂത്രണം സംസ്ഥാനതല കോർഡിനേഷൻ സമിതി യോഗം അഡ്വാൻസ് തുക കൈപ്പറ്റിയിട്ട് പണി നടത്താതിരുന്ന കൺവീനർമാരിൽ നിന്നും 12% പലിശ സഹിതം ഈടാക്കുന്നതിന് നിർദ്ദേശം നൽകാൻ തീരുമാനച്ചിരുന്നു. തുടർന്ന് 24.1.03 ലെ കോർഡിനേഷൻ കമ്മിറ്റി യോഗത്തിൽ തീരുമാനിച്ച പ്രകാരം, അഡ്വാൻസ് തുക കൈപ്പറ്റിയിട്ട് പ്രോജക്ട് നിർവഹണം പൂർത്തിയാക്കാത്ത ഗുണഭോക്തൃ സമിതി കൺവീനർമാരിൽ നിന്നും റവന്യൂ റിക്കവറി നടപടികൾ മഖേന തുക ഈടാക്കുമ്പോൾ റവന്യൂ റിക്കവറി നടപിടകൾക്ക് പ്രാബല്യത്തിലുള്ള പലിശ നിരക്ക് ബാധകമാക്കേണ്ടതാണെന്ന് പരാമർശം 3 ലെ സർക്കുലർ പ്രകാരം ഉത്തരവായി.

ഈ സാഹചര്യത്തിൽ ഈ വിഷയത്തിൽ ഒരു വിശദീകരണം ആവശ്യമാണെന്ന് സർക്കാരിന് ബോദ്ധ്യമായിരിക്കുന്നു. ആയതിനാൽ പരാമർശത്തിലെ സർക്കുലറുകൾ സംബന്ധിച്ച് താവെ പറയുന്ന വിശദീകരണം പുറപ്പെടുവിച്ചിരുന്നു.

ജനകീയാസൂത്രണ പ്രോജക്ടുകൾക്ക് അഡ്വാൻസ് തുക കൈപ്പറ്റിയിട്ട് പണി പൂർത്തിയാക്കാത്ത ഗുണഭോക്തൃ സമിതി കൺവീനർമാരിൽ നിന്നും അഡ്വാൻസ് തുക 12% പലിശ സഹിതം, തിരിച്ചു പിടിക്കേണ്ടതാണ്. പ്രസ്തുത തുകക്ക് റവന്യൂ റിക്കവറി നടപടികൾ മുഖേന തിരിച്ചുപിടിക്കേണ്ടി വരുമ്പോൾ റവന്യൂ റിക്കവറി നടപടികൾക്ക് പ്രാബല്യത്തിലുള്ള 18% പലിശ ഈടാക്കേണ്ടാണ്.

പി. കമാൽകുട്ടി
സെക്രട്ടറി

കേരള സർക്കാർ

36662/പിഎ3/02/തസ്വഭവ

തദ്ദേശസ്വയംഭരണ(പിഎ) വകുപ്പ്
തിരുവനന്തപുരം, തീയതി 3.04.03

ഗവണ്മെന്റ് സെക്രട്ടറി

ഡയറക്ടർ, കൃഷി വകുപ്പ്, തിരുവനന്തപുരം
ഡയറക്ടർ, മൃഗസംരക്ഷണ വകുപ്പ്, തിരുവനന്തപുരം
ഗ്രാമവികസന കമ്മീഷണർ, പാളയം, തിരുവനന്തപുരം
ഡയറക്ടർ, ഫിഷറീസ് വകുപ്പ്, തിരുവനന്തപുരം
ഡറക്ടർ, സാമൂഹ്യക്ഷേമവകുപ്പ്, തിരുവനന്തപുരം
ഡയറക്ടർ, വ്യവസായ വകുപ്പ്, തിരുവനന്തപുരം
ഡയറക്ടർ ഓഫ് പബ്ലിക്ക് ഇൻസ്ട്രക്ഷൻ, ജഗതി, തിരുവനന്തപുരം

സർ,

വിഷയം:– **ഗ്രാമപഞ്ചായത്തുകളിലെ പദ്ധതി നിർവഹണം – നിർവഹണ ഉദ്യോഗസ്ഥന്മാർ കണക്കുകൾ നൽകാത്തത് സംബന്ധിച്ച്**

സൂചന :– 1. 12/11/98 ലെ സർക്കാർ ഉത്തരവ് (പി) 2832/98/ഫിൻ
2. 31/03/99 ലെ ജി.ഒ (പി) 1261/99/ഫിൻ

ഗ്രാമപഞ്ചായത്തുകളിൽ പദ്ധതി നടപ്പിലാക്കുന്ന നിർവഹണോദ്യോഗസ്ഥന്മാർക്ക് കൈമാറ്റം ചെയ്യുന്ന തുകയുടെ ബാക്കിയും ചെലവുവന്ന തുകയുടെ കണക്കുകളും സൂചനയിലെ ഉത്തരവുകൾ പ്രകാരം ഗ്രാമപഞ്ചായത്തിന് നൽകേണ്ടതുണ്ട്. എന്നാൽ പല കാരണങ്ങളാൽ ഈ സർക്കാർ ഉത്തരവുകൾ നിർവഹണോദ്യോഗസ്ഥർ പാലിക്കുന്നില്ല. ഇക്കാരണത്താൽ തന്നെ ജനകീയാസൂത്രണത്തിലെ ആഡിറ്റിംഗ് ഉൾപ്പെടെയുള്ള കാര്യങ്ങളിൽ വളരെയേറ കാലതാമസം നേരിടുന്നു. അതിനാൽ നിർവഹണ ചുമതലയേൽപ്പിക്കുന്ന ഉദ്യോഗസ്ഥന്മാരുടെ സ്ഥലംമാറ്റം സംബന്ധിച്ച് ഉത്തരവിന്റെ പകർപ്പും പെൻഷൻ പറ്റി പിരിയുന്നത് സംബന്ധിച്ച വിവരവും അതത് ഗ്രാമപഞ്ചായത്തുകളെ കൂടി അറിയിക്കണമെന്നും പദ്ധതി നിർവഹണ ഉദ്യോഗസ്ഥൻ എന്ന നിലവിലുള്ള ബാദ്ധ്യത/ബാദ്ധ്യതരഹിത സാക്ഷ്യപത്രം നൽകുന്നതിനും ആവശ്യമായ നിർദ്ദേശം പുറപ്പെടുവിക്കണമെന്നും താല്പര്യപ്പെടുന്നു.

വിശ്വസ്തതയോടെ
ഡി. സരസ്വതി
അണ്ടർ സെക്രട്ടറി
സെക്രട്ടറിക്കുവേണ്ടി

അംഗീകാരത്തോടെ,
(ഒപ്പ്)
സെക്ഷൻ ഓഫീസർ

GOVERNMENT OF KERALA

നം. 36339/എൽ 2/03/തസ്വഭവ

തദ്ദേശസ്വയംഭരണ (എൽ)വകുപ്പ്
തിരുവനന്തപുരം, തീയതി 10.10.2003

സെക്രട്ടറി
പഞ്ചായത്ത് ഡയറക്ടർ
തിരുവനന്തപുരം

സർ,

വിഷയം:– **കോഴഞ്ചേരി ഗ്രാമപഞ്ചായത്ത് – അജ്ഞാത മൃതശരീരം മറവ് ചെയ്യുന്ന് സംബന്ധിച്ച്**

സൂചന :– താങ്കളുടെ സി 6- 23549/02 നമ്പർ കത്ത്

സൂചനയിൽ പറഞ്ഞിട്ടുള്ള കത്തിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. കോഴഞ്ചേരി ഗ്രാമപഞ്ചായത്ത് അതിർത്തിയിൽ സ്ഥിതി ചെയ്യുന്ന ജില്ലാ ആശുപത്രിയിൽ വെച്ച് മരണപ്പെട്ട അജ്ഞാതരുടെ മൃത ദേഹം മറവ് ചെയ്യാൻ ആശുപത്രി അധികൃതർ പഞ്ചായത്തിനോട് ആവശ്യപ്പെട്ടാൽ പഞ്ചായത്ത് അത് ചെയ്യാൻ ബാദ്ധ്യസ്ഥമാണ്. പഞ്ചായത്തിന് സ്വന്തമായി ശ്മശാനമില്ലെങ്കിൽ ഏറ്റവും അടുത്തു ള്ള പൊതു ശ്മശാനത്തിൽ ഗ്രാമപഞ്ചായത്തിന്റെ ചെലവിൽ മൃതദേഹം മറവ് ചെയ്യാൻ നടപടി സ്വീകരിക്കേണ്ടതാണ്. ഇക്കാര്യം എല്ലാ ഗ്രാമപഞ്ചായത്തുകൾക്കും ബാധകമാണെന്ന വിവരം അറി യിക്കുന്നു.

വിശ്വസ്തതയോടെ,

എൻ.ലത
ജോയിന്റ് സെക്രട്ടറി
സെക്രട്ടറിക്കുവേണ്ടി

ജി4. 2656/04 പഞ്ചായത്ത് ഡയറക്ടറാഫീസ്

തിരുവനന്തപുരം, തിയതി. 21.1.04

സർക്കുലർ

വിഷയം: ഗ്രാമപഞ്ചായത്തുളിലെ ചെക്ക് ബുക്ക്, രസീത് ബുക്ക്, രസീത് തുടങ്ങിയവയുടെ സൂക്ഷിപ്പ് സംബന്ധിച്ച്

സൂചന:

നിലവിലുള്ള ജോബ് ചാർട്ട് പ്രകാരം രസീത് ബുക്ക്, ചെക്ക് ബുക്കുകൾ തുടങ്ങിയ വിലപിടിപ്പുള്ള രേഖകൾ സൂക്ഷിക്കേണ്ടത് ഗ്രാമപഞ്ചായത്തുകളിലെ ഹെഡ്ക്ലാർക്ക്/ജൂനിയർ സൂപ്രണ്ട് ആണ്. അതുപോലെ നികുതി സംബന്ധമായ അസെസ്മെന്റ് രജിസ്റ്ററുകൾ, ഡിമാന്റ് രജിസ്റ്ററുകൾ എന്നിവ ആഫീസ് ക്ലാർക്കുമാരാണ് സൂക്ഷിക്കേണ്ടതും രേഖപ്പെടുത്തലുകൾ വരുത്തേണ്ടതും. എന്നാൽ ചെക്ക് ബുക്കുകൾ, രസീതുബുക്കുകളുടെ സൂക്ഷിപ്പും കൈകാര്യം ചെയ്യലും മിക്ക പഞ്ചായത്തുകളിലും ക്ലാർക്കുമാരാണ്. അതുപോലെ നികുതി സംബന്ധമായ രജിസ്റ്ററുകൾ കൈകാര്യം ചെയ്യുന്ന ചുമതല ബന്ധപ്പെട്ട വാർഡുകളിൽ പിരിവിനും അന്വേഷണങ്ങൾ നടത്തുന്നതിനും ചുമതലപ്പെടുത്തിയിട്ടുള്ള ക്ലാർക്കുമാർക്ക് നല്കുന്ന പ്രവണതയും കണ്ടുവരുന്നു. ആയത് പല വിധത്തിലുള്ള ക്രമക്കേടുകൾക്കും രേഖകളിലെ കൃത്രിമങ്ങൾക്കും അതുവഴി ധനാപഹരണത്തിനും കാരണമാകുന്നതായും കുറ്റവാളികൾക്ക് അവരവരുടെ ഉത്തരവാദിത്വങ്ങളിൽ നിന്നും രക്ഷപ്പെടുത്തുന്നതിനും ഇടവരുന്നത് ഒരു നിത്യ സംഭവമായി മാറിയിരിക്കുന്നു. ഈ സാഹചര്യത്തിൽ ചെക്ക് ബുക്ക്, രസീത് ബുക്കുകൾ (ഉപയോഗിക്കാത്തവയും, ഉപയോഗിക്കുന്നവയും) തുടങ്ങി വിലപിടിപ്പുള്ള സാധനങ്ങൾ നിലവിലുള്ള നിർദ്ദേശങ്ങൾ പ്രകാരമാണോ പഞ്ചായത്തുകളിൽ കൈകാര്യം ചെയ്യുന്നത് എന്ന് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർ ഉറപ്പുവരുത്തേണ്ടതാണ്. കൂടാതെ നികുതി സംബന്ധമായ രജിസ്റ്ററുകൾ സൂക്ഷിക്കുന്നതും കൈകാര്യം ചെയ്യുന്നതും ആഫീസിനുള്ളിലെ ജോലികൾക്കായി നിയോഗിച്ചിട്ടുള്ള ക്ലാർക്കായിരിക്കണം എന്നും ഉറപ്പു വരുത്തേണ്ടതാണ്.

ആഫീസ് കളക്ഷന് വേണ്ടി ഇഷ്ടാനുസരണം (ഒന്നിൽ കൂടുതൽ) രസീതു ബുക്കുകൾ ഉപയോഗിക്കുന്നത് മൂലം പണാപഹരണം നടത്തുന്ന നിരവധി കേസുകൾ യഥാസമയം കണ്ടുപിടിക്കാൻ കഴിയാതെ വരുകയും പഞ്ചായത്തുകൾക്ക് ഭീമമായ നഷ്ടം സംഭവിക്കാനിട വരുത്തുകയും അതിലുപരി കുറ്റവാളികൾ രക്ഷപ്പെടുകയും ചെയ്യുന്നത് ഒരു നിത്യസംഭവമായി മാറിയി

രിക്കുകയാണ്. ആയത് ഒഴിവാക്കുന്നതിനായി മേലിൽ ആഫീസ് കളക്ഷനുവേണ്ടി ഒരുസമയം ഒരു രസീത് ബുക്കുമാത്രമേ ഉപയോഗിക്കാൻ പാടുള്ളൂ എന്നും ആർ.ആർ എഴുതുന്നയാൾ രസീത് എഴുതാൻ പാടില്ല എന്നും നിർദ്ദേശം നല്കേണ്ടതാണ്.

മേൽപറഞ്ഞിരിക്കുന്ന കാര്യങ്ങൾ പ്രാവർത്തികമാക്കുന്നതിന് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർ നിർദ്ദേശം നല്കേണ്ടതും, അവ പാലിക്കുന്നുണ്ടെന്ന് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്കു പുറമെ അസിസ്റ്റന്റ് ഡയറക്ടർമാർ, പെർഫോർമൻസ് ആഡിറ്റ് സൂപ്പർവൈസർമാർ എന്നിവരും ഉറപ്പു വരുത്തേണ്ടതാണ്.

എൽ. സുശീല

പഞ്ചായത്ത് ഡയറക്ടറുടെ അധികചുമതല
കൂടി വഹിക്കുന്ന ജോയിന്റ് ഡയറക്ടർ
(ഭരണം)

18.05.2004 ലെ പഞ്ചായത്ത് ഡയറക്കറാഫീസ് എ1-6115/2004 നമ്പറായി അയച്ച സർക്കുലറിന്റെ പകർപ്പ്.

വിഷയം :- **പഞ്ചായത്ത് വകുപ്പ് – ജീവനക്കാരും – ധനകാര്യസ്ഥാപനങ്ങളിലേക്കുള്ള വായ്പ കുടിശ്ശിക – ജീവനക്കാരിൽ നിന്നും ഈടാക്കുന്നത് സംബന്ധിച്ച്**

സൂചന :-

പഞ്ചായത്ത് വകുപ്പിലെ ഗ്രാമപഞ്ചായത്ത്/ജില്ലാപഞ്ചായത്ത്/പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടര്, ഡെപ്യൂട്ടി ഡയറക്ടറുടെ ഓഫീസുകളിലെ ജീവനക്കാർ വിവധ ധനകാര്യസ്ഥാപനങ്ങളിൽ വരുത്തുന്ന വായ്പ കുടിശ്ശിക ഈടാക്കി നൽകുവാൻ അപേക്ഷിച്ചുകൊണ്ടുള്ള നിരവധി നോട്ടീസുകൾ പഞ്ചായത്ത് ഡയറക്ടറുടെ പേരിൽ ലഭിച്ചികൊണ്ടിരിക്കുകയാണ്. ഓഫീസ് മേധാവികൾ നൽകുന്ന സാലറി സർട്ടിഫിക്കറ്റുകളുടെ അടിസ്ഥാനത്തിൽ ജീവനക്കാർ എടുക്കുന്ന വായ്പ്പകൾ യഥാവിധി തിരികെ അടക്കാത്തതും ആയത് സംബന്ധിച്ചുള്ള റിക്കവറി നോട്ടീസുകളിന്മേൽ ഓഫീസ് മേധാവികൾ യഥാവിധി നടപടി സ്വീകരിക്കാത്തതുമാണ് ഇത്തരമൊരവസ്ഥക്ക് കാരണം.

ആയതിനാൽ എല്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാരും തങ്ങളുടെ അധികാര പരിധിയിലുള്ള ജീവനക്കാരുടെ വായ്പ തുകകൾ കൃത്യമായ ശമ്പളത്തിൽ നിന്നും റിക്കവറി നടത്തുന്നുണ്ടോയെന്ന് പെർഫോർമ്ൻസ് ഓഡിറ്റ് ഉദ്യോഗസ്ഥൻ മുഖേന (ഗ്രാമപഞ്ചായത്തുകൾ ഉൾപ്പെടെ) പരിശോധിക്കേണ്ടതാണെന്നും റിക്കവറി നടത്തുന്നതിലേക്കായി ധനകാര്യസ്ഥാപനങ്ങൾ അയക്കുന്ന കത്തുകൾക്ക് പ്രാധാന്യം നൽകി റിക്കവറി നടപടികൾ സ്വീകരിക്കേണ്ടതാണെന്നും ഓർമ്മിപ്പിക്കുന്നു. ഇക്കാര്യത്തിൽ ഡെപ്യൂട്ടി ഡയറക്ടർമാർ വീഴ്ച വരുത്തുന്നത് മൂലം കുടിശ്ശിക തുക ഈടാക്കി നൽകുന്നതിനായി പഞ്ചായത്ത് ഡയറക്ടറുടെ പേരിൽ നോട്ടീസ് ലഭിക്കുകയാണെങ്കിൽ ബന്ധപ്പെട്ട പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാരുടെ പേരിൽ പഞ്ചായത്ത് ഡയറക്ടറുടെ ഓഫീസിൽ നിന്നും അച്ചടക്കനടപടികൾ സ്വീകരിക്കുന്നതാണെന്നും അറിയിക്കുന്നു.

പി.ബി സിദ്ധാർത്ഥൻ, ഐ.എ.എസ്
പഞ്ചായത്ത് ഡയറക്ടർ

കേരള സർക്കാർ

നം. 2515/കെ2/04/തസ്വഭവ

തദ്ദേശ സ്വയംഭരണ (കെ) വകുപ്പ്
തിരുവനന്തപുരം, തീയതി. 18.9.04

സെക്രട്ടറി,

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം

സർ,

വിഷയം: ഗ്രാമപഞ്ചായത്തുകളിലെ വാർഷിക കണക്ക് തയ്യാറാക്കുന്നതിന് പുറമേ നിന്ന് ആളെ ചുമതലപ്പെടുത്തി തുക ത നത് ഫണ്ടിൽ നിന്ന് ചെലവഴിക്കണമെന്ന ആവശ്യം സംബന്ധിച്ച്.

സൂചന: .....

ഗ്രാമപഞ്ചായത്തുകളിലെ വാർഷിക കണക്ക് അതാത് സ്ഥാപനങ്ങളിലെ ഉദ്യോഗസ്ഥർ കൃത്യമായി ചെയ്തില്ലെങ്കിൽ അവർക്കെതിരെ ശിക്ഷണ നടപടി സ്വീകരിക്കുവാൻ വേണ്ട നടപടികൾ കൈക്കൊള്ളണമെന്ന് അഭ്യർത്ഥിക്കുന്നു.

വിശ്വസ്തതയോടെ

എൻ. ലത, ജോയിന്റ് സെക്രട്ടറി
സെക്രട്ടറിക്കു വേണ്ടി

കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - കേരളാ പഞ്ചായത്ത് രാജ് (ദുരിതാശ്വാസ നിധി രൂപീകരണവും വിനിയോഗവും) ചട്ടങ്ങൾ - വൗച്ചർ, രസീത്, ക്യാഷ് ബുക്ക് എന്നിവയുടെ മാതൃകകൾ - അംഗീകരിച്ച് ഉത്തരവാകുന്നു.

തദ്ദേശ സ്വയംഭരണ (എൻ) വകുപ്പ്

ജി.ഒ. (ആർ.റ്റി)3803/04/തസ്വഭവ. തിരുവനന്തപുരം, തീയതി : 30.10.2004

പരാമർശം : പഞ്ചായത്തു ഡയറക്ടറുടെ 7.8.04 ലെ സി6 1388/2004 നമ്പർ കത്ത്.

ഉത്തരവ്

കേരള പഞ്ചായത്ത് രാജ് (ദുരിതാശ്വാസ നിധി രൂപീകരണവും വിനിയോഗവും) ചട്ടങ്ങളിൽ, ചട്ടം 5(4) ൽ രസീതിന്റെ മാതൃക, ക്യാഷ് ബുക്കിന്റെ മാതൃക, കണക്കുകൾ സൂക്ഷിച്ചു പോരുന്ന രീതി എന്നിവ സർക്കാർ അതാതു സമയം നിർദ്ദേശിക്കുന്ന പ്രകാരമായിരിക്കുന്നതാണ് എന്ന വ്യവസ്ഥ ചെയ്യുന്നു. ആയതിൻ പ്രകാരം രസീത്, ക്യാഷ് ബുക്ക്, വൗച്ചർ എന്നിവയുടെ മാതൃകകൾ അംഗീകരിച്ച് നൽകണമെന്ന് പഞ്ചായത്ത് ഡയറക്ടർ ആവശ്യപ്പെട്ടിരിക്കുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ച്, ഇതിനോടൊന്നിച്ചുള്ള രസീത് (ഒറിജിനൽ), രസീത് (ഡ്യൂപ്ളിക്കേറ്റ്), വൗച്ചർ, ക്യാഷ് ബുക്ക് എന്നിവയുടെ മാതൃകകൾ അംഗീകരിച്ച് ഉത്തരവാകുന്നു.

ഗവർണറുടെ ഉത്തരവിൻ പ്രകാരം

എൻ. ലത
അഡീഷണൽ സെക്രട്ടറി

..... ഗ്രാമപഞ്ചായത്ത്

ദുരിതാശ്വാസ നിധി

ഒറിജിനൽ

രസീത്

നമ്പർ ..... തീയതി .....

..... പക്കൽ നിന്നും ..... ഗ്രാമപഞ്ചായത്ത് ദുരിതാശ്വാസ നിധിയിലേക്ക് ..... രൂപാ (..... രൂപ മാത്രം) നന്ദിപൂർവ്വം കൈപ്പറ്റിയിരിക്കുന്നു.

സെക്രട്ടറി/കൺവീനർ

..... ഗ്രാമപഞ്ചായത്ത്

..... ഗ്രാമപഞ്ചായത്ത്

ദുരിതാശ്വാസ നിധി

ഡ്യൂപ്ളിക്കേറ്റ്

രസീത്

നമ്പർ ..... തീയതി .....

..... പക്കൽ നിന്നും ..... ഗ്രാമപഞ്ചായത്ത് ദുരിതാശ്വാസ നിധിയിലേക്ക് ..... രൂപാ (..... രൂപ മാത്രം) നന്ദിപൂർവ്വം കൈപ്പറ്റിയിരിക്കുന്നു.

സെക്രട്ടറി/കൺവീനർ

..... ഗ്രാമപഞ്ചായത്ത്

..... ഗ്രാമപഞ്ചായത്ത്

ദുരിതാശ്വാസ നിധി

വൗച്ചർ

നമ്പർ ..... തീയതി .....

വിവരങ്ങൾ	തുക	
	രൂപ	പൈസ
ആകെ		

മേൽകാണിച്ച ..... രൂപ കൈപ്പറ്റിയിരിക്കുന്നു.

പേര് ..... ഒപ്പ് .....

പാസ്സാക്കിയ തുക .....

ചെയർമാൻ കൺവീനർ

ക്യാഷ് ബുക്ക്

വരവ്					ചെലവ്				
തീയതി	രസീത് നമ്പർ	വിവരങ്ങൾ	തുക	റിമാർക്സ്	തീയതി	വൗച്ചർ നമ്പർ	വിവരങ്ങൾ	തുക	റിമാർക്സ്

INCOME TAX DEPARTMENT
OFFICE OF THE INCOME TAX OFFICER (TDS)
5th FLOOR, AAYARAR BHAVAN
NORTH BLOCK, KOZHIKODE - 673 001

Misc. No. 15/ITO(TDS)KKD/2004-2005 Date.
25.11.2004

To,
THE DEPUTY DIRECTOR OF PANCHAYATS
CIVIL STATION
KALPETTA, WAYANAD DISTRICT

Sir/Madam,

Sub :- **Collection of Tax Act Source under section 206-C of the Income Tax Act, 1961 - Amendment as per the Finance Act, 2004 - reg.**

This is to bring to your kind notice that the Finance Act 2004, has amended section 206-C of the Income Tax Act, 1961, by inserting a new sub-section (IC) as under w.e.f 1.10.2004

"Every person, who grants a lease or licence or enter into a contract of otherwise transfers any right or interest either in whole in part in any parking lot or toll plaza or mine or quarry to another person, other than a public sector company (hereafter in this section referred to as "licencee or lessees") for the use of such parking lot toll plaza or mine or quarry for the purpose of business shall at the time of debiting of the amount payable by the licensee or lessee to the account of the licensee or at the time of receipt of such amount from the licensee or lessee in cash or by the issue of a cheque or draft or by any other mode, whichever is earlier, collect from the licence or lessee of any such license, contract of lease of the nature specified in column (2) of the Table below, a sum equal to the percentage, specified in the corresponding entry in column (3) of the said Table, of such amount as income tax: -

TABLE

Sl.No	Nature of contract or license or lease	Percentage
(1)	(2)	(3)
1.	Parking lot	Two percent
2.	Toll plaza	Two percent
3.	Mining and quarrying	Two percent

The following proviso shall be inserted to sub-section (3) of the section 206-C by the Finance Act, 2004 w.e.f 1.4.2005.

Provided that the person collecting tax on or after the 1st day of April 2005 in accordance with the foregoing provisions of this section shall, after paying the tax collected to the credit of the Central Government within the prescribed time, prepare quarterly statements for the period ending on 30th June, the 30th September, the 31st December and the 31st March in each financial year and deliver or cause to be delivered to the prescribed income tax authority, or the person authorised by such authority, such statement in such form and verified such manner and setting forth such particular and within such time may be prescribed.

Provided that where any amount is collected in accordance with the Provisions of this section on or after 1st April, 2005 and paid under sub-section (3) to the credit of the Central Government, the amount of tax collected and specified in the statement referred to in the section of proviso to sub-section (5) shall be deemed as payment of tax on account of the person from whom the amount has been collected and credit to be given to him for the amount so collected in the assessment made under this Act for the assessment year for which such income is assessed without the production of certificate.

Provided that no certificate may be furnished in a case where the tax collected in accordance with the foregoing provisions of the section on or after the 1st day of April 2005.

Provided further that the prescribed income-tax authority or the person authorised by such authority referred to in sub-section (3) shall within the prescribed time after the end of each financial year, prepare and deliver to the buyer referred to in sub-section (IC), a statement in the prescribed form specifying the amount of tax collected and such other particulars as may be prescribed.

Kindly ensure that the TDS/TCS periodical returns as prescribed under 206/206-C of the Income Tax Act, 1961, read with Rule 37/37E of the income tax rules, 1962 are filed in this office on or before the due date any failure to file the above returns within the time will result in levy of penalty as provided u/s 272A of the Income Tax Act, 1961, which shall be one hundred rupees for every day during which shall be

You are kindly requested to inform the content of this letter to all Grama Panchayat Secretaries and other officials concerned working under your jurisdiction.

Yours faithfully
(Sd/-)

P.KOMA
INCOME TAX OFFICE (TDS)
KOZHIKODE

കേരള സർക്കാർ

നം. 844/ഡിപി1/2005/തസ്വഭവ.

തദ്ദേശ സ്വയംഭരണ (ഡിപി) വകുപ്പ്,
തിരുവനന്തപുരം, തീയതി 4.2.2005

സർക്കുലർ

വിഷയം : സോഷ്യോ ഇക്കണോമിക് യൂണിറ്റ് ഫൗണ്ടേഷൻ നടപ്പാക്കുന്ന കുടിവെള്ള വിതരണ പ്രോജക്ടുകളുടെ നിർവഹണം - സംബന്ധിച്ച്.

സൂചന : വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോർഡിനേഷൻ സമിതിയും 9.12.2004 ലെ യോഗ തീരുമാനം 2.28.

സോഷ്യോ ഇക്കണോമിക് യൂണിറ്റ് ഫൗണ്ടേഷൻ നടപ്പാക്കുന്ന കുടിവെള്ള വിതരണ പ്രോജക്ടുകളുടെ നിർവ്വഹണം സംബന്ധിച്ച സൂചനയിലെ തീരുമാനപ്രകാരം താഴെപ്പറയുന്ന മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

(i) പ്രോജക്ടുകൾക്ക് സാങ്കേതികാനുമതി നൽകുക, നിരക്കുകളുടെ ഷെഡ്യൂൾ തയ്യാറാക്കുക എന്നിവയ്ക്ക് കേരള ഗ്രാമീണ കുടിവെള്ള വിതരണ ശുചിത്വ ഏജൻസിക്ക് (KRWSSA) അംഗീകരിച്ചിട്ടുള്ള മാനദണ്ഡങ്ങൾ ബാധകമാകാവുന്നതാണ്.

(ii) പ്രോജക്ടിന് ഗ്രാമപഞ്ചായത്തുകളും ഗുണഭോക്താക്കളും നൽകുന്ന വിഹിതങ്ങളെ സ്വീകരിച്ച് ബന്ധപ്പെട്ട അക്കൗണ്ടിലേക്ക് വരവ് വയ്ക്കാവുന്നതാണ്.

എസ്.എം. വിജയാനന്ദ്
ഗവണ്മെന്റ് സെക്രട്ടറി

GOVERNMENT OF KERALA
Abstract

Closure of Treasury Public Accounts of Departments/Departments Officers - Refund of the outstanding balance in the accounts - Orders issued.

.....

FINANCE (STREAMLINING) DEPARTEMENT

G.O(P)No. 294/05/Fin. Dated, Thiruvanathapuram, 21.06.2005

.....

Read : - 1. Circular No. 6/2002/Fin. dated 5.1.02
2. Circular No.28/03/Fin. dated 20.03.03
3. Circular No. 73/03/Fin. dated 1.9.03

ORDER

As per the Circular cited first, Government have issued directions for freezing the operation of all TP accounts of Departments/Departmental Officers and vide reference (2) cited all Heads of Departments/Offices operating TP accounts were instructed to surrender their Treasury public account pass books to the treasuries concerned.

Though the operation of the TP accounts was frozen, the departmental officers have not taken any action to credit back the outstanding balance to Government account.

Government have examined the matter in detail and are pleased to order that the balance in the frozen Treasury Public accounts will be credited back to the minor head of account "911-Deduct Recoveries of overpayments below the relevant major need or account from which the funds were originally drawn and deposited in the Treasury Public Accounts.

In cases where the heads of accounts from which the funds were originally drawn cannot be identified, the remittance will be made under the minor Head "911-Deduct Recoveries of over payments below the major heads of account which is now being operated/controlled by the Department.

The Heads of Department will ensure that the above instructions are strictly complied with and that the outstanding balance in the frozen TP accounts are credited back on or before 31.08.2005.

By Order of the Governor
Gyanesh Kumar
Secretary (Finance Resources)

കേരള സർക്കാർ

തദ്ദേശ സ്വയംഭരണ (കെ) വകുപ്പ്

നം. 40206/കെ 2/05/തസ്വഭവ

തിരുവനന്തപുരം

തിയതി. 2.11.2005

സർക്കുലർ

വിഷയം:- തദ്ദേശ സ്വയംഭരണ വകുപ്പ്-കുടിവെള്ള പദ്ധതികളുടെ വൈദ്യുതി ചാർജ്ജ് അടയ്ക്കുന്നത് സംബന്ധിച്ച്

സൂചന:- വികേന്ദ്രീകൃതാസൂത്രണ സമിതിയുടെ 23-7-05 ലെ 1,2,23 നംമ്പർ തീരുമാനം

സംസ്ഥാനത്തെ ഗ്രാമപഞ്ചായത്തുകളിൽ നിന്ന് അവയുടെ തനത് ഫണ്ട് ചെലവഴിച്ച് കുടിവെള്ള പദ്ധതികളുടെ വൈദ്യുതി ചാർജ്ജ് അടയ്ക്കാൻ അനുമതി നൽകണമെന്ന നിരവധി അപേക്ഷകൾ സർക്കാരിന് ലഭിക്കുന്നുണ്ട്. സംസ്ഥാനതല വികേന്ദ്രീകൃതാസൂത്രണ സമിതിയുടെ സൂചനപ്രകാരമുള്ള തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്തെ ഗ്രാമപഞ്ചായത്തുകളിലെ കുടിവെള്ള പദ്ധതികളുടെ വൈദ്യുതി ചാർജ്ജ് ഇനിമേലിൽ പഞ്ചായത്തുകളുടെ തനതു ഫണ്ടിൽ നിന്ന് അടയ്ക്കുവാൻ പാടുള്ളതല്ല എന്ന് തീരുമാനിച്ചിട്ടുണ്ട്. എല്ലാ ഗ്രാമപഞ്ചായത്തുകളും ഈ തീരുമാനം അനുസരിച്ച് പ്രവർത്തിക്കേണ്ടതാണ്.

എൻ. ലത

അഡീഷണൽ സെക്രട്ടറി

കേരള സർക്കാർ

നം:9541/ഡിപി1/05/തസ്വഭവ

തദ്ദേശസ്വയംഭരണ (ഡിപി) വകുപ്പ്
തിരുവനന്തപുരം തീയതി : 21-1-2006

സർക്കുലർ

വിഷയം :- തസ്വഭവ - തെരുവുവിളക്കുകൾക്ക് മീറ്ററിംഗ് സമ്പ്രദായം ഏർപ്പെടുത്തുന്നത് - സംബന്ധിച്ച്

തെരുവു വിളക്കുകൾക്ക് വൈദ്യുതി നൽകുന്നതും പരിപാലിക്കുന്നതുമായി ബന്ധപ്പെട്ട് നിലവിലുള്ള പ്രശ്നങ്ങളെപ്പറ്റി പഠിക്കുന്നതിന് സർക്കാർ ഒരു കമ്മിറ്റിയെ നിയോഗിച്ചിരുന്നു. പ്രസ്തുത കമ്മിറ്റിയുടെ റിപ്പോർട്ട് സർക്കാർ അംഗീകരിക്കുകയും തെരുവു വിളക്കുകൾക്ക് മീറ്ററിംഗ് സമ്പ്രദായം ഏർപ്പെടുത്തുന്നതിന് ആവശ്യമായ ഉത്തരവ് പുറപ്പെടുവിക്കുകയുമുണ്ടായി. തുടർന്ന് കേരള സംസ്ഥാന വൈദ്യുതി ബോർഡ് മീറ്ററിംഗ് സമ്പ്രദായം നടപ്പാക്കുന്നതിനാവശ്യമായ നിർദ്ദേശങ്ങളും നൽകിക്കഴിഞ്ഞിട്ടുണ്ട്. ഈ സാഹചര്യത്തിൽ, താഴെപ്പറയുന്ന നിബന്ധനകൾക്ക് വിധേയമായി തെരുവുവിളക്കുകൾക്ക് മീറ്ററിംഗ് സമ്പ്രദായം ഏർപ്പെടുത്തുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് നിർദ്ദേശം നൽകുന്നു.

1. മീറ്ററിംഗ് സമ്പ്രദായം ഏർപ്പെടുത്തുന്നതിനാവശ്യമായ എനർജി മീറ്ററുകൾ, മീറ്റർ ബോക്സുകൾ, കണക്ടിംഗ് വയർ, ഫ്യൂസ്, കൺട്രോൾ സ്വിച്ച് ഇവയുടെ വിലയും പ്രഥമ സ്ഥാപനച്ചെലവും ഇടയ്ക്കിടെ ആവശ്യമായി വന്നേക്കാവുന്ന മാറ്റിവയ്ക്കൽ, കണക്ഷൻ നൽകൽ എന്നിവയ്ക്കാവശ്യമായ ചെലവുകളും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വഹിക്കേണ്ടതാണ്. മീറ്ററുകൾ വാങ്ങുന്നതിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് പ്രയാസങ്ങൾ അനുഭവപ്പെടുന്നതിനാൽ വൈദ്യുതി ബോർഡ് എനർജി മീറ്ററുകൾ വാങ്ങുന്നതും ആയത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് അംഗീകൃത നിരക്കിൽ നൽകുന്നതുമാണ്.

കണക്ഷൻ നൽകുന്നതുമായി ബന്ധപ്പെട്ട താഴെപ്പറയുന്ന ചെലവുകൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വഹിക്കേണ്ടതാണ്.

(1) (i) എനർജി മീറ്ററുകൾ (ഇലക്ട്രോണിക് മീറ്റർ) മീറ്ററിംഗ് സംവിധാനം, മീറ്റർ ബോക്സ്, കണക്ടിംഗ് വയർ, ഫ്യൂസ് കൺട്രോൾ സ്വിച്ച് ഇവയുടെ വിലയായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഓരോ മീറ്ററിംഗ് പോയിന്റിനും 8350/- രൂപ (എണ്ണായിരത്തി മൂന്നൂറ്റി അമ്പതു രൂപ) ബോർഡിന് നൽകേണ്ടതാണ്. എന്നാൽ ഇടയ്ക്കിടെ ആവശ്യമായി വന്നേക്കാവുന്ന മാറ്റിവയ്ക്കലുകൾ അവയുടെ സ്ഥാപന ചെലവുകൾ കണക്ഷൻ ചാർജുകൾ എന്നിവ മുൻപറഞ്ഞ തുകയിൽ ഉൾപ്പെടുന്നതല്ല.

(ii) പ്രഥമ സ്ഥാപനച്ചെലവുകൾക്കും കണക്ഷനുമായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വൈദ്യുതി ബോർഡിന് നൽകേണ്ടത് സർവീസ് ഒന്നിന് 750 രൂപ (എഴുന്നൂറ്റി അമ്പത് രൂപ) നിരക്കിലായിരിക്കും. മീറ്ററിംഗ് സമ്പ്രദായം ഏർപ്പെടുത്തുന്നതിന് സർവ്വീസ് ഒന്നിന്വേണ്ടിവരുന്ന മൊത്തം ചെലവ് 9100/- രൂപ (നടപ്പ് വർഷം)യായി നിജപ്പെടുത്തിയിരിക്കുന്നു. ഇലക്ട്രോണിക് മീറ്റർ തദ്ദേശ സ്വയംഭരണ വകുപ്പ് സ്ഥാപനങ്ങൾ ലഭ്യമാക്കിയാൽ ആയതിന്റെ ചെലവിനത്തിൽ 1000/- രൂപാ ചെലവിൽനിന്നു കുറയ്ക്കാവുന്നതാണ്.

(2) മീറ്റർ, ഫ്യൂസ്, കൺട്രോൾ സ്വിച്ച്, കണക്ടിങ്ങ് വയർ എന്നിവയെക്കുറിച്ചുള്ള സുവ്യക്ത നിർദ്ദേശങ്ങളും മീറ്റർ ബോക്സിന്റെ അംഗീകൃതമാതൃകയും അവയുടെ സ്ഥാപനം സംബന്ധിച്ച വിശദാംശങ്ങളും അനുബന്ധം ഒന്നുമുതൽ മൂന്നുവരെ ചേർത്തിരിക്കുന്നു.

(3) ഒരു മീറ്റർ ബോക്സ് നിർമ്മിക്കുന്നതിനും അത് സ്ഥാപിക്കുന്നതിനും ആവശ്യമായ ചെലവുകളുടെ അംഗീകൃത നിരക്ക് അനുബന്ധം ഒന്നിൽ ചേർത്തിരിക്കുന്നു. ഈ തുകയിൽ മീറ്ററിന്റേയും ആവശ്യമായി വരുന്ന അനുബന്ധ സാധനങ്ങളുടെയും വിലയും കൂലിച്ചെലവുകളും ഉൾപ്പെടുന്നതാണ്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് നിർദ്ദിഷ്ട മാതൃകയിൽ മീറ്റർ ബോക്സുകൾ നിർമ്മിക്കുകയും സ്ഥാപിക്കുകയും ചെയ്യുകയോ അല്ലെങ്കിൽ നിർദ്ദിഷ്ടമായ തുക വൈദ്യുതി ബോർഡിനെ ഏൽപ്പിക്കുകയോ ചെയ്യാവുന്നതാണ്.

(4) വൈദ്യുതി ബോർഡ് മീറ്റർ സ്ഥാപിച്ച് കണക്ഷൻ നൽകുന്നതും അതിനാവശ്യമായ ചെലവ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വഹിക്കേണ്ടതുമാണ്. മീറ്റർ റീഡിങ്ങ് എടുക്കുന്നതിനും ഓൺ ഓഫ് സ്വിച്ച് പ്രവർത്തിപ്പിക്കുന്നതിനും സൗകര്യപ്രദമാവുംവിധം സർവ്വീസ് പോസ്റ്റിൽ തറനിരപ്പിൽ വീണ്ടും

1.5 മീറ്റർ ഉയരത്തിൽ ആയിരിക്കണം മീറ്റർ ബോക്സ് സ്ഥാപിക്കേണ്ടത്. ഓൺ ഓഫ് സ്വിച്ച് പ്രവർത്തിപ്പിക്കുന്നത് തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ ചുമതല ആയിരിക്കും. മീറ്റർ ബോക്സ് സ്ഥാപിക്കുന്നതിനും കണക്ഷൻ നൽകുന്നതിനുമുള്ള ക്രമീകരണങ്ങളുടെ വിശദാംശങ്ങൾ അനുബന്ധം 3-ൽ ചേർത്തിരിക്കുന്നു.

(5) മീറ്റർ ബോക്സിന്റെ സ്ഥാനം ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ സെക്രട്ടറിയോ അല്ലെങ്കിൽ അദ്ദേഹം യഥാപൂർവ്വം അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥരും ബോർഡിന്റെ ബന്ധപ്പെട്ട സെക്ഷനിലെ അസിസ്റ്റന്റ് എഞ്ചിനീയറുംകൂടി സംയുക്തമായി നിർണ്ണയിക്കേണ്ടതാണ്. തെരുവുവിളക്കുകളുടെ സ്ഥാനവും ഓരോ മീറ്ററിംഗ് പോയിന്റിൽനിന്നും നിയന്ത്രിക്കാവുന്ന വിളക്കുകളുടെ എണ്ണവും നിർണ്ണയിച്ചതിനുശേഷം ആവശ്യമായി വരുന്ന മീറ്റർ ബോക്സുകളുടെ എണ്ണം കണക്കാക്കാവുന്നതാണ്. ഈ വിവരം അസിസ്റ്റന്റ് എഞ്ചിനീയർ ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനത്തെ അറിയിക്കേണ്ടതാണ്. തെരുവു വിളക്കുകൾ തെളിക്കുന്നതിനാവശ്യമായ വൈദ്യുതി സപ്ലൈ ലഭിക്കുന്നതിനാവശ്യമായ അപേക്ഷ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നിലവിലുള്ള നടപടിക്രമങ്ങൾ പാലിച്ചുകൊണ്ട് വൈദ്യുതി ബോർഡിന് നൽകാവുന്നതാണ്. തെരുവുവിളക്കുകൾസ്ഥാപിക്കുന്നതിനാവശ്യമായ തുക മുഴുവൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഒടുക്കിയാൽ ഉടൻതന്നെ വൈദ്യുതി ബോർഡ് ആവശ്യമായ ജോലികൾ നിർവ്വഹിക്കുന്നതാണ്.

(6) ഓവർഹെഡ് പവ്വർ ലൈനുകൾ നീട്ടുന്നതിനും ഭൂമിക്കടിയിലൂടെ കേബിൾ ഇടുന്നതിനുമുള്ള ചെലവ് ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനം വഹിക്കേണ്ടതും ഇതിനാവശ്യമുള്ള തുക മുൻകൂറായി ഒടുക്കേണ്ടതുമാണ്. ഒ.വൈ.ഇ.സി. നിരക്കിലുള്ള ചാർജ് ഈ പ്രവൃത്തികൾക്ക് ഈടാക്കാവുന്നതാണ്. എന്നാൽ ഇരുപത് ശതമാനം വികസന ചെലവ് ഒഴിവാക്കേണ്ടതാണ്.

(7) മീറ്ററിംഗ് സമ്പ്രദായത്തിലായാലും അല്ലായെങ്കിലും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ബൾബ്, ട്യൂബ്, സി.എഫ്.എൽ., സോഡിയം വേപ്പർ ലാമ്പ് മുതലായവയും ഫിറ്റിംഗുകൾ, ബ്രാക്കറ്റുകൾ, ക്ലാമ്പ്, കണ്ടൻസർ, ഹോൾഡർ, ഫ്യൂസ് എന്നിവയും പുതുതായി സ്ഥാപിക്കുന്നതിനും കാലാകാലങ്ങളിൽ മാറ്റിവയ്ക്കുന്നതിനാവശ്യമായ എല്ലാ സാമഗ്രികളും സൗജന്യമായി വൈദ്യുതി ബോർഡിന് ലഭ്യമാക്കേണ്ടതാണ്.

(8) ഇപ്രകാരം സ്ഥാപിക്കപ്പെടുന്ന മീറ്ററുകൾ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ വകയായിരിക്കും. മീറ്ററിനുണ്ടാകുന്ന കേടുപാടുകൾ ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനം രണ്ടു മാസത്തിനുള്ളിൽ പരിഹരിക്കുകയോ അല്ലെങ്കിൽ മാറ്റിവയ്ക്കുകയോ ചെയ്യേണ്ടതാണ്. ഇപ്രകാരം മീറ്റർ പ്രവർത്തിക്കാത്ത കാലയളവിലെ ബില്ലിംഗ് വൈദ്യുതി ബോർഡ് പിന്തുടരുന്ന അംഗീകൃത രീതിയിലായിരിക്കും. മീറ്റർ ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ വക ആയിരിക്കുന്നിടത്തോളം മീറ്ററിന് പ്രതിമാസ വാടകയോ മറ്റു ചാർജുകളോ ഈടാക്കുന്നതല്ല.

(9) ഓരോ മീറ്ററിംഗ് പോയിന്റിനും പ്രത്യേക കൺസ്യൂമർ നമ്പർ നൽകിയശേഷം സംസ്ഥാനത്ത് നടപ്പാക്കിയിട്ടുള്ള സ്പോട്ട് ബില്ലിംഗ് സമ്പ്രദായം തെരുവു വിളക്കുകൾക്കും ബാധകമാക്കുന്നതാണ്.

(10) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നിർദ്ദിഷ്ട മീറ്ററിംഗ് സമ്പ്രദായം തെരഞ്ഞെടുക്കുന്നില്ലെങ്കിൽ ഇപ്പോഴത്തെ രീതിയിൽ തെരുവു വിളക്കുകൾ കത്തുന്ന മണിക്കൂറിന്റെ അടിസ്ഥാനത്തിൽ ബോർഡ് നിശ്ചയിച്ചിട്ടുള്ള പ്രകാരമുള്ള നിരക്ക് ഈടാക്കാവുന്നതാണ്.

എസ്.എം. വിജയാനന്ദ്
ഗവൺമെന്റ് സെക്രട്ടറി

കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - ഗ്രാമപഞ്ചായത്തുകൾ - അസാധാരണ ചെലവുകൾ പൊതുപരിധിക്ക് വിധേയമായി വഹിക്കൽ - മുൻകൂർ അനുവാദം നൽകിക്കൊണ്ടുള്ള ഉത്തരവ് പുറപ്പെടുവിക്കൽ

തദ്ദേശ സ്വയംഭരണ (എൻ) വകുപ്പ്

ജി.ഒ. (എം.എസ്.) 58/06/തസ്വഭവ. തിരുവനന്തപുരം, തീയതി 16-02-2006

ഉത്തരവ്

1994-ലെ കേരള പഞ്ചായത്ത്രാജ് നിയമം വകുപ്പ് 213, ഉപവകുപ്പ് (4) അനുസരിച്ച് ഗ്രാമപഞ്ചായത്തിന്:-

(i) പഞ്ചായത്ത് സമ്മേളനങ്ങൾക്കോ പഞ്ചായത്ത് അസോസിയേഷന് സംഭാവന നൽകുന്നതിനോ;

(ii) വിശിഷ്ട വ്യക്തികൾക്ക് സ്വീകരണം നൽകുന്നതിനോ പൊതു പ്രദർശനം സംഘടിപ്പിക്കുന്നതിനോ പൊതു ചടങ്ങളുകളോ വിനോദ പരിപാടികളോ നടത്തുന്നതിനോ;

(iii) നിയമങ്ങളിലും ചട്ടങ്ങളിലും എടുത്തു പറഞ്ഞിട്ടില്ലാത്ത കാര്യങ്ങൾ ചെയ്യുന്നതിനോ;

ഭൂരിപക്ഷം തീരുമാനപ്രകാരം ചെലവ് അനുവാദം നൽകാവുന്നതാണ്. പ്രസ്തുത ഉപവകുപ്പിൽ ചേർത്തിട്ടുള്ള ക്ലിപ്ത നിബന്ധന അനുസരിച്ച് ഇത്തരം ചെലവിന്റെ വാർഷിക മൊത്ത തുക സർക്കാർ നിർദ്ദേശിക്കുന്ന പരിധിയിൽ കവിയാൻ പാടില്ലാത്തതാണ്. എന്നാൽ ഇക്കാര്യത്തിൽ പ്രത്യേക പരിധിയോ പൊതുപരിധിയോ നിർണ്ണയിച്ചുകൊണ്ട് ചട്ടങ്ങൾ ഇതിനകം വന്നിട്ടില്ല.

മേൽപ്പറഞ്ഞ സാഹചര്യങ്ങൾ കണക്കിലെടുത്തും അധികാര വികേന്ദ്രീകരണ തത്വങ്ങളുടെ അന്തസത്തയ്ക്കനുസൃതമായും ഗ്രാമപഞ്ചായത്തുകൾ താഴെ പറയുന്ന അസാധാരണ ചെലവുകൾ തനതു വരുമാനത്തിന്മേലുള്ള മിച്ച ഫണ്ടിന്റെ ഇരുപതു ശതമാനം വരെയും എന്നാൽ ഒരു ലക്ഷം രൂപയിൽ കവിയാതെയും വഹിക്കുന്നതിന് വാർഷിക പരിധി നിശ്ചയിയിച്ച് ഇതിനാൽ ഉത്തരവാകുന്നു.

(1) കലാ-സാംസ്കാരിക മത്സരങ്ങളും കായിക വിനോദവും

(2) വിജയികൾക്കുള്ള സമ്മാനദാനം

(3) പഞ്ചായത്തിന്റെ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട ചടങ്ങുകൾ

(4) പഞ്ചായത്തിന് പങ്കാളിത്തമുള്ള ചികിത്സാക്യാമ്പ്, സൗജന്യ ചികിത്സാ പദ്ധതികൾ

(5) നിയമ സഹായ സമിതി സംഘടിപ്പിക്കുന്ന നിയമ സഹായ സാക്ഷരതാ ക്യാമ്പുകൾ

(6) കലാ-സാംസ്കാരിക പ്രദർശനങ്ങൾ

(7) പഞ്ചായത്ത് ആസ്തികളുടെ ഉദ്ഘാടനം

(8) നെഹ്റുയുവകേന്ദ്ര/എൻ.എസ്.എസ്. സംഘടിപ്പിക്കുന്ന പരിപാടികൾ

(9) പഞ്ചായത്തിന്റെ പങ്കാളിത്തത്തോടെ പരിസ്ഥിതി ക്ലബ്ബുകളും ആസൂത്രണ സംഘടനകളും വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ സംഘടിപ്പിക്കുന്ന പരിപാടികൾ

(10) സർക്കാരും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും നടത്തുന്ന മറ്റു ചടങ്ങുകൾ

പ്രകൃതിക്ഷോഭത്തെ തുടർന്ന് അനിവാര്യമാകുന്ന അടിയന്തിര ദുരിതാശ്വാസ നടപടികൾക്ക് അസാധാരണ ചെലവുകൾ വഹിക്കുന്നത് താഴെകൊടുത്തിട്ടുള്ള വ്യവസ്ഥകൾക്ക് വിധേയമായിരിക്കേണ്ടതാണ്.

(1) തനതു ഫണ്ടിന്മേലുള്ള മിച്ചഫണ്ട് കണക്കാക്കുന്നതിൽ പൊതുകാര്യങ്ങൾക്കുള്ള സർക്കാർ ഗ്രാന്റ് (General Purpose Grant) ഉൾപ്പെടുത്താവുന്നതും എന്നാൽ ശമ്പളം, അലവൻസുകൾ, മറ്റു പ്രതിഫലങ്ങൾ, കറന്റ് ചാർജ്, വെള്ളക്കരം, ഓഫീസ് ചെലവുകൾ, ഖരമാലിന്യങ്ങൾ നീക്കം ചെയ്യുന്നതിനുള്ള ചെലവുകൾ, മറ്റു അനിവാര്യ ചെലവുകൾ എന്നിവ ഒഴിവാക്കേണ്ടതുമാണ്.

(2) മുൻ സാമ്പത്തിക വർഷത്തിലെ തനതു വരവ് ചെലവുകളുടെ അടിസ്ഥാനത്തിലായിരിക്കണം മിച്ച ഫണ്ട് കണക്കാക്കേണ്ടത്

(3) വ്യക്തികൾക്കും സംഘടനകൾക്കും പണമായി സഹായം നൽകുന്നതും നിയമാനുസൃതമല്ലാത്ത പരസ്യചെലവുകൾ വഹിക്കുന്നതും മത-രാഷ്ട്രീയ-തൊഴിലാളി സംഘടനകളുടെ പരിപാടികൾക്ക് ചെലവുകൾ ചെയ്യുന്നതും അസാധാരണ ചെലവുകളിൽ ഉൾപ്പെടുത്താൻ പാടില്ലാത്തതാണ്.

(4) പഞ്ചായത്ത് അസാധാരണ ചെലവിനങ്ങൾ സംബന്ധിച്ച ഒരു രജിസ്റ്റർ എഴുതി സൂക്ഷിച്ചു പോരേണ്ടതാണ്.

(5) അസാധാരണ ചെലവിനങ്ങളിൽനിന്നും ധനസഹായം സ്വീകരിക്കുന്നവർ ആ തുക ചെലവിട്ടതു സംബന്ധിച്ച കൃത്യമായ രേഖകൾ എഴുതി കുറഞ്ഞത് മൂന്നു വർഷം വരെ സൂക്ഷിക്കേണ്ടതാണ്.

(6) ലോക്കൽ ഫണ്ട് ആഡിറ്റർമാരും പെർഫോർമൻസ് ആഡിറ്റർമാരും ഇത് സംബന്ധിച്ച ചെലവുകൾ നൂറു ശതമാനവും ആഡിറ്റ് ചെയ്യേണ്ടതാണ്.

(7) അസാധാരണ ചെലവുകളുടെ വാർഷിക കണക്ക് പ്രത്യേകമായി എല്ലാ ഗ്രാമസഭകളിലും അവതരിപ്പിക്കേണ്ടതാണ്.

ഈ ഉത്തരവ് ഉൾക്കൊള്ളിച്ചുകൊണ്ടുള്ള ചട്ടങ്ങൾ പ്രത്യേകം പുറപ്പെടുവിക്കുന്നതാണ്.

ഗവർണറുടെ ഉത്തരവിൻ പ്രകാരം

എസ്.എം. വിജയാനന്ദ്
പ്രിൻസിപ്പൽ സെക്രട്ടറി

കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേക്ക് പുനർവിന്യസിപ്പിച്ചു നിയമിക്കപ്പെട്ടിട്ടുള്ള ജീവനക്കാർക്കുള്ള യാത്രാബത്ത തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഫണ്ടിൽ നിന്നും നൽകുന്നതിനു അനുവാദം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശസ്വയംഭരണ (പി) വകുപ്പ്

സ.ഉ (കൈ) നം. 213/2006/തസ്വഭവ, തിരുവനന്തപുരം, തീയതി. 18.02.2006

പരാമർശം :- 1. പിണറായി ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 5.7.05 ലെ 1482/01 നമ്പർ കത്ത്

2. ഉദയഗിരി ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 14.11.03 ലെ കത്ത് നമ്പർ കത്ത്

ഉത്തരവ്

വിവിധ വകുപ്പുകളിൽ നിന്നും പഞ്ചായത്തുകളിലേക്ക് പുനർവിന്യസിച്ചിട്ടുള്ള ക്ലാർക്കുമാർ ഔദ്യോഗിക കൃത്യനിർവ്വഹണവുമായി ബന്ധപ്പെട്ട് നടത്തുന്ന യാത്രകൾക്ക് പഞ്ചായത്ത് ഫണ്ടനുസരിച്ച് യാത്രാബത്ത അനുവദിക്കണമെന്ന് പരാമർശം 1 ലേയും 2 ലേയും കത്ത് മുഖേന പിണറായി, ഉദയഗിരി ഗ്രാമപഞ്ചായത്തുകളിലെ പ്രസിഡന്റുമാർ ഗവണ്മെന്റിനോട് അവകാശപ്പെട്ടിരുന്നു. ഇക്കാര്യത്തിൽ അഭിപ്രായം അറിയിക്കുന്നതിനായി പഞ്ചായത്ത് ഡയറക്ടറോട് അവകാശപ്പെടുകയുണ്ടായി. ഇടുക്കി, വയനാട്, ആലപ്പുഴ, കോഴിക്കോട് എന്നീ ജില്ലകളൊഴികെയുള്ള ഡെപ്യൂട്ടി ഡയറക്ടർമാർ എല്ലാവരും പുനർവിന്യസിച്ചു നിയമിച്ചിട്ടുള്ള ക്ലാർക്കുമാര്ഡക്കു പഞ്ചായത്തിന്റെ പ്രവർത്തനവുമായി ബന്ധപ്പെട്ടു നടത്തുന്ന ഔദ്യോഗിക യാത്രക്ക് പഞ്ചായത്ത് ഫണ്ടിൽ നിന്നുതന്നെ യാത്രാബത്ത അനുവദിക്കണമെന്ന് അഭിപ്രായപ്പെട്ടതായി പരാമർശം 3 ലെ കത്തിലൂടെ പഞ്ചായത്ത് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു, പുനർവിന്യാസത്തിലൂടെ വിവിധ വകുപ്പുകളിൽ നിന്നും നിയമിച്ചിട്ടുള്ള ക്ലാർക്കുമാർക്ക് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ദൈനംദിന പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് ഔദ്യോഗിക യാത്രകൾ ചെയ്യേണ്ടി വരുകയും ആയതിനുള്ള യാത്രബത്ത അവരുടെ മാതൃവകുപ്പിൽ നിന്നു ലഭിക്കാൻ വളരെയധികം പ്രയാസം നേരുടന്നതുമായി ബോധ്യപ്പെടുകയും ചെയ്തു.

ടി സാഹചര്യത്തിൽ പുനർവിന്യാസം മുഖേന തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിയമിച്ചിട്ടുള്ള ക്ലാർക്ക്മാർക്ക് ഔദ്യോഗിക ആവശ്യങ്ങൾക്ക് നടത്തേണ്ടി വരുന്ന യാത്രകൾക്കുള്ള യാത്രബത്ത

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഫണ്ടിൽ നിന്ന്തന്നെ നൽകുന്നതിന് അനുവാദം നൽകികൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണറുടെ ഉത്തരവിൻ പ്രകാരം

പി.സി ജോസ്
ഡെപ്യൂട്ടി സെക്രട്ടറി

GOVERNMENT OF KERALA

Finance (Budget Wing (J) Department)

CIRCULAR

No. 21/2006/Fin Dated, Thiruvananthapuram, 16th May, 2006

Sub:- **Government Transactions- Reserve Bank Remittance Scheme- D.D. Commission-Exemption-Instructions issued.**

1. As per the existing agreement entered into with the Reserve Bank of India, the State Government is not liable to pay any remuneration to the agency bank for the conduct of its ordinary banking business, including that of the Local Self Government Institutions, which are transacted through any offices, branches or agencies of the Bank. The Bill System in Local Self Government Institutions of the State has been introduces with effect from 01.12.2004, by which the Local Self Government Institutions are being allowed to withdraw and utilise funds from the Consolidated Fund of the State.
2. Now it has come to the notice of Government that after the introduction of Bill System in the Local Self Government Institutions from 01-1-2004, certain branches of the agency bank State Bank of Tranvancors are charging commission from Government Departments/Local Self Government Institutions for issuing demand drafts/bankers cheques, which are actually taken for bonafide Government transactions, under the impression that some new system has been introduced in the Local Self Government Institutions. The intention of the Government behind the introduction of Bill System in Local Self Government Institutions in *lieu* of P.D Account and Cheque System is to bring their day to day cash transactions also through the Treasury system as in the case of all State

Government Departments. So, the State Government is of the view that charging commission on such transaction is not warranted.

3. Government, after having consulted the State Bank of Travancore, have arrived at a general consensus and are pleased to issue the following instructions, for the information of all Drawing and Disbursing Officers of the Government Departments and the Local Self Government Intuitions.
    i. Demand Drafts and Banker's Cheques for Government transactions (as opposed to transactions by Local Self Government Institutions) irrespective of the number of such instruments, will be issued at *par* on all working days by all the Branches of the State Bank of Travancore.
    ii. As far as the transactions of Local Self Government Institutions are concerned 15 (fifteen) Demand Draft/Banker's Cheque will be issued at *par* to each Local Self Government Institution per day subject to a maximum of 60 (sixty) such instruments for each branch of the State Bank of Travancore, for all the Local Self Government Institutions attached to that branch.
4. The Circular issued by State Bank of Travancore is No.ACTS/GA18/33/2006 dated, 23rd March 2006 of the Finance and Accounts Department.
5. If commission on the Demand Draft or Banker's Cheque is charged by any of the branches against the above instructions, such charges will be refunded by the State Bank of Travancore.

K. JOSE CYRIAC
Principal Secretary

GOVERNMENT OF KERALA

Abstract

Local Self Government Department-Payment of Water Charges to Kerala Water Authority by Local Governments-Guidelines for Paymentof Water Charges By Local Governments in Respect of Public Water Supply Schemes-Orders Issued

LOCAL SELF GOVERNMENT (P) DEPARTMENT

G.O. (Rt) No.1501/2006/LSGD Dated, Thiruvananthapuram, 23rd June, 2006

Read :- 1. G.O.(Ms) No. 330/04/LSGD. Dated 9.12.2004
2. Letter No. KWA/HO/RMC/93/2004 Dated 15.10.2005

ORDER

In the G.O. read as first paper above orders were issued accepting inter-alia recommendations of the State Finance Commission to provide general purpose and maintenance grants to Local Governments. The guidelines for the utilization of the general purpose and maintenance grants were appended to the orders issued. As per the guidelines issued, the water charges of Kerala Water Authority in respect of water supply schemes and water charges of institutions/offices under the control of local governments are to be met from the maintenance grants.

The Kerala Water Authority has brought to the notice of Government that the arrears of water charges due from the local governments are mounting and that in spite of repeated demands from Kerala Water Authority the local governments are not remitting the money from the grants provided to them by the Government.

The matter was discussed in detail in the meeting held by the Principal Secretary, Finance Department with the Principal Secretary, Water Resources Department, Principal Secretary, LSGD (Rural), Managing Director, KWA and Accounts Member, KWA. It was decided to settle the demand for the year 2004-05 and 2005-06 by deducting the amount at source from the maintenance grants payable to the LSG's and to formalize this method of deduction at sources in future and to set procedures for settlement of deputes related to number of street taps, demand raised etc. It was also decided that the Principal Secretary, LSGD shall initiate steps to settle the arrears due to KWA by formulating detailed guidelines for the payment of water charges by local governments in respect of public water supply schemes.

Government after examining in detail all aspects of the issue hereby orders that the following procedure will be followed for the payment of water charges to KWA in respect of public water supply schemes by village panchayat municipalities and corporations.

(1) Kerala Water Authority (KWA) would give demand notice to every local government concerned giving details of the demand including the number of stand-posts, unit rates etc. The demand notice will be issued in the name of the Secretary of the local government concerned by 10th of every month in respect of charges for the previous period of one month.

(2) The Secretary of the local government would pay the water charge within one month of receiving the demand notice.

(3) If the KWA does not start receiving payments within 90 days of giving the first such demand notice, it would prepare a consolidated list of payments due, for the entire year separately for grama panchayats, municipalities and corporations and sent it in the name of cover of the following officers:

For panchayats	-	Director of Panchayats
For municipalities	-	Director of Urban Affairs
For corporations	-	Secretary, LSGD

On receipt of the consolidated list of the local governments which have not paid the dues, the officers would immediately deduct the dues at source in lump or in suitable instalments from the maintenance grant due to the local government concerned, and pay the deducted amount to KWA direct under intimation to the local government concerned.

(4) Incase there has been double payment or over payment the local government concerned would directly take up matter with the Executive Engineer concerned, who would return credit to future water charges the excess amount within 30 days of receipt of the request. The format for the request is given in Annexure.

(5) In case the local government feels that the water charges are in excess of what the local government really owes to KWA, it shall send a request to the Executive Engineer of the local division of KWA in the format enclosed as Annexure II. On receipt of the request the Executive Engineer shall assign an officer not below the rank of Assistant Engineer to conduct joint inspection. The local government shall assign an engineer or any officer under its control to conduct the joint inspection along with the representative of KWA

(6) Any mutually agreed joint inspection report of the representatives of KWA and the local government shall be binding on KWA as well as the local government.

(7) The joint inspection report shall be prepared in the format given as Annexure III. The joint inspection shall be completed within 30 days of request of the complaint by the Executive Engineer of KWA.

(8) In case, a mutually agreed report cannot be prepared, this shall be intimated to KWA and the local government by the Joint Inspection team. Within 15 days of receipt of this report, the local government shall prefer an appeal before the Revenue Divisional Officer in the format given as Annexure IV. Before filing the appeal, 50% of the water charges claimed by KWA shall be paid by the local government and evidence to this effect has to be attached to the appeal petition.

(9) The Revenue Divisional Officer shall conduct such enquiry as he deems fit, verfy records, hear the parties and take a decision within 45 days of receipt of the appeal petition

(10) The local government shall pay the amount decided by RDO within 30 days of the order on the appeal petition. The decision of the RDO shall be binding of KWA and the local government.

These guidelines are in respect of payment of current dues of water charges. Separate guidelines for payment of arrears of water charges will be issued separately.

By order of the Governor,

S.M. VIJAYANAND,

Principal Secretary to Government

ANNEXURE I

(Referred to at para 4 of the Guidelines)

REQUEST FOR REFUND/ADJUSTMENT OF EXCESS WATER CHARGES REMITTED BY LSG's

1. Code No. of LSG :

2. Name of LSG :

3. Amount demanded towards water charges for the period from ..... to ..... :

4. Amount paid towards water charges for the period from ..... to ..... :

5. Amount deducted from maintenance grants towards water charges for the period from ..... to ..... :

6. Excess amount remitted/adjusted towards water charges for the period from ..... to ..... :

7. Amount to be refunded to LSG/credited to water charges account :

8. Reason for excess remittance/ adjustment :

9. Remarks if any :

10. Name and address of officer requesting refund/adjustment :

Kindly arrange to refund/credit the excess amount as mentioned above to the panchayat/municipality/corporation at the earliest.

(Strike out whichever is not applicable)

President/Secretary

Place :
Date :

(For KWA use)

Verification Report	Verified the water charges accounts of .... panchayat/municipality/corporation and found that an amount of Rs. ..... has been remitted/adjusted in excess for the period from ..... to ..... and the same may be refunded/adjusted against future payment due from panchayat/municipality/corporation. *Ledger Clerk*
Recommentation of DA/RO	The exess amount remitted/adjusted towards the water charges of ..... panchayat/municipality/corporation amounting to Rs ..... may be refunded to the panchayat/municipality/corporation or adjusted against the future water charges for ..... month *Divisional Accountant/Revenue Officer.*
Orders of the sanctioning Authority	Sanction is accorded to refund/adjust an amount of Rs. ..... remitted in excess to ..... panchayat/municipality/corporation or adjust the same against their future water charges. *Executive Engineer*

Intimation to the LSG

The excess amount of Rs ..... remitted by ..... panchayat/municipality/corporation is refunded vide cheque No. ..... dated ...../adjusted against the future water charges of the panchayat/municipality/corporation for the month of .....

Place :
Date :

Executive Engineer

ANNEXURE II

(Referred to at para 5 of the Guidelines)

REQUEST FOR CONDUCTING JOINT INSPECTION

1.	Code No. of LSG	:	
2.	Name of LSG	:	
3.	Invoice No. and Date	:	
4.	Amont demanded towards water charges for	:	
5.	Amount dues for ..... as per records of LSG	:	
6.	Excess amount demanted for	:	
7.	Reason for excess demand (please tick)	:	1. Difference in Number of street taps 2. Defunct street taps
8.	Nature of appeal	:	
9.	Name and designation of officer deputed for joint inspection	:	
10.	Tentative dates suggested for joint inspection	:	

Kindly arrange to conduct a joint inspection to verify the number of street taps/defunct taps on any of the dates mentioned above and communicate the result to the undersigned at the earliest.

President/Secretary

Place :
Date :

(Office seal)

(For KWA use)

Forwarded to the Assistant Executive Engineer, ... Sub Division, Please direct the Assistant Engineer/Water Works Inspector concerned to conduct the joint inspection and report the result within 3 days of inspection to the undersigned.

Executive Engineer

Place :
Date :

(Office seal)

Intimation to the LSG

In referecnce to your request dated ..... directions have been issued to the Assistant Engineer/Water Works Inspector of ..... Section to conduct the joint inspection on ..... to ..... of ..... 2006. You may kindly direct your representative to contact the Assistant Engineer/Water Works Inspector to conduct the inspection on the above dates. Inconvenience or difficulties if any in conducting the inspection may please be informed to the undersigned.

Place :
Date :

Executive Engineer

(Office seal)

ANNEXURE III

(Referred to at para 7 of the Guidelines)

REPORT OF JOINT INSPECTION

1.	Code No. of LSG	:	
2.	Name of LSG	:	
3.	Name of KWA division	:	
4.	Date of request for Joint Inspection	:	
5.	Date of conducting Joint Inspection	:	
6.	Name and Designation of Officer representing KWA	:	
7.	Name and Designationof Officer representing LSG		
8.	Reason for conducting joint inspection (please tick)	:	1. Dispute on Number of taps 2. Dispute on defunct taps
9.	Result of Joint Inspection (a) No. of taps for which bill raised (b) No. of taps found physically existing during inspection (c) No. of defunct taps located (d) Actual No. of taps for which bill need to be raised	:	
10.	Remarks if any	:	

We have conducted Joint Inspection of the street hydrants installed within the area of ..... panchayat/municipality/corporation from ..... to ..... and the result of the inspection furnished above is correct.

Signature
(KWA representative)

Signature
(LSG representative)

Appeal Petition

From

The President/Secretary

To

The Revenue Divisional Officer,

Sir,

Sub:- Dispute regarding water charges claimed by KWA - Appeal for arbitration -Reg.

Ref :- 1.G.O. (P) No. ...../2006/WRD dated .....
2.Invoice No. ..... dated ..... of Executive Engineer, ... Division, Kerala Water Authority.

As per the guidelines issued by Government regarding the settlement of disputes regarding water charges between the KWA and Local Self Governments, disputes if any arising and could not be settled mutually by the LSG's and KWA are to be referred to the Revenue Divisional Officer having jurisdiction over the LSG for arbitration.

As per reference cited 2nd, KWA had raised demand for ..... No. of taps for the period from ..... to ..... . But, the numbers of taps physically existing are less than that mentioned in the invoice and a few among them are in defunct state. A joint inspection to verify the No. of taps was conducted on ..... . However, a mutually agreeable report cannot be prepared to resolve the dispute. I therefore request your kind intervention in the matter to resolve the dispute.

This panchayat had already remitted 50% of the water charges claimed by KWA as required in the guidelines for preferring the appeal. A copy of the receipt is enclosed.

Yours faithfully

President/Secretary

കേരള സർക്കാർ

സംഗ്രഹം

തസ്വഭവ–ടേക്ക് ഹോം റേഷൻ സ്ട്രാറ്റജി– ഭക്ഷ്യമിശ്രിതം അംഗൻവാടികളിൽ എത്തിക്കുന്ന തിനുള്ള ചെലവ് വഹിക്കുന്നത് സംബന്ധിച്ച് – ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശ സ്വയം ഭരണ (ഡി. പി) വകുപ്പ്

സ. ഉ. (സാധാ) നം. 575/07/ തസ്വഭവ. തിയ്യതി, തിരുവനന്തപുരം 26.2.2007.

പരാമർശം :– 20.01.07 –ൽ നടന്ന വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോർഡിനേഷൻ സമിതിയുടെ 2.21 –ാം നമ്പർ തീരുമാനം

"ടേക്ക്ഹോം റേഷൻ സ്ട്രാറ്റജി"എന്ന പദ്ധതിയുടെ ഭക്ഷ്യമിശ്രിതം ഐ.സി. ഡി.എസ്. ഓഫീസിൽ നിന്നും അംഗൻവാടികളിൽ എത്തിക്കുന്നതിനുള്ള ചെലവ് വഹിക്കുന്നത് സംബന്ധിച്ച് ചുവടെ പറയുന്ന നിർദ്ദേശങ്ങൾ അംഗീകരിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

"ടേക്ക് ഹോം റേഷൻ സ്ട്രാറ്റജി പ്രകാരം കുടുംബശ്രീ യൂണിറ്റുകൾ ഐ.സി.ഡി.എസ്. ആഫീസിൽ എത്തിക്കുന്ന ഭക്ഷ്യമിശ്രിതം വിതരണം ചെയ്യുന്നതിന് ചൈൽഡ് ഡവലപ്പെന്റ് പ്രോജക്റ്റ് ആഫീസർ (സി ഡി പി ഒ) ക്വട്ടേഷൻ ക്ഷണിക്കുകയും ഏറ്റവും കുറഞ്ഞ തുക ക്വാട്ട് ചെയ്തയാളുടെ ക്വട്ടേഷൻ പഞ്ചായത്ത് കമ്മിറ്റി മുൻപാകെ വിശദാംശങ്ങൾ ഉൾപ്പെടെ, സമർപ്പിച്ച് അംഗീകാരം നേടേണ്ടതുമാണ്. ഇതിനാവശ്യമായ തുക പൂരകപോഷകാഹാര പരിപാടിക്കായി (സപ്ളിമെന്ററി ന്യൂട്രീഷൻ പ്രോഗ്രാം)തദ്ദേശ സ്ഥാപനങ്ങൾ നൽകുന്ന വിഹിതത്തിൽ നിന്നും ചൈൽഡ് ഡവലപ്പ്മെന്റ് പ്രോജക്റ്റ് ആഫീസർമാർക്ക് വഹിക്കാ വുന്നതാണ്.

ഗവർണർമാരുടെ ഉത്തരവിൻപ്രകാരം

അന്നമ്മ ഡാനിയൽ

അഡീഷണൽ സെക്രട്ടറി

GOVERNMENT OF KERALA

Abstract

Local Self Government Department - Computerisation of Local Bodies - authorising Information Kerala Mission to facilitate the procurement of computer infrastructure by Local Governments - Orders issued.

Local Self Government (IB) Department

G.O (M.S) No. 168/2007/LSGD Dated, Thiruvananthapuram, 25.06.2007

Read : 1. G.O (MS) No.205/2004/LSGD, dated, 22.6.2004
2. Note dated 17.05.2007 from the Executive Mission Director, Information Kerala Mission
3. Minutes of the Meeting of the Executive Committee of Information Kerala Mission held on 2.6.2007
4. G.O (MS) No.62/99/ITD dated 22.04.1999
5. G.O (MS) No. 3/2000/ITD dated 22.2.2000

ORDER

Government as per the Government Order read as 1st paper above finalised the specifications of equipment and other items for the implementation of e-governance in Local Governments.

The Executive Mission Director, Information Kerala Mission in his note read as second paper above, submitted before Government that the specifications finalised has since been updated by IKM to reflect the technological advancements. It was further reported to Government that the DGS&D, Government of India has rate contract for procurement of IT equipments. Executive Mission Director, Information Kerala Mission has requested for Government Orders on procurement of hardware by Local Governments directly at DGS&D rates.

The Executive Committee of IKM in its meeting held on 02.06.2007 as Agenda No.7.5.2 - other items, has since decided as follows:-

"In order to facilitate ease of maintenance of Computers, it is recommended that those vendors, from among the vendors authorised for supply of computers under DGS&D approved rates, having support service in Kerala may be called by IKM and the computers to

be supplied allotted to them in equal numbers in a transparent manner ensuring geographical contiguity of Panchayat assigned to each vendor."

As per the GO's referred to 4th and 5th above, IT Department has identified Total Solution Providers (TSP) who can facilitate procurement of hardware.

In the above circumstances Government are pleased to authorise procurement of the following items, as per approved specifications by the Local Governments directly from among the approved DGS&D rates including the rates payable to them and all vendors having support facility in Kerala and also to authorise IKM to workout a framework to facilitate such procurement assessing the support service facilitates of the DGS&D and TSP vendors in Kerala, ensuring geographical contiguity of Local Governments to be assigned to each vendor in a transparent manner.

S/N	Item	DGS&D Item number
1.	Server computer	5,28,29
2.	Client/Desktop Computer	1,29
3.	Dot Matrix Printer - 24- Pin, 136- column	160
4.	Dot Matrix Printer - 24-pin, 80- column	159
5.	Modem	69
6.	8-Port Ethernet Switch	184
7.	Networking	203,204,205,207,208,209, 211,213,214,215,216

While selecting the vendors, apart from the DGS&D rates, the following minimum after-sale service conditions also shall be ensured by IKM.

a. **The period of warranty** - Three year warranty for all the systems and peripherals.
b. **Annual Maintenance Contract (AMC) after the warranty period** - After the 3 year warranty period a comprehensive on-site warranty at least for 4 years at a rate not exceeding 4% per annum may be insisted.
c. **Response time and down time** - If there is any failure/defect noticed in any system or peripheral the vendor shall respond not later than four hours from the time of

reporting over telephone or e-mail or fax whichever is earlier. If the defect is not rectified within 24 hours, the Vendor shall provide stand-by machines.

It is further ordered that IKM may take a prudent decision on purchasing and installation of UPS by arriving at an agreement through Keltron or permit the Local Governments to procure this through a limited tender (equipment matching the specification including four hour back-up duration) in a quite transparent manner.

By Order of the Governor,

S.M Vijayanand
Principal Secretary to Government

GOVERNMENT OF KERALA
Abstract

Local Self Government Institutions - Devolution of Funds - Introduction of Bill System - Declaration of Implementing Officers as Drawing and Disbursing Officers - Orders Issued.

FINANCE (BUDGET -J) DEPARTMENT

G.O.(P)No. 387/2007/Fin. Dated, Thiruvanthapuram 24th August 2007

Read : - 1. G.O(P)No. 549/04/Fin. dated 23.11.2004
2. G.O(P)No. 128/05/Fin. dated 17.03.2005
3. G.O(P)No. 177/06/Fin. dated 12.04.2006
4. G.O(Rt) No. 252/07/LSGD. dated 22.01.2007

ORDER

In the G.Os. read as 1st and 2nd papers above, Government have declared certain Implementing Officers of the Local Self Government Institutions as Drawing and Disbursing Officers. Guidelines for the allocation of Funds to Local Self Government Institutions and drawl of the funds were issued in the G.O read as 3rd paper above. As per the G.O read as 4th paper above, Government have declared the Assistant Engineers deployed to Grama Panchayats as Implementing Officers in connection with public works, undertaken by Grama Panchayats.

2. Government, after examining the matter in detail are pleased to declare the Assistant Engineers of Grama Panchayats as Drawing and Disbursing Officers for the funds earmarked to Grama Panchayats.

By Order of the Governor

M. GIREESHKUMAR,
Additional Secretary

കേരള സർക്കാർ

നംമ്പർ 23803/ഡി സി 2/08/ ത സ്വ ഭ വ

തദ്ദേശ സ്വയംഭരണ (ഡിസി) വകുപ്പ്
തിരുവനന്തപുരം, തിയ്യതി 5/4/2008

സർക്കുലർ

വിഷയം : പ്രാഥമിക അവശ്യങ്ങൾക്കുള്ള സൗകര്യങ്ങൾ പൊതുജനങ്ങൾക്ക് നൽകുന്നത് സംബന്ധിച്ച്.

പൊതുജനങ്ങൾ സാധാരണയായി ഉപയോഗിക്കുന്ന ഹോട്ടലുകൾ, റെസ്റ്റോറന്റുകൾ ഷോപ്പിംഗ് കോംപ്ളക്സുകൾ, ഫ്യൂവൽ സ്റ്റേഷനുകൾ, ബസ് സ്റ്റാന്റുകൾ, മാർക്കറ്റുകൾ എന്നിവയിൽ പലതിലും പ്രാഥമികആവശ്യങ്ങൾ നിർവ്വഹിക്കുന്നതിന് ഇപ്പോൾ നിലവിലുള്ള സൗകര്യങ്ങൾ അപര്യാപ്തമാണെന്ന് സർക്കാറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പൊതുജനങ്ങൾക്കായി നീക്കിവച്ചിരിക്കുന്ന ടോയ്ലറ്റുകളും ബാത്ത്റൂമുകളും ഇപ്പോൾ പല വ്യക്തികളും കൈയടക്കി സ്വകാര്യ ആവശ്യത്തിന് ഉപയോഗിക്കുന്നു. പൊതുടോയലറ്റുകളും ബാത്ത്റൂമുകളും എല്ലാ ദിവസങ്ങളിലും വൃത്തിയാക്കുന്നതിന് നടപടി സ്വീകരിക്കുന്നില്ല. എന്നത് കൂടാതെ വെള്ളവും വെളിച്ചവും പല സ്ഥലങ്ങളിലും ലഭിക്കുന്നില്ല. കൂടാതെബാത്ത് റൂമിന്റേയും ടോയ്ലറ്റിന്റേയും കതകുകൾ പലതും ജീർണ്ണിച്ചതും, ഇളകിയതും പലതിനും പൂട്ടുകൾ പോലും ഇല്ലാത്തതുമാണ്. ചുരുക്കത്തിൽ പൊതുജനങ്ങൾ പ്രാഥമിക ആവശ്യങ്ങൾ നിർവ്വഹിക്കുന്നതിന് ധാരാളം പ്രയാസങ്ങൾ നേരിടുന്നു. ഈകാര്യത്തിൽ പൊതുജനങ്ങൾ നേരിടുന്ന വിഷമതകൾ പരിഹരിക്കുന്നതിന് താഴെപറയുന്ന നിർദ്ദേശങ്ങൾ തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾ നിർബന്ധമായും പാലിച്ചിരിക്കേണ്ടതുമാണ്.

1. നിലവിലുള്ള കെട്ടിടങ്ങളിൽ കെട്ടിട നിർമ്മാണചട്ടപ്രകാരം ആവശ്യമായ ടോയ്ലറ്റ്, ബാത്ത്റൂം, യൂറിനൽ സംവിധാനം എന്നിവ നൽകിയിട്ടുണ്ടോ എന്ന് തദ്ദേശ സ്വയംഭരണ സ്ഥാപന സെക്രട്ടറി ഉറപ്പുവരുത്തേണ്ടതും , അല്ലാത്ത പക്ഷം അവ 3 മാസത്തിനകം നിർമ്മിച്ച് നൽകേണ്ടതിന് നോട്ടീസ് നൽകേണ്ടതുമാണ്.
2. ബിൽഡിംഗ് പെർമിറ്റ് വാങ്ങിയശേഷം ആവശ്യത്തിനായി കാണിച്ചിരിക്കുന്ന സ്ഥലം നിർമ്മിക്കാതെയോ നിർമ്മിച്ചശേഷം പൊതുജനങ്ങൽക്ക് നൽകാതെ സ്വകാര്യമായി ഉപയോഗിക്കുകയോ, ഉപയോഗം മാറ്റുകയോ ചെയ്തിട്ടുള്ള പക്ഷം കെട്ടിടം അനധികൃതമായി കണക്കാക്കി അവയ്ക്കെതിരെ നടപടി സ്വീകരിക്കേണ്ടതുമാണ്.
3. നിലവിലുള്ള ഹോട്ടലുകൾ റെസ്റ്റോറന്റുകൾ, ഷോപ്പിംഗ് കോംപ്ളക്സുകൾ, ഫ്യൂവൽ സ്റ്റേഷനുകൾ, ബസ് സ്റ്റാന്റുകൾ, മാർക്കറ്റുകൾ ഉൾപ്പെടെ പൊതുജനങ്ങൾ ഉപയോഗിക്കുന്ന സ്ഥലങ്ങളിൽ നലവിലുള്ള സൗകര്യങ്ങൾ

സെക്രട്ടറി പരിശോധിക്കേണ്ടതും സൗകര്യങ്ങൾക്ക് കുറവുള്ള പക്ഷവും വൃത്തിയായി സൂക്ഷിക്കാത്ത പക്ഷവും അവ ക്രമീകരിച്ച് വൃത്തിയായി സൂക്ഷിക്കുന്നതിന് കേരള മുനിസപ്പാലിറ്റി ആക്ട് സെക്ഷൻ 324 പ്രകാരം നടപടി സ്വീകരിക്കേണ്ടതുമണ്.

4. വെള്ളം വെളിച്ചം , ബാത്ത്റൂമിലേയ്ക്കുള്ള ആവശ്യസാധനങ്ങൾ (ബക്കറ്റ്, മഗ്ഗ്) എന്നിവ എല്ലാ ബാത്ത്റുമിലും ഉണ്ട് എന്ന് ഉറപ്പ് വരുത്തുന്നതിന് സെക്രട്ടറി ചുമതലപ്പെടുത്തുന്ന ഉദ്യോഗസ്ഥർ പരിശോധന നടത്തി സെക്രട്ടറിക്ക് റിപ്പോർട്ട് നൽകേണ്ടതും അതിൻമേൽ സെക്രട്ടറി നടപടി സ്വികരിക്കേണ്ടതുമാണ്.
5. ബാത്ത് റൂമിലെ കതകുകൾ ഇല്ലാതിരിക്കുക, പൂട്ടുകൾ സ്ഥാപിക്കാതിരിക്കുക, വെള്ളം, വെളിച്ചം എന്നിവ നൽകാതിരിക്കുക, വൃത്തിയായി സൂക്ഷിക്കാതിരിക്കുക, മുതലായവ ചെയ്യുന്ന കെട്ടിടങ്ങളുടെ ലൈസൻസുകൾ റദ്ദാക്കുകയും, പിഴ ചുമത്തുകയും ചെയ്യുന്നതാണെന്ന് ബന്ധപ്പെട്ടവരെ അറിയിക്കേണ്ടതും അതിൻപ്രകാരം തുടർനടപടി സ്വീകരിക്കേണ്ടതുമാണ്. മുനിസിപ്പാലിറ്റി ആക്ട് സെക്ഷൻ 325 പ്രകാരം സ്വകാര്യത ഉറപ്പ് വരുത്തേണ്ടതുമാണ്.
6. സ്ത്രീകൾക്കും പുരുഷൻമാർക്കും പ്രത്യേകം മൂത്രപ്പുരകൾ ഉണ്ട് എന്ന് മുനിസിപ്പാലിറ്റി ആക്ട് സെക്ഷൻ 323 പ്രകാരവും 324പ്രകാരവും സെക്രട്ടറി ഉറപ്പുവരുത്തേണ്ടതുമാണ്.
7. ടോയ്‌ലറ്റ്, ബാത്ത്റും എന്നിവയുടെ സ്ഥാനം കാണിച്ചുകൊണ്ടുള്ള പ്രത്യേക ബോർഡ് സ്ഥാപിച്ചിരിക്കേണ്ടതാണ്.
8. പൊതുജനങ്ങൾ കാണേണ്ട സ്ഥലത്തു തന്നെ അവയുടെ ലൊക്കേഷൻ കാണിച്ചുകൊണ്ടുള്ള കൈചൂണ്ടി സ്ഥാപിച്ചിരിക്കേണ്ടതാണ്.
9. ഏതെങ്കിലും സ്ഥാപനങ്ങളിൽ പൊതുജനങ്ങൾക്ക് ആവശ്യമായ സൗകര്യങ്ങൾ നിലവിൽ ഇല്ലാത്തപക്ഷം അവ ക്രമീകരിച്ചു നൽകുന്നതിന് സെക്ഷൻ 322 പ്രകാരം വേണ്ട നടപടി സെക്രട്ടറി സ്വീകരിക്കേണ്ടതാണ്.
10. പൊതുസ്ഥലത്ത് മലമൂത്ര വിസർജ്ജനം നടത്തുന്നതിനെതിരെ ബോധവൽക്കരണം കൊണ്ടുവരുന്നതിനുള്ള നടപടി സെക്രട്ടറി സ്വീകരിക്കേണ്ടതും, പൊതുസ്ഥലത്തോ പൊതുവഴിയിലെ വിസർജ്ജനം ചെയ്തു ശല്യമുണ്ടാക്കുന്നവർക്കെതിരെ സെക്ഷൻ 341 പ്രകാരം നടപടി സ്വീകരിക്കുകയും ചെയ്യേണ്ടതാണ്.
11. പുതിയതായി നിർമ്മിക്കുന്ന കെട്ടിടങ്ങളിൽ കെട്ടിട നിർമ്മാണ ചട്ടങ്ങളിൽപറഞ്ഞിരിക്കും പ്രകാരം എണ്ണത്തിലും വലിപ്പത്തിലും നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ടെന്ന് ഉറപ്പ് വരുത്തിയശേഷം മാത്രമെ ഓക്യുപ്പൻസി സർട്ടിഫിക്കറ്റ് നൽകാവു.
12. അംഗവൈകല്യമുള്ളവർക്ക് കൂടി ഉപയോഗിക്കുന്നതിന് സുഗമമായ വഴിയും ടോയ്‌ലറ്റിന് ആവശ്യം വേണ്ട വലിപ്പവും, ക്രമീകരണങ്ങളും ഉണ്ട് എന്ന് സെക്രട്ടറി ഉറപ്പാക്കേണ്ടതാണ്.

13. മേൽ പറഞ്ഞ 1 മുതൽ 12 വരെയുള്ള കാര്യങ്ങൾ പരിശോധിച്ച് ഉറപ്പുവരുത്തേണ്ടതിന് ഹെൽത്ത് ഓഫീസരമാരേയും ടൗൺ പ്ളാനിംഗ് ഓഫീസർമാരേയും സെക്രട്ടറിമാർ ചുമതലപ്പെടുത്തേണ്ടതും, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സെക്രട്ടറിമാർ ചുമതലപ്പെടുത്തേണ്ടതും, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സെക്രട്ടറിമാർ ഓരോ മാസവും ടി കാര്യങ്ങൾ പരിശോധിച്ച് വിലയിരുത്തേണ്ടതുമാണ്.
14. മേൽപ്പറഞ്ഞ നിബന്ധനകൾ പാലിച്ചുകൊണ്ടും, ടി വിഷയവുമായി ബന്ധപ്പെട്ട നടപടികളെ കുറിച്ചും ഉള്ള വിശദമായ റിപ്പോർട്ട് ഓരോ മൂന്ന് മാസവും തദ്ദേശ സ്വയംഭരണ സെക്രട്ടറിക്ക് സമർപ്പിക്കേണ്ടതാണ്.

എസ്. എം. വിജയാനന്ദ്
ഗവൺമെന്റ് പ്രിൻസിപ്പൽ സെക്രട്ടറി.

ക്രമനം.	ഉണ്ടായിരിക്കേണ്ട ഉപകരണങ്ങൾ ----------	സമ്മേളനസ്ഥല കൈവശ ഗണങ്ങൾ ---------- തിയ്യറ്ററുകൾ, ഓഡിറ്റോറിയം , ആർട്ട് ഗാലറി, കല്ല്യാണ മണ്ഡപങ്ങൾ, കമ്മ്യൂണിറ്റി ഹാളുകൾ	സമ്മേളന സ്ഥലം ------- ബസ് ടെർമിനലുകൾ	സമ്മേളനസ്ഥലം ---------- റെയിൽവേസ്റ്റേഷൻ	സമ്മേളനസ്ഥലം ----------
(1)	(2)	(3)	(4എ)	(4 ബി)	(4 സി)
1.	വാട്ടർ ക്ളോസറ്റ്	200 പുരുഷൻമാർക്ക് അല്ലെങ്കിൽ അതിന്റെ ഭാഗത്തിന് ഒരെണ്ണം വീതം 100 സ്ത്രീകൾക്ക് അല്ലെങ്കിൽ അതിന്റെ ഭാഗത്തിന് ഒരെണ്ണം വീതം	ആദ്യത്തെ 1000 പേർക്ക് 4 തുടർന്നുള്ള ഓരോ 1000 പേർക്കോ അതിന്റെ ഭാഗത്തിനോ ഒന്നു വീതം	ആദ്യത്തെ 1000 പേർക്ക് 4 തുടർന്നുള്ള ഓരോ 1000 പേർക്കോ അതിന്റെ ഭാഗത്തിനോ ഒന്നു വീതം	ആദ്യത്തെ 1000 പേർക്ക് 4 തുടർന്നുള്ള ഓരോ 1000 പേർക്കോ അതിന്റെ ഭാഗത്തിനോ ഒന്നു വീതം
2	മൂത്രപ്പുരകൾ	50 പേർക്കോ അതിന്റെ ഭാഗത്തിനോ ഒന്നു വീതം	ആദ്യത്തെ 1000 പേർക്ക് 6, തുടർന്നുള്ള ഓരോ 1,000 പേർക്കോ അതിന്റെ ഭാഗത്തിനോ ഒന്നു വീതം	ആദ്യത്തെ 1000 പേർക്ക് 6, തുടർന്നുള്ള ഓരോ 1,000 പേർക്കോ അതിന്റെ ഭാഗത്തിനോ ഒന്നു വീതം	ആദ്യത്തെ 1000 പേർക്ക് 6, തുടർന്നുള്ള ഓരോ 1,000 പേർക്കോ അതിന്റെ ഭാഗത്തിനോ ഒന്നു വീതം
3	വാഷ് ബേസിൻ	ഓരോ 200 പുരുഷൻമാർക്ക് ഒന്നും ഓരോ 200 സ്ത്രീകൾക്ക് ഒന്നും വീതം	പുരുഷൻമാരുടെയും സ്ത്രീകളുടെയും ശൗചാലയങ്ങളിൽ (ടോയ്ലെറ്റുകളിൽ നാല് വീതം)	പുരുഷൻമാരുടെയും സ്ത്രീകളുടെയും ശൗചാലയങ്ങളിൽ(ടോയ്ലറ്റുകളിൽ (ടോയ്ലറ്റുകളിൽ നാല് വീതം)	പുരുഷൻമാരുടെയും സ്ത്രീകളുടെയും ശൗചാലയങ്ങളിൽ(ടോയ്ലറ്റുകളിൽ നാല് വീതം)

കേരള സർക്കാർ

നംമ്പർ 71413/ ഡിബി 2/2008 ത. സ്വ. ഭ വ. തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്
തിരുവനന്തപുരം , തിയ്യതി 10.11.2008

സർക്കുലർ

വിഷയം : **തദ്ദേശസ്വയംഭരണവകുപ്പ്– ഭക്ഷ്യധാന്യ വിതരണ പ്രോജക്ടുകൾ – നിർദ്ദേശങ്ങൾ സംബന്ധിച്ച്.**

സൂചന : 1. 14.05.2007– ലെ സ. ഉ. (എം എസ്) 128/08/ത സ്വ. ഭ വ നമ്പർ ഉത്തരവ്
2. വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ–ഓർഡിനേഷൻ സമിതിയുട–29.10.2008–ലെ യോഗ തീരുമാനം (ഇനം 2.23)

പതിനൊന്നാം പഞ്ചവൽസര പദ്ധതി തയ്യാറാക്കുന്നതിന് സൂചന ഒന്ന് പ്രകാരം പുറപ്പെടുവിച്ച മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി ചില തദ്ദേശഭരണ സ്ഥാപനങ്ങൾ 2008–09 വാർഷിക പദ്ധതിയിൽ ഭക്ഷ്യധാന്യ വിതരണ പ്രോജക്ടുകൾ ഏറ്റെടുത്തിട്ടുള്ളതായി സർക്കാറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.ഈ വിഷയം സംബന്ധിച്ച് സർക്കാർ ചുവടെ പ്രതിപാദിക്കുന്ന നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

സൂചന ഒന്ന് മുഖേന പുറപ്പെടുവിച്ച പദ്ധതി ആസൂത്രണ മാർഗ്ഗരേഖ പ്രകാരം, സംയോജിത ശിശുവികസന പരിപാടിയുടെ (ഐ.സി.ഡി.എസ്) ഭാഗമായി നടപ്പാക്കുന്ന പോഷകാഹാര വിതരണ പ്രോജക്ടുകൾക്ക് വികസനഫണ്ട് വകയിരുത്താവുന്നതാണ്. ഗ്രാമപ്രദേശങ്ങളിൽ ഗ്രാമ/ബ്ളോക്ക് പഞ്ചായത്തുകൾ സംയുക്തമായും നഗരപ്രദേശങ്ങളിൽ നഗരസഭകൾ അവയുടെ വിഹിതം മാത്രം വിനിയോഗിച്ചും നടപ്പാക്കേണ്ട ഒരു അനിവാര്യ പരിപാടിയാണിത്..

പെൻഷനോ മറ്റ് യാതൊരു വരുമാന മാർഗ്ഗമോ ഇല്ലാത്ത ആശ്രയ–അഗതി കുടുംബങ്ങൾക്ക് അന്ത്യോദയ അന്നയോജന പദ്ധതി പ്രകാരം ഭക്ഷ്യധാന്യം വിതരണം ചെയ്യണമെന്നും ഭക്ഷ്യധാന്യത്തിന്റെ വില ഗ്രാമപഞ്ചായത്ത്/നഗരസഭയ്ക്ക് നൽകുന്ന കുടുംബശ്രീ അഗതി പുനരധിവാസ ഫണ്ടിൽ (ചലഞ്ച് ഫണ്ട്) നിന്നും കുടുംബങ്ങളുടെ റേഷൻകാർഡ് രജിസ്റ്റർ ചെയ്തിട്ടുള്ള പൊതുവിതരണ കേന്ദ്രത്തിൽ നേരിട്ട് ഒടുക്കണമെന്നുമാണ് സൂചന ഒന്ന് പ്രകാരം പുറപ്പെടുവിച്ച മാർഗ്ഗരേഖയുടെ അനുബന്ധം–5 ൽ നിർദ്ദേശിച്ചിട്ടുള്ളത് അഗതികൾക്ക് ഭക്ഷ്യധാന്യം നൽകുവാൻ കടുംബശ്രീയുടെചലഞ്ച്ഫണ്ടിന്പുറമെവികസനഫണ്ട്/തനത്ഫണ്ട്വിനിയോഗിക്കാവുന്നതാണെന്ന് സ്പഷ്ടീകരണം നൽകുന്നു.

മുകളിൽ സൂചിപ്പിച്ച രണ്ട് പരിപാടികൾ അല്ലാതെ വികസന ഫണ്ട്/തനത്ഫണ്ട്, വിനിയോഗിച്ച് ഭക്ഷ്യധാന്യം വിതരണം ചെയ്യുന്നതിനുള്ള മറ്റ് പ്രോജക്ടുകൾ തദ്ദേശ ഭരണ സ്ഥാപനങ്ങൾ നടപ്പാക്കാൻ പാടില്ല. 2008–09 വാർഷിക പദ്ധതിയിൽ ഏറ്റെടുത്തിട്ടുള്ള മറ്റ്

ഭക്ഷ്യധാന്യവിതരണ പ്രോജക്ടുകൾ അവയ്ക്ക് ജില്ലാആസൂത്രണസമിതിയുടെ അംഗീകാരം ലഭിച്ചിട്ടുണ്ടെങ്കിലും, ഉപേക്ഷിക്കേണ്ടതാണ്. അവ നടപ്പാക്കുകയാണെങ്കിൽ അതിന്റെ ചെലവ് നിർവഹണഉദ്യോഗസ്ഥന്റെ വ്യക്തിപരമായ ബാധ്യതയായി കണക്കാകുയാണെങ്കിൽ അതിന്റെ ചെലവ് നിർവഹണഉദ്യോഗസ്ഥന്റെ വ്യക്തിപരമായ ബാധ്യതയായികണക്കാക്കുകയാണ്. പ്രസ്തുതപ്രോജക്ടുകൾക്ക് പകരം പുതിയ പ്രോജക്ടുകൾ ബന്ധപ്പെട്ട മേഖലയിൽ/വിഭാഗത്തിൽ നിർദ്ദേശിക്കാവുന്നതാണ്.

എസ് എം വിജയാനന്ദ്
പ്രിൻസിപ്പൽ സെക്രട്ടറി

നംപർ 30417/കെ 2./98/ത.സ്വ.ഭ

തദ്ദേശസ്വയംഭരണ (കെ) വകുപ്പ്
തിരുവനന്തപുരം
തിയ്യതി: 9.7.99

സർക്കുലർ

വിഷയം : ഗ്രാമപഞ്ചായത്തുകളുടെ ആഡിറ്റ്– പഞ്ചായത്തുകൾക്ക് കൈമാറ്റം ചെയ്യപ്പെട്ട വകുപ്പുകളുടെ ഓഫീസുകളിൽ പഞ്ചായത്ത് രസീത് പുസ്തകം ഉപയോഗിക്കുന്നത്– നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

സൂചന: 1. ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 16.7.98–ലെ എൽ എഫ് 11475/ആർ 3/98 നംപർ കത്ത്
2. പഞ്ചായത്ത് ഡയറക്ടറുടെ 16.07.98, 7.11.98 എന്നീ തിയ്യതികളിലെ ജി 1. 19679/98 നംമ്പർ കത്തുകൾ

അധികാര വികേനന്ദ്രീകരണത്തിന്റെ ഭാഗമമായി ഗ്രാമപഞ്ചായത്തിന് കൈമാറിയ ഓഫീസുകളിൽ ലഭിക്കുന്ന പിരവുതുക തൊട്ടടുത്ത പ്രവൃത്തി ദിനത്തിൽ പഞ്ചായത്തിൽ ഒടുക്കുന്നതിന് വീഴ്ച വരുത്തുന്നതായും പലപ്പോഴും ദൂരെയുള്ള ഓഫീസുകളിൽ നിന്നും ചെറിയ തുകകൾ ഒടുക്കുന്നതിന് ചെലവാകുന്ന യാത്രപ്പടി, മനുഷ്യദിനം എന്നിവയാണ് ഇതിന് കാരണമെന്നും 1994–ലെ കേരള പഞ്ചായത്ത്രാജ് നിയമത്തിനനുസരിച്ചുള്ള അക്കൗണ്ട് ചട്ടങ്ങൾ ഇനിയും പുറപ്പെടുവിച്ചിട്ടില്ലാത്തതിനാൽ ഇപ്രകാരം തുക അടയ്ക്കുന്നതിന് വീഴ്ച വരുത്തുന്നവരുടെ കാര്യത്തിൽ ഓഡിറ്റിന് വ്യക്തമായ അഭിപ്രായപ്രകടനം സാദ്ധ്യമാകാതെവരുന്നുവെന്നും ഇതു പരിഹരിക്കുന്നതിന് പഞ്ചായത്ത് ഡയറക്ടറുമായി കൂടിയാലോചിച്ച് ഒരു പൊതു നിർദ്ദേശം പുറപ്പെടുവിക്കണമെന്ന് , സൂചന ഒന്നുപ്രകാരം ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടർ അഭ്യർത്ഥിക്കുകയുണ്ടായി. ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടറുടെ അഭ്യർത്ഥന പരിഗണിച്ച് ഈ വിഷയം സംബന്ധിച്ച് ഇനി പ്പറയുന്ന നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

1965 –ലെ കേരള പഞ്ചായത്ത് (അക്കൗണ്ട്സ്) റൂളുകൾക്കുപകരം വയ്ക്കാവുന്ന സമഗ്രമായ അക്കൗണ്ട് റൂളുകൾ ഇനിയും നടപ്പിൽ വരുത്തിയിട്ടില്ലാത്തതിനാൽ ബാധകമായിടത്തോളം സംഗതികളിൽ 1965–ലെ അക്കൗണ്ട് റൂളുകൾ നിലനിൽക്കുകയാണ്. ഇതുപ്രകാരം, കാര്യനിർവ്വഹണ ഉദ്ധ്യോഗസ്ഥനോ അധികാരപ്പെടുത്തപ്പെട്ട ഇതര ഉദ്ധ്യോഗസ്ഥനോ ഔദ്യോഗിക നിലയിൽ പഞ്ചായത്തിനുവേണ്ടി സ്വീകരിക്കുന്ന എല്ലാ തുകക്കും ഫോം നമ്പർ XXXIII നിഷ്കർഷിക്കുന്ന തരത്തിലുള്ള രസിത് നൽകേണ്ടതും അവ പഞ്ചായത്ത് കണക്കിൽ വരവ് വച്ച് അതതു ദിവസം തന്നെ ട്രഷറി/ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിക്കേണ്ടതുമാണ്.

ഗ്രാമപഞ്ചായത്ത് രസീതുപയോഗിച്ച് പിരിവു നടത്തുന്ന വിവിധ വകുപ്പുകളിലെ ഉദ്ധ്യോഗസ്ഥർ ഇപ്രകാരം പിരിച്ചെടുക്കുന്ന തുക ആഴ്ചയിൽ ഒരിക്കൽ എന്നാൽ അതതുമാസത്തെ തുക അതാതുമാസം എന്ന നിബന്ധനയോടെ പഞ്ചായത്തിൽ ഒടുക്കേണ്ടതാണെന്നും യാതൊരു കാരണവശാലും ഇപ്രകാരം പരിച്ചെടുത്ത 1,000/– രൂപ (ആയിരം രൂപ) യിൽ കവിയുന്ന തുക കൈവശം വയ്ക്കാവുന്നതല്ലെന്നും ഈ പരിധിയിൽ കവിഞ്ഞാൽ ഉടൻതന്നെ പ്രസ്തുത തുക മുഴുവനായും ഒടുക്കുവരുത്തേണ്ടതാണെന്ന് നിർദ്ദേശിച്ചുകൊള്ളുന്നു.

എസ് . എം . വിജയാനന്ദ്,

സെക്രട്ടറി

കേരള സർക്കാർ

നമ്പർ. 56911/പി. എ. 4/2001/ തസ്വഭവ

തദ്ദേശസ്വയംഭരണ (പിഎ) വകുപ്പ്
തിരുവനന്തപുരം
തീയതി. 20.03.2002

സർക്കുലർ

വിഷയം – തദ്ദേശ സ്വയംഭരണ വകുപ്പ് പെർഫോമൻസ് ആഡിറ്റ് – ആഡിറ്റിന് ഫയലുകളും റിക്കാർഡുകളും ലഭ്യമാക്കുന്നതു സംബന്ധിച്ച്

പെർഫോമൻസ് ആഡിറ്റ് നടപടിക്രമങ്ങളോട് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ഉദ്യോസ്ഥരും നിർവ്വഹണ ഉദ്യോഗസ്ഥരും സഹകരിക്കേണ്ടതും, ഫയലുകൾ യഥാസമയം ആഡിറ്റിനു ഹാജരാക്കേണ്ടതുമാണ്. ആഡിറ്റിന് പാർട്ടി ആവശ്യപ്പെടുന്ന റിക്കാർഡുകളും ഫയലുകളും ആഡിറ്റ് നടക്കുന്ന തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളിൽ നിർവ്വഹണ ഉദ്യോഗസ്ഥർ എത്തിച്ചുകൊടുക്കേണ്ടതാണ്. ബന്ധപ്പെട്ട നിർവ്വഹണ ഉദ്യോഗസ്ഥർ ആവശ്യമുണ്ടെങ്കിൽമാത്രം ഹാജരായാൽ മതിയാകുന്നതാണ്.

പി. കമാൽകുട്ടി
സെക്രട്ടറി

എൽ എഫ് 13927/സ്പെഷൽ (എസ്.സി)/200 .....ലോക്കൽ ഫണ്ട് ,തിരുവനന്തപുരം 6.3.2003. –ാം തിയ്യതിയിൽ പഞ്ചായത്ത് ഡയറക്ടർ തിരുവന്തപുരത്തിന് അയച്ച കത്തിന്റെ ശരിപകർപ്പ്.

വിഷയം – ലോക്കൽ ഫണ്ട് ഓഡിറ്റ് – തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ആഡിറ്റ്

റിപ്പോർട്ട് – സമയബന്ധിതമായി എക്സിക്യൂട്ടീവ് അതോറിറ്റി കൈക്കൊള്ളേണ്ട നടപടികൾ സംബന്ധിച്ച്.

തദ്ദേശ സ്വയംഭരണ സ്ഥപാനങ്ങൾക്ക് ഓരോ സാമ്പത്തിക വർഷവും സംഭവിച്ച നഷ്ടം ഉത്തരവാദിയായ ഉദ്യോഗസ്ഥരിൽ നിന്നും ഈടാക്കുന്നതിന് ഈ വകുപ്പിൽ നിന്നും കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ട് ആന്റ് റൂൾ പ്രകാരം ചാർജ്/സർചാർജ് നടപടികൾ സ്വീകരിച്ചുവരുന്നു. കേരളമുൻസിപ്പാലിറ്റി ആക്ട് പഞ്ചായത്ത്രാജ് ആക്ട് എന്നിവയിലെ യഥാക്രമം 215(9),295(9) വകുപ്പുകൾ പ്രകാരം ഒരു ചെലവ് നടന്ന് നാല് വർഷം കഴിഞ്ഞാൽ നടപടി പാടില്ല, സർ ചാർജ്ജ് എന്ന് വ്യവസ്ഥ ചെയ്യുന്നതിനാൽ, അപ്രകാരമുള്ള തുകകൾ ഈടാക്കുന്നതിൽ നിന്നും ഒഴിവാക്കണമെന്ന് സർചാർജ് ചെയ്യപ്പെട്ട വ്യക്തികൾ ആവശ്യപ്പെടുന്നു. എന്നാൽ ടി ആക്ടുകൾക്ക് ശേഷം നിലവിൽ വന്ന ലോക്കൽഫണ്ട് ഓഡിറ്റ് ആക്റ്റ് സെക്ഷൻ 22 പ്രകാരം ഈ നാലുവർഷ സമയപരിധിക്ക് പിൻബലമില്ലാതായിരിക്കുകയാണ്.

ഓഡിറ്റ് റിപ്പോർട്ട് ലഭിച്ച് രണ്ട് മാസത്തിനകം മറുപടി ലഭ്യമാക്കണമെന്ന് ലോക്കൽഫണ്ട് ഓഡിറ്റ് ആക്ടിൽ വ്യവസ്ഥ ചെയ്യുന്നുണ്ടെങ്കിലും പല തദ്ദേശഭരണ സ്ഥാപനങ്ങളിലെ സെക്രട്ടറിമാരും ആയത് കൃത്യമായി പാലിക്കുന്നില്ല. തൻമൂലം യാതൊരു മറുപടിയും ലഭിക്കാത്ത റിപ്പോർട്ടുകളിൻ മേൽ ഈ വകുപ്പ് ചാർജ്/ സർചാർജ് നടപടിസ്വീകരിക്കേണ്ടിവരികയും അപ്പോൾ ബന്ധപ്പെട്ട വ്യക്തികൾ മറുപടി സമർപ്പിക്കുകയും ചെയ്യുന്ന പ്രവണത കണ്ടുവരുന്നു. ഇത് വളരെയധികം പ്രായോഗിക ബുദ്ധിമുട്ടുകൾ ഉണ്ടാക്കുന്നുണ്ട്. റിപ്പോർട്ടിൻ മേൽ പരിഹാര നടപടികൾ കൈക്കൊണ്ട് ആയത് യഥാസമയം ആഡിറ്റിനെ അറിയിക്കാത്തതിനാൽ പരിഹരിക്കാവുന്നതും ഒഴിവാക്കാവുന്നതുമായ തടസ്സങ്ങൾ കൂടി ചാർജ്/ സർചാർജ് നോട്ടീസിൽ ഉൾപ്പെടുത്തേണ്ടതായും വരുന്നു. അതുപോലെ ഓരോ സ്ഥാപനത്തിലേയും ഓഡിറ്റ് റിപ്പോർട്ട് പ്രകാരമുള്ള നഷ്ടത്തിന് ഉത്തരവാദിയായ ഉദ്യോഗസ്ഥർ ആ വിവരം അറിയുന്നത് ബന്ധപ്പെട്ട ഓഡിറ്റ് പരാമർശം ഉൾപ്പെടുത്തിയ ചാർജ് / സർചാർജ് നോട്ടീസുകൾ ലഭിക്കുമ്പോൾ മാത്രമാണ്.

ഇപ്രകാരം ഒരു സാഹചര്യം ഒഴിവാക്കുന്നതിനായി ഓഡിറ്റ് റിപ്പോർട്ടിൻമേൽ സമയബന്ധിതമായി തുടർ നടപടികൾ കൈക്കൊള്ളുന്നതിലേക്കായി താഴെപറയുന്ന കാര്യങ്ങൾ തദ്ദേശഭരണസ്ഥാപനങ്ങളിലെ സെക്രട്ടറിമാരുടെയും മറ്റ് ബന്ധപ്പെട്ട വ്യക്തികളുടേയും ശ്രദ്ധയിൽ കൊണ്ടുവരുവാൻ താൽപര്യപ്പെടുന്നു.

1. ഓഡിറ്റ് റിപ്പോർട്ട് കൈപ്പറ്റിയാൽ ഉടൻതന്നെ സെക്രട്ടറി റിപ്പോർട്ടിലെ പരാമർശങ്ങൾ ബന്ധപ്പെട്ട വ്യക്തികളുടെ ശ്രദ്ധയിൽ കൊണ്ടുവരേണ്ടതും അതിന് രേഖാമൂലം തെളിവ് വാങ്ങേണ്ടതുമാണ്. ഇക്കാര്യം ഓരോ സെക്രട്ടറിമാരുടേയും വ്യക്തിപരമായ ഉത്തരവാദിത്തം ആയിരിക്കുന്നതാണ്

2. ഓഡിറ്റ് റിപ്പോർട്ട് പ്രകാരം നിരാകരിക്കുന്ന തുകകൾ സമയപരിധി ബാധകമാക്കാതെ സർചാർജ് നടപടികളിലൂടെ ഈടാക്കുന്നതായിരിക്കും

3. ഓഡിറ്റ് റിപ്പോർട്ട് ലഭിച്ച് കഴിഞ്ഞാൽ രണ്ട് മാസത്തിനകം നിർബന്ധമായും ആയതിന് മറുപടി സമർപ്പിച്ചിരിക്കേണ്ടതാണ്.

4. ഏന്തെങ്കിലും കാരണവശാൽ മറുപടി സമർപ്പിക്കാത്തറിപ്പോർട്ടുകളിൻമേൽ

   ''അനന്തര റിപ്പോർട്ട്'' ഈ വകുപ്പ് കൃത്യമായി പുറപ്പെടുവിക്കുന്നതും സാമ്പത്തിക നഷ്ടത്തിന് ഉത്തരവാദികളായവർക്കെതിരെ ചാർജ്/ സർചാർജ്നോട്ടീസ് പുറപ്പെടുവിക്കുന്നതുമാണ്.

5. ചാർജ്/സർചാർജ് നോട്ടീസിന് നിശ്ചിത സമയപരിധിയായ രണ്ട് മാസത്തിനകം ഈ വകുപ്പിന് ലഭിക്കുന്ന മറുപടികൾ യോഗ്യതയുടെ അടിസ്ഥാനത്തിൽ അനുഭാവപൂർവ്വം പരിശോധിക്കുന്നതും ഒഴിവാക്കാവുന്ന ഖണ്ഡികകളും തുകകളും ഒഴിവാക്കി ആ വിവരം ബന്ധപ്പെട്ട വ്യക്തികളെ യഥാസമയം അറിയിക്കുന്നതുമാണ്.

6. ചാർജ്/സർചാർജ് നാട്ടീസ് കൈപ്പറ്റി രണ്ട് മാസത്തിനകം യാതൊരു മറുപടിയും ലഭിക്കാത്ത പക്ഷം നോട്ടീസിൽ പ്രതിപാദിച്ചിരിക്കുന്ന തുക ഈടാക്കാൻ ചാർജ്/സർചാർജ് സർട്ടിഫിക്കറ്റ് പുറപ്പെടുവിക്കുന്നതായിരിക്കും.

7. ചാർജ്/സർചാർജ് സർട്ടിഫിക്കറ്റുകൾ പുറപ്പെടുവിച്ച ശേഷം സമർപ്പിക്കുന്ന മറുപടികളും അപേക്ഷകളും യാതൊരു കാരണവശാലും പരിഗണിക്കുന്നതല്ല.

വിശ്വസ്തതയോടെ

(ഒപ്പ്)
ഡയറക്ടർ, ലോക്കൽഫണ്ട്
ആഡിറ്റ് വകുപ്പ്

ജി 5 37288/02

പഞ്ചായത്ത് ഡറക്ടറാഫീസ്
തിരുവനന്തപുരം, തിയ്യതി. 11.03.2003.

സർക്കുലർ

വിഷയം : **പെർഫോർമൻസ് ആഡിറ്റ് – ആഡിറ്റ് റിപ്പോർട്ടുകൾക്കുള്ള മറുപടി സമർപ്പിക്കാത്തത് സംബന്ധിച്ച്**

സൂചന: ആലപ്പുഴ പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടറുടെ 26.10.02 ലെ എ1/68/010ം നംപർ കത്ത്

ഗ്രാമപഞ്ചായത്തുകളിൽ നിന്നും പെർഫോമൻസ് ആഡിറ്റ് റിപ്പോർട്ടുകൾക്കുള്ള മറുപടി യഥാസമയം സമർപ്പിക്കുന്നില്ലായെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിരിക്കുന്നു. ആകയാൽ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർ വിളിച്ചു ചേർക്കുന്ന ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാരുടെ പ്രതിമാസ കോൺഫറൻസിലെ പെർഫോമൻസ് ആഡിറ്റ് എന്ന അജണ്ടയിൽ പ്രസ്തുത വിഷയം ഉൾപ്പെടുത്തേണ്ടതും കർശനമായ നിർദ്ദേശങ്ങൾ നൽകേണ്ടതുമാണ് . പെർഫോമൻസ് ആഡിറ്റ് റിപ്പോർട്ട ലഭിച്ചതും മറുപടി നൽകിയതും സംബന്ധിച്ച ഒരു ത്രൈമാസ സ്റ്റേറ്റുമെന്റ് എല്ലാ ഗ്രാമ പഞ്ചായത്തുകളിൽ നിന്നും പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടർമാർ വാങ്ങേണ്ടതാണ്. ഇക്കാര്യങ്ങൾക്കാവശ്യമായ മറ്റു നിർദ്ദേശങ്ങളും പെർഫോമൻസ് ആഡിറ്റ് ചട്ടങ്ങൾ അനുശാസിക്കുന്ന പ്രകാരം ആഡിറ്റ് റിപ്പോർട്ടുകൾക്ക് യഥാസമയം മറുപടി സമർപ്പിക്കാതിരിക്കുന്നത് ഗൗരവമായി വീക്ഷിക്കുന്നതായിരിക്കുമെന്ന താക്കീതും എല്ലാ ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാർക്കും പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ അടിയന്തിരമായി നൽകേണ്ടതാണ്.

ഒപ്പ്

പഞ്ചായത്ത് ഡയറക്ടർ

Government of Kerala

Abstarct

Local Bodies- Decentralisation of Powers - Functions transferred to Local Bodies - Audit of Accounts by Comptroller and Auditor General of India under Section 20(1) of C&AG's Act 1971 - Model Budget and Accounting Formats to Panchayat/Nagarapalika Institutions - adopted - Orders Issued.

FINANCE (BUDGET WING -J) DEPARTMENT

G.O(P)No. 319/2003/Fin. Dated. Thiruvananthapuram, 12.06.2003

Read : 1. Letter No. 10(17) B(S) 2000 dated 24.04.2001 from Government of India, Ministry of Finance, Department of Economic Affairs.

2. G.O(Rt) No. 631/02/Fin. dated. 17.10.2002

3. Letter No. D.O No. Special Cell(HQ) I/I/I-5/Vo. IV/185 dated. 30.12.2005 from the Accountant General (Audit) Kerala

4. Letter No. Special Cell (HQ)/I/I/I-5/Vol.V/45 dated 22.05.2003 from the Accountant General Audit, Kerala, Thiruvananthapuram

ORDER

As desired by Government of India in the letter first cited it was decided in the Government Order read above to address the Comptroller and Auditor General of India under Section 20(1) of the Comptroller and Auditor Generals Act for providing technical supervision of Audit, comparing, Audit Planning, Annual transaction audit of 10% of Institutions audited by Local Fund Audit, vetting of

inspection and audit reports for a period of five years, The Accountant General in his letter read as 3rd paper above has conveyed the concurrence of Comptroller and Auditor General on the request of the State Government to undertake the audit of Local Bodies for providing Technical Guidance etc.

Accountant General (Audit), Kerala in his letter read as fourth paper above has furnished the model Budget and Accounting formats for Panchayati Raj/Nagarapalika Institutions prescribed by the Comptroller & Auditor General.

After having examined the matter in detail Government are pleased to issue orders adopting the new Accounting Format prescribed by the Comptroller and Auditor General for Panchayati Raj/Nagarapalika Institutions with effect from 01.10.2003

(By Order of Governor)

V.S. Senthil
Secretary (Finance Expenditure)

Copy of Govt . Ir. No. 85269/ Estt. D1/03/Fin.dt.22.5.2004 from the principal Secretary (Finance), Finance(Estt.) Department addressed to the Director of Local Fund Audit Tvm.

.....

Sub:- Local fund Audit Department - Loss to Local Self Government Institutions- Revenue Recovery- clarification- reg.

Ref :- 1. Your Ir. No.23474/Spl.cell (sc2)2000/dt. 17.1.03, 23.8.03, 20-10-03, 21-4-2004
2. Govt.Ir. of even No dated 24.4.2004.

Please refer to the letters cited. Government have examined the matter in detail in consultation with the law Department and in form you as follows:-

As per section 16(4) of the Kerala Local Fund Audit Act ,1994 every sum certified to be due from any person by the auditor under that Act shall be paid by such person to the Executive Authority within one month after the intimation to him of the decision of the Director and such amount if not so paid, shall recoverable under the provision of the Kerala Revenue Recovery Act.1968 as if it were an arrear of public revenue due on land.

Section 69(2) of the Kerala Revenue Recovery Act provides that when any amount other than public revenue due on land , which is recoverable under that Act is due the officer charged with its realisation may send to the Collector of the District in which the demand arose written requistion in the prescribed form, duly verified and certified by him.

It is true that Section 16(4) of the Kerala Local Fund Audit Act, does not specifically mention the person by whom Revenue Recovery action has to be initiated . But section 69(2) of the Kerala Revenue Recovery Act provides that the officer charged with the realisation of the dues has to send the requistion to the collector . As per section 16(4) of the Kerala Local Fund Audit Act, every sum certified to due any person shall be paid by such person to the Executive Authority . Section 2(e) of the said act defines an "Executive authority " to mean the principal executive officer of a Local autority .

Therefore the Executive authority is the officer charged with the realisation of the dues and he has to send the requistion for the realisation of the dues to the Collector, as per Section 69(2) of the Kerala Revenue Recovery Act.

Therfore, Revenue Recovery steps as provided under Section 16(4) of the Kerala Local Fund Audit has to be initiated by the Local Self Government Department through the Executive authority concerned.

This is for your information and necessary action.

Sd/- joint Secretary,
for Principal Secretary (Finance)

നംപർ എൽ എസ് 3/3/ സ്പെ. സെൽ (എസ് . സി 3) /2004.

ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടറുടെ കാര്യാലയം
തിരുനവനന്തപുരം.
തിയ്യതി: 23/3/2005

ഡയറക്ടർ,
ലോക്കൽ ഫണ്ട് ആഡിറ്റ് വകുപ്പ്
തിരുവനന്തപുരം.

ഡെപ്യൂട്ടി ഡയറക്ടർ,
ലോക്കൽ ഫണ്ട് ആഡിറ്റ് വകുപ്പ്.
.....

വിഷയം : പൊതുമരാമത്ത് പണികളിലെ നഷ്ടം – സർചാർജ് ചെയ്യുമ്പോൾ ഉത്തരവാദികളെ നിർണ്ണയിക്കുന്നത്– സംബന്ധിച്ച്–
സൂചന: ഈ ഓഫീസിലെ ഇതേ നം. 16–01–2004–ലെ കത്ത്

സൂചന കത്തിന് മറുപടിയായി എല്ലാ സബ് ഓഫീസുകളിലും നിന്നും ലഭിച്ച അഭിപ്രായങ്ങൾ വിശദമായി പരിശോധിച്ചതിന്റെ വെളിച്ചത്തിൽ ടി വിഷയത്തെ സംബന്ധിച്ച് താഴെപ്പറയുന്ന പൊതു നിർദ്ദേശം നൽകുന്നു.

ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ സെക്ഷൻ 16(1) വകുപ്പ് പ്രകാരം നിയമവിരുദ്ധമായ ചെലവുകൾ നടത്തുകയോ അഥവാ ചെലവ് നടത്തുവാൻ അധികാരപ്പെടുത്തുകയോ ചെയ്യുന്ന വ്യക്തി / വ്യക്തികളിൽനിന്നോ സർചാർജ് നടപടിയിലൂടെ തുക ഈടാക്കുവാനാണ് അധികാരമുള്ളത്. ആയതിനാൽ ബന്ധപ്പെട്ട നിയമത്തിൽ മാറ്റം വരുത്തുന്നവരെ സെക്രട്ടറിയിൽ നിന്നുതന്നെ മരാമത്ത് പണികളിലെ നഷ്ടം ഈടാക്കുന്നതാണ് ഉചിതം. നിലവിലുള്ള നിയമവ്യവസ്ഥകൾ പ്രകാരം ആഡിറ്റിൽ കണ്ടുപിടിക്കപ്പെട്ട ബാദ്ധ്യതകൾ ബന്ധപ്പെട്ട ഉദ്യോഗസ്ഥനിൽന്നും ഈടാക്കുന്നതിന് സെക്രട്ടറിയ്ക്ക് അധികാരമുണ്ട്. മേൽ അധികാരം സെക്രട്ടറിമാർ വിനിയോഗിക്കാത്തതുകാരണമാണ് അധിക ചെലവ് ഈടാക്കാൻ സെക്രട്ടറിയുടെ മേൽ സർചാർജ് നടപടി സ്വീകരിക്കേണ്ടിവരുന്നത്

പഞ്ചായത്ത് കമ്മറ്റി അംഗീകരിച്ച് നിർവ്വഹണ ഉദ്യോഗസ്ഥർക്ക് നൽകുന്ന ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെട്ട ഗുണഭോക്താവിനെ തെരഞ്ഞെടുക്കുമ്പോൾ സർക്കാർ നിശ്ചയിച്ചിട്ടുള്ള മാനദണ്ഡങ്ങൾ എല്ലാം പാലിക്കുന്നുണ്ടോയെന്ന് പരിശോധിച്ച് ഉറപ്പ് വരുത്തേണ്ട ഉത്തരവാദിത്വം പൂർണ്ണമായും, സൂക്ഷ്മ പരിശോധന നടത്തി ലിസ്റ്റ് അംഗീകരിക്കുന്ന കമ്മറ്റിയ്ക്ക് തന്നെയായിരിക്കും.

വസ്തുതകൾ മാത്രമേ രേഖപ്പെടുത്താവൂയെന്ന് സൂക്ഷ്മ പരിശോധന നടത്തുന്നവരുടെ ഉത്തരവാദിത്വമാണ്. തെറ്റായി രേഖപ്പെടുത്തിയ വിവരങ്ങൾ ഗ്രാമസഭ അംഗീകരിച്ചു എന്നതുകൊണ്ട് മാത്രം, വിവരങ്ങൾ തെറ്റായി രേഖപ്പെടുത്തിയ ഉത്തരവാദിത്വത്തിൽ നിന്ന് ഒഴിയുവാൻ സാധിക്കുകയില്ലയെന്ന് ജി . ഓ. പി. നം. 181/98/ എൽ. എ. ഡി. തിയ്യതി 02–09–1998–ൽ (ഖണ്ഡിക–8) പരാമർശിക്കുന്നുണ്ട് ആനുകൂല്യം നൽകുന്ന അവസാനഘട്ടത്തിൽ സർട്ടിഫിക്കറ്റുകൾ പരിശോധിക്കുന്നത് നിർവ്വഹണ ഉദ്യോഗസ്ഥന്റെ ചുമതലയുമാണ്. ആയതിനാൽ ഗുണഭോക്തൃ ലിസ്റ്റിൽ ഉള്ള അപാകതകൾ ചൂണ്ടികാണിക്കുന്നതിനും അനർഹരെ ഒഴിവാക്കുന്നതിനും കാലാകാലങ്ങളിലുള്ള ഉത്തരവുകൾക്ക് അനുസൃതമായി മാത്രം സാമ്പത്തിക സഹായം നൽകുന്നതിനുമുള്ള ബാദ്ധ്യത നിർവ്വഹണ ഉദ്ധ്യോഗസ്ഥനിൽ നിക്ഷിപ്തമായതിനാൽ ഇക്കാര്യത്തിലുള്ള വീഴ്ചകൾക്ക് നിർവവഹണ ഉദ്ധ്യോഗസ്ഥനേയും ഉത്തരവാദിയായി പരിഗണിക്കേണ്ടതാണ്.

താങ്കളുടെ വിശ്വസ്തൻ
ഒപ്പ്
ഡയറക്ടർ
ലോക്കൽ ഫണ്ട് ആഡിറ്റ് വകുപ്പ്

GOVERNMENT OF KERALA

Abstract

Finance Department – Reduction of Audit Fee From 1% to 0.5% - Excess AMOUNT OF AUDIT FEE @ 0.5 % WAIVED – SANCTIONED- ORDERS – ISSUED

FINANCE (ESTABLISHMENT –D) DEPARTMENT

G . O (P) NO. 327/2005/Fin Dated Thiruvananthapuram ,16 th july .2005

Read :- G.O. (P) No 121/05/Fin: Dated 15-03-2005 (S R O No. 274/2005)

O R D E R

1. The Audit Fees payable by Local Bodies and Other Institutions to government for conduct of audit by the Local Fund Audit Department was 1% of their annual income. On an examination of the income of all the agencies whose accounts are to be audited by the Local Fund Audit Department , it is seen that the total fee collectable by the Local Fund Audit Department will be in excess of the total expenditure incurred by the Government on the Department itself . Accordingly , the Government vide S R O No 274/2005 dated 13-3-2005 has reduced the rate of fee from 1% to 0.5%

2. The Government wish to clarify that the above reduction will applicable with effect from the audit year 2003-2004 i. e for audit of the account of the various agencies for the financial year 2002-2003 onwards.

3. Those local bodies and agencies who have already paid the enhanced 1% are entitled to get refund of the same . This will be given by way of adjustment against audit fee payable subsequently.

By Order of the Governor

K Jose Cyriac
Principal Secretary (Finance)

(EXTRACT)

No. L.F/7100/S.S.4/2006

ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ ഓഫീസ്
തിരുവനന്തപുരം, 24.04.2006

സർക്കുലർ നം. 1/2006

വിഷയം :- **ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് – ഓഡിറ്റിംഗ് കാര്യക്ഷമമാക്കൽ – നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.**

പതിനൊന്നാം കേന്ദ്രധനകാര്യ കമ്മീഷന്റെ ശുപാർശയുടെ അടിസ്ഥാനത്തിൽ 10% തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വാർഷിക വരവു ചെലവു കണക്കുകളുടെ ട്രാൻസാക്ഷൻ ഓഡിറ്റും 10% സ്ഥാപനങ്ങളുടെ സപ്ലിമെന്ററി ഓഡിറ്റും, ലോക്കൽ ഫണ്ട് ഓഡിറ്റ് പുറപ്പെടുവിക്കുന്ന റിപ്പോർട്ടുകൾ വെറ്റ് ചെയ്യുന്നതിനും നിയമസഭയിൽ സമർപ്പിക്കുന്ന ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ റിപ്പോർട്ടിൽ കംപ്ട്രോളർ ആന്റ് ഓഡിറ്റ് ജനറലിന്റെ പരാമർശങ്ങൾ ഉൾപ്പെടുത്തുന്നതിനുമായി 17.10.2002 തീയതിയിലെ ജി.ഒ(പി) നം. 631/02/ധന ഉത്തരവ് പ്രകാരം സി&ഏ.ജിക്ക് സർക്കാർ അനുമതി നൽകുകയുണ്ടായി. എന്നാൽ തുടർന്നുള്ള കത്തിടപാടുകളുടെ അടിസ്ഥാനത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാനപങ്ങളെല്ലാം കേന്ദ്രത്തിന്റെയും, സംസ്ഥാനത്തിന്റെയോ കൺസോളിഡേറ്റഡ് ഫണ്ടിൽ നിന്നും ധനസഹായം കൈപ്പറ്റുന്നവയാകയാൽ 1971 ലെ C&AG യുടെ (DPC) യാകയാൽ ആക്ടിലെ 14,15 സെക്ഷനുകൾ അനുസരിച്ച് സി&ഏ.ജി ഓഡിറ്റ് തുടരുന്നതാണെന്നും 10% ഒറിജിനൽ ഓഡിറ്റ് എന്നത് ട്രാൻസാക്ഷൻ ഓഡിറ്റായും 10% സപ്ലിമെന്ററി ഓഡിറ്റെന്നത് ധനകാര്യ സ്റ്റേറ്റുമെന്റുകളിന്മേലുള്ള ഓഡിറ്റായും അക്കൗണ്ട്സിന്മേൽ അഭിപ്രായങ്ങൾ പറയുന്ന തരത്തിലേക്ക് പരിമിതപ്പെടുത്തിയും, ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് പുറപ്പെടുവിക്കുന്ന റിപ്പോർട്ടുകളിന്മേലുള്ള വെറ്റിംഗ് ഒഴിവാക്കി അതിനു പകരമായി 'ടെക്നിക്കൽ ഗൈഡൻസ് & സൂപ്പർവിഷൻ' എന്ന നിലയിൽ റിപ്പോർട്ടുകൾ മെച്ചപ്പെടുത്തുന്നതിനായി നിർദ്ദേശങ്ങൾ നൽകുന്നതിനും, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെക്കുറിച്ച് നിയമസഭക്ക് ലോക്കൽ ഫണ്ട് ഓഡിററ് വകുപ്പ് സമർപ്പിക്കുന്ന റിപ്പോർട്ടിന്റെ ഭാഗമല്ലാതെ പ്രത്യേക റിപ്പോർട്ട് സമർപ്പിക്കുന്നതിനും സി ആന്റ് ഏ ജി തീരുമാനിക്കുകയുണ്ടായി. ഇതിന്മേൽ ഈ വകുപ്പിൽ നിന്നും അറിയിച്ച തടസ്സവാദങ്ങൾ നിലനിൽക്കുന്നതല്ല എന്നും 1971 ലെ സി ആന്റ് ഏ ജിയുടെ (DPC) ആക്ടിലെ സെക്ഷൻ 14&15 പ്രകാരം അവ സ്വീകാര്യമല്ല എന്നും 11.01.2006 തീയതിയിലെ നം. 41406/എസ്റ്റാ.ഡി1/05/ധന വകുപ്പ് കത്ത് പ്രകാരം അറിയിച്ച സർക്കാർ 17.10.2002ലെ സർക്കാർ ഉത്തരവ് ശ്രദ്ധിക്കേണ്ടതാണെന്നും നിർദ്ദേശിച്ചിട്ടുണ്ട്.

സി& ഏ.ജി നിർദ്ദേശിച്ച 'Auditing Standard തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഓഡിറ്റിനായി ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് സ്വീകിരക്കുന്നില്ല എന്നത് ശ്രദ്ധയിൽപ്പെട്ടതിനാൽ ധനകാര്യ പ്രിൻസിപ്പൽ സെക്രട്ടറി സീനിയർ ഡെപ്യൂട്ടി അക്കൗണ്ടന്റ് ജനറൽ (LBA), ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ഡയറക്ടർ എന്നിവരടങ്ങുന്ന സംസ്ഥാനതലസമിതി 29.06.05 തീയതിയിലെ (G.O(Rt) No. 4905/05/ധന.ഉത്തരവ് പ്രകാരം രൂപവൽക്കരിക്കുകയുണ്ടായി. F.G.S Scheme കാര്യക്ഷമമായി നടപ്പിലാക്കുന്നതു കൂടാതെ അതിന്റെ പുരോഗതി ഈ സമിതി മോണിട്ടർ ചെയ്യുന്നതുമായിരിക്കും. 28.02.2006 ലെ ധനകാര്യ പ്രിൻസിപ്പൽ സെക്രട്ടറിയുടെ ചേമ്പറിൽ യോഗം ചേർന്ന സമിതി താഴെപറയുന്ന 5 തീരുമാനങ്ങൾ എടുക്കുകയുണ്ടായി.

1. സി& ഏജി നിർദ്ദേശിക്കുന്ന തരത്തിലുള്ള ഓഡിറ്റിംഗ് സ്റ്റാൻഡേർഡ്സും അക്കൗണ്ട്സ് സർട്ടിഫിക്കേഷനുള്ള മാർഗ്ഗരേഖകകളും ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് അംഗീകരിക്കേണ്ടതും പ്രാവർത്തികമാക്കേണ്ടതുമാണ്.
2. FGSS ന്റെ ഭാഗമായി പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്) നൽകുന്ന നിർദ്ദേശങ്ങളും മാർഗ്ഗരേഖകളും ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് പിൻതുടരേണ്ടതും അഭിപ്രായ വ്യത്യാസങ്ങളുണ്ടെങ്കിൽ പ്രിൻസിപ്പൽ അക്കൗണ്ട് ജനറലുമായി ചർച്ച ചെയ്യേണ്ടതുമാണ്. പരിഹരിക്കപ്പെടാത്ത വിഷയങ്ങൾ ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ഡയറക്ടർ ധനകാര്യ പ്രിൻസിപ്പൽ സെക്രട്ടറിയുടെ ശ്രദ്ധയിൽ കൊണ്ടുവരേണ്ടതും ധനകാര്യ പ്രിൻസിപ്പൽ സെക്ട്ടറി അക്കൗണ്ടന്റ് ജനറലുമായി ചർച്ച ചെയ്ത് പ്രശ്നപരിഹാരം ഉണ്ടാക്കുന്നതുമാണ്.
3. നിർദ്ദേശങ്ങൾ നടപ്പാക്കുന്ന കാര്യത്തിൽ സാമ്പത്തിക ചെലവുകൾ അനിവാര്യമായാൽ ബന്ധപ്പെട്ടവരിൽ നിന്നും അംഗീകാര ഉത്തരവ് നേടേണ്ടതാണ്.
4. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറലു(ഓഡിറ്റ്)മായി ബന്ധപ്പെട്ട് ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ ഓഡിറ്റ് പ്ലാൻ ശാസ്ത്രീയമായി തയ്യാറാക്കേണ്ടതാണ്..
5. ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിലെ ജീവനക്കാർ പരിശീലനത്തിലൂടെ കാര്യക്ഷമത നേടുന്നതിന് പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ ഡയറക്ടറെ സഹായിക്കേണ്ടതാണ്. വ്യക്തമായ ഒരു പരിശീലന സംവിധാനത്തിന് രൂപം നൽകുമ്പോൾ അതിനാവശ്യമായ ഫണ്ട്, ധനകാര്യ പ്രിൻസിപ്പൽ സെക്രട്ടറി അനുവദിക്കുന്നതായിരിക്കും. പരിശീലനം രണ്ടു ഘട്ടങ്ങളായി – അത്യാവശ്യ കാര്യങ്ങൾ പരിഹരിക്കുന്നതിനായുള്ള ഒരു പ്രാരംഭ പരിശീലനം ആദ്യഘട്ടമായും 2 മുതൽ 3 വർഷക്കാലം കൊണ്ട് വകുപ്പിലെ എല്ലാ ജീവനക്കാർക്കും നൽകത്തക്കരീതിയിൽ ഒരു ദീർഘകാല പരിശീലനം രണ്ടാം ഘട്ടമായും നടത്തേണ്ടതാണ്. 28.02.06 ൽ മോണിട്ടറിംഗ് കമ്മിറ്റിയുടെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ 03.04.2006 നു സീനിയർ ഡെപ്യൂട്ടി അക്കൗണ്ടന്റ് ജനറലു(LBA) മായി ഡയറക്ടർ ചർച്ച നടത്തുകയുണ്ടായി. ഇതിൻപ്രകാരം

താഴെപ്പറയുന്ന നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു. നിർദ്ദേശങ്ങൾ കർശനമായി പ്രാവർത്തികമാക്കേണ്ടതാണ്. സംസ്ഥാനതല കമ്മിറ്റിക്ക് പുരോഗതി റിപ്പോർട്ടു ചെയ്യാനുള്ളതുകൊണ്ട് വീഴ്ച ഗൗരവപൂർവ്വം വീക്ഷിക്കുന്നതായിരിക്കും എന്നറിയിക്കുന്നു.

C&AG യുടെ സപ്ലിമെന്ററി ഓഡിറ്റ് റിപ്പോർട്ടുകൾ

1. Technical Guidance and superveision scheme ന്റെ ഭാഗമായി സ&ഏജി യിൽ നിന്നും ലഭിച്ച സപ്ലിമെന്ററി ഓഡിറ്റ് റിപ്പോർട്ടുകൾ ബന്ധപ്പെട്ട ഓഫീസ് മേധാവികൾക്ക് ഡയറക്ടറേറ്റിൽ നിന്ന് അയച്ചു കൊടുക്കുന്നുണ്ട്. സപ്ലിമെന്ററി ഓഡിറ്റ് റിപ്പോർട്ടുകളിൽ ഉൾക്കൊള്ളിച്ചിട്ടുള്ള വ്യത്യസ്ഥവും നമ്മുടെ റിപ്പോർട്ടുകളിൽ ഇല്ലാത്തതുമായ ഖണ്ഡികകൾ നമ്മുടെ റിപ്പോർട്ടിൽ ഉൾക്കൊള്ളിക്കേണ്ടതാണ്. നമ്മുടെ റിപ്പോർട്ടിൽ ഇതിൻ പ്രകാരം ഉള്ള ന്യൂനതകൾ കണ്ടെത്തി പരിഹിക്കപ്പെടേണ്ടതാണ്. സപ്ലിമെന്ററി ഓഡിറ്റ് റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ നടപടികൾ സ്വീകരിക്കാത്ത ഓഫീസ് മേധാവികൾ എത്രയും വേഗം അത് പരിശോധിക്കേണ്ടതാണ്.

2. സർട്ടിഫിക്കറ്റ് ഓഫ് അക്കൗണ്ട്സ്

അക്കൗണ്ട്സ് ഓഡിറ്റ് (ഫൈനാൻസ് അക്കൗണ്ട്സ്) ട്രാൻസാക്ഷൻ ഓഡിറ്റ് എന്നീ രണ്ടു തലങ്ങളിൽ ഓഡിറ്റ് വ്യാപരിക്കേണ്ടതുള്ളതിനാൽ അക്കൗണ്ട്സ് ലഭിക്കുന്ന മുറക്ക് ഓഡിറ്റ് ചെയ്യണം. അക്കൗണ്ട്സിൽ നൽകിയിരക്കുന്ന തുകകൾ ബുക്ക് ഓഫ് അക്കൗണ്ട്സുമായി ഒത്തുനോക്കി പരിശോധനക്കു വിധേയമാക്കേണ്ടതാണ്. അപ്രകാരം എല്ലാ ഹെഡ്ഡിലേയും തുകകളും നിജസ്ഥിതി ഓഡിറ്റിൽ പരിശോധിച്ച് ഉറപ്പുവരുത്തേണ്ടതും റിപ്പോർട്ടിൽ ഇതു സംബന്ധിച്ച സർട്ടിഫിക്കറ്റ് ഉൾപ്പെടുത്തേണ്ടതുമാണ്.

3. ഓഡിറ്റിംഗ് സ്റ്റാന്റഡേർഡ്സ് & റിപ്പോർട്ടിംഗ് സ്റ്റാന്റേർഡ്സ്

ഓഡിറ്റിംഗിൽ ഉന്നത നിലവാരം പുലർത്തേണ്ടതും ഓഡിറ്റ് റിപ്പോർട്ടുകൾ മെച്ചപ്പെട്ടവയാക്കേണ്ടതുമാണ്. ഓഡിറ്റിലെ നൂതന പ്രവണതകൾ മനസ്സിലാക്കാനും അവ പ്രാവർത്തികമാക്കാനും ശ്രേഷ്ടമായ ഓഡിറ്റ് സ്റ്റാന്റേർഡ്സ് റിപ്പോർട്ടിംഗിലെ മികവ് എന്നിവ സംബന്ധിച്ച പരിശീലനം ഉടൻ തന്നെ ലഭിക്കുന്നതാണ്.

4. ഓഡിറ്റ്

ഓഡിറ്റ് കുടിശ്ശികയാകുന്നതാണ് ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന്റെ ഒരു വീഴ്ച എന്ന് പൊതുവെ അഭിപ്രായമുണ്ട്. ഇത് പരിഹരിക്കുന്നതിനായി അക്കൗണ്ട്സ് ലഭിച്ച സ്ഥാപനങ്ങളുടെ രണ്ടോ മൂന്നോ വർഷത്തെ അക്കൗണ്ട്സ് ഒരുമിച്ച് ട്രാൻസാക്ഷൻ ഓഡിറ്റിന് വിധേയമാക്കേണ്ടതാണ്. ഇങ്ങനെ ചെയ്യുമ്പോൾ ആദ്യവർഷങ്ങളിലേത് ടെസ്റ്റ് ചെക്കും രണ്ടാമത്തേത് 100% ഓഡിറ്റും ചെയ്യേണ്ടതാണ്. ഒരു അവലോകനത്തിനും വിശകലനത്തിനും ശേഷമായാൽ ടെസ്റ്റ് ചെക്ക് കൂടുതൽ പ്രയോജനകരമായിരിക്കും.

5. ഓഡിറ്റിന്റെ പ്രാരംഭ നടപടികൾ

ഓഡിറ്റ് പാർട്ടി ഓഡിറ്റിന് പോകുന്ന സ്ഥാപനത്തിന്റെ മേലധികാരകളുമായി ഒരു പ്രാരംഭ ചർച്ച നടത്തേണ്ടതാണ്. ഓഡിറ്ററും സ്ഥാപനാധികൃതരും തമ്മിൽ നല്ല ബന്ധം നിലനിർത്താൻ ഇത് ഉപകരിക്കും. ഓഡിറ്റ് ചെയ്യപ്പെടുന്ന സ്ഥാപനത്തിന്റെ രജിസ്റ്ററുകളിലും, ഫയലുകളിലും വൗച്ചറുകളിലും മറ്റു രേഖകളിലും ഓഡിറ്റർ അഭിപ്രായങ്ങൾ രേഖപ്പെടുത്താൻ പാടില്ല. ഓഡിറ്റ് ബാച്ച് ലീഡർക്ക് തന്റെ ഉത്തരവാദിത്വങ്ങളെക്കുറിച്ച് തികഞ്ഞ ബോധം ഉണ്ടായിരിക്കേണ്ടതാണ്. മറ്റംഗങ്ങളുടെ സഹകരണവും, കൂട്ടുത്തരവാദിത്വവും മാർഗ്ഗദർശിയായ ബാച്ച് ലീഡർ ഉറപ്പാക്കേണ്ടതാണ്. സ്ഥാപനങ്ങളിലെ സ്റ്റാഫംഗങ്ങളുമായി മാന്യമായ ഇടപെടലുകൾ ഉണ്ടാക്കേണ്ടതാണ്. ഓഡിറ്റ് ചെയ്യപ്പെടുന്ന സ്ഥാപനവുമായി നേരിട്ടോ അല്ലാതെയോ ബന്ധമുള്ള ഓഡിറ്റ് സ്റ്റാഫിനെ പ്രസ്തുത ബാച്ചിൽ നിന്നും ഒഴിവാക്കേണ്ടതാണ്. ഓരു സ്ഥാപനത്തിൽ ഒരേ ബാച്ചു തന്നെ ഒന്നിൽ കൂടുതൽ പ്രാവശ്യം ഓഡിറ്റിനായി പോകുന്ന പ്രവണത നിരുത്സഹാപ്പെടുത്തേണ്ടതാണ്. ഓഡിറ്റ് പരാമർശങ്ങൾ പൂർണ്ണവും വ്യക്തവും വസ്തുനിഷ്ഠവും ക്രിയാത്മകവും കൃത്യതയുള്ളതുമാകേണ്ടതാണ്. സമർപ്പിക്കപ്പെടുന്ന കരട് റിപ്പോർട്ട് കുറ്റമറ്റതാണെന്ന ബാച്ച് ലീഡർ ഉറപ്പു വരുത്തേണ്ടതാണ്. റിപ്പോർട്ട് പരമാവധി ചുരുക്കേണ്ടതാണ്. സ്ഥാപനത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനത്തെക്കുറിച്ചുള്ള അഭിപ്രായങ്ങളും ഓഡിറ്റ് വർഷം പഠനവിധേയമാക്കിയതിനാൽ ലഭ്യമായ വ്സതുതകളുടെ അടിസ്ഥാനത്തിൽ സ്ഥാപനത്തിന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനുള്ള നിർദ്ദേശങ്ങളും റിപ്പോർട്ടിൽ ഉണ്ടായിരിക്കേണ്ടതാണ്. മെച്ചപ്പെട്ട പ്രവർത്തനം കാഴ്ചവെക്കുന്ന സ്ഥാപനങ്ങളെ അഭിനന്ദിക്കേണ്ടതാണ്. ഓഡിറ്റിന്റെ പരിണിത ഫലം ഓഡിറ്റർ പൊതുമുതലിന്റെ സംരക്ഷകനെന്ന നിലയിൽ പൊതുജനങ്ങൾക്ക് നൽകുന്ന ഒരു ഉറപ്പായിരിക്കേണ്ടതാണ്.

6. ഓഡിറ്റ് എൻക്വയറി/ഒബ്ജക്ഷൻ സ്ലിപ്പുകൾ

ഓഡിറ്റിൽ കണ്ടെത്തുന്ന ക്രമക്കേടുകൾ സംബന്ധിച്ച് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 2 പ്രകാരം സെക്രട്ടറിക്കും ബന്ധപ്പെട്ട നിർവഹണോദ്യോഗസ്ഥർക്കും ഓഡിറ്റ് എൻക്വയറി/ഒബ്ജക്ഷൻ സ്ലിപ്പ് നൽകേണ്ടതും കൈപ്പറ്റ് രസീതുകൾ വാങ്ങേണ്ടതുമാണ്. അതനുസരിച്ച് തുടർനടപടികൾ സ്വീകരിക്കേണ്ടതുമാണ്. നിസ്സാര ഓഡിറ്റ് തടസ്സങ്ങൾ റിപ്പോർട്ടിൽ ഉൾപ്പെടുത്തുന്ന രീതി ഒഴിവാക്കേണ്ടതാണ്. റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വളരെ പ്രധാനപ്പെട്ട സംഗതികൾക്ക് പിൻബലമേകാൻ വസ്തുതാപരമായ തെളിവുകൾ ശേഖരിക്കേണ്ടതാണ്.

7. കരട് ഓഡിറ്റ് റിപ്പോർട്ട് തയ്യാറാക്കൽ

കരട് ഓഡിറ്റ് റിപ്പോർട്ട് ക്യാമ്പിൽ വെച്ചുതന്നെ തയ്യാറാക്കി 1996 ലെ കരേള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 14 ൽ നിഷ്കർഷിച്ചിരിക്കുന്നതു പോലെ എക്സിക്യൂട്ടീവ് അധികാരിയെ കാണിക്കേണ്ടതാണ്. എക്സിക്യൂട്ടീവ് അധികാരിയുമായി പ്രസ്തുതഭാഗങ്ങൾ ചർച്ച ചെയ്തതിന് കരട് റിപ്പോർട്ടിൽ തന്നെ മിനിട്ട്സ് തയ്യാറാക്കേണ്ടതാണ്. മിനിട്ട്സിൽ എക്സിക്യൂട്ടീവ് അധികാരിയും ബാച്ച് ലീഡറും തീയതി വെച്ച് ഒപ്പിടേണ്ടതാണ്. ഓഫീസ് മേലാധികാരികൾ ഇത്തരത്തിൽ മിനിട്ട്സ്

രേഖപ്പെടുത്തിയിട്ടുള്ള കരട് റിപ്പോർട്ടുകൾ മാത്രം സ്വീകരിക്കേണ്ടതാണ്. കൺകറണ്ട് ഓഡിറ്റ് ഓഫീസുകളിലും മുകളിൽ നിർദ്ദേശിച്ചിരിക്കുന്നതുപോലെ ചട്ടപ്രകാരം പ്രവർത്തിക്കേണ്ടതാണ്.

8. റിപ്പോർട്ടിന്റെ സ്ക്രൂട്ടിണി, എഡിറ്റിംഗ് മുതലായവ

റിപ്പോർട്ടിന്റെ ഗുണനിലവാരം ഉയർത്തുന്നതിനും ഏകീകൃത സ്വഭാവം കാത്തു സൂക്ഷിക്കുന്നതിനും ഓഡിറ്റ് ചെയ്ത പാർട്ടിയെക്കൊണ്ടല്ലാതെ മറ്റൊരു ബാച്ചിനെക്കൊണ്ട് സ്ക്രൂട്ടിണി, എഡിറ്റിംഗ് എന്നിവ ചെയ്യിപ്പിക്കേണ്ടതുണ്ട്.. ഇതിനുള്ള നടപടികൾ കൺകറണ്ട് ഓഫീസുകളിൽ സ്വീകരിക്കേണ്ടതണ്. ജില്ലാ ഓഫീസിൽ ഒരു ബാച്ചിനെ ഓഡിറ്റിൽ നിന്നും ഒഴിവാക്കി ഓഫീസിൽ നിലനിർത്തേണ്ടതാണ്. അപ്രകാരം 3 മാസം തുടർച്ചയായി ഒരു ബാച്ചിനെ നിലനിർത്തുകയും അതു കഴിയുമ്പോൾ മറ്റൊരു ബാച്ചിനെ അടുത്ത 3 മാസത്തേക്ക് ഈ ചുമതല നൽകി ഓഫീസിൽ നിലനിർത്തേണ്ടതുമാണ്. ഓഡിറ്റ് റിപ്പോർട്ടുകൾ പുറപ്പെടുവിക്കുന്നതിൽ ഇപ്പോൾ ഉണ്ടാകുന്ന അസാധാരണമായ കാലതാമസം ഒഴിവാക്കേണ്ടതാണ്. മുൻവർഷത്തെ റിപ്പോർട്ട് പുറപ്പെടുവിക്കാതെ കരട് ഓഡിററ് റിപ്പോർട്ടുകളുമായി പോയി ഓഡിറ്റ് നടത്തുന്ന പ്രവണത നിലവിൽ പല ഓഫീസുകളിലുമുണ്ട്. ഇത് കർശനമായി ഒഴിവാക്കേണ്ടതാണ്. ഓഫീസിൽ നിലനിർത്തുന്ന ബാച്ചിന്റെ പ്രവർത്തന പുരോഗതിയായിരികും പ്രസ്തുത ഓഫീസിന്റെ ഓഡിറ്റ് പരുഗോതിക്ക് അടിസ്ഥാനമാകുന്നതിനാൽ ഓഫീസ് മേധാവിയുടെ ദൈനംദിന ശ്രദ്ധയ ഈ ബാച്ചിൽ ഉണ്ടായിരിക്കണം.

9. സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

നിയമസഭക്ക് സമർപ്പിക്കുന്ന സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള പരാമർശങ്ങൾ ഡയറകട്റുടെ മുൻകൂർ അനുവാദം ലഭിക്കാതെ ഒഴിവാക്കാൻ പാടില്ല.

10. XXXX

11. XXXX

12. ജില്ലാ പഞ്ചായത്തുകളുടെ ഓഡിറ്റ്

1. ഓഡിറ്റിന് ഒരു ബാച്ചിനെ സ്ഥിരമായി എല്ലാ മാസവും നിയോഗിക്കേണ്ടതാണ്. ഈ ബാച്ച് ജില്ലാ പഞ്ചായത്ത് കൺകറണ്ട് ഓഡിറ്റിന്റെ ചുമതലക്കാരായിരിക്കുന്നതാണ്. കുടിശ്ശികയുള്ള ജില്ലാ പഞ്ചായത്തുകളിൽ 2 വർഷത്തെ ഓഡിറ്റ് ഒരുമിച്ചെടുക്കേണ്ടതാണ്. ഓഡിറ്റ് കാലികമാക്കാൻ ഡെപ്യൂട്ടി ഡയറക്ടർ ഉചിതമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. ഈ ബാച്ചിനെ തന്മാസത്തിൽ ബാക്കിയുള്ള സമയം ബ്ലോക്ക് പഞ്ചായത്തിന്റെ ഓഡിറ്റിംഗിനായി ഉപയോഗിക്കാവുന്നാതണ്.
2. വാർഷിക വരവ് ചെലവ് കണക്കുകൾ ഓഡിറ്റിന് നൽകാത്ത ജില്ലാ പഞ്ചായത്തുകളിൽ ചെലവ് ഇനങ്ങളുടെ ഓഡിറ്റ് നടത്തി നോട്ട് പുറപ്പെടുവിക്കേണ്ടതാണ്.
3. 2004-2005 വർഷത്തെ കണക്കുകൾ ഓഡിറ്റ് പൂർത്തിയാക്കി റിപ്പോർട്ട് പുറപ്പെടുവിച്ചിട്ടുണ്ടെങ്കിൽ 2005-2006 വർഷത്തെ ആദ്യത്തെ 6 മാസത്തെ ചെലവ് കണക്കുകൾ ഓഡിറ്റ് ചെയ്യേണ്ടതാണ്.

4. ഒരു വർഷത്തെ ഓഡിറ്റ് നടത്തി പ്രസ്തുത റിപ്പോർട്ട് പുറപ്പെടുവിച്ച ശേഷം അടുത്ത വർഷത്തെ ഓഡിറ്റ് നടത്താൻ കാത്തിരിക്കുന്ന രീതി ജില്ലാ പഞ്ചായത്ത് ഓഡിറ്റ് കാലികമാക്കുമ്പോൾ കർശനമായി ഒഴിവാക്കേണ്ടതാണ്.
5. ജില്ലാ പഞ്ചായത്തുകളുടെ ഓഡിറ്റ് പ്രവർത്തന പുരോഗതി പത്രിക പ്രതിമാസ പത്രികയോടൊപ്പം അയച്ചുതരേണ്ടതാണ്.

13. XXXX

14. XXXX

15. XXXX

16. XXXX

17. XXXX

ഓഡിറ്റ് റിപ്പോർട്ട് മാതൃക

1. 1996 ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 15ന്റെ ഉപചട്ടം (6) പ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ കണക്കുകൾ സമർപ്പിക്കേണ്ട പത്രികകൾ ഓഡിറ്റിന് സഹായകരമായ രീതിയിൽ നിർദ്ദേശിക്കുന്നതിന് ഡയറക്ടർക്ക് അധികാരമുണ്ട്. എന്നാൽ ധനകാര്യ കമ്മീഷൻ നിർദ്ദേശിച്ചതനുസരിച്ച് തയ്യാറാക്കിയ പഞ്ചായത്ത് രാജ് സ്ഥാപനങ്ങൾക്കുള്ള ബഡ്ജറ്റ് അക്കൗണ്ട്സ് ഫോർമാറ്റ് സർക്കാർ ജി.ഒ.(പി) നം. 319/2003/ഫിൻ തീയതി 12.06.2003 ഉത്തരവിലൂടെയും നഗരസഭകൾക്കായുള്ളത് സെപ്തംബർ 2003 ലും അംഗീകരിച്ച് പ്രാവർത്തികമാക്കിയിട്ടുണ്ട്. ഭരണഘടന സ്ഥാപനം തയ്യാറാക്കുകയും സർക്കാർ അംഗീകരിച്ച് പ്രാവർത്തികമാക്കുകയും ചെയ്തിട്ടുള്ളതിനാൽ ഇതിനായിട്ടുള്ള നിർദ്ദേശങ്ങളൊന്നും സബ് ഓഫീസുകളിൽ നിന്നും അയയ്ക്കേണ്ടതില്ല എന്നറിയിക്കുന്നു.

2. Part IV

ഓഡിറ്റ് ചെയ്യപ്പെടുന്ന സ്ഥാപനങ്ങൾ സമർപ്പിക്കുന്ന ധനകാര്യ പത്രികളിന്മേൽ ഓഡിറ്റർ അഭിപ്രായങ്ങൾ രേഖപ്പെടുത്തേണ്ടതുണ്ട്. കേരള പഞ്ചായത്ത് രാജ് സെക്ഷൻ 215(17) പ്രകാരവും കേരള മുനിസിപ്പാലിറ്റീസ് ആക്ട് സെക്ഷൻ 295(17) പ്രകാരവും പ്രസ്തുത സ്ഥാപനത്തിന്റെ കണക്കുകൾ ഓഡിറ്ററുടെ ഓഡിറ്റ് റിപ്പോർട്ടോടു കൂടി നിയമസഭ മുമ്പാകെ സമർപ്പിക്കേണ്ടതാണ്. സാധാരണയായി ഏത് അധികാര സ്ഥാപനങ്ങളുടെയും മുമ്പാകെ ഓഡിറ്റ് ചെയ്യപ്പെട്ട കണക്കുകളാണ് സമർപ്പിക്കാറുള്ളത്. സ്ഥാപനങ്ങളുടെ നന്മക്കായി അക്കൗണ്ട്സിൽ എല്ലാ വെളിപ്പെടുത്തലുകളും ഉണ്ടാകേണ്ടത് അധികൃതരുടെ ഉത്തരവാദിത്വമാണ്. അതിനാൽ കുറ്റമറ്റ ധനകാര്യ പത്രികകൾ, ഡി.സി.ബി തുടങ്ങിയവ തയ്യാറാക്കേണ്ടത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഉത്തരവാദിത്വമാണ്. സ്ഥാപനങ്ങളുടെ സ്ഥാപിത താല്പര്യങ്ങളുമായി അഭിപ്രായവ്യത്യാസമൊഴിവാക്കാൻ ഓഡിറ്റർ അക്കൗണ്ട് തയ്യാറാക്കേണ്ടതില്ല.

അക്കൗണ്ട്സിലും അതിനോടപ്പമുള്ള അനുബന്ധങ്ങളിലും എല്ലാ വിവരങ്ങളും ലഭ്യമാണെന്നിരിക്കെ ഓഡിറ്റർ വീണ്ടും അതേ കാര്യങ്ങൾ പത്രികകളിലാക്കി റിപ്പോർട്ടിൽ അനുബന്ധങ്ങളാക്കുന്നതിന് ഉചിതമായ നടപടിയില്ല. അതിനാൽ മാതൃകാ റിപ്പോർട്ടിൽ അനുബന്ധങ്ങളായി ചേർത്തിട്ടുള്ള (4–1) മുതൽ (4–14) വരെയുള്ള 14 പത്രികകൾ തയ്യാറാക്കി റിപ്പോർട്ടിൽ ചേർക്കേണ്ടതില്ല. അതുപോലെ റിപ്പോർട്ടിന്റെ Anenxure (1) വാർഷിക ധനകാര്യ പത്രിക (2) ഡി.സി ബി പത്രിക (3) എസ്റ്റാബ്ലിഷ്മെന്റ് ചെലവുകളുടെ പത്രിക (4) ഗ്രാന്റ് / ലോൺ എന്നിവയുടെ യൂട്ടിലൈസേഷൻ എന്നിവ സംബന്ധിച്ച പത്രിക 5(a) പദ്ധതി തുകയുടെ പത്രിക ഒഴിവാക്കേണ്ടതാണ്.

പതിനൊന്നാം കേരള നിയമസഭയുടെ മേശപ്പുറത്ത് വെച്ച കടലാസുകൾ സംബന്ധിച്ച സമിതി (2004-2006) പതിനൊന്നാമതു റിപ്പോർട്ടിൽ ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന്റെ പ്രവർത്തനങ്ങളെ ശക്തമായി വിമർശിച്ചിട്ടുണ്ട്. സംസ്ഥാനത്തെ ഏക സ്റ്റാറ്റ്യൂട്ടറി ഓഡിറ്റ് ഏജൻസി എന്ന നിലയിൽ ഗവണ്മെന്റിനോടും നിയമസഭയോടും അതിലൂടെ സമൂഹത്തോടും കടപ്പെട്ടിരിക്കുന്ന ഈ വകുപ്പ് ഇന്ന് ഇവരുടെ കൃത്യനിർവ്വഹണത്തിൽ വീഴ്ച വരുത്തിയിട്ടുള്ളതായിട്ടാണ് കാണുന്നത് എന്ന് അഭിപ്രായപ്പെട്ടിരിക്കുന്നു. ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന്റെ കൃത്യനിർവഹണത്തിൽ സമിതി കണ്ടെത്തിയ പ്രധാന വീഴ്ചകളും പ്രവർത്തരാഹിത്യവും റിപ്പോർട്ടിലുണ്ട്. ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമമനുസരിച്ച് വാർഷിക കണക്കുകൾ ബന്ധപ്പെട്ട സ്ഥാപനങ്ങളിൽ നിന്നും നിർദ്ദിഷ്ട സമയത്ത് ലഭ്യമാക്കുന്നതിനുള്ള നിയമാനുസൃതമായ നടപടികൾ സ്വീകരിക്കാതിരിക്കുന്നത്, വാർഷിക കണക്കുകൾ യഥാസമയം ഓഡിറ്റ് ചെയ്യാത്തത്, സമയപരിധിക്കുള്ളിൽ ഓഡിറ്റ് പൂർത്തീകരിച്ച ബന്ധപ്പെട്ട അധികാരികൾക്ക് നൽകാതിരിക്കൽ, റിപ്പോർട്ടിന്മേൽ തുടർനടപടികൾ സ്വീകരിച്ച് സ്ഥാപനത്തിനുണ്ടാകുന്ന നഷ്ടം നികത്താൻ ഉത്തരവാദിയായവർക്കെതിരെ ചാർജ്ജ്/സർചാർജ്ജ് നടപടികൾ സ്വീകരിക്കാതിരിക്കൽ എന്നിവ അവയിലുൾപ്പെടും. സർവ്വകലാശാലകളുടെയും തൊഴിലാളി ക്ഷേമനിധി ബോർഡുകളുടെയും ഓഡിറ്റ് കാര്യക്ഷമമല്ല എന്ന് സമിതി കണ്ടെത്തിയിട്ടുണ്ട്. 1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമവും, 1996 ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളും നിലവിൽ വന്ന സാഹചര്യത്തിൽ, അതിനു മുമ്പേ ഓഡിറ്റ് ചെയ്യപ്പെടുന്ന സ്ഥാപനങ്ങളുടെ നിയമങ്ങളിലും ചട്ടങ്ങളിലും ഓഡിറ്റിനെ സംബന്ധിച്ച വകുപ്പുകൾക്ക് സാധുത ഉണ്ടായിരിക്കുന്നതല്ല. അതിനാൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് സമയബന്ധിതമായി പ്രവർത്തിക്കാൻ ഓഡിറ്റ് ജീവനക്കാർ സന്നദ്ധരാകേണ്ടതാണ്.

ഒപ്പ്,

റ്റി. ഭാസി

ഡയറക്ടർ ഇൻ ചാർജ്ജ്

സർക്കുലർ

H1-3880/2006 18.01.2007

വിഷയം : കേരള നിയമസഭയുടെ ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി നിർദ്ദേശങ്ങൾ നടപ്പാക്കുന്നത് സംബന്ധിച്ച്.

സൂചന : 03.11.2006 ലെ 45778/പി എ3/06/ത.സ്വ.ഭ നമ്പർ കത്ത്.

1994–ലെ കേരള പഞ്ചായത്ത് രാജ് നിയമം നിലവിൽ വന്നതോടെ സംസ്ഥാനത്തെ ഗ്രാമപഞ്ചായത്തുകൾക്ക് പ്രാദേശിക സർക്കാരുകൾ എന്ന നിലയിലേക്ക് ഉയരുകയും അവയുടെ അധികാരവും ഉത്തരവാദിത്തവും വിപുലമാവുകയും സംസ്ഥാന സഞ്ചിതനിധിയുടെ മുപ്പത്തി അഞ്ച് ശതമാനത്തോളം വരുന്ന തുക വികസന ആവശ്യങ്ങൾക്കായി ലഭിക്കുകയും ചെയ്തു വരുന്നു. ഗ്രാമപഞ്ചായത്തുകളുടെ 1998 മുതൽ 2002 വരെയുള്ള കാലഘട്ടത്തിലെ അക്കൗണ്ടുകളെ സംബന്ധിച്ച് ലോക്കൽ ഫണ്ട് ആഡിറ്റ് വകുപ്പ് നടത്തിയ പരിശോധനകളുടെ സമാഹൃത റിപ്പോർട്ട് കേരള നിയമസഭയുടെ ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി പരിശോധിക്കുകയും ബന്ധപ്പെട്ട് ഉദ്യോഗസ്ഥരിൽ നിന്ന് തെളിവെടുപ്പു നടത്തുകയും ചില ഗ്രാമപഞ്ചായത്തുകൾ സന്ദർശിച്ച് സ്ഥിതി ഗതികൾ നേരിട്ടു വിലയിരുത്തുകയും ചെയ്തതിൽ ഗ്രമപഞ്ചായത്തുകളുടെ ദൈനംദിന ഭരണ നിർവ്വഹണത്തിലും സാമ്പത്തിക വിനിമയത്തിലും താഴെപ്പറയുന്ന ക്രമക്കേടുകളുള്ളതായി സമിതി കണ്ടെത്തി.

- കൈമാറി കിട്ടിയ അധികാരങ്ങൾ വിനിയോഗിക്കുന്നത് ഉൾപ്പെടെ ഗ്രാമപഞ്ചായത്തിന്റെ ദൈനംദിന ഭരണ നിർവ്വഹണം കാര്യക്ഷമമായി നടക്കുന്നില്ല
- ഫയലുകളും രേഖകളും രജിസ്റ്ററുകളും ബന്ധപ്പെട്ട വൗച്ചറുകളും യഥാവിധി എഴുതി സൂക്ഷിക്കുന്നതിലും അവ പരിശോധനയ്ക്ക് ഹാജരാക്കുന്നതിലും ഗുരുതരമായ വീഴ്ചയുണ്ട്
- പണ സംബന്ധമായഇടപാടുകളിൽ ചട്ടങ്ങളും സർക്കാർ ഉത്തരവുകളും മാർഗ്ഗ നിർദ്ദേശങ്ങളുംപലപ്പോഴു ലംഘിക്കപ്പെടുന്നു.
- വികസന പ്രോജക്റ്റുകൾ മെച്ചമായ ഗുണഫലം ലഭിക്കത്തക്കവിധം സംയോജിപ്പിക്കുന്നതിൽ ദീർഘവീക്ഷണം പുലർത്തുന്നില്ല. അതുകാരണം പലപ്പോഴും ലക്ഷ്യം കൈവരിക്കാതെ പോവുകയും ധനനഷ്ടവും പാഴ്ചെലവും ഉണ്ടവുകയും ചെയ്യുന്നു
- മിക്ക ഗ്രാമപഞ്ചായത്തുകളും ആഡിറ്റ് പരിശോധനയ്ക്കായി വാർഷിക കണക്കുകൾ സമയബന്ധിതമായി തയ്യാറാക്കി നൽകാത്തതിനാൽ പരിശോധനകൾ യഥാസമയം നടക്കുന്നില്ല.
- പരിശോധനകളിൽ കണ്ടെത്തുന്ന അപാകതകൾ പരിഹരിക്കുന്നതിന് യഥാസമയം നടപടികൾ സ്വീകരിക്കുന്നതിൽ അക്ഷന്തവ്യമായ കൃത്യവിലോപമുണ്ട്. അതുകാരണം ക്രമക്കേടുകൾക്കുത്തരവാദികളായവർ പലപ്പോഴും നടപടിയൊന്നും നേരിടാതെരക്ഷപ്പെടുന്നതായും ഗ്രാമപഞ്ചായത്തുകൾക്കുണ്ടായ നഷ്ടം ഈടാക്കാൻ കഴിയാതെ വരികയും ചെയ്യുന്നതായി കാണുന്നു.
- നിയമസഭാസമിതി ആവശ്യപ്പെടുന്ന രേഖകളും റിപ്പോർട്ടുകളും യഥാസമയം നൽകുന്ന കാര്യത്തിൽ ഗുരുതരമായ വീഴ്ച വരുത്തുന്നു. മാത്രമല്ല നൽകുന്നറിപ്പോർട്ടുകൾ പലതും അവ്യക്തവും അപൂർണ്ണവുമാണ്.
- ഗ്രാമപഞ്ചായത്തുകളുടെ ദൈനംദിന പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടത്തുന്നതിനും ആഭ്യന്തര നിയന്ത്രണം ശക്തിപ്പെടുത്തുന്നതിനും ചുമതലയുള്ള പഞ്ചായത്ത് ഡെപ്യൂട്ടിഡയറക്ടർമാർഇക്കാര്യത്തിൽ കാര്യമായ മേൽനോട്ടം വഹിക്കുന്നില്ല.

- ആഡിറ്റ് റിപ്പോർട്ടുകളിൻമേൽ തുടർ നടപടികൾ സ്വീകരിക്കുന്നതിന് ചുമതലയുള്ള പഞ്ചായത്ത് അസിസ്റ്റൻ ഡയറ്ക്ടർമാർ തങ്ങളുടെ ഉത്തരവാദിത്വം ഫലപ്രദമായി നിർവഹിക്കുന്നില്ല.
- പ്രത്യേക പരിശോധനകളോ ആകസ്മിക പരിശോധനകളോ നടക്കുന്നില്ല.
- വികസനാവശ്യങ്ങൾക്ക് പദ്ധതി വിഹിതമായി വൻതുക ലഭിച്ചുകൊണ്ടിരിക്കുന്നതിനാൽ മിക്ക പഞ്ചായത്തുകളും തനതുവരുമാനം പരിച്ചെടുക്കുന്ന കാര്യത്തിൽ വളരെയേറെ അലംഭാവം കാട്ടുന്നു.

മേൽപ്പറഞ്ഞ ക്രമക്കേടുകളും അപാകതകളും പരിഹരിക്കുന്നതിനും ഭാവിയിൽ അവ ആവർത്തിക്കാതിരിക്കാനും ആവശ്യമായ നിർദ്ദേശങ്ങളും ശുപാർശകളും അടങ്ങുന്ന റിപ്പോർട്ട് നിയമസഭാ സമിതി സർക്കാരിന് സമർപ്പിക്കുകയുണ്ടായി . സമിതിയുടെ നിർദ്ദേശങ്ങളുടേയും ശുപാർശകളുടേയും അടിസ്ഥാനത്തിൽ അടിയന്തിരനടപടികൾ സ്വീകരിക്കുവാൻ സർക്കാർ സൂചനയിലെ കത്ത് പ്രകാരം പഞ്ചായത്ത് ഡയറക്ടറോട് ആവശ്യപ്പെട്ടിരിക്കുന്നു. ആയതനുസരിച്ച് ഗ്രാമപഞ്ചായത്തുകളുടെ ദൈനംദിന ഭരണനിർവ്വഹണം കാര്യക്ഷമമാക്കുന്നതിനും ആഭ്യന്തര നിയന്ത്രണം ശക്തിപ്പെടുത്തുന്നതിനും താഴെപ്പറയുന്ന നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

1. ജോലി വിഭജന രേഖ– ഓഫീസ് ഉത്തരവ്

ഏതൊരാഫീസിന്റേയും ദൈനംദിന പ്രവർത്തനങ്ങൾ ചിട്ടയായും കാര്യക്ഷമമായും നടക്കുന്നതിന് പ്രസ്തുത ആഫീസിലെ ഓരോ ജീവനക്കാരനും ജീവനക്കാരിയും തന്റെ ഉത്തരവാദിത്തങ്ങൾ എന്തൊക്കെയാണെന്നും അവ എപ്രകാരം നിർവ്വഹിക്കേണ്ടതെന്നും ഉത്തരവാദിക്കങ്ങൾ യഥാവിധി നിർവ്വഹിക്കുന്നതിൽ വീഴ്ചയോ അലംഭാവമോ ഉണ്ടായാലുള്ള ബാധ്യതകൾ/ഭവിഷ്യത്തുകൾ എന്തൊക്കെയാണെന്നും സംബന്ധിച്ച വ്യക്തമായ ഒരു ധാരണയുണ്ടായിരിക്കേണ്ടതാവശ്യമാണ്.

1991 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 180–ാം വകുപ്പിൽ, കണ്ടിജന്റ് ജീവനക്കാരൊഴികെ ഒരു ഗ്രാമപഞ്ചായത്തിലെ ഉദ്യോഗസ്ഥരും ജീവനക്കാരും സർക്കാർ ജീവനക്കാരായിരിക്കുമെന്നും പഞ്ചായത്തിലെ ഉദ്യോഗസ്ഥരുടെയും ജീവനക്കാരുടെയും നിയന്ത്രണം പ്രസ്തുത പഞ്ചായത്തിനായിരിക്കുമെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. അതായത് സർക്കാർ ജീവനക്കാർ എന്ന നിലയിൽ സർക്കാർ പുറപ്പെടുവിക്കുന്ന നിയമനിർദ്ദേശങ്ങൾക്ക് വിധേയമായി പ്രവർത്തിക്കേണ്ടതിനോടൊപ്പം തെരഞ്ഞെടുക്കപ്പെട്ട ഒരു പ്രാദേശിക സർക്കാറിന്റെ നിയന്ത്രണത്തിലുള്ള ജീവനക്കാർ എന്ന നിലയിൽ ഗ്രാമപഞ്ചായത്ത് ഏൽപ്പിക്കുന്ന ഉത്തരവാദിത്വങ്ങളും ജോലികളും യഥാവിധി നിർവ്വഹിക്കുന്നതിനും ബാദ്ധ്യസ്ഥരായിരിക്കും.

1998 ലെ കേരള പഞ്ചായത്ത് രാജ് (റിക്കാർഡുകളുടെ സൂക്ഷിപ്പും പകർപ്പ നൽകലും) ചട്ടങ്ങളിലെ 3–ാം ചട്ടത്തിൽ; ഒരു ഗ്രാമപഞ്ചായത്തിൽ നിക്ഷിപ്തമായ ചുമതലകളുടെ നിർവ്വഹണവും അധികാര വിനിയോഗവുമായി ബന്ധപ്പെട്ട .എല്ലാ റിക്കാർഡുകളും പഞ്ചായത്തിന്റെ ഏതൊരു കമ്മിറ്റിയുടെയും യോഗനടപടിക്രമങ്ങളുമായി എല്ലാ റിക്കാർഡുകളും സെക്രട്ടറിയുടെ അല്ലെങ്കിൽ അദ്ദേഹം ചുമതലപ്പെടുത്തിയ ഉദ്ധ്യോഗസ്ഥന്റെ സൂക്ഷിപ്പിൽ ആയിരിക്കേണ്ടതാണെന്ന് വ്യവസ്ഥ ചെയ്യുന്നു. അതുപോലെ 1997 ലെ കേരള പഞ്ചായത്ത് രാജ് (പരിശോധനാ രീതിയും ആഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ 12 –ാം ചട്ടത്തിന്റെ 1–ാം ഉപചട്ടത്തിൽ ആഡിറ്റർ രേഖാമൂലം ആവശ്യപ്പെടുന്ന എല്ലാ രേഖകളും രജിസ്റ്ററുകളും കണക്കുകളും സെക്രട്ടറി നൽകേണ്ടതാണ് എന്നും 2 –ാം ഉപചട്ടത്തിൽ ബന്ധപ്പെട്ട രേഖകളോ കണക്കുകളോ നൽകാൻ വീഴ്ച വരുത്തിയാൽ അത്തരം രേഖയോ കണക്കോ , നിലവിലില്ലാ എന്ന് കരുതപ്പെടുന്നതും അതനുസരിച്ചുള്ള നിഗമനത്തിൽ എത്താവുന്നതുമാണ് എന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട. പ്രസ്തുത 12–ാംചട്ടത്തിന്റെ 1–ാം ഉപചട്ടത്തിൽ ഓഫീസ് ഉത്തരവുകളുടെയും പഞ്ചായത്ത് തീരുമാനങ്ങളുടേയും അടിസ്ഥാനത്തിൽ ഏൽപ്പിച്ചിട്ടുള്ള കാര്യങ്ങളിൽ വീഴ്ച വരുത്തിയത് മൂലമുള്ള നഷ്ടങ്ങൾക്കും പാഴ്ചെലവിനും ദുർവിനിയോഗങ്ങൾക്കുമുള്ള ഉത്തരവാദി ജോലി വിഭജനമനുസരിച്ചുള്ള ഉദ്യോഗസ്ഥനോ ജീവനക്കാരനോ ആയിരിക്കുന്നതും ഇക്കാര്യങ്ങളിൽ അയാളുടെ മേലുദ്യോഗസ്ഥനും സെക്രട്ടറിക്കും മേൽ നോട്ടപ്പിശകിനും ഉത്തരവാദിത്വമുണ്ടായിരിക്കും എന്നും വ്യവസ്ഥ ചെയ്യുന്നു. ആയതിനാൽ വ്യക്തിപരവും ആധികാരവുമായ ഓഫീസ് ഉത്തരവു മുഖേന ഗ്രാമപഞ്ചായത്തിലെ ജോലികൾ വിഭജനം ചെയ്യേണ്ടതും അത് യഥാവിധി പാലിക്കപ്പെടുന്നുണ്ട് എന്ന് നിരന്തരം നിരീക്ഷിച്ചു ഉറപ്പു വരുത്തേണ്ടതും കൃത്യവിലോപവും വീഴ്ചകളും അപ്പപ്പോൾ തന്നെ പരിഹരിക്കേണ്ടതും അനിവാര്യമാണ്. ഇതിനായി സെക്രട്ടറിക്ക് പ്രസിഡന്റിന്റെ അനുമതിയോടെ താൻ നിർദ്ദേശിക്കുന്ന പ്രകാരമുള്ള പരിമിതികൾക്കും നിയന്ത്രണത്തിനും

വിധേയമായി രേഖാമൂലമുള്ള ഉത്തരവ് മുലം തന്റെ ഏതെങ്കിലും ചുമതലകൾ പഞ്ചായത്തിലെ ഏത് ഉദ്യോഗസ്ഥനും ഏൽപ്പിച്ചുകൊടുക്കാവുന്നതാണ് എന്നും കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 184-ാം വകുപ്പിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട് . കേരള പഞ്ചായത്ത് രാജ് നിയമത്തിലെ മേൽപ്പറഞ്ഞ വകുപ്പുകളുടേയും ചട്ടങ്ങളു.ടേയും അടിസ്ഥാനത്തിൽ ഓഫീസിലെ ഓരോ ജീവനക്കാരന്റേയും/ജീവനക്കാരിയുടേയും ഉത്തരവാദിത്വങ്ങൾ എന്തൊക്കെയാണെന്നും ആയതിൽ കൃത്യവിലോപമോ വീഴ്ചയോ വരുത്തിയാലുള്ള ഭവിഷ്യത്തുകൾ, ബാദ്ധ്യതകൾ എന്തൊക്കെയാണെന്നതും സംബന്ധിച്ചും വ്യക്തമാക്കിക്കൊണ്ട് ഉടൻ പ്രാബല്യത്തിൽ വരുംവിധം ഓഫീസ് ഉത്തരവ് നൽകുന്നതിന് എല്ലാ ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാരും നടപടി സ്വീകരിക്കേണ്ടതാണ്

2. പ്രസ്തുത ഓഫീസ് ഉത്തരവിൽ ഓരോ ജീവനക്കാരനും കൈകാര്യം ചെയ്യുന്ന രജിസ്റ്ററുകൾ, മറ്റു രേഖകൾ, ഫയലുകൾ വൗച്ചറുകൾ എന്നിവയുടെ സുരക്ഷിതമായി സൂക്ഷിപ്പിനും, പരിശോധനകൾക്കായി അവ ഹാജരാക്കുന്നതിനുള്ള ഉത്തരവാദിത്തം പ്രസ്തുത ജീവനക്കാർക്കാണ് എന്ന് പ്രത്യേകം വ്യക്തമാക്കിയിരിക്കണം

3. **എം . ഒ .പി**

വിവിധവകുപ്പുകളിൽ നിന്നും കൈമാറിക്കിട്ടിയ സ്ഥാപനങ്ങൾ ഉൾപ്പെടെ ഒരു ഗ്രാമപഞ്ചായത്തിന്റെ ദൈനംദിന പ്രവർത്തനങ്ങളിൽ അവംലംബിക്കേണ്ട നടപടിക്രമങ്ങൾ വ്യവസ്ഥചെയ്യുന്ന ''ഓഫീസ് മാനേജ്മെന്റ് മാന്വൽ'' സർക്കാർ തലത്തിൽ ഉടനെ പുറപ്പെടുവിക്കുന്നതാണ്. അതുവരെ ഫയലുകൾ കൈകാര്യം ചെയ്യുന്നതിലും രജിസ്റ്ററുകൾ സൂക്ഷിക്കുന്നതിലും മറ്റും ഓഫീസ് നടപടി ഗ്രന്ഥത്തിലെ (എം.ഒ.പി) വ്യവസ്ഥകൾ പാലിക്കേണ്ടതാണ്. പേഴ്സണൽ രജിസ്റ്റർ എഴുതി സൂക്ഷിക്കേണ്ടതും അവ യഥാസമയം പരിശോധനയ്ക്ക് നൽകേണ്ടതുമാണ്. ഇക്കാര്യം ഹെഡ്ക്ളർക്ക്/സൂപ്രണ്ട് ഉറപ്പാക്കേണ്ടതും വീഴ്ച വരുത്തുന്നവർക്കെതിരെ നടപടി സ്വീകരിക്കേണ്ടതുമാണ്.

4. **പൗരാവകാശരേഖയിലെ വ്യവസ്ഥകൾ പാലിക്കണം**

പുതിയ കെട്ടിടങ്ങൾക്ക് നമ്പർ അനുവദിക്കൽ വിവിധ സാക്ഷ്യപത്രങ്ങൾ മറ്റുസേവനങ്ങൾ ഇവ നൽകുന്നതിന് പഞ്ചായത്ത് പ്രസിദ്ധീകരിച്ചിട്ടുള്ള പൗരാവകാശരേഖയിൽ നിർണ്ണയിച്ചിട്ടുള്ള ദിവസങ്ങളിൽ ക്ളിപ്തപ്പെടുത്തേണ്ടതും ശേഷിക്കുന്ന ദിവസങ്ങൾ ഓഫീസ് ജോലികൾക്കായി അതായത് ഫയലുകൾ ശരിയാക്കൽ രജിസ്റ്ററുകൾ യഥാവിധി എഴുതി പൂർത്തിയാക്കൽ , രേഖകൾ തയ്യാറാക്കൽ എന്നിവയ്ക്കായി നീക്കിവയ്ക്കേണ്ടതുമാണ്.

5. **ഇൻകുംബെൻസി – മാസ്റ്റർ രജിസ്റ്റർ**

കൈമാറിക്കിട്ടിയ ആഫീസുകളിലേതുൾപ്പെടെ ഗ്രാമപഞ്ചായത്തിലെ മൊത്തം ഉദ്യോഗസ്ഥരുടെയും ജീവനക്കാരുടെയും പേര്, ഉദ്യോഗപ്പേര്, വീട്ട് മേൽവിലാസം, ടെലഫോൺ നമ്പർ, ഗ്രാമപഞ്ചായത്തിൽ ജോലിയിൽ പ്രവേശിച്ച തിയതി എന്നിവയുൾപ്പെടെയുള്ള വിശദാംശങ്ങൾ ഒരു രജിസ്റ്ററിൽ എഴുതി സൂക്ഷിക്കേണ്ടതും പ്രസ്തുത ഉദ്യോഗസ്ഥൻമാർ സ്ഥലം മാറിപ്പോകുമ്പോൾ അക്കാര്യവും, ഏത് ഓഫീസിലേക്കാണ് പോയതെന്നും ടി രജിസ്റ്ററിൽ രേഖപ്പെടുത്തുകയും വേണം. ആഡിറ്റിൽ കണ്ടെത്തുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായവരെ കണ്ടെത്തുന്നതിനും അവർക്കെതിരെ യഥാസമയം നടപടി സ്വീകരിക്കുന്നതിനും പഞ്ചായത്തിനുണ്ടാകുന്ന നഷ്ടം ഈടാക്കുന്നതിനും ഇപ്രകാരം ഒരു രജിസ്റ്റർ സൂക്ഷിക്കേണ്ടതാവശ്യമാണ്. മേൽപ്പറഞ്ഞ രജിസ്റ്റർ സെക്രട്ടറി തയ്യാറാക്കി തന്റെ ഉത്തരവാദിത്വത്തിൽ സൂക്ഷിക്കേണ്ടതും ടിയാൻ സ്ഥലം മാറിപ്പോകുമ്പോൾ/ ദീർഘകാല അവധിയിൽ പ്രവേശിക്കുമ്പോൾ പുതുതായി ചുമതലയേൽക്കുന്ന ഉദ്യോഗസ്ഥനെ/ സെക്രട്ടറിയെ ഏൽപ്പിക്കേണ്ടതും ഇക്കാര്യം Report of transfer of charge ൽ പ്രത്യേകം രേഖപ്പെടുത്തേണ്ടതുമാണ്. ഇങ്ങനെ ചെയ്യുന്നതിൽ വീഴ്ച വരുത്തുന്ന സെക്രട്ടറിമാരുടെ എൽ. പി . സി / ശമ്പള ബിൽ തടഞ്ഞുവെയ്ക്കേണ്ടതും അവർക്കെതിരെ അച്ചടക്ക നടപടി സ്വീകരിക്കേണ്ടതുമാണ് . ഇക്കാര്യം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാരും പെർഫോമൻസ് ആഡിറ്റ് സൂപ്പർവൈസർമാരും പ്രത്യേകം ശ്രദ്ധിക്കണം.

6. ആഡിറ്റ് – വാർഷിക ധനകാര്യ പത്രിക – വാർഷിക ഡി. സി. ബി

ഗ്രാമപഞ്ചായത്തുകളിൽ ലോക്കൽഫണ്ട് ആഡിറ്റ് വകുപ്പിന്റെ പരിശോധന പെർഫോമൻസ് ആഡിറ്റ്, അക്കൗണ്ടന്റ് ജനറലിന്റെ പരിശോധന ഇവയ്ക്കു പുറമേ ചിലപ്പോൾ ധനകാര്യ വകുപ്പ് ഇൻസ്പെക്ഷൻ വിഭാഗത്തിന്റെ പരിശോധനയും നടക്കാറുണ്ട്. മേൽപറഞ്ഞവയിൽ ലോക്കൽഫണ്ട് ആഡിറ്റ് വകുപ്പിന്റെ വിശദമായ പരിശോധനകൾക്കായി പഞ്ചായത്തിന്റെവാർഷികകണ്ക്കുകൾനൽകേണ്ടതുണ്ട്. 1997 –ലെ കേരളപഞ്ചായത്ത് രാജ് (പരിശോധനരീതിയും ആഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ 11 –ാം ചട്ടപ്രകാരം സാമ്പത്തികവർഷം അവസാനിച്ച് നാല് മാസത്തിനകം അതായത് ജൂലൈ 31–ാം തിയ്യതിക്ക് മുമ്പ് ആ പഞ്ചായത്തിന്റെ കണക്കുകൾ ആഡിറ്റ് ചെയ്യാൻ അധികാരപ്പെടുത്തിയ ആഡിറ്റർക്ക് നൽകേണ്ടതാണ് എന്ന് വ്യവസ്ഥ ചെയ്യുന്ന ചട്ടപ്രകാരവും നിശ്ചിര സമയപരിധിക്കുള്ളിലും ധനകാര്യ സ്റ്റേറ്റ്മെന്റ് ആഡിറ്റിന് സമർപ്പിക്കാത്ത സെക്രട്ടറിയുടെ പേരിൽ 1994 ലെ കേരള ലോക്കൽഫണ്ട് ആഡിറ്റ് ആക്ട് 9–ാം വകുപ്പ് 2 –ാം ഉപവകുപ്പ് പ്രകാരവും പ്രസ്തുത ആക്ടിൻ കീഴിലുണ്ടാക്കിയ ചട്ടങ്ങളിലെ വ്യവസ്ഥകൾ അനുസരിച്ചും നടപടികൾ സ്വീകരിക്കേണ്ടതാണ് എന്നും നിഷ്കർച്ചിട്ടുണ്ട് . ഓഫീസ് ഉത്തരവ് പ്രകാരം ഏൽപ്പിച്ചിട്ടുള്ള ജോലികൾ എല്ലാ ഉദ്യോഗസ്ഥരും യഥാസമയം നിർവ്വഹിച്ചാൽ വാർഷിക കണക്കുകൾ നിശ്ചിത സമയപരിധിക്കുള്ളിൽ തന്നെ തയ്യാറാക്കാവുന്നതാണ്. ആയതിനാൽ വാർഷിക കണക്കുകൾ തയ്യാറാക്കുന്നതിൽ എല്ലാ ജീവനക്കാർക്കും ഉത്തരവാദിത്വമുണ്ടായിരിക്കുന്നതും വീഴ്ച വരുന്ന പക്ഷം (പിഴയൊടുക്കൽ പ്രോസിക്യൂഷൻ എന്നിവ) എല്ലാ ജീവനക്കാർക്കും ബാദ്ധ്യത ഉണ്ടായിരിക്കുന്നതുമാണ്.

7. മുൻകൂട്ടി അറിയിപ്പ് ലഭിക്കുന്ന പറിശോധനകളെ സംബന്ധിച്ച് :

ഏത് കാലഘട്ടത്തിലെ കണക്കുകളാണോ പരിശോധിക്കുന്നത് ആ കാലഘട്ടങ്ങളിൽ സെക്രട്ടറിയായിരുന്ന/ചാർജ്ജ് വഹിച്ചിരുന്ന ഉദ്യോഗസ്ഥനെയും ആവശ്യമെങ്കിൽ മറ്റു ജീവനക്കാരെയും രേഖാമൂലം വിവരം അറിയിപ്പ് നൽകിയും അവരുടെ സാന്നിധ്യം ഉറപ്പുവരുത്തേണ്ടതാണ്. ഇക്കാര്യം സെക്രട്ടറിമാർ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ് . ഇക്കാര്യത്തിലുണ്ടാകുന്ന വീഴ്ചയ്ക്ക് സെക്രട്ടറിമാർ വ്യക്തിപരമായി ഉത്തരവാദികളായിരിക്കും.

8. പരിശോധനകളിൽ സഹകരിക്കൽ

മുൻകൂട്ടി അറിയിപ്പ് ലഭിക്കുന്ന പരിശോധനകളെ സംബന്ധിച്ച് ഓഫീസ് ഉത്തരവ് മുഖേന എല്ലാ ജീവനക്കാരേയും വിവരം അറിയിക്കേണ്ടതാണ്. പരിശോധനകൾക്കാവശ്യമായ രേഖകൾ നൽകുന്നതിന് പ്രസ്തുത ദിവസങ്ങളിൽ എല്ലാ ജീവനക്കാരും നിർബന്ധമായും ആഫീസിൽ ഉണ്ടായിരിക്കേണ്ടതുമാണ്. വീഴ്ച വരുത്തുന്ന ജീവനക്കാരെ സംബന്ധിച്ച് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറെ രേഖാമൂലം വിവരമറിയിക്കേണ്ടതും പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ ഉടനെ തന്നെ ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

9. അന്വേഷണാവശ്യാർത്ഥം ഫയലുകൾ/രേഖകൾ/രജിസ്റ്ററുകൾ നൽകൽ

എതെങ്കിലും കേസ്സുമായി ബന്ധപ്പെട്ട ഫയലുകളോ രജിസ്റ്ററുകളോ രേഖകളോ ഏതെങ്കിലും കോടതിക്കോ വിജിലൻസ് വകുപ്പിനോ കൈമാറേണ്ടി വരുന്ന സന്ദർഭത്തിൽ പ്രസ്തുത രജിസ്റ്ററിന്റെ/ഫയലുകളുടെ/രേഖകളുടെ ഫോട്ടോസ്റ്റാറ്റ് പകർപ്പ് എടുത്ത് സാക്ഷ്യപ്പെടുത്തി ഓഫീസിൽ സൂക്ഷിക്കേണ്ടതാണ്. ഇക്കാര്യം സെക്രട്ടറിമാർ ഉറപ്പാക്കേണ്ടതാണ്.

10. പിശോധനാ റിപ്പോർട്ടുകളിൻമേൽ തുടർനടപടി

ലോക്കൽ ഫണ്ട് ആഡിറ്റ് വകുപ്പിന്റേത് ഉൾപ്പെടെ ഗ്രാമപഞ്ചായത്തിൽ നടക്കുന്ന വിവിധ പരിശോധനകളുടെ റിപ്പോർട്ടിൻമേൽ സമയബന്ധിയമായി തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്. ഇതിനായി ഒരു യു. ഡി. ക്ളാർക്കിന് പ്രത്യേക ചുമതല നൽകേണ്ടതും ഹെഡ്ക്ളർക്ക്/ജൂനിയർ സൂപ്രണ്ടിന് ആയതിന്റെ മേൽനോട്ട ചുമതല നൽകേണ്ടതുമാണ്. പരിശോധനാ റിപ്പോർട്ടുകളിൻമേൽ നിയമം വ്യവസ്ഥ ചെയ്യുന്ന നിശ്ചിത സമയപരിധിക്കുള്ളിൽ തന്നെ നടപടികൾ സ്വീകരിക്കേണ്ടതും ബന്ധപ്പെട്ടവരെ വിവരം അറിയിക്കേണ്ടതും ക്രമക്കേടുകൾക്ക് ഉത്തരവാദികളായുട്ടുള്ളവരിൽ നിന്നും പഞ്ചായത്ത് ഫണ്ടിനുണ്ടാകുന്ന നഷ്ടം ഈടാക്കേണ്ടതുമാണ് .

11. നിയമസഭാസമിതി ഫയലുകളും രേഖകളും ഹാജരാക്കുവാൻ നിർദ്ദേശിക്കുന്ന അവസരത്തിൽ, അവ യഥാസമയം ഹാജരാക്കുന്നതിൽ വീഴ്ച വരുത്തുന്നതായ വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. നിയമസഭാ സമിതിയുടെ നിർദ്ദേശാനുസരണം ഫയലുകളും രേഖകളും ഹാജരാക്കുന്നതിലും റിപ്പോർട്ടുകൾ സമർപ്പിക്കുന്നതിലും യാതൊരു കാരണവശാലും വീഴ്ച വരുത്താൻ പാടില്ല ഇക്കാര്യത്തിലുണ്ടാകുന്ന വീഴ്ച വളരെ ഗൗരവമായി വീക്ഷിക്കുന്നതും കുറ്റക്കാർക്കെതിരെ കർശനമായ നടപടികൾ സ്വീകരിക്കുന്നതുമായിരിക്കും .

12. ഒരു ആഡിറ്റ് റിപ്പോർട്ട് ലഭിക്കുകയും അതിൽ ക്രമക്കേടുകൾ/നിരാകരണം ഇവ വ്യക്തമാക്കുകയും ചെയ്തിരിന്നിട്ടും ആയതിന്മേൽ യഥാസമയം നടപടികൾ ഒന്നും സ്വീകരിക്കാത്തത് കാരണം ക്രമക്കേടിനുത്തരവാദിയായ ഉദ്യോഗസ്ഥൻ രക്ഷപ്പെടുകയും തുക ഈടാക്കാൻ കഴിയാതെ വരികയും ചെയ്താൽ ഇപ്രകാരം പഞ്ചായത്തിന് നഷ്ടപ്പെട്ട തുക ആഡിറ്റ് റിപ്പോർട്ടുകൾ ലഭിച്ച സമയം മുതൽ അവ കൈകാര്യം ചെയ്ത ഉദ്യോഗസ്ഥൻ മേൽനോട്ടം വഹിച്ച ഉദ്യോഗസ്ഥൻ എന്നിവരിൽ നിന്നും ഈടാക്കുന്നതായിരിക്കും. പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടർമാർ ഇക്കാര്യത്തിൽ സമയബന്ധിതമായി നടപടി സ്വീകരിക്കേണ്ടതാണ്.

13. ആഡിറ്റ് റിപ്പോർട്ടിൽ, ഒരു ചെലവ് സംബന്ധിച്ച് പ്രസ്തുത തുക നിരാകരിച്ചതായോ അല്ലെങ്കിൽ തുക ചെലവ് ചെയ്തത്, നടപടിക്രമങ്ങൾ പാലിക്കാത്തത് മൂലം തടസ്സപ്പെടുത്തിയതായോ പരാമർശിക്കുകയും ആയതിന് ഉത്തരവാദിയായ ഉദ്യോഗസ്ഥൻ ആരെന്നും വ്യക്തമാക്കിയിട്ടുള്ള പക്ഷം പ്രസ്തുത നിരാകരണത്തെ/തടസ്സത്തെ സംബന്ധിച്ച് ഉത്തരവാദിയായ ഉദ്യോഗസ്ഥനെ യഥാസമയം വിവരം അറിയിക്കേണ്ടതാണ്. ഇപ്രകാരമുള്ള അറിയിപ്പിൻമേൽ മറുപടിക്കായി സമയപരിധി നിശ്ചയിച്ചു കൊണ്ടു ബന്ധപ്പെട്ട ആഡിറ്റ് റിപ്പോർട്ടിന്റെ പകർപ്പ് സഹിതം രജിസ്റ്റർ ചെയ്ത് തപാലിൽ നൽകേണ്ടതാണ് . നിശ്ചിത സമയ പരിധിയ്ക്കുള്ളിൽ ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും മറുപടി ലഭിക്കുകയാണെങ്കിൽ ആയത് പഞ്ചായത്ത് കമ്മിറ്റി മുമ്പാകെ വെക്കേണ്ടതും പഞ്ചായത്ത് കമ്മിറ്റിയുടെ തീരുമാനം സഹിതം ലോക്കൽ ഫണ്ട് ആഡിറ്റ് വകുപ്പിനെ അറിയിക്കേണ്ടതുമാണ്. എന്നാൽ നിശ്ചിത സമയപരിധിക്കുള്ളിൽ ഉത്തരവാദിയായ ആളിൽ നിന്നും മറുപടിയൊന്നും ലഭിക്കാത്തപക്ഷം പഞ്ചായത്ത് ഫണ്ടിനുണ്ടായ നഷ്ടം സർചാർജ് ചെയ്തില്ലെങ്കിൽ പോലും ഈടാക്കാൻ നടപടി സ്വീകരിക്കുന്നതിന് സെക്രട്ടറിമാർ ബാദ്ധ്യസ്ഥരായിരിക്കും . ഇപ്രകാരം തുക ഈടാക്കുന്നതിന് 1963 –ലെ കേരള റവന്യു റിക്കവറി നിയമപ്രകാരമോ അല്ലെങ്കിൽ 1963–ലെ കേരള പബ്ളിക് അക്കൗണ്ടന്റ് ആക്ട് പ്രകാരമോ നടപടികൾ സ്വീകരിക്കേണ്ടതാണ് . ഇക്കാര്യത്തിൽ പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടർമാർ വേണ്ട നിർദ്ദേശങ്ങൾ യഥാസമയം നൽകേണ്ടതാണ് . (16.04.2006 –ലെ ജി.ഒ. (എം.എസ്) 97/2005/ആർ.ഡി. ഉത്തരവ് പ്രകാരം ഗ്രാമപഞ്ചായത്തുകൾക്ക് ലഭിക്കുവാനുള്ള തുക ഈടാക്കുന്നതിന് റവന്യൂ റിക്കവറി നിയമം ബാധകമാക്കിയിട്ടുണ്ട് (S R O No 368/2005 Dated 18.04.2005)

14. ആഡിറ്റ് തടസ്സങ്ങൾ ഒഴിവാക്കൽ – രജിസ്റ്റർ

ഒരു ആഡിറ്റ് റിപ്പോർട്ട് ലഭിച്ചാൽ അതിൽ ചൂണ്ടിക്കാട്ടിയിട്ടുള്ള അപാകതകളും ക്രമക്കേടുകളും പരിഹരിക്കുന്നതിന്റെ ഭാഗമായി Register of Audit Objections ൽ Obections പ്രത്യേകം രേഖപ്പെടുത്തേണ്ടതാണ്. ഇവ പരിഹരിക്കുന്നതിൽ സമയബന്ധിതമായി നടപടി സ്വീകരിക്കേണ്ടതും പ്രതിമാസ പുരോഗതി നശ്ചിതഫോറത്തിൽ തയ്യാറാക്കി പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടർമാർക്ക് റിപ്പോർട്ട് ചെയ്യേണ്ടതുമാണ്. ഇപ്രകാരം ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാർ സമർപ്പിക്കുന്ന റിപ്പോർട്ടുകൾ ജില്ലാതലത്തിൽ അവലോകനം ചെയ്യേണ്ടതും തൽസംബന്ധമായ പുരോഗതി വിവരണ പത്രിക തൊട്ടടുത്ത മാസം 10–ാം തിയ്യതിക്ക് മുമ്പ് പഞ്ചായത്ത് ഡയക്ടർക്ക് സമർപ്പിക്കേണ്ടതുമാണ് . പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ വിളിച്ചു ചേർക്കുന്ന ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാരുടെ പ്രതിമാസ കോൺഫറൻസ് ഇത് സ്ഥിരം അജണ്ടയായി ഉൾപ്പെടുത്തേണ്ടതാണ്.

15. സർചാർജ് സർട്ടിഫിക്കറ്റിന്മേൽ നടപടി

ഒരു ചെലവ് നിയമവിരുദ്ധമെന്ന് ആഡിറ്റിൽ കണ്ടെത്തുകയും നിയമവിരുദ്ധമായി തുക നൽകിയ ഉദ്യോഗസ്ഥനെതിരെ സർചാർജ് സർട്ടിഫിക്കറ്റ് , പുറപ്പെടുവിക്കുകയും ചെയ്യുന്ന സംഗതിയിൽ ലോക്കൽ ഫണ്ട് ഡയറക്ടറുടെ തീരുമാനം ബന്ധപ്പെട്ട ഉദ്യോഗസ്ഥനെ അറിയിക്കുന്നതോടൊപ്പം ഗ്രാമപഞ്ചായത്ത് സെക്രട്ടറിയേയും അറിയിക്കാറുണ്ട്. ആർക്കെതിരെയാണോ സർചാർജ് സർട്ടിഫിക്കറ്റ് പുറപ്പെടുവിച്ചിട്ടുള്ളത് ആ ഉദ്യാഗസ്ഥന് പ്രസ്തുത സർചാർജ് സാക്ഷ്യപത്രം കൈപറ്റി ഒരുമാസത്തിനുള്ളിൽ അതിനെതിരെ ജില്ലാ കോടതിയെ

സമീപിക്കാവുന്നതാണ്. മേൽപ്പറഞ്ഞ സമയപരിധിയ്ക്കകം കോടതിയെ സമീപിച്ചില്ലെങ്കിൽ സർചാർജ് തുക ഗ്രാമപഞ്ചായത്ത് ഫണ്ടിൽ ഒടുക്കേണ്ടതാണെന്ന് 1997 –ലെ ലോക്കൽ ഫണ്ട് ആക്ടിലെ 16–ാം വകുപ്പ് 4–ാം ഉപവകുപ്പിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്.

ഇങ്ങനെ തുക ഒടുക്കാത്തയാളിൽനിന്ന് പ്രസ്തുത തുക ഈടാക്കുന്നതിനുള്ള ഉത്തരവാദിത്തം ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്കാണ്. ഇത്തരത്തിൽ ലോക്കൽഫണ്ട് ആഡിറ്റ് വകുപ്പ് ഡയറക്ടർ സർചാർജ് ചെയ്ത തുക യഥാസമയം ഈടാക്കാതെ കാലാഹരണം സംഭവിച്ചാൽ പ്രസ്തുത സംഖ്യ തന്റസമയം (അറിയിപ്പ് ലഭിച്ച സമയം) സെക്രട്ടറിയുടെ/ചാർജുണ്ടായിരുന്ന ഉദ്യോഗസ്ഥനിൽനിന്നും ബന്ധപ്പെട്ട വിഷയം കൈകാര്യം ചെയ്ത ഉദ്യോഗസ്ഥനിൽനിന്നും ആനുപാതികമായി ഈടാക്കുവാൻ നടപടി സ്വീകരിക്കുന്നതായിരുക്കും. അതുപോലെ തന്നെ 1997–ലെ കേരള പഞ്ചായത്ത് രാജ് (പരിശോധനാ രീതിയും ആഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ 24–ാം ചട്ടത്തിലെ 3–ാം ഉപചട്ടപ്രകാരം സർക്കാർ തിട്ടപ്പെടുത്തുന്ന ബാധ്യത തുക ബന്ധപ്പെട്ട ഉദ്യോഗസ്ഥനിൽനിന്ന് 4–ാം ഉപചട്ടപ്രകാരം ഈടാക്കുന്ന സംഗതിയിൽ വീഴ്ച വരുത്തിയാലും നടപടി സ്വീകരിക്കുന്നതാണ്.

16. നഷ്ടോത്തരവാദിത്തം

ആഡിറ്റിൽ കണ്ടെത്തുന്ന ക്രമക്കേടുകൾ സെക്രട്ടറിയുടെതല്ലാത്തതാണെങ്കിൽ കൂടി സെക്രട്ടറിയിൽ ചുമത്തുന്നതായി ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ട്. വ്യക്തമായ് ജോലി വീഭജന രേഖയുടെയും അതിന്റെ അടിസ്ഥാനത്തിൽ പുറപ്പെടുവിച്ചിട്ടുള്ള ഓഫീസ് ഉത്തരവിന്റെയും അഭാവത്തിലാണ് ഇപ്രകാരം ബാധ്യത മുഴുവനും സെക്രട്ടറയുടെ മേൽ ചുമത്തുന്നത്. വ്യക്തമായ ഓഫീസ് ഉത്തരവ് നൽകേണ്ടതും അത് ആഡിറ്ററെ ബോധ്യപ്പെടുത്തേണ്ടതുമാണ്.

17. നികുതി ലൈസൻസ് ഫീസ് പിരിവ് സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ

നികുതി പിരിവിന് ചുമതലപ്പെട്ട ജീവനക്കാരെ ഒരു സാമ്പത്തിക വർഷത്തിൽ കുറഞ്ഞത്: 4 (നാല്) മാസം നികുതി ലൈസൻസ് ഫീസ് / സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ എന്നീ ജോലികൾക്കു മാത്രമായി നിയോഗിക്കേണ്ടതും പ്രസ്തുത കാലയളവിൽ ഇവർ സാധാരണഗതിയിൽ ചെയ്തുവരുന്ന ജോലികൾ മുടക്കം കൂടാതെ നിർവ്വഹിക്കുവാൻ മറ്റ് ജീവനക്കാരെ ചുമതലപ്പെടുത്തേണ്ടതുമാണ്. മേൽപ്പറഞ്ഞ രീതിയിൽ നികുതി പിരവിന് ചുമതലപ്പെട്ട ജീവനക്കാർക്ക് ലൈസൻസ് ഫീസ്/ നികുതി പിരിക്കുന്നതിന് പ്രതിവാര ടാർജറ്റ് നിശ്ചയിച്ചുകൊണ്ട് പ്രത്യേക ഓഫീസ് ഉത്തരവ് നൽകേണ്ടതും ആയത് പൂർത്തിയാക്കുന്നതിൽ വീഴ്ച വരുത്തുന്ന പക്ഷം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ ഇവർക്കെതിരെ കർശനമായ അച്ചടക്കനടപടി സ്വീകരിക്കേണ്ടതും വിവരം പഞ്ചായത്ത് ഡയറക്ടറെ അറിയിക്കേണ്ടതുമാണ്.

18. 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം 243–ാം വകുപ്പിന്റെ 3ാം ഉപവകുപ്പിൽ യഥാസമയം നടപ്പടി എടക്കുന്നതിലുണ്ടായ വീഴ്ച മൂലം പഞ്ചായത്തിന് കിട്ടേണ്ടതായ ഏതെങ്കിലും നികുതിയോ മറ്റ് സംഖ്യയോ കാലഹരണപ്പെടുകയും തുക നഷ്ടപ്പെട്ടത് ഏതെങ്കിലും ഉദ്യോസ്ഥന്റെയോ ഉദ്യോഗസ്ഥരുടെയോ വീഴ്ച മൂലമാണെന്ന് പരിശോധനയിൽ ബോധ്യപ്പെടുത്തുകയും ചെയ്താൽ അപ്രകാരം പഞ്ചായത്തിന് നഷ്ടപ്പെട്ട തുക 12% പലിശ സഹിതം ആ ഉദ്യോഗസ്ഥനിൽ നിന്നോ ഉദ്യോഗസ്ഥൻമാരിൽനിന്നോ ഈടാക്കുന്നതായിരുക്കും എന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട് . കെട്ടിട നികുതി , തൊഴിൽ നികുതി ലൈസൻസ് ഫീ എന്നിവ പിരിച്ചെടുക്കുന്നതിനും സർചാർജ് സർട്ടിഫിക്കറ്റ് പ്രകാരമുള്ള തുക ആഡിറ്റ് പിരിശോധനയുടെ അടിസ്ഥാനത്തിൽ തിട്ടപ്പെടുത്തിയ തുക ഇവ ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതിനും ചുമതലയുള്ള ജീവനക്കാർ ഇക്കാര്യം വളരെ ഗൗരവമായി കാണേണ്ടതും നികുതി/മറ്റു സംഖ്യകൾ 100% വും യഥാസമയം പിരിച്ചെടുക്കുന്നതിന് സാധ്യമായ എല്ലാ നടപടികളും സ്വീകരിക്കേണ്ടതുമാണ്. നികുതി/ഫീസിന് പിഴപ്പലിശ വസൂലാക്കുന്നതിൽ 24.06.2000–ലെ എൻ –51457/00/ത.സ്വ.ഭ.വ നമ്പർ സർക്കാർ സർക്കുലറിലെ നിർദ്ദേശം പാലിക്കേണ്ടതുമാണ്. ഇക്കാര്യത്തിൽ ഹെഡ് ക്ളർക്ക്/ജൂനിയർ സൂപ്രണ്ട ആവശ്യമായ നിർദ്ദേശങ്ങൾ അപ്പപ്പോൾ നൽകേണ്ടതും വിവരം സെക്രട്ടറിയെ ധരിപ്പിക്കേണ്ടതുമാണ്. ഓരോ സാമ്പത്തിക വർഷം അവസാനിക്കുമ്പോഴും ഇക്കാര്യം പരിശോധിച്ചു കാലഹരണം മൂലം നഷ്ടപ്പെട്ട തുക ബന്ധപ്പെട്ട ജീവനക്കാരിൽ നിന്ന് ഈടാക്കുവാൻ പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടർ യഥാസമയം നടപടി സ്വീകരിക്കണം

19. ഇൻകം ടാക്സ്, സെയിൽസ് ടാക്സ്,സർക്കാരിലേക്ക് ഒടുക്കേണ്ട അംശദായങ്ങൾ

പൊതുമരാമത്ത് പ്രവൃത്തികളുടെ ബില്ലിൽ നിന്നും ഈടാക്കുന്ന ഇൻകം ടാക്സ് പിരിച്ചെടുത്ത് ഏഴു ദിവസത്തിനുള്ളിലും സെയിൽസ് ടാക്സ് ഒരു മാസത്തിനുള്ളിലും ബന്ധപ്പെട്ട വകുപ്പ് അധികൃതർക്ക് കൈമാറേണ്ടതാണ്. അതുപോലെ തന്നെയാണ് കെട്ടിട നിർമ്മാണ തൊഴിലാളി ക്ഷേമനിധി ബോർഡിനുള്ള വിഹിതം ലൈബ്രറി സെസ്സ് ഇവ നൽകുന്നതും ഇവ യഥാസമയം നൽകിയില്ലെങ്കിൽ പിഴ/ സർചാർജ് നൽകേണ്ട വരും. വീഴ്ച സംഭവിച്ചാൽ ഈ വിഷയം കൈകാര്യം ചെയ്യുന്ന ജീവനക്കാരിൽ നിന്നും പ്രസ്തുത സർചാർജ് /പിഴ ഈടാക്കേണ്ടതാണ്.

20. പഞ്ചായത്ത് ഫണ്ട തൃപ്തികരമായിരിക്കേ യഥാസമയം തുക ഒടുക്കുന്നതിലുണ്ടാകുന്ന വീഴ്ച കാരണം വൈദ്യുതി ചാർജ്ജ്, ടെലഫോൺചാർജ്ജ് എന്നിവയ്ക്ക് പിഴപ്പലിശ/സർചാർജ് നൽകേണ്ടി വന്നാൽ അപ്രകാരം നൽകുന്ന പിഴ ബന്ധപ്പെട്ട വിഷയം കൈകാര്യം ചെയ്ത ജീവനക്കാരിൽനിന്നും ഈടാക്കേണ്ടതാണ്. പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടർമാർ ഇക്കാര്യത്തിൽ നടപടി സ്വീകരിക്കണം.

21. കരാറുകൾ

പഞ്ചായത്തുമായി കരാറിലേർപ്പെടുന്നതിൽ 1996 –ലെ പഞ്ചായത്ത് രാജ് (കരാർ) ചട്ടങ്ങളിലെ വ്യവസ്ഥകൾ പാലിക്കേണ്ടതും കരാറുകാരെ കൊണ്ട് നിയമ പ്രകാരമുള്ള വ്യവസ്ഥകൾ എഴുതി ഒപ്പു വയ്പ്പിക്കേണ്ടതും ആയതിന് സാക്ഷികൾ കൂടി ഒപ്പു വെച്ചിരിക്കേണ്ടതുമാണ്. സെക്രട്ടറിയും ഒപ്പു വെച്ച ശേഷം ഇത് എഗ്രിമെന്റ് രജിസ്റ്ററിൽ ചേർത്ത് നമ്പരിട്ട് സൂക്ഷിക്കണം. കരാറിലെ വ്യവസ്ഥകൾ ലംഘിക്കുന്നവർക്കെതിരെ നടപടി സ്വീകരിക്കുവാൻ ഇതാവശ്യമാണ്. വ്യവസ്ഥകൾ എഴുതി ഒപ്പിടാതെയും സാക്ഷ്യപ്പെടുത്താതെയും മുദ്രപത്രം വാങ്ങി സൂക്ഷിക്കുന്ന പ്രവണത തീർത്തും ഒഴിവാക്കണം . ഇക്കാര്യത്തിൽ വീഴ്ചകൾ മൂലം പഞ്ചായത്ത് ഫണ്ടിനുണ്ടാകുന്ന നഷടം വിഷയം കൈകാര്യം ചെയ്ത ജീവനക്കാരിൽനിന്നും മേൽനോട്ടം വഹിച്ച സൂപ്രണ്ട്/ ഹെഡ്ക്ളർക്ക്, സെക്രട്ടറി ഇവരിൽനിന്നും ആനുപാതികമായി ഈടാക്കുന്നതാണ്.

22. സ്റ്റോഴ്സ് & സ്റ്റോക്ക്

ഗ്രാമപഞ്ചായത്തുകളിലെ വാങ്ങലുകൾക്കും സർക്കാർ വകുപ്പുകൾക്ക് ബാധകമാക്കിയിട്ടുള്ള Store Purchase Manual ബാധകമാണ് . പ്രസ്തുത ചട്ടം ലംഘിക്കുന്നവർക്കെതിരെ കർശന നടപടി സ്വീകരിക്കുന്നതാണ്. തെരുവു വിളക്കുകൾ കത്തിക്കുന്നതിനായി കെ.എസ്.ഇ.ബി.യ്ക്കു നൽകുവാൻ വാങ്ങുന്ന ഉപകരണങ്ങൾ, ഓഫീസ് ആവശ്യത്തിന് വാങ്ങുന്ന സ്റ്റേഷനറി സാധനങ്ങൾ, സൗജന്യമായി/ വിലയ്ക്ക് നൽകുന്ന ഫാറങ്ങൾ, നോട്ടീസുകൾ ഇങ്ങനെയുള്ള എല്ലാ സാധനങ്ങളും സ്റ്റോക്കിലെടുക്കേണ്ടതും കൈപ്പറ്റ് രസീത് വാങ്ങിയ ശേഷം വിതരണം ചെയ്യേണ്ടതുമാണ്. ഇവയുടെ വിതരണത്തിനായി ഒരു ജീവനക്കാരന് ചുമതല നൽകേണ്ടതും സ്റ്റോക്ക് രജിസ്റ്ററും സ്റ്റോക്കും ഇടയ്ക്കിടെ സൂപ്രണ്ട്/ ഹെഡ്ക്ളർക്ക് പരിശോധിക്കേണ്ടതും ക്രമക്കേടുകൾ കണ്ടാൽ സെക്രട്ടറിയുടെ ശ്രദ്ധയിൽപ്പെടുത്തേണ്ടതുമാണ്.

23. ഫയലുകളിൽ നോട്ട് എഴുതൽ

ഫയലുകൾ കൈകാര്യം ചെയ്യുന്നതിൽ എം. ഒ. പി. പാലിക്കണം കുറിപ്പ് എഴുതേണ്ടത് നിർബന്ധമാണ്. ധനസംബന്ധമായ ഇടപാടുകളിൽ ബന്ധപ്പെട്ട ക്ളർക്ക് ചട്ടങ്ങൾ സഹിതം കുറിപ്പ് എഴുതേണ്ടതും ജൂനിയർ സൂപ്രണ്ട് /ഹെഡ്ക്ളർക്ക് അത് പരിശോധിച്ച് അഭിപ്രായം രേഖപ്പെടുത്തി സെക്രട്ടറിക്ക് നൽകേണ്ടതുമാണ്. ധനപരമായ ഇടപാടുകളിൽ പ്രസിഡന്റ് രേഖാമൂലം ചുമതലപ്പെടുത്തിയതിനുശേഷമേ ചെക്ക്/ബിൽ എഴുതുവാൻ പാടുള്ളൂ. ഇക്കാര്യം ബന്ധപ്പെട്ടവർ പാലിക്കുന്നുണ്ടോ എന്ന് പരിശോധകർ ശ്രദ്ധിക്കേണ്ടതും റിപ്പോർട്ട് ചെയ്യേണ്ടതുമാണ്.

24. സ്യൂട്ട് രജിസ്റ്റർ

ഗ്രാമ പഞ്ചായത്തുമായി ബന്ധപ്പെട്ട കേസ്സുകളുടേയും മറ്റു വ്യവഹാരങ്ങളുടേയും വിശദവിവരങ്ങൾ രേഖപ്പെടുത്തുന്നതിനായി ഒരു സ്യൂട്ട് രജിസ്റ്റർ സൂക്ഷിക്കേണ്ടതാണ്. കോടതികൽ, ലോകയുക്ത തദ്ദേശസ്വയംഭരണ ട്രിബ്യൂണൽ, ഓംബുഡ്സ്മാൻ എന്നിവിടങ്ങളിൽ പ്രസ്തുത ഗ്രാമപഞ്ചായത്ത് കക്ഷിയായിട്ടുള്ള എല്ലാ കേസ്സുകളുടേയും അപ്പോഴപ്പോഴുള്ള പുരോഗതി വിവരവും കേസ്സ് വാദിക്കുന്നതിനായി ചുമതലപ്പെടുത്തിയിട്ടുള്ള അഭിഭാഷകന്റെ പേരും

ഫീസ് നൽകിയതിന്റെ വിവരങ്ങളും ഉൾപ്പെടെയുള്ള വിവരങ്ങൾ പ്രസ്തുത രജിസ്റ്ററിൽ രേഖപ്പെടുത്തണം . പരിശോധകർ ഇക്കാര്യം ഉറപ്പാക്കേണ്ടതാണ്.

25. ഫയലുകൾ തീർപ്പാക്കൽ

മിക്ക ഗ്രാമപഞ്ചായത്തുകളിലും ആഡിറ്റിന് നൽകി എന്ന കാരണത്താൽ ഫയലുകളും രേഖകളും പ്രസ്തുത പരിശോധനയുടെ റിപ്പോർട്ട് ലഭിക്കുന്നതിന് മുമ്പ് തന്നെ അലക്ഷ്യമായി കൈകാര്യം ചെയ്യുന്നതായറിയുന്നു. ഇങ്ങനെ ചെയ്യുന്നത് മൂലം ആഡിറ്റ് തടസ്സം പരിഹരിക്കുന്നതിനോ, തുക നിരാകരണം സംബന്ധിച്ച രേഖകൾ പുനപരിശോധിക്കുന്നതിനോ പലപ്പോഴും സാധിക്കാതെ വരുന്നു. ആഡിറ്റ് പരിശോധന നടന്നുവെന്ന ഒറ്റക്കാരണത്താൽ ആ കാലയളവിലെ രേഖകൾ നശിപ്പിക്കുന്നത് ശരിയായ നടപടിയല്ല. ഒരു ആഡിറ്റിന് അവസാന മറുപടി നൽകി അത് ലോക്കൽ ഫണ്ട് ആഡിറ്റ് വകുപ്പ് അംഗീകരിച്ചതായി രേഖാമൂലം അറിയിപ്പ് ലഭിച്ചെങ്കിൽ മാത്രമേ രേഖകൽ നശിപ്പിക്കാൻ പാടുള്ളൂ. ഇക്കാര്യത്തിൽ ഓഫീസ് നടപടി ഗ്രന്ഥത്തിലെ (എം. ഒ.പി.) വ്യവസ്ഥകൾ കർശനമായും പാലിക്കേണ്ടതാണ്.

26. കൗണ്ടർ സംവിധാനം

പൊതുജനങ്ങൾക്കുള്ള സേവനങ്ങൾ യഥാസമയം ലഭ്യമാക്കുന്നതിനും ഓഫീസിനകത്ത് ജനങ്ങൾ കൂട്ടം കൂടി നിൽക്കുന്നതും അതുമൂലം ജീവനക്കാർക്ക് ഓഫീസ് ജോലികൾ ചെയ്യുന്നതിനുള്ള അസൗകര്യം ഒഴിവാക്കുന്നതിനും വേണ്ടി എല്ലാ ഗ്രാമപഞ്ചായത്തുകളിലും സേവനസംവിധാനം ഏർപ്പെടുത്തേണ്ടതാണ്.

27 സ്റ്റാഫ് മീറ്റിംഗ്

ഈ സർക്കുലറിൽ നിർദ്ദേശിച്ച പ്രകാരമുള്ള ഓഫീസ് ഉത്തരവ് അനുസരിക്കുന്നതിലും ഉത്തരവാദിത്വങ്ങൾ നിർവ്വഹിക്കുന്നതിലും ജീവനക്കാർ പുലർത്തുന്ന ശുഷ്കാന്തിയും കൃത്യനിഷ്ഠയും അവലോകനം ചെയ്യുന്നതിനായി, സെക്രട്ടറി മാസത്തിലൊരിക്കൽ നിർബന്ധമായും ഒരു സ്റ്റാഫ് മീറ്റിംഗ് വിളിച്ചു ചേർക്കേണ്ടതാണ്. പ്രസ്തുത മീറ്റിംഗിൽ ഓരോ ജീവനക്കാരന്റയും ജോലി നിർവ്വഹണത്തിലെ കാര്യക്ഷമതയും ആഫീസിന്റെ പൊതു അച്ചടക്കം തെരഞ്ഞെടുക്കപ്പെട്ട ജനപ്രതിനിധികളോടും പൊതുജനങ്ങളോടുമുള്ള ജീവനക്കാരുടെ പെരുമാറ്റം ഇവ വിലയിരുത്തുകയും വേണം. പ്രവർത്തന റിപ്പോർട്ട് അവതരിപ്പിക്കേണ്ട ചുമതല ഹെഡ്ക്ളർക്കിന്/ ജൂനിയർ സൂപ്രണ്ടിനായിരിക്കും . ജീവനക്കാരുടെ പേഴ്സണൽ രജിസ്റ്റർ കൂടി പരിശോധിച്ച ശേഷമായിരിക്കണം പ്രവർത്തന റിപ്പോർട്ട് തയ്യാറാക്കേണ്ടത് വീഴ്ചകളും അപാകതകളും അപ്പപ്പോൾ തന്നെ പരിഹരിക്കേണ്ടതും ആഫീസിന്റെ പൊതു അച്ചടക്കത്തെ പ്രതികൂലമായി ബാധിക്കും വിധം പെരുമാറുകയും ഉത്തരവാദിത്തവീഴ്ച വരുത്തുകയും ചെയ്യുന്ന ജീവനക്കാരെ സംബന്ധിച്ചു പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർക്ക് റിപ്പോർട്ട് ചെയ്യേണ്ടതുമാണ് ഡെപ്യൂട്ടിഡയറക്ടർമാർ ഇക്കാര്യത്തിൽ യഥാസമയം ആവശ്യമായ നടപടി സ്വീകരിക്കണം.

28 വിടുതൽ

ഒരു ജീവനക്കാരൻ സ്ഥലം മാറിപ്പോകുന്ന അവസരത്തിൽ ടിയാൻ കൈകാര്യം ചെയ്തിരുന്ന രേഖകളും രജിസ്റ്ററുകളും ഫയലുകളും/വൗച്ചറുകളും എണ്ണി തിട്ടപ്പെടുത്തി ലിസ്റ്റ് തയ്യാറാക്കി ഹെഡ്ക്ളർക്ക്/ജൂനിയർ സൂപ്രണ്ടിന്റെ മേൽനോട്ടത്തിൽ പുതുതായി ചുമതലയേൽക്കുന്ന ജീവനക്കാരന് കൈമാറേണ്ടതാണ്. രേഖകളും രജിസ്റ്ററുകളും ഫയലുകളും up-to-date ആക്കേണ്ടതുമാണ്. ഇക്കാര്യം ഹെഡ്ക്ളർക്ക്/സൂപ്രണ്ട് പ്രത്യേകം ശ്രദ്ധിക്കേണ്ടതും വീഴ്ചകൾ സെക്രട്ടറി മുഖേന പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർക്ക് റിപ്പോർട്ട് ചെയ്യേണ്ടതുമാണ്. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ ഇക്കാര്യം പരിശോധിക്കേണ്ടതും പ്രസ്തുത രേഖകൾ up-to-date ആക്കുന്നതിന് സമയ പരിധി നിശ്ചയിച്ച് ഉത്തരവാദിയായ ഉദ്യോഗസ്ഥന് ഉത്തരവ് നൽകേണ്ടതും പ്രസ്തുത ഉദ്യോഗസ്ഥൻ നിശ്ചിത സമയത്തിനുള്ളിൽ തന്റെ പ്രവൃത്തി പൂർത്തീകരിക്കേണ്ടതുമാണ് യഥാസമയം നടപടി എടുക്കുന്നതിലുള്ള വീഴ്ച കാരണമാണ് ഇപ്രകാരം പ്രത്യേക ഉത്തരവ് നൽകേണ്ടി വരുന്നതെങ്കിൽ അങ്ങനെയുള്ള യാത്രയ്ക്ക് യാത്രാബത്ത നൽകാൻ പാടില്ല.

29. ആഭ്യന്തര നിയന്ത്രണം– കാര്യക്ഷമത വർദ്ധിപ്പിക്കൽ

ഈ സർക്കുലറിലെ നിർദ്ദേശങ്ങൾ കൃത്യമായി പാലിക്കുന്നുണ്ട് എന്ന് ഉറപ്പു വരുത്തുന്നതിനും ഗ്രാമപഞ്ചായത്തിന്റെ ദൈനംദിന പ്രവർത്തനങ്ങളിലെ കാര്യക്ഷമതവർദ്ധിപ്പിക്കുന്നതിനും

മൊത്തത്തിൽ ആഭ്യന്തരനിയന്ത്രണം ശക്തമാക്കുന്നതിനും (Strengthening of internal control mechanism) വേണ്ടി ആകസ്മിക പരിശോധനകൾ നടത്തേണ്ടത് അത്യാവശ്യമാണെന്ന് കാണുന്നു. ആയതിനായി ബന്ധപ്പെട്ടവർക്ക് പ്രത്യേകം ഉത്തരവു നൽകുന്നതാണ്.

ഈ സർക്കുലറിലെ നിർദ്ദേശങ്ങൾ ബന്ധപ്പെട്ട എല്ലാവരും കൃത്യമായി പാലിക്കുന്നുവെന്ന് പഞ്ചായത്ത് അസിസ്റ്റന്റ് ഡയരക്ടർമാരും പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാരും ഉറപ്പു വരുത്തേണ്ടതുമാണ്

(ഒപ്പ്)
ഈപ്പൻ ഫ്രാൻസിസ്
പഞ്ചായത്ത് ഡയറക്ടറുടെ അധിക ചുമതല
വഹിക്കുന്ന ജോയിന്റ് ഡയറക്ടർ (ഭരണം)

എച്ച് 1– 21344/07

പഞ്ചായത്ത് ഡയറക്ടറുടെ കാര്യാലയം
തിരുവനന്തപുരം. തിയ്യതി: 11.07.2007

സർക്കുലർ

വിഷയം: കേരള നിയമസഭ ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി – റിപ്പോർട്ട് സമർപ്പിക്കുമ്പോഴും സമിതി മുമ്പാകെ ഹാജരാകുമ്പോഴും പാലിക്കേണ്ട നടപടിക്രമങ്ങൾ – സർക്കുലർപുറപ്പെടുവിക്കുന്നത്– സംബന്ധിച്ച്

സൂചന: (1). സർക്കാറിന്റെ 18.07.2003 –ലെ 27/ Legn/2002/Leg –ാം നമ്പർ വിജ്ഞാപനം
(2) സർക്കാരിന്റെ 24.01.2001–ലെ 5/2001/ഫിൻ നമ്പർ സർക്കുലർ
(3) പഞ്ചായത്ത് ഡയറക്ടറുടെ എച്ച്–1 13880/06 –ാം നമ്പർ സർക്കുലർ

സംസ്ഥാനത്തെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുവദിക്കുന്ന തുകയുടെ വിനിയോഗം വിലയിരുത്തുന്നതിനായി കേരള നിയമസഭാ ലോക്കൽ ഫണ്ട് അക്കൗണ്ട് കമ്മിറ്റി എന്ന പേരിൽ ഒരു നിയമസഭ സമിതി സൂചന 1–ലെ വിജ്ഞാപന പ്രകാരം രൂപീകരിച്ചിട്ടുണ്ട്. തദ്ദേശഭരണ സ്ഥാപനങ്ങളിലെ ആഡിറ്റ് നടന്ന ശേഷം ലോക്കൽ ഫണ്ട് ഡയറക്ടർ തയ്യാറാക്കി നിീയമസഭയ്ക്ക് സമർപ്പിക്കുന്ന സമാഹൃത റിപ്പോർട്ടുകളിൻമേൽ നിയമസഭയുടെ ലോക്കൽ ഫണ്ട് അക്കൗണ്ടസ് കമ്മിറ്റി പരിശോധന നടത്തുകയും സമിതി കണ്ടെത്തുന്ന അപാകതകൾ പരിഹരിക്കുന്നതിനും അവ ആവർത്തിക്കാതിരിക്കുന്നതിനും ആവശ്യമായ ശുപാർശകൾ/നിർദ്ദേശങ്ങൾ സർക്കാരിന് സമർപ്പിക്കുകയും ചെയ്യുന്നു. നിയമസഭാസമിതി പുറപ്പെടുവിക്കുന്ന നിർദ്ദേശങ്ങളിൻമേൽ സമയബന്ധിതമായി നടപടി സ്വീകരിക്കുവാനും .യഥാസമയം മറുപടി സമർപ്പിക്കുവാനും പബ്ളിക് അക്കൗണ്ട്സ് കമ്മിറ്റി , എസ്റ്റിമേറ്റ് കമ്മിറ്റി എന്നിവ.ുടെ കാര്യത്തിൽ പുറപ്പെടുവിച്ചുള്ള നിർദ്ദേശങ്ങളും നടപടിക്രമങ്ങളും പാലിക്കണമെന്ന സൂചന (2) പ്രകാരം സർക്കാർ നിർദ്ദേശം പുറപ്പെടുവിച്ചിട്ടുണ്ട്.

നിയമസഭാ സമിതിയുടെ നിർദ്ദേശങ്ങളിൻമേൽ അനുവർത്തിക്കേണ്ട നടപടിക്രമങ്ങൾ സൂചന (3) പ്രകാരം ഈ ആഫീസിൽ നിന്ന് പുറപ്പെടുവിച്ച സർക്കുലറിൽ വ്യക്തമായി പ്രതിപാദിക്കുന്നുണ്ട്.

ഇപ്പോൾ കേരള നിയമസഭാ ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടറുടെ 2002–03, 2003–05 വർഷങ്ങളിലെ സമാഹൃത റിപ്പോർട്ടുകളിൻമേൽ പരിശോധന/തെളിവെടുപ്പ് നടത്തുവാൻ

നിശ്ചയിച്ചിരിക്കുകയാണ്. പരിശോധന വേളയിൽ ബന്ധപ്പെട്ടഗ്രാമ പഞ്ചായത്ത് സെക്രട്ടറി , പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടർ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ എന്നിവർ നിർബന്ധമായും ഹാജരാകേണ്ടതും നിയമസഭാ സമിതി ആവശ്യപ്പെടുന്ന വിവരങ്ങൾ (വിശദാംശങ്ങൾ സഹിതം) വ്യക്തമായും കൃത്യമായും സമർപ്പിക്കേണ്ടതുമാണ്. സമിതി പരിശോദിക്കുമെന്ന് അറിയിച്ചിട്ടുള്ള ആഡിറ്റ് പരാമർശതേതോടനുബന്ധിച്ച വിഷയങ്ങൾ നന്നായി ഗ്രഹിച്ച് വേണം യോഗത്തിൽ ഉദ്യോഗസ്ഥർ ഹാജരാകേണ്ടത്. കൂടാതെ സമിതി മുമ്പാകെ നൽകുന്ന ഓരോ മറുപടിക്കും ആധാരമായ തെളിവ് സാക്ഷ്യപ്പെടുത്തി നൽകേണഅടതുമാണ്.

ഇക്കാര്യത്തിൽ ഓരോ ഉദ്യോഗസ്ഥനും പാലിക്കേണ്ട ചുമതലകൾ താഴെ രേഖപ്പെടുത്തുന്നു.

1. <u>ഗ്രാമ പഞ്ചായത്ത് സെക്രട്ടറി</u>

1. നിയമസഭ സമിതി പരിശോധിക്കുന്ന വിഷയങ്ങളിൻമേൽ മറുപടി നൽകേണ്ട പ്രധാന ഉദ്ധ്യോഗസ്ഥനെന്ന നിലയിൽ ആഡിറ്റ് റിപ്പോർട്ടും പരാമർശ വിഷയവും നന്നായി പഠിച്ചിരിക്കേണ്ടതാണ്.

2. സമിതി മുമ്പാകെ ഹാജരാകുന്ന ഉദ്ധ്യോഗസ്ഥനല്ല ആഡിറ്റ് പരാമർശത്തിനു-ത്തരവാദിയെങ്കിൽ യഥാർത്ഥ ഉത്തരവാദിയെ ഇക്കാര്യം അറിയിക്കേണ്ടതും സമിതി മുമ്പാകെ നേരിട്ട് ഹാജരായി മറപുടി നൽകുവാൻ രേഖാമൂലം ആവശ്യപ്പെടേണ്ടതുമാണ്. ആഡിറ്റ് പരാമർശത്തിനുത്തരവാദിയായ ഉദ്ധ്യോഗസ്ഥൻ ഇപ്പോൾ സേവനത്തിലുണ്ടെങ്കിൽ ബന്ധപ്പെട്ട പഞ്ചായത്ത് ഡെപ്യൂടി ഡയറക്ടർ, പഞ്ചായത്ത് ഡയറക്ടർ എന്നിവരുടെ സഹായം ഇക്കാര്യത്തിൽ തേടാവുന്നതാണ്.

3. റോഡ്/ കലുങ്ക് / കെട്ടിടം / റ്റി വി കിയോസ്ക്/ കമ്പ്യൂട്ടർ തുടങ്ങി ഏതെങ്കിലും ഭൗതീക ആസ്തിയെ / വസ്തുവിനെക്കുറിച്ചാണ് ആഡിറ്റ് പരാമർശമെങ്കിൽ നിർബന്ധമായും സ്ഥല പരിശോധന നടത്തി ടി വസ്തുവിന്റെ ഇപ്പോഴത്തെ അവസ്ഥ മനസ്സിലാക്കിയിരിക്കേണ്ടതും ടി വസ്തുക്കളുടെ ഫോട്ടോ എടുത്തു സൂക്ഷിക്കേണ്ടതും സമിതി ആവശ്യപ്പെടുന്ന പക്ഷം ആയതു സമർപ്പിക്കേണ്ടതുമാണ്.

4. ഏതെങ്കലും സ്ഥാപനത്തെക്കുറിച്ചാണ് ആഡിറ്റ് പരാമർശമെങ്കിൽ നിർബന്ധമായും ടിസ്ഥാപനത്തെ സംബന്ധിച്ച അക്കൗണ്ടുകൾ രജിസ്ട്രേഷൻ ഉൾപ്പെടെയുള്ള രേഖകൾ പരിശോധിച്ചിരിക്കേണ്ടതാണ്.

5. പണാപഹരണം സംബന്ധിച്ചാണ് ആഡിറ്റ് പരാമർശമെങ്കിൽ ഉത്തരവാദിയായ ഉദ്ധ്യോഗസ്ഥന്റെറ പേര് , ഉപ്പോഴത്തെ തസ്തിക, ആഫീസ് എന്നിവ കണ്ടെത്തുകയും സ്വീകരിച്ച നടപടികൾ വ്യക്തമായി മനസ്സിലാക്കിയിരിക്കുകയും വേണ്ടതാണ്.

6. ആഡിറ്റ് പരാമർശവുമായി ബന്ധപ്പെട്ട പദ്ധതിയുടെ / പ്രോജക്ടിന്റെറ രൂപീകരണം, ഗ്രാമസഭാ തീരുമാനം ഭരണാനുമതി, സാങ്കേതികാനുമതി. ജില്ലാ ആസൂത്രണ സമിതിയുടെ അനുമതി പദ്ധതി നടപ്പാക്കൽ സംബന്ധിച്ച് ഗ്രാമ പഞ്ചായത്ത് കമ്മിറ്റി തീരുമാനങ്ങൾ , ടെണ്ടർ / ഗുണഭോക്തൃ സമിതി, മോണിറ്ററിംഗ് റിപ്പോർട്ട് ''എം ബുക്ക്'', അഡ്വാൻസ് നൽകിയിട്ടുണ്ടെങ്കിൽ ആയതിന്റെറ വിശദവിവരം അവസാന ബിൽ തുക തീരുമാനം തുടങ്ങി എല്ലാ കാര്യങ്ങളും വിശദമായി പരിശോധിക്കേണ്ടതും ടി രേഖകളുടെ ഓരോ സാക്ഷ്യപ്പെടുത്തിയ പകർപ്പ് കൈയിൽ സൂക്ഷിക്കേണ്ടതും ആവശ്യമെങ്കിൽ സമിതിക്ക് സമർപ്പിക്കേണ്ടതുമാണ്.

7. സമിതി പരിശോധിക്കുന്ന ആഡിറ്റ് പരാമർശത്തിൻമേൽ ചാർജ്/ സർചാർജ് നോട്ടീസ് /സാക്ഷ്യപത്രം എന്നിവ ലഭിച്ചിട്ടുണ്ടോ എന്നും ഉണ്ടെങ്കിൽ ആയതിന് മേൽ സ്വീകരിച്ച നടപടികളും പരിശോധിച്ചിരിക്കേണ്ടതാണ്.

8. ഏതെങ്കിലും രേഖ ഹാജരാക്കാത്തതു കൊണ്ടോ, യഥാസമയം പിരിവു നടത്താത്തതുമൂലം പഞ്ചായത്തു ഫണ്ടിനു നഷ്ടം വന്നതായോ, രസീതു എഴുതിയതിൽ വന്ന കുറവോ ആണ് ആഡിറ്റ് പരാമർശമെങ്കിൽ ആയതിനു ഉത്തരവാദിയായ ഉദ്ധ്യോഗസ്ഥൻ (ആഫീസ് ഉത്തരവ് പ്രകാരം) ആരെന്നു ടിയാൻ ഇപ്പോൾ ഏത് ആഫീസിൽ ഏതു തസ്കയിൽ സേവനമനുഷ്ഠിയ്ക്കുന്നുവെന്നും മനസ്സിലാക്കിയിരിക്കേണ്ടതാണ്.

9. ഗ്രാമപഞ്ചായത്ത് സെക്രട്ടറിയല്ല നിർവഹണ ഉദ്യോഗസ്ഥൻ എങ്കിൽ, നിയമ സഭാ സമിതി പരിശോധന നടത്തുന്ന കാര്യം തീയതി, സ്ഥലം, സമയം എന്നിവ സഹിതം ബന്ധപ്പെട്ട നിർവഹണ ഉദ്യോഗസ്ഥനെ രേഖാമൂലം അറിയിക്കേണ്ടതും ആവശ്യമായ രേഖകൾ സഹിതം സമിതി മുമ്പാകെ ഹാജരാക്കുവാൻ ആവശ്യപ്പെടേണ്ടതുമാണ്.
10. മേൽ പരാമർശിച്ചിട്ടുള്ള കാര്യങ്ങൾ ഉൾപ്പെടുത്തി വിശദമായ ഒരു റിപ്പോർട്ട് പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടർക്ക് സമർപ്പിക്കേണ്ടതും പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടർ ബന്ധപ്പെട്ട രേഖകൾ നേരിട്ട് പരിശോധിച്ച് ടി റിപ്പോർട്ടിലെ വസ്തുതകൾ ശരിയെന്ന് ബോധ്യപ്പെട്ടതായ ഒരു സാക്ഷ്യപത്രം തെളിവെടുപ്പ് തീയതിക്ക് 3 ദിവസം മുമ്പ് പഞ്ചായത്ത് ഡയറക്ടർക്ക് സമർപ്പിക്കേണ്ടതാണഅ.
11. ആഡിറ്റ് പരാമർശത്തിനുത്തരവാദിയായ ഉദ്യോഗസ്ഥന്റെ എൽ.സി/എൻ. എൽ.സി നൽകിയിട്ടുണ്ടോ എന്നും ഉണ്ടെങ്കിൽ പരാമർശത്തിലുൾപ്പെട്ട തുക ബാധ്യതയായി കാണിച്ചിട്ടുണ്ടോ എന്നും പരിശോധിച്ചിരിക്കേണ്ടതാണ്

II. പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടർ

1. സമിതി പരിശോധിക്കുവാനും തെളിവെടുപ്പ് നടത്തുവാനും നിശ്ചയിച്ചിട്ടുള്ള ഗ്രാമപഞ്ചായത്തുകളുടെ ആഡിറ്റ് റിപ്പോർട്ടും പരാമർശവുമായി ബന്ധപ്പെട്ട ഫയലുകളും രേഖകളും നേരിട്ടു പരിശോധിച്ചിരിക്കേണ്ടതും ഗ്രാമപഞ്ചായത്ത് സെക്രട്ടറി സമർപ്പിക്കുന്ന റിപ്പോർട്ട് വസ്തുതാപരമായി ശരിയാണെന്ന് ഉറപ്പ് വരുത്തി തെളിവെടുപ്പിനു മുമ്പ് പഞ്ചായത്ത് ഡയറക്ടർക്കു റിപ്പോർട്ട് സമർപ്പിക്കേണ്ടതുമാണ്. ഇതിനായി ഓരോ ഗ്രാമപഞ്ചായത്തുകളുടെയും പെർഫോർമൻസ് ഓഡിറ്റ് ചുമതലയുള്ള ടീമിന്റെ സേവനം വിനിയോഗിക്കണം.
2. ആഡിറ്റ് പരാമർശത്തിന് കാരണം ഏതെങ്കിലും ഭൗതിക ആസ്തി/വസ്തുവാണെങ്കിൽ ആയതു നേരിട്ട് പരിശോധിച്ചിരിക്കേണ്ടതാമ്.
3. ആഡിറ്റ് റിപ്പോർട്ട് ലഭിച്ച തീയതി, ആദ്യ മറുപടി നൽകിയ തീയതി, തടസ്സം ഒഴിവാക്കുവാൻ സ്വീകരിച്ച നടപടികൾ, തുക ഈടാക്കുവാൻ സ്വീകരിച്ച നടപടികൾ, കാലതാമസം വന്നിട്ടുണ്ടെങ്കിൽ ഉത്തരവാദിയായ ഉദ്യോഗസ്ഥരുടെ പേരും വിവരം തുടങ്ങി ആഡിറ്റ് പരാമർശവുമായി ബന്ധപ്പെട്ട മുഴുവൻ കാര്യങ്ങളും പരിശോധിച്ചിരിക്കേണ്ടതാണ്.
4. ഗ്രാമപഞ്ചായത്തുകൾക്ക് ആഡിറ്റ് ന്യൂനതാ പരിഹാര പത്രിക തയ്യാറാക്കുന്നതിൽ ആവശ്യമായ നിർദ്ദേശങ്ങൾ മുൻകൂട്ടി നൽകേണ്ടതും, ടി പത്രികയുടെ

കരട് പെർഫോർമൻസ് ആഡിറ്റ് സൂപ്പർവൈസർമാരെ കൊണ്ട് പരിശോധിപ്പിച്ച് കുറ്റമറ്റതാണെന്ന് ഉറപ്പുവരുത്തിയിരിക്കേണ്ടതാണ്.

III.പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ

1. ആഡിറ്റ് പരാമർശത്തിനുത്തരവാദിയായ ഉദ്യോഗസ്ഥൻ ഇപ്പോൾ സേവനത്തിലുണ്ടോ എന്നും ഉണ്ടെങ്കിൽ ഏതു ഓഫീസിൽ ഏതു തസ്തികയിൽ ഏതൊക്കെ അനുവദിച്ചു എന്നും പരിശോധിക്കേണ്ടതും പെൻഷൻ ആനുകൂല്യങ്ങളിൽ നിന്നും ടിയാന്റെ ബാധ്യത എന്തെങ്കിലും ഈടാക്കിയിട്ടുണ്ടോ എന്നും പരിശോധിച്ചിരിക്കേണ്ടതാണ്.
2. ആഡിറ്റ് പരാമർശവുമായി ബന്ധപ്പെട്ട് ഉത്തരവാദിയായ ഉദ്യോഗസ്ഥനെതിരെ വകുപ്പിലെ നടപടികൾ എന്തെങ്കിലും സ്വീകരിച്ചിട്ടുണ്ടോ എന്നു പരിശോധിച്ചിരിക്കേണ്ടതും സമിതി യോഗത്തിൽ ഹാജരായി ആവശ്യം വേണ്ട സന്ദർഭത്തിൽ മതിയായ വിശദീകരണം നൽകേണ്ടതുമാണ്.
3. ഇക്കാര്യങ്ങൾ ഉൾപ്പെടുത്തി വിശദമായ ഒരു റിപ്പോർട്ട് തെളിവെടുപ്പിന് 3 ദിവസം മുമ്പ് പഞ്ചായത്ത് ഡയറക്ടർക്ക് സമർപ്പിക്കേണ്ടതാണ്.
4. ആഡിറ്റ് ന്യൂനതാ പരിഹാര പത്രിക/നടപടി വിവര റിപ്പോർട്ട് ഇവ സമയബന്ധിതമായി സമർപ്പിക്കുവാൻ ബന്ധപ്പെട്ടവർക്ക് നിർദ്ദേശം നൽകേണ്ടതാണ്.

നിയമസഭാ സമിതിയുടെ പരിശോധനാ വേളയിൽ ആഡിറ്റ് പരാമർശത്തിന് ഉത്തരവാദിയായ ഉദ്യോഗസ്ഥൻ/ഉദ്യോഗസ്ഥർ നിർബന്ധമായും ഹാജരായിരിക്കേമ്ടതും സമിതി ആവശ്യപ്പെടുന്ന വിവരങ്ങൾ നൽകേണ്ടതുമാണ്. ഇതിൽ വീഴ്ച വരുത്തന്ന ഉദ്യോഗസ്ഥർക്കെതിരെ കർശനമായ അച്ചടക്ക നടപടികൾ സ്വീകരിക്കേണ്ടതാമ്. കൂടാതെ സമിതിയുടെ പരിഗണനയിലിരിക്കുന്ന ഒരു ആഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന്, സമിതിയുടെ അനുമതി കൂടാതെ സർക്കാരിന് അപേക്ഷ സമർപ്പിക്കുവാൻ പാടില്ല എന്നും നിർദ്ദേശിക്കുന്നു.

ഈ സർക്കുലറിന്റെ നിർദ്ദേശങ്ങൾ പാലിക്കുന്നതിൽ വീഴ്ച വരുത്തുന്ന ഉദ്യോഗസ്ഥർക്കെതിരെ കർശന നടപടികൾ സ്വീകരിക്കുന്നതായിരിക്കും.

(ഒപ്പ്)

എ.അജിത് കുമാർ, ഐ.എ.എസ്

പഞ്ചായത്ത് ഡയറക്ടർ

GOVERNMENT OF KERALA

Abstract

Local Self Govt. Department – Constitution of Audit Monitoring Committees at the District and State level for timely settlement of Audit paras- Orders issued.

LOCAL SELF GOVT. (AC) DEPARTMENT

G. O. (R t) No 2121 /2007/ L S G D Thiruvananthapuram, dated 04.08.2007.

Read : 1. D. O. letter No. L B A(H Q)2005 – 06/800 dated 21.12.05. from the Principal Accountant General (Audit) Kerala, Thiruvananthapuram.
2. D. O. letter L F .10211/ SPL . Cell G 1 /06 dated 23.06.2006 from the Director Local Fund Audit Department.
3. D . O. letter No. L B A (H Q) I -15-3/06-07/182 Dated 13.07.06 from the Senior Deputy Accountant General (Audit)

ORDER

Presently Local Bodies are Audited by the Accountant General Kerala Director of Local Fund , Performance Audit Wing and the Finance inspection Wing . Each Agency is independently conducting the audit regularly and Inspection Reports are issued to Local Self Govt. Institution. However it has come to notice of Govt. that Local Self Govt. Institutions are not taking any interest in furnishing prompt replies to audit queries/ objections and in taking remedial action for the objections included in the Audit Report. This has resulted in accumulation of audit reports and audit paras. The Accountant General in his letter read as 1st paper above has reported to Govt. that 879 inspection reports containing 12459 paras relation to the period 1998-99 are pending settlement at the end of November 2005 and requested Government to constitute Audit Monitoring Committees for proper clearance of objections/ inspection Reports. If replies are furnished promptly many objections can be dropped and they will not find place in the final audit reports. Similarly, Local Self Govt. Institutions are not taking timely action against the persons responsible for the lapses pointed out in Audit. Hence the Accountant General, (Audit), Finance Department and the Local Fund Accounts Committees have suggested constitution of Audit monitoring Committees at the District and State Level for timely Settlement and clearance of audit Paras

In the circumstances Govt. have examined the matter in detail and are pleased to accept the following proposal for the constitution of Audit Monitoring Committees at District & State Level for different categories of local Bodies and are pleased to order accordingly, subject to the condition that there will be no creation of new post or up gradation of existing posts for the above purpose

District Level Audit Monitoring Committee

1. There shall be a District Level Audit Monitoring Committee each for settlement of Audit Paragraphs of all auditing agencies in respect of Grama Panchayats/Block Panchayats and Municipalities.
2. For Grama Panchayath, the Deputy Director of Panchayats, Assistant Director of panchayats/ Deputy Director of Local Fund Audit , Audit Officer from Office of the Accountant General (Audit) and District Finance officer in charge of the Finance Inspection shall be the Members of the Committee. For Block Panchayats, instead of the Deputy Director and Assistant Director of Panchayats the Assistant Development Commissioner. (General) and Assistant Development Commissioner (P A) shall be the Members For Municipalities, the Regional joint Director of Urban Affairs would be the Member of the Committee in the place of DDP, ADP and ADCs
3. The DDP/ ADP (General) and RJDUA respectively shall be the convener of the Audit Monitoring Committee for Grama Panchayats, Block panchayats and Municipalities and the Committee shall be convened once in three months at such places as decided by the DDP/ ADC/ RJDUA.
4. Details of number of Audit Reports, pending paras, pending details of panchayats not submitting replies in respect of different audits, shall be prepared by the representative officer of various types of audit, and copy of the same shall be given to DDP, ADC(General) and RJDUA sufficiently in advance.
5. The Audit Monitoring Committee can summon, the Secretaries and Implementing Officers of the Local bodies concerned which are not responding to audit promptly in giving replies and taking remedial action and explanation can also be called for- for non-submission of replies and for not taking remedial action based on audit points.
6. In the Monitoring Committee Meeting the details of pending paras along with remedial action taken for settlement of audit paras shall be discussed and suitable decisions shall be arrived at.
7. The decisions along with suggestions/ recommendations and detailed report of pending para of the Committee shall be forwarded to the Director of Panchayats/ Commissioner of Rural Development and Director of Urban Affairs.
8. The Director of Panchayats/ Commissioner for Rural Development and Director of Urban Affairs shall constitute a separate cell in the Directorate and Commissionerate under the Supervision of a senior officer to deal with the work relation to Audit Reports of various agencies.
9. Wherever necessary, district level officers of various department may be invited by Committee to discuss Audit- Reports pertaining to various departments.
10. The cell formed as above shall, take suitable action for settlement of Audit Paras based on the report from the District level Monitoring Committee and an action taken report shall be prepared once in a quarter. The report shall include the details of Pending Audit Reports and Paras, action suggested by the District Level Committee, action taken by the Director /Commissioner and the details of paras and reports settled and details of action taken against the defaulting Panchayats/ Municipalities and further suggestions/ recommendations for clearance of paras. The Action Taken Report shall be submitted to the convener of the state Level Steering Committee once in four months by the Director of Panchayats/ Commissioner of Rural Development/ Director of Urban Affairs.
11. District Planning Committee Chairman shall be the Chairman of the District level Audit Monitoring Committee.

State level Audit Monitoring Committee

1. There shall be a State Level Audit Monitoring Committee for settlement of Audit reports and paras of various agencies.
2. The Principal Secretary (L S G), Director of Urban Affairs, Director of Local Fund Audit, Senior Deputy Accountant General (L B A), State performance Audit Officer, Additional Secretary (Finance Inspection Wing) and Deputy Secretary (A) (Local Self Government).....shall be the members.
3. The principal Secretary (LSG) shall be the Chairman and the State Performance Audit Officer shall be the Convener of the Committee.
4. The Committee shall be convened once in four months based on the orders of the Chairman.
5. The Senior Deputy Accountant General (L B Audit) , State Performance Audit Officer, Additional Secretary (Fin) and Director of Local Fund Audit shall give a detailed report showing number of Audit Reports and Paras' pending in respect of Zilla panchayats and Corporations and the promptness in getting replies and the attitude of Local Self Government Institutions towards Audit.
6. The State Level Committee shall discuss on the AT R submitted by the Director of Panchayaths, Commissioner of Rural Development and Director of Urban Affairs and the Report received from Sr. DAG, SPAO and DLFA in respect of Zilla Panchayats and Corporations and suitable decisions would be arrived at.
7. Wherever necessary, the Secretary and Implementing Officers of Zilla panchayats and Corporations may be summoned by the State level Monitoring Committee for failure in submission of replies or for taking remedial action on audit points.

(By Order of the Governor)

T .K. JOSE
SECRETARY TO GOVT.

കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയഭരണ വകുപ്പ്– ഓഡിറ്റ് റിപ്പോർട്ടുകൾക്കുള്ള മറുപടി തയ്യാറാക്കി സർക്കാരിൽ ലഭ്യമാക്കുന്നത് സംബന്ധിച്ച് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ സെക്രട്ടറിമാരുടെ ഉത്തരവാദിത്വം നിഷ്കർഷിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു

തദ്ദേശ സ്വയംഭരണ (എ .ബി) വകുപ്പ്

ജി . ഒ (ആർ . ടി) നമ്പർ 3147/2008 ത. സ്വ. ഭ. വ. തിരുവന്തപുരം,തിയ്യതി: 21.08.2008

പരാമർശം : 22.04.08 ൽ സെക്രട്ടറി (തദ്ദേശ സ്വയഭരണ വകുപ്പ്) യുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിന്റെ മിനുട്ട്സ്.

ഉത്തരവ്

അക്കൗണ്ട് ജനറൽ, ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ, ഇവരുടെ റിപ്പോർട്ടുകൾ ഫിനാൻസ് ഇൻസ്പെക്ഷൻ റിപ്പോർട്ട്, ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി റിപ്പോർട്ട് മുതലായവ കിട്ടിയാൽ സമയബന്ധിതമായി മറുപടി തയ്യാറാക്കി നൽകേണ്ടത് റിപ്പോർട്ട് കിട്ടുന്ന അവസരത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ ജോലി നോക്കുന്ന സെക്രട്ടറിമാരുടെ ചുമതലയാണ്. എന്നാൽ അപ്രകാരം മറുപടി തയ്യാറാക്കി നൽകുന്നതിൽ പല തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിലെ സെക്രട്ടറിമാരും ഉപേക്ഷ വിചാരിക്കുന്നതായി സർക്കാറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. മേൽപ്പറഞ്ഞ റിപ്പോർട്ട് കിട്ടിയാലുടൻ തന്നെ അത് തദ്ദേശ സ്വയഭരണ സ്ഥാപനങ്ങളിലെ സമിതികളിൽ ചർച്ചയ്ക്ക് വയ്ക്കേണ്ടതും, മറുപടി തയ്യാറാക്കി നൽകേണ്ടതുമാണ്. തദ്ദേശ സ്വയഭരണ സ്ഥാപനങ്ങളിൽ തൽസമയം ജോലി നോക്കുന്നവരോ മുൻപ് ജോലി ചെയ്തിരുന്നവരോ ആയ ഉദ്യോഗസ്ഥൻമാരുടെ സഹായം ലഭിക്കുന്നില്ല എന്ന കാരണത്താൽ, ഓഡിറ്റ് റിപ്പോർട്ടുകൾക്ക് മറപുടി വൈകിക്കുന്നത് ശരിയായ നടപടി അല്ല. ഇക്കാര്യത്തിൽ പഞ്ചായത്ത് ഡയറക്ടറേറ്റിലെ ഉദ്ധ്യോഗസ്ഥരുമായി തദ്ദേശ സ്വയഭരണ വകുപ്പ് സെക്രട്ടറി 22.04.2008 ന് ചർച്ച നടത്തുകയുണ്ടായി. ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടറുടെ സമാഹൃത റിപ്പോർട്ടുകളും, ലോക്കൽ ഫണ്ട് അക്കൗണ്ടസ് കമ്മിറ്റിയുടെ റിപ്പോർട്ടുകളും അക്കൗണ്ടന്റ് ജനറൽ ഫിനാൻസ് ഇൻസ്പെക്ഷൻ വിംഗ് റിപ്പോർട്ടുകൾ, തുടങ്ങിയവ അതത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ ലഭിക്കുമ്പോൾ നിലവിലുള്ള സെക്രട്ടറിമാർ ആഡിറ്റ് പരാമർശത്തിനു വിധേയമായ പദ്ധതി നടപ്പിലാക്കിയ കാലയളവിലെ സെക്രട്ടറിമാരെ അറിയിക്കാത്തതുമൂലം വളരെ ബുദ്ധിമുട്ടനുഭവപ്പെടുന്നതും നിരപരാധികളായ പലരും സർചാർജ് നേരിടേണ്ടിവരുന്നതും ജോയിന്റ് ഡയറക്ടർ(ഡെവലപ്മെന്റ്) പ്രസ്തുത സിറ്റിംഗിൽ വെച്ച് ഗ്രദ്ധയിൽപ്പെടുത്തുകയുണ്ടായി.

സർക്കാർ ഇക്കാര്യങ്ങൾ വിശദമായി പരിശോധിച്ചു. ആഡിറ്റ് റിപ്പോർട്ടുകളിലെ പരാമർശ വിഷയങ്ങൾ പദ്ധതി നടപ്പിലാക്കിയ കാലയളവിലെ സെക്രട്ടറിമാർക്കും, നിർവ്വഹണ ഉദ്ധ്യോഗസ്ഥർക്കും മറ്റ് ബന്ധപ്പെട്ടവർക്കും നൽകുകയും ടി ആളുകളിൽ നിന്നും വ്യക്തമായ വിശദീകരണം ലഭ്യമാക്കി നിശ്ചിത മാതൃകയിൽ നടപടി വിശദീകരണ പത്രികകൾ തയ്യാറാക്കി സമർപ്പിക്കേണ്ടതിന്റെ പൂർണ്ണ ഉത്തരവാദിത്വം അതാത് ഗ്രാമ/ബ്ലോക്ക് /ജില്ലാ/ മുനിസിപ്പാലിറ്റി/ കോർപ്പറേഷനിൽ നിലവിലുള്ള സെക്രട്ടറിമാർക്കായിരിക്കുമെന്നും, ഇതിൽ എന്തെങ്കിലും വീഴ്ചകൾ വന്നാൽ അതിന്റെ പൂർണ്ണ ഉത്തരവാദിത്വം ആഡിറ്റ് റിപ്പോർട്ടുകൾ കിട്ടുമ്പോൾ ടി സ്ഥാപനങ്ങളിൽ സേവനം ചെയ്യുന്ന സെക്രട്ടറിമാർക്കായിരിക്കുമെന്നും നിഷ്ക്കർഷിച്ചു കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

മേൽപ്പറഞ്ഞ സർക്കാർ ഉത്തരവിലെ നിർദ്ദേശങ്ങൾ എല്ലാ തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളും നടപ്പിലാക്കുന്നു എന്ന് ഉറപ്പാക്കേണ്ട ഉത്തരവാദിത്വം ബന്ധപ്പെട്ട വകുപ്പ് തലവൻമാർക്കും, ജില്ലാതല ഉദ്യോഗസ്ഥൻമാർക്കുമായിരിക്കും. വീഴ്ച വരുത്തുന്ന ഉദ്യോഗസ്ഥൻമാർക്കെതിരെ കർശനമായ നടപടി അതാത് വകുപ്പ് തലവൻമാർ സ്വീകരിക്കേണ്ടതാണ്

(ഒപ്പ്)
(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
എൽ ഗീത
അണ്ടർ സെക്രട്ടറി

കേരള സർക്കാർ

നംപർ .43894/എൽ 4 /ത.സ്വ.ഭ.വ

തദ്ദേശസ്വയംഭരണ(എ.ബി) വകുപ്പ്
തിരുവനന്തപുരം.
തീയതി. 29/04/08

ഗവൺമെന്റ് സെക്രട്ടറി
പഞ്ചായത്ത് ഡയറക്ടർ
തിരുവനന്തപുരം
നഗരകാര്യ ഡയക്ടർ,തിരുവനന്തപുരം
ഗ്രാമവികസന കമ്മീഷണ്ർ,തിരുവനന്തപുരം
സെക്രട്ടറി,ജില്ലാ പഞ്ചായത്ത്,
എല്ലാ ജില്ലകളും

പേര് വച്ച കവറിൽ

സർ
വിഷയം:- ലോക്കൽ ഫണ്ട് ഓഡിറ്റിന്റെ തടസ്സങ്ങൾ ഒഴിവാക്കുന്നത് സംബന്ധിച്ച്

സുചന: 1. ജി.ഒ(ആർ.ടി) നം 2121/07/തസ്വഭവ, തീയതി 04-08-07
2. ജി.ഒ (ആർ.ടി) നം 1134/08/തസ്വഭവ, തീയതി 11-04-08

മേൽ സൂചനയിലേക്ക് താങ്കളുടെ ശ്രദ്ധ ക്ഷണിക്കുന്ന. ഓഡിറ്റ് തടസ്സങ്ങൾ സമയബന്ധിതമായി തീർപ്പാക്കുന്നതിന് എല്ലാ തലത്തിലും ആഡിറ്റ് മോണിറ്റിംഗ് കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ട് ഈ സാഹചര്യത്തിൽ ലോക്കൽഫണ്ട്ഓഡിറ്റിന്റെ തടസ്സങ്ങൾക്ക് ശരിയായ മറുപടി നൽകുന്നതിന് പകരം തടസ്സങ്ങൾ ഒഴിവാക്കാൻ സർക്കാരിനെ സമീപിക്കുന്ന പ്രവണത ശരിയല്ല. ആയതിനാൽ ഈ സംവിധാനം ഫലപ്രദമായി ഉപയോഗിച്ച എല്ലാ ഓഡിറ്റ് തടസ്സങ്ങൾക്കും പരിഹാരമുണ്ടാക്കേണ്ടതാണ്

മേൽ നിർദ്ദേശപ്രകാരം ആഡിറ്റ് മോണിറ്ററിംഗ് കമ്മിറ്റിക്കു വന്ന വിഷയങ്ങളുടെ തീർപ്പ് വിവരം സർക്കാരിനെ അറിയിക്കേണ്ടതുമാണ്

താങ്കളുടെ വിശ്വസ്ത,
എൽ.സിന്ധു
അണ്ടർ സെക്രട്ടറി
സെക്രട്ടറിയ്ക്ക് വേ